2316

ചരകസംഹിത

വിമാനസ്ഥാനം.

വൈദ്യരത്നം

തൃശ്ശൂരോട്ട് കിഴക്കെപ്പുല്ലത്ത് പരമേശ്വരൻ മൂസ്സതവർകളുടേയും, വിദ്വാൻ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ അവർകളുടേയും ഉപദേശസഹായത്തോടുകൂടി

1. വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സത്
2. പണ്ഡിത ടി. സി. കെ. വി. ശർമ്മാ ഇവരിൽകൃതിയായ

വാചസ്പത്യം

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയത്.

പ്രസിദ്ധകൻ

ഭാരതവിലാസം അച്ചുകൂടം ഉടമസ്ഥൻ. എം. ജെ. മാണ്ഡ.

All Rights Reserved.

തൃശ്ശിവപേരൂർ

'ഭാരതവിലാസം' അച്ചുകൂടത്തിൽ അച്ചടിച്ചത്.

വിലഉറുപ്പിക ഒന്ന്

1092 കർക്കടകം.

പകർപ്പവകാശം പ്രസിദ്ധകനുള്ളതാകുന്നു.

അവതാരിക.

പ്രാധാന്യമുള്ള വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽഓരോന്നും ഒട്ടും അപ്രധാനമല്ലാത്തതായ് ഈ ചരകഗ്രന്ഥത്തെപ്പറ്റി സൂത്രസ്ഥാനത്തിന്റേയും നിദാനസ്ഥാനത്തിന്റേയും അവതാരികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പോൾ ആ ഗ്രന്ഥത്തിന്റെ തന്നെ മൂന്നാമത്തെ സ്ഥാനമായ വിമാനസ്ഥാനത്തെക്കുറിച്ചു പറയുവാനാണ് തുടങ്ങുന്നത്. ഈ വിമാനസ്ഥാനമെന്നത് വാഗ്ഭടാചാര്യർ (വാഹടാചാര്യൻ) മുതലായവരുടെ ഗ്രന്ഥങ്ങളിലില്ലാത്തതാകുന്നു. വിമാനസ്ഥാനമെന്നതിന്ന് എന്താണ് അർത്ഥമെന്നതുതന്നെ ഗ്രഹിക്കുന്നിശ്ചിതമായി കഴിയുന്നതല്ല. അതിനാൽ വിപ്രതിപത്തിക്കു ശമുണ്ടായേക്കാം. എന്നാൽ ഗ്രന്ഥകാരൻ തന്നെ ഈ വിപ്രതിപത്തിയുടെ നിവാരണത്തിനുവേണ്ടി ഈ സ്ഥാനത്തിന്റെ അവസാനത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"ദോഷാദീനാന്തു ഭാവാനാം സർവ്വേഷാമേവ ഹേതുനാ
മാനാത്സമസ്യമാനാനി നിരുക്താനി വിഭാഗശഃ".

ദോഷങ്ങളും, രസങ്ങളും, ദ്രവ്യങ്ങളും മുതലായ എല്ലാപദാർത്ഥങ്ങളുടേയും കണക്കിനെ (സംഖ്യ-അളവ് മുതലായവ) ഈ സ്ഥാനത്തിൽ ഓരോ വിഭാഗങ്ങളായി കൂട്ടിപ്പെടുത്തി നിർവ്വചിച്ചിട്ടുണ്ട് എന്ന് ഇതിന്റെ സാരമാകുന്നു. ഈ സ്ഥാനത്തിന്റെ ആരംഭത്തിലും "രസദ്രവ്യദോഷവികാരഭേഷജദേശകാലബലശരീരാഹാരസാരസാത്മ്യസത്വപ്രകൃതിവയസാം മാനമവഹിതമനസാ യഥാവൽ ജ്ഞേയം ഭവതി ഭിഷജാ" എന്ന്. രസങ്ങളും, ദ്രവ്യങ്ങളും, ദോഷങ്ങളും, വ്യാധികളും, ഔഷധങ്ങളും, ദേശങ്ങളും, കാലങ്ങളും, ബലങ്ങളും, ശരീരങ്ങളും, ഭക്ഷണസാധനങ്ങളും, സാരങ്ങളും, സാത്മ്യങ്ങളും, സത്വവിശേഷങ്ങളും, പ്രകൃതികളും, വയസ്സുകളും ഇതുകളുടെ കണക്ക്

ക്കിനെ വൈദ്യൻ ഔഷധാദിചിത്തനായി ചേണ്ടതുപോലെ അവി
യേണ്ടതാകുന്നു ഏറ്റവും സാരം.

ഇതുകൊണ്ടു വിമാനം എന്നതിന്ന് വിശേഷണയുള്ള മാന
ങ്ങളോടുകൂടിയത് എന്നർത്ഥം കല്പിക്കണം. അതുകൂടാതെ ആപാ
തത്തിൽ തോന്നുന്നതും 'വ്യോമയാനം വിമാനോസ്രി' ഇത്യാദികോ
ശങ്ങളാൽ അറിയപ്പെടുന്നതുമായ അർത്ഥത്തെ ഗ്രഹിച്ചുപോകയുമ
രുത്. ഈ വിപ്രതിപത്തിവാരണത്തിന്നുവേണ്ടിത്തന്നെയാണ്
ഗ്രന്ഥകാരൻ ആദ്യത്തിൽ ഉദ്ദേശപൂർവ്വകം പ്രതിജ്ഞ ചെയ്തതും അ
വസാനത്തിൽ ഉപക്രമനുസാരേണ വ്യാഖ്യാനത്തോടുകൂടി ഉപ
സംഹരിച്ചതും എന്നറിഞ്ഞുകൊള്ളണം.

ഈ വിമാനസ്ഥാനത്തെ ആചാര്യൻ എട്ടദ്ധ്യായമായി വിഭ
ജിച്ചിരിക്കുന്നു. അതിൽ ഒന്നാമത്തേതു രസവിമാനമാകുന്നു. ര
സങ്ങൾക്ക് അധിഷ്ഠാനം ദ്രവ്യമാകയാൽ ഒരു വിധത്തിൽ ദ്രവ്യത്തി
ന്നു പ്രാധാന്യം കല്പിക്കാവുന്നതാണ് എങ്കിലും രസജ്ഞാനപൂർവ്വകം
ദ്രവ്യഭേദങ്ങളെ അറിയുവാനാണ് സൌകര്യമുള്ളത്. രസങ്ങളെ
പ്പറ്റി നിരൂപിക്കേണ്ടുന്ന അംശങ്ങളും അധികമുണ്ട്. വാതാദിക
ളായ ദോഷങ്ങളെ ത്യജിപ്പിക്കുന്നത് രസങ്ങളാണെന്ന് എല്ലാവൈ
ദ്യശാസ്ത്രഗ്രന്ഥകാരന്മാരും പഠഞ്ഞുവരുന്നു. ഈവക കാരണങ്ങ
ളാൽ രസങ്ങൾക്ക പ്രാധാന്യമുണ്ടെന്നു കല്പിച്ചിട്ടാകുന്നു ഒന്നാമ
തായി രസവിമാനത്തെ പ്രതിപാദിച്ചത്. ഈ അദ്ധ്യായത്തിൽ
തന്നെ ദ്രവ്യങ്ങൾ, ദോഷങ്ങൾ, സാത്മ്യങ്ങൾ മുതലായവകളുടെ ക
ണക്കുകളെക്കൂടി പ്രതിപാദിച്ചിട്ടുണ്ട്. അതിനാൽ രസവിമാനം
എന്ന പദത്തിലെ രസശബ്ദം ദ്രവ്യാദികളുടേയുംകൂടി ഉപലക്ഷണ
മാണെന്നു സമ്മതിക്കേണ്ടിവരുന്നു.

രണ്ടാമത്തെ അദ്ധ്യായം ത്രിവിധകുക്ഷീയം എന്നതാകുന്നു. ഇ
തിൽ കുക്ഷിയിലുള്ള അവകാശത്തെ മൂന്നുവിധമായി വിഭജിക്കേണ്ടു
ന്ന പ്രകാരത്തെ പറയുന്നു. ആയത് ആഹാരത്തിന്റെ നിയമം

കൊണ്ടു ജനങ്ങൾക്കു രോഗങ്ങൾ വരാതെകഴിപ്പാൻ ഉപയോഗപ്പെടുന്നു. ആ വിഭാഗങ്ങളിലൊന്ന് അനേകവ്യാധികൾ, ഒന്ന് പാനീയവ്യാധികൾ, ഒന്ന് ദോഷങ്ങൾ എന്നിവയ്ക്കു അധിഷ്ഠാനമാകുന്നു. ഇതിൽ നാലുവിധത്തിലുള്ള ആഹാരസാധനങ്ങൾ (ക. അശിതം, ഖ. ഖാദിതം, ഗ. പീതം, ഘ. ലീഢം) പചിക്കുന്നതിന്റെ ക്രമത്തെയും പറയുന്നു. അങ്ങിനെ പചിച്ചുവരുമ്പോൾ ഓരോ അവസ്ഥയിൽ ആഹാരത്തിനുണ്ടാകുന്ന അവസ്ഥാവിശേഷങ്ങളേയും കാണിക്കുന്നു. ജനങ്ങൾക്ക് ആരോഗ്യവും രോഗങ്ങളുമുണ്ടാകുന്നത് പ്രായേണ ആഹാരസാധനങ്ങളുടേയും അതുകൾ ശീലിക്കുന്ന സമ്പ്രദായങ്ങളുടേയും ഗുണദോഷങ്ങളെക്കൊണ്ടാകുന്നവയല്ലൊ. അതിനാൽ ആ ഗുണദോഷങ്ങളെ പ്രധാനമായി പ്രതിപാദിക്കുന്ന ഈ അദ്ധ്യായത്തിൽതന്നെ ആമദോഷജന്യങ്ങളായ പലേ വ്യാധികളേയും (വിഷൂചിക മുതലായവ) അതുകൾക്കുള്ള ചികിത്സകളേയും പ്രതിപാദിക്കുന്നു.

നാമരൂത്ത അദ്ധ്യായം ജനപദോദ്ധ്വംസനീയമാകുന്നു. ഇതിൽ ഒരു ദേശത്തിലൊന്നായി അധികം ജനങ്ങൾക്കു രോഗങ്ങളും അതുനിമിത്തം മരണങ്ങളും സംഭവിച്ച് ആ ദേശംതന്നെ നഷ്ടപ്രായമായിത്തീരുന്നതിനുള്ള കാരണങ്ങളും പ്രതീകാരങ്ങളും പറയുന്നു. അങ്ങിനെ ഒരുദേശത്തിൽവരുമെന്നു പൂർവ്വരൂപങ്ങളെക്കൊണ്ടറിയേണ്ടതാകുന്നു. അതിന്റെ പ്രതീകാരത്തിനുള്ള ഔഷധങ്ങളെ മുൻകൂട്ടി സമ്പാദിക്കേണ്ടതുമാകുന്നു. വായു ജലം മുതലായവകളുടെ ദോഷങ്ങളെക്കൊണ്ടാകുന്നു ഇങ്ങിനെ വരുന്നത്. അവകളുടെ ദോഷലക്ഷണങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. പ്രകൃതികൊണ്ടുതന്നെ ചില ദേശങ്ങൾ വ്യാധിജനകങ്ങളായിത്തീരുന്നു. ഈ മലയാളത്തിൽതന്നെ വയനാട് അട്ടപ്പാടി മുതലായ ദേശങ്ങൾ ഇതിനുദാഹരണങ്ങളാകുന്നു. ആവക ദേശങ്ങളിൽ ഗതാഗതംചെയ്യുന്നവർക്ക് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ച കാര്യങ്ങളുടെ അറിവ് അത്യാവശ്യമാകുന്നു.

രാമത്തെ അദ്ധ്യായം ത്രിവിധരോഗവിശേഷവിജ്ഞാനീയമാകുന്നു. വൈദ്യൻ രോഗത്തിന്റെ സ്വഭാവം അറിയണമല്ലോ അതിന്നുള്ള ഉപായങ്ങൾ മൂന്നാകുന്നു. ക. ആപ്തോപദേശം, ഖ. പ്രത്യക്ഷം, ഗ. അനുമാനം. ഇതുകളെ ഈ അദ്ധ്യായത്തിൽ വിശദമായി വിവരിക്കുന്നു. രോഗതത്ത്വങ്ങളെ അറിയാതെ ചികിത്സിപ്പാൻ നിവൃത്തിയില്ലല്ലോ. അതിനാൽ ഈ അദ്ധ്യായത്തിൽ അവകളെ വിവരിക്കുന്നു. ഇതിൽ മാനസങ്ങളായ കാമക്രോധലോഭാദികളേയും രജസ്സ് തമസ്സ് മുതലായവയേയും ഭയശോകാദികളേയും അറിവാനുള്ള മാർഗ്ഗങ്ങളെക്കൂടെ കാണിക്കുന്നു.

രാമത്തെ അദ്ധ്യായം സ്രോതോവിമാനമാകുന്നു. ഇതിൽ സ്രോതസ്സുകളുടെ സംഖ്യയും സ്വരൂപങ്ങളും മൂലങ്ങളും ആവശ്യങ്ങളും വ്യക്തമായി കാണിച്ചിരിക്കുന്നു. കിഞ്ച. അതുകൾ ദുഷിക്കുവാനുള്ള കാരണങ്ങളും ദുഷിച്ചാലുള്ള ലക്ഷണങ്ങളും ചികിത്സകളും പ്രതിപാദിച്ചിരിക്കുന്നു. സ്രോതസ്സുകളുടെ സംഖ്യയേയും മറ്റും കുറിയുള്ള മതഭേദങ്ങളെ പ്രതിപാദിച്ച് സ്വമതത്തെ സ്ഥാപിക്കുന്നു.

ന്നാമത്തെ അദ്ധ്യായം രോഗാനീകമാകുന്നു. ഇതിൽ പ്രഭാവംകൊണ്ടു സാദ്ധ്യാസാദ്ധ്യങ്ങളായും ബലഭേദംകൊണ്ടു മൃദുദാരുണങ്ങളായും അധിഷ്ഠാനഭേദംകൊണ്ടു ശാരീരമാനസങ്ങളായും കാരണഭേദംകൊണ്ടു നിജാഗന്തുക്കളായും ആശ്രയഭേദംകൊണ്ട് ആമാശയപക്വാശയാശ്രയങ്ങളായും പ്രത്യേകം ഈരണ്ടുപ്രകാരത്തിലുള്ള രോഗങ്ങളുടെ ലക്ഷണങ്ങളും ജാഠരാഗ്നിയുടെ വർദ്ധനത്തിന്നുള്ള ഉപായങ്ങളും വാതാദിഭേദംകൊണ്ടുണ്ടാവുന്ന പ്രകൃതിഭേദങ്ങളും കാണിക്കപ്പെട്ടിരിക്കുന്നു.

ാമത്തെ അദ്ധ്യായം വ്യാധിതരുപീയമാകുന്നു. ഇതിൽ വ്യാധിയുടെ ഗുരുലാഘവത്തെ അറിവാനുള്ള ഉപായത്തെ പറയുന്നതു് ശരീരശക്തിയുടേയും മനോബുദ്ധിയുടേയും. ധകഭേദ

ാരുന്നു തൊറിഷ്ടരിപ്പാൻ ഇടവരുന്നതാകുന്നു. അതുകൂടാതെ കു
ികളുടെ സ്വരൂപങ്ങളേയും അതുകൊണ്ടുനിമിത്തമുണ്ടാവുന്ന വ്യാധി
ളേയും അതുകൊക്കുള്ള ചികിത്സകളേയും കുമ്മക്കം ഉണ്ടാകാതിരി
പ്പാനുള്ള മുൻകരുതലുകളേയും വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.

വ്യാമത്തെ അദ്ധ്യായം രോഗടിഷ്ഗ്നിതീയമാകുന്നു. ഒരാൾ
വൈദ്യനാകേണമെങ്കിൽ ഏതെല്ലാം വേണമെന്നുള്ളതിനെ പറ
യുന്നു. കേവലം വൈദ്യശാസ്ത്രങ്ങളിൽ പാണ്ഡിത്യത്തെ സമ്പാദി
ച്ചതുകൊണ്ടുതന്നെ പണ്ഡിതനാവുന്നതല്ല. വേറെയും അതിന്ന്
അറിയേണ്ടതും ചെയ്യേണ്ടതുമായി പലതുമുണ്ട്. അതുകളെ ഏ
ാം ഇതിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. ആചാര്യലക്ഷണം,
ശിഷ്യലക്ഷണം, അദ്ധ്യയനയോഗ്യകാലം, അദ്ധ്യയനയോഗ്യദേശം
തുടങ്ങിയ വളരെ കാര്യങ്ങളെ ഇതിൽ വിവരിക്കുന്നു. വൈദ്യന്മാർ
തമ്മിൽ സംഭാഷണംചെയ്യും സമാലോചിച്ചും ചെയ്യേണ്ടുന്നവക
ും ഇതിൽ കാണിച്ചിട്ടുണ്ട്. വൈദ്യന്മാർ കൂടിച്ചേർന്ന് ഉണ്ടാകേ
ണ്ടുന്ന പരിഷത്തുക്കളേയും വാഗ്പ്രതിവാദങ്ങളുടെ സമ്പ്രദായങ്ങ
ളേയും വാദസമയം പ്രതിവാദിയെ ജയിപ്പാനുള്ള മാർഗ്ഗങ്ങളേയും
ഇതിൽ കാണിച്ചിരിക്കുന്നു. ജല്പം, വിതണ്ഡ, പ്രതിജ്ഞ, സ്ഥാപ
ന, പ്രതിഷ്ഠാപന, ഹേതു, ഉപനയം, നിഗമനം, ഉത്തരം, പൂർവ്വ
പക്ഷം, സിദ്ധാന്തം (സ്വതന്ത്രസിദ്ധാന്തം മുതലായ നാല് അവാ
ന്തരഭേദങ്ങളോടുകൂടി) മുതലായവകളെ ലക്ഷണങ്ങളോടും ഉദാഹര
ണങ്ങളോടുംകൂടി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. നിഗ്രഹസ്ഥാന
ങ്ങളേയും സദ്ധാന്തം വിവരിച്ചിട്ടുണ്ട്. ഈ അദ്ധ്യായത്തിലെ പ
ല ഘട്ടങ്ങളും ന്യായശാസ്ത്രത്തിന്റെ രീതിയെ അനുസരിച്ചിരി
ക്കുന്നു. ഈ അദ്ധ്യായത്തോടുകൂടി ഈ വിമാനസ്ഥാനവും പരിപൂ
ർണ്ണമാകുന്നു.

ഈ ചരകഗ്രന്ഥത്തെ പ്രസിദ്ധപ്പെടുത്തുന്ന കായ്യത്തെപ്പ
റി ഫ്രൻഫ കാർടകം ഫ്രൻ നു- സൂത്രസ്ഥാനത്തിന്റെ അവതാരിക
യിലും, ഫ്രൻവ് ത്രുലാ വവ-ക നിദാനസ്ഥാനത്തിന്റെ അവതാ
രികയിലും കാണിച്ച സംഗതികളെ ഇവിടെയും വായനക്കാർ ഓർ

വെക്കുമെന്നു കരുതി ആവർത്തിക്കുന്നില്ല. എന്നാൽ ഇപ്പോൾ മലയാളത്തിൽ ആയുർവ്വേദസമാജംവകയായി ഒരു വൈദ്യമഹാപാഠശാല നടത്തിവരുന്നുണ്ട്. കേരളീയായുർവ്വേദസമാജം വകയായും ഒന്നുണ്ടാവാനിടയുണ്ട്. അവകളിൽ ഈ ഗ്രന്ഥത്തെ ഒരു പാഠ്യവിഷയമാക്കി വെക്കുന്നില്ലെങ്കിൽ കൂടി അദ്ധ്യാപകന്മാക്ക് ഈ ചരകഗ്രന്ഥത്തിന്റെ പരിപൂർണ്ണമായ അറിവ് ഉണ്ടായിരിക്കേണ്ടത് തീർത്തുമാവശ്യമാണ്. അദ്ധ്യേതാക്കന്മാക്കും ഇതിന്റെ അതാതു സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളുടെ അറിവ് കക്ഷ്യാക്രമേണ ലേശമായിട്ടുള്ളതാണ്. അതിനാൽ ഈ ഗ്രന്ഥത്തിലെ തെയ്യാറാന്ന സ്ഥാനങ്ങളെ അപ്പഴപ്പോൾ വെവ്വേറെ പുസ്തകമായി പ്രസിദ്ധപ്പെടുത്തുന്നത് ഏറ്റവും ഉപകാരമായിരിക്കുമെന്നു തീച്ചയാണ്. എന്നാൽ ഭാഷാന്തരങ്ങളിലുള്ള രുചിഭേദം കാലഭേദംകൊണ്ടുള്ള ഭേദഭേദംകൊണ്ടും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ടുതന്നെയാണ് കാര്യഭേദമില്ലെങ്കിലും ശാസ്ത്രഗ്രന്ഥങ്ങളും പുതുതായിപ്പുതുതായി ഉണ്ടായിവരുന്നത്. ഈ രീതിയെ ആലോചിക്കുമ്പോൾ വളരെ പുരാതനകാലത്തിലുള്ള ഈ ചരകഗ്രന്ഥത്തിലെ രീതി ഇക്കാലത്തു ചിലർക്കു രുചിക്കാതെ വന്നേക്കാം. എങ്കിലും കാര്യത്തിനു വലുതായ ഭേദം ഒരിക്കലും വരുന്നതല്ല. അതുകൊണ്ട് അദ്ധ്യാപകന്മാർ തീച്ചയായും ഈവക ഗ്രന്ഥങ്ങളെ മുഴുവൻ അറിഞ്ഞിരിക്കേണ്ടതാകുന്നു. ഇതിലെ കാര്യങ്ങളെ അതാതു സമയത്തിനുചിതമായ വിധത്തിൽ ശിഷ്യന്മാക്കു പറഞ്ഞുകൊടുത്തു നോട്ടെഴുതിക്കേണ്ടതുമാകുന്നു. ഈ സംഗതിയെപ്പറ്റി പറയേണ്ടുന്നതു വളരെയുണ്ട്. അതിനെ വിസ്തരിച്ച് ഇപ്പോൾ ഈ അവതാരിക വർദ്ധിപ്പിക്കുവാൻ വിചാരിക്കുന്നില്ല. പിന്നെയും ബാക്കിയുള്ള കാര്യങ്ങളെ ബാക്കി സ്ഥാനങ്ങളുടെ അവതാരികകളിലേക്കു നിത്തിവെച്ചുകൊണ്ട് ഈ അവതാരികയെ ഇത്രമാത്രത്തിൽ സമാപിപ്പിച്ചുകൊള്ളുന്നു.

ഫാൻവ കക്കടകം നാ
18-7-1917
പട്ടാമ്പി.

പുന്നശ്ശേരിനമ്പിനീലകണ്ഠശർമ്മാ
സർവ്വേയസമുദായവിധേയൻ
ആയുർവ്വേദപ്രചാരാശംസി ച.

23167.

വിഷയാനുക്രമണിക.

വിമാനസ്ഥാനം.

വിഷയം.	ഭാഗം.
അദ്ധ്യായം 1.	
രസവിമാനം	1_24
കിസയുടെ സാമാന്യജ്ഞാനത്തിനു രസാദിജ്ഞാനം അത്യന്താപേക്ഷിതമെന്ന്	1
രസങ്ങൾ വേണ്ടവിധം ഉപയോഗിച്ചാൽ ശരീരത്തെ നിലനിർത്തും	2
വേണ്ടവിധമല്ലാതെശീലിച്ചാൽദോഷങ്ങളെ കോപിപ്പിക്കും	3
വാതാദിദോഷങ്ങൾനിലയ്ക്കുനിന്നാൽ ശരീരത്തിന്നു ഗുണവും തകരാറായാൽ ദോഷവുമാകുന്നു	〃
ക്ഷുദ്രരസങ്ങളിൽ മുമ്മൂന്നു രസങ്ങൾ വാതാദി കാരണങ്ങളെ ശമിപ്പിക്കുകയും മറ്റു ദോഷങ്ങളെ കോപിപ്പിക്കുകയും ചെയ്യും	〃
രസദോഷസന്നിപാതത്തിലെ വിവേകം	4
ദ്രവ്യവികാരപ്രഭാവങ്ങളുടെ തത്ത്വനിർണ്ണയം	5
മധുരപ്രഭാവം	6
ലവണപ്രഭാവം	7
മധുരപ്രഭാവം	〃

വിഷയം.	ഭാഗം.
തിപ്പലി ക്ഷാരം ലവണം ഇതുകൾ അധികം ശീലിക്കരുത്	8
അതിനുള്ള കാരണം	9
സാത്മ്യപരിശീലനക്രമം	10
പ്രകൃതിമുതലായ എട്ടുതരം അഹാരവിധിവിശേഷായതനങ്ങളുടെ വിവരണം	14
ഇതുകളുടെ ഫലം	17
സ്വസ്ഥന്മാർക്കും രോഗികൾക്കും ഒരുപോലെ ഹിതമായ അഹാരവിധി	18
ഉഷ്ണാദിഭോജനസാൽഗുണ്യം	18
അദ്ധ്യായവിവരണം	29
അദ്ധ്യായം 2.	
ത്രിവിധകുക്ഷീയം	25_37
അഹാരവിഷയം കുക്ഷിയെ മൂന്നുകൂറായി വിഭാഗിക്കേണ്ടുന്ന ക്രമം	25
ഗുരുവാഹാരലക്ഷണം	26
ലഘ്വാഹാരലക്ഷണം	27
കട്ടിയായ ക്ഷീരം പാലിച്ചതിന്നുശേഷം ദ്രവപദാർത്ഥം ശീലിച്ചാലുള്ള ദോഷം	28
അതുവിഭിന്നം സംഭവിക്കുന്ന വിപൂചികയുടെ ലക്ഷണം	〃

വിഷയം	ഭാഗം
[illegible]	29
[illegible]	31
[illegible]	32
[illegible]	33
അവദോഷമുള്ളവനൗഷധം ശീലിച്ചാലുള്ള ദോഷം	34
അവദോഷചികിത്സ	35
അമാശയവിവരണം	36
അഗ്ന്യായവിവരണം	37

അദ്ധ്യായം 3.

ജനപദോധ്വംസനീയം	37-69
ഔഷധങ്ങളെ വേണ്ടവിധം എടുത്തു ശേഖരിച്ചാലുള്ള ഗുണം	37
പകച്ചവ്യാധികളെ സംഭവിക്കുവാനുള്ള കാരണങ്ങളെപ്പറ്റി അഗ്നിവേശന്റെ ചോദ്യം	39
അതിനുള്ള ഉത്തരം	40
രോഗകാരിയായ വായുവിന്റെ ലക്ഷണം	41
ടി ജലത്തിന്റെ ലക്ഷണം	,,
ടി ദേശത്തിന്റെ ലക്ഷണം	42
ടി കാലത്തിന്റെ ലക്ഷണം	43
ചികിത്സാഫലം	,,
പകച്ചവ്യാധികൾ വരുന്ന കാലത്തിലെ ചെയ്തികൾ	44
വായു ജലം ദേശം കാലം എന്നിവകൾക്കു ദുഷ്ടം വരുവാനുള്ള കാരണം അധർമ്മം തന്നെയാകുന്നു	47
അധർമ്മത്തിന്റെ സ്വഭാവം	,,
കൃതാദിയുഗസ്വഭാവം	53
അയുഃപ്രമാണനിരൂപണം	
ദൈവകൃതപുരുഷകാരകൃതസ്വഭാവം	56
ലോകം നിയതായുസ്സല്ല എന്ന സിദ്ധാന്തം	58
ഹിതോപചാരം ശീലിക്കണം	61
കാലമൃത്യുവിന്റെയും അകാലമൃത്യുവിന്റെയും സ്വഭാവം	62
ചികിത്സായുക്തി	64
അപതർപ്പണസ്വഭാവം	66
അചികിത്സ്യവിഭാഗം	67
ജാംഗലദേശലക്ഷണം	68
അനൂപദേശലക്ഷണം	,,
സാധാരണദേശലക്ഷണം	,,
അദ്ധ്യായവിവരണം	,,

അദ്ധ്യായം 4.

ത്രിവിധരോഗവിശേഷവിജ്ഞാനീയം	70-79
അനുലക്ഷണം	70
പ്രത്യക്ഷലക്ഷണം	,,
അനുമാനലക്ഷണം	71
പ്രത്യക്ഷപരീക്ഷാസ്വഭാവം	78
അനുമാനജ്ഞാനസ്വഭാവം	75
ത്രിവിധമായ ജ്ഞാനമുള്ള വൈദ്യന്റെ ഗുണം	78
അദ്ധ്യായവിവരണം	,,

അദ്ധ്യായം 5.

സ്രോതോവിമാനം	79-93
മനുഷ്യശരീരത്തിലെ സ്രോതസ്സുകളുടെ സ്വഭാവം	80

വിഷയം.	ഭാഗം.
സ്രോതസ്സുകളുടെ സംഖ്യ	81
അതീന്ദ്രിയങ്ങളായ സൂക്ഷ്മാദികളും സകല സ്രോതസ്സുകളും അയനാത്മകങ്ങളാകുന്നതെന്ന	82
പ്രാണവാഹിസ്രോതോലക്ഷണം	,,
ഉദകവാഹി ടി	83
അന്നവാഹി ടി	,,
രസരക്തവാഹി ടി	,,
മൂത്രവാഹി ടി	84
പുരീഷവാഹി ടി	85
സ്വേദവാഹി ടി	,,
സ്രോതസ്സുകളുടെ പര്യായങ്ങൾ	,,
സ്രോതസ്സുകളും സ്രോതസ്സുകളേയും ധാതുക്കളും ധാതുക്കളേയും ദൂഷിപ്പിക്കും	86
പ്രാണവാഹിസ്രോതസ്സുകളെ ദൂഷിക്കുവാനുള്ള കാരണം	87
സ്രോതസ്സുകളും ദൂഷിച്ചാലുള്ള ലക്ഷണം	91
സ്രോതസ്സുകളുടെ സ്വഭാവം	,,
സ്രോതസ്സുകളുടെ ചികിത്സ	92
അദ്ധ്യായവിവരണം	,,

അദ്ധ്യായം 6.

രോഗാനീകം	93-113
പ്രധാനമായിട്ടുള്ള രോഗാനീകങ്ങളുടെ പേരുവിധ്യം	93
രോഗശബ്ദവ്യുൽപ്പത്തിയും പര്യായവും	96
രോഗങ്ങളും രസാദ്ധിഷ്ഠാനങ്ങളും ദോഷങ്ങളും സംഭവ്യങ്ങളുമായിരിക്കും	97
മാനസികദോഷങ്ങളും അതുകൊണ്ടു നിമിത്തം സംഭവിക്കുന്ന രോഗങ്ങളും	,,
ശാരീരദോഷങ്ങളും തന്നിമിത്തം സംഭവിക്കുന്ന രോഗങ്ങളും	98
ശാരീരമാനസിക ദോഷങ്ങളുടെ കോപകാരണം	,,
സംസർഗ്ഗസന്നിപാതസ്വഭാവം	99
രോഗപരീക്ഷാനിലക്ഷണം	101
വാതാദിപ്രകൃതിസ്വഭാവം	106
വാതാദിദോഷങ്ങളുടെ സാമാന്യചികിത്സ	,,
ശ്രേഷ്ഠവൈദ്യലക്ഷണം	112
അദ്ധ്യായവിവരണം	,,

അദ്ധ്യായം 7.

വ്യാധിതത്ത്വീയം	113-136
രണ്ടുതരം വ്യാധിതന്മാരുടെ സ്വഭാവം	113
അറിവുകുറഞ്ഞവർ ഇവരെ തെറ്റിദ്ധരിക്കുന്നതിന്റെ സ്വഭാവം	114
അവർ ചെയ്യുന്ന ചികിത്സയുടെ പിഴവ്	,,
അജ്ഞനും വിജ്ഞനുമായ വൈദ്യന്മാർ തമ്മിലുള്ള ഭേദം	116
ക്രിമികളുടെ സ്വഭാവം	118
ക്രിമിചികിത്സാസന്ത്രായം	123
ക്രിമികോഷ്ഠത്തിനുള്ള അസ്ഥാപനവിധി	125
അസ്ഥാപനം ശീലിച്ചവന്റെ ചെയ്കകൾ	127
ക്രിമികളുടെ പ്രകൃതിവിഘാതചികിത്സ	128
ക്രിമികോഷ്ഠത്തിനുള്ള ശ്ലോകസ്നേഹപാനവിധി	130
വിളംഗതൈലം	131
ശ്ലേഷ്മജങ്ങളും പുരീഷജങ്ങളുമായ ക്രിമികൾക്കുള്ള ചികിത്സയുടെ വ്യത്യാസം	134
ക്രിമിചികിത്സാസന്ത്രായം	135
അദ്ധ്യായവിവരണം	,,

വിഷയം.	ഭാഗം.

അദ്ധ്യായം 8.

രോഗഭിഷഗ്ജിതീയം 137-257

ശാസ്ത്രപരീക്ഷ	137
ആചാര്യപരീക്ഷ	139
തന്ത്രഗ്രഹണോപായങ്ങൾ	141
അദ്ധ്യയനവിധി	,,
ശിഷ്യപരീക്ഷ	142
വിദ്യാരംഭവിധി	144
വിദ്യാരംഭത്തിലെ പ്രൈഷം	147
സംഹോഷാവിധി	153
സംഹോഷാവിധിയിലെ രണ്ടു ഭേദങ്ങൾ	155
വിഗ്രഹ്യസംഹോഷാവിധി	156
സത്ത്വവിഭാഗം	158
ഉന്നിന്നതരം സത്ത്വന്നുള്ള സത്ത്വത്തിൽ വെച്ച് ഇന്നിന്നവിധം വാദം നടത്തണം	159
പ്രതിവാദിയെ മടക്കുവാനുള്ള ഉപായങ്ങൾ	161
വാദസഭാവം	163
വാദങ്ങളിലെ 44-വാദമർയ്യാകേം	164
കഥയിൽ പ്രമാണങ്ങളുടെയും വിവരണം	165
കാരണാഭിപ്രകരണങ്ങളും അതുകളുടെ വിവരണവും	183
പരീക്ഷ്യപരീക്ഷകവിവേചനം	191
കാരണാദി പത്തുകൂട്ടത്തിന്റെയും പരീക്ഷാവിധി	193
വൈദ്യസഭാവം	195
ഔഷധസഭാവം	196
ധാതുസാരലക്ഷണം	198
ആതുരപരീക്ഷയ്ക്കായതിനുള്ള ദേശപരീക്ഷ	199
പ്രകൃതിവൃത്യാസം വരുന്നതിന്റെ സഭാവം	202
കഫപ്രകൃതിലക്ഷണം	203
പിത്തപ്രകൃതിലക്ഷണം	205
വാതപ്രകൃതിലക്ഷണം	206

വിഷയം.	ഭാഗം.
സാസർഗ്ഗസന്നിപാതപ്രകൃതിലക്ഷണം	207
വികൃതിലക്ഷണം	208
തച്ഛാദി എട്ടതരം സാരീരങ്ങളുടെ സാരതലക്ഷണം	,,
പ്രവരാദ്ധ്യാവരസത്വന്നുടെ ലക്ഷണം	212
വൈദ്യന്റെ സംശയനിവൃത്തി	213
ശരീരലക്ഷണം	214
ശരീരപരിമാണം	,,
സാത്മ്യസഭാവം	217
സത്മ്യലസഭാവം	,,
ഹയസ്സിന്റെ സഭാവം	220
കാലസഭാവവും ഇന്നിന്ന കാലത്തിൽ ചികിത്സയുടെ പ്രവൃത്തിയും നിവൃത്തിയും സംഭവിക്കുന്നതും	222
ആതുരികകർമ്മസഭാവം	226
ആതുരാവസ്ഥകളിലും കാലാകാലസംജ്ഞ സംഭവിക്കും	,,
ഉപായലക്ഷണം	227
വമനദ്രവ്യങ്ങളുടെ കല്പസംഗ്രഹം	229
വിരേചനദ്രവ്യങ്ങളുടെ കല്പസംഗ്രഹം	231
അനുസ്ഥാപനദ്രവ്യങ്ങളുടെ കല്പസംഗ്രഹവിഭാഗം	232
രസവിഭാഗസഭാവം	233
മധുരരസം	234
അമ്ലരസം	235
ലവണരസം	237
തിക്തരസം	,,
കടുകരസം	238
കഷായരസം	239
യുക്തിയുള്ള വൈദ്യനും സാധാരണനായ വൈദ്യനും ആചരിക്കേണ്ടും ക്രമം	242
അനുപാസനദ്രവ്യങ്ങൾ	243
ശിരോവിരേചനദ്രവ്യങ്ങൾ	244
അദ്ധ്യായവിവരണം	245
വിമാനസ്ഥാനസഭാവം	246

ചരകസംഹിത

വിമാനസ്ഥാനം.

അദ്ധ്യായം 1. രസവിമാനം.

അഥാതോ രസവിമാനം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മ ആഹുർഭഗവന്തഃ പുനർവസുപ്രഭൃതയഃ.

ഇഹ ഖലു വ്യാധീനാം നിദാനം പൂർവ്വരൂപലക്ഷണോപശയസംപ്രാപ്തിസമുത്ഥാനവിധിവികല്പബലകാല വിശേഷാണാമനുപ്രവിശ്യാനന്ത

ധൈര്യമതാം പ്രഭാതോന്ന് കിഴക്കുപുല്ലത്ത് പരമേശ്വരൻ
മൂസ്സതാർക്കളുടെയും, വിദ്വാൻ പുന്നശ്ശേരിനമ്പി
നീലകണ്ഠശർമ്മാവവർകളുടേയും ഉപദേശ
സാഹായ്യത്തോടെ എഴുതിയ
വാചസ്പത്യം എന്ന
ഭാഷാവ്യാഖ്യാനം

അദ്ധ്യായം 1.

നമാമി പാർവ്വതീജാനേശ്വരണൌ പിതരമഹം
വിമാനാത്മാവബോധാർത്ഥം ഗുരുണാമപി സാദരം.

ഇനി രസവിമാനമെന്ന അദ്ധ്യായത്തെ പഠയാം:—

1—ഈ ഇതവർ പറഞ്ഞതായ സൂത്രസ്ഥാനനിദാനസ്ഥാനങ്ങളെക്കൊണ്ടു വ്യാധികളുടെ നിദാനം പൂർവ്വരൂപം വാതാദികോപജാദികളുടെ പ്രത്യേകലക്ഷണം ഉപശയം ഇന്നിന്നരോഗം ഇത്ര ഇത്ര തരത്തിലുണ്ടാകുമെന്ന നിയമം പ്രാധാന്യം വിധിവികല്പങ്ങൾ ബലകാലവിശേഷങ്ങൾ ഇതുകളെല്ലാം പറയപ്പെട്ടു. വൈദ്യൻ ഈ നിദാനാ

രു രസാദ്യുത്പത്തിവികാരഭേഷജദേശകാലബലശരീരാഹാരസാര
സാത്മ്യസത്ത്വപ്രകൃതിവയസ്സാം മാനമവഹിതമനസാ യഥാവൽ
പ്രജ്ഞാനം ഭിഷഗ്ജിതസ്യ രസാദിമാനാധീനായത്തത്വാൽ ക്രിയാ
യാഃ. നഹ്യജ്ഞാനാത്പരസാദീനാം ഭിഷക് വ്യാധിനിഗ്രഹസമ
ർത്ഥോ ഭവതി. തസ്മാദ്രസാദിമാനാധ്യായം വിമാനസ്ഥാനമുപ
ദേക്ഷ്യാമഗ്നിവേശ! തന്മേ പ്രതിപദ്യസ്വ രസാദ്യുത്പത്തിവികാരപ്രഭാവാൻ
വക്ഷ്യാമഃ.

രസാസ്വാദൽ ഖലു മധുരമമ്ലലവണകടുതിക്തകഷായാണാം

ികളെ അറിഞ്ഞതിനുശേഷം ഒരു വ്യാധിപുരുഷനെ ചികിത്സിക്കുവാൻ രസം ദ്രവ്യം ദോഷം വികാരം ഔഷധം ദേശകാലങ്ങൾ ബലം ശരീരപ്രകൃതി ആഹാരം സാരം സാത്മ്യം സത്ത്വം പ്രകൃതി വയസ്സ് ഇതുകളുടെ മാനത്തെയും നല്ലവണ്ണം മനസ്സിരുത്തി അറിയേണ്ടതാകുന്നു. ചികിത്സ രസാദികളുടെ മാനത്തെമാത്രം ആശ്രയിച്ചിരിക്കുകയും ചെയ്യും. രസാദിമാനത്തെ അറിയാത്തവനായ വൈദ്യനു യാതൊരു രോഗത്തെയും ചികിത്സിച്ചു മാറുവാൻ കഴികയില്ല. അല്ലയോ അഗ്നിവേശ! ഈവക കാരണങ്ങൾനിമിത്തം രസാദികളുടെ മാനത്തെ നിനക്ക് അറിയുവാൻവേണ്ടി അതുകളെ പ്രതിപാദിക്കുന്നതുകൊണ്ട് ഈ വിമാനസ്ഥാനത്തെ വിശേഷമായി ഉപദേശിച്ചുതരാം. ഈ സ്ഥാനത്തെയും മനസ്സിരുത്തി ഗ്രഹിക്കണമെന്നു സാരം. ഇങ്ങിനെ രസാദികളുടെ മാനത്തെ ഉപദേശിക്കുന്നതിൽ ഈ ആദ്ധ്യായത്തിൽ രസദ്രവ്യദോഷവികാരങ്ങളുടെ മാനഭേദങ്ങളിൽനിന്നു സംഭവിക്കാവുന്നതുകളെയാണ് പഠയുന്നതെന്നും ധരിക്കണം *

2—രസങ്ങളെന്നാൽ, മധുരം അമ്ലം ലവണം കടു തിക്തം കഷായം എന്നവ ആകുന്നു. (ഇതുകളുടെ സ്വരൂപവിഭാഗാദികൾ സൂത്രസ്ഥാനം 26-ാം അദ്ധ്യായത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്). അതുകളെ വേണ്ടുന്നപോലെ ശീലിച്ചാൽ ശരീരത്തെ അരോഗവുമാ

സ്വപ്രകൃത്യുജ്ജ്വലനാത്തു ശരീരം ദാഹയന്തി. മിഥ്യോപയുജ്യമാനാസ്തു
ഖലു ദോഷാഃ പ്രകോപനായോപകല്പന്തേ. 2

ദോഷാഃ പുനരുഷ്ണോ വാതപിത്തശ്ലേഷ്മാണഃ സ്വേ പ്രകൃതിഭൂതേ
ശരീരോപകാരകാ ഭവന്തി. വികൃതിഭൂതാസ്തു ഖലു നാനാവിധൈ
വികാരൈരുപതാപയന്തി. 3

തത്ര ദോഷാഃ മധുരകടുകം ത്രയസ്യുഷ്ണോ രസാ ജനയന്തി. ത്രയസ്തു
ശീതോപശമയന്തി. തദ്യഥാ—കടുതിക്തകഷായാ വാതം ജനയ

മാകി നിലനിർത്തും. തകരാറായ നിലയിൽ ശീലിക്കുന്നതായാൽ
ഇതുകൊ ണ്ടു ദോഷങ്ങളെ കോപിപ്പിക്കുന്നവയായിത്തീരുകയും ചെ
യ്യും *

3—ദോഷങ്ങളെന്നാൽ, വാതം പിത്തം കഫമെന്ന മൂന്നുകളും
തന്നെയാകുന്നു. (ഇതുകൊണ്ടാടവിവരണം വാതകലാകലീയാദ്ധ്യായ
ത്തിൽ പറഞ്ഞിട്ടുണ്ട്.) ആ ദോഷങ്ങളും നിലയ്ക്കുനിറുത്തുന്നതായാൽ
ശരീരം പുഷ്ടിമത്തായിരിക്കുവാനുപകരിക്കും. ഇതിൽ ഏതെങ്കി
ലും തകരായാൽ പലപ്രകാരത്തിലുള്ള—മഹാരോഗാദ്ധ്യായത്തിൽ
പറഞ്ഞപ്രകാരമുള്ള രോഗങ്ങളെ ഉണ്ടാക്കി ശരീരത്തെ പീഡിപ്പി
ക്കുകയും ചെയ്യും*

4—ഈ പറഞ്ഞ മധുരാദിഷഡ്രസങ്ങളിൽ മുമ്മൂന്നു രസങ്ങളും
വാതപിത്ത കഫങ്ങളിൽ ഓരോന്നിനെ വർദ്ധിപ്പിക്കുകയും മുമ്മൂന്നു
രസങ്ങളും ശമിപ്പിക്കുകയും ചെയ്യും. മധുരാദിരസങ്ങളിൽ ഏതേ
തുരസങ്ങളും ഏതേതു ദോഷങ്ങളെ കോപിപ്പിക്കുകയും ശമിപ്പിക്കുക
യും ചെയ്യുമെന്നതിനെയും വിവരിക്കാം. ഏരുവ് കയ്പ് ചവർപ്പ്
ഈ രസങ്ങളും വാതത്തെ വർദ്ധിപ്പിക്കും—കോപിപ്പിക്കും. മധുരം
പുളി ഉപ്പ് ഈ രസങ്ങളും വാതത്തെ ശമിപ്പിക്കുകയും ചെയ്യും. ഏ
രുവ് പുളി ഉപ്പ് ഈ രസങ്ങളും പിത്തത്തെ കോപിപ്പിക്കും. മധു
രം കയ്പ് ചവർപ്പ് ഇതുകളും പിത്തത്തെ ശമിപ്പിക്കുകയും ചെയ്യും.

ന്തി; മധുരാമ്ലലവണാസ്തേഷം ശമയന്തി. കടുകാമ്ലലവണാഃ പിത്തം ജനയന്തി; മധുരതിക്തകഷായാഃ പുനരേനം ശമയന്തി. മധുരാമ്ല ലവണാഃ ശ്ലേഷ്മാണം ജനയന്തി; കടുതിക്തകഷായാസ്തേഷം ശമയന്തി. 4

രസതോഷസന്നിപാതേ ത്രയ രസാ ദ്വൈയദ്വോഷ്ണഃ സമാനഗുണാഃ സമാനഗുണഭൂയിഷ്ഠാ വാ ഭവന്തി തേ താനഭിവർദ്ധയന്തി. വിപരീതഗുണാസ്തു വിപരീതഗുണഭൂയിഷ്ഠാ വാ ശമയന്ത്യുത്ത്രസ്യമാനാഃ. ഇത്യേതദ്വ്യവസ്ഥാഹേതോഃ ഷഡിതമുപദിശ്യതേ രസാനാം പരസ്പരേണാസംസൃഷ്ടാനാം. ത്രിതയേ ദോഷാണാം. സംസൃഷ്ടവികല്പവിസ്താരോ ഹ്യേഷാമപരിസംഖ്യേയോ ഭവതി വികല്പഭേദോപരിസംഖ്യേയത്വാൽ. 5

മധുരം പുളി ഉപ്പ് ഈ രസങ്ങൾ കഫത്തെ വർദ്ധിപ്പിക്കും. എരിവ് കയ്പ് ചവർപ്പ് ഈ രസങ്ങൾ കഫത്തെ ശമിപ്പിക്കുകയും ചെയ്യും. *

5—അനേകരസാത്മകമായ ദ്രവ്യത്തിൽ എത്രതെല്ലാം രസങ്ങളാണോ ഉള്ളത് ആ രസങ്ങൾ മുൻപറഞ്ഞ പ്രകാരം ഏതുതന്നെ ദോഷങ്ങളോട് സമാനഗുണങ്ങളോ ഉൽകൃഷ്ടഗുണങ്ങളോ ആയി ഭവിക്കുമോ ആ രസങ്ങളെ ശീലിച്ചാൽ അതാതു ദോഷങ്ങൾ ക്രമത്തിലധികം വർദ്ധിക്കും. അതാതു ദോഷങ്ങളുടെ ഗുണങ്ങളോട് വിപരീതഗുണങ്ങളായ രസങ്ങളോ വിപരീതഗുണഭൂയിഷ്ഠങ്ങളായ രസങ്ങളോ ശീലിച്ചാൽ അതാതുദോഷങ്ങൾ ശമിക്കുകയും ചെയ്യും. ഈ വ്യവസ്ഥ നിശ്ചയിക്കുവാൻവേണ്ടി മാത്രമാണ്, പ്രത്യേകം വേർതിരിച്ചു പറയുന്നതായാൽ രസങ്ങൾ ആറ് ദോഷങ്ങൾ മൂന്ന് എന്നു പറഞ്ഞിരിക്കുന്നത്. ഈ രസങ്ങൾക്കും ദോഷങ്ങൾക്കും അന്യോന്യം ചേരുകയാലും അത്സ്തനന തരതമവ്യത്യാസം വരികയാലും സംഭവിക്കുന്നതായ സംഖ്യ അപരിസംഖ്യേയയായിരിക്കും— ആയുസ്സും ഔഷധകാലത്തും കണക്കാക്കി അവസാനിപ്പിക്കുവാൻ കഴിയാത്തവിധം അത്ര അധികമായിത്തീരും. ഇങ്ങിനെ ഇതുകളുടെ സംഖ്യ വർദ്ധിക്കുവാനുള്ള കാരണം ഇതുകളുടെ വികല്പഭേദങ്ങൾ അപരിസംഖ്യേയങ്ങളാകയാൽ തന്നെയാകുന്നു *

തത്ര ഖലൂനേകരസേഷു ദ്രവ്യേഷ്വനേകദോഷാണാം ച വികാരേഷു രസദോഷപ്രഭാവമേകൈകതോഽനാദിത്വേനാഭിസമീക്ഷ്യ തതോ ദ്രവ്യവികാരപ്രഭാവതത്ത്വം വ്യവസ്യേൽ. ന ത്വേവം ഖല്വാത്രേയഃ പുനർവ്വസുരാഹ. ന ഹി വികൃതിവിഷമസമവേതാനാം നാനാത്മകാനാം ദ്രവ്യാണാം പരസ്പരേണ കോപഹതാനാമന്യൈശ്ച വികല്പൈരുപകല്പിതാനാമവയവപ്രഭാവാനുമാനേന സമുദായപ്രഭാവതത്ത്വമുപലക്ഷയിതുമലം ശക്യം. 6

തസ്മാദുഭയതഃ ഹി സമുദായേ സമുദായപ്രഭാവതത്ത്വമുപലഭ്യോപലഭ്യ തതോ രസദ്രവ്യവികാരപ്രഭാവതത്ത്വം വ്യവസ്യേൽ. തച്ചൈതദ്രസപ്രഭാവതശ്ച ദ്രവ്യപ്രഭാവതശ്ച ദോഷപ്രഭാവതശ്ച വികാരപ്രഭാവ

6—അരിഷ്ടാദികൾ ദ്രവ്യങ്ങളും അനേകരസാത്മകങ്ങളും രോഗങ്ങളും അനേകദോഷദൂഷ്യകോപജങ്ങളുമാണെന്നു പറഞ്ഞുവല്ലോ. എന്നാൽ അരിഷ്ടകളിൽ ഓരോന്നിലും പ്രത്യേകം പ്രത്യേകമുള്ള രസദോഷങ്ങളുടെ പ്രഭാവത്തെ അറിഞ്ഞ്, അതാതു ദ്രവ്യങ്ങൾ തത്തദ്രസാത്മകങ്ങളാണെന്നും അതാതു രോഗങ്ങളിലെ ദോഷം ഇന്നിന്നതാണെന്നും പ്രഭാവംകൊണ്ടു നിശ്ചയിക്കണം. ഇങ്ങിനെ നോക്കുന്നേതായാൽ അനേകരസമെന്ന ഒരു ദ്രവ്യവും സംസർഗ്ഗസന്നിപാതജങ്ങളായ രോഗങ്ങളും സംഭവിക്കുകയില്ല എന്നുവരും. അതിനാൽ ഈ വിധി സംഗതികമല്ല. ഇത് ഇന്നതാണെന്നു നിയമനംചെയ്യപ്പെട്ടിട്ടുകളും തുല്യരായവിധം കൂടിച്ചേർന്നതുകളുമായ പല ദ്രവ്യങ്ങളും അന്യോന്യം കൂടിക്കലർകയോ തത്തന്മാത്രകങ്ങളായ മറ്റേതെങ്കിലുമായി കൂടിക്കൊണ്ടു വികല്പിക്കുകയോ ചെയ്യുമ്പോൾ അതുകളുടെ അവയവപ്രഭാവങ്ങളും അനുമേയങ്ങളായി നിലനിൽക്കുന്നതുകൊൾ അവിടെ സമുദായപ്രഭാവതത്ത്വമാണ്—ഉദ്ദിഷ്ടപ്രയോജനത്തിനു മാത്രമാണ് വ്യവഹാരയോഗ്യമായി സ്വീകരിക്കേണ്ടതു് എന്നു സിദ്ധാന്തം ഇങ്ങിനെ വരുന്നേടത്തു നിർണ്ണയിക്കുവാനും പാടുള്ളതല്ല. * 7—അപ്പോൾ വിശിഷ്ടഗുണങ്ങളായ രസാദികളുടെ സംയോഗത്തിൽ അതാതുകളുടെയെല്ലാം പ്രഭാവം ഇത്രമാത്രം കൂടിച്ചേർന്നുണ്ടെന്നു

വാതശ്ച തത്പ്രഭാവമുപദേക്ഷ്യാമഃ. തത്രതൃഷ്ണ രസദ്രവ്യദോഷവിശേഷപ്രഭാവാ ഉപദിഷ്ടാ ഭവന്തി. 7

ദ്രവ്യപ്രഭാവംപുനരുപദേക്ഷ്യാമഃ. തൈലസർപ്പിർമ്മധൂനി വാതപിത്തശ്ലേഷ്മപ്രശമനാനി ദ്രവ്യാണി ഭവന്തി. തത്ര തൈലം സ്നേഹൌഷ്ണ്യാൽ ഗൌരവോപപന്നത്വാദ്വാതം ജയതി സതതമഭ്യസ്യമാനം. വാതോ ഹി രൌക്ഷ്യശൈത്യലാഘവോപപന്നോ വിശദ

ള്ള തത്ത്വത്തെ അറിയുകയും ആ ജ്ഞാനംകൊണ്ടു തത്തദ്രസാത്മകങ്ങളായ ദ്രവ്യങ്ങൾ ഈ സംയോഗത്തിൽ ഇത്ര ഇത്ര അംശം ചേർന്നിരിക്കുന്നു എന്നും അതാതുകൊണ്ട് ഇന്നിന്ന പ്രഭാവമുണ്ട് എന്നുമുള്ള തത്ത്വം നല്ലവണ്ണം ഗ്രഹിക്കുകയും വേണം. മേൽപറഞ്ഞ കാരണങ്ങളാൽ ഈ വിഷയത്തിൽ രസപ്രഭാവംനിമിത്തവും ദ്രവ്യപ്രഭാവംനിമിത്തവും ദോഷപ്രഭാവംനിമിത്തവും വികാരപ്രഭാവംനിമിത്തവും അവശ്യവിജ്ഞേയങ്ങളായ വിഷയങ്ങളുടെ തത്ത്വത്തെ വാക്കുപോലെ ഉപദേശിക്കുകയും ചെയ്യാം. ഈ രസപ്രഭാവാദികളിൽ രസദ്രവ്യദോഷവികാരപ്രഭാവം—ഇന്നിന്നരസാത്മകമായ ദ്രവ്യങ്ങൾക്ക് ഇന്നിന്നദോഷങ്ങളെ ഇന്നിന്നവിധമാക്കി ചെയ്യുവാനുള്ള പ്രഭാവമുണ്ടെന്ന തത്ത്വം ഇതേവരെ പറഞ്ഞതുകൊണ്ടു വഴിപോലെ ഉപദിഷ്ടമായിരിക്കുന്നു*

ദ്രവ്യപ്രഭാവത്തെ—ഇന്നിന്നദ്രവ്യങ്ങൾക്ക് ഇന്നിന്ന പ്രഭാവമുണ്ടെന്നുള്ളതിനെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതായതുകൊണ്ടും ഉപദേശിക്കാം. എണ്ണ നെയ്യ് തേൻ ഇതുകൾ വാതപിത്തകഫങ്ങളെ ശമിപ്പിക്കുന്ന ഔഷധങ്ങളാകുന്നു. എണ്ണ വാതത്തെയും നെയ്യ് പിത്തത്തെയും തേൻ കഫത്തെയും ശമിപ്പിക്കുവാനുള്ള പ്രത്യേകൌഷധങ്ങളാകുന്നു എന്നു സാരം. 'വാതപിത്തശ്ലേഷ്മാണാം ച പൃഥഗ് നാശേ സൃഷ്ടിർമ്മാക്ഷികസ്യ ശ്രുതേ' എന്ന വാഗ്ഭടാചാര്യൻ. ഈ പറഞ്ഞതുകളിൽ തൈലം, സ്നിഗ്ധതയും ഉഷ്ണവും ഗുരുത്വമുള്ളതാകയാൽ അതു പതിവായി ശീലിച്ചാൽ, തദ്വിപരീതങ്ങളായ രൂക്ഷത ശൈത്യം ലാഘവത്വം എന്ന ഗു

ഗുണോ ഭവതി. വിരുദ്ധഗുണസന്നിപാതേ ഹി ശ്രേ
ത തസ്മാദ്ഭൈഷജം വാതം ജയതി സതതമഭ്യസ്യമാനം
സർപ്പിഃ ക്ഷീരവമേവ പിത്തം ജയതി മാധുര്യാദ്ധിമഗുണാ
ദവിശ്യതാച്ച. പിത്തം ഹ്യമധുരമുഷ്ണം തീക്ഷ്ണം.
മധു ച ശ്ലേഷ്മാണം ജയതി രൂക്ഷഗുണാൽ കഷായത്വാച്ച. ശ്ലേ

ണങ്ങൾ വാതത്തിനെ പ്രധാനഗുണങ്ങളാകയാൽ നെയ്യ് വാത
ത്തെ ശമിപ്പിക്കും. വിരുദ്ധഗുണങ്ങളായ രണ്ടു വസ്തുക്കൾ ചേർച്ച
പോരുമ്പോൾ ബലവത്തായ വസ്തു തദ്വിപരീതഗുണയുക്തമല്ലാ വസ്തുവി
നെ തീച്ചയായും ജയിക്കുമെന്നുള്ളതു നിർവിപ്രതിപത്തിയായ സംഗതിയാ
ണല്ലോ. അതുനിമിത്തം വാതഗുണങ്ങളോടു വിരോധിയ്ക്കുന്ന
തൈലം ഇടവിടാതെ ശീലിച്ചുകൊണ്ടിരുന്നാൽ അതിനെ സ്നി
ഗ്ധോഷ്ണഗുരുഗുണങ്ങൾ വർദ്ധിക്കും. അപ്പോൾ വാതഗുണ
മുകതമായ വാതത്തെ അതു ജയിക്കുകയും ചെയ്യും. ഈ നെ
യ്യ് മധുരരസമില്ലാത്തതും ഉഷ്ണവും തീക്ഷ്ണവുമാണു പിത്തത്തെ മധുര
രസവും ശീതവീര്യവും മന്ദവീര്യവുമായ ഘൃതം ജയിക്കും. ഈ വി
ധത്തിലും സതതമഭ്യസ്യമാനം എന്നും വിരുദ്ധഗുണസന്നിപാതേ
ഹി ശ്രേസാല്പമവജീയതേ എന്നും ഉള്ള തത്ത്വം ഗ്രഹിച്ചു ധരിക്ക
കയും വേണം * 10—തേൻ രൂക്ഷതയും കഷായരസവുമുള്ളതാക
യാൽ കഫത്തെ ജയിക്കും. കഫം സ്നിഗ്ധവും മന്ദവും മധുരവുമാകു
ന്നു. ഇവിടെ കഫഗുണമായ സ്നിഗ്ധതയ്ക്കു മാക്ഷികഗുണമായ രൂക്ഷ
തയും മധുരരസത്തിനു കഷായരസവും പ്രതിപന്ഥികളായിപ്പോ
ന്നു. മന്ദ്യമെന്ന കഫഗുണത്തിനു വിപരീതഗുണം പറഞ്ഞതു
മില്ല. അപ്പോൾ സമാനഗുണമല്ലാത്ത മധു കഫരോഗത്തെ എങ്ങിനെ
ഹരിക്കുമെന്ന ശങ്കയെ 'വാതളം ഗുരു ശീതഞ്ച രക്തപിത്തകഫാ
പഹാ സന്ധാതു ശ്ലേഷ്മനം രൂക്ഷം കഷായമധുരം മധു'മധുവിനു ഗു
ണത്തിലെ ചേരുനേമെന്നത് മന്ദഗുണവിപരീതമായ തീക്ഷ്ണഗു
ണത്തെന്നറിഞ്ഞു സമാധാനിക്കുകയും വേണം. ഇതിനു മധുര
സംകൂടിയുണ്ടാവുകയാൽ സമാനഗുണമായ കഫത്തെ എങ്ങിനെ

ക്ഷ്മ ഫി സ്നിഗ്ധോ മന്ദോ മധുരശ്ച. 10

യമന്യത്പി കിഞ്ചിദ്ദ്രവ്യമേവം വാതപിത്തകഫഘ്നം ഇ
ന്ദ്രിയാവിപരീതം തത്തച്ചതാൻ ജയത്യുദ്ദിസ്യമാനം. അഥ ഖ്വിമ

ജയിക്കും. 'മധുരാ ലവണാശ്ചൈവ ച സ്നിഗ്ധാവാസ്ലയോ രസാഃ। വാതമൂത്രപുരീഷാണാം പ്രായോ മോക്ഷേ സുഖാ മതാഃ। കടുതിക്ത കഷായാസ്തു രൂക്ഷാവാസ്ലയോ രസാഃ। ദുഃഖാ വിമോക്ഷേ ദൃശ്യന്തേ വാതവിണ്മൂത്രരേതസാം' എന്ന വിധിപ്രകാരം മധുരം സ്നിഗ്ധവും സുഖമോചകവും, കഷായരസം രൂക്ഷവും ബദ്ധമലവുമാണ് എന്ന സിദ്ധമായി. തേൻ രൂക്ഷവും അതിസാരശമനവുമാണ് എന്നും പറയുന്നു. അപ്പോൾ തേനിൽ ആസ്വാദനേസമയം മധുരരസം പ്രത്യക്ഷമാവുമെങ്കിലും അതിന്റെ വിപാകരസം കഷായരസവിപാകമായ കടുരസംതന്നെയായിരിക്കും. 'രസം വിപാകരസസ്തു വീര്യം പ്രഭാവസ്തൂൻ വ്യപോഹതി' എന്നതുകൊണ്ട് വിപാകരസത്തിന് ആസ്വാദനേരസത്തെക്കാൾ ശക്തിയുണ്ട്. അതാണ് തേൻ കഷായരസമുള്ളതാണ്—കഷായരസകർമ്മങ്ങളെ ചെയ്യുന്നതാണ് എന്നുപറഞ്ഞിരിക്കുന്നത്. 11—ഈ പറഞ്ഞ തൈലം ഘൃതം മധു എന്നിവയുടെ മാത്രമേ വാതാദികളെ ശമിപ്പിക്കുകയുള്ളൂ എന്ന വിചാരിക്കേണ്ട. വാതപിത്തകഫങ്ങൾക്ക് പറഞ്ഞ ഗുണങ്ങളുടെ വിപരീതഗുണങ്ങളുള്ള മറ്റുദ്രവ്യങ്ങളും പതിവായി ശീലിക്കുന്നതായാൽ അതുകൊണ്ടും വാതാദിദോഷങ്ങളെ ജയിക്കും. എന്നാൽ ഘൃതാദികളെ ചേർത്തു ബാക്കിയുള്ള തുകളെ ശീലിക്കുന്ന സമയം ചില തത്ത്വങ്ങൾകൂടെ ഗ്രഹിക്കേണ്ടതായിട്ടുണ്ട്. അതുകളെന്തെല്ലാമെന്നാൽ, തിപ്പലി ക്ഷാരം ലവണമെന്ന ഈ മൂന്നു കൂട്ടം മറ്റുദ്രവ്യങ്ങളേക്കാൾ കൂടുതൽ അധികം ശീലിച്ചു പോകരുത്. 'നാത്യുപയുഞ്ജീതാധികം' എന്നതിൽ 'അതി' 'അധികം' എന്നു പറയുകയാൽ മറ്റുദ്രവ്യങ്ങളോടുതുല്യമായ മാത്രയിൽ തന്നെ കഴിക്കരുത്. കൂടുതൽ ശീലിക്കാമെന്നും കൂടെ ധരിക്കേണ്ട

ത്രീണി ദ്രവ്യാണി നാതൂപയുജ്യതാധികമന്യേഭ്യോ ദ്രവ്യേഭ്യഃ തദ്യഥാ—പിപ്പലീ ക്ഷാരം ലവണമിതി.

പിപ്പല്യോ ഹി കടുകാസ്സ്നിഗ്ദ്ധോ മധുരവിപാകഃ ഗുരുർവ്യവായീ നാതിതീക്ഷ്ണഃ, സ്നിഗ്ധോഷ്ണഃ പ്രക്ലേദിന്യോ ഭേഷജാദിമതാശ്ച. താസ്സ്നിഗ്ദ്ധത്വാത്തുഭക്താരിന്യോ ഭവന്ത്യാപാതഭദ്രാഃ. പ്രയോഗസമസാദ്ഗുണ്യാദ്ദോഷസഞ്ചയാൻബന്ധ്നാഃ സതതമുപനുജ്യമാനാ ഹി ഗുരുപ്രക്ലേദിതാൽ ശ്ലേഷ്മാണമുൽക്ലേശയന്തി. ഓജസ്സ്നിഗ്ധത്വാൽ പിത്തം. ന ച വാതപ്രശമനായോപകല്പന്തേ. അല്പസ്നേഹോഷ്ണഭാവാൽ. യോഗ

താകുന്നു. * ഇങ്ങിനെ പിപ്പലിക്ഷാരലവണങ്ങൾ അധികം ശീലിക്കുന്നത് ഏതു പ്രായുവാനുള്ള കാരണത്തെ വിവരിക്കുന്നു. 12—തിപ്പലി കടുരസവും ക്ഷണത്തിൽ ഛേദിക്കുന്നതും വിപാകത്തിൽ മധുരരസമായിത്തീരുന്നതും വളരെ ഗുരുതാമില്ലാത്തതും സ്നിഗ്ധവും ഉഷ്ണവീര്യവും നനവിനെ ഉണ്ടാക്കുന്നതും രസായനവിധിക്ക് ഉപയോഗിക്കാവുന്നതുമാകുന്നു. അത് ഉപയോഗിച്ച ഉടനെ അതിന്റെ പ്രവൃത്തിയെ ചെയ്യുന്നതും പ്രയോഗിക്കുമ്പോഴുള്ള സാവീര്യത്തെ പ്രകാശിപ്പിക്കുവാനുള്ള ശക്തിയാൽ ദോഷസഞ്ചയങ്ങളോടു കൂടിക്കലരുന്നതുമാകുന്നു—കോപിച്ചദോഷങ്ങളെ ശമിപ്പിക്കാതെ അതുകളിൽ ഇടകലരുന്നതുമായാൽ ശീലിച്ചുടനെ ശ്ലേഷ്മങ്ങളെ—പേടവിധമാണെങ്കിൽ ശ്ലേഷ്മപിത്തത്തെ, അല്പം തൊടുപ്പോയാൽ അത്യുഷ്ണതയെ ചെയ്യുന്നതായിത്തീരുന്നതുമാകുന്നു. ഇങ്ങിനെയുള്ള തിപ്പലിയെ ശീലിച്ചുകൊണ്ടിരുന്നാൽ, കലശലായി നനവുവരുത്തുകയും ഏറിയ ഉഷ്ണം നിമിത്തം കഫത്തെ ക്ലേദിപ്പിക്കുകയും, ഉഷ്ണവീര്യമുള്ളതാകയാൽ പിത്തത്തെ കോപിപ്പിക്കുകയും ചെയ്യും. അല്പസ്നേഹോഷ്ണഭാവംനിമിത്തം ഇതു വാതത്തെ ശമിപ്പിക്കയുമില്ല. ഇതു യോഗവാഹിയുമാണ്—ഏതൊരു വസ്തുവിൽ ചേരുന്നുവോ അതിനൊരു ഗുണമുള്ളതായിത്തീരുന്നതുമാണ്. (അതിന്റെ ഗുണത്തെ

വായിന്ദ്രിയസ്യ ച ലഘുത്വമേന്തി. തസ്മാൽ പിപ്പലീർന്നാത്യുപയുഞ്ജീത. 12

ക്ഷാരഃ പുനരൗഷ്ണ്യാത്തൈക്ഷ്ണ്യാല്ലാഘവോപപന്നഃ ക്ലേദയത്യാ
ശു പക്ത്വാപിശോധയതി. സ പചനദഹനഭേദനാർത്ഥമുപയുജ്യ
തേ. സോതിപ്രയുജ്യമാനഃ കേശാക്ഷിഹൃദയമൂംസ്നോപഘാതക
രസ്സംപദ്യതേ. യേ ഹ്യേനം ഗ്രാമനഗരനിഗമജനപദാഃ സതതമു
പയുഞ്ജതേ തേ ഹ്യാന്ധ്യഷ്ഠാണ്ഡ്യഖാലിത്യപാലിത്യഭാജോ ഹൃദയോ
പകർത്തിനശ്ച ഭവന്തി തദ്യഥാ പ്രാച്യാശ്ചീനാശ്ച. തസ്മാൽ ക്ഷാ
രം നാത്യുപയുഞ്ജീത. 13

ലവണം പുനരൗഷ്ണ്യാത്തൈക്ഷ്ണ്യാപപന്നമന്തിഗ്രഹ്വനതി

ഇതു വർദ്ധിപ്പിക്കും) ഈവക കാരണങ്ങളാലാണ് തിപ്പലി അധികം ഉപയോഗിക്കരുതെന്നു പറഞ്ഞതെന്നറിയുകയും വേണം.*13—ക്ഷാരം ഉഷ്ണവീര്യവും തീക്ഷ്ണതയും ലഘുത്വവുമുള്ളതാകുന്നു. ഇതു ദോഷങ്ങളെ ആദ്യം നനപ്പിക്കുകയും പിന്നെ വിശുദ്ധിവരുത്തുകയുമാണ് ചെയ്യുക. ഇതു പഴുപ്പിക്കാനും പൊള്ളിക്കുവാനും പിളർക്കുവാനുമാണ് ഉപയോഗിക്കുക. ഇത് അധികം ശീലിച്ചാൽ തലമുടി കണ്ണ് ഹൃദയം പുംസ്ത്വം (ശുക്ലബലം) ഇതുകളെ നശിപ്പിക്കുന്നതായിത്തീരും. ഗ്രാമത്തിലോ നഗരത്തിലോ കൂട്ടുവടസ്ഥലത്തിലൊ താമസിക്കുന്നവർ ഇതു പതിവായും കണക്കിലധികവും ശീലിച്ചാൽ അവർ കണ്ണുകാണാതാവരോ നപുംസകന്മാരോ കഷ്ണിക്കാരോ പ്രായാധിക്യം വരുന്നതിനുമുമ്പ നരച്ചവരോ ആയിത്തീരും. ഈവക്ക ഹൃദയത്തിൽ വേദനയുമുണ്ടാകും. ഇതിനുള്ള ദൃഷ്ടാന്തം പ്രാച്യന്മാരും—കലിംഗാദി കിഴക്കൻദിക്കുകാരും ചൈനക്കാരും ക്ഷാരം ധാരാളം ഉപയോഗിക്കുന്നവരാണ്. അവരിൽ പലരും ആന്ധ്യാദിഗ്രഹണയുക്തന്മാരുമാണ്. ഈവക കാരണങ്ങളാൽ ക്ഷാരം കണക്കിലധികം ഉപയോഗിച്ചു പോകരുത്. * 14— ലവണം ഉഷ്ണതയും തീക്ഷ്ണതയുമുള്ളതും വളരെ ഗുരുത്വവും സ്നിഗ്ധതയുമില്ലാത്തതും ദോഷങ്ങളെ നനപ്പിക്കുന്നതും വിശേഷേണ സ്രവിപ്പിക്കുന്നതും ഭക്ഷ

സ്നിഗ്ധമുപക്ലേദി വിസ്രംസനസമർത്ഥമന്നദ്രവ്യരുചികരമാപാതഭദ്രം. പ്രയോഗാതിരേകാദ്ദോഷസഞ്ജയാനുബന്ധം. തദ്ഗ്രാഹനപാച നോപക്ലേദനവിസ്രംസനാർത്ഥമുപയുജ്യതേ. തത്പ്രത്ഥമുപയുജ്യമാ നം ശ്വാനിശൈഥില്യശ്വേത്പുല്ല്യാഭിവൃദ്ധികരം ശരീരസ്യ ഭവതി. യേ ഹ്യേതൽ ഗ്രാമനഗരനിഗമജനപദേഷ്വമുപഭുഞ്ജതേ തേ ഭ്രശ്യം ഗ്ലാസ്നവശ്ലിഥിലമാംസശോണിതാ ഭവന്ത്യപരിക്ലേശസഹാശ്ച. ത ദ്യഥാ-ബാഹ്ലീകസൗരാഷ്ട്രികസൈന്ധവസൗവീരകാ:. തേ ഹി

ന്നദ്രവ്യങ്ങൾക്കു രുചിയുണ്ടാക്കുന്നതും പ്രായേണ ശ്രുതകരവുമാണ്. ഇത് അധികമായി ശീലിച്ചാൽ ദോഷങ്ങൾക്കു ചയത്തെ വരുത്തുകയും ചെയ്യും. രുചിയുണ്ടാകുവാനും ശരിയായ ഹേനമുണ്ടാകുവാനും ഉൽക്ലേദം വരുവാനും അയവുവരുവാനും വേണ്ടിയാണ് ഇതിനെ ഉപയോഗിക്കുന്നത്. ലവണത്തെ കണക്കിലധികം ശീലിച്ചാൽ ശരീരത്തിന്നു തളർച്ച ശൈഥില്യം ബലക്ഷയം ഇതുകളെ ഉണ്ടാക്കിത്തീർക്കും. ഗ്രാമനഗരനിഗമജനപദങ്ങളിൽ ആരാണോ ഇത് അധികമായി കഴിക്കുന്നത് അവരെല്ലാം എല്ലായ്പോഴും ക്ഷീണിക്കുന്നവരും മാംസശോണിതങ്ങൾക്കു ശൈഥില്യം സംഭവിച്ചവരും ശാരീരമായോ മാനസികമായോ ഉള്ള യാതൊരു ക്ലേശവും സഹിക്കുവാൻ കഴിയാത്തവരുമായിരിക്കും. ഇതിനുള്ള ദൃഷ്ടാന്തം, ബാഹ്ലീകദേശക്കാരും സൗരാഷ്ട്രദേശക്കാരും സൈന്ധവന്മാരും സൗവീരന്മാരുമാകുന്നു. ഈ പറഞ്ഞവരെല്ലാം പാലിൽ കൂടി എല്ലാക്കാലത്തും ഉപയോഗിച്ചു കഴിക്കും. അവരെല്ലാം പ്രായേണ രോഗാതുരന്മാരായിരിക്കുകയും ചെയ്യും. ഭൂമിയുടെ ഊഷരപ്രദേശങ്ങളിൽ—ഉപ്പുവിളയുന്ന പടന്നകളിൽ ഔഷധി വീരുത്ത് വനസ്പതി വാനസ്പത്യമെന്ന നാലുതരം സ്ഥാവരങ്ങൾ കൂടി മുളച്ചുവളരുകയില്ല. (ഔഷധാശികളുടെ വിവരണം സൂത്രസ്ഥാനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്.) അവിടങ്ങളിൽ മുളച്ചുണ്ടാവുന്നതായാൽ കൂടി, ഉപ്പിന്റെ ശക്തികൊണ്ട് അതാതുകളുടെ വീര്യം നശിച്ചുപോവുന്നതാകയാൽ

പയസാപി സദാ ലവണമശ്നന്തി. യേ പീഹ ഭ്രമേരത്യുഷ്ണാ ദേശാ
സ്തേഷ്വപ്യുഷ്ണവീര്യോപയോഗിവാനസ്യത്വാ ന ജായതേ. അല്പ
തേജസാ വാ ഭവന്തി ലവണോപഹതത്വാൽ. തസ്മാല്ലവണം നാ
ത്യുച്ചയുഞ്ജീത. യേ. ഹ്യതിലവണസാത്മ്യാഃ പുരുഷാഃസൂക്ഷ്മാമപി
ഖാലിത്യന്നലൂപ്തപാലിത്യാനി തഥാ വലയശ്ലാകാലേ ഭവന്തി. ത
സ്മാത്തേഷാം തത്സാത്മ്യതഃ ക്രമേണാപഗമനം ശ്രേയഃ. 14

സാത്മ്യമപി ഹി ക്രമേണോപനിവർത്ത്യമാനമദോഷമല്പദോ
ഷം വാ ഭവതി. സാത്മ്യം നാമ തദ്യദാത്മന്യുപശേതേ. സാത്മ്യാ
ത്ഥാ ഹ്യുപശയാത്ഥഃ. തത്ത്രിവിധം പ്രവരാവരമദ്ധ്യവിഭാഗേന,
സപ്തവിധഞ്ചൈതൈരേകൈകതോപനസവ്വരസോപയോഗാച്ച. തത്ര

അതുകൊണ്ടുള്ള തേജസ്സു വളരെ കുറഞ്ഞിരിക്കുകയും ചെയ്യും. ഈ വക ദോഷങ്ങളുണ്ടാകയാൽ ഒരിക്കലും ലവണത്തെ കണക്കിലധികം ഉപയോഗിച്ചു പോകരുത്. ലവണത്തെ അധികമായി ശീലിക്കുന്നവർക്ക്, കഷണ്ടിയും ഇന്ദ്രലുപ്തവും അകാലത്തിങ്കൽ നരയും ജരയും സംഭവിക്കും. ഈ വക കാരണങ്ങളാൽ ഉപ്പ് അധികം ശീലിക്കുന്നവർ ആ സാത്മ്യത്തെ ക്രമേണ കുറച്ചുകൊണ്ടുവരുന്നതാണ് അധികം നല്ലത്. 'ലവണഃ സ്യന്ദനോ ലോമസംഘാതബന്ധവിഭ്രംശനോ ഗികൾ। സ്നേഹനഃ സേദനസ്തീക്ഷ്ണോ രോചനഃ ഛേദനോ ഭേദനോകൾ। സോത്തിയുഷ്കോത്സ്രുവനം ഖലതിം പലിതം വലിം। ഭ്രൂകൂപ്യുവിഷവിസർപ്പാൻജനയേൽ ക്ഷപയേൽബലം' എന്ന വാഗ്ഭടാചാര്യൻ*

15— വളരെക്കാലമായി ശീലിച്ചുവന്നതിനെ ക്രമേണ ഉപേക്ഷിക്കുന്നതായാൽ അതുനിമിത്തം യാതൊരു ദോഷവും സംഭവിക്കുകയില്ല. അഥവാ അത്യല്പമായ വല്ല ദോഷലേശവും ചെയ്യുവെന്നും വരാം. അല്ലാതെ സാത്മ്യത്യാഗത്താലുള്ള യാതൊരു ദോഷവും സംഭവിക്കുകയില്ല. സാത്മ്യമെന്നാൽ താൻ പതിവായി ശീലിച്ചുവരുന്നതുതന്നെയാകുന്നു. സാത്മ്യമായിത്തീരുന്നതുതന്നെയാണ് ഉപശയമായിത്തീരുക. (ഉപശയത്തിന്റെ വിവരണം നിദാനസ്ഥാന

സർവ്വരസം പ്രവരമവരമേകരസം മദ്ധ്യമന്തു പ്രവരാവ[illegible]
രത്നാവരമദ്ധ്യാഭ്യാം സാത്മ്യാഭ്യാം ക്രമേണപ്രവരൂപപാദ[illegible]
ത്ന്യും. സർവ്വരസമപി ച ദ്രവ്യം സാത്മ്യമുപഘ്നം സർവ്വാണ്യേ
രവിധി വിശേഷായതനാവൃഭിസമീക്ഷ്യ ഹിതമേവാനാദ്യേത. 15

• വകിൽ പറഞ്ഞിട്ടുണ്ട്) ആ സാത്മ്യം പ്രവരം അവരം മദ്ധ്യം എ
ന്ന ഭേദേനേ മൂന്ന പ്രകാരവുമാണ്. ഇതുതന്നെ ഓരോ രസങ്ങളു
മാത്രം ശീലിക്കുക (അങ്ങിനെ ആവതാം) എല്ലാ രസങ്ങളും ഒന്നാ
യി കൂട്ടിച്ചേർത്തു ശീലിക്കുക എന്ന ഭേദേനേ എഴുതരമാണെന്നും പ
റയാം. എല്ലാ രസങ്ങളുംകൂടി ഉപയോഗിക്കുന്നതു പ്രവരം(ശ്രേഷ്ഠം).
മധുരാദി ഓരോ രസം മാത്രം ശീലിക്കുന്നത് അധമം. ഇവ രണ്ടി
നേരായും മദ്ധ്യസ്ഥിതി— ഒന്നിലധികം രസങ്ങളെ ഒന്നച്ചുചേർത്തു
ശീലിക്കുക മദ്ധ്യമം. ഇങ്ങിനെയാണ് മുൻ വിവരിച്ച പ്രവരാവര
മദ്ധ്യസാത്മ്യങ്ങളുടെ വിഭാഗം. ഈ പറഞ്ഞ സാത്മ്യവിഭാഗങ്ങ
ളിൽ ആദ്യം ഏകരസാഭ്യാസത്തേയും പിന്നെ അനേകരസാഭ്യാസ
ത്തേയും. ശീലിക്കുകയും അതുകഴിഞ്ഞു സാത്മ്യങ്ങളായിത്തീരുകയും ചെ
യ്യുമ്പോൾ ക്രമേണേ സർവ്വരസാഭ്യാസവും ശീലിക്കണം. ഇങ്ങിനെ എ
ല്ലാ രസങ്ങളും തനിക്കു സാത്മ്യങ്ങളായിത്തീർന്നു എന്ന ദൃഢവിശ്വാ
സം വന്നാൽ അടുത്തു വിവരിക്കുന്നതായ ഭക്ഷണവിധിയുടെ വിശേ
ഷായതനങ്ങളെ നല്ലവണ്ണം ആലോചിച്ചറിഞ്ഞു തനിക്കു ഹിതമാ
യ രസത്തെത്തന്നെ സാത്മ്യമായി സ്വീകരിക്കുകയും വേണം. അ
ത്രാൽ താൻ ശരീരസ്ഥിതിക്കു പറ്റാത്തതായ മാരക രസങ്ങളെ
സാത്മ്യാവസ്ഥയിൽനിന്നു തള്ളുന്നതിനും വിരോധമില്ല. ഈ വി
ഷയത്തിൽ വാഗ്ഭടാചാര്യൻ 'പാരമ്പര്യമഭ്യസ്യം പാരമ്പര്യേ
ന വാ ത്യജേൽ। നിഷ്പേവേത ഹിതം തദ്വദേകപേത്ര്യന്തരീകൃതം।
അപഥ്യമപി ഹി ത്യക്തം ശീലിതം പഥ്യമേവ വാ। സാത്മ്യാ
സാത്മ്യവികാരാണാം ജായതേ സഹസാന്യഥാ। ക്രമേണോപചിതാ
ദോഷാഃ ക്രമേണോപചിതാ ഗുണാഃ। നാപ്നുവന്തി പുനർഭാവമപ്ര
കമ്പ്യാ ഭവന്തി ച' എന്നും പറയുന്നു *

തത്ര ഖലു മാന്യഷ്ടാവാഹാരവിധിവിശേഷായതനാനി ഭവന്തി. തദ്യഥാ— പ്രകൃതികരണസംയോഗരാശിദേശകാലോപയോഗസംസ്ഥോപയോക്തൃകാനി ഭവന്തി. 16

തത്ര പ്രകൃതിരുച്യതേ. സ്വഭാവോ യഃ സ പുനരാഹാരൗഷധദ്രവ്യാണാം സ്വാഭാവികോ ഗുരുത്വാദിഗുണയോഗഃ. തദ്യഥാ— മാഷമുദ്ഗയോഃ സൂകശൈമ്പീധാന്യയോശ്ച. 17

16— ആഹാരവിധിയുടെ വിശേഷായതനങ്ങളായ് വിധികളെ അറിഞ്ഞു രസങ്ങളെ ശീലിക്കേണമെന്നുപറഞ്ഞപ്രകാരമുള്ള ആ വിശേഷായതനങ്ങളും ഈ വിവരിക്കുന്ന എട്ടു കൂട്ടമാകുന്നു. അതുകളെന്തെല്ലാമെന്നാൽ, ക. പ്രകൃതി, ഖ. കരണം, ഗ. സംയോഗം, ഘ. രാശി, ങ. ദേശം, ച. കാലം, ഛ. ഉപയോഗസംസ്ഥ, ജ. ഉപയോക്താവ് ഈ എട്ടുകൂട്ടമാകുന്നു ആഹാരവിധിവിശേഷായതനങ്ങളും * ഈ പ്രകൃത്യാദികളിൽ ഓരോന്നിന്റെയും സ്വഭാവത്തെ പ്രത്യേകം വിവരിക്കുന്നു: 17— ഈ പറഞ്ഞ എട്ടുകൂട്ടത്തിൽ പ്രകൃതി എന്നത്, ആഹാരദ്രവ്യങ്ങളുടേയും ഔഷധങ്ങളുടേയും സ്വഭാവത്തിനുള്ള ഗുരുത്വാദിഗുണയോഗസ്വഭാവം യാതൊന്നോ അതാകുന്നു. അതെങ്ങിനെയെന്നാൽ, ഉഴുന്നിന്റെയും ചെറുപയറിന്റെയും, പന്നിമാംസത്തിന്റെയും മാനിൻമാംസത്തിന്റെയും സ്വഭാവംകൊണ്ട് ഈ പ്രകൃതിയെ അറിയുകയും ചെയ്യാം. മുൽഗമാഷങ്ങളും രണ്ടും ഒരേതരം ശിംബിധാന്യങ്ങളാണ്. ഇതിൽ മുൽഗം കഷായമധുരരസങ്ങളോടുകൂടിയതും രൂക്ഷവും ശീതവീര്യവും വിപാകത്തിൽ കടുവും ലഘുവും വിശദവും കഫപിത്തഹരവുമാണ്. എന്നാൽ ഉഴുന്നോ അത്യന്തം വൃഷ്യവും വാതഹരവും സ്നിഗ്ധവും ഉഷ്ണവും മധുരവും ഗുരുവും ബല്യവുമാണ്. അതു ക്ഷണത്തിൽ ശുക്ലവൃദ്ധികരവുമാകുന്നു. വരാഹവും മനുഷ്യൻ ആനൂപവർഗ്ഗത്തിൽപെട്ടവതന്നെയാണ്. എന്നാൽ വരാഹമാംസം, 'വരാഹപിശിതം ബല്യം രോചനം സ്നേഹനം ഗുരു' എന്ന ഗുണയുക്തമാണ്. എന്നാൽ ഏണമാംസം മധുരവും വിപാകത്തിൽ കടുവും ത്രിദോഷശമനവും ശരീരഹിതവും ലഘുവും മലമൂത്രങ്ങളെ ബന്ധിക്കുന്നു

കരണം പുനഃ സ്വാഭാവികാനാം ദ്രവ്യാണാമഭിസംസ്കാരഃ. സംസ്കാരോ ഹി ഗുണാന്തരാധാനമുച്യതേ. തേ ഗുണാശ്ച തോയാഗ്നിസന്നികർഷശൌചമന്ഥനദേശകാലവശേന ഭാവനാദിഭിഃ കർമ്മഭിഃ പ്രകൃഷ്ടഭാജനാദിഭിശ്ചാധീയന്തേ. 18

സംയോഗസ്തു ദ്വയോർദ്വിഗുണാനാം വാ ദ്രവ്യാണാം സംഘാതഭാവഃ സവിശേഷമാരഭതേ യത്തൈരകൈർദ്രവ്യാണ്യാരഭന്തേ. യഥാ മധുസർപ്പിഷോർമ്മധുമത്സ്യപയസാഞ്ച സംയോഗഃ. 19

ണ്ടും ശീതവുമാണ്. ഇതേപ്രകാരത്തിലുള്ള വസ്തുക്കളുടെ തമ്മിലുള്ള വ്യത്യാസമാണ് പ്രകൃതി എന്നു പറയുന്നത് * 18— കരണമെന്നത്, സ്വാഭാവികങ്ങളായ ദ്രവ്യങ്ങളെ വേണ്ടപോലെ സംസ്കരിക്കുന്നതാകുന്നു. ഇതു നെല്ലു മുതലായവയുടെ കേടുവരാതിരിപ്പാൻ ഉണക്കി സൂക്ഷിക്കുക മുതലായ ക്രിയയാകുന്നു. സംസ്കരിക്കുക എന്നുവെച്ചാൽ തണ്ടുലാദികൾക്ക് ഓദനാദിഗുണത്തെ ഉണ്ടാക്കിത്തീർക്കുന്നതായ ഗുണാന്തരാധാനമാകുന്നു. ഗുണാന്തരമാണ്, ജലം അഗ്നി ഇതുകളുടെ സാമീപ്യനിമിത്തവും കഴുകുകയാലും കലക്കുകയാലും ദേശകാലബലംനിമിത്തവും ഭാവനാദികളാലും കാലപ്പഴക്കത്താലും ആക്കിവെയ്ക്കുന്ന പാത്രത്തിന്റെ വിശേഷത്താലും മാറ്റം സംഭവിക്കുന്ന വ്യത്യാസമാകുന്നു * 19— സംയോഗമെന്നത്, രണ്ടോ അധികമോ ദ്രവ്യങ്ങൾ ഒന്നിച്ചുചേരുന്നതാകുന്നു. ഇങ്ങിനെ കൂടിച്ചേരുന്നതിൽ ഒന്നിച്ചുചേർന്നാൽ അങ്ങിനെ ചേർന്നു വസ്തുക്കൾ സ്വതേ ചെയ്യുന്നതിലും അധികമായ വലാതെ ചെയ്യുവെന്നും വരാം. അതിൽ ഓരോന്നും പ്രത്യേകം പ്രത്യേകം മാറുപാടങ്ങളെ ചെയ്യുവാൻ തുടങ്ങിയെന്നും വരാം. അതെങ്ങിനെയെന്നാൽ, തേനും നെയ്യും കൂടിച്ചേരുമ്പോൾ ഉണ്ടാവുന്ന പാടംകൊണ്ടും തൈരും മത്സ്യവും പാലും കൂടിച്ചേരുമ്പോൾ ഉണ്ടാവുന്ന പാടംകൊണ്ടും അറിയേണ്ടതാകുന്നു. ഇവിടെ യോഗവാഹിയായ തേൻ എപ്പോഴത്തോട്ടു ചേരുമ്പോൾ പിത്തഹരമായിരിക്കും. സ്വതേ ശരീരത്തിനു ഹിതങ്ങളായ പാലും മത്സ്യവും തമ്മിൽ ചേരു

രാശിസ്തു സംഗ്രഹപരിഗ്രഹൌ മാത്രാമാത്രാഫലവിനിശ്ചയാർത്ഥം പ്രകൃതഃ. തത്ര സംഗ്രഹസ്യാഹാരസ്യ പ്രമാണഗ്രഹണമേകപിണ്ഡേന സംഗ്രഹഃ. പരിഗ്രഹശ്ച പുനഃ പ്രമാണഗ്രഹണാനേകകവലാനാഹാരദ്രവ്യാണാം. സംഗ്രഹസ്യ ഹി ഗ്രഹഃ സംഗ്രഹഃ സംഗ്രഹസ്യ ഗ്രഹഃ പരിഗ്രഹ ഉച്യതേ. 20

ദേശഃ പുനഃ സ്ഥാനം ദ്രവ്യാണാമുൽപത്തിപ്രചാരൌ ദേശേ സാത്മ്യാച്ചോച്യതേ. 21

കാലോ ഹി നിത്യശ്ചാവസ്ഥികശ്ച തത്രാവസ്ഥികോ വികാരോപശമനാർത്ഥേ. നിത്യസ്തു ഖലു പുരുഷസാത്മ്യാപേക്ഷഃ. 22

ത്തോട് (സൂത്രസ്ഥാനം 486-ാംഭാഗത്തു പറഞ്ഞപ്രകാരം) അതു വിസ്തൃതമായിത്തീരും. അപ്പോൾ അതിൽ ചേരുന്ന തേനും വിശേഷപ്പെട്ടതായിരിക്കും. ഇത്യാദി ഉദാഹരണം കണ്ടുകൊള്ളുകയും വേണം * 20— രാശി എന്നത്, മാത്രയുടേയും ന്യൂനാധികമാത്രയുടേയും ഫലത്തെ നിശ്ചയിക്കുവാനുള്ള സംഗ്രഹവും പരിഗ്രഹവുമാകുന്നു. സംഗ്രഹമെന്നാൽ, ഒരാൾക്കു ഭക്ഷിക്കുവാൻ എത്ര ഭക്ഷണപദാർത്ഥം വേണമോ അത് ഒന്നായിച്ചേർത്തുവെച്ച പിണ്ഡത്തിന്റെ (കണക്കാക്കി വെച്ചതിന്റെ) പരിമാണമാകുന്നു. പരിഗ്രഹമെന്നാൽ, ഭക്ഷണത്തിൽ ഉപയോഗിക്കുന്ന ദ്രവ്യങ്ങൾ ഓരോന്നും ഇത്ര ഇത്ര എന്ന പ്രമാണഗ്രഹണമാണ്. എല്ലാറ്റിന്റേയും പ്രത്യേകം പ്രത്യേകമുള്ള കണക്കാണ് പരിഗ്രഹം. രണ്ടുവിഗ്രഹത്തേയും വിവരിക്കുന്നു. എല്ലാം കൂടിയിളക്കിച്ചേർക്കുന്നതു സംഗ്രഹവും ഓരോന്നും പ്രത്യേകം പ്രത്യേകം ഇത്ര ഇത്രയുണ്ടെന്നു ജ്ഞാനം പരിഗ്രഹവുമാണ്. * 21—ദേശമെന്നത്, ശരീരാവയവങ്ങൾ ഇരിക്കുന്ന സ്ഥലം അതിനെ ഉല്പത്തിസ്ഥലം അതു സുലഭമായി കിട്ടുന്ന ദേശം, അത് എവിടുത്തേക്കാൾ അധികമായി ഉപയോഗിക്കുന്നു ഈ വക ജ്ഞാനമാകുന്നു * 22—കാലമെന്നത്, നിത്യഗമെന്നും ആവസ്ഥികമെന്നും രണ്ടു തരത്തിലാണ്. ഇതിൽ ആവസ്ഥികം (ശരീരാവസ്ഥയ്ക്കു പറ്റിയത്) എന്നു പറഞ്ഞത് ഓരോരുത്തർക്കുമുള്ള വ്യാധ്യാദികളെ അ

ഉപയോഗസംസ്ഥാ തൂപയോഗനിയമഃ സ. ജീർണ്ണലക്ഷണാ
പേക്ഷഃ. 23

ഉപയോക്താ പുനഃസ്നേഹമാഹാരമുപയുക്തേ, യദായത്തമോക്
സാത്മ്യം. 24

ഇത്യഷ്ടൗ ആഹാരവിധിവിശേഷായതനാനി ഭവന്തി. തത്രാം
വിശേഷാഃ ശുഭാശുഭഫലപ്രാപ്തൗ പരസ്പരോപകാരകാ ഭവന്തി. താൻ
ബുദ്ധ്യേത. ബുദ്ധ്യാ ച ഹിതേഷ്വേവ സ്യാന്ന ച മോഹാൽ പ്ര
വർത്തേത പ്രീയമഹിതമസുഖോർക്കമുപസേവ്യമാഹാരജാതമന്യത്രാ

പേക്ഷിച്ച് അവക്ക വിധിക്കുന്ന ചട്ടയോടുകൂടിയതാകുന്നു. നിത്യ
ഗമനം പറയുന്നത് വസന്താദിഋതുക്കളിൽ പൊതുവിൽ ആഹാ
രക്രമത്തിനായി ചട്ടയോടുകൂടിയതുതന്നെയാണ്. *23—ഉപയോഗ
സംസ്ഥാ എന്നാൽ, അതാതുതരം ആഹാരം ഇന്നിന്നകാലത്തും ഇ
ന്നിന്നവിധവും ഉപയോഗിക്കേണമെന്നുള്ള വിധിയാകുന്നു. ഈവി
ധി പ്രകാരമാണ് ജീർണ്ണലക്ഷണമറിഞ്ഞ് തുടർന്നുകഴിക്കുകയും ചെയ്യും*
24—ഉപയോക്താവ് എന്നാൽ, മുൻവ്വവരിച്ചതല്ലാത്ത ആഹാര
ത്തെ ഭക്ഷിക്കുന്നവൻ തന്നെയാകുന്നു. എന്നാൽ സാത്മ്യവിധിക
ളിലും ഈ ഉപയോക്താവിനെ ആശ്രയിച്ചിരിക്കുകയും ചെയ്യും*
25—ഈ പ്രകാരം പ്രകൃതി കരണം മുതലായ എട്ടു കൂട്ടം തന്നെയാ
ണ് മുൻവിവരിച്ചതായ, ആഹാരവിധിയെക്കുറിച്ചുള്ള വിശേഷാശ്രയ
ങ്ങൾ എന്ന് അറിയുകയും വേണം. ഈ പറഞ്ഞതുകളെല്ലാം നല്ല
വിധത്തിലറിഞ്ഞതിനാൽ ശരീരത്തിന്ന് ആരോഗ്യാദിസുഖത്തെയും വേ
ണ്ടാവിധമുള്ള രോഗാദ്യുത്പത്തിഫലത്തെയും ചെയ്യും. ഇതിൽത്ത
ന്നെ പിന്നെ പിന്നെയുള്ളതിനെ ഉണ്ടാക്കുവാൻ നല്ലതുമാണ്. അതി
നാൽ ദീർഘായുസ്സിനെ കാംക്ഷിക്കുന്നവൻ ഇതുകളെ അറിയുവാൻ
ശ്രമിക്കണം. തനിക്ക സുഖമായി ജീവിച്ചാൽ കൊള്ളാമെന്ന് ആ
ഗ്രഹമുള്ളവൻ ഇതുകളെ അറിയുകയും ഇതുകളെ തനിക്ക ഹിത
മായവിധം വരുത്തുകയും വേണം. അത്യാഗ്രഹം നിമിത്തമോ അറി
വില്ലായ്മയാലോ തൽക്കാലം ഹിതമാണെന്നു തോന്നുന്നവയും സ
ത്യത്തെ ശരീരപ്രകൃതിക്ക ഹിതമല്ലാത്തവയും പ്രജ്ഞാനാശാഭിധയായ അ

തത്രൈമാഹാരവിധിവിധാനമരോഗാണാമപി ചാതുരാണാം ഹിതം. കേഷാഞ്ചിൽ കാലേ പ്രകൃത്യൈവ ഹിതതമം ഭുഞ്ജാനാനാം ഭവതി. ഉഷ്ണം സ്നിഗ്ധം മാത്രാവദ്ഭുക്തേ വീര്യാവിരുദ്ധമിഷ്ടേ ദേശേ ഇഷ്ടസർവ്വോപകരണം നാതിദ്രുതം നാതിവിളംബിതം ന ജല്പന്നാഹസംസന്മനാ ഭുഞ്ജീതാത്മാനമഭിസമീക്ഷ്യ സമ്യക്. 26

തസ്യ സാൽമ്യമുപദേക്ഷ്യാമഃ. ഉഷ്ണമശ്നീയാൽ. ഉഷ്ണം ഹി ഭുജ്യമാനം സപദേ ഭക്തേഷ്വാഗ്നിമുദീര്യമുദീരയതി, ക്ഷിപ്രഞ്ച ജരാം

നക്ഷത്രങ്ങളെ ചെയ്യുന്നവയുമായ മറ്റു യാതൊരുപദേശങ്ങളെ ശീലിക്കുകയുമത്രേ. *

26— ഈ പറഞ്ഞതായ ആഹാരവിധിവിധാനം രോഗരഹിതന്മാരായ സകല ജനങ്ങൾക്കും, കാലനിയമംവരാതെ പ്രകൃത്യാ അത്യന്തം ഹിതമായ ആഹാരത്തെത്തന്നെ ശീലിച്ചുപോരുന്ന മിക്കരോഗികൾക്കും ഹിതമെന്നായിരിക്കും. ഇങ്ങിനെയുള്ള ആഹാരദ്രവ്യം ശീലിക്കുമ്പോൾ അത് ഉഷ്ണവും സ്നിഗ്ധവും മാത്രതെറ്റാതെയും ഒഹനം വന്നതിന്നുശേഷവും വിരുദ്ധവീര്യങ്ങളായ ദ്രവ്യങ്ങൾ കൂടിക്കലരാതെയും അവനവന്റെ മനസ്സിന്ന് ഇഷ്ടമുള്ളിടത്തിൽ വെച്ചും തനിക്ക് ഇഷ്ടങ്ങളായ ഉപകരണങ്ങളോടുകൂടെയും ഭക്ഷിക്കണം. ആ ഭക്ഷണസമയത്ത് അധികം ബദ്ധപ്പെടുകയോ നന്നെ സാവധാനിക്കുകയോ കലശലായി പ്രസംഗിക്കുകയോ ചിരിക്കുകയോ ചെയ്യരുത്. ഭക്ഷണത്തിൽ ശ്രദ്ധയോടുകൂടെ അവനവന്റെ ശരീരസ്ഥിതിമൂലമായ അവസ്ഥാവിശേഷങ്ങളെ അറിഞ്ഞു ഭക്ഷിക്കുകയും വേണം. 'കാലേ സാത്മ്യം ശുചി ഹിതം സ്നിഗ്ധോഷ്ണം ലഘു തന്മനാഃ । ഷഡ്രസം മധുരപ്രായം നാതിദ്രുതവിളംബിതം । സ്നാതഃ ക്ഷുദ്വാൻ വിവിക്തസ്ഥോ ധൗതപാദകരാനനഃ । തപ്പയിതാ പിതൄൻ വോനതിഥീൻ ബാലകാൻ ഗുരൂൻ । പ്രത്യവേക്ഷ്യ തിരശ്ചോപി പ്രതിപന്നപരിഗ്രഹാൻ । സമീക്ഷ്യ സമ്യഗാത്മാനമന്നമന്നഗുണാൻ ബ്രുവൻ ദ്രവം। ഇഷ്ടമിഷ്ടസഹായീയാല്ലഘു ചേതജനാഹൃതം' എന്നു വാഗ്ഭടൻ*

27— ഉഷ്ണാദിഗുണയുക്തമായ ആഹാരത്തെ ശീലിച്ചാൽ അതുനിമിത്തം സംഭവിക്കുന്ന ഗുണങ്ങളേയും ഉപദേശിച്ചുതരാം. ചൂടുള്ള ഭ

ഗച്ഛതി, വാതഞ്ചാനുലോമയതി, ശ്ലേഷ്മാണഞ്ച പരിശോഷയതി. ത
സ്മാദ്ഭക്ഷ്യമുഷ്ണീയാൽ. 27

സ്നിഗ്ധമുഷ്ണീയാൽ സ്നിഗ്ധം ഹി ഭുജ്യമാനം സ്വദതേ. ഭുക്തഞ്ചാ
ഗ്നിമുദീരയതി ക്ഷിപ്രം ജരാം ഗച്ഛതി വാതമനുലോമയതി. ദൃഢീക
രോതി ശരീരോപചയം ബലാഭിവൃദ്ധിഞ്ചോപജനയതി വർണ്ണപ്രസാ
ദമുപചിനോതി ചാഭിനിവൃത്തയതി. തസ്മാൽ സ്നിഗ്ധമുഷ്ണീയാൽ. 28

മാത്രാവദുഷ്ണീയാൽ. മാത്രാവദ്ഭി ഭുക്തം വാതപിത്തകഫാനപ്രീ
പീഡയദ്ഭിരേവ വിവർദ്ധതേ കേവലാ സുഖം സമ്യക് പാകം
വിഭജതേ ഹൃദമനുപഹത്യവ്യൂഢഞ്ച പരി
പാകമേതി. തസ്മാന്മാത്രാവദുഷ്ണീയാൽ. 29

ക്ഷുണ്ണത്തെ ഭക്ഷിക്കേണമെന്നു പറഞ്ഞത്, ചൂടുള്ള ഭക്ഷണപദാർത്ഥ
ത്തെ കഴിക്കുന്നതായാൽ ഭക്ഷിക്കുവാൻ രുചി വർദ്ധിക്കും. ജഠരാഗ്നി
ക്കു പചനശക്തിയെ ഉണ്ടാക്കും. വേഗത്തിൽ ദഹിക്കും—അതാതു
ക്ഷണം ദഹിക്കേണ്ടുന്ന സമയത്തെയ്ക്കു നല്ലവണ്ണം ദഹിക്കും. വായു
വിനെ അനുലോമപ്പെടുത്തും. കഫത്തെ ശോഷിപ്പിക്കും. ഈ ഗുണ
ങ്ങളെല്ലാമുണ്ടാകയാലാണ് ചൂടുള്ള ആഹാരത്തെ ഭക്ഷിക്കേണമെന്നു
പറയുവാനുള്ള കാരണം * 28—സ്നിഗ്ധമായ ആഹാരത്തെ ഭക്ഷിക്കേ
ണമെന്നു പറഞ്ഞതിനേയും വിവരിക്കാം. സ്നേഹദ്രവ്യം ചേർത്തു ഭ
ക്ഷിക്കുന്നതായാൽ ഭക്ഷണത്തിനു രുചി വർദ്ധിക്കും. ഇതു ജഠരാഗ്നി
യെ വർദ്ധിപ്പിക്കുകയും വേഗം ദഹിക്കുകയും വായുവിനെ അനുലോ
മമാപ്പെടുത്തുകയും ശരീരപുഷ്ടിക്കു ദാർഢ്യത്തെ ഉണ്ടാക്കുകയും ബല
പുഷ്ടിയെ വർദ്ധിപ്പിക്കുകയും ശരീരവർണ്ണത്തെ നന്നാക്കുകയും ചെയ്യും
അതാണ് സ്നേഹദ്രവ്യങ്ങളും ചേർത്തു ഭക്ഷിക്കേണമെന്നു പറഞ്ഞിരി
ക്കുന്നത് * 29—മാത്രയ്ക്കു തക്കവണ്ണം—മാത്രയെ തെറ്റിക്കാതെ ഭക്ഷി
ക്കേണമെന്നു പറഞ്ഞതിന്റെ സാൽഗുണ്യമെന്തെന്നാൽ, മാത്രാവ
ത്തായ ഭോജനം വാതപിത്തകഫങ്ങളെ പീഡിപ്പിക്കാതിരിക്കുക
യും—അനുലോമപ്പെടുത്തുകയും തന്നുസ്സിനെ നല്ലവണ്ണം വർദ്ധിപ്പി
ക്കുകയും—അപമൃത്യുവരാതെ സൂക്ഷിക്കുകയും യാതൊരു തകരാറും
കൂടാതെ നല്ലവണ്ണം ദഹിക്കുകയും അതിന്റെ കിട്ടാംശം മലമായി

ജിഗ്ധേന്ദ്രിയാൽ. അജിഗ്ധേന ഖി ജ്ഞാനസ്യ പൂർവ്വസ്യാഹാര
സ്യ രസമപരിണതമുത്സരേണാഹാരരസനോത്സൃജൻ സർവ്വാൻ
ദോഷാൻ പ്രകോപയത്യാശു. ജിഗ്ധേന തു ജ്ഞാനസ്യ സ്ഥാനീ
സ്ഥാഃ ദോഷാഃ പക്വാശയാഗ്നീ ചോദീർണ്ണേ ജാതായാഞ്ച ബുദ്ധൗ
വിവൃതേഷു ച സ്രോതസാം മുഖേഷു ചോദ്ഗാരേ വിശുദ്ധേ പുരു
ഷേ വിശുദ്ധേ വാതാനുലോമ്യേ വിസൃഷ്ടേഷു ച വാതമൂത്രപുരീഷാദേ

ഇങ്ങനെത്ത പ്രാപിക്കുകയും ചെയ്യും. ഇതു ജഠരാഗ്നിക്കു ലോകംപോലും ശക്തിക്ഷയത്തെ വരുത്തുകയില്ല എന്നു മാത്രമല്ല ഇതിപ്പോഴാണി യാതൊരു തകരാറുമുണ്ടാക്കുകയുമില്ല. അതാണ് മാത്രയെ തെറ്റിക്കാതെ ഭക്ഷിക്കേണമെന്നു പറഞ്ഞത് * 50—ഒരിക്കൽ കഴിച്ച ആഹാരം ഹിച്ചതിനുശേഷം മാത്രമേ പിന്നെ ഭക്ഷിക്കാവൂ എന്നു പറഞ്ഞതിനേയും വിവരിക്കാം. ഒരിക്കൽ ഭക്ഷിച്ച ആഹാരം ദഹിക്കുന്നതിനുമുമ്പ പിന്നെയും ഭക്ഷിക്കുന്നതായാൽ ആദ്യത്തെ ആഹാരത്തിന്റെ പാകംവരാത്തതായ (പരിണതവുമല്ല, അപരിണതവുമല്ല എന്ന അവസ്ഥയിലിരിക്കുന്നതും രസധാതുവിലേക്കു പോകാതെ ആമാശയത്തിൽതന്നെ നില്ക്കുന്നതുമായ രസം രണ്ടാമതു കഴിച്ച ആഹാരദ്രവ്യത്തിന്റെ (കേവലം അപരിണതമായ) രസത്തോടുകൂടിക്കലരുന്നതാകയാൽ ആ കൂടിക്കലർന്ന രസം (ആമാശയം) ക്ഷണത്തിൽ വാതാദി സകലദോഷങ്ങളേയും കോപിപ്പിക്കും. ഹിച്ചതിനുശേഷം ഭക്ഷിക്കുന്നവന്ന് ഈ ദോഷങ്ങളൊന്നും സംഭവിക്കുകയുമില്ല. ജീർണ്ണാവസ്ഥയെന്തെന്നാൽ, വാതപിത്തകഫങ്ങൾ അവരവരുടെ സ്ഥാനത്തു നില്ക്കുക ജഠരാഗ്നി വർദ്ധിക്കുക വിസർഗ്ഗാദാനങ്ങൾ സ്രോതോമുഖങ്ങൾ വികസിക്കുക തേട്ടലിന്റെ വ്യക്തിയോ പുകച്ചിലോ ഇല്ലാതെ വിശുദ്ധമായിരിക്കുകയും മലമൂത്രാദികൾ ഞെരുക്കിച്ചു മുതലായ അസഹ്യതകളും ഇല്ലാതിരിക്കുക വായുവിന്റെ അനുലോമ്യം സംഭവിക്കുക അധോവാതം മൂത്രം മലം ഇവ്വണ്ണമുള്ള സ്ഥാനങ്ങൾ കൂടാതെ വേണ്ടപോലെ ഒഴിഞ്ഞുപോവുക ഈ ലക്ഷണങ്ങൾകണ്ടാൽ ഭക്ഷിച്ച അന്നം ദഹിച്ചു എന്ന് അറിയണം. അങ്ങിനെ ദഹിച്ച ഭക്ഷണം ശരീരത്തിലെ രസാദി യാതൊരു ധാതുവിനേയും

ദഗാച്ച ജിണ്ണമത്യവച്ചതമാഹാരജാതം സവ്വശരീരധാതുനാപ്പുഷ്ടിയ
ദായുരേവാഭിവദ്ധയതി കേവലം. തസ്മാജ്ജീണ്ണേശ്രീയാൽ. 20

വീയ്യാവിരുദ്ധമശ്നീയാൽ. അവ്വിരുദ്ധവീയ്യമശ്നൻ ഹി ന വ്യാധിവീയ്യാഹാരജൈവ്വികാതൈരയമുപസൃജ്യതേ. തസ്മാദ്വീയ്യാവിരുദ്ധമശ്നീയാൽ. 21

ഇഷ്ടേ ദേശേശ്നീയാൽ. ഇഷ്ടേ ഹി ദേശേ ഭുങ്ങാനോ നാനിഷ്ടദേശജന്മനോവിഘാതകരൈർഭാവൈർമ്മനോവിഘാതം പ്രാപ്നോതി. തസ്മാദിഷ്ടസ്സ്വോപകരണൈസ്സ്വാദിഷ്ടേ ദേശേ തദ്വിപരീതസ്വോപകരണഞ്ചാശ്നീയാൽ. 22

ട്ടിപ്പിക്കുകയില്ല എന്ന മാത്രമല്ല, ആയുസ്സിനെ കോലാഹലപ്പിടിക്കുകൂടി ചെയ്യും. അതാണ് ഭോജനം വന്നതിനുശേഷം മരണം കിട്ടിക്കോട്ടെയെന്നു പറഞ്ഞത്. 'പ്രസൃഷ്ടേ വിണ്മൂത്രേ വൃദ്ധി സുവിമലേ മോക്ഷേ സപ്രപഥഗേ വിശ്രുതേ ഭോഗ്യാരേ ക്ഷുദുപഗമനേ വാതേനസരതി। തഥാഗാവുദ്ഗിരേത വിശുദ്ധേരണേ ഭോജ്യ സുലഘ്വ പ്രയുഞ്ജീതാഹാരം വിധിനിയമിതം കാലസ്യ ഹി മതഃ' എന്ന ഗാഹടാചാര്യൻ * 21—സ്ഥതേ വീയ്യംകൊണ്ടു വിരുദ്ധമായ പദാർത്ഥങ്ങളെ കൂട്ടിയോജിപ്പിച്ചുഭക്ഷിക്കരുതെന്നു പറഞ്ഞതെന്തുകൊണ്ടാൽ, വിരുദ്ധവീയ്യങ്ങളല്ലാത്ത പദാർത്ഥങ്ങളെ ഭക്ഷിക്കുന്നതായാൽ വിരുദ്ധവീയ്യങ്ങളായ ഇന്നിന്ന ഭക്ഷണപദാർത്ഥങ്ങളെ കൂട്ടിയോജിപ്പിച്ചു ഭക്ഷിച്ചാൽ ഇന്നിന്ന രോഗമുണ്ടാകുമെന്നുള്ള സൂത്രസ്ഥാനം ഇരിപത്തൊന്നാമദ്ധ്യായത്തിൽ വിവരിച്ചപ്രകാരമുള്ള രോഗങ്ങളൊന്നും സംഭവിക്കുകയില്ല. അതാണ് വീയ്യാവിരുദ്ധമായവിധം ഭക്ഷിക്കണമെന്നു പറഞ്ഞിരിക്കുന്നത് * 22—അവനവന് ഇഷ്ടമുള്ള മിതമിതമായ ഭക്ഷണമെന്നു പറഞ്ഞതെന്തുകൊണ്ടാൽ, ഇഷ്ടമായ—അവനവന്റെ ജന്മത്തിനുള്ളതും കലാചാരാദിനിമിത്തം ഉചിതമായ സ്ഥലത്തിരുന്നു ഭക്ഷണം കഴിക്കുന്നതായാൽ സംശയിച്ചുള്ള നിശ്ചയത്തെത്തന്നെവച്ചു ഭക്ഷണംകഴിക്കുന്നതുകൊണ്ടു സമാധാനത്തിൽ ഇരുന്നുകാവുന്നതും മനോവിഘാതകരങ്ങളായ (ഓക്കാനത്തിനുള്ള) തായ്മനോവികാരം ഒരിക്കലും സംഭവിക്കുകയില്ല. അല്പമാലോചിച്ച

നാതിദ്രുതമശ്നീയാൽ. അതിദ്രുതം ഹി ഭുഞ്ജാനസ്യാൽസ്നേഹസ്വേദൗ പചനം ഭോജനസ്യാപ്രതിപത്തിശ്ച. ഭോജ്യദോഷസംഘ്രണ്യോപലബ്ധിശ്ച ന നിയതാ. തസ്മാന്നാതിദ്രുതമശ്നീയാൽ. 23

നാതിവിളംബിതമശ്നീയാൽ. അതിവിളംബിതം ഹി ഭുഞ്ജാനോ ന തൃപ്തിമധിഗച്ഛതി ബഹ്വശീ ച. ശീതീഭവതി ചാഹാരജാതം വിഷമപാകശ്ച ഭവതി. തസ്മാന്നാതിവിളംബിതമശ്നീയാൽ. 24

ന്നായാണ് ഇഷ്ടങ്ങളായ ഉപകരണങ്ങളോടുകൂടിയുള്ള ഭക്ഷണത്തിനായും ഗുണം. അതിനാൽ അവനവന്ന് ഇഷ്ടമായ സ്ഥലത്തുവച്ചും ഇഷ്ടങ്ങളായ ഉപകരണങ്ങളോടുകൂടിയും ഭക്ഷിക്കേണ്ടതാകുന്നു * 23—ധൃതഗതിയിൽ ഭക്ഷണം കഴിക്കരുതെന്നു പറഞ്ഞതെന്തെന്നാൽ, അതിവേഗം ഭക്ഷണംകഴിക്കുന്നതായാൽ ഭക്ഷിച്ച അന്നം ആമാശയത്തിൽ അതിവേഗത്തിലുള്ള പതനംനിമിത്തം കട്ടിയായും ഉറച്ചുപോകുകയാൽ അതിന്ന് ആസകലം സ്നിഗ്ധതവരികയോ അവസാനംവരികയോ—ജഠരാഗ്നിക്ക് പചിക്കുവാൻ തക്കതുമാത്രമാകയോ ചെയ്യുന്ന കാര്യം വളരെ സംശയമാണ്. ഭക്ഷണപരിത്യാഗത്തിന്നും വാതാദികോപങ്ങളും കൂടി വരേണ്ടതായ സാൽഗുണ്യം വന്നുചേരുന്നതും വരാം. അതാണ് ധൃതിപ്പെട്ട ഭക്ഷണം കഴിക്കരുതെന്നു പറയുവാനുള്ള കാരണം * 24—വളരെ സാവധാനത്തിലും ഭക്ഷിക്കരുതെന്നു പറഞ്ഞതിനേയും വിവരിക്കാം. വളരെ സാവധാനത്തിൽ ഭക്ഷണംകഴിക്കുന്നതായാൽ ഒരിക്കലും വിശപ്പുമാറിയെന്നു തോന്നുകയില്ല എന്നുമാത്രമല്ല മാത്രയിൽ കവിഞ്ഞ ഭക്ഷണം കഴിക്കുവാനും സംഗതിവരും. ഭക്ഷിക്കുന്ന പദാർത്ഥം ഇടയ്ക്കിടയ്ക്കുമാത്രമെടുത്തുമാത്രത്തിൽ ചെല്ലുകയുള്ളു എന്നുള്ള സംഗതിയാൽ അവിടെയും വിപരീതവച്ചു പാത്രത്തിലും അതു തണുത്തുറഞ്ഞതായിത്തീരും. അതിനാൽ അതിന്റെ ഹേമന്തവും വളരെ വൈഷമ്യസ്ഥിതിയിലായിത്തീരും—വേണ്ടതുപോലെ ഹേക്കുകയില്ല. അതാണ് അതിവിളംബിതമായി ഭക്ഷിക്കരുതെന്നു പറഞ്ഞത് * 25—ക

അജല്പന്നഹസൻ തന്മനാ ഭുഞ്ജീത. ജല്പതോ ഹസതോന്യമനസോ വാ ഭുഞ്ജാനസ്യ തഥൈവ ഹി ദോഷാ ഭവന്തി യഥൈവാതിദ്രുതമശ്നതഃ. തസ്മാദജല്പന്നഹസംസ്തന്മനാ ഭുഞ്ജീത. 35

ആത്മാനമഭിസമീക്ഷ്യ ഭുഞ്ജീത സമ്യക്. ഇദം മമോപശേതേ ഇദം നോപശേത ഇതി വിദിതം ഹ്യസ്യാത്മനാത്മസാത്ംയം ഭവതി. തസ്മാദാത്മനാത്മാനമഭിസമീക്ഷ്യ ഭുഞ്ജീത സമ്യഗിതി. 36

ഭവതി ചാത്ര.

രസാൻ ദ്രവ്യാണി ദോഷാംശ്ച വികാരാംശ്ച പ്രഭാവതഃ

ലശലായി പ്രസംഗിാതെയും ചിരിക്കാതെയും ഭക്ഷണത്തിൽ ഏകാഗ്രചിത്തനായും ഭക്ഷിക്കണമെന്നു പറഞ്ഞതെന്തെന്നാൽ, ജല്പിക്കുകയും ഹസിക്കുകയും മറ്റാരേടുള്ള മനസ്സിരുത്തുകയും ചെയ്തു ഭക്ഷണംകഴിച്ചാൽ, അതിവേഗത്തിൽ ഭക്ഷണം കഴിക്കുന്നവന്ന് ഉണ്ടാകുമെന്നു പറഞ്ഞ ദോഷങ്ങളിതാന്നായാണ് സംഭവിക്കുക. അതുനിമിത്തം ഭക്ഷണസമയത്ത് അധികം സംസാരിക്കുകയോ പൊട്ടിച്ചിരിക്കുകയോ ഭക്ഷണത്തിൽ മനസ്സിരുത്താതിരിക്കുകയോ ചെയ്യരുത് * 36—നല്ലവണ്ണം താൻതന്നെ താൻ പ്രകൃത്യാദികളെ അറിഞ്ഞു ഭക്ഷണംകഴിക്കണമെന്നു പറഞ്ഞതിന്റെ സാൽഗ്രന്ഥ്യമെന്തെന്നാൽ, ഇതു തനിക്കു ഹിതമാണ്, ഇതഹിതമാണ് എന്നു ജ്ഞാനം ആർക്കുണ്ടോ അവൻ താനജ്ഞൻ താൻ പാതമ്യത്തെ നല്ലവണ്ണം അറിഞ്ഞവനാകുന്നു. അവന് ഒരിക്കിലും അസാത്മ്യാഹാരംനിമിത്തമുള്ള ദോഷം സംഭവിക്കുകയില്ലെന്നു സാരം. അതിനാൽ താൻതന്നെ തന്റെ ശരീരസ്ഥിതികളെ മനസ്സിലാക്കി അതിനു ഹിതമായതുകളെ വേണ്ടുവോലെ ശീലിക്കുകയുംവേണം. ഈ പറഞ്ഞതുകളാണ് മുൻവിവരിച്ച ഉണ്ണുന്നുള്ളൂടെ ഭക്ഷണത്തിന്റെ സാൽഗ്രന്ഥ്യമെന്നുമറിയണം

ഈ വിഷയത്തിൽ താഴെ പറയുന്നതുകളെക്കൂടെ അറിയേണ്ടതാകുന്നു.

37—മധുരാദിരസങ്ങളേയും തൈലാദിദ്രവ്യങ്ങളേയും വാതാദി

ദ്വേ മോ ദേശകാലൌ ച ശരീരഞ്ച സനാ ഭിഷക്. 37

തത്രശ്ലോകൌ.

വിമാനാത്ഥാ രസദ്രവ്യദോഷരോഗാഃ പ്രഭാവതഃ
ദ്രവ്യാണി നാതിസേവ്യാനി ത്രിവിധം സാത്മ്യമേവ ച. 38
ആഹാരായതനാന്യഷ്ടൌ ഭോജ്യസാൽഗ്ര്യമേവ ച
വിമാനേ രസസംഖ്യാതേ സർവ്വമേതൽ പ്രകാശിതം. 39

ഇതി ചരകസംഹിതായാം
വിമാനസ്ഥാനേ
രസവിമാനം നാമ പ്രഥമോദ്ധ്യായഃ.

ദോഷങ്ങളേയും വികാരങ്ങളേയും അതുകളുടെ പ്രഭാവങ്ങളേയും ദേശകാലവ്യത്യാസങ്ങളേയും ശരീരസ്ഥിതികളേയും വിളിതാങ്ങ് മനസ്സിലാകിയുന്നവോ അദ്ദേഹമാണ് ഉത്തമവൈദ്യൻ. *

അദ്ധ്യായവിവരണം.

൧൦–൩൯—രസവിമാനമെന്നോ ഈ അദ്ധ്യായത്തിൽ വിമാനസ്ഥാനമെന്നാൽ വിളിതാങ്ങ വിഷയങ്ങളെ പ്രതിപാദിക്കുന്നതാകുന്നു രസം ദ്രവ്യം ദോഷം രോഗം ഇതുകളുടെ പ്രഭാവങ്ങളും കീഴിക്കേണ്ടതായ ദ്രവ്യങ്ങളും മൂന്നുതരത്തിലുള്ള സാത്മ്യവിഭാഗവും എട്ടുതരത്തിലുള്ള പ്രകൃതികരണാദികളുടെ വിവരണവും ഉള്ളാഹാരങ്ങളുടെ സാരാംശവും മുഴുവൻ നല്ലവണ്ണം ആത്രേയഭഗവാൻ ഇവിടെ പറഞ്ഞിരിക്കുന്നു.

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
വിമാനസ്ഥാനേ പ്രഥമോദ്ധ്യായഃ. (1)

അദ്ധ്യായം 2. ത്രിവിധകുക്ഷീയം.

അഥാതസ്ത്രിവിധകുക്ഷീയവിമാനം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ത്രിവിധം കുക്ഷേഃസ്ഥാപയേവൈകാശാംശമാഹാരസ്യാഹാര മുപയുഞ്ജാനഃ. തദ്ദ്യഥൈകമവകാശാംശം മൃത്താനാമാഹാരവികാരാണാമേകം ദ്രവാണാമേകം പുനർവ്വാതപിത്തശ്ലേഷ്മണാം. 1

ഏതാവതീം ഹ്യാഹാരമാത്രാമുപയുഞ്ജാനോ നാമാത്രാഹാരജം കിഞ്ചിദസ്വാസ്ഥ്യം പ്രാപ്നോതി. ന ച കേവലം മാത്രാവതാമേവ

അദ്ധ്യായം 2.

ഇനി ത്രിവിധകുക്ഷീയവിമാനമെന്ന അദ്ധ്യായത്തെ പറയുന്നു.

1—ഭക്ഷണം കഴിക്കുന്നവൻ തന്റെ കുക്ഷിയെ—ആമാശയത്തെ ആഹാരവിഷയം മൂന്നുകൂറായി വിഭാഗിക്കണം. അതെന്തിനെന്നാൽ, അതിൽ ഒരു ഭാഗം ഓദനാദി കട്ടിയായ ആഹാരദ്രവ്യങ്ങൾകൊണ്ടു നിറയ്ക്കുവാനും മറ്റൊരുഭാഗം പേയദ്രവ്യങ്ങൾകൊണ്ടു പൂരിപ്പിക്കുവാനും മൂന്നാമത്തെ അവകാശം വാതപിത്തകഫങ്ങൾക്കു സുഖസഞ്ചാരം ചെയ്യുവാനുമുള്ളതാണെന്നറിയണം. ഭക്ഷണം കഴിക്കുമ്പോൾ ആമാശയത്തിലെ ആദ്യഭാഗങ്ങൾ രണ്ടും കട്ടിയായും ദ്രവമായുമുള്ള പദാർത്ഥങ്ങൾകൊണ്ടു നിറയ്ക്കുകയും മൂന്നാം ഭാഗം ഒഴിച്ചിടുകയും വേണമെന്നു സാരം. ഈ വിഷയത്തിൽ 'അന്നേന കുക്ഷേർദ്വാവംശൗ പാനേനൈകം പ്രപൂരയേൽ। ആശ്രയം പവനാദീനാം ചതുർത്ഥമവശേഷയേൽ' എന്നാണ് വാഹടാചാര്യമതം.*2—ഈ പറഞ്ഞപ്രകാരമുള്ള ആഹാരമാത്രയെ ശീലിക്കുന്നതായാൽ അമാത്രാഹാരജമായ—ഹീനമാത്രയിലൊ അതിമാത്രയിലൊ ഉള്ള ആഹാരം ശീലിക്കുകയാലുണ്ടാകാവുന്ന യാതൊരു ദോഷവും സംഭവിക്കുകയില്ല. കേവലം ആഹാരമാത്രയെ തെറ്റി

സ്യ കൃത്സ്നമാഹാരഫലസൗഷ്ഠവമവാപ്തും ശക്യം. പ്രകൃത്യാദീ നാമഷ്ടാനാമാഹാരവിധിവിശേഷാവയവാനാം പ്രവിഭക്തഫലക ത്വാൽ. തത്ര താവദ്ദാഹാരരാശിമധികൃത്യ മാത്രാമാത്രാഫലവിനി ശ്ചയാത്ഥഃ പ്രകൃതഃ. കിതാവാനേവ ഹ്യാഹാരരാശിവിധിവികല്പോ യാവന്മാത്രാവത്വമമാത്രാവത്വഞ്ച. തത്ര മാത്രാവത്വം പൂർവ്വമുപദി ക്ഷ്യംശവിഭാഗേന. തൽ ദ്വയോവിസ്തരേണാനുവ്യാഖ്യാസ്യാമഃ.

തത്രൈകാ— കുക്ഷേരുപപീഡനമാഹാരേണ ഹൃദയസ്യാനവ രോധഃ പാർശ്വയോരവിപാടനമനതിഗൗരവമുദരസ്യ പ്രീണനമി ന്ദ്രിയാണാം ക്ഷുൽപിപാസോപരമഃ സ്ഥാനാസനശയനഗമനപ്ര

കൊണ്ടിരിക്കുകൊണ്ടു മാത്രം ഭക്ഷണം നിമിത്തമുള്ള ആ ഗ്രണ ത്തിന്റെ സൗഷ്ഠവം മുഴുവൻ കിട്ടുകയുമില്ല. അതെന്തെന്നാൽ ആ ആഹാരഗ്രണസൗഷ്ഠവം മുന്നദ്ധ്യായത്തിൽ വിവരിച്ചതായ പ്രകൃത്യാദി എട്ടുതരം ആഹാരവിധിവിശേഷായതനങ്ങളെക്കൂടെ അപേക്ഷിക്കുന്നതുമാണ്. അതിനാൽ മാത്രാമാത്രഫലങ്ങളെ നി ർണ്ണയിക്കുവാനുള്ള ഈ വിധി ആഹാരരാശിയെ മാത്രം ഉദ്ദേശിച്ചുള്ള താകുന്നു. ആഹാരരാശിവിധിയിൽ പറഞ്ഞപ്രകാരമുള്ള ആഹാ രം ഓരോന്നുതക്കും വികല്പിച്ചുകൊടുക്കുമ്പോൾ ഇത്രയായാൽ മാത്ര യായി; ഇത്രയായാൽ മാത്രയതാറി എന്നുള്ള ജ്ഞാനം ഇതുകൊണ്ടും അറിയണം. അതിൽ മാത്ര എന്നത് ഇന്നതാണെന്ന് ജഠരാംശ വിഭാഗവിധികൊണ്ട് ആദ്യംതന്നെ പറയുകയും ചെയ്യുവല്ലോ. അ തിനെ കൂടെക്കൂടി വിസ്തരിച്ചുപദേശിക്കുകയും ചെയ്യാം*1—ആ മാ ത്രാവിഭാഗമെന്തെല്ലാമെന്നാൽ, ആഹാരദ്രവ്യം കഴിക്കുകനിമിത്തം വയറുവിങ്ങാതിരിക്കുക ആ ദ്രവ്യം നെഞ്ഞത്തുകേറുന്നതായും വാരി ക്കുഴം പിളരുന്നതായും തോന്നാതിരിക്കുക വയറിന്ന് അധികം ക നം തോന്നായ്ക ചക്ഷുശ്രോത്രാദി ഇന്ദ്രിയങ്ങൾക്കു സന്തോഷംതോ ന്നുക വിശപ്പും ദാഹവും മാറുക നില്ക്കുവാനും ഇരിക്കുവാനും കിട ക്കുവാനും നടക്കുവാനും ശ്വാസോച്ഛ്വാസസുഖഗതിക്കും ചിരിക്കു വാനും സംസാരിക്കുവാനും സുഖമുണ്ടായിരിക്കുക രാവിലേയും ഒവ്വെ

ശ്രാസോച്ഛ്വാസഹാസ്യസങ്കഥാസു ച സുഖാനുവൃത്തിഃ സായം പ്രാതശ്ച സുഖേന പരിണമനം ബലവർണ്ണോപചയകരമന്നസ്യ മാത്രാവതോ ലക്ഷണമാഹാരസ്യ ഭവതി. 3

അമാത്രാവത്ത്വം പുനർദ്വിവിധമാചക്ഷതേ. ഹീനമധികഞ്ച തത്ര ഹീനമാത്രാഹാരരാശിം ബലവർണ്ണോപചയക്ഷയകരമതൃപ്തികരമുദാവർത്തകരമവൃഷ്യമനായുഷ്യമനൗജസ്യം മനോബുദ്ധീന്ദ്രിയോപഘാതകരം സാരവിധമനമലക്ഷ്മ്യാവഹമശീതേശ്ച വാതവികാരാണാമായതനമാചക്ഷതേ. 4

കുന്നേരവും (പതിവായി ഭക്ഷണം കഴിക്കുന്ന നേരത്തേയ്ക്ക്) വേണ്ടതുപോലെ ദഹിക്കുക ശരീരബലത്തിനും അഗ്നിബലത്തിനും വർണ്ണത്തിനും ശരീരപുഷ്ടിക്കും ക്രമേണ വർദ്ധനവരിക ഇതുകളെല്ലാമാണ് ഭക്ഷണം ശരിയായ മാത്രയിലായിരുന്നാൽ ഉണ്ടാകുന്ന ലക്ഷണങ്ങൾ* 4—മാത്രതെറ്റിയ് ഭക്ഷണം ഹീനമാത്രമെന്നും അതിമാത്രമെന്നും ഇങ്ങിനെ രണ്ടുതരത്തിലായിരിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. അതിൽ ഹീനമാത്രയിലുള്ള ആഹാരപരിശീലനം ബലത്തേയും വർണ്ണത്തേയും ശരീരപുഷ്ടിയേയും കുറയ്ക്കുന്നതും തൃപ്തിയെ വർത്തായ്തതും—വിശപ്പും ദാഹവും മാറി എന്നു തോന്നാത്തതും ഉദാവർത്തരോഗത്തെ ഉണ്ടാക്കുന്നതും ശുക്ലത്തേയും ആയുസ്സിനേയും ക്ഷയിപ്പിക്കുന്നതും ഓജസ്സിനു പുഷ്ടിയെ ചെയ്യാത്തതും മനസ്സ് ബുദ്ധി ഇന്ദ്രിയങ്ങൾ ഇതുകളെ തകരാറാക്കിത്തീർക്കുന്നതും ഓജസ്സാരത്തെ തീരെ നശിപ്പിക്കുന്നതും അശ്രീകരവും സൂത്രസ്ഥാനം ഇരിപ്പതാമദ്ധ്യായത്തിൽ (355-ഭാ) പറഞ്ഞതായ എൺപതുതരം വാതരോഗങ്ങളേയും ഉണ്ടാക്കിത്തീർക്കുന്നതുമാണെന്നാണ് പൂർവ്വാചാര്യന്മാർ അഭിപ്രായപ്പെടുന്നത്* 'ഭോജനം ഹീനമാത്രന്തു ന ബലൌപചയൌജസേ : സർവ്വേഷാം വാതരോഗാണാം ഹേതുതാം ച പ്രപദ്യതേ' എന്നു വാഗ്ഭടാചാര്യൻ* 5—മാത്രയിൽ കവിഞ്ഞ ഭക്ഷണംശീലിക്കുന്നതു വാതാദി സകലദോഷങ്ങളും ഒരുപോലെ ഏറ്റു

അതിമാത്രം പുനസ്സവ്വദോഷപ്രകോപണമിച്ഛന്തി സവ്വകുശലാഃ. 5

യോ ഹി മൂത്താനാമാഹാരവികാരാണാം സൌഹിത്യം ഗതപാ പശ്ചാൽ ദ്രവൈസ്സപ്തിമാപദ്യതേ. യേസ്സുസ്യാമാശയഗതാ വാത പിത്തശ്ലേഷ്മാണോഭ്യവഹാരേണാതിമാത്രേണാതി പ്രപീഡ്യമാനാഃ സവ്വേ യുഗപൽ പ്രകോപമാപദ്യന്തേ. 6

തേ പ്രകുപിതാസ്സമേവാഹാരരാശിമപരിണതമാവിശ്യ കുക്ഷ്യേ കദേശമാശ്രിതാ വിഷ്ടംഭയന്തഃ സഹസാ വാപ്യുത്തരാധരാഭ്യാം മാ ഗ്ഗാഭ്യാം പ്രച്യാവയന്തഃ പൂഥഗ്വികാരാനഭിനിവ്വത്തയന്ത്യതിമാത്ര ഭോക്തുഃ. 7

തത്ര വാതഃ ശൂലാനാഹാംഗമദ്ദപ്രലാപശോഷമുഹുരാഭ്രമാഗ്നിവൈ

കാലത്തിൽ കോപിക്കുവാനുള്ള കാരണമാണെന്നു തന്നെയാണ് സകല ആചാര്യന്മാരും അഭിപ്രായപ്പെട്ടുന്നത് *

6— ആകണ്ഠം ഓദനാപൂപാദി കട്ടിയുള്ള ആഹാരങ്ങളെ ഭക്ഷിച്ചതിന്നുശേഷം പായസം പാൽ മുതലായ ദ്രവപദാർത്ഥവും കുടിക്കുന്നത് ആരാണോ അവന്റെ ആമാശയത്തിലുള്ള വാത പിത്തകഫങ്ങൾ ആ അത്യശനംനിമിത്തം പീഡിപ്പിക്കപ്പെട്ടതുകൊൽ സമാനവായുവും രക്തകോപിത്തവും ക്ലേദകകഫവും ഏകകാലത്തിൽ (സന്നിപാതരൂപമായി) കോപിക്കുകയും ചെയ്യും * 7—ഇങ്ങിനെ കോപിച്ച ആ വാതപിത്തകഫങ്ങൾ ആമാവസ്ഥയിൽ തന്നെയിരിക്കുന്ന ആ അതിമാത്രാശനത്തിൽ പ്രവേശിച്ച കുക്ഷിയുടെ ഒരു ഭാഗത്തുചെന്നുനിന്ന് ആ ആഹാരത്തിനു വിഷ്ടംഭം വരുത്തി ക്ഷണത്തിൽ മേലുംകീഴുമുള്ള ദ്വാരങ്ങളിൽ കൂടി പുറത്തുതള്ളിക്കൊണ്ട് (ഛർദ്ദ്യതിസാരങ്ങളെ ഉണ്ടാക്കിക്കൊണ്ട്) ആ അത്യാഹാരഭോജിയായവന്ന് വാതാദി ഓരോ ദോഷങ്ങളും പ്രത്യേകം പ്രത്യേകം ഉപദ്രവങ്ങളേയുമുണ്ടാക്കിത്തീർക്കും. * 8—ഇങ്ങിനെ ഓരോ ദോഷങ്ങളും ഓരോരോതരത്തിലുള്ള ഉപദ്രവത്തെ ചെയ്യുമെന്നു പറഞ്ഞതിൽ വായു, ശൂലവേദനേ മേൽവയറുവീർപ്പ് അംഗമർദ്ദം വായയ്ക്കു

ഘ്രാത്രസിരാസങ്കോചനസംസ്തംഭനാനി കരോതി.

പിത്തം പുനഃപക്വമതീസാരമന്ത്രാഹം തൃഷ്ണാമൂർച്ഛാപ്ര
ന്നാനി ച.

ശ്ലേഷ്മാ തു ഹൃദ്രോചകാവിപാകശീതജ്വരാലസ്യഗാത്രഗൗര
വാഭിനിവൃത്തികരഃ സമ്പദ്യതേ. 10

ന ഖലു കേവലമതിമാത്രമേവാഹാരരാശിമാമപ്രദോഷകാരണ
മിച്ഛന്തി. അപി തു ഖലു ഗുരുരൂക്ഷശീതശുഷ്കവിഷ്ടംഭിവിദാ
ഹ്യശുചിവിരുദ്ധാനാമകാലേ അന്നപാനാനാമുപസേവനം, കാമ

വാദംച്ച മോഹാലസ്യം തലതിരിച്ചിൽ വിഷമാഗ്നിത്വം സിരകാം
ക്ക സംകോചം (കോച്ചല്) അംഗങ്ങാംക്ക സുംഭനം ഇതുകളെയാ
ണ് ചെയ്യുക. * 9—പിത്തംനിമിത്തം പനി അതിസാരം ഉള്ളിൽ
ചുട്ടനീറൽ ദാഹം മദാത്യയം തലതിരിച്ചിൽ പേപറയുക ഇതുക
ളെല്ലാമുണ്ടാകും. 'പിത്താജ്ജ്വരാതിസാരാന്ത്രാഹ്യാം പ്രളയാദ
യഃ' എന്ന് അഷ്ടാംഗഹൃദയം. * 19—കഫംനിമിത്തം, ഹൃദ്രോ
ചികയും ഛർദനക്കുറവ് വിറച്ചുപനി ആലസ്യം ശരീരത്തിന്നു ക
നം ഇതുകളെല്ലാമുണ്ടാവും. 'കഫാഹൃദ്ഗൗരവാവാക്സംഗഷ്ടീ
വനാദയഃ' എന്ന വാഗ്ഭടാചാര്യൻ * 11—ഈവിധം ആമദോ
ഷം കോപിക്കുവാനുള്ള കാരണം കേവലം അതിമാത്രമായ ആഹാ
രംമാത്രമല്ല. പിന്നെയോ, അത്യന്തം ഗുരുവായും രൂക്ഷമായും ശീ
തമായും ശുഷ്കമായും മനസ്സിന്നു പിടിക്കാത്തതായും വിഷ്ടംഭത്തേയും
വിദാഹത്തേയുമുണ്ടാക്കുന്നതായും ശുചിയല്ലാത്തതായും വിരുദ്ധങ്ങ
ളായുമിരിക്കുന്നവയും അകാലത്തിൽ ശീലിച്ചതുമായ അന്നപാന
ങ്ങളും,കാമം ക്രോധം ലോഭം അത്യാഗ്രഹം ഈഷ്യ ലജ്ജ ദുഃഖം പേ
ടി ഭയം ഈ വകകളാൽ മനസ്സു തകർന്നായിരിക്കുമ്പോൾ ഭക്ഷിച്ച
അന്നപാനങ്ങാംനിമിത്തവും ആമദോഷം സംഭവിക്കും. 'ഈഷ്യാ
ഭയക്രോധപരിപ്ലുതേന ലുബ്ധേന ശുഷ്കൈന്ദ്രിയനിപീഡിതേന। പ്രദേ

ക്രോധലോഭമോഹേഷ്യാഹ്രീശോകോദ്വേഗഭയോപതപ്തേന മനസാ
വായനോപനമുപയുജ്യതേ തദ്പ്യാമമേവ പ്രദൂഷയതി. 11

ഭവതി ചാത്ര.

മാത്രയാപ്യുദ്വേഷ്ടുതം പഥ്യഞ്ചാന്നം ന ജീര്യ്യതി
ചിന്താശോകഭയക്രോധദുഃഖശയ്യാപ്രജാഗരൈഃ. 12

തം ദ്വിവിധമാമപ്രദോഷമാചക്ഷതേ ഭിഷജഃ. വിഷൂചികാമ-
ലസകഞ്ച. തത്ര വിഷൂചികാമൂർദ്ധ്വാധശ്ച പ്രവൃത്താമ്ദോഷാം
യഥോക്തരൂപാം വിദ്യാൽ. 13

ഷ്യുക്തേന ച സേവ്യമാനമന്നം ന സമ്യക്പരിണാമമേതി' എ
ന്ന ഗ്രന്ഥാന്തരം *

ഈ വിഷവത്തിൽ ഇതു കൂടെ ഗ്രഹിക്കുകയും വേണം.

12—അസാദ്ധ്യമായ വിഷയത്തിൽ അതിയായ ചിന്തയുള്ള
വനും ദുഃഖിച്ചവനും ഭയപ്പെട്ടവനും ദ്വേഷ്യപ്പെട്ടവനും കിടപ്പുതക
രായവനും ഉറക്കമൊഴിച്ചവനും മാത്രയ്ക്കു തെറ്റുവരാതെ പഥ്യമാ
യ അന്നത്തെത്തന്നെ ശീലിച്ചാലും അതു വേണ്ടതുപോലെ ദഹി
ക്കുകയില്ല. * 13—ഇങ്ങിനെയുള്ള ആമദോഷം വിഷൂചികഎന്നും
അലസകമെന്നും ഇങ്ങിനെ രണ്ടുപ്രകാരത്തിലായിരിക്കുമെന്നാണ്
ആത്രേയന്മാരുടെ അഭിപ്രായം. ഇതിൽ വിഷൂചിക എന്നത് മ
ദ്ദ്രുതിസാരരൂപമായി മേല്പട്ടും കീഴ്പട്ടും ആമദോഷം പ്രവർത്തിച്ചുകൊ
ണ്ടിരിക്കുന്നതും ഇതേവരെ പറഞ്ഞ ലക്ഷണങ്ങളോടുകൂടിയതുമാ
ണ്. 'പീഡ്യമാനാ ഹി വാതാദ്യാ യുഗപത്തേന കോപിതാഃ। ആമേ
നാന്നേന ദുഷ്ടേന തദ്വോവിശ്യ കുർവ്വതേ। വിഷ്ടംഭയന്തോലസകം
ച്യാവയന്തോ വിഷൂചികാം। അധരോത്തരമാർഗ്ഗാഭ്യാം സഹസൈവ
വാജിതാത്മനഃ। വിവിധൈരേവ്വേദനോത്തേജൈർവ്വായുർദ്വിദൂശകോപ
ത്തഃ। സൂചീഭിരിവ ഗാത്രാണി വിധ്യതീതി വിഷൂചികാ' എന്നു വാ
ഗ്ഭടാചാര്യൻ *

അലസകമുപദേക്ഷ്യാമഃ. ദുർബ്ബലസ്യാല്പാഗ്നേർബ്ബ[illegible]
വാതമൂത്രപുരീഷവേഗവിധാരിണഃ സ്ഥിരഗുരുബഹ്വ[illegible]
ഷ്ണാന്നസേവിനസ്തന്നപാനമനിലപ്രപീഡിതം ശ്ലേഷ്മണാ [illegible]
ചേദ്വിമാർഗ്ഗമതിമാത്രപ്രലീനമലസന്തതാന്ന ബഹിർന്നിർഹരതി. [illegible]
തഃ ചരകൃതിസാരവജ്ജ്വാന്ത്യാമപ്രകോപലിംഗാന്യഭിദശ്യത്യതിമാ
ത്രാണാം. അതിമാത്രപ്രദുഷ്ടാശ്ച ദോഷാഃ പ്രദുഷ്ടാമബദ്ധമാർഗ്ഗാസ്ഥി

14—ഇനി അലസകലക്ഷണത്തേയും ഉപദേശിക്കാം. സ്വ
തേദുർബ്ബലനും അഗ്നിബലംകുറഞ്ഞവനും കഫാധികപ്രകൃതിയുമായ
വൻ അധോവാതം മൂത്രം പുരീഷം ഈ വേഗങ്ങളെ ധരിക്കുകയും
സ്ഥിരവും ഗുരുതരവുള്ളതും അത്യന്തം രൂക്ഷവും ശീതവും ശുഷ്കവുമാ
യുള്ള ആഹാരത്തെ ശീലിക്കുകയും ചെയ്യാൽ ആ അന്നപാനത്തെ
വായു പീഡിപ്പിക്കുകയും കഫം അതിനെ ഊർദ്ധ്വാധോമാർഗ്ഗങ്ങളിൽ
കൊണ്ടുചെന്ന് ആ മാർഗ്ഗങ്ങളെ അടയ്ക്കുകയും ഓരേ മാർഗ്ഗത്തിൽകൊ
ണ്ടുപോയി ഒളിപ്പിക്കുകയുംചെയ്യും. ഇങ്ങിനെ അലസമായിത്തീ
ന്ന ആ ആഹാരം ഒരിക്കലും ബഹിർമ്മുഖമായി—പുറത്തെയ്ക്കുപോ
കുവാൻ ശക്തിയുള്ളതായിത്തീരുകയില്ല. അതുനിമിത്തം ചരകൃതി
സാരങ്ങളൊഴിച്ചു ബാക്കിയുള്ള ആമദോഷം കോപിച്ചാലുണ്ടാകുന്ന
സകലലക്ഷണങ്ങളേയും അതിയായ ശക്തിയോടുകൂടെ പ്രകാശി
പ്പിക്കുകയും ചെയ്യും. അത്യന്തം ദുഷിച്ച വാതാദികൾ ഇങ്ങിനെ ദു
ഷിച്ച ആമദോഷത്താൽ മാർഗ്ഗനിരോധം വരികനിമിത്തം വഴിമുട്ടുക
യാൽ വിലങ്ങത്തിൽ (അന്യമാർഗ്ഗങ്ങളിൽ കൂടി) സഞ്ചരിക്കുകയാൽ
ഇവൻറെ ശരീരത്തെ ഒരു മുട്ടിപോലെ സുംഭിപ്പിച്ചു എന്നും വരാം.
അങ്ങിനെ സംഭവിച്ചുപോയാൽ ആ സുംഭിച്ച അലസകരോഗം
തീരെ അസാദ്ധ്യമായിത്തീരുകയും ചെയ്യും. എന്നാൽ വാഗ്ഭടാ
ചാര്യൻ ഈ വിഷയത്തിൽ ഇതിനെ അലസകമെന്നും ദണ്ഡകാല
സകമെന്നും രണ്ടാക്കിത്തിരിക്കുകയും ദണ്ഡകാലസകം തീരെ വജ്ജ്യ
മാണെന്നുപറഞ്ഞു തള്ളുകയും അലസകത്തിനു ചികിത്സ വി[illegible]

ച്ചുകോചിൽ കേവലമേവാസ്യ ശരീരം ദണ്ഡവൽ സ്യംഭേ
ത്തി. തത്സുമലസകമസാദ്ധ്യം ബ്രൂവതേ. 14

വിരുദ്ധാദ്ധ്യശനാജീർണ്ണാശനശീലിനഃ പുനരേവ ദോഷമാമവി
ഷമിത്യാചക്ഷതേ ഭിഷജോ വിഷസദൃശലിംഗതാൽ. തൽ പ്രമ
സാദ്ധ്യമാശുകാരിതാദിവിരുദ്ധോപക്രമതാച്ചേതി. 15

തത്ര സാദ്ധ്യമാമം പ്രദുഷ്ടമലസംഭൃതമുല്ലേഖയേ ദാതേ പായ
യിത്വാ ലവണമുഷ്ണഞ്ച വാരി. തതഃ സ്വേദനവത്തിപ്രണിധാനാ
ഭ്യാമുപാചരേദുപവാസയേച്ചൈനം. 16

ക്കുകയുമാണ് ചെയ്യിരിക്കുന്നത്. മാധവാചാര്യൻ ഇതിനു വിളം
ബിക എന്നുകൂടി പേർപറയുകയും. അതിന്റെ ലക്ഷണത്തെ ഇ
ങ്ങിനെ വിവരിക്കുകയും ചെയ്യുന്നു. 'ദുഷ്ടം തു ഭുക്തം കഫമാരുതാ
ഭ്യാം പ്രവർത്തതേ നോദ്ധ്വമധശ്ച യസ്യ । വിളംബികാം താം ഭൃശദു
ശ്ചികിത്സ്യാമാചക്ഷതേ ശാസ്ത്രവിദഃ പുരാണാഃ' * 15—വിരുദ്ധാശ
നവും അദ്ധ്യശനവും അജീർണ്ണാശനവും ശീലിക്കുന്നവനും ആമദോ
ഷം സംഭവിക്കും. ഇതു വിഷം പറഞ്ഞിയാലുണ്ടാകുന്ന ലക്ഷണങ്ങളെ
ഉണ്ടാക്കിത്തീർക്കുന്നതുകയാൽ വൈദ്യശ്രേഷ്ഠന്മാർ ഈ ആമദോഷ
ത്തിന് ആമവിഷമെന്നാണ് നാമകരണം ചെയ്യിരിക്കുന്നത്. ഇ
ത് ആശുകാരിതാവും വിരുദ്ധോപക്രമതാവുമുള്ളതാകയാൽ അത്യ
ന്തം അസാദ്ധ്യവും ക്ഷണത്തിൽ ശരീരനാശത്തെ വരുത്തുന്നതുമാ
ണ് * 16—ഈപറഞ്ഞ ആമദോഷങ്ങളിൽ സാദ്ധ്യമായ ദുഷിച്ച
തുലസമായിത്തീർന്ന ആമദോഷത്തെ ആദ്യം ഉപ്പുചേർത്ത ചൂടുവെ
ള്ളം കൊടുത്തു ഛർദ്ദിപ്പിക്കണം. പിന്നെ വിയർപ്പിക്കുകയും വർത്തി
വെച്ച മലംകളയുകയും ചെയ്ത് ഉപവസിപ്പിക്കുകയും വേണം.
'അഥാമമലസംഭൃതം സാദ്ധ്യം തപരിതമുല്ലിഖേൽ । പീത്വാ സോഷ്ണാ
പടുഫലം വാഷ്ണ്ണം യോജയേത്തതഃ സ്വേദനം ഫലവർത്തിം ച മല
വാതാനുലോമനീംനാമ്യമാനാനി ചാംഗാനി ഭൃശം സ്വിന്നാനി വേ
ഷ്ടയേൽ' എന്നു വാഗ്ഭടാചാര്യൻ *

വിഷൂചികായാന്തു ലംഘനമേവാഗ്രേ വിരിക്തവച്ഛാനുവൃത്തിം.

ആമപ്രദോഷേഷു തത്കാലേ ജീർണ്ണാഹാരം പുനർദ്ദോഷാവിപച്യമാനം സമിതഗുരുകോഷ്ണമനന്നാഭിലാഷിണമഭിസമീക്ഷ്യ പായയേദ്ദോഷശേഷപാചനാർത്ഥമൌഷധമഗ്നിസന്ധുക്ഷണാർത്ഥം ച നതു ജീർണ്ണാശനം. ആമപ്രദുഷ്ടദുർബ്ബലോഹ്യഗ്നിഃ ശമപ്രദോഷമൌഷധമാഹാരജാതഞ്ചാശുകരഃ പചേത്തും. 18

17—വിഷൂചികയുള്ളവനെ ആദ്യം ലംഘനംചെയ്യുകയും പിന്നെ വിരേകംചെയ്തിയവന്നുള്ള ചര്യകളെ ശീലിപ്പിക്കുകയും വേണം. 'വിഷൂച്യാമതിവൃദ്ധായാം പാർശ്വേഭ്യാഹൃത്പ്രഗൃഹ്യതെ। തദ്ധൃത്പ്രപവ്യസ്യൈനം വിരിക്തവദുപാചരേത്' എന്ന വാഗ്ഭടാചാര്യൻ. ഇവിടേയും സാദ്ധ്യായമെന്നനുവർത്തിക്കുന്നു. വിഷൂചികയുടെ അസാദ്ധ്യലക്ഷണത്തെ മാധവാചാര്യൻ ഇങ്ങിനെ വിവരിക്കുന്നു: 'യഃ ശ്യാവനേത്രൌഷ്ഠനഖോല്ലസംജ്ഞോ വർത്തിതോഭ്യന്തരയാതനേത്രഃ। ക്ഷാമസ്വരഃ സർവ്വവിപർയ്യയാന്നരഃ സോപുനരാഗമായ' * 18—ആമദോഷം സംഭവിച്ചാൽ മേൽവിവരിച്ച ചര്യകളെ ശീലിക്കുകയാൽ ക്ഷീണകാലത്തേക്കു ആ ആമദോഷമായിത്തീർന്ന ആഹാരം ഹേഹിക്കുകയും ആ ദോഷംനിമിത്തം കോപിച്ച വാതാദികൾക്കു ശമംവരാതിരിക്കുകയാൽ ആമാശയത്തെത്തന്നെ അല്ലെങ്കിൽ ആശ്രയിച്ചു നില്ക്കുകനിമിത്തം ഉദരത്തിന്നു നിശ്ചലതയും കനവും ഭക്ഷണത്തിൽ ആഗ്രഹം തോന്നായ്കയും സംഭവിക്കും. ഈ ലക്ഷണങ്ങളെക്കണ്ടാൽ അവന്റെ ആമദോഷം ശമിച്ചു എന്നറിയുകയും അവന്ന് ശമിക്കാതെ നില്ക്കുന്ന വാതാദിദോഷത്തെ ശമിപ്പിക്കുവാനും ജാഠരാഗ്നിക്കു പചനശക്തിയുണ്ടാകുവാനുമായി അതേവിധം പ്രഭാവമുള്ള ഔഷധത്തെ ശീലിപ്പിക്കണം. ആമദോഷത്തെ ഉണ്ടാക്കിത്തീർക്കുവാൻ കാരണമായ ആഹാരം ഹേഹിക്കുന്നതിന്നുമുമ്പെ യാതൊരു ഔഷധവും ആഹാരവും കൊടുത്തുപോകയുമരുത്. ആമദോഷം വന്നാവന്ന് ആ ആഹാരം ഹേഹിക്കുന്നതിന്നുമുമ്പെ ഔഷധം ശീലിക്കുന്നതായാൽ ആമദോഷംനിമിത്തം ദുർബ്ബലനായിത്തീർന്ന ജാഠരാഗ്നിക്കു കോപിച്ച ദോഷത്തേയും ഔഷധത്തേയും ആമദോ

അപിചാമപ്രദോഷാഹാരൌഷധവിഭ്രമോതിബലതാദുപര
തകായാഗ്നിം സഹസൈവാതുരമബലമഭിപാതയേൽ. 19

ആമദോഷപ്രജാതാനാം പുനർവ്വികാരാണാമപതർപ്പണേനൈ
വോപരമോ ഭവതി. സതി തു നബന്ധേ കൃതാപതർപ്പണാനാം വ്യാ
ധീനാം നിഗ്രഹേ നിമിത്തവിപരീതമപാസ്യൌഷധമാതങ്കവിപരീ

ഷ്ടകാരിയായ ആഹാരത്തെയും വിഴുങ്ങുകാലത്തിൽ പചിക്കുവാനുള്ള ശക്തിയുണ്ടാവുകയില്ല. അപ്പോൾ ആ ഔഷധവും ആമദോഷത്തെ വർദ്ധിപ്പിക്കുന്നതായിത്തീരുമെന്നു സാരം* 19—എന്നു മാത്രമല്ല, ആമദോഷവും ആഹാരവും ഔഷധവുംകൂടി ആമാശയത്തിൽ കിടന്നുണ്ടാവുന്ന വിഭ്രമത്തിനു വളരെ ശക്തിയുണ്ടാവുന്നതാകയാൽ സാധാരണ ജാഠരാഗ്നിക്കു ബലം ക്ഷയിച്ചവനായ ആ ദുർബ്ബലരോഗിയെ അതു ക്ഷണത്തിൽ നശിപ്പിച്ചു എന്നും വരാം. ആമദോഷമുള്ളപ്പോൾ പാചനമായ ഔഷധം ശീലിക്കുന്നതുതന്നെ മരണകാരണമായി സംഭവിച്ചേയ്ക്കാമെന്നു സാരം. 'തീവ്രാത്തിരപി നാജീർണ്ണീ പിബേച്ഛ്രേഷ്ഠമപ്യൌഷധം। ആമസന്ദോഷനാലോ നാലം പക്തും ഹ്യസൌഷധാശനം। നിഹന്യാപേി ഹ്യപചതോഷാം വിഭ്രമസ്സുമഹാനൃണാം' എന്ന് അഷ്ടാംഗഹൃദയം * 20—ആമദോഷംനിമിത്തം സംഭവിച്ചതുകളായ വികാരങ്ങൾക്ക് അപതർപ്പണമായ—ലംഘനമായ ക്രിയ മാത്രം ചെയ്യുൽ ആ ആമദോഷം തന്നെത്താൻ ശമിച്ചുകൊള്ളും. ഇങ്ങിനെ അപതർപ്പണം ശീലിപ്പിച്ച് ആമദോഷം ശമിച്ചതിനുശേഷം വാതാദിപ്രകോപംനിമിത്തം സംഭവിച്ചതായ ആമദോഷോപദ്രവവ്യാധികൾ അനുബന്ധിച്ചു നില്ക്കുന്നുണ്ടെങ്കിൽ അതുകളെ ശമിപ്പിക്കുവാൻ ആ രോഗങ്ങൾക്കു കാരണഭൂതമായ ആമദോഷത്തിന്റെ ചികിത്സയായ ലംഘനത്തെ ചെയ്യാതെ, അപ്പോൾ കാണപ്പെടുന്ന വ്യാധികൾക്കു വിപരീതമായ—തർപ്പണമോ ലംഘനമോ ആയ ഔഷധങ്ങളെത്തന്നെ വേണ്ടതുപോലെ ശീലിപ്പിക്കുകയും വേണം. എല്ലാ വ്യാധികൾക്കുമുള്ള ചികിത്സ ഹേതുവ്യാധിവിപരീതമായ ഔഷധമായിരിക്കുമെന്നാണ് വൈദ്യശാസ്ത്രസിദ്ധാന്തം. ഇവിടെ ഹേതു ആമദോഷമാണ്. അതിനു വിപരീതം ഔഷധം ശീലിക്കാതിരിക്കുകയുമാണ്.

ത്മേവാവചാരയേൽ. യഥാസ്വം സ്വവികാരാണാമപി ച നിഗ്ര
ഹേ ഹേതുവ്യാധിവിപരീതമൗഷധമിച്ഛന്തി കുശലാഃ. 20

തത്രൗകാരി വിപക്ഷഭൂതമപ്രദോഷസ്യ പുനഃ പരിപക്വ
ദോഷസ്യ ദീപ്തേ ചാഗ്നാവഭ്യംഗോസ്ഥാപനാന്വാസനം വിധിവത്
സ്നേഹപാനഞ്ച യുക്ത്യാ പ്രയോജ്യം പ്രസമീക്ഷ്യ ദോഷദേശൗ
കാലബലശരീരാഹാരസാത്മ്യസത്ത്വപ്രകൃതിവയസാമവസ്ഥാന്തരാ
ണി വികാരാംശ്ച സമ്യഗിതി. 21

ഭവന്തി ചാത്ര.

അശിതം ഖാദിതം പീതം ലീഢഞ്ച കഃ വിപച്യതേ

അനുബന്ധവ്യാധികൾ ശമിക്കുവാൻ ഈ വിദ്യ പഠിക്കുകയുമില്ല. അവിടെ ഔഷധസേവനംതന്നെ ചെയ്യണം. അതാണ് 'നിമിത്ത വിപരീതമപാസ്യ' എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത് * 21—ഭക്ഷണദ്രവ്യം ഉപയോഗിച്ചതിന്റെ വൈഷമ്യനിമിത്തം അത് ആമദോഷമായിത്തീർന്നു എങ്കിലും ലംഘനക്രിയകൊണ്ട് അതിനു പാകംവരികയും ആ ആമദോഷംനിമിത്തം കോപിച്ച വാതാദികൾക്കു ശമനംവരികയും ജഠരാഗ്നിക്കു ശക്തിവരികയും ചെയ്യുന്നതിനുശേഷവും ഉപദ്രവങ്ങൾ അനുവർത്തിച്ചു കാണുന്നതായാൽ അവിടെ ഹേതുവ്യാധിവിപരീതമായതുകളോ അഥവാ സ്വത്തെ രക്ഷിയേയോ വിശേഷമായതോ ചെയ്യുന്നതുകളാണെങ്കിൽക്കൂടി പ്രമാദമുണ്ടാകാൻ ഇട ആമദോഷോപദ്രവങ്ങളെ ശമിപ്പിക്കുന്നവയോ ആയ ഔഷധങ്ങളേയും അഭ്യംഗത്തേയും കഷായവസ്തിയേയും സ്നേഹവസ്തിയേയും സ്നേഹപാനത്തേയും കോപിച്ച ദോഷം ഔഷധം ദേശം കാലം ശരീരബലം ശരീരസ്വഭാവം ആഹാരം സാത്മ്യം സത്ത്വം പ്രകൃതി പ്രായം ഇതുകളുടെ അവസ്ഥാന്തരങ്ങളേയും അൽക്കാലം കാണുന്ന വികാരങ്ങളേയും വഴിപോലെ അറിഞ്ഞതിനുശേഷം യുക്തിപോലെ പ്രയോഗിക്കുകയും വേണം. *

ഈ വിഷയത്തിൽ ഇതുകൂടെ ധരിക്കുകയും വേണം.

22—അല്ലയോ ബുദ്ധിശാലിയായ ഗുരോ! കുഴച്ചുരുട്ടി ഭക്ഷിക്കു

ഏതത്താം ധീര! പൃച്ഛാമസൂന്ന ആചക്ഷ്വ ബുദ്ധിമൻ! 22
ഇത്യഗ്നിവേശപ്രമുഖൈശ്ശിഷ്യൈഃ പൃഷ്ടഃ പുനർവ്വസുഃ
ആചചക്ഷേ തതസ്സൂക്ഷ്മം യത്രാഹാരോ വിപച്യതേ. 23
നാഭിസൂനാന്തരം ജന്തോരാമാശയ ഇതി സ്മൃതഃ
അശിതം ഖാദിതം പീതം ലീഢഞ്ചാത്ര വിപച്യതേ. 24
ആമാശയഗതഃ പാകമാഹാരഃ പ്രാപ്യ കേവലം
പക്വഃ സ്വാശയഃ പശ്ചാദ്ധമനീഭിഃ പ്രപദ്യതേ. 25
തസ്യ മാത്രാവതോ ലിംഗം ഫലഞ്ചോക്തം യഥായഥം
അമാത്രസ്യ തഥാ ലിംഗം ഫലഞ്ചോക്തം വിഭാഗശഃ. 26

ന്നതും കടിച്ചതിന്നുന്നതും കുടിക്കുന്നതും നക്കിക്കഴിക്കുന്നതുമായ ചതുർവ്വിധഭക്ഷണം എവിടെ വെച്ചാണ് പചിക്കുന്നത് എന്നു ഞങ്ങൾക്ക് ഒരു സംശയം ജനിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾ ചോദിക്കുന്നതായ ഞങ്ങളുടെ ഈ സംശയം തീരത്തക്കവിധം വിശദമായി ഉപദേശിച്ചതരണേ. 23—അഗ്നിവേശൻ മുതലായ ശിഷ്യന്മാർ ഇങ്ങിനെ ചോദിച്ചസമയം ഒത്താത്രേയഭഗവാൻ അവരോട്, ആഹാരദ്രവ്യത്തെ ജഠരാഗ്നി ഇന്നടിക്കിൽ വെച്ചാണ് പചിക്കുന്നത് എന്നുള്ളതിനെ ഇപ്രകാരം ഉപദേശിക്കുകയും ചെയ്തു * 24—ആ ഉപദേശമെന്തെന്നാൽ, ഒരുവന്റെ നാഭിയിങ്കൽനിന്നു താൽപ്പോട്ടു മുലവരെയുള്ള സ്ഥാനത്തിന് ആമാശയം എന്നു പേരാകുന്നു. ചതുർവ്വിധഭക്ഷണപദാർത്ഥങ്ങളെ ജഠരാഗ്നി അവിടെ വെച്ചാണ് പചിപ്പിക്കുന്നത് * 25—ആമാശയത്തെ പ്രാപിച്ച ആഹാരം അവിടെ വെച്ച ജഠരാഗ്നിയാൽ പാകംചെയ്യപ്പെട്ടതിന്റെ ശേഷം ധമനികളിൽകൂടി ശരീരത്തിലെ സകല ആശയങ്ങളിലും ചെന്നുകൂടുകയും ചെയ്യും* 26—അങ്ങിനെ കഴിക്കുന്ന ചതുർവ്വിധ ആഹാരം മാത്രയ്ക്കുതക്കവണ്ണം ശീലിച്ചാലുള്ള സ്വഭാവവും അതിന്റെ ഫലവും, മാത്രയൊറിച്ചു കഴിച്ചാലുണ്ടാകുന്നതായ സ്വഭാവവും അതുനിമിത്തം സംഭവിക്കുന്ന രോഗസ്വഭാവവും വഴിക്കുവഴിയായി വിവരിച്ചുപദേശിക്കുകയും ചെയ്തിട്ടുണ്ടല്ലോ *

തത്ര ശ്ലോകഃ.

ആഹാരവിധ്യായതനാനി ചാപ്യേഷ്വ
സമ്യക് പരീക്ഷ്യാത്മഹിതം വിധ്യേത്
അന്യശ്ച യഃ കശ്ചിദിഹാസ്തി മാർഗ്ഗോ
ഹിതോപയോഗേഷു ഭജേത തച്ച. 27

ഇതി ചരകസംഹിതായാം
വിമാനസ്ഥാനേ
ത്രിവിധകുക്ഷീയോ നാമ ദ്വിതീയോഽധ്യായഃ.

അദ്ധ്യായം 3. ജനപദോദ്ധ്വംസനീയം.

അഥാതോ ജനപദോദ്ധ്വംസനീയവിമാനം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ജനപദമണ്ഡലേ പഞ്ചാലക്ഷേത്രേ ദ്വിജാതിവരാഭ്യുഷിതാ

അദ്ധ്യായവിവരണം.

27— എട്ടുതരത്തിലുള്ള ആഹാരവിധിയുടെ ആയതനങ്ങളും നല്ലവണ്ണം ആലോചിച്ചറിഞ്ഞ് അതിൽ തനിക്കു ഹിതമായ ചേഷ്ടയെ ശീലിക്കുകയും അവനവന്റെ സ്ഥിതിക്കു ഹിതമായ മറ്റു ചേഷ്ടകളും എന്തെങ്കിലും തൽക്കാലം ഹിതമാണെന്നു വൈദ്യയുക്തിയെ അപേക്ഷിച്ച് അറിയുന്നതായാൽ അതുകളേയും ആചരിക്കേണ്ടതാണെന്നും ത്രിവിധകുക്ഷീയമെന്ന ഈ അദ്ധ്യായത്തിൽ വിവരിച്ചതുകൊണ്ട് അറിയുകയും വേണം. *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
വിമാനസ്ഥാനേ ദ്വിതീയോഽധ്യായഃ.

അദ്ധ്യായം 3.

ഇനി ജനപദോദ്ധ്വംസനീയവിമാനമെന്ന അദ്ധ്യായത്തെപ്പറയാം:—

1— അനേകം തരത്തിലുള്ള ജനങ്ങളും കൂടിച്ചേർന്ന താമസി

യാം കാമ്പില്യരാജധാന്യാം ഭഗവാൻ പുനർവ്വസുരാത്രേയോനേകവാ
സ്ഗണപരിവൃതഃ പശ്ചിമേ വയ്മ്മാസേ ഗംഗാതീരേ വനവിചാര
മനുവിചരൻ ശിഷ്യമഗ്നിവേശമബ്രവീൽ. *1

ദൃശ്യന്തേ ഹി ഖലു സൌമ്യ! നക്ഷത്രഗ്രഹചന്ദ്രസൂര്യാനലാനി
ലാനാം ദിശാഞ്ച: പ്രകൃതിഭൂതാ ജഗതശ്ചൈകാരികാ ഭാവാ അചിരാദി
തോ ഭ്രേപി ച ന യഥാവദ്രസവീര്യ്യവിപാകപ്രഭാവമോഷധീനാം
പ്രതിവിധാസ്യതി. തത്രൈയോഗോച്ചാതങ്കപ്രായതാ നിയതാ. തസ്മാൽ

ക്കുന്നതായ പാഞ്ചാലരാജ്യത്തിൽ ബ്രാഹ്മണൻ അധികാരിയായി അധി
വസിച്ചുവരുന്ന കാമ്പില്യരാജധാനിയിൽ ഒരിക്കൽ അഗ്നിവേശാദി
ശിഷ്യഗണങ്ങളോടുകൂടി താമസിച്ചിരുന്ന ആത്രേയഭഗവാൻ ശീ
തകാലത്തിന്റെ അവസാനകാലത്തിൽ ഗംഗാതീരത്തിലുള്ള വന
ത്തിൽ സൈരസഞ്ചാരം ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ വന
ത്തിലുള്ള ഔഷധങ്ങളെ കണ്ടറിഞ്ഞ്, അഗ്നിവേശനായ ശിഷ്യ
നോട് ഇങ്ങിനെ പറഞ്ഞു. *

2— അല്ലയോ അഗ്നിവേശ! നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും
ചന്ദ്രനും ആദിത്യനും അഗ്നിക്കും വായുവിനും ദിക്കുകൾക്കും പ്ര
കൃത്യാ സംഭവിക്കുന്നതുകൊണ്ടും ജഗത്തുമാറത്താൽ വ്യത്യാസം വരുന്നവ
യുമായ ഭാവവ്യത്യാസങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ഇതുനിമിത്തം
ഭൂമി വളരെ കാലത്തോളം സംകൂടാതെ ഔഷധങ്ങളുടെ രസം വീര്യം വി
പാകം പ്രഭാവം ഇതുകളെ മുമ്പിലുള്ളതുപോലെ ഇല്ലാതാക്കിത്തീ
ർക്കും. മുമ്പ് ഈ ഗംഗാതീരത്തിൽ കാലവ്യത്യാസംകൊണ്ടു യാതൊ
രു ദോഷഭേദവും സംഭവിച്ചിരുന്നില്ല. ഇപ്പോൾ ആ തകരാറ് ഇവി
ടേയും കണ്ടുതുടങ്ങി. അതിനാൽ ഔഷധങ്ങൾക്ക് ഇനി മുമ്പിലു
ള്ളതുപോലെ ശക്തിയുണ്ടാവുകയില്ല എന്ന് അഭിപ്രായം. ഔഷധ
ങ്ങൾക്കു രസവീര്യാദി ഗുണം കുറയുമ്പോൾ രോഗം ലോകത്തിലെ
ല്ലാടവും വ്യാപിക്കുമെന്നതു നിസ്സംശയവുമാണ്. ഇതുനിമിത്തം നാ
ട്ടനർത്ഥകരങ്ങളായ വ്യാധികൾ സംഭവിച്ചു രാജ്യം നശിക്കുകയും ഔ
ഷധിയുടെ രസം തീരെ നശിക്കുകയും ചെയ്യുന്നതിനു മുമ്പുതന്നെ ര

പ്രാഹുർഭേഷജാനി യാവന്തോപഹരന്തി സവീര്യവിപാകപ്രഭാവാണി വയം തേഷാംരസവീര്യവിപാകപ്രഭാവാനുപദേക്ഷ്യാമഹേ, യേ ച സ്മൃന്നകാംക്ഷന്തി യാംശ്ച വയമനുകാംക്ഷാമഃ. 2

ന ഹി സമ്യഗുപയുക്തേഷു ഭൈഷജ്യേഷു സമ്യഗുപഹിതേഷു സമ്യഗുപചാരോപചരിതേഷു ജനപദോദ്ഭവംസകരാണാം വികാരാണാം കിഞ്ചിൽ പ്രതികാരഗൌരവം ഭവതി. 3

ഏവം വാദിനം ഭഗവന്തമാത്രേയമഗ്നിവേശ ഉവാച. ഉദ്ഭൂതാനി ഖലു ഭഗവൻ! ഭൈഷജ്യാനി സമ്യഗുപഹിതാനി സമ്യഗുപചാ

സവീര്യവിപാകപ്രഭാവങ്ങളോടുകൂടിയ ഔഷധങ്ങളെ വേണ്ടവിധം എടുത്തു ശേഖരിക്കുക. ഞാൻ അതുകൊണ്ടുള്ള രസവീര്യവിപാകപ്രഭാവങ്ങളുടെ തത്ത്വത്തെ, എന്നെ സേവിച്ചു വൈദ്യശാസ്ത്രം പഠിച്ചാൽ കൊള്ളാമെന്നാഗ്രഹിച്ചുവരുന്ന ശിഷ്യന്മാർക്കും ആരെല്ലാം ഇത് അറിഞ്ഞിരിക്കുന്നതു ലോകഹിതമാണെന്ന് എനിക്കു തോന്നുന്നവർ അവർക്കും വിശദമായി ഉപദേശിച്ചുകൊള്ളുകയും ചെയ്യാം. ഇങ്ങിനെ ഉപദേശിക്കുന്നതായാൽ അതുകൊണ്ട് ഔഷധങ്ങളുടെ ഗുണാഗുണജ്ഞാനം എളുപ്പത്തിൽ സാധിക്കാവുന്നതാണെന്നതു സാരം * 3— ഔഷധങ്ങൾ വേണ്ട സമയത്തു വിധിപ്രകാരം എടുക്കുകയും വേണ്ടതുപോലെ അതാതിനുള്ള ശോഷണാദിക്രിയകൾ ചെയ്യുകയും വിധിപ്രകാരം ശുദ്ധിവരുത്തുകയുംചെയ്തു സൂക്ഷിച്ചിരുന്നാൽ നാടടക്കം ബാധിച്ചു ജനങ്ങളെ ഹിംസിക്കുന്നതായ പകച്ചവ്യാധികൾക്കു ചികിത്സിക്കേണ്ടിവരുന്ന സമയം ആ വിഷയത്തിൽ യാതൊരു പ്രയാസവും വരികയില്ല. *

4— ഇപ്രകാരം പറഞ്ഞ ആത്രേയഭഗവാനോട് അഗ്നിവേശൻ ഇങ്ങിനെ ഉത്തരം പറഞ്ഞു. അല്ലയോ ഭഗവൻ! അങ്ങയുടെ ആജ്ഞാനുസരണം വേണ്ടുന്നകാലം സകല ഔഷധങ്ങളും രസവീര്യാദികൾക്കു ഭംഗം വരാത്തനിലയിൽത്തന്നെ എടുക്കുകയും അതുകളെ സൂക്ഷിക്കാവുന്ന നിലയിലാക്കുകയും വേണ്ടതുപോലെ ശുദ്ധിവരുത്തു

രചാരിതാനി. അപി തു ഖലു ജനപദോദ്ധ്വംസനമേകേന വ്യാധി
നാ യുഗപദസമാനപ്രകൃത്യാഹാരദേഹബലസാത്മ്യസത്ത്വവയ
സ്സം മനുഷ്യാണാം കസ്മാൽ ഭവതി. 4

തമുവാച ഭഗവാനാത്രേയഃ. ഏവമസാമാന്യാനാമേഭിരപ്യഗ്നി
വേശ! പ്രകൃത്യാദിഭിർഭാവൈർമ്മനുഷ്യാണാം യേന്യേ ഭാവാഃ സാമാ
ന്യാസ്തുല്യൈർഹേതുഭിഃ സമാനകാലാഃ സമാനലിംഗാശ്ച വ്യാധയോ
ഭിനിവർത്തമാനാ ജനപദമുദ്ധ്വംസയന്തി. തേ തു ഖലു ഭിന്നേ ഭാവാ
സ്സാമാന്യാ ജനപദേഷു ഭവന്തി. തദ്യഥാ വായുരുദകം ദേശഃ കാല
ഇതി. 5

കയും ചെയ്യുന്നിരിക്കുന്നു. അല്ലയോ ഭഗവൻ! ഈ വിഷയത്തിൽ ഇ
ങ്ങിനെ ഒരു സംശയമുണ്ട്. അതിനേയും വിശദമായി ഉപദേശിച്ചു
തരണേ. അതെന്തെന്നാൽ, ഒരു രാജ്യത്തിലുള്ള ജനങ്ങൾ പ്രകൃ
തി ആഹാരം ദേഹബലം സാത്മ്യം സത്ത്വം പ്രായം ഇതുകൊണ്ടെ
ല്ലാം അത്യന്തം ഭിന്നന്മാരായിരിക്കും. അപ്പോൾ അവർക്കെല്ലാം ഏ
കകാലത്തിൽ ഒരു വ്യാധി തുടങ്ങുകയും അതുനിമിത്തം ആ രാജ്യം
നിർജ്ജനമായിത്തീരുകയും ചെയ്യുവാനുള്ള കാരണമെന്താകുന്നു? *

5— ഇപ്രകാരം ചോദിച്ച അഗ്നിവേശനോട് ഭഗവാൻ ആത്രേയഭഗ
വാൻ ഇങ്ങിനെ ഉത്തരം പറഞ്ഞു. അല്ലയോ അഗ്നിവേശ! ഈ
ജനപദോദ്ധ്വംസം വരുന്ന കാലത്തെ ജനങ്ങൾ ഈ പറഞ്ഞ പ്ര
കൃത്യാദിഭാവങ്ങളെക്കൊണ്ടു സാമാന്യം ലേശമില്ലാത്തവരാണെങ്കി
ലും— പ്രത്യേകം ഭിന്നഭിന്നപ്രകൃതികളാണെങ്കിലും അവർക്കെല്ലാവ
ർക്കുംകൂടി (മനുഷ്യലോകത്തിനെല്ലാംകൂടി) തുല്യമായ ചില ഭാ
വങ്ങളുണ്ട്. ആ ഭാവങ്ങൾ ദൂഷിക്കുകനിമിത്തം ഒരുകാലത്തിൽ
ഒരേതരത്തിലുള്ള വ്യാധിയുണ്ടാവുകയും അതു സകല ജനങ്ങളിലും
ഒരുപോലെ ബാധിക്കുകയും ചെയ്യും. ആ രോഗംനിമിത്തം രാജ്യ
നാശവും സംഭവിക്കും. ആ ഭാവങ്ങൾ സാമാന്യേന സകല രാജ്യ
ത്തിലുമുള്ളവയുമാണ്. അതുകളെന്തെല്ലാമെന്നാൽ, വായു ജലം ദേ
ശം കാലം ഇന്നീ നാലുകൂട്ടം തന്നെയാണ് ജനപദോദ്ധ്വംസകരു
ങ്ങളായ ഭാവങ്ങൾ * ഈ പറഞ്ഞ ജനപദോദ്ധ്വംസകരങ്ങളായ

തത്ര വാതമേവംവിധമനാരോഗ്യകരം വിദ്യാൽ. തദ്യഥാ—ഉ
ഗ്രവിഷ്വമന്ദസ്നിഗ്ധമതിചപലമതി പരുഷമതിശീതമത്യുഷ്ണമതിരൂ
ക്ഷമത്യഭിഷ്യന്ദിനമതി ദുർഗന്ധവാഹിനമതി പ്രത്യഹിതപരസ്പരഗതിമ
തികൃണപലതമസാത്മ്യഗന്ധവാഹിനികതാപാംസുധൂമോപഹതമിതി. 6

ഉദകന്തു ഖലു, അത്യർത്ഥവികൃതഗന്ധവർണ്ണരസസ്പർശവൽ ക്ലേ
ദോപേതമുല്ലുപ്തജലചരവിഹംഗമുപക്ഷീണജലാശയമപ്രീതിക
മചിരാത്തർഷണം വിദ്യാൽ. 7

വാതാദികളെ വിവരിക്കുന്നു: 6—ഈ പറഞ്ഞ നാലുകൂട്ടത്തിൽ ഈ വിധത്തിലുള്ള വാതം ജനങ്ങൾക്കു പരമേ ആരോഗ്യനാശത്തെ ചെയ്യുന്നതാണെന്നറിയണം. അതെങ്ങിനെയുള്ളതെന്നാൽ, മന്ദവായു വേണ്ട കാലത്തിൽ കൊടുങ്കാറ്റായും കൊടുങ്കാറ്റു വേണ്ട കാലത്തു മന്ദവായുവുമായും ഇങ്ങിനെ ക്രമഭാവത്തിനു വിപരീതമായും അത്യന്തം സ്നിഗ്ധമായും അത്യന്തം ചപലമായും അത്യന്തം പരുഷമായും കലശലായ കുളിരുള്ളതായും വല്ലാതെ ചൂടുള്ളതായും അതികഠിനരൂക്ഷമായും അത്യന്തം അഭിഷ്യന്ദിയായും ദുർഗന്ധമുള്ളതായും അസാത്മ്യമായ പുകയോടുകൂടിയും വീശുകയാൽ ശരീരത്തിൽ കൊള്ളുന്നതായും ചുഴലിയായി സഞ്ചരിക്കുന്നതും കാലസ്വഭാവത്തിനനുസരിച്ചുതല്ലാത്ത ഗന്ധമുള്ളതും ഭ്രമാവോടുകൂടിയതും പൊടിയും പുകയും പറപ്പിച്ചുകൊണ്ടു നടക്കുന്നതുമായ വാതമാണ് ജനപദോപഘാതകാരിയായിട്ടുള്ളതെന്നറിയണം. * 7—ജനപദോപഘാതകാരിയായ ജലമതെന്നാൽ, അത്യന്തം വിരുദ്ധമായിട്ടുള്ള ഗന്ധം നിറം സ്പർശം സ്പർശനം ഇതുകൂട്ടോടുകൂടിയതും അത്യന്തം നിറഞ്ഞതും ജലചരങ്ങളായ മത്സ്യാദി ജീവികൾ നശിച്ചതും ചാതുരാകാദിജലാശയവാസികളായ പക്ഷികൾ വന്നിരിക്കാത്തതും വാരി അടിക്കുന്നതും മനഃപ്രീതികരമല്ലാത്തതും സ്വതേ ജലത്തിനുള്ള ഗുണമായ രസം തീരെ നശിച്ചതുമായതാണ് ജനനാശകരമായ ജലമെന്നറിയണം * 8—നാട്ടുനത്ഥത്തെ

ദേശം പുനഃ വികൃതപ്രകൃതിവർണ്ണഗന്ധരസസംസ്പർശം ക്ലേദ
ബഹുലമുപസൃഷ്ടം സരീസൃപവ്യാളമശകഗുലഭമക്ഷികാമൂഷികോല്ക
കശ്മാശനികശകുനിജംബുകാദിഭിസ്തുണോലപോപവനവന്തം. പ്ര
താനാദിബഹുലമപൂർവ്വവേപതിതം ശുഷ്കനഷ്ടസസ്യാ ധൂമ്രപവനം
പ്രഭൂതമാതപതത്രിഗണമുൽക്രുഷ്ടശവഗണമുൽഭ്രാന്തവ്യുത്ഥിതവിവിധ
മൃഗപക്ഷിസംഘമുൽസൃഷ്ടനഷ്ടധർമ്മസത്യലജ്ജാചാരഗുണജനപദം
ശശ്വൽ ക്ഷുഭിതോദ്വിഗ്നസലിലാശയം പ്രതതോല്ലാപാതനിഷ്പാതഭ
മികമ്പമതിഭയോരാവത്രപം രുക്ഷതാമ്രാരുണസിതാഭ്രജാലസംവൃത
ക്കചന്ദ്രതാരകമഭീക്ഷ്ണം സംഭ്രമോദ്വേഗമിവ സത്രാസരുദിതമിവ

ചെയ്യുന്നതായ ദേശത്തിന്റെ ലക്ഷണമെന്തെന്നാൽ, ആ ദേശ
ത്തിന്റെ പൂർവ്വസ്ഥിതിക്കും മൃത്തികാദിവർണ്ണത്തിനും വാതാദിഗന്ധ
ത്തിനും അവിടെ ഉണ്ടാവുന്ന പദാർത്ഥങ്ങളുടെ രസത്തിനും സ്പർശ
ത്തിനും അവിതർക്കിതമായി പ്രകൃതിമാറാംവന്നതും സകലദിക്കിലും
നനവുകാണുന്നതും. സർപ്പങ്ങൾ ശ്വാപദങ്ങൾ കൊതുക്കൾ പാറാ
കൾ ഈച്ചകൾ മൂഷികജാതികൾ കുമൻ കാലൻകോഴി കുറക്കൻ
മുതലായ ദുഷ്ടജീവികൾ ഇല്ലാകെ നിറഞ്ഞതും പുല്ലും മുളമ്പുല്ലും നി
റഞ്ഞ കാടുള്ളതും വള്ളിനിറഞ്ഞു മുടിലാരമായിത്തീർന്നതും എത്ര
ത്തെ പരിചിതമാണെങ്കിലും ഇത് ഒരു പുതിയദേശമാണെന്നു തോ
ന്നിക്കത്തക്കവണ്ണം പ്രകൃതിമാറാംവന്നതും സകല സസ്യങ്ങളും ഉ
ണങ്ങിക്കരിഞ്ഞുപോയതും കൊടുങ്കാറുള്ളതും വേണ്ടതിലധികം ശ
ബ്ദിക്കുന്ന പക്ഷികളുള്ളതും നാസ്തികം ഓളിയിട്ടുംകൊണ്ടിരിക്കുന്നതും
പെയപിടിച്ച് ഓടിനടക്കുന്ന പലതരം മൃഗങ്ങളുള്ളതും ഭീകരവിവ
രമില്ലാതെ അലഞ്ഞുനടക്കുന്ന പക്ഷികളുള്ളതും ധർമ്മവും സത്യവും
ലജ്ജയും സദാചാരവുമാകുന്ന ഗുണങ്ങളെ തീരെ ഉപേക്ഷിക്കുകനി
മിത്തം നഷ്ടപ്രായന്മാരായ ജനങ്ങളോടുകൂടിയതും കാരണംകൂടാതെ
ഇലയടിച്ചുകൊണ്ടും തീരംകവിഞ്ഞു പൊങ്ങിക്കൊണ്ടുമിരിക്കുന്ന ജ
ലാശയങ്ങളുള്ളതും കൂടെക്കൂടെ കൊള്ളിമീൻ പാടുകയും ഇടിമുഴങ്ങു
കയും ഭൂമികമ്പംവരികയും ചെയ്തുകൊണ്ടിരിക്കുന്നതും എവിടെനോ

സതമസ്കമിവ ഗ്രഹ്യകാചരിതമിവാക്രന്ദിതശ്രുത്യാഹ്വയാഹി
ണം വിദ്യാൽ.

കാലസ്യ ഖലു യഥർത്തുലിംഗാദിപരീതലിംഗതാ ലക്ഷണമി
നലിംഗജ്ഞാഹിതം വ്യവസ്യേൽ.

ഇമാനവം ദോഷീയുക്താംശ്ചതുരോ ഭാവാൻ ജനപദോപഘാതം
സകരാൻ വന്തി കുശലാഃ. അതോന്യഥാഭൂതാംസ്തു ഹിതാനാചക്ഷതേ.

വിഗ്രണേഷ്വപി തു ഖലു തേഷു ജനപദോദ്ധ്വംസകരോഭു

ക്കിയാലും കാണികളുടെ മനസ്സിൽ പെട്ടന്നു കലശലായ ഭയത്തെ ഉണ്ടാക്കിത്തീർക്കുന്നതും ആദിത്യബിംബത്തിന്റെയും ചന്ദ്രബിംബത്തിന്റെയും നക്ഷത്രമണ്ഡലങ്ങളുടേയും നാലുഭാഗവും രൂക്ഷങ്ങളും താമ്രവർണ്ണങ്ങളും അരുണവർണ്ണങ്ങളും വെള്ളനിറങ്ങളുമായ രേഖകൾ നിറഞ്ഞു കാണുന്നതും സംഭ്രമംനിമിത്തം ഭയപ്പെടുകയാൽ പുറപ്പെടുന്നതോ പേടിച്ചു നിലവിളികൂട്ടിയതോ ചിത്തഭ്രമംവന്നവരിൽ നിന്നു പുറപ്പെട്ടതോ ഗന്ധർവ്വാദിദേവതകളിൽനിന്നു സംഭവിക്കുന്നതോ ആയ ശബ്ദംപോലെയുള്ള നിലവിളികൊണ്ടു മാറ്റൊലിപ്പെടുന്നതുമായ ദേശം ജനപദത്തിന്നു അഹിതകരമായതാണെന്നറിയണം * 9—കാലദൃഷ്ട്യമെന്തെന്നും വിവരിക്കാം. അതാത് ഋതുക്കളിൽ സംഭവിക്കേണ്ടതായ സ്വഭാവം തീരെ മാറിക്കാണുകയോ അല്ലെങ്കിൽ ആ വക ശീതോഷ്ണാദിസ്വഭാവം വളരെ കലശലായോ അത്യല്പമായോ കാണുന്ന കാലം ജനപദോദ്ധ്വംസകാരിയാണെന്നറിയണം * 10—അറിവുള്ള മഹാന്മാർ ഈ പറഞ്ഞപ്രകാരമുള്ള ദോഷങ്ങളോടുകൂടിയ വായു ഉദകം ദേശം കാലമെന്ന നാലു ഭാവങ്ങളും ജനപദോദ്ധ്വംസകരങ്ങളാണെന്നുതന്നെയാണ് പറയുന്നത്. ഈ പറഞ്ഞ ദോഷങ്ങളില്ലെങ്കിൽ ആ വായുമുതലായവ ജനപദത്തിന്നു ഹിതങ്ങളാണെന്നും പറയുന്നു. 11—വായു ജലം ദേശം കാലം എന്നിതുകൾ നാട്ടുനന്മയ്ക്കു ചെയ്യേണ്ടുന്നവിധമുള്ളതായ ഈ വിവരിച്ച ദൃഷ്ടാന്തങ്ങളുള്ളതാണെങ്കിലും അവിടെയുള്ള ജനങ്ങളും ശരീര

ഭാവേഷു ദോഷജ്ഞാനോപപാദ്യമാനാനാം ന ഭയം ഭവതി രോഗേഭ്യ
ഇതി. 11

ഭവന്തി ചാത്ര.

വൈദ്യൗണ്യമപ്രവന്നാനാം ദേശകാലാനിലാംഭസാം
ഗരീയസ്ത്വം വിശേഷേണ ഹേതുമൽ സംപ്രവക്ഷ്യതേ. 12

വാതാജ്ജലം ജലാദ്ദേശം ദേശാൽ കാലം സ്വഭാവതഃ
വിദ്യാദ്ദുഷ്ടരിഹാര്യത്വാൽ ഗരീയസ്ത്വമൃതുഷ്വപി. 13

വായ്വാദിഷു യഥോക്താനാം ദോഷാണാന്തു വിശേഷവിൽ

ക്കുള്ള സമർത്ഥങ്ങളായ ഔഷധങ്ങളെ ശീലിച്ചുകൊണ്ടിരുന്നാൽ അവയ്ക്ക്, ആ കാലത്തിൽ അവിടെ സംഭവിക്കാവുന്ന വിഷൂചികാദി പകച്ച് വ്യാധികളിൽനിന്നു യാതൊരു ഭയവും സംഭവിക്കുകയില്ല എന്നുള്ളതും പ്രത്യേകം ധരിച്ചിരിക്കേണ്ടതാണ് *

ഈ വിഷയത്തിൽ ഇതുകൂടെ ധരിച്ചിരിക്കേണ്ടതാകുന്നു.

12—ദേശം കാലം വായു ജലം എന്നിതുകൾ ദുർഗ്ഗുണങ്ങളായിത്തീർന്നാൽ അതിൽ ഏതേതുഭാവങ്ങൾക്കാണ് അധികം ശക്തികൂടുക എന്നുള്ളതിനെ കാരണങ്ങളോടുകൂടെ ഉപദേശിച്ചു തരികയും ചെയ്യാം * 13—വൈദ്യശാസ്ത്രാർത്ഥവിത്തായവൻ മുൻപറഞ്ഞ ദുർഗ്ഗുണങ്ങളോടുകൂടിയ വായ്വാദിഭാവങ്ങളിൽ സ്വഭാവബലംകൊണ്ടും ദോഷപരിഹാരത്തിലുള്ള പ്രയാസംകൊണ്ടും വായുവിനെക്കാൾ ജലത്തിന്നും അതിനെക്കാൾ ദേശത്തിന്നും മഹത്തരമാണ്—അനർത്ഥകരവും നന്നാക്കുവാൻ പ്രയാസമുള്ളതുമാണ് ജലം, ഇതുപോലെതന്നെ ജലത്തിനെക്കാൾ ദേശവും ദേശത്തേക്കാൾ കാലവും ഗരീയസ്ത്വങ്ങൾ തന്നെയാണെന്നുമറിയണം. * 14—ജനപദോദ്ധ്വംസം വന്നുകൊണ്ടിരിക്കുന്ന ദിക്കിൽ ചികിത്സിക്കുവാൻ വിചാരിക്കുന്നവനും ഭാവഭേദങ്ങളെ തിരിച്ചറിയുവാൻ സാമർത്ഥ്യമുള്ളവനുമായ വൈദ്യൻ അവിടെ ചെയ്യേണ്ടതായ ചികിത്സയുടെ നൈകരൂപ്യത്തിന്നായി വായു മുതലായ ഭാവങ്ങളിലെ മുൻവിവരിച്ചതായ ദോഷങ്ങളുടെ ഗുരുലാഘവലക്ഷ

പ്രതികാരസ്യ സൌകര്യേ വിദ്യോല്ലാഘവലക്ഷണം. 14
ചതുഷ്പി തു ദുഷ്ടേഷു കാലാദിഷു യതോ നരാ
ദോഷോദ്ഭവനിമിത്തേന ന ഭവന്ത്യാതുരാസ്തതഃ. 15
യേഷാം ന മൃത്യുസാമാന്യം സാമാന്യം ന ച കർമ്മണാം
കർമ്മ പഞ്ചവിധം തേഷാം ദോഷജം പരമുച്യതേ. 16
രസായനാനാം വിധിവച്ചോപയോഗഃ പ്രശസ്യതേ
പ്രശസ്യതേ ഹ്യേവമതിശ്ച ദോഷജൈഃ പൂർവ്വമുച്യതേ. 17

ണത്തെ തിരിച്ചറിയുകയും വേണം. ഇങ്ങിനെ തിരിച്ചറിഞ്ഞാൽ അത്യന്തം ദുഷിച്ച ഭാവത്തെ ആദ്യേവും പിന്നീട് മറ്റുഭാവങ്ങളേയും നന്നാക്കിയാൽ ചികിത്സിക്കാൻ അധികം സുകര്യമുണ്ടാകുമെന്നു സാരം. 15—വായു ജലം ദേശം കാലമെന്ന നാലുഭാവങ്ങളും ഒരുപോലെ ദുഷിച്ചിട്ടുണ്ടെങ്കിലും അവിടെയുള്ള ജനങ്ങളെ വേണ്ടവിധം ഔഷധം ശീലിപ്പിച്ചുകൊണ്ടിരുന്നാൽ അവക്ക് ആ കാലങ്ങളിൽ ആ പ്രദേശത്തു സംഭവിക്കാവുന്ന പകർച്ചവ്യാധിനിമിത്തം യാതൊരു പീഡയും സംഭവിക്കുകയില്ല* 16— ആ ഔഷധപരിശീലനസ്വഭാവത്തെ വിവരിക്കുന്നു: ഒരു രോഗംകൊണ്ടു തന്നെയാണെങ്കിലും മരിക്കുക പലരേ പ്രകാരത്തിലായിരിക്കും. അവർ മരിക്കുവാൻ കാരണഭൂതമായ കർമ്മത്തിനും സാമാന്യം ഭവിക്കുകയില്ല. എങ്കിലും വാതാദി പഞ്ചകർമ്മം ശീലിക്കുന്നത് അവരവർക്കും ഒരുപോലെ ഹിതവുമായിരിക്കും* 17—അവക്ക് വിധിപ്രകാരം രസായനം ശീലിക്കുന്നതും നല്ലതാണ്. അതുപോലെതന്നെ വായുമുതലായ ഭാവങ്ങൾക്കു ഭാവഭേദം വരുന്നതിനുമുമ്പെ എടുത്തുള്ള സൂക്ഷിച്ചുവയ്ക്കുന്ന ശുകധാന്യാദികൾകൊണ്ട് ആഹാരം ശീലിക്കുന്നത് അത്യന്തം ഹിതമായിരിക്കും. വായു ജലം മുതലായതു ദുഷിച്ചതിനുശേഷം തിരുത്തുന്നതിനുമുമ്പെ അതുകൊണ്ടുണ്ടാക്കുന്ന ആ ദോഷം സംഭവിക്കും. അതുപോലെതന്നെ ആ കാലത്തിൽ ആ പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന ജീവികളുടെ മാംസവും വിഷ്ണുതന്നെയായിരിക്കും. അതിനാൽ അതുകൊ

സത്യം ഭൂത ദയാ ദാനം ബലയോ ദേവതാർച്ചനം
സദ്വൃത്തസ്യാനുവൃത്തിശ്ച പ്രശമോ ഗ്രഹ്യരാത്മനഃ. 18
ഹിതം ജനപദേനുച്ചൈ ശിവാനാമുപസേവനം
സേവനം ബ്രഹ്മചര്യസ്യ തഥൈവ ബ്രഹ്മചാരിണാം. 19
സങ്കഥാ ധർമ്മശാസ്ത്രാണാം മഹർഷീണാം ജിതാത്മനാം
ധാർമ്മികൈസ്സാത്തികൈർന്നിത്യം സഹാസ്യാ വൃദ്ധസമ്മതൈഃ.
ഇത്യേതൽ ഭേഷജം പ്രോക്തമായുഷഃ പരിപാലനം
യേഷ്വാന്ന വർത്തതോ ഭൂത്യൈസ്മിൻ കാലേ സുഖോത്തരേ. 21
ഇതി ശ്രുത്വാ ജനപദോദ്ധ്വംസനേ കാരണാന്യാത്രേയസ്യ ഭ

ളെ ഒരിക്കലും ശീലിച്ചുപോകരുത് എന്നു സാരം.* 18—21— ആ കാലത്തിൽ പ്രത്യേകിച്ചും ശീലിക്കേണ്ടതായ ചില ചര്യകളേയും വിവരിക്കുന്നു:—ത്രിവിധകാരണങ്ങളിലും സത്യംവിടാതിരിക്കുക സകലജീവജാലങ്ങളിലും ദയയുണ്ടായിരിക്കുക അന്നദാനാദിദാനങ്ങൾ ചെയ്യുക മംഗളബലികഴിക്കുക ഭഗവത്സേവാദിദേവപൂജചെയ്യുക സച്ചരിതന്മാരായവരെ അനുകരിച്ചു നടക്കുക ശമപ്രധാന്നായിരിക്കുക തന്നെത്താൻ കാത്തുകൊണ്ടിരിക്കുക നല്ല പ്രദേശത്തിൽചെന്നു താമസിക്കുക ബ്രഹ്മചര്യം ശീലിക്കുക ഊർദ്ധ്വരേതസ്സുകളായ ഋഷികളെ സേവിക്കുക ജിതാത്മാക്കളായ ബ്രഹ്മർഷികളുടെ ചരിത്രത്തെ പ്രശംപാദിക്കുന്നതായ പുരാണാദിധർമ്മശാസ്ത്രങ്ങൾ വായിച്ചുകൊണ്ടിരിക്കുക ധർമ്മതല്പരന്മാരും സത്വപ്രധാന്നന്മാരും വൃദ്ധസമ്മതന്മാരുമായവരോട് ഒരുമിച്ചു താമസിക്കുക ഇതെല്ലാമാണ് ജനപദനാശം വരുന്നകാലത്തു ചെയ്യേണ്ടതായ പ്രാണരക്ഷണോപായങ്ങൾ. ആ ഭയങ്കരകാലത്തിൽ ഈ പറഞ്ഞ വിധികളെല്ലാം അനുഷ്ഠിച്ചുകൊണ്ടിരുന്നാൽ മരണം സംഭവിക്കുന്ന കാര്യം സംശയമാണ്. ഇതുകളെ ആചരിക്കാത്ത കാമകർമ്മാക്കളെല്ലാം തീച്ചയായും നശിച്ചുപോകുമെന്ന് ആശയം *

22—ആത്രേയഭഗവാൻ ജനപദോദ്ധ്വംസത്തിന്നുള്ള കാര

ഗവതഃ പുനരപി ഭഗവന്തമാത്രേയമഗ്നിവേശ ഉവാച. അഥ ഖലു ഭഗവൻ കുതോമൂലമേഷാം വായ്വാദീനാം ശൈഫ്ര്യണ്യമുൽപദ്യതേ യേനോപചീയമാനാ ജനപദമുച്ഛാദയന്തി. 22

തമുവാച ഭഗവാനാത്രേയഃ. സമ്പ്യേഷാമഗ്നിവേശ! വായ്വാദീനാം ശൈഫ്ര്യണ്യമുൽപദ്യതേ തസ്യ മൂലമധർമ്മഃ തന്മൂലത്വാത്സൻകർമ്മ പൂർവ്വകൃതം. തയോത്ഥാനാച്ച പ്രജ്ഞാപരാധ വിഭവ. 23

തത്രശ്ലോ—യദാ ദേശനഗരനിഗമജനപദപ്രധാനാ ധർമ്മൂൻ ക്രമാദധർമ്മേണ പ്രജാഃ പ്രവർത്തയന്തി, തദേതിതോപാശ്രിതാഃ

ണങ്ങളെ ഇപ്രകാരം ഉപദേശിച്ചതിനെ കേട്ടതിനുശേഷം അഗ്നിവേശൻ പിന്നെയും ആത്രേയഭഗവാനോട് ഇങ്ങിനെ ചോദിച്ചു. അല്ലയോ ഭഗവൻ! വായു ജലം ദേശം കാലം എന്നിവയെ ഹേതുക്കളാക്കി സകല ജനങ്ങളേയും ഏകകാലത്തിൽ നശിപ്പിക്കുവാൻ തക്കതായ്ത്തീരുന്നു സംഭവിക്കുവാനുള്ള കാരണമെന്താണെന്നുകൂടി ഉപദേശിച്ചു തരണേ *

23—അഗ്നിവേശൻ ഇപ്രകാരം ചോദിച്ചതിനെ കേട്ടശേഷം ആത്രേയഭഗവാൻ അഗ്നിവേശനോട് ഇങ്ങിനെ ഉപദേശിച്ചു. അല്ലയോ അഗ്നിവേശ! വായു ജലം ദേശം കാലമെന്ന ഈ ഭാവങ്ങൾക്കെല്ലാം ജനപദോപഘാതകാരിയായ ഗുണവൈഷമ്യം സംഭവിക്കുവാനുള്ള കാരണം നാട്ടിലെ അധർമ്മം തന്നെയാകുന്നു. ഇങ്ങിനെ അധർമ്മം വരുവാൻ കാരണം ജനങ്ങൾ ചെയ്തതായ ദുഷ്കൃതവുമാണ്. ഈ ദുഷ്കൃതവും അധർമ്മവുംസംഭവിക്കുവാനുള്ള കാരണം പ്രജ്ഞാപരാധം ഒന്നുമാത്രവുമാണ് *

24— അധർമ്മമെന്നു പറഞ്ഞതിനെ വിവരിക്കുന്നു—ദേശാധിപന്മാരോ നഗരാധിപന്മാരോ നിഗമാധിപന്മാരോ രാജ്യാധിപന്മാരോ സദാചാരമാർഗ്ഗത്തെ വെടിഞ്ഞ് അധർമ്മത്തെ പ്രവൃത്തിച്ചു തുടങ്ങുന്നത് ഏതൊരു കാലത്താണോ അപ്പോൾ 'യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോ ജനഃ' എന്ന ന്യായപ്രകാരം ആ ദുഷ്ടന്മാരായിത്തീർന്ന ദേശാധിപന്മാർ മുതലായവർക്കു തുടർച്ചയാ

പൌരജനപദോ വ്യവഹാരോപജീവിനശ്ച തമധർമ്മമഭിവർദ്ധയന്തി.

തതസ്സാധർമ്മഃ പ്രസരതി ധർമ്മമന്തർദ്ധത്തേ. തതസ്തേന്തർഹിതധർമ്മാണോ ദേവതാഃ പിതരഃ ത്യജ്യന്തേ. തേഷാം തഥാന്തർഹിതധർമ്മാണാമധർമ്മപ്രധാനാനാമുപക്രാന്തദേവതാനാമൃതവോ വ്യാപദ്യന്തേ. തേന നാപോ യഥാകാലം. ദേവോ വർഷതി വികൃതം വാ വർഷതി. വാതാ ന സമ്യഗഭിവാന്തി. ക്ഷിതിർവ്യാപദ്യതേ. സരിതോ ന്യുപശുഷ്യന്തി. ഔഷധയഃ സ്വഭാവം പരിഹായാപദ്യന്തേ വികൃ

നാരും ഉപാശ്രിതന്മാരും ലോകവ്യവഹാരംകൊണ്ടു ജീവിക്കുന്ന നാട്ടുകാരും ആ പ്രജ അനുചരിച്ചുതുടങ്ങിയതായ അധർമ്മത്തെ നാടെല്ലാം പരത്തുന്നു. 'വ്യവഹാരോപജീവിനഃ' എന്ന പാഠമുകയാൽ ജിതാത്മാക്കളായ ശാന്താത്മാക്കൾ ഇതിൽ പങ്കുകൊള്ളുകയില്ലെന്നഭിപ്രായം.—ഇങ്ങിനെ നാടെല്ലാം വ്യാപിച്ചുകൂടിയ അധർമ്മം ക്ഷണത്തിൽ ധർമ്മത്തെ ബലാൽകാരേണ മാച്ചുകളയും. ധർമ്മാനുഷ്ഠാനം തീരെ നശിക്കുകയാൽ, ആ രാജ്യത്തെ രക്ഷിച്ചുകൊണ്ടിരുന്ന പരദേവതകളും ആ രാജ്യനിവാസികളെ തീരെ കൈവെടിയും. ധർമ്മാചരണം നിർദ്ദോഷം നശിച്ചവരും അധർമ്മപരന്മാരും വൈവസ്വതാദി കല്പിച്ചവരുമായ ജനങ്ങൾ അധിവസിക്കുന്ന രാജ്യത്തിൽ ഋതുക്കൾക്കു വ്യത്യാസംവരും—അതാത് ഋതുക്കൾക്കുള്ള ലക്ഷണം കാണാതെ മറ്റുകാലങ്ങളിലെ ലക്ഷണം കാണും. ഋതുവൈഷമ്യം നിമിത്തം വേണ്ടസമയത്തു മഴയുണ്ടാവുകയില്ല. മഴപെയ്യുന്നതു തൽക്കാലം ധാന്യങ്ങൾ തീരെ നശിച്ചുപോകുവാൻ കാരണമാംവണ്ണം അതിവൃഷ്ടിസംഭവിച്ചു എന്നും വരാം. വേണ്ടതുപോലെ കാറ്റുവീശുകയില്ല. ഭൂമിയിൽ വിളവും വളരെ കുറയും. ഒരു കാലവും വാറ്റി കേട്ടുകേളിയില്ലാത്ത ജലാശയങ്ങളെല്ലാം പാഴുപറമ്പാകും. ഔഷധങ്ങൾ അതാതുകൾക്കുള്ള വീര്യമില്ലാത്തവയും ചിലതു വിപരീതവീര്യങ്ങളുമായിത്തീരും. ഈ പറഞ്ഞതുകളെല്ലാം സംഭവിച്ചാൽ സ്പർശിക്കുവാനും ഭക്ഷിക്കുവാനുമുള്ള പദാർത്ഥങ്ങളെല്ലാം തകരാ

തി. തതഉദ്ധംസനോ ജനപദോ സ്സുദ്ദാത്തവഹാസ്സുദ്ദാത്തോഷ്ഠാൽ. 25

തഥാ ശസ്ത്രപ്രഭവസ്യാപി ജനപദോപദ്രവസ്യാധർമ്മ ഏവ ഹേതുർഭവതി. യേന പ്രവൃദ്ധലോഭക്രോധമോഹാൽമാനാദ്, തേ ദുർബ്ബലാനവമന്യമാനാസ്തേഷാം ജനപദോപഘാതായ ശസ്ത്രേണ പരസ്പരമഭിക്രാമന്തി. പരാൻ വാഭിക്രാമന്തി പരൈർവ്വാഭിക്രാമ്യന്തേ രാജ്ഞാം നാമഭിർവ്വാ വിവിധൈർ ഭേദസംജ്ഞൈസ്തുമധർമ്മന്യൂനാപ്രാപ്തപ്രവാദാനുപലബ്ധിഹാന്യന്തേ. തഥാഭിശാപസ്യാധർമ്മ ഏവ ഹേതുർഭവതി. 26

റായിത്തീരുകയാൽ അവിടെ ഉടനെ നാട്ടുകാരെല്ലാവർക്കുംകൂടി ഏകകാലത്തിൽ ഒരു ഉദ്ധംസം സംഭവിക്കുമെന്നുള്ളതു തീർച്ചയാകുന്നു*

26—യുദ്ധാദികളിൽ ശസ്ത്രപ്രഹാരത്താലും ഒരുവിധം രാജ്യനാശം സംഭവിക്കും. ആ നാശത്തിന്നുള്ള കാരണവും അധർമ്മം തന്നെയാകുന്നു. അതെങ്ങിനെ എന്നു വിവരിക്കുന്നു: ലോഭം ക്രോധം മോഹം അഭിമാനം എന്ന ദുർഗ്ഗുണങ്ങൾ അധികം വർദ്ധിച്ചവരാരെല്ലാമാണോ അവർ ദുർബ്ബലന്മാരായ അവനവന്റെ സ്വജനങ്ങളേയും മറ്റു ജനങ്ങളേയും ഹിംസിക്കുവാൻ വേണ്ടി അന്യോന്യം ശസ്ത്രപ്രഹാരത്തെ ചെയ്യും. അവനവന്റെ ശത്രുക്കളുടെ നേരെയും ചിലപ്പോൾ എഴുന്നള്ളും. ചില സമയം ശത്രുക്കൾ വന്നെതിരുക്കുമ്പോൾ അവരോടു തോറ്റിടും. ഈവക ഘട്ടങ്ങളിലെല്ലാം ശസ്ത്രജന്യമായ ജനപദനാശം സംഭവിക്കും. ലോഭക്രോധമോഹാഭിമാനങ്ങളായ നാലുതരം മനോവികാരംനിമിത്തം ചെയ്യുന്നതായ പരഹിംസാരൂപമായ അധർമ്മത്താലോ മറ്റുവിധത്തിലുള്ള (കുലസ്ത്രീഹരണാദിരൂപമായ) അധർമ്മത്താലോ അന്തരം സിദ്ധിച്ച രാക്ഷസാദിഭൂതങ്ങളോ മറ്റു ഭൂതഗണങ്ങളോ ഇവരെ ബാധിക്കും. അതുനിമിത്തവും രാജ്യനാശം സംഭവിക്കും. മഹർഷിമാർ മുതലായവരുടെ ശാപംനിമിത്തവും ജനപദോദ്ധംസം സംഭവിക്കും. അതിന്നുള്ള കാരണവും അധ

യേ ത്വപ്യധർമ്മാണോ ധർമ്മാദേപതാസ്സ്യ ഗുരുവൃദ്ധസിദ്ധർഷി. വൃജ്യാനവമത്യാഹിതാന്യാചരന്തി. 27

തതസ്സ്യാ ക്രിയാ ഗുർവ്വാദിഭിരഭിശപ്താ ഭസ്മതാമുപയാന്തി. പ്രാഗപ്യുത്പത്തേരനേകപുരുഷകുലവിനാശായ. നിയതപ്രത്യയോപലംഭാന്നിയതാശ്ചാപരേ. അനിയതപ്രത്യയോപലംഭാനിയതാശ്ചാപരേ.

പ്രാഗപി ചാധർമ്മാദുത്തേ നാസ്തുദോൽപത്തിരന്യതോഭൂൽ. ആദികാലേ ഹ്യുദിതിസുതസംജ്ഞസോമവിമലവിപുലപ്രഭാവാഃ പ്ര

മ്മാചരണം തന്നെയാണ് * 27—ശാപകാരണങ്ങളായ അധർമ്മങ്ങളെ പ്രത്യേകം വിവരിക്കുന്നു:—ധർമ്മശാസ്ത്രവിധിപ്രകാരമുള്ള കർമ്മങ്ങളെ മനഃപൂർവ്വം ചെയ്യാതിരിക്കുകയും കുലാചാരം തെറ്റിനടക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവർ ഗുരുശ്രേഷ്ഠന്മാർ വൃദ്ധന്മാർ സിദ്ധന്മാർ ഋഷികൾ വൃദ്ധന്മാർ ഇവരെയെല്ലാം അവമാനിക്കുകയും ഇവർക്ക് അഹിതമായതിനെ ആചരിക്കുകയും ചെയ്യും. 28—ഇങ്ങിനെ അധർമ്മാചാരികളായവരെ ഗുരുശ്രേഷ്ഠന്മാർ മുതലായവർ ശപിക്കും. ആ ശാപംനിമിത്തം ഇവർ നശിക്കുകയും ചെയ്യും. ഇങ്ങിനെ ധർമ്മപഥത്തെ തെറ്റിനടക്കുന്ന പലരേയുംമുമ്പുള്ളകാലങ്ങളിലും അവരുടെ ഗുരുശ്രേഷ്ഠന്മാർ മുതലായവർ ശപിക്കുകയും അവരെല്ലാം നശിക്കുകയും ചെയ്തിട്ടുണ്ട്. നിയമേന ധർമ്മംതെറ്റിനടക്കുന്ന ജനങ്ങളും നിശ്ചയമായും നശിക്കും. സത്യേ ധർമ്മാചരണം ചെയ്യുന്നവരാണ്. സംഗതിവശാൽ അധർമ്മം ചെയ്തുപോയാലുണ്ടെങ്കിൽ അവർ ആ അധർമ്മത്തിന്റെ ശക്തിയെ അനുസരിച്ചു നശിച്ചു എന്നും വരാം. നശിച്ചില്ലെന്നും വരാം. അതിനാൽ ധർമ്മമാർഗ്ഗഭ്രഷ്ടന്മാരായ വിമതപാഷണ്ഡന്മാർക്ക് അധഃപതനം തീച്ചയാണെന്നും മറവുള്ളവർക്ക് രണ്ടും വരുന്നുകാമെന്നും സിദ്ധമായിരിക്കുന്നു *

29—മുമ്പുള്ള കാലങ്ങളിലും അധർമ്മാചരണംകൂടാതെ മറവുയാതൊരുകാരണത്താലും അസ്തുത്പത്തിയുണ്ടായതായി കണ്ടിട്ടി

2318 7. K. 1

തൃപ്തോദേവർഷിധർമ്മയജ്ഞവിധിവിധാനാശൈലേന്ദ്രസാരസംഘാ
തസ്ഥിരശരീരാശ പ്രസന്നവർണ്ണേന്ദ്രിയാശ പവനസമബലജവപരാ
ക്രമാശ്ചാരുസ്മിതചോദി തൃപപ്രമാണാകൃതിപ്രസാദോപചയവന്ത
സത്യാർജ്ജവാനുശംസ്യാനേനിയമതപോപവാസബ്രഹ്മചര്യ്യവ്രത
പരാ വ്യപഗതഈർഷ്യരാഗദ്വേഷ്ടമോഹലോഭക്രോധശോകമാനരോ
ഗനിദ്രാതന്ദ്രാശ്രമക്ലമാലസ്യപരിഗ്രഹാശ്ച പുരുഷാ ഏകൈകസ്മി
ന്നുഷസി. 29

ല്ല. കല്പത്തിന്റെ ആദികാലത്തിൽ (സകലജനങ്ങളും ധർമ്മപര
ന്മാരായിരുന്നതുനിമിത്തം) അന്നുണ്ടായിരുന്നവരെല്ലാം ദേവതുല്യമാ
യ ഓജസ്സുള്ളവരും അത്യന്തം നിർമ്മലമായും—കളങ്കരഹിതമായും
ലോകമെല്ലാം കേൾവിപ്പെട്ടതായുമുള്ള പ്രഭാവത്തോടുകൂടിയവരും ദേ
വന്മാരേയും ദേവർഷികളേയും പ്രത്യക്ഷമായി കാണുകയും അവരാൽ
ഉപദേശിക്കപ്പെട്ട ധർമ്മമായ പഞ്ചയജ്ഞവിധികളെ വേണ്ടുപോ
ലെ അനുഷ്ഠിക്കുകയും ചെയ്യുന്നവരും പർവ്വതതുല്യമായ — അത്യന്ത
മാത്രമായ കട്ടിയുള്ള സ്ഥിരഗാത്രന്മാരും ശരീരവർണ്ണത്തിന്നും ച
ക്ഷുരിന്ദ്രിയാദി ഇന്ദ്രിയങ്ങൾക്കും പ്രസാദമുള്ളവരും ബലംകൊണ്ടും
വേഗംകൊണ്ടും പരാക്രമംകൊണ്ടും വായുഭഗവാനോടുതുല്യന്മാരും ഭം
ഗിയുള്ള അവയവങ്ങളോടുകൂടിയവരും ശരീരപ്രകൃതിക്ക് അത്യന്ത
അനുരൂപമായ പ്രമാണം—ശരീരവലിപ്പം ആകൃതി പ്രസാദം വള
ച്ചു ഇതുകളോടുകൂടിയവരും സത്യം ആർജ്ജവം ആനുശംസ്യം ദാനശീ
ലത്വം ദമം (ഇന്ദ്രിയനിഗ്രഹം) നിയമം തപസ്സ് ഉപവാസം ബ്ര
ഹ്മചര്യം വ്രതങ്ങൾ ഇതുകളിൽ ശ്രദ്ധയുള്ളവരും ദ്വേഷം രാഗം ദ്വേ
ഷം അത്യാഗ്രഹം ലോഭം ദ്വേഷ്യം ശോകം അഭിമാനം രോഗം ത
കാലനിദ്ര മടി ശ്രമം തളർച്ച ആലസ്യം എന്നിതുകൾ ബാധിക്കാത്ത
വരും ദീർഘായുസ്സുള്ളവരുമായിരുന്നു * 30—ഇങ്ങിനെ കൃതയുഗത്തി
ന്റെ ആദികാലത്തിൽ ഔദാര്യയുക്തവും സത്പ്രധാനവു
മായ കർമ്മത്തെത്തന്നെ ആചരിക്കുന്നവരായ മുൻപറഞ്ഞ പ്രജകൾ

തേഷാമുദാരസത്ത്വഗുണകർമ്മണാമചിന്ത്യതദ്ഗുണവീര്യവി
പാകപ്രഭാവഗുണസമുദിതാനി പ്രാദുർഭ്ഭവന്തി സസ്യാനി. സ
ർവ്വഗുണസമുദിതതയാൽ പൃഥിവ്യാദിനാം കൃതയുഗസ്യാദൌ, ഭ
ഗവതി തു കൃതയുഗേ കേഷാഞ്ചിദ്യോഗാനാൽ സാമ്പന്നികാനാം
ശരീരഗൌരവമാസീൽ. സതാമ്നാം ഗൌരവാൽ ശ്രമഃ ശ്രമാ
ദാലസ്യമാലസ്യാൽ സഞ്ചയഃ സഞ്ചയാൽ പരിഗ്രഹഃ പരിഗ്രഹാ
ല്ലോഭഃ പ്രാദുർഭ്ഭൂതഃ. 20

ളോടുകൂടിയ ജനങ്ങളുടെ അചിന്ത്യമായ ഗുണഗണങ്ങളാൽ പൃഥി
വ്യാദിമഹാഭൂതങ്ങൾക്ക് അതാതിന്നുവേണ്ടുന്ന സകല ഗുണങ്ങളും
പരിപൂർണ്ണമായി സംഭവിക്കുക നിമിത്തം ആ കാലങ്ങളിലുണ്ടായ
സകല സസ്യങ്ങളും അതാതിന്നുണ്ടാകേണ്ടതായ രസം വീര്യം വി
പാകം പ്രഭാവമെന്ന ഗുണങ്ങാം പരിപൂർണ്ണങ്ങളായിട്ടുള്ളവ തന്നെ
യായിരുന്നു. ഇങ്ങിനെ വളരെക്കാലം കഴിഞ്ഞു കൃതയുഗം ഏതാ
ണ്ട് അവസാനിക്കാറായപ്പോൾ ചില സമ്പന്നന്മാരായ ജനങ്ങാം
അവനവന്നും തന്നെ ആശ്രയിച്ചവക്കും ആഹാരദ്രവ്യങ്ങളിൽ വ്യ
ത്യാസം വരുത്തി അവനവൻ മറൊള്ളവരെക്കാം നല്ലപദാർത്ഥങ്ങ
ളെ അധികം ഭക്ഷിച്ചുതുടങ്ങി. ആ അതിഭക്ഷണംനിമിത്തം അവ
രുടെ ശരീരത്തിന്നു സാധാരണയിൽ കവിഞ്ഞ ഗൌരവം സംഭവി
ച്ചു. അവക്കു ശരീരഗൌരവം വരികനിമിത്തം സ്ഥാനാസനചക്ര
മാദികളിൽ കൂടി ശ്രമം ബാധിച്ചു. ആശ്രമം നിമിത്തം ആലസ്യ
വും അതുനിമിത്തം വാതാദിദോഷങ്ങാംക്കു ചയവും സംഭവിച്ചു.
ദോഷാസഞ്ചയംവന്നതിനാൽ അവക്കുള്ള സുഖസ്ഥിതിക്കുവേണ്ടുന്ന
പദാർത്ഥങ്ങളെ മുമ്പിലുള്ളപോലെ അപ്പപ്പോാം സമ്പാദിക്കുവാൻ
സാധിക്കയില്ലെന്നതോന്നുകയാൽ അവർ ധാന്യാദികളെ ശേഖരി
ച്ചുതുടങ്ങി. സൂക്ഷിക്കുവാനാഗ്രഹം തുടങ്ങിയതോടുകൂടെ ധർമ്മബു
ദ്ധിപോയി ലോഭമെന്ന ദുർഗ്ഗുണം പ്രത്യക്ഷപ്പെടുകയും ചെയ്തു *

തതഃ കൃതയുഗേ ഗതേ ത്രേതായാം ലോഭോദ്ഭവഃ ൩൧. ദ്രോഹാനൃതവചനമനൃതവചനാൽ കാമക്രോധമാനദ്വേഷപാരുഷ്യാദിഹാതഭയതാപശോകചിന്തോദ്വേഗാദയഃ പ്രവൃത്താഃ. തതഃ ത്രേതായാം ധർമ്മപാദാനാദ്ധ്യാനമഗമൽ. തതോ ധ്യാനാൽ പൃഥിവ്യാദീനാം ഗുണപാപ്രേണാദോഷാൽ. തൽപ്രണാശകൃതഞ്ച സസ്യാനാം സ്നേഹവൈമല്യരസവീര്യവിപാകപ്രഭാവഗുണപാപ്തേശ്ച ൩൨.

തതസ്തു നി പ്രജാശ്ചിരാണി ഹിംസാഗുണപാപ്തേർഹേയമാനഗുണൈശ്ചാഹാരവിഹാരൈരയഥാ പൂർവ്വമുപയുജ്യമാനാനുഗി

31—ഇങ്ങിനെ ലോഭപ്രത്യക്ഷമായപ്പോൾ കൃതയുഗം കഴിഞ്ഞു ത്രേതായുഗം തുടങ്ങി. അതിൽ മൻയുഗാവസാനത്തിൽ തുടങ്ങിയതായ ലോഭം കലശലായുകയാൽ ജനങ്ങൾ തമ്മിൽ തമ്മിൽ ദ്രോഹിച്ചുതുടങ്ങി. ആ ദ്രോഹത്തിന്നു ശക്തികൂടിക്കൂടിവന്നപ്പോൾ പൊള്ളപറയുന്ന സ്വഭാവമായും വന്നുകൂടി. ആ അനൃതവചനംനിമിത്തം അന്യാഗ്രഹം ക്രോധം അഭിമാനം ദ്വേഷം പരുഷവചനം അതിഘാതം (അടിക്കുക ചതയ്ക്കുക മുതലായ ദേഹോപദ്രവകർമ്മം) ഭയം സന്താപം ശോകം ചിന്തോദ്വേഗം മുതലായ ദുർഗുണങ്ങൾ ലോകത്തിൽ ധാരാളം നടപ്പായിവന്നു * 32—ഈ വക യുഗധർമ്മമെല്ലാം തികഞ്ഞ ത്രേതായുഗത്തിൽ തപസ്സ് ശൌചം ദയ സത്യം ഇന്ന ധർമ്മപാദങ്ങളിൽ തപസ്സ് എന്ന ആദ്യപാദം തിരോഭാവപാകും. ആ ധർമ്മപാദം നശിക്കുകനിമിത്തം പൃഥിവ്യാദിദ്രവ്യങ്ങളുടെ ഗുണങ്ങളിൽ നാലിൽ ഒരു ഭാഗം ക്ഷയിച്ചുപോകും. മഹാദ്രവ്യഗുണത്തിന്റെ പാദനാശംനിമിത്തം സസ്യങ്ങൾക്കുള്ള സ്നിഗ്ദ്ധത മധുരാല്യം രസം വീര്യം വിപാകം പ്രഭാവമെന്ന ഗുണങ്ങളുടെയും ക്രമത്തിലൊന്നു നശിച്ചുപോകും. * 33—ഇങ്ങിനെയെല്ലാം സംഭവിച്ചതിന്നുശേഷമുള്ള ജനങ്ങളുടെ ശരീരങ്ങൾക്ക്, അതാതിനുള്ള ഗുണത്തിൽ നാലിലൊരുഭാഗം തിരെ നശിച്ചുപോയവയും ഗുണതാരതമ്യം ഏകദേശം നശിക്കുകയാൽ ബാക്കി ഭാഗങ്ങളും നശിച്ചുതുടങ്ങിയവയു

മാരുതപരീതാനി പ്രാഗ്വ്യാധിഭിർജ്ജരാദിഭിരാക്രാന്താനി. അതഃ പ്രാണിനോ ഹ്രാസമവാപ്നുവന്തായുഷഃ ക്രമശ ഇതി.

ശ്വേതശ്ലോത്രം.

യുഗേ യുഗേ ധർമ്മപാദഃ ക്രമേണാനേന ഹീയതേ
ഗുണപാദശ്ച ശ്രുതാനാമേവം ലോകഃ പ്രലീയതേ. 34
സംവത്സരശതേ പൂർണ്ണേ യാതി സംവത്സരഃ ക്ഷയം
ദേഹിനാമായുഷഃ കാലേ യത്ര യന്മാനമിഷ്യതേ. 35

മായ ആഹാരപദാർത്ഥങ്ങളെക്കൊണ്ടും അതേവിധം തപസ്സു നശിക്കുകയാൽ നഷ്ടപ്രായഗുണഗണങ്ങളായ വിഹാരങ്ങളെക്കൊണ്ടും മുമ്പുണ്ടായിരുന്നപോലെ വർദ്ധിച്ചുവരികയില്ല എന്നുമാത്രമല്ല അതുകൂടാതെ ആ ഗുണനാശഭാവങ്ങളും വായുസ്വഭാവങ്ങളുമായിത്തീരുകയും അപ്പോൾ ജരാരോഗങ്ങളുണ്ടാകുകയും ചെയ്യും. ഇങ്ങിനെ ജരാരോഗങ്ങൾ ചെറുക്കുകയും മനുഷ്യന്റെ ആയുസ്സിനു ക്രമേണ കുറവുവരികയും ചെയ്യുന്നു. *

ഈ വിഷയത്തിൽ ഇതുകൂടെ ഗ്രഹിച്ചിരിക്കുകയും വേണം.

34— ഈ പാദം ക്രമപ്രകാരം ഓരോ യുഗം കഴിയുമ്പോഴും ധർമ്മത്തിന്റെ ഓരോ പാദം ക്ഷയിച്ചുപോകും. അതുനിമിത്തം പാലേട്ടാതികളായ ഔഷധങ്ങളുടെ രസം വീര്യം വിപാകം പ്രഭാവമെന്നു ഗുണപാദങ്ങളിൽ ഓരോന്നും ക്ഷയിക്കും. ഇങ്ങിനെ ധർമ്മപാദങ്ങളും ഗുണപാദങ്ങളും തിരെ നശിക്കുന്നസമയം ലോകം ക്രമേണ നശിക്കും. * 35— ഇങ്ങിനെ കാണുന്നത് പൂർവ്വതന്ത്രത്തോട് അനുസരിച്ചായിരിക്കുമെന്നും പറയുന്നു:— വൈവസ്വതമായ ഒരുന്നൂറുകൊല്ലം കഴിയുമ്പോൾ മനുഷ്യന് (മേൽപാദത്തെ കാരണങ്ങളാൽ) ഒരു കൊല്ലത്തെ ആയുസ്സു കുറയും. അപ്പോൾ ചതുർയ്യുഗാവസാനത്തിൽ മനുഷ്യന്മാർ തീരെ ആയുർബലമില്ലാത്തവരായിത്തീരും. ഒരു മനുഷ്യന്റെ പൂർണ്ണായുസ്സ് 100 കൊല്ലമാകുന്നു. മനുഷ്യരുടെ ഒരു ചതുർയ്യുഗകാലം 43,20,000 സംവത്സരമാണ്. അതിന് 4,320 ദിവ്യസംവത്സരവുമാകുന്നു. അപ്പോൾ 100 ദി

ഇതി വികാരാണാം പ്രാഹുർപത്തിഹേതുരുക്തോ ഭവതി. 36
ഏവം വാദിനം ഭഗവന്തമാത്രേയമഗ്നിവേശ ഉവാച. കിന്നു
പുനർ ഭഗവൻ! നിയതകാലപ്രമാണമായുഃ സ്വേന വേതി. 37

ഭഗവാനുവാച.

ഇഹാഗ്നിവേശ! ഭൂതാനാമായുഷ്കർതിമപേക്ഷതേ
തൈരേവ പുരുഷകാരേ ച സ്ഥിതം ഹ്രസ്വേ ച ലാഘവേ. 38

വ്വ്സംവത്സരം തികയുമ്പോൾ ഒരു കൊല്ലത്തെ ആയുസ്സു കായും. ഇങ്ങിനെ നോക്കുന്നതായാൽ കൃതയുഗം മുതൽ കലിയുഗത്തിന്റെ അവസാനത്തിലേക്ക് ആയുർബ്ബലം തിരെ കുറഞ്ഞുവരുമെന്നും ഗ്രഹിക്കണം. ഈ ദൈവമാനുഷസംവത്സരവിവരണം അമരകോശം പാരമേശ്വരിയിൽ വിശദമായി വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ തൽകാലം ഇതിലധികം വിവരിക്കുവാൻ വിചാരിക്കുന്നില്ല * 36—രോഗങ്ങൾ തുടങ്ങുവാനുള്ള കാരണം ഇപ്രകാരമാകുന്നു. ആ വിഷയത്തിൽ അറിഞ്ഞിരിക്കേണ്ടതായ സകല വിവരവും ഇങ്ങിനെ പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു. *

37—ഇപ്രകാരം ഉപദേശിച്ച ആത്രേയഭഗവാനോട് അഗ്നിവേശൻ പിന്നെയും ചോദിച്ചു. അല്ലയോ ഭഗവൻ! ആയുസ്സിന്റെ പ്രമാണം ഈ പറഞ്ഞപ്രകാരം മാത്രമേ സംഭവിക്കുകയുള്ളൂ? അതോ ഈ പറഞ്ഞതിൽനിന്ന് എന്തെങ്കിലും കാരണനിമിത്തം വല്ല ഭേദഗതിയും സംഭവിക്കുമോ? അതുകൂടെ ഉപദേശിച്ചരുളണം * അഗ്നിവേശൻ ഇങ്ങിനെ ചോദിച്ചപ്പോൾ ആത്രേയഭഗവാൻ ഇപ്രകാരം ഉത്തരം പറഞ്ഞു.

38— അല്ലയോ അഗ്നിവേശ! ഈ ലോകത്തിൽ കാണുന്ന സകല ജീവികളുടെ ആയുസ്സിന്റെ നിലനില്പ് യുക്തിയെ അപേക്ഷിച്ചാണ് സ്ഥിതിചെയ്യുന്നത്. മുൻവിവരിച്ച ആയുസ്സിന്റെ പരിമാണം അതാതുകാലത്തിൽ സംഭവിക്കാവുന്നതാണെന്നു സാരം. ആയുസ്സിന്റെ ബലാബലസ്ഥിതി ബോധിപ്പിക്കുന്നതും പു

ദൈവമാത്മകൃതം വിദ്യാൽ കർമ്മ യൽ പൂർവ്വദൈഹികം
സ്മൃതം പുരുഷകാരസ്തു ക്രിയതേ യദിഹാപരം. 39
ബലാബലവിശേഷോസ്തി തയോരപി ച കർമ്മണോ
ദ്വിധാ ഹി ത്രിവിധം കർമ്മ ഹീനം മദ്ധ്യമമുത്തമം. 40
തയോരാദ്യാദ്യയോസ്സുഖിദ്ദീഘ്രസ്യ സുഖസ്യ ച
നിയതസ്യായുഷോ ഹേതുർവ്വിപരീതസ്യ ചേതരാ. 41

ഷാകാരത്തേയും ആശ്രയിച്ചിരിക്കുകയും ചെയ്യും. ഒരുവേകോപം വരാതിരിക്കുകയും ത്രിവിധകരണങ്ങളെക്കൊണ്ടും ആയുഷ്കരങ്ങളായ കർമ്മങ്ങളെ ശീലിക്കുകയും ചെയ്യാൽ പൂർണ്ണമായ ആയുസ്സു ലഭിക്കുമെന്ന് ആശയം * 39— ദൈവമെന്നും പുരുഷകാരമെന്നും പറഞ്ഞതിനെ വിവരിക്കുന്നു:— ദൈവമെന്നു പറഞ്ഞത്, പൂർവ്വജന്മങ്ങളിൽ താൻ ചെയ്ത കർമ്മം യാതൊന്നോ അതാകുന്നു— ആ കർമ്മഫലപരിണാമമാകുന്നു. ഈ ജന്മത്തിൽ ചെയ്യുന്ന കർമ്മത്തിന്റെ ഫലം യാതൊന്നോ അതാകുന്നു പുരുഷകാരമെന്നു പറയുന്നത് * 40— കർമ്മം ഹീനവീര്യം മദ്ധ്യമം ഉത്തമം എന്നിങ്ങിനെ മൂന്നവസ്ഥയിലാകുന്നു. അതിനാൽ പൂർവ്വജന്മകർമ്മത്തിനും പുരുഷകാരത്തിനും ചിലപ്പോൾ ബലാബലവിശേഷം ഭവിക്കും. പൂർവ്വജന്മകർമ്മം ഹീനവീര്യവും ഈ ജന്മത്തിലെ കർമ്മം ഉൽകൃഷ്ടവീര്യവുമാണെങ്കിൽ അവന്റെ അനുഭവം പുരുഷകാരത്തെ ആശ്രയിച്ചിരിക്കും. നേരെ മറിച്ച് ദൈവകാരം ശക്തിമത്താണെങ്കിൽ പുരുഷകാരത്തിന്നു വിപരീതഫലവും സംഭവിക്കും. ഈ വ്യത്യാസം കാണുന്നടിത്തറയിൽ ദൈവപുരുഷകാരങ്ങളുടെ ബലാബലവിശേഷത്തെ അറിയണമെന്നു സാരം * 41— പൂർവ്വജന്മകർമ്മവും ഈ ജന്മത്തിലെ കർമ്മവും ഉദാരമായിട്ടുള്ളതാണെങ്കിൽ അവന്ന് ജീവാവസാനംവരെ ദുഃഖം ഇടകലരാതുള്ള സുഖവും മുൻ വിവരിച്ചപ്രകാരമുള്ള ദീർഘായുസ്സും സംഭവിക്കും. ഈ രണ്ടു കർമ്മങ്ങളും നിന്ദ്യങ്ങളായിട്ടുള്ളവയാണെങ്കിൽ സുഖവും ദീർഘായുസ്സും നശിക്കുകയും ചെയ്യും. * 42— ദൈവവും പുരുഷകാരവും മദ്ധ്യമമായിട്ടുള്ളവയാണെങ്കിൽ സുഖവും

മദ്ധ്യമാ മദ്ധ്യമസ്യേഷ്ടാ കാരണം ശുഭ പാപരം
ഏവം പുരുഷകാരേണ ദുർബ്ബലം ഹ്യുപഹന്യതേ. 42
ദൈവേന ചേതരൽ കർമ്മ വിശിഷ്ടേനോപഹന്യതേ
ദൃഷ്ടാ യത്രേകേ മന്യന്ത നിയതം മാനമായുഷഃ. 43
കർമ്മ കിഞ്ചിൽ കചിൽ കാലേ വിപാകേ നിയതം മഹൽ
കിഞ്ചിത്തു കാലനിയതം പ്രത്യയൈഃ പ്രതിബോധ്യതേ. 44

ആയുസ്സും മദ്ധ്യമമായുമിരിക്കും. ഇവി ഇതിൽ ന്യൂനാധികഭാവം പറഞ്ഞാലുണ്ടാകുന്ന വ്യത്യാസത്തെയും വിവരിക്കാം. അതിലെ കാരണത്തെ മനസ്സിരുത്തി ധരിക്കുക. പൂർവ്വജന്മകർമ്മത്തിനെ വലിയ ശക്തിയില്ലെങ്കിൽ അതിന്റെ ഫലപരിണാമത്തെ തദ്വിപരീതമായ പുരുഷകാരംകൊണ്ടു തടുക്കുവാൻ കഴിയും. 42— വിശിഷ്ടഗുണയുക്തമായ ജന്മാന്തരകർമ്മഫലം പുരുഷകാരത്തെ തീരെ നശിപ്പിക്കുകയും ചെയ്യും. ഇങ്ങിനെയുള്ള വ്യത്യാസം കാണുകയാൽ (ഒരാൾക്കു രോഗം തുടങ്ങി. സുകൃതങ്ങൾ ചെയ്യുമ്പോൾ ആ രോഗം തീരെ ശമിച്ചു. മറ്റൊരാൾ സുകൃതകർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ മഹാരോഗം പിടിച്ചു ചക്രശ്വാസം വലിക്കുന്നു എന്ന ചക്ഷുർമ്മാത്രഗ്രാഹ്യമായ വ്യത്യാസം കാണുകയാൽ) ചിലർ ആയുസ്സ് നിയതമാണെന്ന്— ഒരുവന് ഇത്ര ആയുസ്സ് എന്ന് ഒരു വൈമതമുണ്ടാകും അത്രകാലം അവൻ ജീവിച്ചിരിക്കും അല്ലാതെ കർമ്മംകൊണ്ട് ആയുസ്സു വർദ്ധിക്കുകയോ ക്ഷയിക്കുകയോ ഇല്ല എന്നു പറയുന്നു * 44— എന്നാൽ ചില കാലത്തു ചെയ്ത ചില കർമ്മം അതിന്റെ പരിപാകകാലത്തിൽ നിശ്ചയമായും മഹത്തായി— മറ്റു സകല കർമ്മഫലങ്ങളേയും അതിക്രമിക്കുന്നതായിരിക്കും. കാലനിയതമല്ലാത്ത ചില കർമ്മഫലം പ്രത്യയംകൊണ്ട് അറിയപ്പെടും. 'പ്രത്യയോധിനാശപ്രായശ്ചിത്താനവിശ്വാസഹേതുഷു । രന്ധ്രേ ശബ്ദേ' എന്ന് അമരസിംഹൻ. *

45— ഈ പറഞ്ഞ രണ്ടുതരത്തിലും കർമ്മഫലപരിണാമപ്രാ

സ്മാദുഭയദൃഷ്ടതാദേകോന്തഗ്രഹണമസാധു. നിദർശനമപി
ചാത്രൈവോഹരിഷ്യാമഃ. യദി ഹി നിയതകാലപ്രമാണമായുഃ സ്യാ
ത്സ്യാന്തതോയുഷ്ടാമാണം ന മന്ത്രൗഷധിമണിമംഗളബല്യുപ
ഹാരഹോമനിയമപ്രായശ്ചിത്തോപവാസ സ്വസ്ത്യയനപ്രണിപാ
തഗമനാദ്യാഃ ക്രിയാ ഇഷ്യന്തേ പ്രയുജ്യേരൻ്. 45

ന ഉൽഭ്രാന്തചണ്ഡചപലഗോഗ്രജോഷ്ട്രവരതുരഗമഹിഷാദ്യാഃ പവനാദ്യശ്ച ദുഷ്ടാഃ പരിഹാര്യാഃ സ്യുന്ന പ്രതാപകരിവിഷ

പ്പി കണ്ടുവരുന്നതിനാൽ ദൈവം പ്രമാണമെന്നോ പുരുഷകാരം പ്രമാണമെന്നോ മാത്രം വിശ്വസിക്കുന്നത് അത്യന്തം അബദ്ധമാകുന്നു. ദൈവവും പുരുഷകാരവും രണ്ടും വിശ്വസിക്കേണ്ടതുതന്നെയാകുന്നു. ദൈവപുരുഷകാരങ്ങളുടെ ഫലത്തിന്റെ ചിലപ്പോൾ ആളുകളുടെ ബലാബലവൈഭവംനിമിത്തം വൈപരീത്യംകാണുകയാൽ ആയുസ്സ് നിയതകാലമാണ് അല്ലാതെ പൂർവ്വജന്മകർമ്മംകൊണ്ടോ പുരുഷകാരംകൊണ്ടോ അതു വർദ്ധിക്കുകയും ക്ഷയിക്കുകയുമില്ല എന്നു പായുന്നതു ശരിയല്ല എന്നുള്ളതിന്ന് ഉദാഹരണത്തോടുകൂടെ ഈ ദൃഷ്ടാന്തത്തെയും ഉപദേശിക്കാം. ദൈവപുരുഷകാരങ്ങളല്ല ആയുസ്സിനെ നിലനിർത്തുക എങ്കിൽ, ദീർഘായുസ്സിനെ ആഗ്രഹിക്കുന്നവർ മന്ത്രജപം ചെയ്കയും ഔഷധം ശീലിക്കുകയും മണികളെ ധരിക്കുകയും മംഗളബാലികളെ ചെയ്കയും വഴിവാടുകഴിക്കുകയും മൃത്യുഞ്ജയാദിഹോമം ചെയ്കയും നിയമങ്ങളെ അനുഷ്ഠിക്കുകയും കർമ്മവിപാകപ്രായശ്ചിത്തം ചെയ്കയും ഉപവാസം ശീലിക്കുകയും സ്വസ്ത്യയനം സമ്പാദിക്കുകയും ആദിത്യനമസ്കാരം മുതലായതു ചെയ്കയും തീർത്ഥയാത്ര ചെയ്കയും യാഗങ്ങൾ ചെയ്കയും ഇതേവിധമുള്ള മറ്റു പ്രവൃത്തികൾ അനുഷ്ഠിക്കുകയും ഒന്നുതന്നെ ചെയ്കയില്ലായിരുന്നു. ഇതുകൾ ചെയ്യുകയാൽ നിന്നുകയാൽ ആയുസ്സ് നിയതകാലമല്ലെന്നു സിദ്ധം *

*—ആയുസ്സ് നിയതകാലമാണെങ്കിൽ, പേപിടിച്ചവയോ സർപ്പവിഷങ്ങളോ പരിഭ്രമിച്ചവയോ ആയ പശുക്കൾ ഗജങ്ങൾ ഒട്ടക

മുദ്ഗുംബുവേഗാഃ. തഥാ ന പ്രമത്തോന്മത്തൈർഭ്രാന്തചണ്ഡച
പലൈർമാഹാലോഭാകുലമതയോ നാരയോ ന പ്രവൃദ്ധോഗ്നിർ ച വി
ഷവിഷാശ്രയാഃ സർപ്പോരഗാദയഃ. ന സാഹസം ന ദ്വേഷ
കാലചര്യാ ന നരേന്ദ്രപ്രകോപ ഇത്യേവമാദയോ ഭാവാ നാമാവശ
രാഃ സ്യുരായുഷഃ സംക്ഷയ നിയതകാലപ്രമാണത്വാൽ. 46

ന ചാനാഭ്യസ്തകാലമരണഭയനിവാരകാണാമകാലമരണമുപ
മാഗച്ഛേൽ പ്രാണിനാം വ്യർത്ഥാശ്ചാരംഭകടപ്രയോഗശ്ചേഷ്ടിത
സ്യുർമഹർഷീണാം രസായനാധികാരേ. 47

ങ്ങൾം കഴുതകൾം കുതിരകൾം പോത്തുകൾം മുതലായവയും ദുഷി
യുവും കഠിനമായ കൂട്ടം അത്യുപകടമായ ഗിരിദുർഗ്ഗങ്ങളും ജലദുർഗ്ഗ
ഹവും പരിഹരിക്കേണ്ടവയായി വരികയില്ല. ഇതുകൊണ്ടെല്ലാം പ്രാ
ണഹാനി വന്നുപോകുമെന്നുവെച്ചാണ് അതുകളെ മനുഷ്യർ പരി
ഹരിക്കുന്നത്. പ്രാണഹാനി ഇതുകൾം നിമിത്തം സംഭവിക്കുകയി
ല്ലെങ്കിൽ പരിഹരിക്കേണ്ടുന്ന ആവശ്യവും വരികയില്ല. അതുപോ
ലെതന്നെ പ്രമത്തന്മാർ ഉന്മത്തന്മാർ ഭ്രാന്തന്മാർ കോപിഷ്ടന്മാർ ച
പലന്മാർ അത്യാഗ്രഹംകൊണ്ടും ലോഭംകൊണ്ടും ബുദ്ധിക്കു മാലിന്യം
വന്നവർ ശത്രുക്കൾ ഇവരേയും കത്തിക്കാളിവരുന്ന അഗ്നിയേയും പ
ലവിധത്തിലുള്ള വിഷത്തോടു കൂടിയ സർപ്പസപ്പാദികളേയും പ
രിഹരിക്കേണ്ടതായി വരികയില്ല. സാഹസപ്രവൃത്തിയും ദ്വേഷകാല
വിപരീതമായ ചര്യയും രാജദ്വേഷവും ആയുസ്സിനു യാതൊരു നാ
ശവും ചെയ്കയില്ല. ആയുസ്സിനു നിയതകാലപ്രഭാവത മുണ്ടെങ്കിൽ
ഈ പറഞ്ഞതുകളും ഇതേമാതിരിയിലുള്ള മാറ് അനർത്ഥങ്ങളും യാ
തൊരു തകരാറും ചെയ്കയില്ല എന്നു തീർച്ചയാക്കാം. 47—അകാലമ
രണം സംഭവിക്കാതിരിപ്പാനായി വൈദ്യശാസ്ത്രങ്ങളിൽ വിധിക്കുന്ന
ചര്യകളെ യാതൊന്നും ശീലിക്കാത്തവർക്കും അകാലമരണഭയം സം
ഭവിക്കുകയില്ല എന്നും, വളരെ കാലംകൊണ്ട് അനുഷ്ഠിക്കേണ്ടുന്ന
തായ അനുഷ്ഠാനകർമ്മം നിഷ്പ്രയാസമായി സാധിക്കുവാൻവേണ്ടി ചിര
ജീവിതത്തെ കാംക്ഷിക്കുന്നവർക്കു വിശേഷമായിട്ടുള്ളതാണ് രസാ
യനപ്രയോഗമെന്ന കൃഷ്ണശേഷന്മാരുടെ ഉപദേശങ്ങൾം തീരെ നിര

നാപീന്ദ്രോ നിയതായുഷം ശത്രും വജ്രേണാഭിഹന്യാൽ. നാ
ശനിനാവാത്തം ഭേഷജേനോപപാദയേതാം. നഷ്ടയോ യത്രേഷ്ടമാ
യുസ്സുപസാ പ്രാപ്തുയുഃ. ന ച വിദിതവേദിതവ്യാ മഹർഷയഃ സസ്മ
രേശാഃ സമ്യക് പശ്യേയുരുപദിശേയുരാചരേയുശ്ച. 48

അപി ച സർവ്വചക്ഷുഷാമേതൽ പരം യദൈന്ദ്രം ചക്ഷുരദ
ഞ്ചാസ്മാകം തേന പ്രത്യക്ഷം. യഥാ പുരുഷസഹസ്രാണാമുത്ഥായോ
ത്ഥായിനാമേവം കുർവ്വതാമകുർവ്വതാഞ്ചാതുല്യായുഷ്ട്വം. തഥാ ജാതമാത്രാ

ത്ഥമുള്ളതെന്നായെന്നും വന്നുപോകും * 48—ലോകമാസകലം നി
യതായുസ്സുള്ളതാണെങ്കിൽ സാക്ഷാൽ ദേവേന്ദ്രൻ തന്റെ ശത്രുവി
നെന്നേരെ, പർവ്വതങ്ങളെക്കൂടെ ഭേദിക്കുവാൻ ശക്തിയുള്ളതായ വ
ജ്രായുധം പ്രയോഗിച്ചാൽകൂടി ആ ശത്രുവിനെ കൊല്ലുവാൻ കഴിക
യില്ല. ഒരു രോഗിയെ അശ്വിനീദേവകൾതന്നെ മരുന്നുകൊടുത്തു
ചികിത്സിക്കുന്നതായാൽകൂടി അവന്റെ സുഖക്കേടു മാറുവാൻ ക
ഴികയില്ല. മഹർഷിമാർക്കു തപസ്സുകൊണ്ട് അവരുടെ ഇഷ്ടംപോലെ
ആയുഷ്കാലം നീട്ടിക്കിട്ടുകയുമില്ല. ഇങ്ങിനെയെല്ലാമാണെങ്കിൽ വള
രെ അറിവുള്ളവരായ ഋഷീശ്വരന്മാരും ദേവകളും ഇതെല്ലാം സംഭ
വിക്കുമെന്നു മനസ്സിലാക്കുകയും അതിനെ മറ്റുള്ളവർക്ക് ഉപദേശി
ക്കുകയും അവർതന്നെ ആചരിക്കുകയും ഒരുകാലത്തും ചെയ്യുകയി
ല്ലായിരുന്നു. അവരുടെ ഉപദേശമാകയാൽ ലോകം ഒരിക്കലും നിയ
തായുസ്സല്ല എന്നു സാരം * 49—അല്ലയോ അഗ്നിവേശ! ഈ ജ്ഞാ
നം സകലജനങ്ങൾക്കും സുലഭമായിട്ടുള്ളതല്ല. അതു ദിവ്യദൃഷ്ടികൊ
ണ്ട്—ജ്ഞാനശക്തികൊണ്ടു മാത്രം അറിയപ്പെടാവുന്നതുമാണ്. ന
മ്മുക്ക് ഈ ദിവ്യദർശനമുണ്ടാകയാൽ ഈ ലോകയാത്രാവൃത്തമെല്ലാം
നാം പ്രത്യക്ഷമായി കാണുകയും ചെയ്യുന്നു. അതുനിമിത്തം ഈ ജ
നസമൂഹത്തിൽ ആയുധമെടുത്തു പുറപ്പെട്ട യുദ്ധംചെയ്യുന്നവർക്കും
സകലദേശങ്ങളിലും സമഭാവനയോടുകൂടി ശാന്തന്മാരായിരിക്കുന്നവ
ർക്കും ആയുർബ്ബലം തുല്യമല്ല എന്നും അതുപോലെതന്നെ ജാതമാത്ര
ന്നു (ജനിച്ചുടൻതൽക്കുതന്നെ അല്ലെങ്കിൽ രോഗംതുടങ്ങിയ മാത്രയിൽ
തന്നെ) ചികിത്സ ചെയ്യാതിരുന്നാലും ചികിത്സ ചെയ്യുകൊണ്ടിരു
ന്നാലും, വിഷപദാർത്ഥം ശീലിച്ചാലും വിഷപാനം ചെയ്യാതിരുന്നാ

ണാമപ്രതീകാരാൽ പ്രതീകാരാച്ച വിഷാവിഷപ്രാശിനാഞ്ചാപ്യുല്ല്യായുഷ്ട്വം. ന ച തുല്ല്യാ യോഗഃക്ഷേമ ഉപോനാഹലടനാം ചിത്രാല്ല
ടാനാഞ്ചോത്സീതോം. 49

തസ്മാദ്ധിതോപചാരമൂലം ജീവിതമതോ വിപര്യ്യയാൽമൃത്യുഃ.

അപി ച ദേശകാലാത്മഗുണവിപരീതാനാം കർമ്മണാമാഹാരവികാരാണാഞ്ച ക്രിയോപയോഗഃ. 51

സമ്യക് സംവ്വാതിയോഗസന്ധാരണമസന്ധാരണമുദീർണ്ണാനാഞ്ച ഗതിമതാം സാഹസാനാഞ്ച വർജ്ജനമാരോഗ്യാനുവൃത്താവുപലബ്ധിഹേതുമുപദിശാമഃ സമ്യക് പശ്യാമശ്ചേതി. 52

ലും ആയുർവ്വേദം തുല്യമാവുകയില്ല എന്നും നാമറിയുന്നു. അതെങ്ങിനെയെന്നാൽ കണ്ടൻകിണാറ്റിൽനിന്നു വെള്ളംകോരുവാനുപയോഗിക്കുന്ന മൺകുടത്തിനും ഭംഗിയിൽ വരിഞ്ഞു സൂക്ഷിച്ച കുടത്തിനും ഉറപ്പ് ഒരുപോലെ ആയിരിക്കയില്ല എന്നുള്ളതു ദൃഷ്ടാന്തമാണല്ലോ. അതുപോലെ മുമ്പറഞ്ഞതുകളേയും ഗ്രഹിക്കണമെന്ന് ആശയം * 50—ഈവക കാരണങ്ങളാൽ ഹിതോപചാരം ശീലിച്ചാൽ ജീവിതം നിലനില്ക്കും. അഹിതോപചാരം ശീലിച്ചാൽ മരണം സംഭവിച്ചുപോകും എന്നും ഗ്രഹിക്കണം *

51—രോഗമുള്ള ദേശസ്വഭാവത്തിനും കാലസ്വഭാവത്തിനും ശരീരപ്രകൃതിക്കും വിപരീതമായ കർമ്മങ്ങളെ അനുഷ്ഠിക്കുകയും ദേശഗുണാദികൾക്കും വിപരീതമായ വിധത്തിൽ പ്രകൃത്യാദിഗുണവിശേഷമായ ആഹാരവിധികളെ ശീലിക്കുകയും ചെയ്യുന്നത് അനായുഷ്യകരം തന്നെയാകുന്നു * 52—വ്യാപാരങ്ങളിൽ അതിശയാഗമായതുകളെ വർജ്ജിക്കുകയും സ്വതെ പുറത്തുപോവുന്നവയായ വാതാദിവേഗങ്ങളെ ധരിക്കാതിരിക്കുകയും സാഹസപ്രവൃത്തികളെ വർജ്ജിക്കയും ആരോഗ്യം നിലനില്ക്കുവാൻ പ്രത്യേകകാരണങ്ങളാകുന്നു. ഈ പറഞ്ഞതുകളെല്ലാം നമുക്ക് പ്രത്യക്ഷമായിട്ടുള്ളവയാണ്. ഇതാണ് നാം ഉപദേശിക്കുന്നതും ശാസ്ത്രദൃഷ്ട്യാ കണ്ടറിയുന്നതുമെന്നും ഗ്രഹിക്കണം *

അതഃപരമഗ്നിവേശ ഉവാച. ഏവം സത്യനിയതകാലപ്രമാ
ണായുഷം ഭഗവൻ! കഥം കാലമൃത്യുരകാലമൃത്യുർഭവതീതി. 53

തമുവാച ഭഗവാനാത്രേയഃ. ശ്രൂയതാമഗ്നിവേശ! യഥാ യാ
നസമായുക്തോക്ഷഃ പ്രകൃത്യൈവാക്ഷഗ്ലാനിമുപൈതഃ സ്യാൽ സ
ച സത്കൃതോപപന്നോ വാഹ്യമാനോ യഥാകാലം സപ്രമാണ
ക്ഷയാദേവാവസാനം ഗച്ഛേത്തഥായുഃ ശരീരോപഗതം ബലവതഃ
പ്രകൃത്യാ യഥാവദുപചീയമാണം സപ്രമാണക്ഷയാദേവാവസാ
നം ഗച്ഛതി. 54

സ മൃത്യുഃ കാല യഥാ ച സ ഏവാക്ഷോഭിതാരാധിഷ്ഠിതപ്പ

53—അത്രിപുത്രനായ ആത്രേയഭഗവാൻ ഇപ്രകാരം ഉപദേശിച്ചതിൽ പി
ന്നെ അഗ്നിവേശൻ ഇങ്ങിനെ ചോദിച്ചു. അല്ലയോ ഭഗവൻ! ഈ
പറഞ്ഞതുകൊണ്ട് ഇങ്ങിനെയെല്ലാമാണെങ്കിൽ നിയതകാലപ്രമാണാ
യുസ്സുകളായവരിൽ ചിലർക്ക് കാലമൃത്യുവും ചിലർക്ക് അകാലമൃത്യു
വും സംഭവിക്കുമെന്നു പറഞ്ഞതിന്റെ കാരണമെന്താകുന്നു? *

54—ഇപ്രകാരമുള്ള അഗ്നിവേശവചനത്തെ കേട്ടസമയം ഭ
ഗവാൻ ആത്രേയഭഗവാൻ ഇങ്ങിനെ മറുപടി പറഞ്ഞു. അല്ലയോ അഗ്നി
വേശ! അതുകൊണ്ട് സംഭവിക്കുന്നത് എങ്ങിനെയാണെന്നും പറഞ്ഞു
തരാം. മനസ്സിരുത്തി ധരിക്കുക. പ്രകൃത്യാ ഒരു അച്ചുതണ്ടിന്നു വേ
ണ്ടുന്ന സകല ഗുണങ്ങളും തികഞ്ഞതായ ഒരു അച്ചുതണ്ട് ഒരു വ
ണ്ടിയുടെ ചക്രങ്ങളിൽ യോജിപ്പിച്ചു എന്നു വിചാരിക്കുക. ആ വ
ണ്ടി വേണ്ടുപോലെ നല്ല സാരഥി നടത്തിക്കൊണ്ടിരിക്കുകയാണെ
ങ്കിൽ ഈ അക്ഷം ഒടിയാതെ അതു തേഞ്ഞുതേഞ്ഞു വരെ ദൃഢമായി
ത്തന്നെ ഇരിക്കും. വളരെ സാവധാനത്തിൽ മാത്രമേ തേയുകയുമു
ള്ളൂ. അങ്ങിനെ തേഞ്ഞുതേഞ്ഞുപോകുമ്പോൾ മാത്രമേ അതു മാറേണ്ടതായി വ
രികയുമുള്ളൂ. അതുപോലെതന്നെ പ്രകൃത്യാ ബലവാനായവന്റെ ശ
രീരത്തിലെ ആയുസ്സും വേണ്ടുപോലെ ഉപചരിച്ചുംകൊണ്ടിരിക്കു
ന്നതായാൽ ദീർഘജീവിതകാലാവസാനത്തിൽ മാത്രമേ അവസാനമെ
ത്തെ പ്രാപിക്കുകയുള്ളൂ. 55—ഇതാണ് കാലമൃത്യുവിന്റെ സ്വഭാ
വം. ഏതുതന്നെ ബലമുള്ള അച്ചുതണ്ടായിരുന്നാലും അതിന്നു സ

ദ്ധിഷ്മപിഠരപിഠരാക്ഷേപചക്രഭംഗാദ്യാഹ്യവാഹകദോഷാനേതിഹോ
ക്ഷാൽ പ്രയുസനാനേപാംഗാച്ചാനന്തര്യാ വ്യസനമാപദ്യതേ. 55

തഥായുരുപയുക്താബലമാരംഭാദ്യഗാഢന്ത്രിവാഹരണാദ്വിഷ
മാദ്യവഹരണാദ്വിഷ്ടശരീരന്യാസാത്തൈലനാദേസസംശ്രയാദു
ദീർണ്ണവേഗവിനിഗ്രഹാൽ വിധാര്യവേഗാവിധാരണാൽ ഭൂതവിഷ
വായവഗ്നുപതാപാദഭിഘാതാദാഹാര പ്രതികാരവിവർജ്ജനാച്ചാന്തേ
ഷാ വ്യസനമാപദ്യതേ. സ മൃത്യുരകാലേ. 56

തഥാ ജരാദീനപ്യാതങ്കാന്മിഥ്യോപചരിതാനകാലമൃത്യൂൻ പ
ശ്യാമ ഇതി. 57

ഹിക്കാവുന്നതിലധികം ഭാരം കയറ്റുകയും തകരാറായ വഴിയിൽക്കൂടിയോ വഴിതെറ്റിച്ചോ കൊണ്ടുനടക്കുകയും അക്ഷചക്രം—ചക്രനാഭി മുറിയുകയും ആ വണ്ടിയിൽ കയറുന്നവർ വേണ്ടതുപോലെ ഇരിക്കാതിരിയ്ക്കുകയും വണ്ടി തെളിക്കുന്നവൻ ആ വിഷയത്തിൽ പരിചയമില്ലാത്തവനായിരിക്കുകയും വേണ്ടാത്തസമയത്ത് അഴിച്ചുവിടാതിരിക്കുകയും കുണ്ടിൽ തള്ളുകയും ഉപാംഗങ്ങൾക്കു കേടുവരികയും ചെയ്യുൽ ഇടയ്ക്ക്—അതുമാതിരിയിലുള്ള അച്ചുതണ്ടു നശിക്കുന്നകാലത്തിനുമുമ്പെ അതു നശിച്ചുപോകും. 56—അതുമാതിരിതന്നെ ശരീരബലത്തിനു തക്കവിധത്തിലധികമായ കർമ്മങ്ങളെ ആരംഭിക്കുക അഗ്നിബലത്തിനു തക്കവിധമല്ലാതെ ഭക്ഷണം കഴിക്കുക വിഷമാശനം ശീലിക്കുക കരചരണാദി ശരീരാവയവങ്ങളെ തകരാറായനിലയിൽ വെയ്ക്കുക അതിരുമുമ്പുനം ശീലിക്കുക ദുഷ്ടജനങ്ങളോടു കൂട്ടുകെട്ടുണ്ടാവുക പ്രവർത്തമാനങ്ങളായ അധോവാതാദിവേഗങ്ങളെ ധരിക്കുക ഒതുക്കിനിർത്തേണ്ടവയായ കാമക്രോധാദിവേഗങ്ങളെ ഒതുക്കാതിരുന്നു ബാധയുണ്ടാവുക വിഷമേൽക്കുക കാറ്റിൽപെട്ടുപോവുക തീപ്പൊള്ളുക സഹിക്കുവാൻ കഴിയാത്ത ദുഃഖം വന്നുപോവുക അഭിഘാതാപനുക ആഹാരവിധികളേയും രോഗപ്രതികാരങ്ങളേയും വർജ്ജിക്കുക ഇതുകൊണ്ടെക്കൊണ്ടെല്ലാം ആയുഷ്കാലത്തിനിടയിൽ നിശ്ചിതമായ ദുഃഖമുണ്ടാകും. അതുതന്നെയാണ് അപമൃത്യു എന്നു പറയുന്നത് * 57— അതുപോലെതന്നെ ജരാദിരോഗങ്ങളെ വെണ്ടു

അഥാഗ്നിവേശഃ പപ്രച്ഛ. കിന്നു ഖലു ഭഗവൻ! ജരിതോ
ഭ്യഃ പാനീയമുഷ്ണം ശ്രേയിഷ്ഠം പ്രയച്ഛന്തി ഭിഷജോ ന തഥാ ശീതം.
തദസ്മി ച ശീതസാദ്ധ്യാ ധാതുജ്വരകരാ ഇതി. 58

തമുവാച ഭഗവാനാത്രേയോ ജരിതസ്യ കായസമുത്ഥാനദോ
ഷകാലാനഭിസമീക്ഷ്യ പാചനാർത്ഥം പാനീയമുഷ്ണം പ്രയച്ഛന്തി ഭി
ഷജഃ. ജരതോ ഹ്യാമാശയസമുത്ഥാഃ. പ്രായോ ഭേഷജാനി ച
മാശയസമുത്ഥാനാം, വികാരാണാം പാചനവമനാപതർപ്പണാനി
ശമനാനി ഭവന്തി. പാചനാർത്ഥഞ്ചോഷ്ണം പാനീയമുഷ്ണം തസ്മാദേതേ
ജരിതേഭ്യഃ പ്രയച്ഛന്തി ഭിഷജോ ശ്രേയിഷ്ഠം. 59

വിധം ചികിത്സിക്കാതിരുന്നാൽ ആ വക രോഗങ്ങളും അകാലമൃ
ത്യുക്കൾ തന്നെയാണെന്നുമറിയണം. *

58— ഇങ്ങിനെ ഉപദേശിച്ചതിന്റെ ശേഷം അഗ്നിവേശൻ
ഇപ്രകാരം ചോദിച്ചു. അല്ലയോ ഭഗവൻ! വൈദ്യന്മാർ പനിയു
ള്ളവർക്ക് ചൂടുള്ള വെള്ളമാണ് അധികമായി കൊടുക്കുന്നത്. അതു
പോലെ തണുത്തവെള്ളം കൊടുത്തു കാണുന്നില്ല. ജ്വരകാരിയായ
ധാതു (ദോഷം) ശീതസാദ്ധ്യമാണല്ലോ. അപ്പോൾ എന്താണ്
ഈവിധം ചികിത്സാസമ്പ്രദായം കാണുന്നത് *

59— അതിന് ആത്രേയഭഗവാൻ ഇങ്ങിനെ മറുപടി പറ
ഞ്ഞു. വൈദ്യന്മാർ ജ്വരിതന്റെ ശരീരപ്രകൃതി ജ്വരത്തിന്റെ സമു
ത്ഥാനം ദേശകാലസ്വഭാവങ്ങൾ ഇതുകളെ കണ്ടറിഞ്ഞതിന്നുശേ
ഷം പാചനം വരുത്തുവാൻവേണ്ടി ചൂടുള്ള വെള്ളം കൊടുക്കുന്നു.
ഇതിന്റെയുക്തിയെ വിവരിക്കുന്നു: പനി ആമാശയത്തിൽ നിന്നു
ണ്ടാവുന്നതാകുന്നു. ആമാശയത്തിൽ നിന്നുണ്ടാകുന്ന സകല രോ
ഗങ്ങൾക്കുമുള്ള ഔഷധം പാചനവും വമനവും അപതർപ്പണവും
ശമനവുമായിട്ടുള്ളതായിരിക്കും. അതുനിമിത്തമാണ് വൈദ്യന്മാർ
ജ്വരിതന്മാർക്കെല്ലാം പാചനംവരുത്തുവാൻവേണ്ടി ചൂടുള്ളവെള്ള
ത്തെ പ്രായേണ കൊടുക്കുന്നത് * 60— ജ്വരിതന്മാർ ചൂടുവെള്ളം കു

തദ്ഭക്ഷ്യം പിത്തം വാതമനുലോമയത്യഗ്നിമുദ്ദീപയതി. ക്ഷിപ്രം ജരാം ഗച്ഛതി ശ്ലേഷ്മാണഞ്ച പരിശോഷയതി സപ്ലീഹമപി ച പിത്തം തുല്യാപ്രശമനായോപപദ്യതേ തഥായുക്തമപി മൈത്രൗ ത്വാത്രേയാസന്നപിത്തേ ജ്വരേ സമോഹഭ്രമപ്രലാപാതിസാരാ [illegible] പ്രത്യേമുല്ലേന ഹി മോഹഭ്രമപ്രലാപാതിസാരാ ഭൃശം [illegible] ശീതേനോപശാമ്യന്തി.

ഭേതിചാത്ര.

ശീതേനോഷ്ണകൃതാൻ രോഗാൻ ശമയന്തി ഭിഷ[illegible]
യേ തു ശീതകൃതാ രോഗാസ്തേഷാമുഷ്ണം ഭിഷഗ് ജി[illegible]
എവമിതരേഷാമപി വ്യാധീനാം നിദാനവിപരീത[illegible]
ധം കാര്യം. 62

ടിച്ചാൽ അത് കോപിച്ച വായുവിനെ അനുലോമപ്പെടുത്തുകയും ജഠരാഗ്നിക്ക ശക്തിയുണ്ടാക്കുകയും ക്ഷണത്തിൽ ദഹിക്കുകയും കഫത്തെ ശോഷിപ്പിക്കുകയും കുറച്ചുമാത്രം കൂടിച്ചാൽകൂടി ദാഹത്തെ ശമിപ്പിക്കുകയും ചെയ്യും. ഈ പറഞ്ഞ ഗുണങ്ങളെല്ലാമുള്ളതാണെങ്കിലും ഇത് അത്യന്തം കോപിച്ച പിത്തംനിമിത്തമുണ്ടായ പനിയിലും ചുട്ടനീറലും തലതിരിച്ചിലും പ്രലാപവും അതിസാരവുമുള്ള പനിയിലും കൊടുത്തുപോകയുമരുത്. അങ്ങിനെ കൊടുത്താൽചുട്ടനീറലും ഭ്രമവും പ്രലാപവും അതിസാരവും വർദ്ധിക്കുകയാണ് ചെയ്യുക. ഈ വക ഉപദ്രവങ്ങളുള്ള പിത്തജ്വരം ശമിക്കുവാൻ ശീതജലമാണ് ഉത്തമം*

ഇവിടെ ഇതുകൂടെ ധരിച്ചിരിക്കുകയുംവേണം.

61—വൈദ്യന്മാർ ഉഷ്ണംനിമിത്തമുണ്ടായ രോഗങ്ങളെ ശീതോപചാരംകൊണ്ട് ശമിപ്പിക്കും. അതുപോലെതന്നെ ശൈത്യം നിമിത്തം സംഭവിച്ച രോഗങ്ങൾക്ക് ഉഷ്ണമായ ഔഷധംകൊടുത്തും ശമിപ്പിക്കും*62— ഈ വിധിയെ അറിയുകയും ജ്വരത്തിനെന്നുവേണ്ട മറവ വ്യാധികൾക്കും നിദാനവിപരീതമായിട്ടുള്ള ഔഷധമാണ് പ്രയോഗിക്കേണ്ടതെന്നത് എന്ന് അറിയുകയും വേണം* 63—അതുപോ

തഥാ തപ്പണനിമിത്താനാമപി വ്യാധീനാം നാന്തരേണ പൂ
രണാന്നി ശാന്തിസ്തഥാ . പൂരണനിമിത്താനാമന്തരേണാപതർപ്പ
ണം. 63

രുപതർപ്പണമപി ച ത്രിവിധം. ലംഘനം ലംഘനപാചനം
ദോഷപ്രസമനമിതി. തത്ര ലംഘനമല്പദോഷാണാം. ലം
ഘനപാചനമിതരേഷാമാരുതവ്യായ്വാതാതപപരിതമിവല്പമുകേമല്പദോ
ഷാണാമുപദിശ്യതേ. 64

ലംഘനപാചനാഭ്യാം മധ്യബലാനാം സ്നേഹസന്താപമാരുതാഭ്യാം
ക്രൂരകോഷ്ഠാനാം ചാനുതിഖ്രമൃദുകം മധ്യദോഷാണാം പ്ര
ദേഹോപചാരാഭ്യാം. 65

മൃദുദോഷാണാം പുനർദ്ദോഷാവസേചനമേവ കാര്യം ന

ലോകനം, അപതർപ്പണംനിമിത്തമുണ്ടായ രോഗങ്ങൾക്കു തർപ്പണം
ചെയ്യാതെ ഒരിക്കലും ശമനംവരികയില്ല. തർപ്പണംനിമിത്തമുണ്ടാ
യതുകൊണ്ട് അപതർപ്പണം വരുത്താതെ മാറകയില്ലെന്നും ഗ്രഹിക്ക
ണം*64—അപതർപ്പണമെന്നു പറഞ്ഞതിനെ വിവരിക്കുന്നു:— അ
പതർപ്പണമെന്നത് ലംഘനം, ലംഘനപാചനം, ദോഷാവസേച
നമെന്നു മൂന്നുതരത്തിലാകുന്നു. ഇതിൽ ലംഘനം അല്പദോഷന്മാ
ർക്ക്—ദോഷങ്ങൾ അല്പംമാത്രം കോപിച്ചിട്ടുള്ളവർക്കുള്ള ചികിത്സയാ
കുന്നു. ലംഘനം ശീലിച്ചാൽ ജാരാഗ്നിക്കും വായുവിനും ബലം
സിദ്ധിക്കും. അതുനിമിത്തം, കാറ്റുംവെയിലും കലശലായാൽ അ
ല്പസരസ്സിലെ ജലമെന്നപോലെ അല്പമായ ദോഷം ക്ഷണത്തിൽ
ശോഷിക്കുകയും ചെയ്യും*65—ലംഘനപാചനങ്ങൾ രണ്ടുംകൂടി ശീ
ലിക്കേണ്ടതു മദ്ധ്യബലമായ ദോഷകോപത്തോടുകൂടിയവനാകുന്നു.
വെയിലും കാറ്റും കൊണ്ടുകൊണ്ടിരിക്കുന്ന അല്പമായ ജലാശയത്തി
ൽ പൊടിയും വെണ്ണീറും വിതറിയാൽ അത് എതുപ്രകാരം ശുഷ്ക
മായിത്തീരുമോ അതുപോലെ ലംഘനപാചനങ്ങൾ ശീലിച്ചാൽ മ
ദ്ധ്യബലമായ ദോഷകോപം ശമിക്കുകയും ചെയ്യും* 66—ബഹു
ദോഷന്മാർക്ക്—വാതാദിദോഷങ്ങൾ കലശലായി കോപിച്ചിട്ടുള്ളവ

ഹൃദ്ദേന കോരുസന്തെ പലലപ്രസേകോസ്മി. തപ്പോഷാവ
ദസചനം. ദോഷാവസേചനന്തു പലപന്നാടോ ദോഷം പ്രാപ്യ
കാലമപ്യാതുരസ്യ നൈവം വിധസ്യ കുര്യാൽ. 66

അനപവാപ്രതികാരസ്യാധനസ്യാപരിചാരകസ്യ വൈദ്യ
മാനിനശ്ചണ്ഡസ്യാസൂയകസ്യ ത്വപ്രാധമ്മരുചരതിക്ഷീണബല
മാംസരുഗാണിതസ്യാസാധ്യരോഗോപഹതസ്യ മുമൂർഷുലിംഗാന്വിത

ക്ക് ദോഷാവസേചനം (വമനവിരേചനസിരാവ്യധാദിരോഗനിർണ്ണ
യ)തന്നെ ചെയ്യണം. വെള്ളം കലശലായി കെട്ടിനില്ക്കുന്ന കണ്ടത്തിന്റെ വരമ്പുമുറിക്കാതെ അതിലുള്ള വെള്ളം ചാലിൽക്കൂടെ ഒഴിഞ്ഞു പോവുകയില്ലല്ലൊ. അതുപോലെ കലശലായി കോപിച്ച ദോഷങ്ങളെ ശോധനക്രിയചെയ്യേണ്ടവിധം പുറപ്പെടുകയാതെ അതു മാറുകയില്ല. എന്നാൽ ഈ വിവരിക്കുന്ന തരക്കാരായ യാതൊരു രോഗികൾക്കും എത്രതന്നെ ചികിത്സിക്കുവാൻ ധൃതിയുള്ള രോഗമായിരുന്നാലും ദോഷാവസേചന ക്രിയയോ മറ്റതരത്തിലുള്ള ചില്ലാ ചികിത്സകളൊ വൈദ്യൻ ഒരിക്കലും ചെയ്തുപോകരുത്.*

67—അചികിത്സ്യന്മാരെ വിവരിക്കുന്നു: രാജദ്രോഹം മുതലായ അപവാദങ്ങൾനിമിത്തം ചികിത്സിക്കപ്പെടുവാൻ അർഹന്മാരല്ലാത്തവർ നിർഭാഗ്യന്മാർ പരിചാരകന്മാരില്ലാത്തവർ വൈദ്യമാനികൾ(ഇതു വ്യക്തകോപംകൊണ്ടുണ്ടായ രോഗമാണ് ഈ ചികിത്സ വാതത്തിനു വളരെനല്ലതല്ലല്ലൊ ഇതുകൂടാതെ വേറൊ ഒന്നു നിശ്ചയിക്കുകയില്ല വേണ്ടത് ഇത്യാദി ദുസ്സംപായന്നവർ) കോപിഷ്ടന്മാർ അസൂയയുള്ളവർ അധർമ്മപ്രവൃത്തികളെ ചെയ്യുവാൻ അത്യാഗ്രഹമുള്ളവർ ബലവും മാംസവും രക്തവും അത്യന്തം ക്ഷയിച്ചവർ രസാദ്യുമായ രോഗം ബാധിച്ചവർ മരണലക്ഷണം പൂർണ്ണമായി കാണുന്നവർ ഇവരെല്ലാമാണ് അചികിത്സ്യന്മാരായവർ. ഈ വിധമുള്ള രോഗികളെ ചികിത്സിക്കുന്ന വൈദ്യന് അത്യന്തം നിന്ദ്യമായ ദുഷ്കീർത്തി വന്നുകൂടും. അതാണ് ഇവരെ ചികിത്സിക്കരുതെന്നു പറഞ്ഞതിന്റെ

സ്യ ചേതി. ഏവംവിധം ഹ്യാതുരമുപചരൻ ഭിഷക് പാപീയസാ ഹ്യയശസാ യോഗം ഗച്ഛതി 67

ഭവന്തി ചാത്ര.

അല്പോദകേദ്രുമോ യസ്തു പ്രവാതഃ പ്രചുരാതപഃ
ജ്ഞേയസ്തു ജാംഗലോ ദേശഃ സല്പരോഗതമോപി ച. 68
പ്രചുരോദകവൃക്ഷോ യോ നിവാതോ ദുർഭ്ഭാതപഃ
അനൂപോ ബഹുദോഷശ്ച, സമസ്സാധാരണോ മതഃ. 69

ആശയം. 'ത്രയജ്ഞോത്തം ഭിഷഗ് ത്രൈപേട്ടിഷ്ടം തേഷാം ദ്വിഷം ദ്വിഷം ഹീനോപകരണം വ്യഗ്രമവിധേയം ഗതായുഷം ചണ്ഡം ശോകാതുരം ഭീരും കൃതഘ്നം വൈദ്യമാനിനം' എന്ന വാഹടൻ *

ഈ വിഷയത്തിൽ താഴേ പറയുന്നതുകളെക്കൂടെ ഗ്രഹിക്കേണ്ടുംവേണം.

68—കാറ്റിന്നും വെയിലിന്നും ധാരാളം ശക്തിയുള്ളതും വെള്ളവും വൃക്ഷവും കുറെ കുറഞ്ഞതുമായ പ്രദേശം ജാംഗലമാണെന്നറിയണം. ഈ ജാംഗലദേശത്തു രോഗബാധ നന്നെ കുറച്ചുമാത്രമേ സംഭവിക്കുകയുള്ളൂ* 69—വെള്ളം ധാരാളമുള്ളതും വന്മരങ്ങൾ നിറഞ്ഞതും വെയിലിന്നു ശക്തി കുറഞ്ഞതും നല്ല കാറ്റുകിട്ടാത്തതുമായ ദേശം ആനൂപദേശമാകുന്നു. ഈ പ്രദേശം വളരെ ദോഷകാരിയാകുന്നു. ഇവിടങ്ങളിൽ ഏതുകാലത്തും രോഗബാധയുണ്ടായിക്കൊണ്ടിരിക്കും* ജലവും വൃക്ഷങ്ങളും വെയിലും കാറ്റും സമമായിക്കാണുന്ന ദേശം സാധാരണദേശവുമാണ്. ഈ ദേശത്തിലെ സ്ഥിതിയും സാധാരണമായിരിക്കും. 'ദേശോല്പവാരിദ്രുനഗോ ജാംഗലഃ സല്പരോഗദഃ। ആനൂപോ വിപരീതോസ്മാൽ സമസ്സാധാരണഃ സ്മൃതഃ' എന്ന ഗ്രന്ഥാന്തരം* 70—ഇങ്ങിനെയെല്ലാമാണ് ദേശസ്വഭാവം. അപ്പോൾ ജാംഗലാദി ഏതെങ്കിലും ദേശത്തിൽ മറ്റുദേശങ്ങളുടെ ലക്ഷണം കാണുകയും മറ്റുദേശങ്ങളിലുണ്ടാകുന്ന രോഗം ഇവിടെ അനുവർത്തിച്ചു കാണുകയും ചെയ്യുന്നതായാൽ അവിടെ ചെയ്യുന്നതായ ചികിത്സയുടെ ഫലം ശുഭോർക്കമായി പരിണ

തദാതേ ചാനുബന്ധോ വാ യസ്യ സ്യാദ്ധേതുമം ഫലം
കർമ്മണസ്തന്ന കർത്തവ്യമേതൽ ബുദ്ധിമതാം മതം. 70

തത്രശ്ലോകാഃ.

പൂർവ്വരൂപാണി സാമാന്യാ ഹേതവഃ സ്വസലക്ഷണാഃ
ദോഷോദ്ധാംസസ്യ ഭൈഷജ്യം ഹേതൂനാം മൂലമേവ ച. 71
പ്രാഗ്വികാരസമുല്പത്തിരായുഷശ്ച ക്ഷയക്രമഃ
മരണം പ്രതിഭൂതാനാം കാലാകാലവിനിശ്ചയഃ. 72
യഥാ ചാകാലമരണം യഥായുഷ്കരഞ്ചൗഷധം
സിദ്ധിം യാത്യൗഷധം യേഷാന്ന കുർവ്വദ്ഭ്യേന ഹേതു
ത്തദഗ്നിവേശായാത്രേയോ നിഖിലം സർവ്വമുക്തവാൻ
ദോഷോദ്ധാംസനിമിത്തീയേ വിമാനേ മുനിസത്തമഃ

ഇതി ചരകസംഹിതായാം
വിമാനസ്ഥാനേ
ജനപദോദ്ധാംസവിമാനോ നാമ തൃതീയോധ്യായഃ.

മിക്കുകയില്ല. ഈ വക കാരണങ്ങളാൽ ബുദ്ധിമാന്മാരായ പൂർവ്വാചാര്യന്മാർ ഈ വക ഘട്ടത്തിലും ചികിത്സിക്കരുതെന്നു തന്നെയാണ് ഉപദേശിക്കുന്നത്*

അദ്ധ്യായവിവരണം.

71—74—ആത്രേയഭഗവാൻ ജനപദോദ്ധാംസനീയമെന്ന ഈ അദ്ധ്യായത്തിൽ ജനപദോദ്ധാംസത്തിന്റെ പൂർവ്വരൂപങ്ങളും സാമാന്യലക്ഷണങ്ങളും ആതുരകളുടെ ലക്ഷണങ്ങളോടുകൂടിയ കാരണങ്ങളും ആതുരർക്കുള്ള ചികിത്സാസമ്പ്രദായം ഉദ്ധാംസഹേതുക്കൾ വരുവാനുള്ള കാരണം വികാരങ്ങൾ തുടങ്ങിവാനുള്ള കാരണം ആയുസ്സു ക്ഷയിക്കുന്നതിന്റെ സ്വഭാവം ജനങ്ങളുടെ മരണത്തെക്കുറിച്ചുള്ള കാലാകാലവിനിശ്ചയം അകാലമരണത്തിന്റെ സ്വഭാവം വേണ്ടതുപോലെ ഔഷധം ശീലിച്ചാലുള്ള ഫലം ആക്കില്ലാം എല്ലാം തരത്തിൽ ഉപയോഗിക്കേണം അത് എന്തു ചെയ്യും ആക്കില്ലാം ചികിത്സിക്കരുത് അതിനുള്ള കാരണമെന്ത് എന്നുള്ളതെല്ലാം അഗ്നിവേശന് വിശദമായി ഉപദേശിച്ചിരിക്കുന്നു*

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
വിമാനസ്ഥാനേ തൃതീയോധ്യായഃ (3).

അദ്ധ്യായം 4. ത്രിവിധരോഗവിശേഷവിജ്ഞാനീയം.

അഥാതസ്ത്രിവിധരോഗവിശേഷവിജ്ഞാനീയമദ്ധ്യായം വ്യാ
ഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ത്രിവിധം ഖലു രോഗവിശേഷജ്ഞാനം ഭവതി. തദ്യഥാ—ആ
പ്തോപദേശഃ പ്രത്യക്ഷമനുമാനഞ്ചേതി.

[illegible]പദേശോ നാമ ആപ്തവചനം. ആപ്താ ഹ്യവിത
[illegible]നിവിഷ്ടരാഗദ്വേഷമോഹാഃ നിഷ്ക്ലിഷ്ടാനൃതാപദേശിനശ്ച. തേഷാമേവ
[illegible]ചനം തത് പ്രമാണം. അപ്രമാണം പുനരന്യതോ
[illegible]കാണവചനമിതി. 2

[illegible]ം തു ഖലു തദ്യൽ സ്വയമിന്ദ്രിയൈർമ്മനസാ ചോപ

അദ്ധ്യായം 4.

ഇനി ത്രിവിധരോഗവിശേഷവിജ്ഞാനീയമെന്ന അദ്ധ്യായം
എന്നു പായാം:—

1—രോഗങ്ങളുടെ വിശേഷവിജ്ഞാനം, ആപ്തോപദേശം പ്രത്യക്ഷം അനുമാനം എന്ന മൂന്നുകൂട്ടംകൊണ്ടാണ് സംഭവിക്കുക * 2—ആപ്തോപദേശമെന്നാൽ ആപ്തന്മാരുടെ വചനമാകുന്നു. ആപ്തന്മാരാരെല്ലാമെന്നാൽ, ശാസ്ത്രവിഭാഗങ്ങളെ—ശാസ്ത്രതത്ത്വങ്ങളെ യാതൊരു സംശയവുംകൂടാതെ അറിയുന്നവരും നിത്യസന്തുഷ്ടന്മാരുമായ മഹാശയന്മാരാകുന്നു. ഈവക ഗുണങ്ങളുള്ള അവരുടെ ഉപദേശവചനംതന്നെയാകുന്നു പ്രമാണമെന്നു പായുന്നത്. അപ്രമാണം—ഒരിക്കലും പ്രമാണമായി സ്വീകരിക്കുവാൻ പാടില്ലാത്തത്, ദ്വേഷം തുലായ മനസ്സുള്ളവർ ഉന്മാദമുള്ളവർ മൂഢസ്വഭാവികൾ എന്തെങ്കിലും ഒരു വസ്തുവിൽ അത്യാസക്തിയുള്ളവർ മനസ്സിൽ അസൂയാദിമാലിന്യമുള്ളവർ ഇവരുടെ എല്ലാവരുടെയും വചനവുമാകുന്നു * 3—പ്രത്യക്ഷമെന്നു പറഞ്ഞതിനേയും വിവരിക്കാം. അത്

ലിട്ടുണ്ട്. അനുമാനം ചില തർക്കങ്ങൾക്കു വകയുണ്ടാക്കുന്നു. 3

ത്രിവിധമായ ചലനമായ മനോസമുദായം പുറമേ പരിക്ഷീണമാകുമ്പോൾ സ്വപ്നാ സ്വപ്നമോഹനിദ്രകളുണ്ടാകുന്നതിനാൽ ഭയമുണ്ടാകുന്നു. 4

ഈ ജ്ഞാനോപായമായ ത്രിവിധപരീക്ഷകളെക്കൊണ്ടു ത്രിവിധമായ ജ്ഞാനസമുദായം. പുരുഷനെപ്പറ്റിയുള്ള

രോഗനിദാനത്തെ അറിയുന്നതിനായിട്ടും മനസ്സുകൊണ്ടും ആതുരസ്വഭാവത്തെ അറിയുന്നതിനായിട്ടുമാകുന്നു. * രോഗശമനം—ഇത് ഇന്ന വ്യാധിയായിരിക്കുമെന്നുള്ള ജ്ഞാനത്തോടുകൂടിയോ കൂടാതെയോ അദ്ധ്യാഹാരം ചെയ്യുന്നതിനായിട്ടാകുന്നു * 4—ഈ മൂന്നുപ്രകാരത്തിലുള്ള ജ്ഞാനസമുദായംകൊണ്ട് ആദ്യമായിത്തന്നെ രോഗസ്വഭാവത്തെ മുഴുവൻ പരിച്ഛേദിച്ച് ഈ രോഗം ഇന്നതാണ് എന്നും ഇതു സാധ്യമോ അസാധ്യമോ എന്നും തീർച്ചയാക്കിയതിനുശേഷം ചികിത്സിക്കുന്നതായാൽ ആ ചികിത്സ ഫലിക്കുന്നതിനുപയുക്തമായി ഭവിക്കുകയില്ല. *

5—ആപ്തോപദേശം, പ്രത്യക്ഷം, അനുമാനമെന്നു ഈ ജ്ഞാനസമുദായത്തിൽ ഏതെങ്കിലും ഒന്നുമാത്രം അറിഞ്ഞതുകൊണ്ടു രോഗസ്വഭാവാദികളെ അറിയേണ്ടുന്ന വിഷയത്തിൽ ഒരിക്കലും പരിപൂർണ്ണജ്ഞാനം സിദ്ധിക്കുകയില്ല. ഈ ജ്ഞാനസമുദായസമ്പത്തി ഏതൊരുപ്രകാരമാണ് സിദ്ധിക്കുക എന്നതിനെ വിവരിക്കുന്നു:—ആദ്യമായി ആപ്തോപദേശങ്ങളെ (വൈദ്യശാസ്ത്രഗ്രന്ഥങ്ങളെ) പഠിക്കുകയും അതുനിമിത്തം ഇന്നിന്നരോഗങ്ങൾ ഇന്നിന്നലക്ഷണങ്ങളോടുകൂടിയിരിക്കുമെന്നുള്ള ജ്ഞാനം സമ്പാദിക്കുകയും വേണം. അതിൽ പിന്നെ രോഗസ്വഭാവങ്ങളെ നേരിട്ടു കണ്ടറിയുകയും അതുകളിലെ ദോഷകോപാദികളെ (ആപ്തോപദേശത്തെ അനുസരിച്ചു) ആലോചിച്ചറിയുകയും വേണം. ഇങ്ങിനെയല്ലാമായാൽ ജ്ഞാനസമുദായം പൂർത്തിയാവുകയും ചെയ്യും. ആപ്തോപദേശത്തിൽ സകലവിധീയവും പ്രതിപാദിച്ചിട്ടുണ്ടാകയാൽ പ്രത്യക്ഷാനുമാനങ്ങ

ജ്ഞാനം തത്ത്വം പ്രത്യക്ഷാനുമാനാഭ്യാം പരീക്ഷ്യോപപദ്യതേ. കിം ഹ്യനുപദിഷ്ടപൂർവ്വം പ്രത്യക്ഷാനുമാനാഭ്യാം പരീക്ഷ്യമാണോ വിദ്യാൽ. തസ്മാദ്വിവിധാ പരീക്ഷാ ജ്ഞാനവതാം പ്രത്യക്ഷമനുമാനമ്ചേതി. ത്രിവിധാ വാ സഹോപദേശേന. തത്രേമമുപദിശന്തി ബുദ്ധിമന്തോ രോഗമേകൈകമേവം പ്രകോപമേവം യോനിമേവമാത്മാനമേവമധിഷ്ഠാനമേവംവേദനമേവംസംസ്ഥാനമേവം ശബ്ദസ്പർശരൂപരസഗന്ധമേവമുപദ്രവമേവം വൃദ്ധിസ്ഥാനക്ഷയസമന്വിതമേവമൃച്ഛമേവംനാ

ളെക്കൊണ്ടും അതുകൊണ്ടന്നെയല്ലെ അറിയുക? പ്രത്യക്ഷാനുമാനങ്ങളെക്കൊണ്ടു പരീക്ഷിച്ചുനോക്കിയാൽ ശാസ്ത്രവിധിയിൽ പറയാത്തതായ ഏതെങ്കിലും അറിയുവാൻ കഴിയുമോ? എന്നു സംശയിക്കുന്നു എങ്കിൽ അതിനേയും സമാധാനിക്കാം. അറിവുള്ള വൈദ്യന്മാർ രോഗത്തെ രണ്ടുപ്രകാരമാണ് പരീക്ഷിച്ചറിയുന്നത്. അതെങ്ങിനെയെന്നാൽ, പ്രത്യക്ഷപരീക്ഷകൊണ്ടും അനുമാനംകൊണ്ടും തന്നെയാകുന്നു. ചിലർ പ്രത്യക്ഷം അനുമാനം പ്രമാണം എന്നീ മൂന്നുകൊണ്ടും പരീക്ഷിക്കേണമെന്നും പറയുന്നു. ബുദ്ധിശാലികളായ വൈദ്യശ്രേഷ്ഠന്മാർ ആ പരീക്ഷാസമ്പ്രദായം ഈ പറയുന്ന തരത്തിലായിരിക്കുമെന്നും ഉപദേശിക്കുന്നു. ഈ രോഗം ഇന്നിന്നദോഷങ്ങളാൽ ഇന്നിന്നവിധം കോപിച്ചുണ്ടായതാണെന്നും ഇന്നകാരണത്താലുണ്ടായതെന്നും ഇന്നതരത്തിലുള്ളതെന്നും ഇന്നധാതുവിനെ ആശ്രയിച്ചതാണെന്നും ഇന്നിന്ന ഉപദ്രവങ്ങളുള്ളതാണെന്നും ഇന്നിന്റെ ആകൃതി ഇന്നപ്രകാരമാണെന്നും ഇതുനിമിത്തം ശബ്ദസ്പർശരൂപരസഗന്ധങ്ങൾക്ക് ഇന്നിന്ന മാറ്റംവന്നിരിക്കുന്നു എന്നും ഇന്നിന്ന ഉപദ്രവരോഗങ്ങളുണ്ട് എന്നും ഇത് ഇന്നിന്നസമയങ്ങളിൽ വർദ്ധിക്കുകയും നിലനില്ക്കുകയും കുറെ ആശ്വാസപ്പെടുകയും ചെയ്യുമെന്നും ഇതുനിമിത്തം ഇന്നിന്നതെല്ലാം മേലിൽ സംഭവിക്കുമെന്നും ('ഉദക്യ ഏഷ്യൽകാലീനമഥവാ മനോകർമ്മകേ' എന്നു മേലിനി) ഇതു നിദാനാദിസ്ഥാനങ്ങളിൽ വിവരിക്കുന്നു ഇന്ന രോഗമാണെന്നും ഇതിന് ഇന്നവിധത്തിലുള്ള ചികിത്സ നന്നായിരിക്കു

മനാമവയോഗം വിഭ്രാൽ. തസ്മിന്നിയം പ്രതികാരാപ്രവൃത്താവി
ഥവാ നിവൃത്തിരിതൃപദേശോൽ ജ്ഞായതേ. 5

— പ്രത്യക്ഷത്തിനു പല രോഗത്തിനും ഒട്ടുമുക്കാൽ സമ്പൂർണ്ണമായി
ഒരുപോലെ സർവ്വസാധാരണമായുള്ള ചില ലക്ഷണങ്ങൾ കാണുന്നതുപോലെ
തന്നെയാണോ. അല്ലാ. ചില രോഗങ്ങൾക്കു പ്രത്യേകമായുള്ള ചില
വ്യത്യാസങ്ങളുണ്ടു. അവയെ അറിയുന്നതിനു പ്രത്യക്ഷത്തിനു
കൊണ്ടുമാത്രം സൂക്ഷ്മമായി പരിശോധിക്കുന്നതിനു പുറമെ അനുമാന
മുണ്ടാക്കുവാനും ശരീരപ്രകൃതിവികാരങ്ങൾ ചികിത്സിക്കുന്നതിനും
വ്യാപ്തി കാണിച്ചതാണു ചികിത്സാപരീക്ഷ. 6

മെന്നവണ്ണം പ്രത്യക്ഷാനുമാനങ്ങളെക്കൊണ്ടു പരീക്ഷിച്ചറിയേണ്ടതായ വിഷയങ്ങൾ. ഇങ്ങിനെ രോഗസംഭവങ്ങളെ അറിഞ്ഞതിന്നശേഷം ഈരോഗം ചികിത്സിക്കുവാൻ പാടില്ലാത്തതാണു—ഇത് ആസാധ്യരോഗമോ ഇതിനു ചികിത്സിക്കാതെ ഒഴിവാക്കുവാൻ പാടില്ലാത്തതാണെന്ന് തീരുമാനപ്പെടുത്തുകയും ചെയ്തിരിക്കണം. ഇന്നിന്നിപ്രകാരമാണ് ഈ രോഗത്തിനു ചികിത്സിക്കേണ്ടതു എന്നു വൈദ്യന്മാർ ഉപദേശിക്കുന്നതു *

രോഗത്തെ പ്രത്യക്ഷപരീക്ഷകൊണ്ടു അറിയുവാനാഗ്രഹിക്കുന്ന വൈദ്യൻ തന്റെ ശ്രോത്രാദി ഇന്ദ്രിയങ്ങളെക്കൊണ്ടു രോഗിയുടെ ശരീരത്തിലെ ശബ്ദാദി സകല ഇന്ദ്രിയവിഷയങ്ങളെയും പരീക്ഷിച്ചറിയണം. ഇങ്ങിനെ പരീക്ഷിക്കുന്നേടത്തിൽ രോഗിയുടെ ശരീരരസത്തെ സ്വന്തം രസനകൊണ്ടു ആസ്വദിച്ചു അറിയുകയുമരുതു. ആ ശബ്ദാദികളെ പ്രീതരാത്മാവിൽ അറിയേണ്ടതെന്നാൽ, അന്ത്രക്ലേദനം സന്ധികളുടെ മടക്കുകയും നീട്ടുകയും ചെയ്യുമ്പോളുണ്ടാകുന്ന ശബ്ദവും വിരലുകൾ വലിക്കുമ്പോളുണ്ടാകുന്ന ശബ്ദവും ഇതുകളുടെ വ്യത്യാസങ്ങളും സംസാരിക്കുന്ന സ്വരത്തിന്റെ വ്യത്യാസം ഇതുകളും ഇപ്രകാരമുള്ള ശരീരത്തിൽനിന്നുണ്ടാകുന്ന മറ്റു ശബ്ദങ്ങളും ശ്രോത്രംകൊണ്ടു മനസ്സിരുത്തി അറിയുകയും അതുനിമിത്തം രോഗം ഇന്നതരത്തിലുള്ളതാണെന്നറിയുകയും വേണം. ഇതേ

രസോസ്യ മലപ്രായാതുരശരീരഗതമിന്ദ്രിയൈരവെഷ്യയികമപ്യനുമാനാ
ദുപലഭ്യേത. നഹ്യസ്യ പ്രത്യക്ഷേണ ഗ്രഹണമുപപദ്യതേ. തസ്മാ
ദാതുരപരിപ്രശ്നേനൈവാതുരമുഖരസം വിദ്യാൽ. യകൃപ്ലീഹ്നോ
നതസ്യ ശരീരവൈരസ്യം മക്ഷികോപദംശനേന ശരീരമാധുര്യം.
ലോഹിതപിത്തസന്ദേഹേ തു കിണ്വാരി ലോഹിതം, ലോഹിതപി
ത്തം വേതി ശകാകഭക്ഷണാദ്ധാരിലോഹിതമഭക്ഷണാല്ലോഹിതമി
ത്യനുമാതവ്യം. ഏവമന്യാനപ്യാതുരശരീരഗതാൻ രസാനനുമിമീത

മാതിരിതന്നെ ശരീരവർണ്ണം സംസ്ഥാനം പ്രമാണം (വലിപ്പം) ശരീര
കാന്തി ശരീരപ്രകൃതി വികാരസ്വഭാവം ഇതുകളെല്ലാം നോക്കിക്കണ്ടു
വിചാരിക്കേണ്ടവയാകുന്നു. ഇതേമാതിരി ചക്ഷുർമ്മാത്രഗ്രാഹ്യങ്ങളായ മറ്റു
വിഷയങ്ങളും കണ്ടറിയേണ്ടവതന്നെയാണ് * 7—ആതുരശരീരത്തി
ലെ രസം—ആസ്വദിച്ചുനോക്കിയാലറിയാവുന്ന ഭാവം രസനേന്ദ്രി
യംകൊണ്ടറിയാവുന്നതാണെങ്കിലും വൈദ്യൻ അതിനെ ആസ്വദി
ച്ചറിയരുത്. അതിനെ അനുമാനംകൊണ്ടുതന്നെ അറിയുകയും
വേണം. ആതുരശരീരത്തിൽ പലവിധ മാലിന്യങ്ങളുമുണ്ടാകും. അ
തിലെ രസം ആസ്വദിച്ചറിയുവാൻ പുറപ്പെട്ടാൽ ആ മാലി
ന്യങ്ങളുടെ സമ്പർക്കനിമിത്തം ആ രോഗം വൈദ്യനും പകരും. അ
തിനാൽ ആസ്വദിച്ചറിയരുത് എന്നത്രേ ആശയം. ഈ രസം ക
ണ്ടറിയുവാൻ സാധിക്കുന്നതുമല്ല. അതിനാൽ ആ രസവ്യത്യാസ
ജ്ഞാനോപായത്തെ വിവരിക്കുന്നു:—ആതുരന്റെ മുഖരസം അവ
നോടു ചോദിച്ചറിയണം. മൂട്ട കൊതു മുതലായ ചെറുപ്രാണികൾ
ആളുടെ ദേഹത്തിൽ കേറാതിരിക്കുന്നുവോ അവന്റെ ശരീരം രസ
ശൂന്യമാണെന്നും ഈച്ച അനന്യസാധാരണമായി വന്നു പൊതിയു
ന്നതായാൽ ശരീരത്തിന്നു മധുരരസമുണ്ടെന്നുമറിയണം. ഒരുവൻ
ചൊറിക്കുന്നതിലോ അതിസരിക്കുന്നതിലോ രക്തം കാണുന്നതായാൽ
ആളുടെ രക്തധാതുവിലെ രക്തമോ രക്തപിത്തകോപനിമി
ത്തമുണ്ടായ രക്തമോ എന്നറിയുവാൻ ആ രക്തത്തെ ശകുനികൾക്കും
കാക്കകൾക്കും തിന്നുവാൻ കൊടുക്കുക. അതുകൾ തിന്നുവെങ്കിൽ

ഗന്ധാന്സ്സു ഖലു സർവ്വശരീരഗതാനാതുരസ്യ പ്രകൃതിവൈകാരികാൻ ജ്ഞാനേനേന പരീക്ഷേത. സ്പർശേ പാണിനാ പ്രകൃതിവികൃതിയുക്തമിതി പ്രത്യക്ഷേണാനുമാനൈകദേശേനശ്ച പരീക്ഷണമുകൻ. 7

ഇഷ്ടേ ച ബലപ്രത്യവരമവഭൃയാനുമാനമാശ്രയാ വേന്തി ഭാവാ. തദ്യഥാ— ദൃഢം ജ്വരണശക്ത്യാ ബലം വ്യായാമശക്ത്യാ ശ്രോത്രാദീൻ ശബ്ദാദിഗ്രഹണേന മനോഽഭിവൃദ്ധിചാരണേ വിജ്ഞാനം വ്യവസായേന രജസ്സംഗേന മോഹമവിജ്ഞാനേന ക്രോധ

ധാതുരക്തമാണെന്നും ക്ഷീണരോഗത്തെ വാങ്ങിപ്പോകുന്നതായാൽ രക്തപിത്തത്തിലെ രക്തമെന്നും വിശ്വസിക്കാം. ഇതേമാതിരിതന്നെ ആതുരശരീരത്തിലെ മറ്റു രസവ്യത്യാസങ്ങളേയും ഊഹിച്ചറിയണം. രോഗിയുടെ ശരീരത്തിലെ ഗന്ധത്തിന്റെ പ്രകൃതിവികൃതിവ്യത്യാസങ്ങളെ ഘ്രാണേന്ദ്രിയംകൊണ്ട് അറിയുകയും വേണം. സിരാസ്നായു സ്പർശഗ്രാഹ്യവിഷയങ്ങളെ വൈദ്യൻ തൊട്ടുനോക്കിത്തന്നെ അറിയണം. ഇതാണ് പ്രത്യക്ഷപരീക്ഷണം. ഇത് അനുമാനപരീക്ഷണത്തിന്റെ ഏകദേശവുമാണ്. പ്രത്യക്ഷപരീക്ഷയുടെ സമഗ്രമായ വിധിയെ ഇങ്ങിനെ പറയുകയും ചെയ്യു *

8—അനുമാനമാത്രഗ്രാഹ്യവിഷയങ്ങളെ വിവരിക്കുന്നു— ഈ പറയുന്നതുകളും ഇതേമാതിരിയുള്ള മറ്റുവിഷയങ്ങളും വൈദ്യന്റെ അനുമാനം (ഊഹം)കൊണ്ടുമാത്രം ഗ്രഹിക്കാവുന്നവകളാകുന്നു. അതുകൊണ്ടെന്താല്ലാമെന്നാൽ, ഘോനശക്തിയുണ്ടെങ്കിൽ ജരാഗ്നിക്കു ശക്തിയുണ്ടെന്നു അനുമാനിക്കണം. അതുപോലെതന്നെ വ്യായാമം ചെയ്യുന്നതിൽ ശക്തികണ്ടാൽ ശരീരത്തിനു ബലമുണ്ടെന്നും ശബ്ദാദികളായ ഇന്ദ്രിയവിഷയങ്ങളെ ശരിക്കു ഗ്രഹിക്കുന്നുണ്ടെങ്കിൽ ശ്രോത്രാദി ഇന്ദ്രിയങ്ങൾക്കു ശക്തിയുണ്ടെന്നും അതിന്റെ താല്പര്യത്തെ തെറ്റുകൂടാതെ ഗ്രഹിക്കുന്നതായാൽ മനസ്സിനു തകരാറില്ലെന്നും ഓരോ വ്യവസായങ്ങളേയും ചെയ്യുന്നതായാൽ വിജ്ഞാനമു

മഭിദ്രോഹേണ ശോകം ദൈന്യേന ഹർഷമാമോദേന പ്രീതിം തോ
ഷേണ ഭയം വിഷാദേന ധൈര്യമവിഷാദേന വീര്യമുത്സാഹേന
സ്ഥാനമവിദ്രുതേന ശ്രദ്ധാമഭിപ്രായേണ മേധാം ഗ്രഹണേന സ്മൃ
തിം നാമഗ്രഹാദേന സ്മൃതിം സ്മരണേന ഹ്രിയമപത്രപേണ ശീ
ലമനാശീലനേന ദ്വേഷം പ്രതിഷേധേന ഉപാധിമനുബന്ധേന ധൃ
തിമലാല്യേന വശ്യതാം വിധേയതയാ വയോഽവസ്ഥാസാത്മ്യവ്യാധി-

ണ്ടെന്നും ഓരോവിഷയത്തിലും അത്യാഗ്രഹം കാണുന്നതായാൽ ര
ജോഗുണം വർദ്ധിച്ചിരിക്കുന്നു എന്നും വിജ്ഞാനം—ചിത്രാദിനിർമ്മാ
ണത്തിലും മീമാംസാദിശാസ്ത്രത്തിലുമുള്ള പാടവം കൂടി നശിച്ചുക
ണ്ടാൽ മോഹാലസ്യമാണെന്നും ദ്രോഹിക്കേണമെന്നുള്ള ആഗ്രഹം
കണ്ടാൽ ക്രോധമാണെന്നും ദീനസ്വഭാവം കണ്ടാൽ ദുഃഖമാണെ
ന്നും എപ്പോഴും ഒരേനിലയിലുള്ള സന്തോഷംകണ്ടാൽ അവന്നു സ
ന്തോഷമാണെന്നും തോഷംകണ്ടാൽപ്രീതിയുണ്ടെന്നും വിഷാദക്ക
ണ്ടാൽ ഭയമാണെന്നും വിഷാദമില്ലെങ്കിൽ ധൈര്യമുണ്ടെന്നും ഉത്സാ
ഹമുണ്ടെങ്കിൽ വീര്യമുണ്ടെന്നും പരിഭ്രമമില്ലെങ്കിൽ സ്വസ്ഥാനമാ
ണെന്നും ഓരോ വിഷയത്തിലും ഓരോ അഭിപ്രായം പുറപ്പെടുക്ക
ുന്നതായാൽ ആ വിഷയങ്ങളിൽ ശ്രദ്ധയുണ്ടെന്നും ഒരിക്കൽ കണ്ട
തോ കേട്ടതോ ആയതിനെ ഓർക്കുന്നുണ്ടെങ്കിൽ മേധയുണ്ടെന്നും പേ
രും പൊല്ലിവിളിച്ചാൽ വിളികേൾക്കുകയോ മറവുള്ളവരുടെ പേർ
തെറ്റാതെ ധരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ സംജ്ഞയുണ്ടെന്നും മു
മ്പുകഴിഞ്ഞ ഓരോകാര്യങ്ങളേയും ഓർക്കുന്നുണ്ടെങ്കിൽ സ്മൃതിയുണ്ടെ
ന്നും ചെയ്തുകൊണ്ടാൽ ഹ്രിയുണ്ടെന്നും അനുസരണമുണ്ടെങ്കിൽ
ശീലം—സദ്വൃത്തിയുണ്ടെന്നും എന്തെങ്കിലും കാര്യങ്ങളെ പ്രതിഷേ
ധിക്കുന്നതായാൽ അതിൽ ദ്വേഷമുണ്ടെന്നും കുലാചാരാദികളെ
പൂർവ്വന്മാർ ആചരിച്ചപോലെവിധം ആചരിക്കുന്നുണ്ടെങ്കിൽ ധർമ്മ
ചിന്തയുണ്ടെന്നും യാതൊന്നിലും അതിയായ കാംക്ഷയില്ലെങ്കിൽ ധൃ

സമുത്ഥാനാനി കാലദേശോപശയവേനോവിശേഷേണ ഗ്രഹണീം വ്യാധിമുപശയാനുപശയാഭ്യാം ദോഷപ്രമാണവിശേഷമുപലഭ്യ ദേശേഷണ ആയുഷഃ ക്ഷയമരിഷ്ടൈരുപസ്ഥിതശ്രേയസ്കാം കല്യാണാഭിനിവേശേന അമലം സത്ത്വമവികാരേണേതി. ഗ്രഹണ്യാസ്തു മൃദുതോരുണത്വം ദുഃസംപ്ലവദർശനമതിപ്രായം ഭിഷഗ്ഭേഷജസുഖദുഃഖാനി ചാതുരപരിപ്രശ്നേനൈവ വിദ്യാദിതി. 8

ഭവന്തി ചാത്ര.

ആപ്തതശ്ചോപദേശേന പ്രത്യക്ഷകരണേന ച

തിയുണ്ടെന്നും എന്തെങ്കിലും പറഞ്ഞാൽ വിനയത്തോടുകൂടെ അതിനെ സ്വീകരിക്കുന്നുണ്ടെങ്കിൽ സ്വാധീനിക്കാവുന്നവനാണെന്നും അനുമാനംകൊണ്ട് അറിയണം. കാലം ദേശം ഉപശയം വേദന ഇവകളുടെ വിശേഷംകൊണ്ട് വായുമുതലായി സാത്മ്യവ്യാധിസമുത്ഥാനങ്ങളേയും ഗ്രഹിക്കാം. ഒരുരോഗം അതിന്റെ സ്വഭാവത്തെ വളരെ കുറച്ചുമാത്രമേ പ്രകാശിപ്പിക്കുന്നുള്ളുവെങ്കിൽ അതിന്റെ സ്വഭാവത്തെ പോലെ ഔഷധങ്ങളും പ്രയോഗിച്ചുനോക്കി അതുകളിലെ ഉപശയാനുപശയങ്ങളെക്കൊണ്ടതെന്ന ഗ്രഹിക്കണം. ദോഷങ്ങളുടെ താരതമ്യവ്യത്യാസത്തെ അപഥ്യപരിശീലനവിശേഷംകൊണ്ടറിയേണ്ടതു്. മരണലക്ഷണങ്ങളെക്കൊണ്ട് ആയുസ്സിന്റെ ക്ഷയത്തേയും മംഗളകർമ്മങ്ങളിലുള്ള അഭിനിവേശംകൊണ്ടു ശ്രേയസ്സുവരുവാനടുത്തിരിക്കുന്നു എന്നും സുഖദുഃഖാദികൾ സംഭവിക്കുമ്പോളെല്ലാം യാതൊരു വികാരവും വരാതെ കണ്ടാൽ നിർമ്മലമായ സത്ത്വഗുണം പൂർത്തിയായിരിക്കുന്നു എന്നും അനുമാനിച്ചറിയണം. ഗ്രഹണിയുടെ മൃദുതീക്ഷ്ണസ്വഭാവങ്ങളേയും അവൾ ദുഃസംപ്ലവയാണോ എന്നും അവന്റെ അഭിപ്രായത്തേയും എന്തെല്ലാം ആഹാരവിഹാരങ്ങളിൽ വൈരൂപ്യമുണ്ട് എന്നും എന്തെല്ലാം ആഗ്രഹമുണ്ട് എന്നും അവന്റെ സുഖദുഃഖസ്ഥിതികളും രോഗിയോടു ചോദിച്ചതന്നെ അറിയുകയും വേണം *

ഈ വിഷയത്തിൽ ഇതുകൂടെ ഗ്രഹിച്ചിരിക്കേണ്ടതാകുന്നു.

9—നല്ല അറിവുള്ള വൈദ്യൻ ആപ്തജനത്തിന്റെ ഉപദേശം

അനുമാനേന ച വ്യാധീൻ സമ്യഗ്വിദ്യാത്പരീക്ഷണം. 9
സർവ്വഥാ സർവ്വമാലോച്യ യഥാസംഭവമർത്ഥവിൽ
ഭിഷഗ്വ്യവസ്യേത്തത്രൈവ ച കാര്യേ ച തദനന്തരം. 10.
കാര്യതന്ത്രവിശേഷജ്ഞഃ പ്രതിപത്തൗ ന മുഹ്യതി
അമൂഢഃ ഫലമാപ്നോതി യദ്മോഹനിമിത്തജം. 11
ജ്ഞാനബുദ്ധിപ്രദീപേന യോ നാവിശതി തത്ത്വവിൽ
ആതുരസ്യാന്തരാത്മാനം ന സ രോഗാംശ്ചികിത്സതി. 12

തത്ര ശ്ലോകൗ.

സർവ്വരോഗവിശേഷാണാം ത്രിവിധം ജ്ഞാനസംഗ്രഹം

കൊണ്ടും പ്രത്യക്ഷമായി കണ്ടറിഞ്ഞും അനുമാനംകൊണ്ടും വ്യാധികളെ വേണ്ടവിധം അറിയണം * 10—അർത്ഥഗ്രഹണസമർത്ഥനായവൻ ഈ രോഗം ഏതൊരുകാരണത്താലുണ്ടായി എന്ന് ആപ്തോപദേശാദിത്രിവിധവിജ്ഞാനോപായങ്ങളെക്കൊണ്ട് വേണ്ടതുപോലെ ആലോചിച്ചറിഞ്ഞതിന്നു ശേഷം ആ രോഗം സാദ്ധ്യമോ അസാദ്ധ്യമോ എന്ന തത്ത്വത്തേയും ഗ്രഹിക്കണം. ഇതെല്ലാം ഗ്രഹിച്ചതിൽ പിന്നെ ചികിത്സിക്കുവാനും ശ്രമിക്കണം * 11—കായ്യതന്ത്രങ്ങളുടെ വിശേഷങ്ങളെ അറിഞ്ഞു ചികിത്സിക്കുന്നതായാൽ അവന്ന് ചികിത്സയിൽ യാതൊരുസംശയവുമുണ്ടാവുകയില്ല. സംശയരഹിതനായവന്ന് ഉദ്ദേശിച്ച ഫലം കിട്ടുകയും ചെയ്യും. ഫലസിദ്ധി അമോഹം നിമിത്തമുണ്ടാവുന്നതുമാണ് * 12—തത്ത്വവിത്തായ യാതൊരു വൈദ്യനാണോ അറിവോടും ആലോചനയോടുംകൂടെ ചികിത്സിക്കുവാൻ തുടങ്ങുന്നത് അവൻ രോഗിയുടെ രോഗങ്ങളെ മാത്രമല്ല അന്തരാത്മാവിനെകൂടെ ചികിത്സിക്കും. രോഗങ്ങളെ ഭേദപ്പെടുത്തുമെന്നു മാത്രമല്ല പിന്നെ ആരോഗ്യമാത്രനായി ജീവിക്കുവാനുള്ള മാർഗ്ഗത്തെകൂടെ അവന്നു വർത്തിച്ചുകൊടുക്കും*

അദ്ധ്യായവിവരണം.

13-14—ത്രിവിധരോഗവിശേഷവിജ്ഞാനീയമെന്ന ഈ അ

യഥാ ചോപദിശന്ത്യാപ്താഃ പ്രത്യക്ഷം ഗൃഹ്യതേ യഥാ. 13
യേ യഥാ ചാനുമാനേന ജ്ഞേയാസ്തേഽപ്യുദാഹൃതാഃ
ഭവാംസ്ത്രിരോഗവിജ്ഞാനേ വിമാനേ മുനിരുക്ഷവാൻ. 14

ഇതി ചരകസംഹിതായാം
വിമാനസ്ഥാനേ
ത്രിവിധരോഗവിശേഷവിജ്ഞാനീയം നാമ
ചതുർത്ഥോഽദ്ധ്യായഃ.

അദ്ധ്യായം 5. സ്രോതോവിമാനം.

അഥാതഃ സ്രോതോവിമാനമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
യാവന്തഃ പുരുഷേ മൂർത്തിമന്തോ ഭാവവിശേഷാസ്ത്രാവന്ത ഏവാസ്മിൻ സ്രോതസാം പ്രകാരവിശേഷാഃ. സർവ്വേ ഭാവാ ഹി പുരു

ദ്ധ്യായത്തിൽ ഉദാരധീയായ ആത്രേയഭഗവാൻ സകല രോഗവിശേഷങ്ങളുടേയും മൂന്നു തരത്തിലുള്ള സാമാന്യജ്ഞാനത്തേയും ആപ്തോപദേശസദ്ഭാവത്തേയും പ്രത്യക്ഷഗ്രഹണസമ്പ്രദായത്തേയും അനുമാനജ്ഞാനസമ്പ്രദായത്തേയും വിശദമായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
വിമാനസ്ഥാനേ ചതുർത്ഥോഽദ്ധ്യായഃ.

അദ്ധ്യായം 5.

ഇനി സ്രോതോവിമാനമെന്ന അദ്ധ്യായത്തെ പറയാം:

1—'ധ്യാനാദ്ധ്യാത്മനഃ സ്രവണാൽ സ്രോതാംസി' എന്ന മൂലസൂത്രസ്ഥാനത്തിൽ ലക്ഷണം പറഞ്ഞതായ സ്രോതസ്സുകളുടെ തവ

ഷേ നാന്തരേണ സ്രോതാംസ്യഭിനിവ്വർത്തന്തേ ക്ഷയം വാ ന ഗച്ഛന്തി. സ്രോതാംസി ഖലു പരിണാമമാപദ്യമാനാനാം ധാതൂനാമഭിവാഹീനി ഭവന്ത്യയനാത്തേന. അഥ ചൈകേ മഹർഷയഃ സ്രോതസാമേവ സമുദയം പുരുഷമിച്ഛന്തി സർവ്വഗതത്വാൽ സർവ്വസരത്വാച്ച. തേഷാമപ്യേകോപണ്ഡപ്രശമനാനാം. ന തേഷാമേവം. യസ്മാ സ ഹി പുരുഷഃ സ്രോതാംസി യച്ച വഹന്തി യച്ചാവഹന്തി യത്ര ചാവസ്ഥിതാനി സർവ്വം തദന്യത്തേഭ്യഃ.

സ്ഥൗല്യത്യാസംകൂടാതെ, മനുഷ്യരിൽ വ്യക്തമായി കാണപ്പെടുന്ന യാതൊരു ഭാവവ്യത്യാസവും സംഭവിക്കുകയില്ല. ശരീരികളിൽ ഏതൊരു ഭാവമാറ്റമുണ്ടാകുന്നതിനും കാരണം സ്രോതസ്സുകൾ—പ്രാണാദികൾ സഞ്ചരിക്കുന്ന നാഡികൾക്കുള്ള തകരാറുതന്നെയായിരിക്കും. മനുഷ്യന്റെ ഗമനാസനശരീരധാരണാദി സകലഭാവങ്ങളും സ്രോതസ്സുകളുടെ നിർവ്വികാരസ്ഥിതിക്കുടാതെ ഒരിക്കലും വേണ്ടതുപോലെ സംഭവിക്കുകയില്ല. അതുപോലെതന്നെ സ്രോതസ്സുകൾക്കു തകരാറുവരാതെ ശരീരഭാവങ്ങൾക്കു ക്ഷയവും സംഭവിക്കുകയില്ല. സ്രോതസ്സുകളെന്നാൽ, ഭക്ഷിച്ച ആഹാരരസം ഒരു ധാതുവിൽചെന്ന് അവിടെവെച്ച ആ ധാതുവിലെ ധാത്വഗ്നിയാൽ പചിപ്പിക്കപ്പെട്ടതിന്റെ ശേഷം അത് അനന്തരധാതുരൂപമായിത്തീരുമ്പോൾ കലർന്നുകൊണ്ട് ആവൃതമായ അനന്തരധാതുവിലേക്കു കൊണ്ടുചെല്ലുന്ന നാഡികളാകുന്നു. ചില മഹർഷികൾ മനുഷ്യശരീരം സ്രോതസ്സുകൾ നിറഞ്ഞതാണ്—സ്രോതോബലംകൊണ്ടുതന്നെ നിലനിൽക്കുന്നതാണ് എന്നുതന്നെ പറയുന്നു. അവർ ധാത്വാദികളെ അപേക്ഷിക്കാതെ ആ സ്ഥാനത്തെല്ലാം സ്രോതസ്സുകളെ തന്നെ ഗ്രഹിക്കുന്നു. അങ്ങിനെ പറയുവാനുള്ള കാരണം, ഇതുകൾ ശരീരമെങ്ങും വ്യാപിച്ചുവയും സകലഭാവങ്ങളേയും ഉദ്ഭവിപ്പിച്ചു ദേഹമാസകലം വ്യാപിപ്പിക്കുകയും വാതാദിദോഷങ്ങളെ കോപിപ്പിക്കുകയും കോപിച്ച ദോഷങ്ങളെ ശമിപ്പിക്കുകയും ചെയ്യുന്നവയുമാകയാൽ തന്നെയാകുന്നു. ഈ അഭിപ്രായം ശരിയല്ല. സ്രോതസ്സുകളും മറ്റു ഭാവങ്ങളുമുള്ളവനാകുന്നു മനുഷ്യൻ. സ്രോതസ്സുകൾ എന്തെല്ലാം കൊണ്ടുനടക്കുന്നുവോ എന്തിനെ ചെയ്യുന്നുവോ എവിടെ നില്ക്കുന്നുവോ അതെല്ലാം ഇതുകളിൽനിന്നു വേറൊന്നാണ്. അ

[illegible] ഖലു കേചിത്പരിസംഖ്യേയാന്യാചക്ഷ
ത ഇത്യേകേ. പരിസംഖ്യേയാനി പുനരന്യേ. തേഷാം സ്രോത
സ്സാം യഥാസ്ഥാനം കൃതിചിൽ പ്രകാരാൻ മൂലതശ്ച പ്രകോപവി
ശേഷാദതശ്ചാനവസ്ഥാപ്രസ്യാമഃ. യേഭവിഷ്യന്തീത്യനാകഥാത്ഥക്കാന
വാത വിഭജ്യാനന്തര്യ ചാഹുരാനായ. തദ്യഥാ—പ്രാണോദകോന്നരസ
[illegible] സ്രോതാംസ്യഥിമജ്ജശുക്ലമൂത്രപുരീഷസ്വേദവാഹീനി വാത
പിത്തശ്ലേഷ്മണാം പുനസ്സർവ്വശരീരചരാണാം സർവ്വസ്രോതാംസ്യന്ന
രസവാഹീനി. 2

കോശം സ്രോതസ്സുകളുടെ ശക്തികൊണ്ടല്ല സംഭവിക്കുന്നത്. അതിനാൽ ഇല്ലെന്നുള്ളതാണ്—സ്രോതസ്സമുദയം തന്നെയാണ് പുരുഷൻ എന്ന മതം ശരിയാണെന്നതു മഹർഷിയുടെ പക്ഷം * 2—സ്രോതസ്സുകൾ ശരീരത്തിൽ വ്യാപിച്ചവയും വളരെയുള്ളവയുമാകയാൽ കണ്ണൊന്നും ശരീരത്തിൽ ഇത്രയുണ്ടായിരിക്കുമെന്നു നിശ്ചയപ്പെടുത്തി പറവാൻ സാധിക്കുകയില്ല എന്നാണ് ചില ആചാര്യന്മാരുടെ മതം. മറ്റുചിലർ സ്രോതസ്സുകൾ ഇത്രയുണ്ടായിരിക്കുമെന്നു പറയാമെന്നും പറയുന്നു. ആ സ്രോതസ്സുകളുടെ സ്ഥാനാന്തരോദ്ഭവനയുള്ള ചില അവസ്ഥാവ്യത്യാസങ്ങളേയും അതുനിമിത്തമുള്ള പ്രകോപചിഹ്നവിജ്ഞാനപ്രകാരത്തേയും നാമിപ്പോൾ ഉപദേശിച്ചുതരാം. സൂത്രമാത്രമായിപ്പറഞ്ഞാൽ അതുകൊണ്ട് ഊഹിച്ചറിയുകയും ഈ വാക്യാർത്ഥത്തിന്റെ ആശയത്തിലടങ്ങിയ അർത്ഥത്തെക്കൂടെ അറിയുകയും ചെയ്യത്തക്ക ബുദ്ധിയുള്ളവനു് അറിയുവാൻ ഇങ്ങിനെ ഉപദേശിച്ചാൽ മതി. ഇതു ബുദ്ധിസാമർത്ഥ്യമില്ലാത്തവന്നു് ഈ വിഷയത്തിൽ എത്രതന്നെ വിസ്തരിച്ചുപദേശിച്ചാലും യാതൊന്നും മനസ്സിലാവുകയുമില്ല. അതുകളുടെ വിവരണമെങ്ങിനെയെന്നാൽ, ശരീരത്തിലുള്ള സ്രോതസ്സുകൾ പ്രാണൻ ജലം അന്നരസം രസം രക്തം മാംസം മേദസ്സു് അസ്ഥി മജ്ജ ശുക്ലം മൂത്രം മലം സ്വേദം ഇതുകളെ വഹിക്കുന്നവയായിരിക്കും. ഓരോതരം സ്രോതസ്സുകളും പ്രാണാദി ഓരോന്നിനെ വഹിക്കുമെന്നാശയം. വാതപിത്തകഫങ്ങൾ ശരീരത്തിലാസകലം വ്യാപിച്ചിരിക്കുന്നവയാകയാൽ അതുകൾ ഇന്ന സ്രോതസ്സുകളിൽകൂടി സഞ്ചരിക്കുമെന്ന നിയമമില്ല. അതുകൾക്ക്

തച്ചേതീന്ദ്രിയാണാം പുനസ്സത്ത്വാദീനാം കേവലം ചേതനാ വച്ഛരീരമയനാഭൂതമധിഷ്ഠാനഭൂതേഞ്ച. തദ്ഭേതൽ സ്രോതസാം പ്രകൃതി ഭൂതം പ്രാണ വികാരൈരുപസൃജ്യതേ ശരീരം. തത്ര പ്രാണവഹാനാം സ്രോതസാം പുനയം മൂലം മഹാസ്രോതശ്ച. പ്രദുഷ്ടാനാമിദം വിശേഷ ജ്ഞാനം ഭവതി. അതിസൃഷ്ടകുപിതം സപ്രതിബന്ധം അല്പാല്പ മഭീക്ഷ്ണം വാ സ്വശബ്ദമുലമുച്ഛ്വാസന്തം ദൃഷ്ട്വാ പ്രാണവഹാനാസ്യ സ്രോതാംസി പ്രദുഷ്ടാനീതി വിദ്യാൽ. 3.

ഈ പറഞ്ഞ പ്രാണവഹാദിസ്രോതസ്സുകളെല്ലാം സഞ്ചാരമാർഗ്ഗമായിത്തീരുകയും ചെയ്യും * 3—ആ വാതാദികളെപ്പോലെതന്നെ ഇന്ദ്രിയവിഷയങ്ങളില്ലാത്ത സത്ത്വാദിഭാവങ്ങൾക്കും ജീവികളുടെ ശരീരമാസകലം സഞ്ചാരമാർഗ്ഗവും ഇരിപ്പിടവുമായിരിക്കും. അതുകളും സകല സ്രോതസ്സുകളിൽക്കൂടിയും സഞ്ചരിക്കുമെന്നും ശരീരമാസകലം വ്യാപിച്ചിരിക്കുമെന്നും സാരം. ഈ പറഞ്ഞമാതിരി പ്രാണാദികൾ അതാതു സ്രോതസ്സുകളിൽക്കൂടി സഞ്ചരിക്കുകയും അതുകളിൽക്കൂടിയെല്ലാം വാതാദിദോഷങ്ങളും സത്ത്വാദിഭാവങ്ങളും നിരന്തരമായി സഞ്ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുൽ ആ സ്രോതസ്സുകൾ അതുകളുടെ പ്രകൃതിയിലിരിക്കുന്നവയായിരിക്കും. ആ പ്രകൃതിസ്ഥിതി നിമിത്തം അതുകൾ ശരീരത്തിനു യാതൊരു രോഗത്തേയുമുണ്ടാക്കിത്തീർക്കുകയുമില്ല (വിപരീതാവസ്ഥയിൽ രോഗത്തെ ചെയ്യുമെന്നു സാരം). ഇനി പ്രാണവഹാദി ഓരോ സ്രോതസ്സുകളുടെ സ്ഥാനാദി, സ്വഭാവത്തേയും അതുകൾ ദുഷിച്ചാലുണ്ടാകുന്ന ലക്ഷണത്തേയും വിവരിക്കുന്നു. ഈ പ്രാണവഹാദി പതിമൂന്നുതരം സ്രോതസ്സുകളിൽ പ്രാണനെ വഹിക്കുന്നതുകളുടെ മൂലം—ആ സ്രോതസ്സുകളുടെ മുരട് പുയേവും ജരവുമാകുന്നു. ആ സ്രോതസ്സുകൾക്കു കേടുതട്ടിയാൽ സംഭവിക്കുന്ന ലക്ഷണം ഈ പറയുന്നവയായിരിക്കുകയും ചെയ്യും. ഉച്ഛ്വാസം ക്രമത്തിലധികരിക്കുകയാൽ അതിനു കാഴ്ചയിൽ തകരാറുകാണുകയോ തടഞ്ഞുകാണുകയോ കൂടുതലായുകയോ—ഛിന്നഭിന്നമാവുകയോ ഇടവിടാതെ പുറപ്പെടുന്നതായോ കാണുകയും അതിനെല്ലാം ക്രമാധികമായ ശബ്ദമുണ്ടാകുകയും ഉച്ഛ്വസിക്കുമ്പോൾ വേദനയുണ്ടായിരിക്കുകയും ചെയ്യുന്നതായി കണ്ടാൽ ഇവരുടെ പ്രാണവാഹിസ്രോതസ്സുകൾ ദുഷിച്ചിരിക്കുന്നു എന്നറിയണം*

ഉദകവഹാനാം സ്രോതസാം താലു മൂലം ക്ലോമ ച. പ്രദുഷ്ട്യാ നാമിദം വിജ്ഞാനം. തദ്യഥാ—ജിഹ്വാതാലോഷ്ഠകണ്ഠോപശോഷം പിപാസാഞ്ചാതിപ്രവൃദ്ധം ദൃഷ്ട്വാ ഉദകവഹാന്യസ്യ സ്രോതാംസി പ്രദുഷ്ടാനീതി വിദ്യാൽ. 4

അന്നവഹാനാം സ്രോതസാമാമാശയോ മൂലം വാമഞ്ച പാർശ്വം. പ്രദുഷ്ടാനാം തു ഖലു ഏഷാമിദം വിശേഷവിജ്ഞാനം ഭവതി. തദ്യഥാ—അന്നനാശലക്ഷണമരോചകാവിപാകൌ ഹൃദ്ദ്രവഞ്ച ദൃഷ്ട്വാ അന്നവഹാനി സ്രോതാംസി പ്രദുഷ്ടാനീതി വിദ്യാൽ. 5

രസവഹാനാം സ്രോതസാം ഹൃദയം മൂലം. ദശ ധമന്യഃ. ശോണിതവഹാനാം സ്രോതസാം യകൃന്മൂലം പ്ലീഹാ ച. മാംസവഹാനാഞ്ച സ്രോതസാം സ്നായു മൂലം ത്വക്ച. മേദോവഹാനാം സ്രോതസാം കടീ മൂലം പ്ലീഹാ ച. അസ്ഥിവഹാനാം സ്രോതസാം അസ്ഥിസംഘാതോ മൂലം തേനാചാദീനി ച. മജ്ജാവഹാനാം സ്രോതസാമസ്ഥീനി മൂലം സകടയശ്ച. ശുക്രവഹാനാം സ്രോതസാം വൃ

4—ജലവാഹിസ്രോതസ്സുകളുടെ മൂലം അണ്ണാക്കും ക്ലോമവും (ഉദരത്തിലുള്ള ജലാധാരസ്ഥാനവും) ആകുന്നു. അതുകൊണ്ട കേട്ടതായാലുണ്ടാവുന്ന ലക്ഷണമെന്തെന്നാൽ, നാവ് അണ്ണാക്ക് ചുണ്ട് തൊണ്ട ക്ലോമം ഇവിടങ്ങളിലെല്ലാം വരൾച്ചയും കലശലായ ദാഹവും കണ്ടാൽ ഇവന്റെ ഉദകവാഹിസ്രോതസ്സുകൾ ദുഷിച്ചിരിക്കുന്നു എന്നറിയണം *

5—അന്നവാഹികളായ സ്രോതസ്സുകളുടെ മൂലം ആമാശയവും ഇടത്തെ വാരിഭാഗവുമാകുന്നു. ഇതുകൾ ദുഷിച്ചാലുള്ള പ്രത്യേകലക്ഷണമെന്തെന്നാൽ, ഭക്ഷണം കഴിക്കുവാനാഗ്രഹമില്ലാതാവുക രുചി കുറയുക ഹൃദയം വ്യഥയെന്നുതന്നെ കഴിച്ചാലും ഛർദ്ദിക്കുക ഈവക ലക്ഷണംകണ്ടാൽ ഇവന്റെ അന്നവാഹിസ്രോതസ്സുകൾ ദുഷിച്ചിരിക്കുന്നു എന്നറിയണം *

6—രസവാഹിസ്രോതസ്സുകളുടെ മൂലം ഹൃദയവും, രക്തവാഹിസ്രോതസ്സുകളുടെ മൂലം ധമനികളും—ശുദ്ധരക്തത്തെ വഹിക്കുന്ന ഞരമ്പുകളും യകൃത്തും പ്ലീഹാവും, മാംസവാഹിസ്രോതസ്സുകളുടെ മൂലം സ്നായുക്കളും തോലും, മേദസ്സിനെ വഹിക്കുന്ന സ്രോതസ്സുകളു

ഷണൌ മൂലം ശേഫശ്ച. പ്രദുഷ്ടാനാന്തു രസാദിസ്രോതസാം ഖലു ദോഷാം വിജ്ഞാനാന്യുക്താനി വിവിധാശിതീയേ അദ്ധ്യായേ. യാന്യേവ ഹി ധാതൂനാം പ്രദോഷവിജ്ഞാനാനി താന്യേവ യഥാസ്വം ധാതുസ്രോതസാം. 6

മൂത്രവഹാനാം സ്രോതസാം വസ്തിർമ്മൂലം വംക്ഷണൌ ച. ഖലു ദോഷാമിമം പ്രദുഷ്ടാനാം വിജ്ഞാനമതിസൂക്ഷ്മം പ്രതിബുദ്ധ്യം കുപിതമപ്യാപ്തൈരീക്ഷ്യം വാ സശൂലം മൂത്രം മൂത്രവന്തം ദുഷ്ടാ മൂത്രവഹാന്യസ്യ സ്രോതാംസി പ്രദുഷ്ടാനീതി വിദ്യാൽ. 7

ടെ മൂലം കടിപ്രദേശവും പ്ലീഹാവും, അസ്ഥിവഹങ്ങളായ സ്രോതസ്സുകളുടെ മൂലം അസ്ഥിക്കൂട്ടവും പല്ലു നഖം മുതലായതും, മജ്ജാവാഹികളായ സ്രോതസ്സുകളുടെ മൂലം അസ്ഥികളും സകഥികളും തുക്കുവാഹിസ്രോതസ്സുകളുടെ മൂലം വൃഷണങ്ങളും ലിംഗവുമാകുന്നു. ഈ രസാദിധാതുക്കളെ വഹിക്കുന്ന സ്രോതസ്സുകളെല്ലാം ദുഷിച്ചാലുള്ള ലക്ഷണം വിവിധാശിതപീതീയമെന്ന സൂത്രസ്ഥാനാദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. രസാദി ധാതുക്കൾ ദുഷിച്ചാൽ എന്തെല്ലാം ലക്ഷണങ്ങളാണോ സംഭവിക്കുക അതുകൾ തന്നെയാണ് അതാതു ധാതുക്കളെ വഹിക്കുന്ന സ്രോതസ്സുകൾ ദുഷിച്ചാലും സംഭവിക്കുന്ന ലക്ഷണങ്ങൾ. *

7— മൂത്രത്തെ വഹിക്കുന്ന സ്രോതസ്സുകളുടെ മൂലം വസ്തിയും (മൂത്രാശയവും) കടിപ്രദേശങ്ങളുമാകുന്നു. ഇതുകൾ ദുഷിച്ചാലുള്ള ലക്ഷണമെന്തെന്നാൽ, വേണ്ടതിലധികം മൂത്രം പോവുകയോ മൂത്രത്തിന്നു തടവുണ്ടാകയോ യാതൊരു സമയവ്യത്യാസവുംകൂടാതെ പലേ ഗന്ധവർണ്ണങ്ങളോടുംകൂടെ കൃച്ഛ്രങ്ങളോടുകൂടിയായി സ്രവിക്കുകയോ ചെയ്യും. ഈ പറഞ്ഞ എല്ലാ അവസ്ഥകളിലും മൂത്രം വിട്ടുന്ന സമയത്തെല്ലാം കലശലായ വേദനയുണ്ടായിരിക്കും. ഈ ലക്ഷണങ്ങൾ കണ്ടാൽ ഇവൻറെ മൂത്രവാഹിസ്രോതസ്സുകൾ ദുഷിച്ചിരിക്കുന്നു എന്നും ഗ്രഹിക്കണം. *

പുരീഷവഹാനാം സ്രോതസാം പക്വാശയോ മൂലം സ്ഥൂലഗു
ദ്ധേ. പ്രദുഷ്ടാനാം ചലപ്രതിഷ്ഠാമിതം വിജ്ഞാനം— കൃഷ്ണോ
ല്പിലം സ്ഥൂലമതിദ്രവം കുപിതമതിവൃദ്ധം ചോപവിശന്തം ദുഷ്ടാ
പുരീഷവഹാന്യസ്യ സ്രോതാംസി പ്രദുഷ്ടാനീതി വിദ്യാൽ. 8

സേദോവഹാനാം സ്രോതസാം മേദോ മൂലം രോമകൂപാശ്ച.
പ്രദുഷ്ടാനാം ചലപ്രതിഷ്ഠാമിതം വിജ്ഞാനം— അതിസേദനമതിസേദ
നം പാരുഷ്യമതിശ്ലക്ഷ്ണതാം പരിദാഹം ലോമഹർഷം ച ദുഷ്ടാ
ദോവഹാന്യസ്യ സ്രോതാംസി പ്രദുഷ്ടാനീതി വിദ്യാൽ. 9

സ്രോതാംസി സിരാ ധമന്യോ രസവാഹിന്യോ നാ

8—പുരീഷവാഹിസ്രോതസ്സുകളുടെ മൂലം പക്വാശയമാ
ലക്ഷണമോകുന്നു. ദുഷിച്ച പുരീഷവാഹിസ്രോതസ്സുകളുടെ ല
ണം ഏതെന്നാൽ, കലശലായിമുക്കിയാൽ മലം കൃശ്ശക്കൃശ്ശയാ
യി പോകും. അങ്ങിനെ മലംപോകുന്ന സമയം വേദനയുണ്ടായി
രിക്കും. പോകുന്നത് ഇളകിയുമിരിക്കും. ചിലപ്പോൾ നാനാവി
ധ ലക്ഷണങ്ങളോടുകൂടെ വേണ്ടതിലധികം പോയി എന്നും വരാം.
ഈ ലക്ഷണങ്ങൾ കണ്ടാൽ ഇവൻറെ പുരീഷങ്ങളെ വഹിക്കുന്ന
സ്രോതസ്സുകൾ ദുഷിച്ചിരിക്കുന്നുവെന്നു ഗ്രഹിക്കണം *

9—സേദത്തെ (വിയപ്പിനെ) വഹിക്കുന്ന സ്രോതസ്സുകളുടെ
മൂലം മേദസ്സും രോമകൂപങ്ങളുമാകുന്നു. ഇതുകൾ ദുഷിച്ചാലുള്ള
ലക്ഷണം ഈ പറയുന്നവയായിരിക്കും. സേദവിധിപ്രകാരം സേ
ദിപ്പിച്ചാലും വിയർക്കാതിരിക്കുക, കാരണംകൂടാതെ കലശലായി വി
യർക്കുക, സ്നിഗ്ധോപചാരങ്ങൾ ചെയ്താലും പാരുഷ്യംതന്നെ വരി
ക, കാരണംകൂടാതെ അതിയായ മിനമിനുപ്പുണ്ടാവുക, ചിലപ്പോൾ
ചുട്ടുനീറലും മറ്റുചില സമയങ്ങളിൽ രോമഹർഷവും സംഭവിക്കുക
ഈ വക ലക്ഷണങ്ങൾ കണ്ടാൽ ഇവൻറെ സേദോവഹിസ്രോത
സ്സുകൾ ദുഷിച്ചിരിക്കുന്നു എന്നും ഗ്രഹിക്കണം. *

10— സ്രോതസ്സുകൾ സിരകൾ ധമനികൾ രസവാഹിനി
കൾ നാഡികൾ പന്ഥാക്കൾ മാർഗ്ഗങ്ങൾ ശരീരച്ഛിദ്രങ്ങൾ സംവൃതാ

സ്ഥാനാ മാശ്ര്യാശ്ശരീരച്ഛിദ്രാണി സംവൃതാസംവൃതാനി സ്ഥാനാന്യാ
ശയാ ആലയാ നികേതാശ്ചേതി. ശരീരധാതവകാശാനാം ലക്ഷ്യാ
ലക്ഷ്യാണാം നാമാനി. 10

തേഷാം പ്രകോപാൽ സ്ഥാനസ്ഥാനാശ്ചൈവ മാശ്ര്യാശ്ചൈവ
ശരീരധാതവഃ പ്രകോപമാപദ്യന്തേ. 11

ഇതരേഷാം വാ പ്രകോപാദിതരാണി. 12

സ്രോതാംസി സ്രോതാംസ്യേവ ധാതവശ്ച ധാതൂൻ പ്രദൂഷ
യന്തി. 13

സ്ഥാനങ്ങളും സ്ഥാനങ്ങളും ആശയങ്ങളും ആലയങ്ങളും നികേത
ങ്ങളും എന്ന 13 പങ്ങേളും കണ്ണൊണ്ടു കണ്ടറിയാവുന്നവയും കാ
ണുവാൻ പ്രയാസമായവയുമായ ശരീരധാതുക്കളുടെ ഇടയ്ക്കുള്ള പ
ര്യായനാമങ്ങൾ— സ്രോതസ്സുകളുടെ പര്യായങ്ങളാകുന്നു. ഈ നാമങ്ങളെ
ല്ലാം സ്രോതസ്സുകളുടെ പര്യായങ്ങൾ തന്നെയാണെങ്കിലും ഇവിടെ
സ്രോതസ്സുകളെ പ്രാണവാഹികൾ ഉദകവാഹികൾ ഇത്യാദി ക്രമ
ത്തിൽ പതിമൂന്നർത്ഥമാക്കി വിഭജിക്കുകയും അതുതന്നെ പര്യായ
ങ്ങൾ പറയുകയും ചെയ്ത സ്ഥിതിക്ക് ഈ നാമങ്ങളിൽ സ്രോതസ്സു
കൾ=പ്രാണവാഹികൾ, സിരകൾ=ഉദകവാഹികൾ ഇത്യാദി അ
ർത്ഥവിശേഷത്തെക്കൂടി ഗ്രഹിക്കണം. ഈ നാമങ്ങൾ പൊതുവിൽ
സ്രോതസ്സുകളുടെ പര്യായങ്ങളായും ഗ്രഹിക്കാം. *

11— ഈ സ്രോതസ്സുകൾ കോപിച്ചാൽ, ശരീരധാതുക്കൾ അ
ധാതുകളുടെ സ്ഥാനത്തിൽ തകരാറുകൂടാതെ ഇരിക്കുന്നവയും അ
ധാതുകളുടെ മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കുന്നവയുമാണെങ്കിൽകൂടി നി
ശ്ചയമായും കോപിക്കും * 12— അതുപോലെതന്നെ ധാതുക്കൾ
കോപിച്ചാൽ സ്രോതസ്സുകളും കോപിക്കും. * 13— ചിലപ്പോൾ
സ്രോതസ്സുകൾ മറ്റു സ്രോതസ്സുകളേയും ധാതുക്കൾ മറ്റു ധാതുക്ക
ളേയും മാത്രമേ കോപിപ്പിക്കുകയുള്ളു എന്നും വരാം. അപ്പോൾ
സ്രോതസ്സുകളും ധാതുക്കളും അന്യോന്യകോപകാരണങ്ങളായോ
സജാതികളെ മാത്രം ദുഷിപ്പിക്കുന്നതായോ സംഭവിക്കും * 14—

പ്രദുഷ്ടാസ്ത്വേഷാം സർവ്വേഷാമേവ വാതപിത്തശ്ലേഷ്മാണോ ദു
ഷ്ടാ ദൂഷയിതാരോ ഭവന്തി ദോഷസ്വഭാവാൽ. 14

ഭവന്തി ചാത്ര.

ക്ഷയാൽ സന്ധാരണാദ്രൂക്ഷ്യാദ്വ്യായാമാൽ ക്ഷുധിതസ്യ ച
പ്രാണവാഹിനി ദുഷ്യന്തി സ്രോതാംസ്യന്നസ്യ ചാതുരഃ. 15
ഔഷ്ണ്യാദാമാതിയോഗാൽ പാനാതിതൃഷ്ണാന്നസേവനാൽ
അംബുവാഹിനി ദുഷ്യന്തി തൃഷായാശ്ചാതിപീഡനാൽ. 16

വാതവും പിത്തവും കഫവും ദോഷങ്ങളാവുകനിമിത്തം അതുകാം ദൂഷിച്ചാൽ സ്രോതസ്സുകളേയും ധാതുക്കളേയും ദൂഷിപ്പിക്കുകയുംചെയ്യും. ദോഷമെന്നതിന്റെ വിവരണം സൂത്രസ്ഥാനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ടാകയാൽ ഇവിടെ പുനരാവർത്തനം ചെയ്യുന്നില്ല. *

ഇവിടെ താഴേപായുന്നതുകൊണ്ടുള്ളതു ഗ്രഹിക്കുകയും വേണം.

ഈ പറഞ്ഞ പതിമൂന്നതരം സ്രോതസ്സുകളും ദൂഷിക്കുവാനുള്ള കാരണത്തെ പ്രത്യേകം വിവരിക്കുന്നു:— 15— രസാദിധാതുക്കളും ക്ഷയിക്കുക മലമൂത്രാദിവേഗങ്ങളെ ധരിക്കുക ശരീരത്തിന്നു വേണ്ടതിലധികം രൂക്ഷതവരിക ക്ഷുധിതനായവൻ (വശിപ്പുള്ളസമയം) വ്യായാമം ചെയ്യുക ഇതുകളും നിമിത്തവും ഇതേവിധം അതിദോഷങ്ങളായ മാറ പ്രവൃത്തികളും നിമിത്തവും പ്രാണവാഹിസ്രോതസ്സുകളും ദൂഷിക്കും. അന്നസ്യചാതുരസ്യ—ക്ഷയാദികാരണങ്ങളും പ്രാണവാഹിസ്രോതസ്സുകളും ദൂഷിക്കുവാൻ പ്രത്യേകകാരണങ്ങളാകുന്നു. മാറെ കഠിനപ്രവൃത്തികളും കാരണങ്ങളും തന്നെയാണ്. ഈ അർത്ഥം മാറെ സ്രോതസ്സുകളുടെ വിഷയത്തിലും ഗ്രഹിക്കേണ്ടതാകുന്നു * 16— ശരീരത്തിന്ന് അധികം ഉഷ്ണം ബാധിക്കുക ആയാസം സംഭവിക്കുക ഭയപ്പെടുക മദ്യപാനം ചെയ്യുക അധികം ശുഷ്കമായ പദാർത്ഥത്തെ ഭക്ഷിക്കുക കലശലായി ദാഹിച്ചിട്ടുകൂടി വെള്ളം കുടിക്കാതിരിക്കുക ഇതുകളാകുന്നുള്ളതും അംബുവാഹിസ്രോതസ്സുകളും ദൂഷിക്കും * 17— ഭക്ഷണപദാർത്ഥത്തെ മാത്രമിലധികം

അതിമാത്രസ്യ ചാകാലേ ചാഹിതസ്യ ച ഭോജനാൽ
അന്നവാഹീനി ദുഷ്യന്തി വൈഷമ്യാൽ പാവകസ്യ ച 17
ഗുരുശീതാതിസ്നിഗ്ധാതിമാത്രനിഷേവണാൽ
രസവാഹീനി ദുഷ്യന്തി ചിന്ത്യാനാം ചാതിചിന്തനാൽ. 18
വിരോഹീണ്യന്നപാനാനി സ്നിഗ്ധോഷ്ണാനി ദ്രവാണി ച
രക്തവാഹീനി ദുഷ്യന്തി ഭജതാം ചാതപാനലൌ. 19
അഭിഷ്യന്ദീനി ഭോജ്യാനി സ്ഥൂലാനി ച ഗുരൂണി ച
മാംസവാഹീനി ദുഷ്യന്തി ഭുക്തപാ ച സപതോ ദിവാ. 20
അവ്യായാമാദ്ദിവാസ്വപ്നാന്മേഹ്യാനാം ചാതിഭക്ഷണാൽ
മേദോവാഹീനി ദുഷ്യന്തി വാരുണ്യാശ്ചാതിസേവനാൽ. 21

ക്കിക്കുകയോ അകാലത്തിൽ ഭക്ഷണം കഴിക്കുകയോ ശരീരപ്രകൃതിക്കു ഹിതമല്ലാത്ത പദാർത്ഥത്തെ ശീലിക്കുകയോ ചെയ്യുന്നതും ജഠരാഗ്നിക്കു വൈഷമ്യം സംഭവിച്ചാലും അന്നവാഹിസ്രോതസ്സുകൾ ദുഷിക്കും * 18— ഗുരുത്വമുള്ളതും തണുപ്പുള്ളതും അത്യന്തം സ്നിഗ്ധമായതുമായ ദ്രവ്യങ്ങളെ കണക്കിലധികം ശീലിക്കുകയും മനസ്സിരുത്തി ആലോചിക്കേണ്ടതായ വിഷയങ്ങളെ അവനവന്റെ ശക്തിയിൽ കവിഞ്ഞവിധം ആലോചിക്കുകയും ചെയ്യുന്നതുകൊണ്ടു രസവാഹിസ്രോതസ്സുകൾക്കു കേട്ടു സംഭവിക്കും * 19— ഉൾപ്പുഴുക്കുണ്ടാക്കുന്ന സ്നിഗ്ധോഷ്ണങ്ങളും ഉഷ്ണങ്ങളും— വീര്യംകൊണ്ടും സ്പർശംകൊണ്ടും ഉഷ്ണങ്ങളും ദ്രവങ്ങളുമായ അന്നപാനങ്ങളെ ശീലിക്കുകയും വെയിലും തീയും കൊള്ളുകയും ചെയ്യുന്നതുകൊണ്ടു രക്തവാഹിസ്രോതസ്സുകൾ ദുഷിക്കും * 20— അഭിഷ്യന്ദത്തെ ഉണ്ടാക്കുന്നവയും സ്ഥൂലങ്ങളും ഗുരുത്വമുള്ളവയുമായ ഭക്ഷണപദാർത്ഥങ്ങളെ ശീലിക്കുകയും പകൽസമയം ഉറങ്ങികഴിഞ്ഞതിന്നശേഷം— ആഹാരം ദഹിക്കുന്നതിന്നുമുമ്പെ കിടന്നുറങ്ങുകയും ചെയ്യുന്നതുകൊണ്ടു മാംസവാഹിസ്രോതസ്സുകൾ ദുഷിക്കും* 21— ലേശംപോലും വ്യായാമം ചെയ്യാതിരിക്കുക പകൽസമയം അധികമായി കിടന്നുറങ്ങുക പ്രമേഹത്തിന്നു കാരണഭൂതങ്ങളായ (നിദാനസ്ഥാനം 4-ാം അദ്ധ്യായത്തിൽ വിവരിച്ചതായ) ചയ്യകളെ ശീലിക്കുക ഇതുകൊണ്ടും വാരുണീമദ്യം അതിയായി ശീലിക്കുകയാ

വ്യായാമാതിസംക്ഷോഭാത്സ്നിഗ്ധാമതിച ഭക്ഷണാൽ
അസ്ഥിവാഹിനി ദുഷ്യന്തി വാതളാനൂഞ്ച സേവനാൽ. 22
ഉത്പീഡ്യോത്പിഷ്യമാണാഭ്യാഘാതാൽ പ്രപിഡനാൽ
മജ്ജാവാഹിനി ദുഷ്യന്തി വിരുദ്ധാനാഞ്ച സേവനാൽ. 23
അകാലാദ്യായിഗമനാന്നിഗ്രഹാത്തീക്ഷ്ണമൈഥുനാൽ
ശുക്രവാഹിനി ദുഷ്യന്തി ശസ്ത്രക്ഷാരാഗ്നിഭിസ്തഥാ. 24
മൂത്രിതോദകഭക്ഷ്യസ്യസേവനാന്മൂത്രനിഗ്രഹാൽ
മൂത്രവാഹിനി ദുഷ്യന്തി ക്ഷീണസ്യാഥ കൃശസ്യ ച. 25

ലും മേദോവാഹിസ്രോതസ്സുകൾ ദുഷിക്കും * 22— അതിവ്യായാമം ശീലിക്കുക വണ്ടി മുതലായ യാനാദികൾനിമിത്തം ശരീരത്തിന്ന് അധികമായ സംക്ഷോഭം വരിക ആട് മുതലായ ജീവികളുടെ എല്ല്— എല്ലുകൊണ്ടുമാത്രം ഉണ്ടാക്കിയ സൂപ്പ് മുതലായവ പതിവായും വേണ്ടതിലധികവും കഴിക്കുക ഇതുകളെക്കൊണ്ടും വാതളങ്ങളായ ആഹാരാദികളെ ശീലിക്കുകകൊണ്ടും അസ്ഥിവാഹിസ്രോതസ്സുകൾ ദുഷിക്കും * 23— പിടിച്ചുവലിക്കുക അതിയായി നന്നുവരിക അടികൊള്ളുക പിടിച്ചഞെക്കുക ഇതുകൾനിമിത്തവും വിരുദ്ധങ്ങളായ ദ്രവ്യങ്ങളെ ഒന്നിച്ചുചേർത്തു ശീലിക്കുകനിമിത്തവും മജ്ജാവാഹിസ്രോതസ്സുകൾ ദുഷിക്കും * 24— അകാലത്തിൽ സുരതംചെയ്യുക യോനിയില്ലാതെ ഗുദമുഖക്രോഡിസ്ഥാനങ്ങളിൽ ലിംഗത്തെ പ്രവേശിപ്പിച്ചു ശുക്ലം സ്രവിപ്പിച്ചു സുരതസുഖത്തെ അഭിമാനിക്കുക ശുക്ലത്തെ തടയുക ശക്തിയിൽ കവിഞ്ഞു സുരതംചെയ്യുക ഇതുകൾനിമിത്തവും ശസ്ത്രമേല്ക്കുകയാലും ക്ഷാരപ്രയോഗംചെയ്യുന്നതിൽ അതിയോഗാദിദോഷം സംഭവിക്കുകയാലും തീപ്പൊള്ളുകയാലും—ഉദ്ദീപ്തമായപ്രമാദാഹങ്കാരനിമിത്തവും ശുക്രവാഹിസ്രോതസ്സുകൾ ദുഷിക്കും * 25— മൂത്രംവീഴുന്നതെന്നതോന്നുന്നസമയം അടക്കാതെ വെള്ളംകുടിക്കുകയോ ഭക്ഷണം കഴിക്കുകയോസ്ത്രീസേവചെയ്കയോ ചെയ്യുന്നതുനിമിത്തവും മൂത്ര

വിധാരണാദത്യശനാദജീർണ്ണാദ്ധ്യശനാത്തഥാ
വഃച്ച്വാവഹിനാ ദുഷ്യന്തി ദുഷ്ടലാഗ്നേഃ കൃശസ്യ ച. 26
വ്യായാമാദ്ധ സന്താപാച്ഛീതോഷ്ണക്രമസേവനാൽ
സേദവാഹീനി ദുഷ്യന്തി ക്രോധശോകഭയൈസ്തഥാ. 27
ആഹാരശ്ച വിഹാരശ്ച യഃ സ്യാദ്ദോഷഗുണൈസ്സമഃ
ധാതുഭിശ്ചാഗുണശ്ചാപി സ്രോതസാം സ പ്രദൂഷകഃ. 28
അതിപ്രവൃത്തിഃ സംഗോ വാ സിരാണാം ഗ്രന്ഥയോപി വാ

നിഗ്രഹത്താലും മൂത്രവാഹിസ്രോതസ്സുകൾ ദുഷിക്കും. അധികം ക്ഷീണിച്ചവനും കാശ്യംവന്നവനും മൂത്രവാഹിസ്രോതസ്സുകൾ ദുഷിച്ചിരിക്കും * 26—പ്രവർത്തമാനമായ മലത്തെ തടയുകയും അത്യശനം അജീർണ്ണാശനം അധ്യശനം ഇതുകളെ ശീലിക്കുകയും ചെയ്യുന്നവനും സ്വതേ ജാരാഗ്നിക്കു ബലം ക്ഷയിച്ചവനും കാശ്യംവന്നവനും വഃച്ച്വാവാഹിസ്രോതസ്സുകൾ ദുഷിക്കും * 27—അധികം വ്യായാമം ശീലിക്കുക സഹ്യമായ സംഗതികളിൽക്കൂടി അതിയായി വ്യസനിക്കുക ശീതോഷ്ണങ്ങളെ ക്രമത്തിലധികം ശീലിക്കുക ഇതുകൾക്കുനിമിത്തവും ക്രോധം ശോകം ഭയം ഇതുകൾക്കുനിമിത്തവും സേദോവാഹിസ്രോതസ്സുകൾ ദുഷിക്കും. 'ജീവിതായതനാന്യന്നഃ സ്രോതാംസ്യാഹുസ്സുയാദരേ । പ്രാണധാതൂലോംഭോന്നവാഹീനി, അഹിതസേവനാൽ । താനി ദുഷ്ടാനി രോഗായ വിത്തുടോനി സുഖായ ച.' എന്നു വാഗ്ഭടാചാര്യൻ * 28— വാതപിത്തകഫങ്ങളുടെ ഗുണങ്ങളോടു തുല്യഗുണയുക്തമായ ആഹാരവും ദോഷഗുണതുല്യമായ വാദോഷമനസ്സുകളുടെ ദോഷങ്ങളും രസാദിധാതുഗുണങ്ങൾക്കു വിപരീതങ്ങളായ ആഹാരവിഹാരങ്ങളും സ്രോതസ്സുകളെ ദുഷിപ്പിക്കുന്നവയാകുന്നു * 29—സ്രോതസ്സുകൾ ദുഷിച്ചാലുള്ള സാമാന്യലക്ഷണമെന്തെന്നാൽ ഏതേതു സ്രോതസ്സുകൾ ഏതേതുകളെ വഹിക്കുന്നുവോ അവ അധികമായി പ്രവർത്തിക്കുകയോ അതിനു സംഗംവരികയോ ചെയ്യുകയും (മൂത്രവാഹിസ്രോതസ്സാണെങ്കിൽ പ്രമേഹരോഗമുള്ളവനെപ്പോലെ മൂത്രംവീഴുകയോ മൂത്രക്കല്ലുള്ളവനെപ്പോലെ മൂത്രത്ത

വിമാർഗ്ഗഗമനം വാപി സ്രോതസാം ദുഷ്ടിലക്ഷണം.
സ—ധാതുസമവർണ്ണാനി വൃത്തസ്ഥൂലാന്യനേകനി ച.
സ്രോതാംസി ദീർഘാണ്യാകൃത്യാ പ്രതാനസദൃശാനി ച.

ന്ന തടവുവരികയോ ചെയ്യും. ഇതുപോലെ മാറെസ്രോതസ്സുകൾ ക്ഷയം സംഭവിക്കും) സിരകൾക്കു ഗ്രന്ഥികൾ (മുഴകൾ) സംഭവിക്കുക അതാതു സ്രോതസ്സുകൾ സ—തത സഞ്ചരിക്കുന്ന മാർഗ്ഗംവിട്ട് അന്യ മാർഗ്ഗത്തിൽക്കൂടി ആയിത്തീരുക ഇതെല്ലാം സ്രോതസ്സുകൾ ദുഷിച്ചാ ലുള്ള ലക്ഷണമാകുന്നു. ഈ (28-ാം 29-ാം ശ്ലോകങ്ങൾകൊണ്ട്) പ റഞ്ഞ ലക്ഷണം പൊതുവിൽ മൻവിവരിച്ച പതിമൂന്നതരം സ്രോത സ്സുകൾക്കും സംഭവിക്കുന്നതാകുന്നു * 30—സ്രോതസ്സുകളുടെ ആ കൃതിയെ വിവരിക്കുന്നു:—ഏതേതുസ്രോതസ്സുകൾ ഏതേതുധാതുവി നെ ആശ്രയിച്ചിരിക്കുമോ ആ സ്രോതസ്സുകൾ അതാതുധാതുക്കളു ടെ നിറമായിരിക്കും. ഈ പതിമൂന്നതരം സ്രോതസ്സുകളിൽ ചില തു വൃത്താകാരങ്ങളും മാറചിലതു ദീർഘങ്ങളും വേറെ ചിലത് അ ത്യന്തം അണുക്കളും ആയിരിക്കും. ഇതുകളെല്ലാം ദീർഘങ്ങളും ന ഖശിഖാന്തം വ്യാപിച്ചുകിടക്കുന്നവയും അരയാലില മുതലായ ഇല കളിൽ കാണുന്ന ചെറുതൊണ്ടുകൾപോലെ ശാഖോപശാഖകളാ യി പലപ്രകാരത്തിൽ ദേഹമാസകലം വ്യാപിച്ചുകിടക്കുന്നവയുമാ യിരിക്കും. ഈ വിഷയത്തിൽ വാഗ്ഭടാചാര്യൻ 'ബിസാനമേവ സൂ ക്ഷ്മാണി ദ്വയം പ്രവിശന്തി ച ; ദ്വോരാണിസ്രോതസാം ദ്വയോ ര സോ ദ്വയമുപചീയതേ' എന്നുകൂടെ പറയുന്നു. അദ്ദേഹം ശല്യാ ദികൾകൊണ്ടു സ്രോതസ്സുകൾ മുറിഞ്ഞാൽ ഉണ്ടാകുന്ന രോഗങ്ങളേ യും അതുകൾക്കുള്ള ചികിത്സാരീതിയും ഇപ്രകാരം വിവരിക്കുന്നു: 'വ്യദ്ധേ തു സ്രോതസാം ശാഖാപ്രശാഖാസ്വനവമർശാൽ പ്രലാപ സ്തബ്ധവിണ്മൂത്രതാദയോ മരണമേവ വാ ; സ്രോതോവിദ്ധമതോഽന്യതമ ത്ര പ്രത്യുപ്യായ പ്രസാധനാൽ ; ഉദ്ധൃത്യ ശല്യം യത്നേന സന്ധ്യ ക്ഷതവിധാനാത്' * 31—പ്രാണവാഹിസ്രോതസ്സുകളും ഉദകവാഹി

പ്രാണോദകാന്നവാഹാനാം ദുഷ്ടാനാം ശാസികീ ക്രിയാ
കാര്യാ തൃഷ്ണോപശമനീ തഥൈവാപ്രതിഷേധികീ. 31
വിവിധാശിതപീതീയേ രസാദീനാം യഥൌഷധം
ദുഷ്ടേ തു സ്രോതസാം കാര്യാ തദ്വദാസ്യോപക്രമം. 32
മൂത്രവിസേവഹാനാം ചികിത്സാ മൂത്രകൃച്ഛ്രികീ
തഥാതിസാരികീ കാര്യാ തഥാ ജ്വരചികിത്സികീ. 33

തത്ര ശ്ലോകാഃ.

ദ്വയാദശാനാം മൂലാനി സ്രോതസാം ദുഷ്ടലക്ഷണം
സാമാന്യം നാമ പര്യായാഃ കോപനാനി പരസ്പരം. 34
ദോഷാഹേതുഃ പൃഥക്ത്വേന ഭേഷജാദ്ദേശ ഏവ ച

സ്രോതസ്സുകളും അന്നവാഹിസ്രോതസ്സുകളും ദുഷിച്ചാൽ ശ്വാസരോഗത്തിനു വിധിക്കുന്നതായ ചികിത്സയും തൃഷ്ണാചികിത്സയും അന്നദോഷത്തിനുള്ള ചികിത്സയും ചെയ്യണം. ഇവിടെ പറഞ്ഞ ചികിത്സകൾ യഥാസംഖ്യമാണെന്നും പക്ഷമുണ്ട് * 32—രസാദിധാതുക്കളെ വഹിക്കുന്ന സ്രോതസ്സുകളിൽ ഏതെങ്കിലും ദുഷിച്ചാൽ അതാതുധാതുക്കൾക്കുള്ള ചികിത്സചെയ്യണം. ആ ചികിത്സ വിവിധാശിതപീതീയമെന്ന സൂത്രസ്ഥാനം 28-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അതുതന്നെയാണ് ചെയ്യേണ്ടത് * 33—മൂത്രവഹിസ്രോതസ്സുകൾ ദുഷിച്ചാൽ മൂത്രകൃച്ഛ്രചികിത്സയും മലവാഹിസ്രോതോദോഷത്തിൽ അതിസാരചികിത്സയും സ്വേദവാഹിസ്രോതസ്സുകൾ ദുഷിച്ചാൽ ജ്വരചികിത്സയും ചെയ്യണം *

അദ്ധ്യായവിവരണം.

34—36—സ്രോതോവിമാനമെന്ന ഈ അദ്ധ്യായത്തിൽ പതിമൂന്നുതരത്തിലുള്ള സ്രോതസ്സുകളുടെ മൂലസ്ഥാനങ്ങളും അതുകൾ ദുഷിച്ചാലുണ്ടാകുന്ന ലക്ഷണങ്ങളും സ്രോതസ്സുകളുടെ സാമാന്യനാമമായുള്ള പര്യായനാമങ്ങളും അന്യോന്യകോപസ്വഭാവങ്ങളും സാമാന്യമായ കോപകാരണങ്ങളും ഓരോ സ്രോതസ്സുകൾക്കും പ്രത്യേകം പ്ര

സ്രോതോവിമാനേ നിർദ്ദിഷ്ടസൂത്രാ ചാത്തൌ വിനിശ്ചയഃ. 35
കേവലം വിഹിതം യസ്യ ശരീരം സർവ്വഭാവതഃ
ശാരീരാസ്സർവ്വരോഗാശ്ച സ കർമ്മസു ന മുഹ്യതി. 36

ഇതി ചരകസംഹിതായാം
വിമാനസ്ഥാനേ
സ്രോതോവിമാനം നാമ പഞ്ചമോദ്ധ്യായഃ.

അദ്ധ്യായം 6. രോഗാനീയം.

അഥാതോ രോഗാനീകം വിമാനംവ്യാഖ്യാസ്യാമഃ
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ

ദ്വേ രോഗാനീകേ ഭവതഃ പ്രഭാവഭേദേന സാദ്ധ്യഞ്ചാസാദ്ധ്യ ഞ്ച. ദ്വേ രോഗാനീകേ ബലഭേദേന മൃദു ച ദാരുണഞ്ച. ദ്വേ രോ

ത്യേകമുള്ള ചികിത്സാസമ്പ്രദായവും ഈ ശരീരംതന്നെ സ്രോതോമയമാണെന്നുള്ള മതവും ശാരീരങ്ങളായ സകലരോഗങ്ങളും ഈ സ്രോതസ്സുകളുടെ വൈഷമ്യനിമിത്തമാണ് സംഭവിക്കുക എന്നും ഇതിനെ നല്ലവണ്ണം അറിയുന്നവനു വൈദ്യംചെയ്യുന്ന വിഷയത്തിൽ യാതൊരു സംശയവും സംഭവിക്കുകയില്ല എന്നും വിശദമായി പ്രതിപാദിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
വിമാനസ്ഥാനേ പഞ്ചമോദ്ധ്യായഃ. (5)

അദ്ധ്യായം 6.

ഇനി രോഗാനീകവിമാനമെന്ന പറയാം:—

1—രോഗങ്ങളുടെ അനീകം (രോഗശക്തി പ്രത്യക്ഷപ്പെടുകാണുന്നത്) ആ രോഗങ്ങളുടെ പ്രഭാവഭേദം നിമിത്തം സാദ്ധ്യം എ

ഗാനിക അധിഷ്ഠാനഭേദേന മനോധിഷ്ഠാനം ശരീരാധിഷ്ഠാനഞ്ച, രോഗാനീകേ ച നിമിത്തഭേദേന സ്വധാതുവൈഷമ്യനിമിത്തമാഗന്തുനിമിത്തം ച. തഥാ രോഗാനീക ആശയഭേദേന ആമാശയസമുത്ഥാനം പക്വാശയസമുത്ഥാനഞ്ച. 1

[illegible] പ്രഭാവബലാധിഷ്ഠാനനിമിത്താശയഭേദം സംസർഗപ്രകൃത്യാദിഭേദേന ഭിദ്യമാനമഥവാ സന്ധീയമാനം സ്വയമേകൈകം വാ സ്വയൂഥ്യം വാ. ഏകൈകം താവദേകമേവ രോഗാനീ

ന്നും അസാധ്യം എന്നും ഇങ്ങിനെ രണ്ടുതരത്തിലായിരിക്കും. അതാതുരോഗങ്ങളുടെ ശക്തിയെ അപേക്ഷിച്ചുനോക്കുന്നതായാൽ രോഗാനീകം ഭിന്നം എന്നും ഭിന്നമെന്നും രണ്ടുപ്രകാരത്തിലുമായിരിക്കും. തത്തദ്രോഗങ്ങളുടെ അധിഷ്ഠാനഭേദം നിമിത്തം മനസ്സിനെ ആശ്രയിച്ചുണ്ടാവുന്നത് (ഉന്മാദാപസ്മാരാദി) എന്നും ശരീരാധിഷ്ഠാനം (ജ്വരംമുതലായത്) എന്നുമുള്ള ഭേദേനെ രണ്ടുതരത്തിലും, അതാതുരോഗങ്ങൾക്കുള്ള കാരണത്തിന്റെ വ്യത്യാസംനിമിത്തം സ്വധാതുവൈഷമ്യം നിമിത്തമുണ്ടായത് എന്നും ആഗന്തുകാരണങ്ങളെകൊണ്ടുണ്ടായത് എന്നുമുള്ള ഭേദേനെ രണ്ടുപ്രകാരത്തിലും, അതാതുരോഗങ്ങളുടെ ആശയവ്യത്യാസംനിമിത്തം ആമാശയസമുത്ഥം എന്നും പക്വാശയസമുത്ഥം എന്നുമുള്ള ഭേദേനെ രണ്ടുപ്രകാരത്തിലും രോഗാനീകത്തെ നിരൂപിക്കാം* 2— ന്നു പറഞ്ഞ ക്രമത്തിലാണ് പ്രഥമം ബലാധിഷ്ഠാനം നിമിത്താശയം എന്നതുകൊണ്ട് നാംപറഞ്ഞപോലെ ഉണ്ടാകുന്ന രോഗങ്ങളുടെ രണ്ടുതരത്തിലുള്ള വിഭാഗമാണെന്നറിയണം. ഇനി രോഗം ഓരോരുത്തരിലാവുക (ഉദാഹരണങ്കിൽ ആത്മസന്നതാദിഭേദേനെ പലപ്രകാരത്തിലാവുക) അല്ലെങ്കിൽ വാതപ്രകൃതി (വാതകോപജം) ഇത്യാദിപ്രകൃതിയാവുക തുടങ്ങിയ വ്യത്യാസങ്ങളെ പാർത്തു ആലോചിക്കുന്നതായാൽ പലപ്രകാരത്തിലായും ആകുകനോക്കുന്നതായാൽ ഒരുതരത്തിലായുമിരിക്കും. ഈ ഏകൈകവ്യവഹാരവിഭാഗത്തെത്തന്നെ വി

കം ദുഃഖസാമാന്യാൽ. ബഹുതമേ ഇതി രോഗാനീകാനി പ്ര
ഭേദഭേദീനി. ബഹുതമപി സംഖ്യേയം വാ സ്യാൽ അസം
ഖ്യേയം യഥോക്തമതിക്രാന്തമതീതേ. അസംഖ്യേയം യഥാ മഹതി രോ
ഗാദ്ധ്യായേ. രുഗപ്രസൂതാനാമിതി നാമസംഖ്യേയത്വാൽ. 2

ന ച സംഖ്യായാഗ്രേഷു ഭേദപ്രക്രിയാന്തരമിയേഷ്യതേ ഗതിരി
യത്തോ നാതിക്രാന്തേ സ്യാദിതി കാചിൽ പ്രതിജ്ഞാ ന ചാവഗി

വരിക്കുന്നു: ഏതുതരം രോഗവും ദുഃഖത്തെ—സുഖസ്ഥിതിക്ക വി
പ്പരീതത്തെ ചെയ്യുന്നതാകയാൽ രോഗാനീകം ഒരുതരം തന്നെയാകു
ന്നു. പലപ്രകാരമെന്നു പറഞ്ഞത് എങ്ങിനെയെന്നാൽ, പ്രഭാവാ
ദിപഞ്ചകംനിമിത്തം പത്തുപ്രകാരമായിത്തീരുക മുതലായവയാകു
ന്നു. ഈ ബഹുതമം സംഖ്യേയം— രോഗം ഇത്രത്തരത്തിലുണ്ട്
അല്ലെങ്കിൽ ഇന്നരോഗം ഇത്ര തരത്തിലായിത്തീരും എന്ന
വിധത്തിലും, അസംഖ്യേയമെട്ടിലും ഇങ്ങിനെ രണ്ടുതരത്തിലു
യിരിക്കും. ഇതിൽ സംഖ്യേയരോഗങ്ങളെ സൂത്രസ്ഥാനത്തിൽ
അഷ്ടോദരീയമെന്ന പത്താമദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.
അസംഖ്യേയരോഗവിവരണം സൂത്രസ്ഥാനം 20-ാം അദ്ധ്യായമായ
മഹാരോഗാദ്ധ്യായത്തിലും വിവരിച്ചിട്ടുണ്ട്. ഈ വ്യത്യാസങ്ങളെ
ല്ലാം നിർണ്ണയിക്കുന്നത് അതാതു വ്യാധികളിലെ വേദനാ നിദാ സമു
ത്ഥാനംമുതലായതുകളുടെ പലവിധവ്യത്യാസങ്ങളാം നിമിത്തംതന്നെ
യാണ്*2—ഇങ്ങിനെ രോഗത്തെ അനേകവിധം തിരിച്ചുപറഞ്ഞു.
എന്നാൽ ഈവക വചനം, അന്യോന്യവിരുദ്ധമാണെന്ന് ഒരിക്ക
ലും ശങ്കിച്ചുപോകരുത്. അനേകവിധത്തിൽ ഭേദിച്ചുപറഞ്ഞതി
ന്നു കാരണങ്ങളും അവിടവിടെ സ്പഷ്ടമായി വിവരിച്ചിട്ടുള്ളതുകാ
ണ്ട് ആർക്കും നിന്ദിപ്പാനവകാശമില്ല. അതിനാൽ ഈ പ്രതിജ്ഞ
ദോഷരഹിതയാകുന്നു. എന്നാൽ നിന്ദിപ്പാനവകാശമില്ലെന്നുവെ
ച്ചു നിർദ്ദോഷമാണെന്നും പറഞ്ഞുകൂടാ. രോഗങ്ങളെ ഭേദിച്ചുവിവ

തിരിത്യതഃ സ്യാദ്ദോഷാവൽ. ഭേത്താ ഹി ഭേദ്യമന്യഥാ ഭിന്നത്യന്യഥാ പൂർസ്സാത്ഭിന്നം. ഭേദപ്രകൃത്യന്തരേണ ഭിന്നൻ ഭേദസംഖ്യാവിശേഷമാപായേത്യനേകധാ. ന ച പൂർവ്വം ഭേദാഗ്രമുപഹന്തി. 3

സമാനായാമപി ഖലു ഭേദപ്രകൃതൌ പ്രകൃതാനുപയോഗാന്തരമപേക്ഷ്യപ്രവർത്തതേ. സന്തി ഹ്യർത്ഥാന്തരാണി സമാനശബ്ദാഭിഹിതാനി. സമാനോ ഹി രോഗശബ്ദോ ദോഷേഷു വ്യാധിഷു ച വർത്തതേ. ദോഷാ അപി രോഗശബ്ദമാതങ്കശബ്ദം യക്ഷ്മശബ്ദം

രിക്കുന്നവൻ അതിനെ തൊറായി ഭാഗിച്ചു എന്നിരിക്കട്ടെ. ഭേദപ്രകൃതിയെ ആസൂക്ഷ്മോക്കാതെ അങ്ങിനെ തൊറായി വിഭാഗംചെയ്താൽ ആ ഭേദസംഖ്യാവിശേഷം അനേകപ്രകാരമായിത്തീരുന്നു. വാസ്തവത്തിൽ അതുമുഴുവൻ തൊറിപ്പോകുന്നു എന്നർത്ഥം. അവൻ യഥാർത്ഥമായി അതിനെ വകതിരിക്കേണ്ടതു് യാതൊരു പ്രകാരമാണോ ആ ഭേദകോടിയെ തൊട്ടന്നതേ ഇല്ല. ഇങ്ങിനെ അറിവില്ലാതെ രോഗങ്ങളെ ഭാഗിച്ചു ചികിത്സിയ്ക്കുന്നതായാൽ ആ ചികിത്സയും തീരെ പിഴച്ചുപോകും. അതുനിമിത്തം വൈദ്യൻ ദർശനീയ പാത്രമായിത്തീരുമെന്നഭിപ്രായം*½—ഒരു ഘട്ടത്തിൽ ഭേദപ്രകൃതികൾ അന്യോന്യം തുല്യങ്ങളാണെന്നിരിക്കട്ടെ. ഇത് ഈ പ്രകൃതത്തിലേക്ക് ഉപയോഗമില്ലെന്നുവച്ച് ചിലതിന്റെ അർത്ഥം മനസ്സിലാക്കാതെ തള്ളിക്കളയുന്നു. തുല്യമായ ഒരു ശബ്ദംകൊണ്ടു പറയുന്നതിനുതന്നെ അർത്ഥാന്തരമുണ്ടായിത്തീരും. അതെങ്ങിനെയെന്നാൽ—രോഗം എന്ന ശബ്ദത്തിന്നു് ദോഷം എന്നും വ്യാധി എന്നും അർത്ഥമുണ്ട്. രോഗം ആതങ്കം യക്ഷ്മാവ് ദോഷപ്രകൃതി വികാരം എന്നിങ്ങിനെയുള്ള ശബ്ദങ്ങളും സാതേ വ്യാധിവാചകത്തിനു പ്രസിദ്ധങ്ങളാണെങ്കിലും ഇതെല്ലാം ദോഷത്തിന്റെയും വാചകങ്ങളാകുന്നു. എന്നാൽ രോഗമെന്നുള്ള ശബ്ദം ദോഷങ്ങളിലും വ്യാധികളിലും തുല്യമായിരിക്കുന്നു. മറവുള്ളവയിൽ അതു വിശേഷവാനാകുന്നു. ജ്വരരോഗം അതീസാരരോഗം ഉദരരോഗം ഇത്യാദിവിശേഷഗ്രഹണം ചെയ്യുമെന്നു സാരം. രോഗം എന്നുമാത്രം പറഞ്ഞാൽ വ്യാധി എന്നോ ദോഷം എന്നോ മാത്രമല്ല

ദോഷപ്രകൃതിശബ്ദം വികാരശബ്ദം ച ലഭതേ. തത്ര ദോഷേഷു
ചൈവ വ്യാധിഷു ച രോഗശബ്ദസ്സമാനഃ ശേഷേഷു തു വിശേഷ
വാൻ. 4

തത്ര വ്യാധയോപരിസംഖ്യേയാ ഭവന്ത്യതിബഹുതഃൽ ദോ
ഷാസ്തു പരിസംഖ്യേയാ അനതിബഹുതഃൽ. തസ്മാദ്ദ്വയോചിതം
വികാരോ ഉദാഹരണാർത്ഥമനവശേഷേണ ച ദോഷാ വ്യഖ്യാസ്യ
ന്തേ. 5

രജസ്തമശ്ച മാനസൗ ദോഷൗ. തയോർവ്വികാരാഃ കാമ

ള്ള അർത്ഥത്തെ ഗ്രഹിപ്പാനേ കഴികയുള്ളൂ. ആതങ്കാദി ശബ്ദങ്ങൾ ദോഷത്തിനേറെയും വാചകമാണെങ്കിലും അവ പ്രധാനമായി വ്യാധിഭയത്തെന്നെയാണ് പറയുന്നത്. ഈ വക വിശേഷതത്ത്വങ്ങളെ അറിയാതെ ശാസ്ത്രീയങ്ങളായ ശബ്ദങ്ങളുടെ യഥാർത്ഥമായ അർത്ഥത്തെ തെറ്റിദ്ധരിച്ച് ശാസ്ത്രാർത്ഥത്തെ അന്യഥാ വ്യാഖ്യാനിക്കുകയും രോഗങ്ങളെ തെറ്റിഭാഗിക്കുകയും ചെയ്യുന്നതു നിന്ദ്യമായ കാരണമാണെന്നു സാരാർത്ഥം*

5—ഈ പറഞ്ഞതിൽ വ്യാധികൾ വളരെ തരത്തിലുണ്ടാവുകയാൽ അതുകൾ ഇത്രതരത്തിൽ മാത്രമായിരിക്കുമെന്നു നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ദോഷങ്ങൾ കുറച്ചുമാത്രമാകയാൽ അതുകൾ ഇത്രയെന്നുപായുവാൻ സാധിക്കുകയും ചെയ്യും. അതിനാൽ രോഗങ്ങൾ അസംഖ്യേയങ്ങളാണെങ്കിലും അതുകൾ ഇന്നിന്നതാത്തിലായിരിക്കുമെന്നു മനസ്സിലാക്കുവാനായി ഏതാനും ചില രോഗങ്ങളെ ഉദാഹരിച്ചുപദേശിക്കാം. ഇതുകൊണ്ടു മറ്റുരോഗങ്ങളെ ഊഹിച്ചറിയേണമെന്നു സാരം. ദോഷങ്ങളെ — ദോഷസംഭവങ്ങളെ മുഴുവനും ഉപദേശിച്ചു തരികയും ചെയ്യാം *

6—രജോഗുണവും തമോഗുണവും മാനസങ്ങളായ ദോഷങ്ങളാകുന്നു. അധിഷ്ഠാനവ്യത്യാസംനിമിത്തം രോഗം രണ്ടുപ്രകാരത്തിലായിരിക്കുമെന്നു പറഞ്ഞുവല്ലോ. അതിൽ മനോധിഷ്ഠാനരോഗ

ക്രോധ ലോഭമോഹേർഷ്യാമാനമദശോകചിന്തോദ്വേഗയേഹർഷാദയഃ. 6

വാതപിത്തശ്ലേഷ്മാണസ്തു ശാരീരാ ദോഷാസ്തേഷാമപി പ്രവികാരാ ജ്വരാതിസാരശോഫശോഷമേഹകുഷ്ഠാദയേ ഇതി. 7

ദോഷാശ്ച കേവലം വ്യാഖ്യാതാ വികാരൈകദേശശ്ച. 8

തത്ര തു ഖലൂപാത്താം ദ്വയാനാമപി ദോഷാണാം ത്രിവിധഃ പ്രകോപനമസാത്മ്യേന്ദ്രിയാർത്ഥസംയോഗഃ പ്രജ്ഞാപരാധഃ പരിണാമശ്ചേതി. പ്രകുപിതാസ്തു പ്രകോപനവിശേഷാൽ ദ്രവ്യവിശേ

ങ്ങളെ ഉണ്ടാക്കുന്ന ദോഷങ്ങൾ ഈ രജസ്സും തമസ്സുമാണെന്നു സാരം. ആ മാനസികദോഷങ്ങൾനിമിത്തം സംഭവിക്കുന്ന രോഗങ്ങൾ അത്യാഗ്രഹം ദ്വേഷ്യം ലോഭം മോഹം ഈർഷ്യ അഭിമാനം മദം ദുഃഖം ചിന്താശോകം പേടി സന്തോഷം മുതലായവയാകുന്നു *

7-8—ശരീരത്തെ ആശ്രയിച്ച ദോഷങ്ങൾ വാതവും പിത്തവും കഫവുമത്രെയാണ്. ഇതുകളുടെ കോപംനിമിത്തം സംഭവിക്കുന്നതായ രോഗങ്ങൾ പനി അതിസാരം നീർ രാജയക്ഷ്മാവ് പ്രമേഹം കുഷ്ഠം മുതലായവയുമായിരിക്കും. ഇങ്ങിനെ കേവലങ്ങളായ ദോഷങ്ങളും രോഗങ്ങളുടെ ഏകദേശവും പറയപ്പെട്ടു. ഇനി ഇതുകളുടെ സംസർഗ്ഗാദിഭേദത്തെയും വഴിപോലെ ഉപദേശിക്കാമെന്നു സാരം *

9—ഈ പറഞ്ഞ മാനസങ്ങളും ശാരീരങ്ങളുമായ രണ്ടു തരം ദോഷങ്ങളും കോപിക്കുവാനുള്ള കാരണം, ശീലിച്ചുവരുന്നതല്ലാത്തതായ ഇന്ദ്രിയാർത്ഥങ്ങളെ (ദർശനശ്രവണാദികളെ) ശീലിക്കുക പ്രജ്ഞാപരാധം ശീലിക്കുക (ഇതിന്റെ സ്വഭാവം നിദാനസ്ഥാനം പേജിൽ വിവരിച്ചിട്ടുണ്ട്) പൂർവ്വജന്മത്തിലോ അഥവാ ഈ ജന്മത്തിലോ അവനവൻ ചെയ്യുന്ന ദുഷ്കർമ്മഫലം അനുഭവിക്കേണ്ടതായ കാലമായുക ഈ മൂന്നുകൂട്ടമാകുന്നു. ഈ വക കാരണങ്ങളെകൊണ്ടു കോപിക്കുന്ന ദോഷങ്ങളും ആ കോപകാരണങ്ങളുടെ വ്യത്യാസങ്ങ

ഷാച്ച വികാരവിശേഷാനഭിനിവൃത്തയന്തി. അപരിസംഖ്യേയാ
സ്തേ വികാരാഃ പരസ്പരമനുവർത്തമാനാഃ കദാചിന്നബാധന്തി കാ
മാദ്യോ ജ്വരാദ്യശ്ച. നിയതസ്തു൯ബന്ധോ രജസ്തമസോഃ പ
രസ്പരം ന ഹ്യരജസ്കം തമഃ. 9

പ്രായഃ ശരീരദോഷാണാമേകാധിഷ്ഠീയമാനാനാം സന്നിപാ

ളെക്കൊണ്ടും എവിടെവെച്ചു കോപിക്കുന്നുവോ ആ കോപസ്ഥാന
വ്യത്യാസംകൊണ്ടും ഓരോ തരത്തിലുള്ള രോഗത്തെ ഉണ്ടാക്കും. ഒ
രാൾക്കു കാമത്തെ ഉണ്ടാക്കുന്ന ദോഷം മറ്റൊരാൾക്കു ക്രോധത്തെ
ഉണ്ടാക്കിയെന്നു വരാം. അതുപോലെ ജ്വരത്തെയുണ്ടാക്കുന്ന ദോഷകോ
പം മറ്റൊരാളിൽ അതീസാരകാരിയായും വരും. ഈ വക കാര
ണങ്ങളാൽ ദോഷകോപംനിമിത്തം സംഭവിക്കുന്ന രോഗങ്ങൾ അ
പരിസംഖ്യേയങ്ങളായിരിക്കും. ഈ രണ്ടു തരത്തിലുള്ള ദോഷങ്ങ
ളും തമ്മിൽ കൂടിച്ചേരുന്നവയാകയാൽ ചിലപ്പോൾ ആ കൂടിച്ചേ
ർച്ചനിമിത്തം കാമാദിമാനസരോഗങ്ങളും ജ്വരാദിശാരീരരോഗങ്ങളും
കൂടിച്ചേരുന്നും കാണാം. മനോദോഷങ്ങളായ രജസ്സും തമസ്സും ഏ
തുകാലത്തും അന്യോന്യം കൂടിക്കലരുന്നു കോപിക്കുകയുള്ളൂ. രജോ
ഗുണത്തിനോടു കൂടാതെ ഒരിക്കലും തമോഗുണം പ്രത്യക്ഷപ്പെടുക
യില്ല. നിയതസംബന്ധം എന്നു പറകയാൽ രജോഗുണത്തിൽ
തമോഗുണവും കൂടിക്കലർന്നിരിക്കും. ഇതുകൊണ്ടു ശാരീരദോഷങ്ങളാ
യ വാതാദികളെപ്പോലെ പ്രത്യേകം പ്രത്യേകമായി കോപിക്കുകയി
ല്ല. ഇതു രണ്ടും ഏകസ്ഥാനമായ മനസ്സിൽ സ്ഥിതിചെയ്യുന്നവ
യാകയാൽ അതു തകരാറായാൽ രണ്ടുംകൂടി കോപിക്കുമെന്നു വിവേ
കം * 10—പക്വാശയം നാഭി ഹൃദയം മുതലായ പ്രത്യേകസ്ഥാന
ങ്ങളിൽ പ്രബലന്മാരായിരിക്കുന്ന വാതാദിശാരീരദോഷങ്ങൾക്കു ഗു
ണസാമ്യമുണ്ടാവുകയാൽ തദ്വിപരീതചേഷ്ടകളെ ശീലിച്ചുപോയാൽ
സന്നിപാതമോ സംസർഗ്ഗമോ സംഭവിക്കും. ദോഷങ്ങൾക്കു ദോഷ
ണസാമ്യമുണ്ട്. അതിനാലാണ് (ആശയസാമ്യംകൊണ്ടല്ല) ശാരീര

തഃ സംസർഗ്ഗോ വാ സമാനഗുണതാദ്ദോഷാ ഹി ദൂഷ്യാണാമസ്സമാനാഃ. 10

തത്രാനബന്ധ്യാനുബന്ധകൃതോ വിശേഷഃ. സ്വതന്ത്രാ വ്യുൽക്രമലിംഗാ യഥോക്തസമുത്ഥാനപ്രശമോ ഭവത്യനുബന്ധ്യസ്തു പരീതലക്ഷണോനുബന്ധഃ. 11

അനുബന്ധ്യാനുബന്ധലക്ഷണസമന്വിതാസൂത്ര യദി ദോഷാ ഭവന്തി തത്രൈകം സന്നിപാതമാചക്ഷതേ ദ്വയം വാ സംസർഗ്ഗം.

ദോഷങ്ങളുടെ സന്നിപാതസംസർഗ്ഗങ്ങൾ സംഭവിക്കുന്നത്. സംകീർണ്ണഭോജനാദികൾ സന്നിപാതകോപകാരണങ്ങളാണ്. പുളി ഉപ്പ് എരിവ് എന്ന രസം മുതലായവ സംസർഗ്ഗകോപകാരണങ്ങളുമാണ്. * 11—ഇങ്ങിനെ സന്നിപാതകോപവും സംസർഗ്ഗകോപവും സംഭവിക്കുന്നേടത്ത് ചില ദോഷങ്ങൾ അനുബന്ധ്യങ്ങളായും മറ്റു ചിലത് അനുബന്ധങ്ങളായുമിരിക്കും. അതാണ് അതിലുള്ള വ്യത്യാസം. അനുബന്ധ്യമായ ദോഷം—മറ്റുള്ള ദോഷങ്ങൾ ഇതിനെ കോപനിമിത്തം കോപിക്കുവാനും അവ ഇതിനെ അനുസരിക്കുവാനും (ഇതിൽ കൂടിച്ചേരുവാനും) തക്ക ശക്തിയിൽ കോപിച്ച ദോഷം സ്വതന്ത്രവും—സ്വാശ്രയത്തിലിരുന്നതന്നെ കോപിച്ചതും വാതാദി ഏതാനുദോഷങ്ങൾകൊണ്ടുപറഞ്ഞ സകല കോപചിഹ്നങ്ങളേയും പ്രകാശിപ്പിക്കുന്നതും അതാതുകൊണ്ടുള്ള കോപകാരണങ്ങൾകൊണ്ടുതന്നെ കോപിച്ചതും അതിനുള്ള ചികിത്സയെയുൽ സ്വയം കിട്ടുന്നതുമായ ലക്ഷണമുള്ളതുമായിരിക്കും. ഈ പറഞ്ഞ ലക്ഷണങ്ങൾക്കു വിപരീതമായ ലക്ഷണത്തോടുകൂടിയ ദോഷം അനുബന്ധവും—മറ്റു ദോഷത്തിൽ കൂടിച്ചേർന്നു കോപിച്ചതുമായിരിക്കും * 12—ഈപറഞ്ഞപ്രകാരമുള്ള അനുബന്ധ്യാനുബന്ധലക്ഷണങ്ങളോടുകൂടി വാതപിത്തകഫങ്ങൾ മൂന്നും കോപിച്ചതായി കാണുന്നുവെങ്കിൽ അതിനെ സന്നിപാതമെന്നും രണ്ടുദോഷത്തെ മാത്രം കാൺമാനുണ്ടെങ്കിൽ അതിനെ സംസർഗ്ഗമെന്നുമാണ് പറയുക. അ

അനുബന്ധ്യാനുബന്ധകൃതവിശേഷാസ്തു ബഹുവിധോ ദോഷഭേദഃ. ഏവമേഷ സംജ്ഞാ പ്രകൃതോ ഭിഷജാം ദോഷേഷു ച വ്യാധിഷു ച നാനാപ്രകൃതിവിശേഷാദ്ധ്യഹം. 12

അഗ്നിഷു തു ശരീരേഷു ചതുർവിധോ വിശേഷോ ബലാബലഭേദേന. തദ്യഥാ—തീക്ഷ്ണോ മന്ദഃ സമോ വിഷമ ഇതി. തത്ര തീക്ഷ്ണാഗ്നിസ്തുല്യോപചാരസഹസ്യദോപരീതലക്ഷണോ മന്ദഃ സമസ്തു ബലപ്രമാ

നുബന്ധ്യദോഷത്തിനും അനുബന്ധദോഷത്തിനും വാതാദികളുടെ സംയോഗതാരതമ്യാദിവ്യത്യാസം നിമിത്തം ഈ സന്നിപാതസംസർഗ്ഗങ്ങളും പലപ്രകാരത്തിലായിത്തീരുകയും ചെയ്യും. ദോഷകോപത്തിന്റെ തരതമാദിവ്യത്യാസം സൂത്രസ്ഥാനം 299-300 ശ്ലോകങ്ങളിൽ വിവരിച്ചിട്ടുള്ളതിനാൽ അതുകളെ ഇവിടെ പുനരാവർത്തനം ചെയ്യുന്നില്ല. വൈദ്യന്മാക്ക് ദോഷങ്ങളേയും വ്യാധികളേയും വിവരിക്കുവാനുള്ള സാങ്കേതികസംജ്ഞകളും ഈ പറഞ്ഞവകളാണ്. ഇനി ഇതിൽതന്നെ ഓരോന്നും സംയോഗവ്യത്യാസംകൊണ്ടും തരതമവ്യത്യാസംകൊണ്ടും പറഞ്ഞവസാനിപ്പിക്കുവാൻ കഴിയാത്തവിധം അത്രഅധികം വിധത്തിലായിത്തീരും. അതെല്ലാം കാണുന്നസമയം അവനവന്റെ ബുദ്ധികൊണ്ട് ഊഹിച്ചറിയുകയും വേണം *.

13—ജഠരാഗ്നിക്കും അതിനെ അനുകരിച്ചുനില്ക്കുന്ന ധാത്വഗ്നികൾക്കും അതുകളിരിക്കുന്ന അവയവങ്ങളിൽ അതുകൾക്കുള്ള ബലാബലാദി ഭാവവ്യത്യാസങ്ങൾ നിമിത്തം തീക്ഷ്ണം മന്ദം സമം വിഷമം എന്നിങ്ങിനെ നാല് അവസ്ഥാവിശേഷങ്ങൾ സംഭവിക്കും. അതിൽ തീക്ഷ്ണമെന്നത്, ഏതുതരം ആഹാരം ഏപ്പോഴെങ്കിലും ഏതുതന്നെ കഴിച്ചാലും അതിനെയെല്ലാം ദഹിപ്പിക്കും. ഇതിന്റെ വിപരീതലക്ഷണമായിട്ടുള്ളത്— ദേശകാലാദ്യവസ്ഥയ്ക്കനുസരിച്ച ഭക്ഷണം നേരനിക്കംവരാതെ വേണ്ടവിധം ഭക്ഷിച്ചാൽ അതിനെക്കൊണ്ടുകാലത്തു ദഹിപ്പിക്കാത്തത് മന്ദാഗ്നിയാകുന്നു. ആഹാരാദികൾ തക്കതായി ശീലിച്ചാൽ അഗ്നിയും തകരാറാവും. വേണ്ടവിധം ശീലിച്ചാൽ യാതൊരു തകരാറും സംഭവിക്കുകയില്ല എന്നുള്ളതാകുന്നു സമാഗ്നി. ഈ പറഞ്ഞ സമാഗ്നിലക്ഷണങ്ങൾക്ക് വിപരീതമായ ലക്ഷണ

രുതാ വികൃതിമാപദ്യതേനപചാരതഃ പ്രകൃതാവവതിഷ്ഠതേ. സമലക്ഷണവിപരീതലക്ഷണാസ്തു വിഷമ ഇത്യേതേ ചതുർവ്വിധാ അഗ്നയശ്ചതുർവ്വിധാനാമേവ പുരുഷാണാം. 13

തത്ര സമവാതപിത്തശ്ലേഷ്മണാം പ്രകൃതിസ്ഥാനാം സമാ ഭവന്ത്യഗ്നയഃ. വാതളാനാന്തു വാതാഭിഭൂതേഗ്ന്യധിഷ്ഠാനേ വിഷമാ ഭവന്ത്യഗ്നയഃ. പിത്തളാനാന്തു പിത്താഭിഭൂതേഗ്ന്യധിഷ്ഠാനേ തീക്ഷ്ണാ ഭവന്ത്യഗ്നയഃ. ശ്ലേഷ്മളാനാന്തു ശ്ലേഷ്മാഭിഭൂതേഗ്ന്യധിഷ്ഠാനേ മന്ദാ ഭവന്ത്യഗ്നയഃ. തത്ര കേചിദാഹുഃ, ന സമവാതപിത്തശ്ലേഷ്മണോ ജ

ത്തോടുകൂടിയ—സമയോചിതമായ ലക്ഷണം ചിലപ്പോൾ ഒഹിക്കുകയില്ല. ചിലപ്പോൾ എത്രതന്നെ ഗൌരവമുള്ള ആഹാരവും ക്ഷണത്തിൽ ഒഹിക്കും. ഇത്യാദി വിഷമലക്ഷണയുക്തമായ അഗ്നി വിഷമാഗ്നിയാകുന്നു. ഈ തീക്ഷ്ണാദി അഗ്നികളും പിത്തപ്രകൃതികളും കഫപ്രകൃതികളും സമപ്രകൃതികളും വാതപ്രകൃതികളും എന്ന നാലുതരക്കാരാണ്—പിത്തപ്രകൃതികൾക്കു തീക്ഷ്ണാഗ്നി ഇത്യാദി ക്രമത്തിലാണ് സംഭവിക്കുക. ഈ വിഷയത്തിൽ വാഹടാചാര്യൻ ഇങ്ങിനെ പറയുന്നു:—'സമഃ സമാനേ സ്ഥാനസ്ഥോ വിഷമോഗ്നിർവ്വിമാർഗ്ഗഗേ। പിത്താഭിമൂർച്ഛിതേ തീക്ഷ്ണോ മന്ദോസ്മിൻ കഫപീഡിതേ। സമോഗ്നിർവ്വിഷമസ്തീക്ഷ്ണോ മന്ദശ്ചൈവം ചതുർവ്വിധഃ। യഃ പചേത്സമ്യഗേവാന്നം ഭുക്തം സമ്യക് സമസ്യുഷ്ണോ। വിഷമോസമ്യഗപ്യാശു സമ്യഗ്വാപി ചിരാൽ പചേൽ। തീക്ഷ്ണോ വഹ്നിഃ പചേച്ഛീഘ്രമസമ്യഗപി ഭോജനം। മന്ദസ്തു സമ്യഗപ്യന്നമുപയുക്തം ചിരാൽ പചേൽ। കുർവ്വന്ത്യസ്യാശയാടോപാന്തുല്യജന്മാനഗൌരവം' * 14—ഈ പറഞ്ഞ നാലുതരം അഗ്നികളിൽ ഏതുതരം അഗ്നി ഏതു തരക്കാരാണ് സംഭവിക്കുക എന്നതിനെ വിവരിക്കുന്നു:—ശാരീരങ്ങളായ വാതപിത്തകഫങ്ങൾ സമങ്ങളായും—അതാതിന്റെ പരിമാണത്തോടുകൂടിയും അതാതിന്റെ കർത്തവ്യവ്യാപാരങ്ങളെ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നവന്റെ ജാഠരാഗ്നിയും ധാത്വഗ്നികളും സമങ്ങളായിരിക്കും. വാതാധിക്യമുള്ളവർക്ക് വായു വേണ്ടതിലധികം ചലിക്കുകയാൽ അഗ്ന്യാശയം അഭിഭവിക്കപ്പെടുകയാൽ—ചലിച്ചുകൊണ്ടിരിക്കുന്നതാകയാൽ അവന്റെ അഗ്നികൾ വിഷമങ്ങളായിരിക്കും. പിത്തപ്രകൃതികൾ

നവസ്സന്തി വിഷമാഹാരോപയോഗിതാന്നനഷ്ട്യാണാം. തസ്മാച്ച കേചിദ്വാതപ്രകൃതയഃ കേചിൽ പിത്തപ്രകൃതയഃ കേചിൽ പുനഃ ശ്ലേഷ്മപ്രകൃതയോ ഭവന്തീതി. തച്ചാനുപപന്നം. കസ്മാൽ കാരണാൽ, സമവാതപിത്തശ്ലേഷ്മാണം ഹ്യരോഗമിച്ഛന്തി ഭിഷജഃ. പ്രകൃതി ശ്ചാരോഗ്യം. ആരോഗ്യാർത്ഥാ ച ഭേഷജപ്രവൃത്തിഃ സാ ചേഷ്ടത്രുപാ. തസ്മാൽ ഭവന്തി സമവാതപിത്തശ്ലേഷ്മാണഃ. ന തു ഖലു സ

ധിക്യമുള്ളവർക്ക് പിത്തം അഗ്ന്യാശയത്തിൽ ചെന്നുകൂടുന്നതാകയാൽ 'പിത്തം വഹ്നിർഹ്നിജം വാ' എന്ന യുക്തിപ്രകാരം അവരുടെ അഗ്നികളും തീക്ഷ്ണങ്ങളായിരിക്കും. കഫപ്രകൃതികളായവർക്ക്—കഫാധിക്യമുള്ളവർക്ക് അഗ്നിഗുണത്തിനു തീരേ വിപരീതങ്ങളായ സ്നിഗ്ധശീതാദിഗുണങ്ങളുള്ള കഫം അഗ്ന്യാശയത്തിൽ ചെന്നുകൂടുന്നതാകയാൽ അവരുടെ അഗ്നി മന്ദഗുണയുക്തമായിരിക്കും. ഇങ്ങിനെയാണ് 'ചതുർവ്വിധാ അഗ്നയശ്ചതുർവ്വിധാനാമേവ പുരുഷാണാം' എന്നു പറഞ്ഞതിന്റെ വിവരണം. ഈ വിഷയത്തിൽ ചില ആചാര്യന്മാർ, സകലജനങ്ങളും വിഷമാഹാരം ശീലിക്കുന്നവരാകയാൽ മനുഷ്യരിൽ ആരുംതന്നെ വാതപിത്തകഫങ്ങൾ സമങ്ങളായിട്ടുള്ളവരായിത്തീരുകയില്ല എന്നു പറയുന്നു. അവരുടെ മതപ്രകാരം സമാഗ്നിയും സംഭവിക്കുകയില്ല. അതുനിമിത്തം ചിലർ വാതപ്രകൃതികളും ചിലർ പിത്തപ്രകൃതികളും മറ്റുചിലർ കഫപ്രകൃതികളും ഇങ്ങിനെ മൂന്നുതരത്തിൽ മാത്രമെ മനുഷ്യർ കാണപ്പെടുകയുള്ളു എന്നുമാണ്. ഈ പറയുന്നതു ശരിയല്ല. അതിനുള്ള കാരണമെന്തെന്നാൽ, വൈദ്യന്മാർ—വൈദ്യശാസ്ത്രകർത്താക്കന്മാരായ ആചാര്യന്മാർ വാതപിത്തകഫങ്ങൾക്ക് സാമ്യമുള്ളവരെ മാത്രമെ രോഗരഹിതനായി കണക്കാക്കുന്നുള്ളു. പ്രകൃതി എന്നത് ആരോഗ്യമാകുന്നു. ആ ആരോഗ്യസിദ്ധിക്കാണ് ചികിത്സ ചെയ്യുന്നത്. ആ ചികിത്സ ഇഷ്ടത്രുപയും—ഏതേതു ദോഷങ്ങളെ ഏതേതുനിലയിൽ നിന്നെങ്കിലാണോ അതുകളെ അതാതുനിലയിൽ നിർത്തുവാൻ കഴിയുന്നതുമാകുന്നു. ഈ വക കാരണങ്ങളാൽ സമസംവ്യൂഹദോഷന്മാരില്ല എന്നു പറഞ്ഞതു ശരിയല്ലെന്നും സമവാതപിത്തശ്ലേഷ്മാക്കളുണ്ടെന്നും നമുക്കു നിർണ്ണയിക്കാം. എന്നാൽ മുൻപറഞ്ഞ മതക്കാരുടെ സിദ്ധാന്തപ്രകാരമുള്ള വാതപ്ര

ന്തി വാതപ്രകൃതയഃ പിത്തപ്രകൃതയഃ കഫപ്രകൃതയോ വാ. തസ്യ തസ്യ കില ദോഷസ്യ ഹ്യധികഭാവാൽ സാ സാ ദോഷപ്രകൃതിരുച്യതേ മനുഷ്യാണാം. 14

ന ച വികൃതേഷു ദോഷേഷു പ്രകൃതിസ്ഥതാമുപപദ്യതേ. തസ്മാദേതാഃ പ്രകൃതയസ്സന്തി. സന്തി തു ഖലു വാതളാഃ പിത്തളാഃ ശ്ലേഷ്മളാശ്ചാപ്രകൃതിസ്ഥാ നു തേ ജ്ഞേയാഃ. 15

തേഷാം തു ഖലു ചതുർവ്വിധാനാം പുരുഷാണാം ചതുരാഢ്യന്നപ്രണിധാനാനി ശ്രേയസ്കരാണി. തത്ര സമസംവ്വിധാതൃനാം സർവ്വാ

കൃതികളോ പിത്തപ്രകൃതികളോ കഫപ്രകൃതികളോ ആയവർ ലോകത്തിൽ ഒരുദിക്കിലും ഒരുകാലവും സംഭവിക്കുകയില്ല. എന്നാൽ വാതാദികളിൽ ഏതെങ്കിലും ഒരുദോഷം അധികരിച്ചു നില്ക്കുന്നതായാൽ അതാതുദോഷങ്ങളുടെ പേർ ചേർത്ത് വാതപ്രകൃതി എന്നു മുതലായ പേർ പറഞ്ഞുവരാറുണ്ട് എന്നു മാത്രമേ ഉള്ളൂ. ഈ പറയുന്നവർ തത്തദ്ദോഷാത്മകന്മാരായിരിക്കുകയില്ല. തത്തദ്ദോഷാധിക്യമുള്ളവർ മാത്രമായിരിക്കുമെന്നു സാരം * 15—ഈ പ്രകൃതിവാച്യത്വം വാതാദിദോഷങ്ങളും സമധാതുയിലിരിക്കുകയും തമ്മിൽ ഉണ്ടാവേണ്ടതായ പരിമാണത്തേക്കാൾ വർദ്ധിച്ചിരിക്കുകയും ചെയ്യുമ്പോഴാം മാത്രമേ സംഭവിക്കുകയുള്ളൂ. അതല്ലാതെ ആവക ദോഷങ്ങൾ കോപിച്ചു വർദ്ധിച്ചു രോഗകാരികളായിത്തീരുമ്പോൾ ഈ പ്രകൃതി സംജ്ഞ സംഭവിക്കുകയില്ല. അതുനിമിത്തം വാതാധികനെ വാതപ്രകൃതി ഇത്യാദിയായ പ്രകൃതിനിർദ്ദേശംതന്നെ ശരിയല്ല. വാതാദിദോഷങ്ങൾക്കു അധികമുള്ളവരെ പിന്നെ എന്തു പറയണമെന്നാൽ, അവരെ വാതളൻ പിത്തളൻ ശ്ലേഷ്മളൻ എന്നു പറയുന്നതായിരിക്കും അധികം നല്ലത്. ഈ വാതളാദിശബ്ദം പ്രകൃതിശബ്ദംപോലെ എകനിഷ്ഠമല്ല. ഇതു സമധാതുസ്ഥിതിയിലിരിക്കുന്ന ദോഷങ്ങളേയും കോപിച്ച ദോഷങ്ങളേയും ഒന്നുപോലെ നിർദ്ദേശിക്കാവുന്ന പദമാകുന്നു. *16—ഈ പറഞ്ഞ സമദോഷന്മാർ വാതളന്മാർ പിത്തളന്മാർ ശ്ലേഷ്മളന്മാർ എന്ന നാലുതരക്കാർക്കും അടുത്തുവിവരിക്കുന്നതായ നാലുതരത്തിലുള്ള ഭക്ഷണം ശീലിക്കുന്നതു വളരെ നല്ലതായിരിക്കും. ആ അന്ന പ്രണിധാനവിധിയെന്തെന്നാൽ, രസാദിധാതുക്കൾക്കു സാമ്യമുള്ള

കാരസമം. അധികദോഷാണാന്തു ത്രയാണാം യഥാസ്വം ദോഷാ
ധിക്യമഭിസമീക്ഷ്യ ദോഷപ്രതികൂലയോഗീനി ത്രീണ്യന്നപ്രണിധാ
നാനി ശ്രേയസ്കരാണി യാവദ്ദോഷസമീഭാവാൽ. സമേ തു സമമേ
വ ഇ്കാംക്ഷ്യമേവം ചേഷ്ടാഭേഷജപ്രയോഗാശ്ചാപരേ. തദ്വിസ്തരേ
ണാനുവ്യാഖ്യാസ്യന്തേ. ത്രയസ്തു പുരുഷാ ഭവന്ത്യാതുരാസ്തേ തന്നാ
തുരാസ്തന്ത്രാന്തരീയാണാം ഭിഷജാം. തദ്യഥാ—വാതളഃ പിത്തളഃ ശ്ലേ
ഷ്മള ഇതി. 16

വക്കുള്ള ക്ഷേണപദാർത്ഥം ഷഡ്രസസമിശ്രമായിരിക്കണം. സമസ
ധ്വാതുനാം—ധാതുക്കൾക്ക സാമ്യമുണ്ടാവേണമെങ്കിൽ അതുകളുടെ
ആധാരഭൂതങ്ങളായ ദോഷങ്ങൾക്ക സാമ്യം സംഭവിക്കണം. അതി
നാൽ സമധാതുക്കൾ എന്ന പറഞ്ഞതുകൊണ്ട സമദോഷന്മാർ എ
ന്ന ഗ്രഹിക്കുകയും വേണം. വാതളാദി മൂന്നുതരക്കാർക്കും ഏതേതു
ദോഷമാണോ അധികരിച്ചുനിൽക്കുന്നത് എന്ന നല്ലവണ്ണം ഗ്രഹി
ച്ച് ആവക ദോഷങ്ങളുടെ ഗുണങ്ങൾക്ക വിപരീതമായ ഗുണങ്ങ
ളോടുകൂടിയ മൂന്നുതരം ആഹാരപദാർത്ഥത്തെ ശീലിപ്പിക്കണം.
ങ്ങിനെ ശീലിപ്പിക്കുന്നത് ആ ദോഷത്തിന്റെ ആധിക്യം തീർന്ന മ
റദോഷങ്ങളോടു സാമ്യംകിട്ടുന്നതുവരെ വേണം. ദോഷസാമ്യം വ
ന്നതിന്റെ ശേഷം സമധാതുവിനെ പറഞ്ഞപ്രകാരം ശീലിപ്പിക്കുക
യും വേണം. ഒരു ദോഷം കോപിച്ചിട്ടുണ്ടെങ്കിൽ അതിനെ ഗുണമാ
യി ചെയ്യുന്ന ക്രിയ അതു സമസ്ഥിതിയിലെത്തിയതിന്നുശേഷവും
ശീലിക്കുന്നതായാൽ അതു വേണ്ടതിലധികം ക്ഷയിക്കുകയും തന്നി
മിത്തം രോഗങ്ങൾ സംഭവിക്കുകയും ചെയ്യും. അതാണ് 'സമേ തു
സമമേവ തു കാംക്ഷ്യം' എന്ന പ്രത്യേകം വിധിച്ചതിന്റെ ആശയം.
ഇതേമാതിരിതന്നെയാണ് ചേഷ്ട ഭേഷജം മുതലായതും ആചരിക്കേ
ണ്ടത് എന്നാണ് മറ്റചിലർ പഠിക്കുന്നത്. ആവക വിധികളെ
അടുത്തുതന്നെ വിവരിച്ചുപദേശിക്കുകയും ചെയ്യാം. ഈ പറഞ്ഞ
വാതളാദി മൂന്നുതരക്കാരും സദാ രോഗികൾതന്നെയായിരിക്കും.
വൈദ്യശാസ്ത്രത്തിൽ അറിവുകുറഞ്ഞവർ ഇവരെ രോഗികളായിത്ത
ന്നെ കരുതുകയില്ല. അവർ ഇവരെ വാതളൻ പിത്തളൻ ശ്ലേഷ്മ

തേഷാം വിശേഷവിജ്ഞാനം വാതളസ്യ വാതനിമിത്താഃ പിത്തളസ്യ പിത്തനിമിത്താഃ ശ്ലേഷ്മളസ്യ ശ്ലേഷ്മനിമിത്താഃ വ്യാധയഃ പ്രായേണ ബലവന്തശ്ച. 17

തത്ര വാതളസ്യ വാതപ്രകോപണോക്താന്യാസേവമാനസ്യ ക്ഷിപ്രം വാതഃ പ്രകോപമാപദ്യതേ ന തദ്ഥാതരൈഃ. 18

സ തസ്യ പ്രകോപമാപന്നോ യഥോക്തൈരുപക്രമൈഃ ശരീരമുപതപതി ബലവർണ്ണസുഖായുഷ്കാമുപഘാതായ. 19

ളൻ എന്നാ—ഇവക്കുള്ള ഉപദ്രവം പ്രകൃത്യാ ഉള്ളതാണെന്നേ ധരിക്കേയുള്ളൂ. *

17—ഈ പറഞ്ഞ വാതളാദികളെ അറിവുകുറഞ്ഞ വൈദ്യന്മാക്കുകൂടി തിരിച്ചറിയുവാനുള്ള ലക്ഷണമിങ്ങനെയാൽ, വാതളനായവന് വാതകോപംനിമിത്തം സംഭവിക്കുന്ന രോഗങ്ങൾക്കു മറ്റു ദോഷങ്ങളുടെ കോപനിമിത്തം സംഭവിക്കുന്ന രോഗങ്ങളെക്കാൾ ശക്തികൂടിയിരിക്കും. അതുപോലെ പിത്തളന്ന് പിത്തകോപജന്യവ്യാധികൾക്കും ശ്ലേഷ്മളന്ന് കഫകോപജന്യവ്യാധികൾക്കും പ്രായേണ ബലാധിക്യമുണ്ടായിരിക്കും * 18—ഈ പറഞ്ഞതിനെത്തന്നെ വിവരിക്കുന്നു:—വാതളാദികളിൽ വാതളനായവൻ വാതം കോപിക്കുവാൻ കാരണമായതെങ്ങളായ രൂക്ഷാദികളെ ശീലിച്ചാൽ അവന്നു വേഗത്തിൽ വാതകോപം—വാതകോപജന്യരോഗങ്ങൾ സംഭവിക്കും. അവൻ പിത്തകോപനങ്ങളോ കഫകോപനങ്ങളോ ആയ ചേഷ്ടകളെ ശീലിച്ചാൽ, പിത്തവും കഫവും, വാതകോപനപരിശീലനംകൊണ്ടു വാതം കോപിക്കുംപോലെ വേഗത്തിൽ കോപിക്കുകയില്ല. അതാണ് വാതളന്റെ ലക്ഷണം * 19—വാതളനായവന്നു വാതകോപമുണ്ടായാൽ കോപിച്ച വായു അവന്റെ ശരീരബലം വർണ്ണം സുഖം ആയുസ്സ് ഇതുകളെ നശിപ്പിക്കുവാൻ ഒരുങ്ങിക്കൊണ്ട്, സൂത്രസ്ഥാനം 20-ാം അദ്ധ്യായത്തിൽ വിവരിച്ചതായ എല്ലാ രോഗങ്ങളേയും പ്രകാശിപ്പിച്ച് അവന്റെ ശരീരത്തെ ഉപതപിപ്പിക്കും * 20—ഇങ്ങി

തസ്യാവജ്ഞനം സ്നേഹസേചനേ വിധിയുക്തേ മൃദുനി ച
സംശോധനാനി സ്നേഹോഷ്ണമധുരമൃദുലവണയുക്താനി തദ്വിദ്യേവ
ഹായ്വന്നപാനഭോജനോപവേഷ്ടനോന്മർദ്ദന പരിഷേകാവഗാഹന
സംവാഹനാവപീഡനവിസ്രാസനവിസ്ഥാപനവിസ്മാരണാനി സുരാ
സവവിധനം സ്നേഹാശ്ചാനേകയോനയോ ദീപനീയപാചനീയാ
വാതഹരവിരേചനീയോപഹിതാഃ ശതപാകാസ്സഹസ്രപാകാഃ സ

നെ വാതളനായവന്നു വാതകോപം സംഭവിച്ചുപോയാൽ വിധിപ്ര
കാരമുള്ള സ്നേഹസേചങ്ങളേയും സ്നിഗ്ധങ്ങളും ഉഷ്ണങ്ങളും മധുരം ല
വണം പുളി എന്ന രസങ്ങളോടുകൂടിയവയും മൃദുക്കളുമായ സംശോ
ധനങ്ങളേയും അയുപോലെ സ്നിഗ്ധാദിഗുണയുക്തമായ ഭക്ഷണസാ
ധനങ്ങളേയും ഉപനാഹനം വരിഞ്ഞുകെട്ടുക തിരുമ്മുക ധാരചെയ്യു
ക അവഗാഹം ശീലിപ്പിക്കുക തല്ലോടുക പിടിച്ചു ഞെക്കുക ഭയപ്പെടു
ത്തുക അത്ഭുതപ്പെടുത്തുക സംഭാഷണാദികളിൽ പ്രകൃതംമാറി വി
ചാരിച്ചിരുന്നതിനെ മറപ്പിക്കുക ഇതുകളേയും സുർ എന്ന മദ്യ
വും വാതഹരങ്ങളായ ആസവങ്ങളും ശീലിപ്പിക്കുകയും ദീപനീയങ്ങ
ളും പാചനകർങ്ങളും വാതഹരങ്ങളും വിരേചനീയങ്ങളുമായ ഔഷ
ധങ്ങളും ചേർത്ത് നൂറോ ആയിരമോ ആവർത്തിച്ചു കാച്ചിയ എണ്ണ
തെലാദിസ്നേഹദ്രവ്യങ്ങളെ അഭ്യംഗം നസ്യം പാനം വസ്തി മുതലാ
യ എല്ലാ ക്രിയകൾക്കും ഉപയോഗിക്കുകയും വസ്തികളെ—ആസ്ഥാ
പനാനുവാസനോത്തരവസ്തികളെ ശീലിപ്പിക്കുകയും വസ്തിനിയ
മംശീലിപ്പിക്കുകയും—പ്രാക് സ്നേഹ ഏകഃ പഞ്ചാന്തേ ദ്വാദശോ
സ്ഥാപനാനി ച। സാനുവാസനാനി കൈമ്മവം വസ്തയസ്ത്രിംശദിതി
താഃ' ഇത്യാദിവിധിപ്രകാരം വസ്തികളും അതിന്നിടയ്ക്ക് അനുവാസ വ
സ്തികൾക്കു വിധിക്കുന്ന ചെയ്കകളും ശീലിക്കുകയും ദുരാചരണം ശീ
ലിപ്പിക്കാതിരിക്കുകയുമാണ് ചെയ്യേണ്ടത്. 'വാതസ്യോപക്രമഃ സ്നേ
ഹഃ സേചഃ സംശോധനം മൃദു। സാദുമൂലരസോഷ്ണാനി ഭോജ്യാ
ന്യഭ്യംഗമർദ്ദനം। വേഷ്ടനം ത്രാസനം സേകോ മദ്യം ചൈഷ്ടികശ്ച

ഷ്ണഃ പ്രയോഗാത്ഥാ വസൂയോ വസ്തിനിയമഃ സുഖശീലതാ മേതി. 20

പിത്തളസ്യാപി പിത്തപ്രകോപനോക്താന്യാസേവമാനസ്യ ക്ഷിപ്രം പിത്തം പ്രകോപമാപദ്യതേ തഥാ നേതരൗ. 21

തദസ്യ പ്രകോപമാപന്നം യഥോക്തൈരുപക്രമൈഃ ശരീരമുപതപതി ബലവർണ്ണസുഖായുഷാമുപഘാതായ. 22

തസ്യാവജയനം സപ്പിഷ്പാനം സപ്പിഷാ ച സ്നേഹനമധശ്ച ദോഷഹരണം മധുരതിക്തകഷായശീതാനാം ചൌഷധാനാമന്ന്യവ ഹാര്യാണാമുപയോഗോ മൃദുമധുരസുരഭിശീതഹൃദ്യാനാം ഗന്ധാനാം

ഡികം। സ്നിഗ്ധോഷ്ണാ വസൂയോ വസ്തി നിയമഃ സുഖശീലതാ। ദീപനൈഃ പാചനൈസ്സിദ്ധാഃ സ്നേഹാശ്ചാനേകയോനയഃ। വിശേഷാന്മേധ്യപിശിതരസതൈലാനുവാസനം' എന്ന വാഹടൻ *

21—പിത്തളനായവൻ പിത്തംകോപിക്കുവാൻ കാരണദ്രവ്യങ്ങളായ ഉഷ്ണാദികളെ ശീലിക്കുന്നതായാൽ അവന്ന് ക്ഷണത്തിൽ പിത്തം കോപിക്കും—പിത്തകോപം നിമിത്തം മഹാരോഗാദ്ധ്യായത്തിൽ വിവരിക്കുന്നതായ നാല്പത്തുതരം രോഗങ്ങളും സംഭവിക്കും. അവൻ വാതകഫകോപകാരണങ്ങളെ ശീലിച്ചാൽ അവ പിത്തത്തിനെപ്പോലെ ക്ഷണത്തിൽ കോപിക്കുകയില്ല. ഇതാണ് പിത്താധികന്റെ ലക്ഷണം * 22—അങ്ങിനെയുള്ള പിത്തളന്നു കോപിച്ച പിത്തം ഓഷ്ണ്യോഷ്ണാഹാദിവികാരങ്ങളെക്കൊണ്ട് ഇവന്റെ ബലം വർണ്ണം സുഖം ആയുസ്സ് ഇതുകളെ നശിപ്പിക്കത്തക്ക ശക്തിയോടുകൂടെ ശരീരത്തിനു സന്താപത്തെ ഉണ്ടാക്കിത്തീർക്കും * 23—ആ വക പിത്തരോഗമുണ്ടായാൽ, ഘൃതപാനം ശീലിക്കുക നെയ്യുകൊണ്ടു സ്നിഗ്ധതവരുത്തുക വിരേചനം ശീലിക്കുക മധുരം തിക്തം കഷായമെന്ന രസങ്ങളോടുകൂടിയവയും ശീതവീര്യങ്ങളുമായ ഔഷധങ്ങളേയും ഭക്ഷണപദാർത്ഥങ്ങളേയും ശീലിക്കുക മൃദുവും—സൂക്ഷ്മമല്ലാത്തതും മധുരവും സുരഭിയും ശീതവും ഹൃദ്യവുമായ ഗന്ധത്തെ

ചോപസേവാ മുക്താമണിഹാരാവലീനാം ച പവനശീതവാ
സംസ്ഥിതാനാം ധാരണമുരസാ ക്ഷണേ ക്ഷണേ സ്രുക്ചന്ദ
ഗ്രകാളീയമൃണാളശീതവാതവാരിഭിരൽപലകമുകോകനദ
സ്ഥിക്പദ്മാനുഗതൈശ്ച വാരിഭിരഭിപ്രോക്ഷണം ശ്രുതിസുഖസ്പൃ
ധുരമന്ദോദ്ഗാനാം ച ശീതവാദിത്രാണാം ശ്രവണഞ്ചോദ്ദേശാനാം
സുഹൃത്സംയോഗഃ സംയോഗശ്ചേഷ്ടാഭിഃ സ്ത്രീഭിഃ ശീതോപ
ഹിതാംശ്ചൈവ സുശ്യാരിണീഭിന്നിശാകരാംശുശീതപ്രവാത ഹർമ്മ്യവാ

ത്സ്നാനിക്കുക ഒറായൊറായായ മുത്തുമണികളെ ഹസുകണ്ണാദ്ധ്യവ
യവങ്ങളിൽ ധരിക്കുക മുത്തുമാല കാറവതട്ടാത്ത ദിക്കിൽ ഒരു പാ
ത്രത്തിൽ വെള്ളംവെച്ച് അതിലിട്ട് തണുപ്പിച്ചതിന്റെശേഷം അ
തെടുത്തു കഴുത്തിലണിയുക ഇടക്കിടക്ക് (വേഗം വേഗം) മാല ചന്ദ
നം കുങ്കുമം അകിൽ താമരവളയും ഇവയും തണുപ്പുള്ള കാറവും വെള്ള
വും ധരിക്കുകയും ചെങ്ങഴിനീർപൂവ് ആമ്പൽ ചുവന്നആമ്പൽ
സൌഗന്ധികം താമര ഇതുകളിൽനിന്നു വരുന്ന ഇതുകളും ഇട്ടുവ
ച്ചു തണുപ്പിച്ച വെള്ളം കുടക്കുടെ ഹേമന്തശിശിരകാലം പകരുക അവ
നവന്റെ ശ്രോത്രേന്ദ്രിയത്തിന്നു സുഖകരവും മൃദുവും മാധുര്യമുള്ളതും
വിചാരിച്ച മാതിരിയിലുള്ളതുമായ ഗീതവാദിത്രങ്ങളും കേൾക്കുക
അവനവന്നോ ബന്ധുക്കൾക്കോ അഭ്യുദയം വന്നതായി അറിയുക
സുഹൃജ്ജനത്തെ കാണുകയും അവരോടുകൂടെ താമസിക്കുകയും ചെ
യ്യുക അന്യോന്യാനുരാഗമുള്ളവരും ശീതങ്ങളായ ചന്ദനാലികളെ
ധരിച്ചവരും വൃത്തിയുള്ള വസ്ത്രമാല്യാദികളുമൊക്കെ അലംകൃത
കളുമായ സ്ത്രീകളോടുകൂടെ ചന്ദ്രരശ്മിതട്ടി ശീതളമായിത്തീർന്നതും
ശുദ്ധവായുധാരാളം സഞ്ചരിക്കുന്നതുമായ ഹർമ്മ്യങ്ങളിൽ ഏകാന്ത
വാസം ചെയ്യുക മലയിടുക്കിലോ തിരുത്തിലോ ധാരാളം തണുപ്പുള്ള
ഗൃഹത്തിലോ താമസിക്കുക നല്ല വസ്ത്രം പങ്ക വിശറി മുതലാ
യതുകൊണ്ടു വീശിയകാറ് ഇതുകളെ ശീലിക്കുക സുഖപ്ര
ദവും ശിശിരവും സൌരഭ്യമുള്ളതുമായ വാതപോതത്തോടുകൂടിയ

ന്തരപുളിനശിശിരസനവസനവ്യജനപവനാനാംസേ
രമ്യാനാഞ്ചോപവനാനാം സുഖശിശിരസുരഭിമാരുതോപവാത
സവനം സേവനഞ്ച നളിനോൽപലപദ്മകുമുദസൗഗ
കപുണ്ഡരീകശതപത്രഹസ്യാനാം സൌമ്യാനാഞ്ച സംഭാവാ
നാമിതി. 23

ശ്ലേഷ്മളസ്യാപി ശ്ലേഷ്മപ്രകോപണൈരകഷായാന്യാസേവമാനസ്യ
ക്ഷിപ്രം ശ്ലേഷ്മാ പ്രകോപമാപദ്യതേ ന തഥേതരൌ ദോഷൌ. 24

മനോഹരങ്ങളായ ഉപവനങ്ങളിൽ പോയി അതിന്റെ ശോഭകണ്ടാനന്ദിക്കുക നളിനം ഉൽപലം പദ്മം കുമുദം സൌഗന്ധികം പുണ്ഡരീകം ശതപത്രം എന്നിത്തുകളുടെ പുഷ്പങ്ങളെ കയ്യിൽ ധരിക്കുക സൌമ്യങ്ങളായ മറ്റു ഭാവങ്ങളെയും ശീലിക്കുക ഇത്തുകളെല്ലാമാകുന്നു പിത്തകോപം ശമിക്കുവാൻ ചെയ്യേണ്ടതായ ചികിത്സ. 'പിത്തസ്യ സപ്പിഷ്പാനം സപ്രാദുശീതവിരേചനം। സപ്രാദുതിക്തകഷായാണി ഭോജനാന്യാക്ഷികാനി ച। സുഗന്ധശീതപുഷ്പാനാം ഗന്ധാനാമുപസേവനം। കർപ്പൂരചന്ദനോശീരൈരനുലേപഃ ക്ഷണേ ക്ഷണേ। പ്രദോഷേ ചന്ദ്രസൌധം ഹാരി ഗീതം ഹിമോനിലഃ। അയന്നൂണ സുഖം ചിത്രം പുത്രഃ സന്ദിശ്യമുശ്യവാക്। ചന്ദ്രാനനവതീനോ ഭാരഃ പ്രിയാഃ ശീലവിഭൂഷിതാഃ। ശീതാംബുധാരാഗർഭാണി ഗൃഹാണ്യുദ്യാനഭൂമികാഃ। .....സൌമ്യാ ഭാവാഃ പയസ്സർപ്പിർവിരേകശ്ച വിശേഷതഃ' എന്നു വാഗ്ഭടാചാര്യൻ *

24—ശ്ലേഷ്മളനായവൻ കഷായകോപകാരണങ്ങളായ സ്നിഗ്ധാദികളെ ശീലിക്കുന്നതായാൽ കഫം ക്ഷണത്തിൽ കോപിക്കും. അവൻ വാതപിത്തകോപകാരണങ്ങളെ ശീലിച്ചാൽ അതുകൾ കഫത്തെപ്പോലെ വ്യാപ്തിയിൽ കോപിക്കുകയില്ല. ഇതാണ് ശ്ലേഷ്മളലക്ഷണം* 25—ഇങ്ങിനെയുള്ള ശ്ലേഷ്മളനു കോപിച്ച കഫം അവന്റെ ബലവർണ്ണസുഖായുസ്സുകളെ നശിപ്പിക്കത്തക്ക ശക്തിയോടുകൂ

സ തസ്യ പ്രകോപമാപന്നോ യത്രൌകൈതാൻികാനരേ ശരീര
മുപതപതി ബലവർണ്ണസുഖായുഷ്കാമുപഘാതായ. 25

തസ്യാവജ്ഞയനം വിധിയുക്തനി തീക്ഷ്ണാനി സംശോധ
നാനി രൂക്ഷപ്രായാണി ചാഭ്യവഹാര്യാണി കടുതിക്തകഷായോപ
ഹിതാനി. തഥൈവ ധാവനലംഘനപ്ലവനപരിസരണജാഗരണാ
നി യുദ്ധവ്യായവ്യായാമോന്മർദ്ദനസ്നാനോത്സാദനാനി വിശേഷത
സ്തീക്ഷ്ണാനാംദീപ്തകാലസ്ഥിതാനാം മദ്യാനാമുപയോഗഃ സ
പവാസസ്തൂഷ്ണവാസഃ സധൂമപാനഃ സുഖപ്രതി
ഖാർത്തമേവേതി.

ടെ സൂത്രസ്ഥാനം 361-362 ഭാഗങ്ങളിൽ വിവരിച്ചു
ന്ദ്ര മുതലായ ഇരിപത്തുതരം രോഗങ്ങളേയും ഉണ്ടാക്കിത്തീ
ത്തിന്ന് അസാദ്ധ്യത്തെ ജനിപ്പിക്കും* 26—ആമവക കഫകോപ
രോഗങ്ങളുണ്ടായാൽ അതുകളെ ശമിപ്പിക്കുവാൻ, തീക്ഷ്ണങ്ങളും ഉഷ്ണ
ങ്ങളും വിധിപ്രകാരമുള്ളവയുമായ സംശോധനങ്ങളെ—വമനവിരേ
ചനാദികളെ ശീലിപ്പിക്കുക ഭക്ഷ്യലേഹ്യപാന്യപേയരൂപമായ ആ
ഹാരത്തെ പ്രായേണ രൂക്ഷമായി ശീലിക്കുക എരുവ് കൈപ്പ് ച
വർപ്പ് എന്ന രസങ്ങളായ ഔഷധങ്ങളെ സേവിക്കുക ഇതുകളെല്ലാം
ശീലിക്കുകയും അതുപോലെ ഓട്ടക കഥിച്ചുചാട്ടക ചാട്ടക പരിസര
ണംചെയ്യുക ഉറക്കമൊഴിക്കുക പേടയുദ്ധംചെയ്യുക ധാരാളം സ്ത്രീ
സേവ ചെയ്യുക വ്യായാമം ശീലിക്കുക തിരുമ്മുക കുളിക്കുക പിടി
ച്ചുവലിക്കുക ഇതുകളെ ശീലിക്കുകയും തീക്ഷ്ണവീര്യങ്ങളും പഴക്കമുള്ള
തുമായ മദ്യം ധാരാളം കഴിക്കുകയും ഉപവാസം ശീലിക്കുകയും ചൂ
ടുള്ള വസ്തു ധരിക്കുകയും തീക്ഷ്ണധൂമങ്ങളെ പാനം ചെയ്കയും സ്വാ
ത്മനാ സുഖസ്ഥിതിയെ ഉപേക്ഷിക്കുകയും ചെയ്യുന്നത് വളരെ നല്ല
താകുന്നു. ഈ വക ദുഃഖചര്യകളെല്ലാം അവന്നു സുഖപ്രങ്ങളാ
യിത്തീരുകയും ചെയ്യും *

* ഹേതി ചാത്ര

സർവ്വരോഗവിശേഷജ്ഞഃ സർവ്വകായ്യവിശേഷവിൽ
സർവ്വഭേഷജതത്ത്വജ്ഞോ ർഹ്മജ്ഞഃ പ്രാണോപതിഭ്വേൽ. 27

തത്രശ്ലോകഃ.

പ്രകൃത്യന്തരഭേദേന രോഗാനീകവികല്പനം
പാരമ്പര്യവിരോധശ്ച സാമാന്യം രോഗദോഷയോഃ. 28
ദോഷാണാം വികാരാണാമേകദോഷപ്രകോപണം
പ്രാണാദീനാം ചിന്താ ച കായാഗ്നേരുക്ഷണാനി ച. 29
നവാനാം സപ്തധാതൂനാം പ്രകൃതിസ്ഥാപനാനി ച

ഈവിഷയത്തിൽ ഇതുകൂടെ ഗ്രഹിക്കേണ്ടതാകുന്നു.

27—സകലവിധ രോഗങ്ങളുടെ വിശേഷങ്ങളെ—ദോഷകോപാദിവിശേഷങ്ങളെ അറിയുന്നവനും ഈ പറഞ്ഞ ചികിത്സാസമുദായത്തിൽ ഏതേതുതരം ചികിത്സ ഏതേതവസരങ്ങളിൽ പ്രവൃത്തിക്കേണമെന്നും ഏല്ലാ ഔഷധങ്ങളുടേയും രസവീര്യവിപാകപ്രഭാവങ്ങളേയും സംയോഗതത്ത്വങ്ങളേയും നല്ലവണ്ണം അറിയുന്നവനുമായ വൈദ്യൻ ആരാണോ അവനാണ് രാജാഹനായ വൈദ്യൻ *

അദ്ധ്യായവിവരണം.

28-30—പുനർവ്വസുമഹർഷിയാൽ രോഗാനീകവിമാനമെന്ന ഈ അദ്ധ്യായത്തിൽ പ്രഭവാദിപ്രകൃതിഭേദേനയുള്ള രോഗാനീകവികല്പങ്ങളേയും രോഗദോഷങ്ങളുടെ സാമാന്യേനയുള്ള പരസ്പരവിരോധത്തേയും വികാരങ്ങളിലെ ദോഷസംഖ്യയേയും ഓരോദോഷങ്ങളും കോപിക്കുന്നതിന്റെ സ്വഭാവവും കായാഗ്നിയുടെ ഏഴനശക്തിയെക്കുറിച്ചുള്ള നാലു വ്യത്യാസങ്ങളുടെ നിരൂപണവും അതുകൂടാതെ വർദ്ധിക്കുവാനുള്ള കാരണവും വാതളാദികളായവരുടെ സ്വഭാ

23187.K.1

രോഗാനീകേ വിമാനേസ്മിൻ വ്യാഹൃതാനി മഹർഷിണാ. 30

ഇതി ചരകസംഹിതായാം

വിമാനസ്ഥാനേ

രോഗാനികവിമാനം നാമ ഷഷ്ഠോദ്ധ്യായഃ.

അദ്ധ്യായം 7. വ്യാധിതരൂപീയം.

അഥാതോ വ്യാധിതരൂപീയമദ്ധ്യായം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ദ്വൌ പുരുഷൌ വ്യാധിതരൂപൌ ഭവതഃ. തദ്യഥാ—ഗുരു വ്യാധിത ഏകഃ സതബലശരീരസമ്പദുപേതതാൽ ലഘുവ്യാധി

വം ഇന്ന തരത്തിലായിരിക്കുമെന്നും വിശദമായി പ്രതിപാദിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ

വാചസ്പത്യേ

വിമാനസ്ഥാനേ ഷഷ്ഠോദ്ധ്യായഃ. (6)

അദ്ധ്യായം 7.

ഇനി വ്യാധിതരൂപീയമെന്ന അദ്ധ്യായത്തെ പറയാം:—

1—വൈദ്യശാസ്ത്രത്തിന്റെ പരിപൂർണ്ണജ്ഞാനമില്ലാത്തവനിമിത്തം രോഗികളെ കാണുന്നസമയം വൈദ്യന്മാർ അവരെ അടുത്തു വിവരിക്കുന്നതായ രണ്ടു തരത്തിൽ തെറ്റിദ്ധരിച്ചുപോകും. അതെങ്ങിനെയെന്നാൽ, ഒരുത്തനു ദോഷകോപങ്ങളും അതുനിമിത്തം സംഭവിച്ചതായ ഉപദ്രവവും—വ്യാധിയും വളരെ ശക്തിയുള്ളതാണെ

ത ഇവ ദൃശ്യതേ. ലഘുവ്യാധിതോപരഃ സത്താദീനാമധമത്വാൽ ഗുരുവ്യാധിത ഇവ ദൃശ്യതേ. 1

തയോരകുശലഃ കേവലം ചക്ഷുഷൈവ രൂപം ദൃഷ്ട്വാ വ്യവസ്യന്നാ വ്യാധിഗുരുലാഘവേ വിപ്രതിപദ്യതേ. ന ഹി ജ്ഞാനാവരണേന കൃത്സ്നേ ജ്ഞേയേ ജ്ഞാനമുൽപദ്യതേ. 2

വിപ്രതിപന്നാസ്തു ഖലു രോഗജ്ഞാനേ ഉപക്രമയുക്തിജ്ഞാനേ ചാപി വിപ്രതിപദ്യന്തേ. തേ യദാ ഗുരുവ്യാധിതം ലഘുവ്യാ

ങ്കിലും അവന്ന് ധൈര്യവും ശരീരബലവും ശരീരദാർഢ്യവുമുണ്ടെങ്കിൽ ആ വ്യാധിപീഡയെ അവൻ പുറത്തു പ്രകാശിപ്പിക്കുകയില്ല. അപ്പോൾ അവന്റെ രോഗം സാരമില്ലെന്ന തോന്നും. ഒരുത്തന്ന് ദോഷകോപവും സമുത്ഥാനവും വളരെ ലഘുവാണെങ്കിൽ കൂടി സത്തുബലശരീരസമ്പന്നതകളില്ലെങ്കിൽ അവൻ കലശലായി ബഹളം കൂട്ടും. ആ വക പ്രലാപങ്ങളും കേൾക്കുമ്പോൾ അവന്റെ രോഗം ശക്തിമത്താണെന്നും നിശ്ചയിച്ചുപോകും. ഇങ്ങിനെ തെറ്റിദ്ധാരണ വരാതെ സൂക്ഷിക്കേണമെന്ന് ആശയം. 'ഗുരുത്വലഘുത്വം വ്യാധിസംസ്ഥാനം സത്ത്വദേഹബലാബലാൽ। ദൃശ്യതേഽന്യഥാകാരം തദ്വിനാവഹിതോ ഭവേൽ' എന്ന വാഗ്ഭടാചാര്യൻ * 2—വ്യാധികളുടെ ഗുരുലാഘവത്തെ ശാസ്ത്രദൃഷ്ട്യാകണ്ടറിയുവാൻകഴിയാത്തവനും കേവലം ദൃഷ്ടിമാത്രത്തിൽ കാണുന്ന അവസ്ഥതന്നെയാണ് പ്രകൃതി എന്ന സങ്കല്പിക്കുന്നവരുമായവർ ചെയ്യുന്ന ഗുരുലാഘവനിർണ്ണയം തെറ്റിപ്പോകും. അതാതുകളെ തിരിച്ചറിയുവാനുള്ള വിധികളെ വിവരിക്കുന്നതായ ശാസ്ത്രത്തിന്റെ വാക്യാദിത്രുപമായ പ്രവചനാദികൾകൊണ്ടു സിദ്ധിക്കാവുന്ന ജ്ഞാനം പരിപൂർണ്ണമായിട്ടില്ലെങ്കിൽ സംശയംവരുന്നേടത്തു നന്നു തിന്നു ഗുരുലാഘവം മുതലായ ഭാവങ്ങളെ തിരിച്ചറിയുവാനുള്ള ശക്തി ഒരിക്കലും സംഭവിക്കുകയില്ല * 3—ഇങ്ങിനെ രോഗങ്ങളുടെ ഗുരുലാഘവനിർണ്ണയം ചെയ്യുന്ന ക്രിയയത്തിൽ തെറ്റിദ്ധാരണനിമിത്തം വൈപരീത്യം വന്നു

ധിതുല്യമാസാദയന്തി. തതോ തമല്പദോഷം മത്വാ സംശോധന
കാലമന്യം മൃദു സംശോധനം പ്രയച്ഛന്തോ ഭൂയ ഏവാസ്യ ദോഷ
മുദീരയന്തി. യതോ ഹ്യ ല്പവ്യാധിം ഗുരുവ്യാധിതുല്യമാസാദ
യന്തി തം മഹാദോഷം മത്വാ സംശോധനകാലേന്യം തീക്ഷ്ണം
ശോധനം പ്രയച്ഛന്തോ ദോഷാനതി നിഷ്പ്യ ശരീരമസു
ന്തി.

പോയാൽ അവക്ക ആ വക രോഗങ്ങൾക്ക ചികിത്സ നിശ്ചയിക്കു
ന്ന വിഷയത്തിലും തീച്ചയായും അപകടം സംഭവിക്കും. അതെ
ങ്ങിനെയെന്നാൽ, അവർ ദോഷകോപത്തിന്ന ബലാധിക്യമുള്ള രോ
ഗത്തെ സത്വബലാദികളുടെ ബലംനിമിത്തം ലഘുവ്യാധിയാണെ
ന്ന തീച്ചപ്പെടുത്തുകയും അതുനിമിത്തം ആ രോഗിയുടെ രോഗം
സാരമില്ലെന്ന കരുതി അവന്ന ശോധനവരുത്തുവാൻ വേണ്ടി മൃദു
വീര്യങ്ങളായ സംശോധനദ്രവ്യങ്ങളെ ശീലിപ്പിക്കുകയും ചെയ്യും.
അപ്പോൾ അവന്റെ ദോഷകോപം പൂർവ്വാധികം വർദ്ധിക്കുകയാണ്
ചെയ്യുക. വെള്ളമൊഴിച്ചാൽ തീകെടുമെങ്കിലും കലശലായി കത്തു
ന്ന തീയ്യിൽ അല്പം വെള്ളം വീഴ്ത്തിയാൽ ആവി വർദ്ധിക്കുകയാണ്
ചെയ്യുക. അതുപോലെ ഗുരുവ്യാധിതന്ന് അല്പൌഷധം പ്രകോ
പകാരണം തന്നെയായിത്തീരുമെന്ന സാരം. ഇതേമാതിരിതന്നെ
ദോഷകോപത്തിന്ന ബലം കുറയുമെങ്കിലും സത്വാദിബലം കു
റയുകയാൽ ഉള്ളതിലധികം പാരവശ്യംനടിക്കുന്ന രോഗിയുടെ രോ
ഗം ദോഷകോപാധിക്യംനിമിത്തം സംഭവിച്ചതാണെന്ന തെറ്റിദ്ധ
രിക്കുകയും അവന്ന ശോധന വരുത്തേണ്ടുന്നകാലത്ത് അതിതീക്ഷ്ണ
ങ്ങളായ ഔഷധങ്ങൾ പ്രയോഗിക്കുകയും ചെയ്യും. ലഘുദോഷനാ
യവന്ന തീക്ഷ്ണൌഷധങ്ങളേകൊണ്ടു ശോധന വരുത്തിയാൽ അവ
ന്ന തീച്ചയായും അതിയോഗം സംഭവിക്കും. ആ അതിയോഗംനി
മിത്തം കോപിക്കാത്ത ദോഷങ്ങളെക്കൂടെ ആ ഔഷധം നിഹരിക്കും.
അതുനിമിത്തം അവന്റെ ശരീരനാശത്തിന്നുകൂടെ സംഗതിവന്നു

ഏവമവയവേന ജ്ഞാനസ്യ കൃത്സ്നേ ജ്ഞാനമിതി മന്യമാനാഃ സ്ഖലന്തി. വിദിതവേദിതവ്യാസ്തു ഭിഷജഃ സർവ്വം സർവ്വാ യഥാസംഭവം പരീക്ഷ്യം പരീക്ഷ്യാഭ്യവസ്യന്തോ ന കഥഞ്ചനവിഹ്വലന്തേ യഥേഷ്ടമർത്ഥമഭിനിർവ്വർത്തയന്തി ചേതി. 4

4—വൈദ്യശാസ്ത്രത്തിന്റെ കായചികിത്സാശാഖാക്ക് മുതലായ ഏതെങ്കിലും ഒരു ഭാഗത്തിന്റെ അല്പമായ ഗ്രഹണംനിമിത്തം തനിക്ക വൈദ്യശാസ്ത്രത്തിന്റെ പരിപൂർണ്ണജ്ഞാനമുണ്ടെന്ന് അഭിമാനിക്കുന്നവർ ചികിത്സിക്കുവാൻ പുറപ്പെടുന്നതായാൽ അവക്ക് ഈ പാഞ്ഞ മാതിരിയുള്ള അപജയം നിശ്ചയമായും സംഭവിച്ചുപോകും. ചികിത്സിക്കുക എന്നത്, ആയുർവ്വേദശാസ്ത്രത്തെ വാക്യരൂപമായും വാക്യാർത്ഥരൂപമായും അർത്ഥാവയവരൂപമായും പ്രവചിക്കുവാൻ തക്ക ജ്ഞാനമുള്ളവരും വൈദ്യം ചെയ്തു പരിചയമുള്ളവരുമായവർ ശബ്ദസ്പർശാദികളെക്കൊണ്ടു പരീക്ഷിച്ചറിയേണ്ടതായ സകലഭാവങ്ങളേയും ആപ്തോപദേശപ്രത്യക്ഷാനുമാനങ്ങളെക്കൊണ്ടു പരീക്ഷിച്ച് ഈ രോഗം ഇന്നപ്രകാരത്തിലുള്ളതാണ് എന്നറിഞ്ഞു ചികിത്സിക്കുന്നതായാൽ അവക്ക് ചികിത്സാവിഷയം യാതൊരു സംശയവും (തൊറിഞ്ഞാരണയും) സംഭവിക്കയില്ല. എന്നു മാത്രമല്ല ഉദ്ദിഷ്ടകാലത്തേക്കുള്ള രോഗങ്ങളെ സുഖപ്പെടുത്തുവാൻ അവക്ക സാധിക്കുകയും ചെയ്യും. ഇങ്ങിനെയാണ് വ്യാധിതരൂപത്തിന്റെ വിവരണം. ഈ വിഷയത്തിൽ 'ഗുരും ലഘുമിതി വ്യാധിം കല്പയന്തി ഭിഷഗ്ബ്രുവഃ। അല്പദോഷാകലനയാ പരമ്പര വിപ്രതിപദ്യതേ। തത്തോല്പമല്പവീര്യം വാ ഗുരുവ്യാധൗ പ്രയോജിതം। ഉദീരയേത്തരാം രോഗാൻ സംശോധനമഥാഗതം। ദോഷസംസർഗ്ഗതിയോഗേന വിപരീതം വിപര്യയേ। ക്ഷിണയാനാമലാനാം കേവലം വപുരസ്യതി। അതോഭിയുക്തഃ സതതം സർവ്വമാലോച്യ സർവ്വദാ। തദാ യുഞ്ജീത ഭൈഷജ്യമാരോഗ്യായ യഥാ ധ്രുവം' എന്നു വാഗ്ഭടാചാര്യനും പറയുന്നു *

ജീവന്തി ചാത്ര.

സത്ത്വാദീനാം വികല്പേന വ്യാധിതം രൂപമാതുരേ
ദൃഷ്ട്വാ വിപ്രതിപദ്യന്തേ ബാലാ വ്യാധിഷ്വലാഖലേ. 5
തേ ഭേഷജമയോഗേന കുർവ്വന്ത്യജ്ഞാനമോഹിതാഃ
വ്യാധിതാനാം വിനാശായ ക്ലേശായ മഹതേപി വാ. 6
പ്രാജ്ഞാസ്തു സർവ്വമാജ്ഞായ പരീക്ഷ്യമിഹ സർവ്വഥാ
ന സ്ഖലന്തി പ്രയോഗേഷു ഭേഷജാനാം കദാചന. 7

ഇതി വ്യാധിതരൂപാധികാരേ ശ്രുതാ വ്യാധിതരൂപസംഖ്യാ ഗ്രഹസംഭവം വ്യാധിതരൂപഹേതുവിപ്രതിപത്തൗ ച കാരണം സാ

ഈ വിഷയത്തിൽ താഴെ പായുന്നതുകളെക്കൂടെ ഗ്രഹിക്കുകയും വേണം.

5—വൈദ്യശാസ്ത്രത്തിന്റെ പരിപൂർണ്ണജ്ഞാനമില്ലാത്തവർ ആതുരനിഷ്ഠങ്ങളായ ധൈര്യാദിഗുണങ്ങളുടെ വൈപരീത്യംനിമിത്തം രോഗിയുടെ ആകൃതിവ്യത്യാസത്തെ കണ്ടിട്ട് അവനുള്ള രോഗത്തിന്റെ ബലാബലനിരൂപണം ചെയ്യുന്നവിഷയത്തിൽ തീച്ചയായും തെറ്റിദ്ധരണയുള്ളവരായിപ്പോകും * 6—അങ്ങിനെയുള്ള വൈദ്യാഭിമാനികൾക്ക് വൈദ്യശാസ്ത്രത്തിലുള്ള അറിവില്ലായ്മനിമിത്തം അവർ നടത്തുന്ന ചികിത്സയിലും അയോഗമെന്ന ദോഷം സംഭവിക്കും. ആ അയോഗം രോഗിയുടെ മരണത്തിനോ അഥവാ അവന്ന് ആയുർബ്ബലം ധാരാളമുണ്ടെങ്കിൽ കലശലായ രോഗസങ്കടത്തിനോ കാരണമായ്തീരുകയും ചെയ്യും * 7—അറിവുള്ളവരായ വൈദ്യന്മാർ ശ്രോത്രസ്പർശനാദികളെക്കൊണ്ട് പരീക്ഷിച്ചറിയേണ്ടതായ സകലഭാവവ്യത്യാസങ്ങളേയും താൻതന്നെ പരീക്ഷിച്ചറിഞ്ഞു ചികിത്സിക്കുവാൻ തുടങ്ങുന്നതായാൽ അവരുടെ ചികിത്സ ഒരിക്കലും തെറ്റിപ്പോവുകയില്ല. ചികിത്സ ശരിപ്പെട്ടാൽ ചികിത്സാഫലം സുസംഗതമായിരിക്കുമെന്നുള്ളതു നിർവ്വിവാദവുമാണല്ലോ *

8—ഇപ്രകാരം വ്യാധിതരൂപാധികാരത്തിൽ പെട്ടതും വ്യാധിതരൂപം ഇന്നിന്നപ്രകാരത്തിലായിരിക്കുമെന്ന് വിവരിക്കുന്നതുമായ വ്യാധിതരൂപത്തെ തെറ്റിദ്ധരിച്ചുപോകുവാനുള്ള കാരണത്തെ അപൂർവ്വാദ്ധ്യായത്തോടും(അജ്ഞാനമാണ് അതിനുള്ള കാരണമെന്ന സാധ

പവാദേ സമ്പ്രതിപത്തികാരണം ചാനപവാദം നിശമ്യ ഭഗവന്തമാത്രേയമഗ്നിവേശോഽഃ പരം സവ്വ്കൃമീണാം പുരുഷസംശ്രയാണാം സമുത്ഥാനസ്ഥാന സംസ്ഥാനവ്വ്യാമ പ്രഭാവചികിത്സിതവിശേഷാൻ പപ്രച്ഛേർഷസംഗ്രഹ്യ പാദ്യേ. അഥാസ്മൈ പ്രോവാച ഭഗവാനാത്രേയഃ. ഇഹ ഖലു ചഗ്നിവേശ വിംശതിവിധാഃ ക്രിമയഃ പൂവ്വ്മുക്താ നാനാവിധേന പ്രവിഭാഗേനാന്യത്ര സഹജേഭ്യഃ. 8

തേ പുനഃപ്രകൃതിഭിർഭിദ്യമാനാശ്ചതുർവ്വിധാഃ. തദ്യഥാ—പുരീഷജാഃ ശ്ലേഷ്മജാഃ ശോണിതജാ മലജാശ്ചേതി. തത്ര മലോ ബാഹ്യശ്ചാ

പ്പിച്ചുകൊണ്ടും) 'അപവാദേ തു നിന്ദാജ്ഞേ' എന്ന് അമരം. അഭ്യാനമില്ലെങ്കിൽ ആ വ്യത്യാസത്തെ തിരിച്ചറിയുവാൻ പ്രയാസമില്ലെന്നുള്ള യുക്തിയോടുംകൂടിയ ആത്രേയഭഗവാന്റെ ഉപദേശത്തെ കേട്ടസമയം അഗ്നിവേശൻ ഭഗവൽപാദങ്ങളെ പിടിച്ചുകൊണ്ട് ഇങ്ങിനെ ചോദിച്ചു.

അല്ലയോ ഭഗവൻ! മനുഷ്യരെ ബാധിക്കുന്നവയായ ക്രിമികളുടെ സമുത്ഥാനം സ്ഥാനം ആകൃതി നിറം പേര് ഓരോന്നിനുമുള്ള പ്രഭാവം ഓരോരോ ക്രിമികൾക്കുമുള്ള ചികിത്സാഭേദം ഇതുകളെ പ്രത്യേകം ഉപദേശിച്ചതരണമേ എന്ന് അപേക്ഷിച്ചു.

ഇപ്രകാരം ചോദിച്ച അഗ്നിവേശനോട് ആത്രേയഭഗവാൻ ഇങ്ങിനെ ഉപദേശിച്ചു. അല്ലയോ അഗ്നിവേശ! ആഹാരവിഹാരാദികളിലിനിന്നും സംഭവിക്കുന്നതായ ക്രിമികളെ അതുകളുടെ സമുത്ഥാനസ്ഥാനാദിവ്യത്യാസങ്ങളാലതിനെ വിഭജിച്ചു പറയുന്നതായാൽ ധൂകാചിത്രികാലിങ്ങാദിയേ ഇതിപൂർവ്വതരമായിരിക്കുമെന്ന് സൂത്രസ്ഥാനം 19-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ ഈ 20 തരമെന്നു പറഞ്ഞത്, ജാതാവയവങ്ങളുടെ കൂട്ടത്തിൽ അവസ്ഥാഭേദങ്ങളായി ഒരുതരം ക്രിമിയുണ്ട്. അതിൽനിന്നു ഭിന്നങ്ങളായിരിക്കും എന്നുകൂടെ ഗ്രഹിച്ചിരിക്കുകയും വേണം * 9—ആ ഇരുപതുതരം ക്രിമികളുംതന്നെ, പ്രകൃതിവ്യത്യാസംകൊണ്ട് ആലോചിക്കുന്നതായാൽ, പുരീഷജങ്ങളും ശ്ലേഷ്മജങ്ങളും ശോണിതജങ്ങളും മലജങ്ങളും എന്നിങ്ങിനെ നാലുതരത്തിലുമായിരിക്കും. ഇവിടെ മലജങ്ങളും എന്നു പറഞ്ഞത് ബാഹ്യമലജങ്ങളും എന്നും ആഭ്യന്തരമലജ

ന്ത്യന്തരശ്ച. തത്ര ബാഹ്യേ മലേ ജാതാന്മലജാൻ സഞ്ചക്ഷ്മഹേ ഷ്യാം സമുത്ഥാനം മൂത്രാവജ്ഞനം സ്ഥാനം കേശശ്മശ്രുലോമപക്ഷ്മവാ സാംസി. സംസ്ഥാനമണവസ്ഥിലാകൃതയോ ബഹ്വപത്യാഃ. വർണ്ണസ്പർശശ്ച. നാമാനി ചൈഷ്യാം യൂകാഃ പിപീലികാശ്ചേതി. പ്രഭാവശ്ച കണ്ഡുജനനം കോഠപിടികാഭിനിവൃത്തയശ്ച. ചികിത്സിതം തേഷാമുപകഷ്ണം മലോപഘാതോ മലകരാണാഞ്ച ഭാവാനാമനുപസേവനമിതി. 9

ശോണിതജാനാന്തു കൃഷ്ണസ്സമാനം സമുത്ഥാനം സ്ഥാനം രക്തവാഹിന്യോ ധമന്യഃ. സംസ്ഥാനമണവോ വൃത്താശ്ചാപാദശ്ച.

ഒടാം എന്നും തണ്ടുപ്രകാരമായിരിക്കും. അതിൽ ബാഹ്യമലത്തിൽ നിന്നുണ്ടാകുന്ന ക്രിമികളുടെ സമുത്ഥാനസ്ഥാനാദിവ്യത്യാസത്തെ ആദ്യമായിത്തന്നെ ഉപദേശിക്കാം. അതുകാം ഉണ്ടാകുവാനുള്ള കാരണം മൂത്രാവജ്ഞനം—ശരീരത്തിലെ അഴുക്കിനെ വേണ്ടുപോലെ തേച്ചുകഴുകാത്തതന്നെയാകുന്നു. സ്ഥാനം തലമുടി താടിമീശ ശരീരരോമം പുരികം വസ്ത്രം ഇവ്വിടങ്ങളായിരിക്കും. അതുകാം വളരെ ചെറുതും എള്ളിൻമണിയുടെ ആകൃതിയുള്ളവയും വളരെ കാലുള്ളവയും ഇതിൽ ചിലതു കറുത്തും ചിലതു വെളുത്തുമിരിക്കും. ഇതുകളുടെ പേർ യൂകകാം എന്നും പിപീലികകാം എന്നുമാണ്. ഇതുകാം ചൊറിച്ചിൽ വട്ടപ്പുണ്ണ് കുരു ഇതുകളെ ഉണ്ടാക്കുകയും ചെയ്യും. കറുത്തുപോനിനെ യൂക എന്നും വെള്ളപ്പുനിനെ പിപീലിക എന്നും ഗ്രഹിക്കണം. വാഗടാചാര്യൻ യൂക, ലിക്ഷ എന്നാണ് പേർ പറയുന്നത്. ഇതുകാംക്കുള്ള ചികിത്സ അതുകളെ ചീന്തിയും പെറുക്കിയും കളയുകയും ശരീരത്തിലെ അഴുക്കുകാം നല്ലവണ്ണം കളയുകയും അഴുക്കു വരുത്തുന്ന ചായ്കകളെ ശീലിക്കാതിരിക്കുകയുമാകുന്നു *

10—രക്തജങ്ങളായ ക്രിമികളുണ്ടാകുവാനുള്ള കാരണം, കുഷ്ഠരോഗമുണ്ടാകുവാനുള്ള് കാരണംതന്നെയാകുന്നു. അതുകളുടെ സ്ഥാനം രക്തവാഹികളായ ധമനികളിൽക്കൂടിയായിരിക്കും. ഇതുകാം അണുപ്രമാണങ്ങളും വൃത്താകാരങ്ങളും കാലില്ലാത്തവയുമായിരിക്കും. ഇതുകാം വളരെ ചെറുതായിട്ടുള്ളവയാകയാൽ ഇതിൽ ചിലതിനെ കണ്ണുകൊണ്ടു കാണുവാൻതന്നെ കഴികയില്ല. ഇതുകാം താമ്രവർണ്ണ

സൂക്ഷ്മത്വാച്ചൈകേ ഭവന്ത്യദൃശ്യാഃ വർണ്ണസാമ്യാഃ. നാമാനി കേശാദോ ലോമാദാ ലോമദ്വീപാഃ സൌരസാ ഔദുംബരാ ജന്തുമാതര ഇതി. പ്രഭാവഃ കേശശ്മശ്രുനഖലോമപക്ഷ്മാപദ്ധ്വംസോ വ്രണഗതാനാം ച ഛർഷ്കണ്ഡൂതോദ്ഭേദസംസർപ്പണാനി. അവൃദ്ധാനാഞ്ച തച്ഛോണിതാസ്ഥ്യായുമാംസതരുണാസ്ഥിഭക്ഷണമിതി. ചികിത്സിതമപ്യേഷാം കൃമൈസ്സമാനാം തദുത്തരകാലമുപദേക്ഷ്യാമഃ. 10

ശ്ലേഷ്മജാഃ ക്ഷീരഗുളതിലമത്സ്യാന്നപുപമാംസപിഷ്ടാന്നപായസ പരമാന്നകൃസരസ്നേഹാജീർണ്ണപൂതിക്ലിന്നസംകീർണ്ണവിരുദ്ധാസാത്മ്യഭോജനസമുത്ഥാനാഃ. തേഷാമാമാശയഃ സ്ഥാനം. പ്രഭാവസ്തു തേ പ്ര

ങ്ങളായിരിക്കും. ഇതിൽ മാതേതരത്തിനും കേശാദങ്ങളും ലോമാദങ്ങളും ലോമദ്വീപങ്ങളും സൌരസങ്ങളും ഔദുംബരങ്ങളും ജന്തുമാതൃക്കളും എന്ന ആറു നാമങ്ങളും സംഭവിക്കും. ഇതുകളുടെ പ്രഭാവം—ഇതുകളും നിമിത്തം സംഭവിക്കുന്ന ഉപദ്രവങ്ങളും, തലമുടി താടിമീശ നഖം രോമം പിരികക്കൊടി ഇതുകളെ നശിപ്പിക്കുകയും വ്രണത്തിൽ ബാധിച്ചാൽ, ആ വ്രണത്തിനു തരിപ്പും ചൊറിച്ചിലും കുത്തിനോവലും സംസർപ്പണവും—ഏറുമ്പരിക്കുമ്പോലെ തോന്നുകയും സംഭവിക്കും. ഇതുകളും പൂർണ്ണമായി വഭിച്ചിട്ടില്ലെങ്കിൽകൂടി തോല് സിര സ്നായു മാംസം ചെറിയ എല്ല് ഇതുകളെ ഭക്ഷിക്കും. 'രക്തവാഹിസ്രോത്സ്വാനാ രക്തജാ ജന്തവോണവഃ। അപാദോ വൃത്തതാമ്രാഭ്രസൌക്ഷ്മ്യാൽ കേചിദേവനാഃ। കേശാദാ ലോമവിധ്വംസാ ലോമദ്വീപാ ഉദുംബരാഃ। ഷഡിമേ കൃമിഭേദാനാം സഹജസ്തൌ രസമാതരഃ' എന്ന വാഗ്ഭടാചാര്യൻ. ഇതുകൾക്കുള്ള ചികിത്സ കൃമിക്കുള്ളതുതന്നെയാകുന്നു. അത് ചികിത്സിതം ഏഴാം അദ്ധ്യായത്തിൽ വിസ്തരിച്ചുപദേശിക്കുകയും ചെയ്യാം *

11—പാൽ ശർക്കര എള്ള് മത്സ്യം ആനൂപമാംസം പിഷ്ടാന്നം പായസം ചപ്പങ്ങിനെ എണ്ണ ഇതുകളെ ഭക്ഷിക്കുകയും അജീർണ്ണാന്നം ശീലിക്കുകയും ദുർഗ്ഗന്ധമുള്ളതും നനഞ്ഞതും പഴുപ്പുവസ്തുക്കളും ഇടകലർന്നതും അന്യോന്യം വിരുദ്ധങ്ങളായ വസ്തുക്കളും കൂടിക്കലർന്നതുമായ ഭക്ഷണപദാർത്ഥത്തെ ശീലിക്കുകയാലുമാണ് കൊച്ചുകൃമികളും സംഭവിക്കുക. അജീർണ്ണഭോജീ മധുരാമ്ലനിത്യോ ദ്രവപ്രീ

വർത്തമാനാസ്ഥൂലപ്രമാണോ വാ വിസർപ്പന്തി. ഉഭയതോ വാ. സംസ്ഥാനവർണ്ണവ്യവസ്ഥാസ്തു ശ്വേതാഃ പൃഥുവൃത്തസംസ്ഥാനാഃ കേചിൽ കേചിദപരിണാഹാഃ ഗണ്ഡൂപദാകൃതയശ്ച ശ്വേതാസ്സൂക്ഷ്മാവതാസാഃ കേചിദണവോ ദീർഘാസ്സന്താകൃതയഃ ശ്വേതാഃ. തേഷാം ത്രിവിധാനാം ശ്ലേഷ്മനിമിത്താനാം കൃമീണാം നാമാനി അന്ത്രാദഃ ഉദരാദോ പുരീഷാദഃ ഹൃദയാദശ്ചരവോ ഹൃഷ്ടപുഷ്ടാസ്സുസന്നികാ മഹാഗുദാശ്ച. ഇതി. പ്രഭാവോ പുല്ലാസാസ്യനാസാവൈവർണ്യരോഷകാവിപാകൗ ജന്തോ മൂർച്ഛാ ജൃംഭാ ക്ഷവഥൂനാമുദ്ഗമഃ ചിത്തദിഷ കാർശ്യം പാരുഷ്യമിതി.

11

യഃ പിഷ്ടഗുളോപദേഹകൃതാ | വ്യായാമവർജ്ജി ച ദിവാശയാനോ വിരുദ്ധഭുക്കേ സംഭവതി ക്രിമീംസ്തു' എന്ന മാധവാചാര്യൻ. ആ കൃമികളുടെ സ്ഥാനം ആമാശയമാകുന്നു. അതുകൊണ്ട് ആമാശയത്തിലിരുന്നു വർദ്ധിച്ചാൽ അവിടെനിന്നു മേല്പോട്ടോ കീഴ്പോട്ടോ അഥവാ രണ്ടുമാർഗ്ഗത്തിൽ കൂടിയോ സഞ്ചരിച്ചുതുടങ്ങും. ഇതുകളുടെ സംസ്ഥാനവർണ്ണവിശേഷങ്ങളെന്തല്ലാമെന്നാൽ, ഇതിൽ ചിലതു വെളുത്തും വലിയ തോൽവാറിനോ ആകൃതിയിലുമിരിക്കും. മറ്റു ചിലത് ഉരുണ്ടും ഞാഞ്ഞൂളുപോലെയുമിരിക്കും. ഇതുകളുടെ നിറം വെളുത്തും ചെമ്പിച്ചുമായിരിക്കും. മറ്റു ചിലത് വളരെ വണ്ണം കുറഞ്ഞും നൂലുപോലെ നീണ്ടും വെളുത്തുമിരിക്കും. കഫകോപനിമിത്തം സംഭവിക്കുന്നതായ ഈ മൂന്നുതരം കൃമികൾക്കും അന്ത്രാദങ്ങൾ എന്നും ഉദരാദങ്ങൾ എന്നും പുരീഷാദങ്ങൾ എന്നും ഹൃദയാദങ്ങൾ എന്നും സൗഗന്ധികങ്ങൾ എന്നും മഹാഗുദങ്ങൾ എന്നും ഏഴു പേരുകൾ സംഭവിക്കും. ഇതുകൾ തെറ്റിക്കുടിപ്പ് വായിൽനിന്നു വെള്ളംവരിക അരോചകം ഹൃല്ലാസം പനി മോഹാലസ്യം കോട്ടുവായ തുമ്മൽ മേൽവായുവീർക്കുക വയറിൽ ഉരുണ്ടുകേറുക മുറ്റി ശരീരത്തിനു കാർശ്യം പാരുഷ്യം ഈ വക ഉപദ്രവങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും *

12—കൃമിജന്യമായുണ്ടാകുവാനുള്ള കാരണങ്ങൾകൊണ്ടുതന്നെയാ

ചാരുദത്തന്റെ ഉപദേശപ്രകാരം വസന്തസേന ഗണികാഗൃഹത്തിൽ നിന്നും പുറപ്പെട്ടു. ശ്രീമാനായ ചാരുദത്തന്റെ ഗൃഹത്തിലേക്കുള്ള വഴിയിൽ അവൾ ഒരു പൂജാഗൃഹത്തിൽ പ്രവേശിച്ചു. അവിടെ ഒരു ശിവലിംഗത്തിന്റെ മുമ്പിൽ ഭക്തിപൂർവ്വം നമസ്കരിച്ചു. അതിനുശേഷം അവൾ ആ ലിംഗത്തിന്റെ പീഠത്തിൽ തന്റെ ആഭരണപേടകം വച്ചു. അതിനുശേഷം അവൾ ചാരുദത്തന്റെ ഗൃഹത്തിലേക്കു പോയി. അവിടെ ചെന്നു വാതിൽക്കൽ മുട്ടി. ചാരുദത്തന്റെ ഭാര്യ രോഹസേനയുടെ അമ്മ വാതിൽ തുറന്നു. വസന്തസേന അകത്തു കടന്നു. അവൾ രോഹസേനയുടെ അമ്മയെ നമസ്കരിച്ചു. അവർ അവളെ അനുഗ്രഹിച്ചു. അവൾ രോഹസേനയുടെ അമ്മയോടു പറഞ്ഞു: "അമ്മേ, ഞാൻ ഇന്നു രാത്രി ഇവിടെ താമസിക്കുന്നതിനു അനുവാദം തരണം.

ഇന്ത്യയിൽ ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന പല ക്രിസ്തീയ സഭകളിലും ഈ ദുരാചാരം കടന്നുകൂടിയിരിക്കുന്നു. ചിലർ അതിനെ വേണ്ടവിധം സംരക്ഷിക്കുന്നതായി കാണുന്നു. മറ്റു ചിലർ അതിനെ ഒരു ദുരാചാരമായിട്ടു കരുതുന്നു. അതു ക്രമേണ ക്രിസ്തീയ സഭകളിൽ നിന്നു നീങ്ങിപ്പോകുന്നതായും കാണുന്നു. അതു നല്ലതുതന്നെ. ഇതിനെപ്പറ്റി ഇനിയും കൂടുതൽ പറയുന്നുണ്ട്. 13

ഒരു പക്ഷേ നിങ്ങൾ ഇതിനെ ഒരു ദുരാചാരമായിട്ടു കരുതുന്നില്ലായിരിക്കാം. എങ്കിലും ക്രിസ്തീയ ജീവിതത്തിനു ഹാനികരമായ പല കാര്യങ്ങളും അതിനോടു ചേർന്നിരിക്കുന്നു. അതുകൊണ്ടു നിങ്ങൾ അതിനെ ഉപേക്ഷിക്കുന്നതു നന്നായിരിക്കും. 14

ഴും. ഇതിനു് ഒരു മിനിട്ടു് അടിച്ചുകൊടുക്കുകയും ചെയ്യുന്നതിനു മുമ്പു് ഓരോ പ്രാവശ്യവും ഓരോ പുതിയ പേരുള്ള പുസ്തകം ഓരോ പുതിയ ക്രിസ്ത്യാനിയുടെ കയ്യിൽ കൊടുക്കുന്നതും കാണാം. ഈ പുസ്തകങ്ങളുടെ പേരുകൾ ക്രിസ്തീയ ജീവിതത്തിനു ഹാനികരമായ ചില കാര്യങ്ങളെ പ്രതിപാദിക്കുന്നവയാണെന്നു് ഞാൻ പറയേണ്ടതില്ലല്ലോ. ഇവ ഈ രണ്ടുതരം ക്രിസ്ത്യാനികൾക്കുള്ള സാധാരണ പ്രസിദ്ധീകരണങ്ങളും ഉപദേശങ്ങളുമാണു്. യേശുക്രിസ്തുവിനെ സ്വീകരിച്ചതിനുശേഷം ഇവയിൽ ഏതെങ്കിലും ഒന്നു പ്രാപിച്ചിട്ടുണ്ടോ എന്നു ഓരോരുത്തരും ചോദിച്ചുകൊള്ളട്ടെ. ഇവ പറഞ്ഞ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ നാം കാണുന്ന ഏറ്റവും മുഖ്യമായ കുറവു് ദൈവത്തിനുവേണ്ടി ഫലം പുറപ്പെടുവിക്കുന്നതിനുള്ള ശക്തിയുടെ അഭാവമാണു്. അതിനുമുമ്പിൽ പ്രകൃതിവിരുദ്ധം ശീലിക്കുകയും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയും ചെയ്യുന്നതു് ഗൗരവമുള്ളതു് *

അപ്പൊസ്തലന്മാരിൽ ഒരുവനെ നിയമിക്കുന്നതിനുവേണ്ടി കൂടിയിരുന്നപ്പോൾ പത്രൊസ് പറഞ്ഞതു്, തെരഞ്ഞെടുക്കപ്പെടുന്നവൻ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷിയായിരിക്കണമെന്നാണു്. ക്രിസ്തുവിനു പുനരുത്ഥാനമുണ്ടെന്നു പ്രസംഗിക്കുവാൻ ഇടയാകുന്നതിനു മുമ്പു് അവൻ സ്വർഗ്ഗത്തിലായ സ്ഥിതിക്കു് പരിശുദ്ധാത്മാവിനെ അയച്ചുതരികയും ചെയ്തു എന്നു പറയുന്നതിനു മുമ്പു് അവൻ ജീവിച്ചിരുന്നു എന്നു പറയുന്നതിനു മുമ്പു് അവൻ മരിച്ചു എന്നു പറയുന്നതിനു മുമ്പു് അവൻ ജനിച്ചു എന്നു പറയുന്നതിനു മുമ്പു് അവൻ ഗർഭം ധരിച്ചു

പ്രകൃതിവിഘാതസ്സൂക്ഷ്മാം കടുതിക്തകഷായക്ഷാരോഷ്ണാനാം ദ്രവ്യാണാമുപയോഗോ യച്ചാന്യദപി കിഞ്ചിൽ ശ്ലേഷ്മവിരിഷ്പ്രത്യനീകഭൂതം തത്സ്യാദിതി പ്രകൃതിവിഘാതഃ. 15

അനന്തരം നിർദ്ദിശതി താനാം ഭാവാനാമനുപസേവനം യദുക്തം നിദാനവിധൗ തസ്യ വർജ്ജനം തദ്വിധപ്രായാണാം ചാപരേഷാം ദ്രവ്യാണാമിതി ലക്ഷണതശ്ചികിത്സിതമനുവ്യാഖ്യാതം. എതദേവ പുനർവ്വിസൂത്രണോപദേക്ഷ്യതേ. 16

അതഏനം കൃമികോഷ്ഠമാതുരമഗ്രേ ഷഡ്രാത്രം സപ്തരാത്രം വാ സ്നേഹസേചാഭ്യാമുപപാദ്യ ശോധയേത് ഏനം സംശോധനം പായയിത്വാസ്മൈ. ക്ഷീരദധിഗുളൂത്തിലമത്സ്യാനൂപമാംസപിഷ്ടാന്നപരമാന്നകൃസരഭക്ഷ്യസ്നേഹസംപ്രയുക്തകൈതദ്ഭോജ്യം സായംപ്രാതരുപപാദയേൽ സമുദീരണാർത്ഥമേഷാം ക്രിമീണാം കോഷ്ഠാഭിസരണാർത്ഥം ച. 17

കഷ്ണമെന്നതന്നെയാണ് * 15 – പ്രകൃതിവിഘാതമെന്നത്, ക്രിമിരോഗമുള്ളവരെ കഫവും മലവും ശമിക്കുന്നതും കടുതിക്തകഷായരസങ്ങളുള്ളതും ക്ഷാരംചേർന്നതും ചൂടുള്ളതുമായ ദ്രവ്യത്തെ ശീലിപ്പിക്കുകയും ഇതേവിധമുള്ള ചര്യകളെ ശീലിപ്പിക്കുകയും ചെയ്യുന്നതുതന്നെയാകുന്നു * 16 – അപകർഷണപ്രകൃതിവിഘാതങ്ങളെ ശീലിപ്പിച്ചതിനുശേഷം ക്രിമികൾ സംഭവിക്കുവാൻ കാരണഭൂതങ്ങളായ ചര്യകളേയും അതുവിധമുള്ള മറ്റു ചര്യകളേയും വർജ്ജിക്കണം. ഇതാണ് ക്രിമികോഷ്ഠന്നുള്ള ചികിത്സ. ഈ സംക്ഷേപമായിപ്പറഞ്ഞ ചികിത്സാവിധിയെ വിസ്തരിച്ചുപദേശിക്കുകയും ചെയ്യാം. * 17— ക്രിമികോഷ്ഠനായ രോഗിയെ ആദ്യം ആറേഴുദിവസം സ്നേഹസേചങ്ങളെ ശീലിപ്പിച്ചതിനുശേഷം നാളെ ഇവനെ സംശോധനവും ശീലിപ്പിക്കാമെന്നറിഞ്ഞാൽ അന്ന് അവന്റെ കോഷ്ഠത്തിലുള്ള ക്രിമികളെല്ലാം ഇളകിത്തീരുവാനും മറ്റു സ്ഥാനങ്ങളിൽ ചെന്നുകൂടിയ ക്രിമികൾ കോഷ്ഠത്തിലേക്കു വരുവാനുംവേണ്ടി പാൽ തൈര് ശക്കര എള്ള് മത്സ്യം ആനൂപമാംസം പിഷ്ടാന്നം പായസം ചപ്പങ്ങുണ്ണുചേർന്ന കൃഷരഭോജ്യം ഇതുകളെ രാവിലേയും രാത്രിയും ശീലിപ്പിക്കണം *

തിഷ്ഠതാ വൃഷ്ട്യായാം രജന്യാം സുപ്രോക്ഷിതം സുപ്രജിണ്ണേ കൃതം ച വിജ്ഞായാസ്ഥാപനവമനവിരേചനൈസ്സഹൈവോപപാദയേൽ. 18

ഉപപാദനീയശ്ചേൽ സ്യാത്സമ്യക് പരീക്ഷ്യ വിശേഷാൻ വിമൃശ്യ സമ്യക്. അഥാഹരേതി ബ്രൂയാന്മൂലകസഷ്ഠപലശതനകരഞ്ജശിഗ്രുമധുശിഗ്രുഖര പുഷ്പഭൃംഗണസുമുഖ സുരസകുരേരകഗണ്ഡീരകഗണ്ഡീരകാമലമാലകപർണ്ണാസക്ഷവകഫണിജ്ജകാനി. സമ്യഗന്യഥാ വാ യഥാലാഭം. താന്യാഹൃതാന്യഭിസമീക്ഷ്യ ഖണ്ഡശഃ ഛേദയിത്വാ പ്രക്ഷാള്യ പാനീയേന സുപ്രക്ഷാളിതായാം സ്ഥാല്യാം സമാവാപ്യ ഗോമൂത്രേണാദ്ധ്യാദകേനാദ്ധ്യാസിച്യ സാധയേൽ സതതമ

18—വൈദ്യൻ പിറേദിവസം രാവിലെ ഇവന്ന് ഈവക അന്നങ്ങളെ ശീലിക്കുകകൊണ്ട് വിശേഷാൽ യാതൊരു ഉപദ്രവവുമില്ലെന്നും നല്ലവണ്ണം ദഹനം വന്നുവെന്നും അറിഞ്ഞാൽ അന്നുതന്നെ ആസ്ഥാപനവും വമനവിരേചനങ്ങളും ശീലിപ്പിക്കണം. ആസ്ഥാപനവമനവിരേചനങ്ങൾ ഒരുദിവസം ശീലിപ്പിക്കണമെന്നു പറഞ്ഞതു ക്രിമികോഷ്ഠമുള്ള പ്രത്യേകവിധിയുമാകുന്നു * 19—ആസ്ഥാപനാദിക്രിയകൾ ചെയ്യത്തക്കവനാണെന്ന് അവന്റെ സകലഭാവങ്ങളെയും പരീക്ഷിച്ചറിഞ്ഞാൽ, മൂലേരിക്കിഴങ്ങ് കടുക് വെള്ളുള്ളി ഉഴിഞ്ഞ മുരിങ്ങ ചെമ്മുരിങ്ങ കറുത്തകാട്ടുതുളസി പൂതന പുല്ല് കാട്ടുതുളസി ചെറുതുളസി പടുകരണ ചതുരക്കള്ളി കണ്ഡീരം കറുത്ത ചെറുതുളസി വെളുത്ത ചെറുതുളസി വലിയകടലാടി കർപ്പൂർത്തുളസി ഇതുകളെ പച്ചയായിട്ടുള്ളതുതന്നെ കൊണ്ടുവരുവാൻ പറയണം. ഈ പറഞ്ഞ ഔഷധങ്ങളെല്ലാം എല്ലാരാജ്യത്തും കിട്ടി എന്നു വരുന്നതല്ല. അതിനാൽ അതാതുരാജ്യത്തു കിട്ടുന്നതുകളെ മാത്രമെങ്കിലും പച്ചയായിട്ടുള്ളതുകളെത്തന്നെ കൊണ്ടുവരുവാൻ പറയണം. ആവക ഔഷധങ്ങൾ കൊണ്ടുവന്നാൽ താൻതന്നെ അതുകളെ നുറുക്കി വെള്ളത്തിലിട്ട് കഴുകിയതിനുശേഷം നല്ലവണ്ണം തേച്ചുമോറി വെട്ടിപ്പവരുത്തിയ പാത്രത്തിലിട്ട് ആ ഔഷധത്തിന്റെ തുക്കത്തിന് എത്ര ജലം വേണമോ അതിന്, പകുതി വെള്ളം തോത്ത ഗോമൂത്രം ഒഴിച്ച്—(12 നാഴി വെള്ളം വേണമെങ്കിൽ എട്ടുനാഴി ഗോമൂത്രവും നാ

19

20

21

രമനുപ്രവേശ്യ പിപ്പലീപിപ്പലീമൂലചവ്യചിത്രകശുംഗവേരസിദ്ധോ
ന യവാഗ്വാദിനാ ക്രമേണോപക്രമേൽ. 24

വിലേപീക്രമാഗതഞ്ചൈനമനുവാസയേദ്വിഡംഗാതൈലേനൈ
കാന്തരം ദിവസ്സിവ്വാ. യദി പുനരസ്യാതിപ്രവൃദ്ധാൻ ശീഷ്ടാൻ കൃ
മീൻ മന്യേത. ശിരസ്യേവാഭിസപ്തഃ കദാചിത്തതഃ സ്നേഹസേ
ചോഷ്ണാമസ്യ ശിര ഉപപാദ്യ വിരേചയേദപാമാർഗ്ഗതണ്ഡുലാദിനാ ശി
രോവിരേചനേന. 25

യസ്യ ത്വാഹാര്യോ വിധിഃ പ്രകൃതിവിഘാതായോക്തഃ കൃമീ
ണാം സോനുവ്യാഖ്യാസ്യതേ. മൂഷികപർണ്ണീം സമൂലാഗ്രപ്രതാനാമ

ശല്യമില്ലാത്ത മുറിയിൽ കിടത്തുകയും തിപ്പലി കാട്ടുതിപ്പലിവേര് കാ
ട്ടുമുളകിൻവേര് കൊടുവേലിക്കിഴങ്ങ് ഇവ ഇതുകളിട്ട് തിളപ്പിച്ച വെ
ള്ളത്തിൽ കഞ്ഞിവെച്ച് ആ കഞ്ഞി കൊടുക്കുകയും പിന്നെ വിരിക്ത
ന്നം പറഞ്ഞപ്രകാരം പേയാദിക്രമത്തെ ശീലിപ്പിക്കുകയും വേണം *
25—ഇങ്ങിനെ വിലേപീക്രമത്തെ ശീലിപ്പിച്ചതിന്നശേഷം ഇവനെ
ഒന്നരാടൻ ദിവസങ്ങളിലായി രണ്ടോ മൂന്നോ ദിവസം വിളംഗത്തൈ
ലത്തികൊണ്ട സ്നേഹവസ്തിയും ശീലിപ്പിക്കണം. ഇങ്ങിനെ ആസ്ഥാ
പനാദിക്രിയ ചെയ്തിട്ടും അവന്റെ ശിരോഗതങ്ങളും ശിരസ്സിലെ
അവയവങ്ങളെ ഭക്ഷിക്കുന്നവയുമായ ക്രിമികളും അതുകളുടെ സ്ഥാന
ത്തിനിന്നു ജഠരത്തിൽ വരികയോ പുറത്തുപോവുകയോ ചെയ്തിട്ടില്ലെ
ന്നും അതുകൾ അവിടെ ഇരുന്നു വഭിക്കുകയും ശിരസ്സിൽ അവിട
വിടെ സഞ്ചരിക്കുകയും ചെയ്യുന്നതായും അറിഞ്ഞാൽ ശിരസ്സിനു
പ്രത്യേകമായി സ്നേഹസേചങ്ങളെ ശീലിപ്പിച്ചതിന്നശേഷം സൂത്ര
സ്ഥാനം രണ്ടാമദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള അപാമാർഗ്ഗതണ്ഡുലാ
ദികളായ ശിരോവിരേചനയോഗങ്ങളെക്കൊണ്ടു ശിരോവിരേചനം
ശീലിപ്പിക്കണം *

26—അപകർഷണം പ്രകൃതിവിഘാതം നിദാനഭാവാനുപസേ
വനം എന്ന ക്രിമിചികിത്സയിലെ അപകർഷണമെന്ന ആദ്യവിധി
ഇതുവരെ പറഞ്ഞ (17 മുതൽ 25 കൂടിയുള്ള) ഗ്രന്ഥംകൊണ്ടു വിവ
രിക്കപ്പെട്ടു. ഇനി പ്രകൃതിവിഘാതമെന്ന ദ്വിതീയവിധിയെ വിവരി
ക്കുന്നു—ക്രിമികളുടെ പ്രകൃതിവിഘാതമെന്ന് ചികിത്സാസമ്പ്രദായം

പഫുത്യ ഖണ്ഡശഃ ഛേദയിത്വാ ഉലൂഖലേ ക്ഷോദയിത്വാ പാണിഭ്യാം പീഡയിത്വാ ച രസം ഗൃഹ്ണീയാൽ. തേന രസേന ലോഹിതശാലിതണ്ഡുലപിഷ്ടം സമാലോഡ്യ പൂപലികാം കൃത്വാ വിധൂമേഷ്വംഗാരേഷു വിപാച്യ വിളംഗതൈലലവണോപഹിതാം കൃമികോഷ്ണായ ഭക്ഷയിതും പ്രയച്ഛേൽ. തദനന്തരഞ്ചൊല്ലകാഞ്ചികമുശിത്വാ പിപ്പല്യാദിപഞ്ചവർഗ്ഗസംസൃഷ്ടം സലവണമനുപായയേൽ. 26

അനേനകല്പേന മാക്ഷികസഹചരനീപവിഷ്ണുകിരുമുഖസുരസകുടേരകകണ്ഡീരകാളമാലകപർണ്ണാസക്ഷവകഫണിജ്ജകബകുളകുടജസപ്തച്ഛദീസുരസാനാമന്യതമസ്മിൻ കാരയേൽ പൂപലികാനി. തഥാ കിലിഹകിരാതതിക്തകസുവഹാമലകഹരീതകീവിഭീതകസപരസേഷു കാരയേൽ പൂപലികാഃ. സപരസാശ്ചേതാനേകൈകശോ ദന്തശസ്സ്വച്ഛോ വാ മധുവിലുളിതാൻ പ്രാതരനന്നായ പാതും പ്രയച്ഛേൽ. 27

ഭക്ഷണവിധിയെ ആശ്രയിച്ചതായിരിക്കുമെന്ന് 15—ാംഗദ്യത്തിൽ വിവരിക്കുകയും ചെയ്തു. ഇനി അതിനെ വിസ്തരിച്ചുപദേശിക്കുകയും ചെയ്യാം. ഏലിച്ചെവിയൻ സമൂലം പറിച്ചെടുത്ത് (കഴുകി) നുറുക്കി ഒരലിലിട്ട് ഇടിച്ചു പിഴിഞ്ഞ നീരിൽ ചെന്നെല്ലരി അരച്ചുചേർത്ത് അതുകൊണ്ട് ഓട്ടട ഉണ്ടാക്കി പുകയില്ലാത്ത കനലിൽ ചുട്ടെടുത്തു വിളംഗതൈലവും ഇന്തുപ്പുംകൂട്ടി കൃമികോപമുണ്ടാകുമ്പോൾ ഭക്ഷിക്കുവാൻ കൊടുക്കണം. അതു തിന്നാൽ പഞ്ചകോലവും ഇന്തുപ്പും പൊടിച്ചിട്ട പുളിച്ച വെപ്പുകാടിയോ മോരോ അനുപാനമായും ശീലിപ്പിക്കണം* 27—ഇതേവിധംതന്നെ മുയൽചെവിയുടെ സ്ഥാനത്ത്, കഞ്ഞുണ്ണി ചുക്ക് ശർക്കരഞ്ഞി കടമ്പ് കരുനെച്ചി കാട്ടുതുളസി ചെറുതുളസി പടകരണ കണ്ഡീരം ചതുരക്കള്ളി കറുത്ത ചെറുതുളസി വെളുത്ത ചെറുതുളസി മണിക്കുഞ്ഞകം അശോകം കുടകപ്പാല ചതുരക്കള്ളി തുളസി ഇതുകളുടെ നീരിലും മേൽപറഞ്ഞപ്രകാരം പലഹാരമുണ്ടാക്കാം. അതുപോലെ കിലുകിലുപ്പുൻ കിരിയാത്ത അരത്തനെല്ലിക്ക കടുക്ക താന്നിക്ക ഇതുകളുടെ നീരിലും പലഹാരമുണ്ടാക്കി ഭക്ഷിക്കുവാൻ കൊടുക്കാം. ഇതുകളിൽ ഓരോന്നോ ഇരണ്ടോ

അഥാശപ്രകൃതോചൂത്യ മഹതി കിലിഞ്ജേ പ്രസ്ഥീയ്യാതപേ ശോഷയിത്വാ ചൂർണ്ണയിത്വാ ദൃഷദി പുനഃ സൂക്ഷ്മാണി ചൂർണ്ണാനി കാരയിത്വാ വിളംഗകഷായേണ ത്രിഫലാകഷായേണ വാ അഷ്ടകൃത്വോ ദശകൃത്വോ വാ ആതപേ സുപരിഭാവിതാനി ഭാവയിത്വാ ദൃഷദി പുനഃസ്സൂക്ഷ്മാണി ചൂർണ്ണാനി കാരയിത്വാ നവേ കുംഭേ സമവാപ്യാനുലിപ്തം നിധാപയേൽ. തേഷാന്തു ഖലു ചൂർണ്ണാനാം പാണിതലം ചൂർണ്ണം യാവദ്വാ സാധു മന്യേത ക്ഷൌദ്രേണ സംസൃജ്യ കൃമികോഷ്ഠായ ലേഢും യച്ഛേൽ. 28

തഥാ ഭല്ലാതകാസ്ഥീന്യാഹായ്യ കലശപ്രമാണേന സംപോത്യ സ്നേഹഭാവിതേ ദൃഢേ കലശേ സൂക്ഷ്മാനേകച്ഛിദ്രബ്രുദ്ധ്നേ മൂലോവലിപ്തേ സമവാപ്യാന്വുപേന പിധായ ഭൂമാവാകണ്ഠം നിഖാതസ്യ

ധികമോ ഔഷധങ്ങളും ഇടിച്ചുപിഴിഞ്ഞ നീരിൽ തേൻചേർത്തു രാവിലെ ഭക്ഷണംകഴിക്കുന്നതിനുമുമ്പ കൊടുക്കുകയും ചെയ്യാം *. 28—ഇങ്ങിനെ ധൂപിപ്പിക്കയും രസവും ശീലിപ്പിച്ചതിനുശേഷം ഈ പറയുന്ന പൊടികൂടി കൊടുക്കണം. കുതിരച്ചാണകം കൊണ്ടുവന്നു വലിയ പരന്നിൽ ഉലത്തിച്ചിക്കി ഒണക്കി ഉരലിലിട്ട് ഇടിച്ചുപൊടിച്ച് അമ്മിയിലിട്ടും പൊടിച്ച ശീലപ്പൊടിയിട്ട് വിഴാലരിക്കഷായത്തിലോ ത്രിഫലക്കഷായത്തിലോ ഭാവനംചെയ്യു (ഒരുദിവസം ആ കഷായത്തിലിട്ടുവെച്ച്) പിറേദിവസം നല്ലവണ്ണം ഉണക്കുക. ഇങ്ങിനെ ഏട്ടോ പത്തോ ദിവസം ആ കഷായരസം നല്ലവണ്ണം ഇതിൽ ചേരുന്നവരെ ഭാവനംചെയ്തതിന്റെ ശേഷം പൊടിച്ച ശീലപ്പൊടിയിട്ട പുതുക്കലത്തിൽ സൂക്ഷിച്ചുവെച്ച് ആ പൊടിയിൽ നിന്നു മൂന്നുകഴഞ്ചു പൊടി തേനിൽ കുഴച്ചു കൃമികോഷ്ഠന്നു കൊടുക്കണം. മൂന്നുകഴഞ്ചെന്നു പറഞ്ഞതുമാത്രമെ പ്രകൃത്യാദിഭേദേനേ മാറുന്നതിനും വിരോധമില്ല *

29—ഇനി കൃമികോഷ്ഠനെ വിരേചിപ്പിക്കുവാനുള്ള മറെറാരു വിധിയെ വിവരിക്കുന്നു. മിഴുക്കു പുരട്ടിമെഴുകിയ ഒരു കുടത്തിന്റെ മൂട്ടിൽ വളരെ ചെറിയ കുറെ ദ്വാരങ്ങളുണ്ടാക്കുക. ആ കുടത്തിൽ പുതുനാടുങ്ങഴി ചേക്കരി ചതച്ചു പൊട്ടിച്ചിട്ട് ഒരു ചരാതുകൊ

സ്നേഹഭാവിതസ്യൈവാന്യസ്യ ഉഡുസ്യ കുംഭസ്യോപരി സമാരോ
പ്യ സമന്താൽ ഗോമയൈരുപചിത്യ ദാഹയേൽ. സ യദാ ജാനീ
യാൽ സാധു ദഗ്ധോനി ഗോമയാനി ഗ്ലപിതസ്നേഹാനി ഭല്ലാതകാ
സ്ഥീനി തത്സ്ഥം കുംഭമുദ്ധാരയേൽ. അഥ തീസ്മാൽ, ദ്വിതീയാൽ
കുംഭാൽ തം സ്നേഹമാദായ വിളംഗതണ്ഡുലചൂർണ്ണൈഃ സ്നേഹാദ്ധ്യ
മാത്രൈഃ പ്രതിസംസൃജ്യാതഫേ സവ്വമഹഃ സ്ഥാപയിത്വാ തതോ
ഽസ്മൈ മാത്രാം പ്രയച്ഛേൽ പാനായ. തേന സാധു വിരിച്യതേ. വി
രിക്തസ്യാ ചാനുപൂവ്വീ യഥോക്താ. 29

ഏവമേവ ദ്വിതീയേഽഹ്നുസ്നേഹാനുപകല്പ്യ പാനം പ്ര
യച്ഛേൽ. അനുവാസയേച്ചൈനമനുവാസനകാലേ. 30

അഥാഹരേതി ബ്രൂയാച്ഛൂരദാന്നവാംസ്തിലാൻ സംപദ്യപേ

ണ്ടേച്ച ശീലമണ്ണ ചെയ്യുക. അതേമാതിരി മിഴക്കുപുരട്ടി മയങ്ങി
യ ഒരു കുടം അതിന്റെ കുഴത്തോളം ആഴത്തിൽ കുഴികുഴിച്ച് ആ
കുഴിയിൽ കുഴിച്ചിട്ട് അതിന്റെ മീതെ ശീലമണ്ണചെയ്യു കുടംവെച്ച
വാളികൂട്ടി ആ കുടം മൂടി ആ വാളി കത്തിക്കുക. വാളിമുഴവൻ ക
ത്തിയാൽ ചേക്കുരുവിലെ എണ്ണ കുഴിച്ചിട്ട കുടത്തിലേയ്ക്കു വാൻ
പോയിരിക്കും. എണ്ണ ഇറിറവ വീഴുന്നതു മാറിയാൽ മുകളിലെ കു
ടം വാങ്ങിവെച്ച് അടിയിലെ കുടമെടുത്ത് അതിലെ തൈലം എത്ര
യുണ്ടോ അതിൽ പകുതി (നാഴിയുണ്ടെങ്കിൽ രണ്ടുപലം) വിഴാലരി
പൊടിച്ചിട്ട് ഒരുദിവസം ഉരയ്ക്കുതൽ അസുമനംവരെ വെയിലു
കൊള്ളിച്ചു സൂക്ഷിക്കുക. അതിൽനിന്നു രോഗിയുടെ രോഗാദ്ധ്യവ
സ്ഥയ്ക്കനുസരിച്ചവിധമുള്ള മാത്ര സേവിപ്പിക്കണം. അങ്ങിനെ സേ
വിപ്പിച്ചാൽ അവനു നല്ലവണ്ണം വിരേകംവരികയും ചെയ്യും. വിരേ
കം വന്നതിനുശേഷം പേയാദിക്രമത്തെ ശീലിപ്പിക്കുകയും വേണം *
30—ഇതുപോലെതന്നെ ചേതാരത്തിൽനിന്നും ചരളത്തിൽനിന്നും
തൈലം വാറിയെടുത്ത് അതുകൊണ്ടും കൊടുത്തും വിരേചിപ്പിക്കാം. ഈ
രോഗിയെ സ്നേഹവസ്തിചെയ്യേണ്ടതായ സമയത്ത് അതും ശീലി
പ്പിക്കണം *

31—വിളംഗതൈലത്തെ വിവരിക്കുന്നു:— ശരൽകാലത്തിൽ
വിളയുന്ന എള്ള് ധാരാളമായി വരുത്തി ഉണക്കി ചോറി വെടുപ്പുവ

താനാഹൃത്യ സുനിഷ്പീതാൻ നിഷ്പീയ സുശ്രുഭാൻ ശോധയിത്വാ വിളംഗകഷായേ സുഖോഷ്ണേ പ്രക്ഷിപ്യ. സുനിഷ്പീതാൻ നിഷ്പീയ സുശ്രുഭാൻ ശോധയിത്വാ വിളംഗകഷായേണ ത്രിസപ്തകൃത്വഃ സുപരിഭാവിതാൻ ഭാവയിത്വാതഃപ ശോഷയിത്വാ ഖലേ സംക്ഷുദ്യ ദൃഷദി പുനഃശ്ലക്ഷ്ണപിഷ്ടാൻ കാരയിത്വാ ദ്രോണ്യാമഭ്യവധായ വിളംഗകഷായേണ മൃദ്ഭൂരവസിഞ്ചൻ പാണിമർദ്ദം മർദ്ദയേൽ. തസ്മിൻ ഖലു പ്രപീഡ്യമാനേ യത്തൈലമുദിയാൽ തൽ പാണിഭ്യാം പര്യുദ്യോയ ശുചൌ ദൃഢേ കലശേ സമാസിച്യാനുഗുപ്തം നിധാപയേൽ. അഥാഹരേത് ത്രിഭ്യോ യാൽ തിലപിണ്ഡാളകയോർദ്വൌ വിലപമാത്രൌ പിണ്ഡൌ ശ്ലക്ഷ്ണപിഷ്ടൌ വിളംഗകഷായേണ. തതോഽധമാത്രൌ ശ്യാമാത്രിവൃതയോരർദ്ധമാത്രൌ ദന്തീദ്രവന്ത്യോരതോഽധമാത്രൌ ചവ്യചിത്രക

രുത്തി അല്പം ചൂടുള്ള വിഴാലരികഷായത്തിലിട്ട കഴുകി ചണ്ടികളഞ്ഞ് അരഞ്ഞി തോലുകളഞ്ഞു പിന്നേയും ഉണക്കി ചേറി വെടിപ്പുവരുത്തി മൂന്നുപ്രാവശ്യമോ ഏഴുപ്രാവശ്യമോ വിഴാലരികഷായത്തിൽ ഭാവനംചെയ്യു (രാത്രി കഷായത്തിലിട്ട വെയ്ക്കുക രാവിലെമുതൽ അസുമനംവരെ ഉണക്കുക പിന്നേയും കഷായത്തിലിടുക ഉണക്കുക ഇതാകുന്നു ഭാവനക്രിയ) ഉണക്കി ഉരലിലിട്ട് ഇടിച്ചു പിന്നെ അരിച്ച് ഒരു പാത്തിയിലിട്ട് അതിൽ വിഴാലരികഷായം ഇടയ്ക്കിടയ്ക്ക് ഒഴിച്ചുകൊണ്ടു കൈകൊണ്ടു തിരുമ്മുക. അങ്ങിനെ തിരുമ്മുന്നസമയം അതിൽനിന്ന് എണ്ണയുണ്ടാകും. ആ എണ്ണ കൈകൊണ്ടു വടിച്ച് ഒരു നല്ല പാത്രത്തിലാക്കുക. ഇങ്ങിനെയുള്ള എണ്ണ ഇടങ്ങഴി. ഉ. പിടപലാ വിഴാലരി വ ഇടങ്ങഴി വെള്ളത്തിൽ കഷായം വെച്ച നാലൊന്നാക്കി പിഴിഞ്ഞരിച്ച കഷായം ഇടങ്ങഴി. ഉ. കുട്ടികൽക്കത്തിന് കുമ്മട്ടി നറുവരി ഇവ ഓരോപലം. നാല്പോല്പൊന്ന് തിരുകോല്പൊക്കാന്ന ഇവ ആറാറുകഴഞ്ച്. നാഗദന്തി നീർവ്വാളം ഇവ മൂന്നുകഴഞ്ച്. കാട്ടുമുളക് കൊടുവേലിക്കിഴങ്ങ് ഇവ ഒന്നരശ്ലോകഴഞ്ച്. ഇതുകളെ വിഴാലരികഷായത്തിൽ നല്ലവണ്ണം അരച്ചു കു

യോരിത്യേതത്സംഭാരം വിളംഗകഷായസ്യാലാഢകമാത്രേണ പ്രതി
സംസൃജ്യ തതസ്തൈലപ്രസ്ഥമാവാപ്യ. സർവ്വമാലോഡ്യ മഹത്യുപ
യോഗേ സമാസിച്യാഗ്നാവധിശ്രിത്യ മഹത്യുസനേ സുപോപവി
ഷ്ടസ്സ്നേഹമവലോകയന്നജസ്രം മൃദഗ്നിനാ സാധയേദ്വ്യ
ക്തത്വമവഷ്ടബ്ധയൻ. സ യദാ ജാനീയാദ്വിഫേനതി ശബ്ദേ പ്രശാമ്യ
തി ച ഫേനേ പ്രസാദമാപദ്യതേ സ്നേഹോ യഥാസ്വം ഗന്ധവർണ്ണര
സോൽപത്തിസ്സംവർത്തതേ ച ഭേഷജമംഗുളിഭ്യാം മൃദ്യമാനമനാത്മ
ദുരനതിദാരുണമനംഗുലിഗ്രാഹി ചേതി. സ കാലസ്സുസ്നിഗ്ധാവതാര
ണായ. തതസ്സുമവതീർണ്ണം പൂതം ശീതീഭൂതം അഹതേന വാസസാ
പരിപൂയ തസ്മിൻ ദഗ്ധേ കലശേ സമാസിച്യ പിധാനേന പിധാ
യ തസ്മിന്നേന വസ്ത്രപട്ടേനാച്ഛാദ്യ സൂത്രേണ സുബദ്ധം സുനിഗൂഢം
നിധാപയേൽ. തതോഽസ്യ മാത്രാം പ്രയച്ഛേൽ പാനായ. 31

ലകി വലിയ ചരക്കിലാക്കി അടുപ്പത്തുവെയ്ക്കുക. വൈദ്യൻ ആ അ
പ്പിന്നടുത്ത് ഒരു പീഠമിട്ട് അതിലിരുന്ന് ഈ സ്നേഹത്തിന്റെ പാ
കത്തിൽതന്നെ മനസ്സിരുത്തുകയും പാകത്തിൽ തീ കത്തിപ്പിക്കുക
യും താൻതന്നെ ചട്ടുകമെടുത്ത് ഇതിലെ കല്ക്കം അടിയിൽ പിടി
ക്കാതിരിക്കത്തക്കവണ്ണം വെട്ടപ്പായി ഇളക്കുകയും വേണം. ഇങ്ങി
നെ ഇളക്കിക്കൊണ്ടിരിക്കുമ്പോൾ അതിലെ ശബ്ദം മാറുകയും അര
യടങ്ങുകയും എണ്ണ തെളിഞ്ഞുവരികയും നാറ്റവും നിറവും രസവും
പ്രത്യക്ഷപ്പെടുകയും കല്ക്കം കൈക്കൊണ്ടു തിരുമ്മിയാൽ വളരെ മൃദുവ
ല്ലാതെയും അതികഠിനമല്ലാതെയും കൈവിരലുകളിൽ പറ്റാതെയുമു
ള്ള സ്ഥിതിയിലാവുകയും ചെയ്യാൽ ആ സ്നേഹം വാങ്ങിവെയ്ക്കുവാൻ
കാലമായിയെന്നറിയണം. ആ സമയത്തിൽ അതു വാങ്ങി മറൊരു
പാത്രത്തിലാക്കി വെയ്ക്കുകയും അതിലിരുന്നു ചൂരല്ലും ചൂടാറുകയും ചെ
യ്തതിന്നുശേഷം കീറാത്ത വസ്ത്രംകൊണ്ട് അരിച്ച് നല്ല ഉറപ്പുള്ള ഭര
ണിയിലാക്കി അതിന്റെ അടപ്പുകൊണ്ട് അടച്ചതിന്റെ മീതെ ഒരു
വെള്ളവസ്ത്രംകൊണ്ടു മൂടി ചരടുകൊണ്ടു മുറുക്കെക്കെട്ടി നല്ലവണ്ണം സൂ
ക്ഷിച്ചുവെയ്ക്കുക. ഇതിൽനിന്ന്, ദോഷദൂഷ്യാദികളെ അപേക്ഷിച്ചു നി
ശ്ചയിക്കുന്നതായ സ്നേഹമാത്രയെ ക്രമികോഷ്ണം പാനംചെയ്യുവാൻ

തേന സാധുവിരിച്യതേ സമ്യഗപഹൃതദോഷസ്യ ചാസ്യാ നപൂർവ്വീ യഥോക്താ. തതശ്ചാനനുവാസയേന്നുവാസനകാലേ.

ഏതേനൈവ ച പാകവിധിനാ സർഷപകരഞ്ജകോശാതകീ സ്നേഹാനുപകല്പ്യപായയേൽ സർവ്വവിശേഷാനവേക്ഷ്യമാണസ്നേഹാ ഗദോ ഭവതി. 33

ഇത്യേതൽ ദ്വയാനാം ശ്ലേഷ്മപുരീഷസംഭവാനാം ക്രിമീണാം സമുത്ഥാനസ്ഥാനസംസ്ഥാനവർണ്ണനാമപ്രഭാവചികിത്സിതവിശേഷാ വ്യാച്ച്യാതാഃ സാമാന്യതഃ. 34

വിശേഷതസ്തു അല്പമാത്രമാസ്ഥാപനാനുവാസനാനുലോമഹ രണം ഭോജ്യം തേഷാമൗഷധം പുരീഷജാനാംക്രിമീണാം ചികി ത്സിതം കാര്യം. മാത്രാധികം പുനഃശിരോവിരേചനവമനോപശ

കൊടുക്കണം* 32—ഈ തൈലം സേവിച്ചാൽ വേണ്ടതുപോലെ വി രേകം വരും. വിരേകത്തിൽ സമ്യഗ്യോഗം വന്നവന്നുള്ള ചിഹ്നങ്ങളെ ല്ലാം സൂത്രസ്ഥാനത്തിൽ വിവരിച്ചു വിധിച്ചതുകൊണ്ടതന്നെയാകുന്നു ഈവിധം വിരേകം ശീലിപ്പിച്ചുകൊണ്ട അനുവാസനകാലത്തിൽ സ്നേ ഹവസ്തി ശീലിപ്പിക്കുകയുംവേണം* 33—ഈ പാഞ്ഞപ്രകാരം കട്ട ക്ക് ഉണ്ട് വരിപ്പിച്ചിൽ ഇതുകളെക്കൊണ്ടും സ്നേഹപാകം ചെയ്യുശീ ലിപ്പിക്കാം. അങ്ങിനെ ചെയ്യുന്ന സമയത്തും രോഗിയുടെ സകല വിധ അവസ്ഥാവ്യത്യാസങ്ങളേയും അറിഞ്ഞു പ്രയോഗിക്കണം. അങ്ങിനെ ചെയ്യുന്നതായാൽ ക്രിമികോഷ്ഠൻ രോഗരഹിതനായി ത്തീരുകയും ചെയ്യും*

34— ശ്ലേഷ്മജങ്ങളും പുരീഷജങ്ങളുമായ രണ്ടുതരം ക്രിമികള ടെ സമുത്ഥാനം സ്ഥാനം സംസ്ഥാനം വർണ്ണം നാമം പ്രഭാവം ചി കിത്സ ഇതുകളുടെ വിശേഷം ഇങ്ങിനെ മിക്കവാറും പറയപ്പെട്ടു *

35—ഇനി ഇതിലുള്ള വ്യത്യാസമെന്തെന്നാൽ, പുരീഷജങ്ങ ളായ ക്രിമികൾക്കു ചികിത്സിക്കുന്ന സമയം കഷായവസ്തി സ്നേഹ വസ്തി അനുലോമഹരണം എന്നിതുകൾ മാത്രം കുറച്ചും ഔഷധപ്ര

മനഭ്യഷ്ടം തേഷ്വൗഷധേഷു ശ്ലേഷ്മജാനാം ക്രിമീണാം ചികിത്സിതം കാര്യം. ഇത്യേവം ക്രിമിഘ്നോ ഭേഷജവിധിരനുവ്യാഖ്യാതോ ഭവതി. 35

തമനതിഷ്ഠതാ യഥാസ്വം ഹേതുവർജ്ജനേ പ്രയതിതവ്യം. യ ഇത്യുദ്ദേശമേവമിദം ക്രിമികോഷ്ഠചികിത്സിതം യഥാവദനുവ്യാഖ്യാതം ഭവതീതി. 36

ഭവന്തി ചാത്ര,

അപകർഷണമേവാദൗ കൃമീണാം ഭേഷജം സ്മൃതം
തതോ വിഘാതഃ പ്രകൃതേർന്നിദാനസ്യ ച വർജ്ജനം. 37
ഏതാവൽ ഭിഷജാ കാര്യം രോഗേ രോഗേ യഥാവിധി
അയമേവ വികാരാണാം സർവ്വേഷാമേവ നിഗ്രഹേ. 38
വിധിർദ്ദൃഷ്ടസ്ത്രിധാ യോയം കൃമീനുദ്ദിശ്യ കീർത്തിതഃ

യോഗം അധികമായും ശീലിക്കണം. കഫജക്രിമികൾക്കു ചികിത്സിക്കുന്ന സമയം ശിരോവിരേചനവും വമനവും ഉപശമനഭ്യഷ്ടമായ ഔഷധപ്രയോഗവും അന്നാത്തകാലങ്ങളിൽ പഠഞ്ഞമാത്രയിൽ കവിഞ്ഞ നിലയിൽ ശീലിക്കുകയുംവേണം. ഇങ്ങിനെ ക്രിമിചികിത്സയിലെ ഭേഷജവിധി വഴിപോലെ വ്യാഖ്യാതവുമായിരിക്കുന്നു*

36—ഈവക വിധികളെ അനുഷ്ഠിക്കുന്നവൻ ക്രിമികൾ സംഭവിക്കുവാൻ കാരണഭൂതങ്ങളായ ചേഷ്ടകളെ എത്രതന്നെ പ്രയാസപ്പെട്ടും വർജ്ജിക്കണം. ഇങ്ങിനെയാണ് ക്രിമികോഷ്ഠത്തിനുള്ള മുന്നുതരം ചികിത്സയുടെ വിവരണം.

ഈ വിഷയത്തിൽ താഴെ പറയുന്നതുകളെകൂടെ ഗ്രഹിച്ചിരിക്കുകയും വേണം.

37-39—ക്രിമിരോഗിയെ ചികിത്സിക്കുവാൻ ഭാവിക്കുന്ന വൈദ്യൻ ആദ്യം അപകർഷണവും പിന്നെ പ്രകൃതിവിഘാതവും അതിനുശേഷം നിദാനവർജ്ജനവുമാകുന്ന ചികിത്സാവിധിയെയാണ് അനുഷ്ഠിക്കേണ്ടത്. ഈ വിധി എല്ലാതരം ക്രിമികൾക്കും ഒരുപോലെ പ്രയോഗിക്കുകയും ചെയ്യാം. സംശോധനം സംശമനം നി

സംശോധനം സംശമനം നിദാനസ്യ ച വർജ്ജനം. 39

തത്ര ശ്ലോകൌ.

വ്യാധിതൌ പുരുഷൌ ജ്ഞാതാജ്ഞൌ ഭിഷജൌ സപ്രയോജനൌ । വിംശതിഃ ക്രിമയസ്തേഷാം ഹേതുപാദിഃ സപ്തകോ ഗണഃ.

ഉക്തോ വ്യാധിതത്ത്വീയേ വിമാനേ പരമർഷിണാ
ശിഷ്യസംബോധനാർത്ഥഞ്ച വ്യാധിപ്രശമനായ ച. 41

ഇതി ചരകസംഹിതായാം
വിമാനസ്ഥാനേ
വ്യാധിതത്ത്വീയോ നാമ സപ്തമോഽദ്ധ്യായഃ.

ദാനപരിവർജ്ജനമെന്ന ഈ ചികിത്സാസന്ത്രദായം ക്രിമികൾക്കു എന്നു മാത്രമല്ല സകല രോഗങ്ങൾക്കും ഒരുപോലെ ഗുണപ്രദമായിട്ടുള്ളതാണ്. എന്നാൽ ആ സന്ത്രദായം ക്രിമിചികിത്സാവിഷയം ഇവിടെ പ്രതിപാദിച്ചു എന്നു മാത്രമേ ഉള്ളൂ*

അദ്ധ്യായവിവരണം.

40-41—രണ്ടുതരം വ്യാധിതന്മാരുടെ സ്വരൂപവും അറിവുള്ളവനും അജ്ഞനുമായ വൈദ്യന്മാരുടെ വ്യത്യാസവും അതുകൊണ്ടു നിമിത്തം സംഭവിക്കുന്ന അവസ്ഥാവ്യത്യാസങ്ങളും ഇരുപതുതരം ക്രിമികളും അതുകളുടെ ഹേതുപാദിവിഭാഗവും വിമാനസ്ഥാനത്തിലെ വ്യാധിതത്ത്വീയമെന്ന ഈ അദ്ധ്യായത്തിൽ ഭഗവാൻ അഗ്നിവേശാദിശിഷ്യന്മാർക്ക് അറിയുവാനും വ്യാധിപ്രശമനസ്വഭാവത്തെ വിവരിക്കുവാനുമായി വിസ്തരിച്ചുപദേശിച്ചു*

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
വിമാനസ്ഥാനേ സപ്തമോഽദ്ധ്യായഃ. (7)

അദ്ധ്യായം 8. രോഗഭിഷഗ്ജിതീയ

അഥാതോ രോഗഭിഷഗ്ജിതീയവിമാനം വ്യാഖ്യാസ്യാമ
ഇതി ഹസ്മാഹ ഭഗവാനാത്രേയഃ.

ബുദ്ധിമാനാത്മനഃ കാര്യ്യഹേതുലാഘവേ കർമ്മഫലമനുബന്ധം
ദേശകാലൌ ച വിദിത്വാ യുക്തിദർശനാൽ ഭിഷഗ് ബുദ്ധ്യേത ശാ
സ്ത്രമേവാദിതഃ പരീക്ഷേത. വിവിധാനി ഹി ശാസ്ത്രാണി ഭിഷജാം
ചരന്തി ലോകേ. തത്ര യന്മന്യേത മഹത്യശസി ധീരപുരുഷാനു
മോദിതമർത്ഥവദ്ഗുലമാപ്തജനപൂജിതം ത്രിവിധശിഷ്യബുദ്ധിഹിത

അദ്ധ്യായം 8.

ഇനി രോഗഭിഷഗ്ജിതീയവിമാനമെന്ന അദ്ധ്യായത്തെ പ
റയാം:—

1—താനെറ വൈദ്യനായാൽ കൊള്ളാമെന്ന് ആഗ്രഹിക്കുന്ന ബുദ്ധിമാനായവൻ തന്റെ കർത്തവ്യകർമ്മങ്ങളുടെ ഗുണലാഘവത്തേയും കർമ്മവാസനാശക്തിയുടെ അനുബന്ധത്തേയും ദേശകാലസ്വഭാവങ്ങളേയും നല്ലവണ്ണം അറിഞ്ഞതിന്നുശേഷം തന്റെ സാമർത്ഥ്യത്തെ യുക്തിയാകുന്ന ദൃഷ്ടികൊണ്ട് ആദ്യംതന്നെ ആ ശാസ്ത്രത്തെ—വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ താൻ അഭ്യസിക്കുവാൻ വിചാരിക്കുന്ന ഗ്രന്ഥത്തെ ആദ്യമായി പരീക്ഷിക്കണം. ഇങ്ങിനെ പറയുവാനുള്ള കാരണം, ശല്യം ശാലാക്യം മുതലായ വൈദ്യശാസ്ത്രത്തിന്റെ ഓരോ ഭാഗങ്ങളെ മാത്രം പായുന്നവയും പനി നേത്രരോഗം മുതലായ ഓരോ രോഗങ്ങളുടെ ചികിത്സയെമാത്രം പറയുന്നവയും വൈദ്യശാസ്ത്രസിദ്ധാന്തങ്ങളെ മുഴുവൻ പ്രതിപാദിക്കുന്നവയും ഇങ്ങിനെ വൈദ്യശാസ്ത്രസംബന്ധങ്ങളായും വൈദ്യശാസ്ത്രപ്രതിപാദകങ്ങളായുമുള്ള ഗ്രന്ഥങ്ങളും ലോകത്തിൽ ധാരാളമുണ്ടായിരിക്കും. അതുകളിൽ ഈ പറയുന്ന ലക്ഷണങ്ങളുള്ള ശാസ്ത്രഗ്രന്ഥത്തെയാണ് അദ്ധ്യയനാർത്ഥം സ്വീകരിക്കേണ്ടതെന്നതെന്ന സാരം. ആ ശാസ്ത്രമേതെന്നാൽ, ഗ്രന്ഥവിസ്തരമുള്ളതും കേമവിപ്പെട്ടതും മഹായോഗ്യന്മാരാചാര്യന്മാരാൽ അനുമോദിക്കപ്പെട്ടതും അതഃപ്രാപ്തിയുള്ളതും ആപ്തജനങ്ങ

മപഹരതി പുനരുക്തദോഷമാഹ്നം സൂത്രഭാഷ്യസംഗ്രഹകൃ
ന്മം ഗൂഢാധാരമനവപതിതശബ്ദമകഷ്ടശബ്ദം പുഷ്കലാഭിധാനം ക്ര
മഗതാർത്ഥമർത്ഥതത്ത്വനിശ്ചയപ്രധാനം സംഗതാർത്ഥമനാകുലപ്ര
കരണമാസ്യപ്രബോധകം ഭവതി ചേതി ഹേതുദാഹരണാഭ്യാം തദേവ പ്ര

ളാൽ പൂജിതവും (ആപ്തലക്ഷണം 4-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്) ഉത്തമമദ്ധ്യമാധമന്മാരായ മൂന്നുതരം ശിഷ്യന്മാർക്കും ഗ്രഹിക്കുന്നതും അവനവരുടെ ബുദ്ധിസാമർത്ഥ്യംപോലെ അർത്ഥചിന്തനം ചെയ്യുന്നതും പുനരുക്തിദോഷമില്ലാത്തതും ത്രികാലജ്ഞന്മാരായ മഹർഷിമാരാൽ നിർമ്മിക്കപ്പെട്ടതുമായിരിക്കണം. എന്നാൽ അതിൽ സൂത്രങ്ങളും അതുകളുടെ ഭാഷ്യവും (വിവരണവും) ക്രമത്തിൽ നല്ലപോലെ ഉണ്ടായിരിക്കണം. ശാസ്ത്രാരംഭത്തെ മുഴുവൻ ഗ്രഹിക്കുന്നതിനു മുമ്പു യാതൊരു ഗ്രന്ഥത്തേയും ആശ്രയിക്കാതെ ഇതുകൊണ്ടുതന്നെ സാധിക്കത്തക്ക വിവരണത്തോടുകൂടിയതും ശബ്ദശുദ്ധിസ്വവിരുദ്ധമായ ശബ്ദങ്ങളില്ലാത്തതും ഒരു ശബ്ദത്തിനു സുപ്രസിദ്ധമായും അതിപ്രസിദ്ധമല്ലാത്തതുമായ അർത്ഥങ്ങൾ അഭിധാവസിദ്ധങ്ങളാണെങ്കിലും ആവക ശബ്ദങ്ങളെ അപ്രസിദ്ധാർത്ഥങ്ങളെ പ്രതിപാദിക്കുവാനുപയോഗിക്കാത്തതും ഓരോന്നിനും പ്രത്യേകംപ്രത്യേകം സംജ്ഞകളെ വിധിക്കുന്നതും ശാസ്ത്രപരിഭാഷാക്രമത്തെ തൊടാതെ വിവരിക്കുന്നതും അർത്ഥതത്ത്വങ്ങളെ തർക്കോപസമാധാനങ്ങളെകൊണ്ടു ദൃഢീകരിക്കുന്നതും അതാതുവിഷയത്തിലെ അർത്ഥം മുഴുവനും പ്രതിപാദിക്കുന്നതും ഒരു പ്രകരണം വർണ്ണിക്കുന്ന സമയം പ്രകൃതംമാറി ആ വിവരണം മറെറാരു പ്രകരണങ്ങളിൽ ചെന്നവസാനിക്കാത്തതുമായിരിക്കണം. ആ ഗ്രന്ഥം എടുത്തുതുറക്കുകയും വായിച്ചാൽ എളുപ്പത്തിൽ അർത്ഥം ഗ്രഹിക്കത്തക്കവിധത്തിലുണ്ടായിരിക്കണം. ശാസ്ത്രലക്ഷണങ്ങളെല്ലാം തികഞ്ഞിരിക്കണം. ധാരാളം ഉദാഹരണം പ്രതിപാദിക്കുന്നതായിരിക്കുകയും വേണം. ഈവക ലക്ഷണങ്ങളുള്ള ശാസ്ത്രഗ്രന്ഥം ഏതാണോ അതിനെയാണ് അദ്ധ്യയനാർത്ഥം സ്വീകരിക്കേണ്ടത്. ഈ പറഞ്ഞ ഗുണങ്ങളുള്ള ശാസ്ത്രഗ്രന്ഥം പഠിക്കുന്നതായാൽ, അന്ധകാരമയമായ രാത്രിയുടെ

പദ്ധതിശാസ്ത്രം. ശാസ്ത്രം ഹ്യേവംവിധമമല ഇവാദിത്യസ്യമോ വ
ധ്യ പ്രകാശയതി സത്വം. 11

തതോനന്തരമാപ്തായ്ക്കും പരീക്ഷേത. തദ്യഥാ—പഴുവഭാതശു
തം പരിദൃഷ്ടകർമ്മാണം ദക്ഷം ദക്ഷിണം ശുചിം ജിതഹസ്തമുപക്ലേശ
വന്തം സവ്വേന്ദ്രിയോപപന്നം പ്രകൃതിജ്ഞം പ്രതിപത്തിജ്ഞാനപ
സ്കൃതവിദ്യമനഹംകൃതമനസൂയമകോപനം ക്ലേശക്ഷമം

അവസാനത്തിൽ ആദിത്യോദയംനിമിത്തം എത്രവിധ
ല്ലാം പ്രകാശം നിറയുന്നുവോ അതുപോലെ തനിക്കുള്ള സ
ശയങ്ങളും തീർന്നു ജ്ഞാനപ്രകാശം പ്രകാശിക്കുകയുംചെയ്യും*

2—ഇപ്രകാരം തനിക്ക് അദ്ധ്യയനം ചെയ്യുവാനുള്ള ഗ്രന്ഥം
ഇന്നതാണ് എന്നു തീച്ചപ്പെടുത്തിയതിന്നുശേഷം ആ ഗ്രന്ഥത്തി
ലെ തത്ത്വം വിശദമായി ഉപദേശിച്ചുതരുന്നതിന്നു ഗുരുവിനേയും അ
ന്വേഷിച്ചുറിയണം. ആ ഗുരുവിന്ന് ഈ പറയുന്ന ഗുണങ്ങളെല്ലാ
മുണ്ടായിരിക്കണം. അതുകളെന്തെല്ലാമെന്നാൽ, സകലശാസ്ത്രത്തി
ലും പരിശുദ്ധമായ ജ്ഞാനമുള്ളവനും വൈദ്യശാസ്ത്രത്തിൽ വിധിക്ക
പ്പെട്ടതായ സകല ചികിത്സാകർമ്മങ്ങളും ഗുരുക്രമേണമാർ മുതലായവർ പ്ര
വൃത്തിക്കുന്നതു കണ്ടിട്ടുള്ളവനും എല്ലാകർമ്മങ്ങളും ചെയ്യുവാൻ ശീല
മുള്ളവനും മനസ്സിന്നു കാപട്യമില്ലാത്തവനും നല്ല വൃത്തിയുള്ളവനുമാ
യിരിക്കണം. അദ്ദേഹത്തിന്ന് ഏതുതരം വൈദ്യകർമ്മവും ചെയ്യുന്ന
തിൽ കൈത്തഴക്കമുണ്ടായിരിക്കണം. യന്ത്രശസ്ത്രാദി ഉപകരണങ്ങളെ
ല്ലാം കൈവശമുള്ളവനായിരിക്കണം. അദ്ദേഹത്തിന്റെ ചക്ഷുഃ
ശ്രോത്രാദി യാതൊരിന്ദ്രിയത്തിന്നും അതാതിന്റെ വിഷയങ്ങളെ ഗ്ര
ഹിക്കുവാനുള്ള ശക്തി ലേശംപോലും കുറഞ്ഞിരിക്കരുത്. പ്രകൃതി
വ്യത്യാസങ്ങളേയും അന്യന്മാരുടെ പ്രതിപത്തിയേയും അറിയുന്നവ
നും ശാസ്ത്രസിദ്ധാന്തങ്ങളിൽ യാതൊരു സംശയമില്ലാത്തവനുമായി
രിക്കണം. എന്നാൽ ലേശംപോലും അഹങ്കാരവും അസൂയയും ഉ
ണ്ടായിരിക്കരുത്. ഏതുതന്നെ ഉപദേശിച്ച വിഷയത്തെക്കുറിച്ചും
ശിഷ്യന്മാർ പിന്നെയും ചോദിക്കുന്നതായാൽകൂടി അശേഷം ദേ
ഷ്യഭാവമില്ലാത്തവനായിരിക്കണം. ഏതുതരം ക്ലേശവും സഹിക്കുന്ന
വനും ശിഷ്യന്മാരിൽ പുത്രനിർവ്വിശേഷമായ വാത്സല്യമുള്ളവനും പല

ലമദ്ധ്യാപകം ജ്ഞാപനാസമർത്ഥഞ്ച ഇത്യേ വംഗ്രണോ ഹ്യാചാര്യഃ സുക്ഷേത്രമാത്മവോ മേഘ ഇവ സസ്യഗ്രണൈഃ സുശിഷ്യമാത്മ വൈദ്യഗ്രണൈസ്സമ്പാദയേതി. തമുപസൃത്യാരിരാധയിഷുരുപചരേ ദഗ്നിവച്ച ദേവവച്ച പിതൃവച്ച തേനുവച്ചാപ്രമത്ത സ്തത്സമ്പ്രസാദാൽ കൃത്സ്നം ശാസ്ത്രമധിഗമ്യ ശാസ്ത്രസ്യ ഉഡു

രേയും പരിപാലിക്കുന്നവനും താൻ ധരിച്ച ശാസ്ത്രാർത്ഥത്തെ ശിഷ്യന്മാർക്ക് മനസ്സിലാകിക്കൊടുക്കുവാനുള്ള സാമർത്ഥ്യത്തോടുകൂടിയവനുമായിരിക്കണം. ഇതാണ് ഒരു ഗുരുനാഥനു വേണ്ടതായ ഗുണങ്ങൾ. ഈ പറഞ്ഞ ഗുണങ്ങളെല്ലാമുള്ള ഒരാളെ തന്റെ ഗുരുവായി വരിച്ച ശാസ്ത്രാഭ്യാസം ചെയ്യുന്നതായാൽ, വർഷകാലത്തെ മേഘം വർഷജലംകൊണ്ടു വിളഭൂമിയിൽ എപ്രകാരം സസ്യങ്ങളെ വളർത്തുന്നുവോ അതുപോലെ ആ ആചാര്യൻ ശിഷ്യനെ ക്ഷണത്തിൽ വൈദ്യഗുണഗണസമ്പന്നനാക്കിത്തീർക്കും. ഈ പറഞ്ഞ ഗുണങ്ങളുള്ള ഒരാളെ ഗുരുവായി വരിച്ച ശാസ്ത്രാഭ്യാസം ചെയ്യുവാൻ വിചാരിക്കുന്നവൻ അദ്ദേഹത്തിന്റെ സമീപത്തിൽ ചെന്ന് അദ്ദേഹത്തെ അഗ്നിയെപ്പോലെയും—അകൃത്യങ്ങൾ ചെയ്യുന്നതായാൽ അഗ്നിയെപ്പോലെതന്നെ ദഹിപ്പിക്കത്തക്ക തേജസ്സുള്ളവനാണ് അദ്ദേഹമെന്ന ഭാവനയോടും ഉപാസനാദികൾകൊണ്ടു ദേവന്മാർ എന്തൊരു ഫലവുതരുമോ അതുപോലെ സകലാഭീഷ്ടങ്ങളും തരുവാൻ കഴിയുന്ന ദേവനാണെന്ന വിശ്വാസത്തോടും താൻ വല്ല തെറ്റും ചെയ്യുന്നതായാൽ രാജാവിനെപ്പോലെ പരാപേക്ഷകൂടാതെതന്നെ ശിക്ഷിക്കുവാനധികാരമുള്ളവനാണെന്ന ഭയത്തോടും ഒരുത്തൻ സമ്പാദിച്ച സകലധനത്തിനും അവകാശി അദ്ദേഹത്തിന്റെ പുത്രനാണല്ലോ. ഗുരു വളരെ പ്രയാസപ്പെട്ടു നേടിവെച്ചതായ ശാസ്ത്രാർത്ഥധനത്തിന്റെ സ്ഥാനാവകാശി ശിഷ്യനാകയാൽ അച്ഛനെപ്പോലെയുള്ള ഭക്തിയോടും എത്രതന്നെ ഗൗരവ്യമായ ഉപദേശങ്ങളേയും ശിഷ്യന് രഹസ്യമായി ഉപദേശിച്ചുകൊടുക്കുന്നതാകയാൽ ഒരു പതിവ്രതയ്ക്കു ഭർത്താവിനോടെന്നപോലെ എന്തൊരു മനോവൃത്തിയോടാണോ സംഭവിക്കുക അതുവിധമുള്ള സ്നേഹത്തോടുംകൂടെ ലോകത്തോടും പ്രകാശിക്കുകയും ചെയ്യരുതെന്നും ഓർമ്മിക്കണം. ഈ പരിചയത്തിന്റെ പ്രയോജനം അദ്ദേഹ

ത്തായാമഭിധാനസൌഷ്ഠവസ്യാർത്ഥസ്യ വിജ്ഞാനേ വചനശൈലേഷ്വ
ഭ്യേഃ പ്രയതേത സമ്യക്. 2

തത്രോപായാ വ്യാഖ്യാസ്യന്തേ. അദ്ധ്യയനമദ്ധ്യാപനം തത്പി
ത്ര്യസംഭാഷേത്യുപായാഃ. 3

തത്രായമദ്ധ്യയനവിധിഃ. കല്യേ കൃതക്ഷണഃ പ്രാതരുത്ഥായോ
പവ്യുഷ്യം വാ കൃതാവശ്യകമുപസ്പൃഷ്ടോദകം ദേവഗോബ്രാഹ്മണഗു
രുസിദ്ധവൃദ്ധാചാര്യേഭ്യോ നമസ്കൃത്യ സമേ ശുചൌ ദേശേ സുഖോ

ത്തിന്റെ സന്തോഷസമ്പാദനം ഒന്നു മാത്രമുമാകുന്നു. ആ ഗുരുനാ
ഥന്റെ പ്രസാദത്തോടുകൂടെ അദ്ദേഹത്തിൽനിന്നു ശാസ്ത്രം മുഴുവൻ
പഠിച്ചതിനുശേഷം അതു മറക്കാതിരിപ്പാനും ശരിയായി ഉച്ചരിപ്പാ
നും വാക്യാർത്ഥവിജ്ഞാനത്തിനും—വാക്യാർത്ഥപ്രവചനസാമ
ർത്ഥ്യസമ്പാദനത്തിനും അതിലെ ഓരോ വിഷയങ്ങളേയും അതാതു
ഘട്ടങ്ങളിൽ വേണ്ടതുപോലെ ഉദാഹരിക്കുന്നതിനും വഴിപോലെ തന്നെ
ത്താൻ ശ്രമിക്കുകയും വേണം. ശാസ്ത്രത്തെ ഉപദേശിക്കുവാനല്ലാ
തെ മറ്റു ഗുണങ്ങളും യാതൊന്നും മഹാഗുരുത്തനാൽ വരുത്തുവാൻ
കഴിയുന്നതല്ലെന്നു സാരം *

3—ശാസ്ത്രത്തിന്റെ ഗാഢ്യാദിഗ്രഹണസമ്പാദനത്തിനുള്ള ഉ
പായങ്ങളേയും ഉപദേശിക്കാം. അതുകളെന്തെല്ലാമെന്നാൽ, അദ്ധ്യ
യനം അദ്ധ്യാപനം തത്പിത്ര്യസംഭാഷ ഈ മൂന്നു കൂട്ടമാകുന്നു. അതു
കളും ഇനി ക്രമത്തിൽ വിവരിക്കുകയും ചെയ്യും *

4—ഈ പറഞ്ഞതുകളിൽ അദ്ധ്യയനവിധിയെ വിവരിക്കുന്നു:—
പ്രഭാതത്തിലോ (ബ്രാഹ്മമുഹൂർത്തത്തിലോ) രാത്രിയുടെ നാലാംഭാഗ
ത്തിലോ (പുലരുവാനുള്ളപ്പോഴോ) ഉറക്കുണർന്ന് അ
ദ്ധ്യയനം ചെയ്യുവാനുറച്ചുകൊണ്ടു മലമൂത്രവിസർജ്ജനവും ശൌചാ
ചമനങ്ങളും ദന്തശോധനാദിശരീരശുദ്ധികളും ചെയ്തതിനുശേഷം
ദേവന്മാർ പശുക്കൾ ബ്രാഹ്മണർ ഗുരുക്കന്മാർ സിദ്ധന്മാർ വൃദ്ധ
ന്മാർ ആചാര്യന്മാർ ഇവരെയെല്ലാം നമസ്കരിച്ച് സമനിരപ്പായതും
വൃത്തിയുള്ളതുമായ സ്ഥലത്ത് ഋജുകായനായി (അംഗവിക്ഷേപാദി
ചാപല്യങ്ങൾ കൂടാതെ) ഇരുന്ന് മറ്റുവിഷയങ്ങളിൽ മനസ്സിരുത്താ

പവിഷ്ടോ മനഃപുരസ്സരാഭിവ്യാഹൃതഃ സൂത്രമനുക്രാമൻ പുനഃ പുനരാവർത്തയേൽ ബുദ്ധ്യാ സമ്യഗനുപ്രവിശ്യാർത്ഥതത്ത്വം സപ്രദോഷപരിഹാരംപരദോഷപ്രമാണാർത്ഥമേവം മദ്ധ്യന്ദിനേപരാഹ്നേ രാത്രൗ ച ശശ്വദുപരിഹാപയന്നദ്ധ്യയനമഭ്യസ്യേദിത്യദ്ധ്യയനവിധിഃ. . . 4

അഥാദ്ധ്യാപനവിധിഃ. അദ്ധ്യാപനേ കൃതബുദ്ധിരാചാര്യഃ ശിഷ്യമാദിതഃ പരീക്ഷേത്. തദ്യഥാ—പ്രശാന്തമാത്മപ്രകൃതികമക്ഷുദ്രകർമ്മാണമൃജുപക്ഷ്മമുഖനാസാവംശം തനുരക്തവിശദജിഹ്മപിംഗലവികൃതദന്തൌഷ്ഠം അമിമ്മിരം ധൃതിമന്തം അലംകൃതം മേധാവിനം വിതഭസ്മൃതിസമ്പന്നമുദാരസത്ത്വം ബ്രാഹ്മ്യക്ഷത്രജമഥവാ തദ്വിധ്യ

തെ താൻ ഗുരുവിൽനിന്നു പഠിച്ചതായ ശാസ്ത്രഗ്രന്ഥത്തെ നല്ലവണ്ണം ആലോചിച്ചും മറവുള്ളവക്കു കേൾക്കത്തക്കവിധത്തിലും ക്രമത്തിൽ ചൊല്ലി ഉരുവിടണം. ഇപ്രകാരം ഉരുവിടുന്നസമയം അതിന്റെ അർത്ഥത്തെ മനസ്സുകൊണ്ട് ആലോചിച്ച് അറിയുകയും വേണം. ഇങ്ങിനെ ചെയ്യുന്നതിന്റെ പ്രയോജനം, തനിക്ക് ആ ഗ്രന്ഥം ഹൃദിസ്ഥമാവുന്നതിനും മറ്റൊരുത്തൻ തെറ്റിപ്പറയുന്നതായാൽ ആ തെറ്റു കണ്ടുപിടിക്കുവാനും വേണ്ടിയാകുന്നു. ഇതേവിധം ഉച്ചയ്ക്കും അപരാഹ്നത്തിലും രാത്രിയിലും വഴിപോലെ അദ്ധ്യയനം ശീലിക്കണം. ഇതാണ് അദ്ധ്യയനവിധി *

൫—ഇനി അദ്ധ്യാപനവിധിയേയും വിവരിക്കാം. മേൽവിവരിച്ചപ്രകാരം ഗുരുകുലത്തിൽനിന്നു പരിപൂർണ്ണമായ വിദ്യാഭ്യാസം ശീലിച്ചതിനുശേഷം ആചാര്യഗുണങ്ങളെല്ലാം സമ്പാദിച്ച് ആചാര്യനിലയിലെത്തിയവൻ പഠിപ്പിക്കുവാൻ തുടങ്ങുന്നസമയം ആദ്യമായി ശിഷ്യന്മാരെയും പരീക്ഷിക്കണം. അങ്ങിനെ പരീക്ഷിച്ചറിയേണ്ടതായ ശിഷ്യഗുണങ്ങളെന്തെല്ലാമെന്നാൽ, ശിഷ്യനായിവരുന്നവൻ പ്രശാന്തനും സൽസ്വഭാവിയും കുത്സിതങ്ങളായ യാതൊരു കർമ്മത്തേയും ചെയ്യാത്തവനും കണ്ണ് വായ മൂക്ക് ഇതുകൾക്ക് ആജ്ഞവുമുള്ളവനും—കോങ്കണ്ണ് മുതലായ ദോഷങ്ങളില്ലാത്തവനും കണ്ണും കറുത്തും രക്തവർണ്ണമായും വിശദമായുമുള്ള ജിഹ്മയോടുകൂടിയവനും കൊതുമ്പല്ല് മുച്ചുണ്ട് മുതലായ ദന്തൌഷ്ഠവികൃതികളില്ലാ

വൃത്തം തത്തദ്വിനിവേശിനമവ്യുത്ഥമവ്യാപന്നേന്ദ്രിയം നിഭൃതമനുദ്ധ
തമവ്യസനിനം ശീലശൌചാചാരമനുരാഗതോക്ഷ്യപ്രാപ്തിക്ഷിണ്യോപ
പന്നമദ്ധ്യയനാഭിരാമമത്യന്തവിജ്ഞാനകർമ്മദർശനേ ചാനന്യകാര്യ
മമുഖ്യമനാലസ്യം സർവ്വത്രേഹിതൈഷിണമാചാര്യസംസ്കാരശിഷ്യപ്ര

ത്തവനും സൂക്ഷ്മലോചനനല്ലാത്തവനും ധൈര്യമുള്ളവനും വൃത്തിയു
ള്ള അലങ്കാരങ്ങളോടുകൂടിയവനും ധാരണാശക്തിയുള്ളവനും വിതർക്ക
സ്മൃതികളുള്ളവനും സത്പ്രഗൽഭനുമായിരിക്കണം. താൻ
പഠിക്കുവാൻ വിചാരിക്കുന്ന ശാസ്ത്രം പഠിച്ച് അതിലെ ചട്ടുകളെ
അനുഷ്ഠിക്കുന്നവരുടെ (ഔപവൃത്തികരുടെ) കൂടത്തിൽ ജനിച്ചവനോ
അല്ലെങ്കിൽ ഔപവൃത്തിയുള്ളവനോ വൈദ്യശാസ്ത്രഗ്രഹണത്തിനു
മാഗ്രഹമുള്ളവനോ ആയിരിക്കണം. ഇവന്ന് കരിമങ്ങ് കരിമുഖം
കാടപ്പുള്ളിമുതലായ അവലക്ഷണചിഹ്നങ്ങളോ ചക്ഷുശ്രോത്രാദി
ഏതെങ്കിലും ഇന്ദ്രിയത്തിന്നു സ്വവ്യാപാരശക്തിക്ഷയമോ സംഭവി
ക്കരുത്. ഇവൻ ലോഭംപോലും അഹങ്കാരവും വ്യസനവുമില്ലാത്തവ
നായിരിക്കണം. ശീലം ശൌചം സദാചാരം ഗുരുവിലും ശാസ്ത്ര
ത്തിലും അനുരാഗം എന്നിതന്നെ പ്രവൃത്തിക്കുവാനുള്ള സാമർത്ഥ്യം
പ്രാപ്തിക്ഷിണ്യം (അഭിവൃദ്ധിയെ പ്രാപിക്കുവാനുള്ള ലക്ഷണം 'ക്ഷി
വൃദ്ധൌ' എന്ന ധാതു) ഇതുകളോടുകൂടിയവനും പഠിക്കുവാൻ താ
ല്പര്യമുള്ളവനും ശാസ്ത്രാർത്ഥത്തെ ഗ്രഹിക്കുവാനുള്ള ശ്രദ്ധാനിമിത്തം
മറ്റു സകലവിഷയങ്ങളും മറന്നവനും ലോഭമില്ലാത്തവനും അലസ
ഭാവമില്ലാത്തവനും സകല ജീവജാലങ്ങൾക്കും ഹിതത്തെ ചെയ്യു
വാനാഗ്രഹമുള്ളവനും ആചാര്യന്റെ ഏല്ലാശാസനകളേയും നേര
നീക്കംവരുത്താതെ അനുഷ്ഠിക്കുന്നവനും ഗുരുനാഥനിൽ അനുരക്ത
നുമായിരിക്കണം. ഈ പറഞ്ഞതുകളെല്ലാമാണ് ഒരു ശിഷ്യന്ന്
ഉണ്ടായിരിക്കേണ്ടതായ ഗുണങ്ങൾ. ഈ ഗുണങ്ങളുള്ളവനെയാണ്
പഠിപ്പിക്കേണ്ടത് എന്നാണ് പൂർവ്വാചാര്യന്മാർ പറയുന്നത്. വ
ല്ല മടയന്മാരെയും പഠിപ്പിച്ചതുകൊണ്ട് ഒരിക്കലും അദ്ധ്യാപനഗു
ണം സിദ്ധിക്കുകയില്ല എന്നു സാരം. തന്റെ അടുക്കൽ കൊക്കു

തികരമനരകൃതമേവംഗുണസമുദിതമദ്ധ്യാപ്യമേവമാഹുഃ. ഏവംവിധ
മാചാര്യശ്ചാദ്ധ്യയനാർത്ഥമുപസ്ഥിതമഭിരാധയിഷ്യന്നഭാഷേത. 5

ഉദഗയനേ ശുക്ലപക്ഷേ പ്രശസ്തേഹനി പുഷ്യാഹസുശ്രവണാ
ശ്വയുജാമന്യതമേന നക്ഷത്രേണ യോഗമുപഗതേ ഭഗവതി ശശി
നി കല്യാണേ മുഹൂർത്തേ സ്നാതഃ കൃതോപവാസോ മുണ്ഡഃ കഷായ
വസ്ത്രസംവീതഃ സമിദ്ധോഗ്നിമാജ്യമുപലേപനമുദകകുംഭാംശ്ച സുഗ
ന്ധിഹസ്തമാല്യമോഷധീരണ്യാൻ ഹേമരജതമണിമുക്താവിദ്രുമക്ഷൗ

ലം താമസിച്ച വിദ്യാഭ്യാസം ചെയ്യാൽകൊള്ളാമെന്നാഗ്രഹിച്ചുവ
ന്ന ഈ പറഞ്ഞ ഗുണങ്ങളുള്ള ശിഷ്യനെ അടുത്തു വിവരിക്കുന്ന
തരത്തിൽ അനുഭാഷിക്കണം * 6—അങ്ങിനെയുള്ള ശിഷ്യനോട്
ആചാര്യൻ ആദ്യമായി ആജ്ഞാപിക്കേണ്ടതിനെ, വിവരിക്കുന്നു:—
ഗുരു അവനോട് പഠിപ്പുതുടങ്ങുവാൻ, ഉത്തരായണത്തിലെ വെള
ത്തപക്ഷത്തിൽ നിത്യദോഷവും കർത്തൃദോഷവുമില്ലാത്തതും പൂയം
അത്തം തിരുവോണം അശ്വതി എന്ന നാലുനാളുകളിൽ ഒരു ദിവ
സവുമായ വിശേഷപ്പെട്ട വിദ്യാരംഭമുഹൂർത്തദിവസം കുളിച്ചു ശിരഃ
ക്ഷൗരംചെയ്തിച്ചു പിന്നെയും കുളിച്ചു കാഷായവസ്ത്രംധരിച്ചു ഭക്ഷ
ണം കഴിക്കുന്നതിന്റെ മുമ്പു ഈ പറയുന്ന സാധനങ്ങളോടുകൂടെ
ഗുരുവിന്റെ സമീപത്തിൽ വരിക എന്നു നിർദ്ദേശിക്കണം. നിത്യദോ
ഷാദിവിധികളെ മൌഹൂർത്തികശാസ്ത്രത്തിൽനിന്നറിയുകയും വേണം.
എന്നാൽ 'സേശം പ്രാശനഭം ശുഭം'=ഊൺനാളുകളും തിരുവാതി
രയും വിദ്യാരംഭത്തിന്നു ശുഭങ്ങളാണ് എന്നു പറഞ്ഞിരിക്കുകയാൽ
ഈ പുഷ്യാദി നാലുനാളുകളെ മാത്രം പറയുവാനുള്ളകാരണം, 'അ
ശ്വനീഗുരുഭമക്കൈവേതം സാഭിജില്ലഘു ചതുഷ്ടയം മതം I. പുണ്യ
ക്ഷേണകലാരതൌഷധജ്ഞാനശില്പഗമനേഷു സിദ്ധിദം' എന്ന വി
ശേഷവിധിയെ ആസ്പദമാക്കീട്ടാണെന്നും ഗ്രഹിക്കണം. അവൻ
കൊണ്ടുവരേണ്ടത് എന്തെല്ലാമെന്നാൽ, അവനവന്റെ വർണ്ണാചാ
രപ്രകാരമുള്ള ചമത ഖഗി നെയ്യ് ഉപലേപനദ്രവ്യം ജലപാത്രം
സൌരഭ്യമുള്ള കൈമാല മാവതരംമാലകൾ സ്വർണ്ണം വെള്ളി രത്നം

മപരിധീംശ്ച കുശലാജസംഘ്പാക്ഷതാംശ്ച ശുക്ലാശ്ച സുമനസോ
ഗ്രഥിതാഗ്രഥിതാശ്ച മേദ്ധ്യാംശ്ച ഭക്ഷ്യാൻ ഗന്ധാംശ്ച പിഷ്ടാപി
ഷ്ടാനാദായോപതിഷ്ഠേതി, സ തഥാ കുർയ്യാൽ. 6

തമുപസ്ഥിതമാജ്ഞായ സമേ ശുചൌ ദേശേ പ്രാക്പ്രവണേ
വാ ചതുരശ്രിംശൂമാത്രം ചതുരശ്രം സ്ഥണ്ഡിലം ഗോമയോദകേനോ
പലിപ്തം കുശാസ്തീർണ്ണം സുപരിഹിതം പരിധിഭിശ്ചതുർദ്ദിശം യഥോ
ക്തചന്ദനോദകുംഭക്ഷൌമഹേമഹിരണ്യരജതമണിമുക്താവിദ്രുമാലം

മുത്ത് പവിഴം പട്ട് പരിധി കുശ മലർ കടുക് അക്ഷതം വെള്ളത്ത പുഷ്പങ്ങൾകൊണ്ടുകെട്ടിയ മാല നന്നാക്കിയ വെള്ളത്ത പുഷ്പം മേ ദ്ധ്യങ്ങളായ ഭക്ഷണപദാർത്ഥങ്ങൾ അരച്ചതും അരയ്ക്കാത്തതുമായ ചന്ദനാദി ഗന്ധദ്രവ്യങ്ങൾ ഇതുകളെല്ലാമാണ് വിദ്യാരംഭദിവസം കൊണ്ടുവരേണ്ടതായ ഉപകരണങ്ങൾ. ഗുരുനാഥൻ ഇപ്രകാരം ആജ്ഞാപിച്ചാൽ അവൻ അതുപോലെ ആചരിക്കുകയും വേ ണം * 7—അവൻ മുഹൂർത്തദിവസം മേൽപറഞ്ഞ ഉപകരണങ്ങ ളോടുകൂടെ വന്നാൽ ഗുരു അതെല്ലാം സ്വീകരിച്ച് സമനിരപ്പോ അല്പം കിഴക്കോട്ടിക്കിലേക്കു നീരൊഴുക്കുള്ളതോ ആയ ശുദ്ധിയുള്ള ഭൂമിയിൽ 'പ്രാക്പ്രവണേ വാ' എന്നു പറകയാൽ മാറാടുകളിലേ യ്ക്കു ചെരിവുണ്ടാകരുതെന്നു നിശ്ചയിച്ച് നാലു ചാൺസ്ഥലം സമ ചതുരത്തിൽ ചാണകം കലക്കിനനുഴുകി അവിടെ വിധിപ്രകാരം തീയി ട്ട് കുശകൊണ്ടു നാലുഭാഗവും പരിസ്തരിച്ച് പരിധികളുംവെച്ച് പു ല്ലുവിരിച്ച് അതിൽ മുൻപറഞ്ഞതായ ചന്ദനം ജലപാത്രം പട്ട് സ്വർണ്ണം വെള്ളി രത്നം മുത്ത് പവിഴം ഇതുകളും മേദ്ധ്യങ്ങളായ ഭ ക്ഷണപദാർത്ഥങ്ങൾ ഗന്ധദ്രവ്യങ്ങൾ വെള്ളത്ത പുഷ്പങ്ങൾ മലർ കു ടുക് അക്ഷതം ഇതുകളും ചാതിച്ചുതിന്നുശേഷം പ്ലാശിൻചമതകൊ ണ്ടോ ഒടേച്ചമതകൊണ്ടോ അത്തിച്ചമതകൊണ്ടോ ഇരിപ്പച്ചമത കൊണ്ടോ (ഈ നാലുതരം ചമതയും ബ്രാഹ്മണാദി ഓരോ വർണ്ണ ത്തിനുള്ളതാകുന്നു. ശിഷ്യൻ ഏതുവർണ്ണത്തിലുള്ളവനാണോ അവന്റെ വിദ്യാരംഭത്തിൽ അതായ ചമത സ്വീകരിക്കേണമെന്നു

കൃത്വാ മേദ്യൈർഭക്ഷ്യൈർഗന്ധശുക്ലപുഷ്പലാജസഷ്പാക്ഷതോപഗോപേതം കൃത്വാ തത്ര പാലാശഭിക്ഷൈർഗ്രഹിഭിരൌദുംബരൈർഭിക്ഷുകീഭിർവ്വാ സമിത്തിരഗ്നിമുപസമാധായ പ്രാങ്മുഖഃ ശുചിരധ്യയനവിധിമനുവിധായ മധുസർപ്പിർഭ്യാം ത്രിസ്സിഞ്ജുഹുയാദഗ്നിം ആശ്വിനൌ സംപ്രേഷ്യ ക്ഷേത്രമന്തരിക്ഷം ബ്രഹ്മാണമഗ്നിം ധന്വന്തരിം പ്രജാപതിമശ്വിനൌ ഇന്ദ്രമൃഷീംശ്ച സൂത്രകാരാനഭിമന്ത്രായമാണഃ. പൂർവ്വം സ്വാഹേതി ശിഷ്യശ്ചേതനമനുചാരയേത് ഹുത്വാ ച പ്രദക്ഷിണമഗ്നിമനുപരിക്രാമേൽ. തതോനുപരിക്രമ്യ ബ്രാഹ്മണാൻ സ്വസ്തി വാചയേൽ ഭിഷജശ്ചാഭിപൂജയേൽ. 7

വിധേകം). കിടക്കുതിരിഞ്ഞു ശുചിയായിരുന്ന് പ്രോക്ഷണം സംസ്കാരാദിയായതെല്ലാം ചെയ്തതിൽ പിന്നെ ഇഷ്ടവും ചെയ്യാൽ തനിക്കും നെയ്യും കൂട്ടിയ ഹോമദ്രവ്യത്തെ സ്വയംകൊണ്ടുകോരി അടുത്തു വിവരിക്കുന്നതായ ബ്രഹ്മാദിദേവന്മാരെ ഉദ്ദേശിച്ച് 'ബ്രഹ്മജജ്ഞാനം പ്രഥമം പുരസ്താൽ.....' ഇത്യാദിയായ മന്ത്രങ്ങളെക്കൊണ്ട് സ്വാഹാകാരത്തിൽ അഗ്നിയിൽ ഹോമിക്കണം. ഇങ്ങിനെയുള്ള സ്വസ്ത്യയനമന്ത്രങ്ങളെക്കൊണ്ട് ഓരോ ദേവന്മാക്കും മൂന്നുഹോമം ചെയ്യുകയും വേണം. ഇപ്രകാരം ചെയ്യുന്നത്, ബ്രഹ്മാവ് അഗ്നി ധന്വന്തരി പ്രജാപതി അശ്വിനിദേവകൾ ഇന്ദ്രൻ സൂത്രകാരന്മാരായ ഋഷീശ്വരന്മാർ ഇവരെ ഉദ്ദേശിച്ച മന്ത്രങ്ങൾകൊണ്ടായിരിക്കുകയും വേണം. ഈ മന്ത്രങ്ങളെല്ലാം ഗൃഹ്യത്തിൽ വിവരിക്കുന്നവകളാകയാൽ അതുകളെ ഇവിടെ വിവരിക്കുന്നില്ല. ഈ ഹോമം ചെയ്യുന്നസമയംശിഷ്യൻ ഗുരുവിനെ അനുഗമിച്ചു തുടർന്നിരിക്കുകയും വേണം. പിന്നെ പ്രായശ്ചിത്തഹോമാദികളെല്ലാം ചെയ്തു ഹോമംമുടിച്ചു തീർത്ത പ്രദക്ഷിണംവെച്ച ബ്രാഹ്മണരെയും പ്രദക്ഷിണംവെച്ച് അവരെക്കൊണ്ട സ്വസ്തിവാചകം ചൊല്ലിച്ചതിന്നുശേഷം വൃദ്ധവൈദ്യന്മാരെയും പൂജിക്കണം * 6— ഈവിധപ്രകാരമുള്ള ക്രിയകളെല്ലാം ചെയ്തതിന്നുശേഷം ഗുണദോഷാ

അഥൈനമഗ്നിസകാശേ ബ്രാഹ്മണസകാശേ ഭിഷക്സകാ
ശേ ചാനുശിഷ്യാൽ. ബ്രഹ്മചാരിണാ ശൂദ്രാധ്യാരിണാ സത്യവാദി
നാമമാംസാനേ മേദ്ധ്യാനസേവിനാ നിർമ്മത്സരേണാശൂദ്ധാരിണാ
ഭവിതവ്യം. ന ച തേ മദ്വചനാൽ കിഞ്ചിദകൃത്യം സ്യാന്നേത്രു രാ
ജദ്വിഷ്ടാൽ പ്രാണഹരാദിപുലാധേർഷ്യാനേർത്ഥസംപ്രയുക്താപ
വൃത്താൽ. മദ്പ്രണേന മൽപ്രധാനേന മദ്ധർമ്മനേന മൽപ്രിയ
ഹിതാനുപത്തിനാ ച ശശ്വൽ ഭവിതവ്യം. പുത്രവദ്ദാസവദ്ഗുരുവ

ലെ ഹോമാഗ്നിയുടെ മുമ്പിൽ അനാരബ്ധമിട്ടു തുടങ്ങിരു
ന്ന ബ്രാഹ്മണരെയും വൈദ്യന്മാരെയും അടുത്തിരുന്നി ഗുരു ശിഷ്യ
നോട് ഇപ്രകാരം പ്രൈഷം പറയണം. ആ പ്രൈഷത്തെ വി വ
രിക്കുന്നു. നിന്റെ വിദ്യാഭ്യാസം കഴിയുന്നതുവരെയും നീ ബ്രഹ്മച്ചാ
രിയായിരിക്കണം. ക്ഷൗരം ചെയ്യിക്കരുത്. കളവു പറയരുത്. മാം
സം ഭക്ഷിക്കരുത്. മേദ്ധ്യങ്ങളായതുകളെ മാത്രമേ ശീലിക്കാവു. (മ
ദ്യാദി ഉന്മാദകദ്രവ്യങ്ങളെ ശീലിക്കരുത്.) യാതൊരാളോടും മത്സരി
ക്കുകയുമരുത്. ഏതുകാലത്തും നീ എന്റെ ആജ്ഞകളെ തെറ്റി
ക്കാതിരിക്കണം. രാജാവിനു കോപം ജനിപ്പിക്കുകയോ (അന്യായ
മോ) അവനവന്റെ ജീവനാശം വരുത്തുകയോ വലിയ അധർമ്മകർ
മമായതോ തനിക്ക് ഏതെങ്കിലും അനർത്ഥം സംഭവിക്കുന്നതോ ആ
യ യാതൊരു പ്രവൃത്തിയും ചെയ്യുവാൻ പാടുള്ളതുമല്ല. ഏതുകാല
ത്തും ചെയ്യുന്ന സകല കൃത്യങ്ങളും മദ്വചനമായി— എന്നെ അ
റിയിച്ചുകൊണ്ടു ചെയ്യുന്നവനായും ഏതുകാര്യത്തിലും ഗുരുനാഥൻ
തന്നെയാണ് യോഗ്യൻ എന്ന ഭാവനയുള്ളവനായും എനിക്ക് അ
ധീനനായും (കൃതക്കൊടം ചെയ്യാത്തവനായും) എന്റെ ഹിതത്തെ
അറിഞ്ഞു പ്രവൃത്തിക്കുന്നവനായുമിരിക്കണം. നീ എന്റെ അടു
ക്കൽ, ഒരു പുത്രൻ പിതാവിന്റെ സമീപത്തിലും ഭൃത്യൻ തന്റെ
സ്വാമിയുടെ അടുക്കലും യാചകൻ ധനികന്റെ മുമ്പിലും ഏതുപ്ര
കാരം പെരുമാറുമോ അതേവിധം വർത്തിക്കണം. നീ ഏതുസമയ
ത്തും അനുതപ്തനായും മനസ്സിരുത്തുന്നവനായും പഠിക്കുന്ന വിഷ
യത്തിലല്ലാതെ മറ്റു യാതൊരു ചിന്തയുമില്ലാത്തവനായും വിനയ
മുള്ളവനായും ഏതു കാര്യവും ചെയ്യുവാൻ തുടങ്ങുമ്പോൾ തന്നി

ച്ചോപചരതാനുസന്ധവ്യോഹം. അനുത്സുകേനാവഹിതേന അന്ന
ന്യമനസാ വിനീതേനാവേക്ഷ്യാവേക്ഷ്യകാരിണാ അന്സൂയകേന
ചാഭ്യനുജ്ഞാതേന പ്രവിചരിതവ്യമനുജ്ഞാതേനച പ്രവിചരതാ.8.

പൂർവ്വം ഹ്രസ്വതോപാഹരണേ യഥാശക്തി പ്രയതിതവ്യം. ക
ർമ്മസിദ്ധിമത്സിദ്ധിം യശോലാഭഞ്ച പ്രേത്യ ച സ്വർഗ്ഗമിച്ഛതാ
ഭിഷജാ. ഗോബ്രാഹ്മണമാതൃ കൃതാ സർവ്വപ്രാണഭൃതാം ശസ്ത്ര
ന്യാസിതവ്യം. അഹരഹരുത്തിഷ്ഠതാ ചോപവിശതാ ച സർവ്വാ
ത്മനാ ചാതുരാണാമാരോഗ്യേ പ്രയതിതവ്യം. ജീവിതഹേതോരപി
ചാതുരേഭ്യോ നാതിരോചയിതവ്യം. മനസാപി ച പരസ്ത്രിയോ നാഭി

നെപ്പറ്റിയുള്ള അപായോപായങ്ങളെ മുഴുവൻ നല്ലവണ്ണം ആ
ലോചിച്ചു പ്രവൃത്തിക്കുന്നവനായും അസൂയാരഹിതനായും ശാസ്ത്ര
സമ്മതമായതിനെ പ്രവർത്തിക്കുന്നവനായുമിരിക്കണം. എന്നാൽ
ഇങ്ങിനെയെല്ലാമിരിക്കുന്ന പ്രവർത്തിതന്നെ എൻറെ അനുജ്ഞയെ
അനുസരിച്ചുമാത്രമെ പ്രവർത്തിക്കുകയും പാടുള്ളൂ. ഇതെല്ലാമാണ്
ഒരുവൻ ഗുരുകുലത്തിൽ താമസിച്ചു വിദ്യാഭ്യാസം ശീലിക്കുന്നകാ
ലത്ത് ആചരിക്കേണ്ടുന്ന ചര്യകൾ. ഇനി വിദ്യാഭ്യാസാനന്തരം
ചെയ്യേണ്ടുന്നതിനേയും വിവരിക്കുന്നു:— 9— ഒരുവൻ തൻറെ വി
ദ്യാഭ്യാസം മതിയാക്കിയാൽ ആദ്യമായി ചെയ്യേണ്ടത് ഗുരുദക്ഷിണ
ചെയ്യുകതന്നെയാകുന്നു. അങ്ങിനെ ചെയ്യുന്നത് അവനവൻറെ
ശക്തിപോലെ ചെയ്യുകയും വേണം. അതു ഭക്തിശ്രദ്ധകളോടുകൂ
ടെ ചെയ്യാൽ താൻ ചെയ്യുന്ന വൈദ്യത്തിൽ ഫലിതവും തനിക്ക
സമ്പാദ്യവും നല്ല യശസ്സും ഗുണനിർമ്മുക്തനാവുകയാൽ മരണാന
ന്തരം സ്വർഗ്ഗവും സിദ്ധിക്കും. കർമ്മസിദ്ധി മുതലായതുകളെ ഇച്ഛി
ക്കുന്നവൻ നിശ്ചയമായും ഗുരുദക്ഷിണ ചെയ്യണം. തൻറെ നാട്ടു
ക്കൽ പലേതരം രോഗികളും വന്നിട്ടുണ്ടെങ്കിൽ ആദ്യമായി പാതു
ക്കരിക്കും ബ്രാഹ്മണർക്കുള്ള രോഗത്തിനു ചികിത്സ നിശ്ചയിക്ക
ണം. ഇവർക്ക് ആദ്യമായി ചികിത്സ നിശ്ചയിക്കേണമെന്നല്ലാതെ
സകല പ്രാണികൾക്കും സുഖം കിട്ടുവാൻ ശ്രമിക്കുന്ന വിഷയ
ത്തിൽ ലേശംപോലും പക്ഷഭേദം പ്രവർത്തിക്കുകയുമരുത്. ശ്രോ

ഗമ്മനീയം. തഥാ സർവ്വമേവ പരസ്പം. നിഭൃതവേഷപരിച്ഛദേ
ച ഭവിതവ്യം. അശൌണ്ഡേന അപാപേന അപാപസഹായേന
ച ശുക്ലശുക്ലധർമ്മ്യശർമ്മ്യധന്യസത്യഹിതമിതവചസാ ദേശകാല
വിഭാഗജ്ഞേന സ്മൃതിമതാ ജ്ഞാനോത്ഥാനോപകരണസമ്പത്തു നി
ത്യം യത്നവതാ ന ച കദാചിദ്രാജദ്വിഷ്ടാനാം രാജദ്വേഷിണാം
വാ. മഹാജനദ്വിഷ്ടാനാം മഹാജനദ്വേഷിണാം വാ ഔഷധമനുവി
ധാതവ്യം. ഏവം സർവ്വേഷാമത്യർത്ഥവികൃതദുഷ്ടദുർഭഗശീലാചാരോ

ബ്രാഹ്മണരുടെ കാര്യം ആദ്യമായി നോക്കാതെ മാറ്റുള്ളവരെ ചി
കിത്സിക്കുവാൻ പുറപ്പെട്ടാൽ, ഇവർ ശപിക്കും. അതിനാൽ അവ
രെ ആദ്യമായി ആശ്വാസപ്പെടുത്തണം. അങ്ങിനെ ചെയ്താൽ
അവർ സന്തോഷിക്കുകയും ചെയ്യും. അതാണ് 'ഗോബ്രാഹ്മണമാ
ത്രേ കൃതം' എന്നു പറഞ്ഞത്. വൈദ്യൻ ദിവസേന എഴുന്നീല്ക്കു
മ്പോഴും കിടക്കുമ്പോഴും(സകലസമയത്തും) താൻ ചികിത്സിക്കുന്ന
രോഗികൾക്ക് ആരോഗ്യം സിദ്ധിക്കുവാനുള്ള മാർഗ്ഗങ്ങളെത്തന്നെ മ
നസ്സിരുത്തി പ്രവർത്തിക്കണം. അവനവന്റെ നിത്യവൃത്തിക്കുവേണ്ടി
യുംകൂടി രോഗികളിൽനിന്ന് അവരുടെ ശക്തിയിൽ കവിഞ്ഞുവി ധ
മുള്ള ധനം വാങ്ങരുത്. പരസ്ത്രീകളെ മനസ്സുകൊണ്ടുകൂടെ കാമി ക്കരുത്. അതുപോലെതന്നെ അന്യന്റെ ധനത്തേയും കാമിക്കരുത്. വേ
ഷം മുതലായ ആഡംബരങ്ങളും പരിചാരകന്മാരും അവനവ
ന്റെ അവസ്ഥയ്ക്കുതക്ക നിലയിൽ മാത്രമേ പാടുള്ളൂ. മദ്യപാനം
ചെയ്യാതിരിക്കുകയും പാപാചാരത്തോടുകൂടെ യവരോടു കൂട്ടുകെട്ടു
ടാതെയുമിരിക്കണം. സജ്ജനങ്ങളുമായി ബന്ധുത്വമുള്ളവനായും പ
രുഷമല്ലാത്തതും സത്പ്രണപ്രധാനമായും ധർമ്മശാസ്ത്രപ്രതിപാ
ദകമായും സുഖകരമായും ധന്യമായും സത്യമായും സകല ജന
ങ്ങൾക്കും ഹിതമായും മിതമായുമുള്ള വാക്കോടുകൂടിയവനായും ദേശ
കാലസ്വഭാവങ്ങളെ അറിയുന്നവനായും സ്മൃതിയുള്ളവനായും— മു
മ്പ് ഏതൊരുത്തരും ജനങ്ങൾ തനിക്ക് ഉപകാരം ചെയ്തിട്ടുണ്ടെന്നും
ആരെല്ലാം ദ്രോഹം ചെയ്തിട്ടുണ്ടെന്നും മറക്കാതെ ഏതുവിഷയത്തിലും
മറക്കാത്തവനായും അറിവുള്ളവനായും ഉത്സാഹമുള്ളവനായും

പചാരാണാമനുപവാപ്രതീകാരാദീനാം മുപ്പൂണഞ്ചേ തദ്വൈവ
സന്നിഹിതേശ്വരാണാം സ്ത്രീണാമനഭ്യുക്ഷാണാം വാ. 9

ന ച കദാചിൽ സ്ത്രീതേമവിശ്വാസമാലോതവ്യമനുജ്ഞാതം ത്രാഹവാ തഭ്യുക്ഷേണ. ആതുരകുലഞ്ചാനുപ്രവിശതാ തപ്യാ വിദിതേനാനുമതപ്രവേശിനാ സാദ്ധം പുരുഷേണ സുസംവീതേന വാക്ശിരസാ സ്മൃതിമതാ സുമിതേന അവേക്ഷ്യാവേക്ഷ്യ ബുദ്ധ്യാ മനസാ സർവ്വമാചരതാ സമ്യഗനുപ്രവേഷ്ടവ്യം. അനുപ്രവിശ്യ ച വാങ്മനോബുദ്ധീന്ദ്രിയാണി ന കചിൽ പ്രണിധാതവ്യാന്യന്യത്രാ

തവൈദ്യസാമഗ്രികളെ സമ്പാദിക്കുവാൻ എപ്പോഴും ശ്രദ്ധയുള്ളവനായും ഭവിക്കണം. രാജാക്കന്മാർക്ക് ദ്വേഷ്യമുള്ളവർ അരാജകസംഘാദ്ധ്യക്ഷന്മാർ നാട്ടുകാർ വെടിഞ്ഞവൻ നാടടക്കം ദ്രോഹിക്കുന്നവൻ ഇവർക്കും ഇതുപോലെതന്നെ വികൃതശീലന്മാർ ദുഷ്ടന്മാർ പരിചരിക്കുവാൻ വിഷമമുള്ളവർ ശാസ്ത്രനിഷിദ്ധന്മാർ മരിക്കുവാനാഗ്രഹിക്കുന്നവർ ഭർത്താവും മാറ രക്ഷിതാക്കന്മാരും കൈവെടിഞ്ഞ സ്ത്രീകൾ ഇവർക്കും ഒരുകാലവും ചികിത്സിക്കുവാൻ ശ്രമിക്കരുത് * 10— സ്ത്രീകൾതന്നെ മാംസം അവളുടെ ഭർത്താവോ രക്ഷിതാക്കന്മാരായ അച്ഛൻ മുതലായവരോ അറിയാതെ ഒരിക്കലും വാങ്ങിക്കരുത്. ഒരു രോഗിയുടെ കിടപ്പുറയിലേയ്ക്കു പോകേണ്ടതായിവന്നാൽ അവിടെയുള്ള സ്ഥിതികളെ അറിയുന്നവനും അവിടെ കടന്നുചെല്ലുവാൻ വിരോധമില്ലാത്തവനുമായ ഒരുവനെ മുൻനടത്തിക്കൊണ്ടുപോവുകയും വസ്ത്രം നല്ലവണ്ണം മറച്ചു ഉടുക്കുകയും തല താഴ്ത്തുകയുംചെയ്യ് അവിടെയുള്ള നിമ്നോന്നതാദിസ്ഥിതികളെ ബുദ്ധികൊണ്ടു നല്ലവണ്ണം ആലോചിച്ചറിഞ്ഞു ബദ്ധപ്പെടാതെ മുമ്പേ നടക്കുന്നവനെപ്പോലെയെല്ലാം വഴിപോലെ ആചരിച്ചുകൊണ്ടു കടന്നുചെല്ലുകയും വേണം. തനിക്കു പരിചയമില്ലാത്ത ദിക്കിൽ ബദ്ധപ്പെട്ടു കടന്നുചെല്ലുന്നതായാൽ പലേ അപകടങ്ങളും സംഭവിച്ചുപോകുമെന്നു സാരം. അവിടെ കടന്നുചെന്നാൽ രോഗിക്ക് ഉപകാരംചെയ്യുവാനോ ആതുരന്റെ എല്ലാ ഭാവങ്ങളേയും അറിയുവാനോ അല്ലാതെ തന്റെ മനസ്സ് ബുദ്ധി ചക്ഷുശ്രോ

23187-K-8

തുരോപകാരാത്ഥാഭോ ആതുരഗതേഷ്വന്യേഷു വാ ഭാവേഷു. നചാ
തുരകുലപ്രവൃത്തയോ ബഹിർന്നിശ്ശ്വാസായതവ്യാഃ. ഹ്രാസിതഞ്ചായു
ഷഃ പ്രമാണമാതുരസ്യ ന വർണ്ണയിതവ്യം ജാനതാപി ച. തത്ര യ
ത്രോച്യമാനമാതുരസ്യാന്യസ്യ വാപ്യുപഘാതായ സമ്പദ്യതേ. ജ്ഞാ
നവതാപി ച നാത്യർത്ഥമാത്മനോ ജ്ഞാനേന വികത്ഥിതവ്യം ആ
പ്താഹി ഹി വികത്ഥമാനാദേത്യർത്ഥമുദ്വിജന്ത്യനേകേ. 10

ന ചൈവ ഹ്യസ്യ ശ്രുതസ്യേയത്തായാഃ പാരം. തസ്മാത്പ്രമത്തഃ
ശശ്വദ്ഭിയോഗമസ്യേൻ ഗച്ഛേൽ. തദേവം കായ്യമേവം ഭ്രേയശ്ച പ്ര

ത്രാദി ഇന്ദ്രിയങ്ങൾ ഇതുകൊള്ള അവിടെയുള്ള മറ്റ യാതൊരു വി
ഷയത്തിലും വ്യാപരിപ്പിക്കരുത്. രോഗിയുടെ താവാട്ടുകാരുടെ
വ്യാപാരങ്ങളെ പുറമ്പോക്കു വിടരുത്. രോഗി ഇന്നദിവസംവരേ ജീവി
ക്കുകയുള്ളൂ എന്നുള്ളതു താൻ അറിഞ്ഞിരുന്നാൽകൂടി ആ വിവരം
യാതൊരാളോടും പറയരുത്. ആ വിവരം വൈദ്യൻ പറയുന്നതാ
യാൽ രോഗിയോ രോഗിയുടെ ഭാര്യാപുത്രാദികളോ ആ വ്യസനം
നിമിത്തം ക്ഷണത്തിൽ മരിച്ചുപോകുവാനും സംഗതിവന്നുപോകും.
അതാണ് ആ വിവരം പറയരുതെന്നു പ്രത്യേകം ഉപദേശിക്കുന്ന
ത്. എത്രതന്നെ അറിവുണ്ടെങ്കിലും താൻ ഒരു സർവ്വജ്ഞനാണെ
ന്ന് ഒരിക്കലും വികത്ഥനംചെയ്യുപോകരുത്. ആപ്പുലക്ഷണങ്ങ
ളെല്ലാം തികഞ്ഞവനാണെങ്കിലും അവൻ ആത്മപ്രശംസചെയ്യു
വാൻ തുടങ്ങിയാൽ, ഇവന്ന് ഇത്രയൊക്കെ അറിവുണ്ടെങ്കിൽ അ
ത് അവന്റെ പ്രവൃത്തിയിൽ പ്രകാശിക്കുന്നതല്ലെ? ഇവനെന്തി
നാണ് ഇത്രയൊക്കെ നൊട്ടിസ്സുചെയ്യുന്നത്. അതിനാൽ ഇവന്ന്
അത്ര അറിവുണ്ടായിരിക്കയില്ല. അങ്ങിനെയുള്ളവനെക്കൊണ്ടു
ചികിത്സിപ്പിക്കുന്നതിൽ വളരെ സൂക്ഷിക്കുകയും വേണം. എ
ന്നിങ്ങിനെ ഇവനെക്കുറിച്ചു പലർക്കും ഭയവും തുടങ്ങും. അതാ
ണ് ആത്മപ്രശംസ ചെയ്യരുതെന്നു പറഞ്ഞതിന്റെ സാരം *
11—ആയുർവ്വേദത്തപ്പറ്റിപ്പറയുന്ന യാതൊരു മഹാകൃതിയും—അവസാനി
ക്കുമില്ല. അതിനാൽ താൻ ആയുർവ്വേദവിഷയം ഇന്നഗ്രന്ഥം മുഴുവൻ
പൂർത്തിസ്ഥാപിക്കുകയിരിക്കുന്നു. ഇനി ആ വിഷയത്തിൽ തനിക്ക് അറി
യേണ്ടതായി യാതൊന്നും ബാക്കിയില്ല എന്നുള്ള പ്രമാദവാക്കും

വൃത്തസ്യ സൌഷ്ഠവമനസൂയതാ പരേഭ്യോപ്യുഗമയിതവ്യം. കൃൽ
ത്സ്നോ ഹി ലോകോ ബുദ്ധിമാതാമാചാര്യഃ ശത്രുശ്ചാബുദ്ധിമതാമേ
തച്ചാഭിസമീക്ഷ്യ ബുദ്ധിമത്താ അമിത്രസ്യാപി ധന്യം യശസ്യമായു
ഷ്യം പൌഷ്ടികം ലൌകികമഭ്യുപദിശേതോ വചഃ ശ്രോതവ്യമേവി
ധാതവ്യം ചേതി. 11

അതഃ പരമിദം ബ്രൂയാൽ. വേതാഗ്നിദ്വിജാതിഗുരുവൃദ്ധ
സിദ്ധാചാര്യേഷു തേ സമ്യഗവർത്തിതവ്യം. തേഷു തേ സമ്യഗവർത്ത
മാനസ്യായമഗ്നിഃ സർവ്വഗന്ധരസരത്നബീജാനി യഥേരിതാശ്ച ദേ

ഏതുസമയത്തിലും ആയുർവ്വേദഗ്രന്ഥങ്ങളെ പരിശീലിച്ചുകൊണ്ടിരി
ക്കുകയും വേണം. അങ്ങിനെ ആയുർവ്വേദഗ്രന്ഥങ്ങളെ ശീലിക്കുകയും
അതാതുകളിൽ വിധിക്കുന്ന ചികിത്സാസമ്പ്രദായങ്ങളെ പ്രവൃത്തി
ക്കുകയും ചെയ്യുന്നതായാൽ തനിക്കു വൈദ്യത്തിൽ പുതിയ പുതിയ
ചികിത്സാമാർഗ്ഗങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ സാധിക്കു
മെന്നു മാത്രമല്ല, തന്റെ ശത്രുക്കൾക്കു തന്നേക്കാളെ അസൂയപ്പെട്ടു
വാൻകൂടെ ശക്തിയില്ലാതായിത്തീരുകയും ചെയ്യും. ശത്രുക്കൾകൂടെ
ഇവനെ സ്തുതിച്ചുതുടങ്ങും. ബുദ്ധിമാനായവന്നു ചരാചരാത്മകമാ
യ ഈ ലോകമെല്ലാം ആചാര്യനാകുന്നു. ബുദ്ധിശാലിയായവന്നു
ലോകത്തിൽനിന്നു പലതും ഗ്രഹിക്കുവാനുണ്ടാകും. ബുദ്ധിശൂന്യനാ
യവന്നു ഈ ലോകമെല്ലാം ശത്രുവായി തൊന്നുകയും ചെയ്യും. ഈ
തത്ത്വത്തെ അറിയുന്ന ബുദ്ധിമാനായവൻ ധന്യമായും യശസ്യമാ
യും ആയുഷ്യമായും പുഷ്ടികരമായും ലോകമര്യാദയെ പ്രതിപാദിക്കു
ന്നതായുള്ളതിനെ തനിക്കു കൂടിപ്പുകയുള്ള ശത്രുതന്നെ ഉപദേശി
ക്കുന്നതായാൽകൂടി അതിലുള്ള ഗുണത്തെ ആലോചിച്ചു് ആ വിധി
കളെ അനുഷ്ഠിക്കുകയും വേണം. ഈ വിഷയത്തിൽ വക്തൃഗുണമല്ല
വാക്യഗുണമാണ് സ്വീകരിക്കേണ്ടതു് എന്നു സാരം. * 12—ഇപ്ര
കാരം അവൻ നടക്കേണ്ടതായ ചര്യകളെ ഉപദേശിച്ചതിന്നുശേഷം
ഇതുകൂടെക്കൂടെ നിഷ്കർഷയായുപദേശിക്കണം. അല്ലയോ വത്സ! നീ
ദേവന്മാർ അഗ്നി ബ്രാഹ്മണർ ഗുരുഭൂതന്മാർ വൃദ്ധന്മാർ സിദ്ധന്മാർ
ആചാര്യൻ ഇവരിലെല്ലാം വഴിപോലെ—വളരെ വിനയത്തോടെ വ
ർത്തിക്കണം. നീ ദേവാദികളിൽ വിനയമുള്ളവനായിരുന്നാൽ ഈ പ്ര

വതാ ശിവായ സ്യു. അതോന്യഥാ ചാവത്തമാനസ്യാശിവായേതി.
ഏവം ബ്രുവതി ചാചാര്യേ ശിഷ്യഃ പ്രതി ബ്രൂയാൽ. യഥോപ
ദേശഞ്ച കവ്വന്നധ്യാപ്യോ മേതദേവ, അതോന്യഥാ ചാനധ്യാപ്യഃ.
അധ്യാപ്യമധ്യാപയൻ ഹ്യാചാര്യോ യഥോക്തൈർഗുണൈരാധ്യാപന
ഫലൈശ്ചാഗമാപ്നോത്യന്യൈശ്ചാനുഷ്ഠാനകൈർ. ശ്രേയസ്സാധനൈർ
ഹൈനഃശിഷ്യമാത്മാനഞ്ച യുനക്തി. ഇത്യധ്യാപനവിധിരുക്തഃ.12

അധ്യയനാധ്യാപനവിധീവൽ സംഭാഷാവിധിമത ഊർദ്ധ്വം
വ്യാഖ്യാസ്യാമഃ. ഭിഷക് ഭിഷജാ സഹ സംഭാഷേത. തദിദ്യഥാ

ത്യുക്ഷത്തനായ അഗ്നിഭഗവാനും ഈ അഗ്നികായ്യത്തിനു ചാതിച്ച
എല്ലാതരം ഗന്ധദ്രവ്യങ്ങളും ഭക്ഷണപദാർത്ഥങ്ങളും രത്നങ്ങളും ബീ
ജങ്ങളും ഇവിടെ നിനക്കുവേണ്ടി എന്നാൽ സമിത്തുകൊണ്ടും ആ
ജ്യാഹുതികൊണ്ടും പൂജിക്കപ്പെട്ട ബ്രഹ്മാദിദേവന്മാരും നിനക്കു മം
ഗളത്തെ ചെയ്യുന്നവരായിത്തീരും. അല്ലയോ വത്സ! നീ എന്റെ
വാക്കിനെ വിലവെയ്ക്കാതെ യഥേഷ്ടാചാരിയായിത്തീരുന്നുവെങ്കിൽ
ഇവരെല്ലാം നിനക്കു പ്രതികാരികളായിത്തീരുമെന്നുള്ള തത്ത്വവും
നീ ഗ്രഹിച്ചിരിക്കണം. ഇപ്രകാരം ആചാര്യൻ ഉപദേശിച്ചാൽ ശി
ഷ്യൻ അവിടെ ഇരുന്നുകൊണ്ടുതന്നെ—അഗ്നിസാക്ഷികമായിട്ടുതന്നെ അല്ലയോ ഗുരോ! ഞാൻ അങ്ങയുടെ ഉപദേശങ്ങളെ മുഴുവൻ ഭക്തിയോടെ അനുഷ്ഠിച്ചുകൊള്ളാമെന്ന ശപഥവും ചെയ്യണം. ഇ തെല്ലാം കഴിഞ്ഞതിന്നുശേഷം അവൻ ഈ പറഞ്ഞ ചര്യകളെ തെ റ്റാതെ നടക്കുന്നതായാൽ അവനെ വൈദ്യശാസ്ത്രം മുഴുവൻ പഠി പ്പിക്കുകയും വേണം. ഈ ചര്യകളെ തെറ്റിനടക്കുന്നവരെ പഠിപ്പി ക്കുകയുമരുത്. ഈ പറഞ്ഞ അദ്ധ്യാപ്യനായ ശിഷ്യനെ പഠിപ്പി ക്കുന്ന ആചാര്യന്ന് ഒരു അദ്ധ്യാപകന്നു വേണ്ടതായി പറയപ്പെട്ട ഗുണങ്ങളെല്ലാം സംഭവിക്കുമെന്നു മാത്രമല്ല തനിക്കും ശിഷ്യന്നും ഗു രുശിഷ്യഗുണപരിഗണനത്തിൽ പറഞ്ഞിട്ടില്ലാത്തതായ ശ്രേയസ്സു കളായ മറ്റനേകം ഗുണങ്ങൾകൂടി സിദ്ധിക്കുകയും ചെയ്യും. ഈ പറഞ്ഞ തരത്തിലാണ് അദ്ധ്യാപനവിധിയെന്നറിയുകയും വേണം*

ഇനി തദിദ്യസംഭാഷ എന്ന തൃതീയോപായത്തെയും വിവരി ക്കുന്നു:— 13—അദ്ധ്യയനവിധിയും അദ്ധ്യാപനവിധിയും ഇങ്ങിനെ

ഭാഷാ ഹി ജ്ഞാനാഭിയോഗസംഹർഷകരീ ഭവതി. വൈശാരദ്യമപി ചാഭിനിവ്വർത്തയതി വചനശക്തിമപി ചാധത്തേ. യശശ്ചാഭിദീപയതി. പൂർവ്വശ്രുതേ ച സന്ദേഹവതഃ പുനഃ ശ്രവണാൽശ്രുതസംശയമപകർഷതി. ശ്രുതേ ചാസന്ദേഹവതോ ഭൂയോദ്യവസായമഭിനിവ്വർത്തയതി. അശ്രുതമപി ച കഞ്ചിദർത്ഥം ശ്രോതൃവിഷയകമുപാദധാതി. യച്ചാചാര്യഃ ശിഷ്യായ ശുശ്രൂഷവേ പ്രസന്നഃ കൃച്ഛ്രേണോപദിശതി ഗ്രഹ്യാഭിമതമർത്ഥജാതം, തൽ പരസ്മൈ സഹ

വിവരിച്ചുവല്ലോ. അതുപോലെതന്നെ സംഭാഷാവിധിയും ഇനി വിശദമായി ഉപദേശിച്ചു തരാം. വൈദ്യശാസ്ത്രജ്ഞനായ ഒരുവൻ അതേവിധം വൈദ്യശാസ്ത്രജ്ഞനായ മറൊരു വൈദ്യനോടുകൂടെ വൈദ്യശാസ്ത്രസംബന്ധമായ വിഷയങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതുതന്നെയാകുന്നു തദ്വിദ്യസംഭാഷ. ആ തദ്വിദ്യസംഭാഷ ആ വിഷയത്തിലുള്ള അറിവുവർദ്ധിക്കുവാനും സന്തോഷമുണ്ടാകുവാനും കാരണമാകുന്നു. ഇതുനിമിത്തം പാണ്ഡിത്യം പ്രകാശിക്കുകയും വാദപ്രതിവാദശക്തിയുണ്ടാവുകയും യശസ്സു വർദ്ധിക്കുകയും ചെയ്യും. മുമ്പ് ഒരു വിഷയത്തിൽ തനിക്കു സംശയമുണ്ടെങ്കിൽ ആ വിഷയത്തിൽ താൻ പ്രതിവാദിയുടെ ന്യായമായ ഉത്തരംകേൾക്കുമ്പോൾ ആ സംശയം തീരുകയും ചെയ്യും. സംശയമില്ലാത്ത വിഷയം പിന്നെയും ദൃഢീഭവിക്കും. താൻ ധരിക്കാത്ത വിഷയം ഗ്രഹിക്കുവാനും സാധിക്കും. ശിഷ്യൻറെ വളരെക്കാലത്തെ പരിചരണംകൊണ്ടു പ്രസാദിച്ച ഗുരു കാലാന്തരത്തിൽ എന്തൊരു സാരോപദേശമാണോ ചെയ്യുക, അത്രയും ഗൂഢമായ ആ സാരോപദേശവിഷയത്തെക്കുടെ ഈ വിഷയം ഇത്രയും ശോഭ്യമായിട്ടുള്ളതാണ് അതിനാൽ ഇതുക്ഷണത്തിൽ പുറത്തുവിടരുത് എന്ന ബുദ്ധിവിവേകമില്ലാത്തവനോടുകൂടെ വാദപ്രതിവാദം ചെയ്യുന്നതായാൽ അവനെ ജയിക്കുവാനുള്ള മോഹനിമിത്തം സന്തോഷത്തോടെ—ഇയ്യാൾ ഇതു ഗ്രഹിച്ചിട്ടുണ്ടാവുകയില്ല. അതിനാൽ ഈ വിഷയം വിശദമായി പഠിയുന്നതായാൽ നിശ്ചയമായും ജയിക്കാമെന്ന സന്തോഷത്തോടെ അവൻ ആതെ

ജല്പൻ പണ്ഡിത വിജിഗീഷുരാഹ സംഘർഷാൽ. തസ്മാത്തത്രൈഷ
സംഭാഷാമപി പ്രശംസന്തി കുശലാഃ. 13

ദ്വിവിധാ തു ഖലു തത്ത്വിദ്യസംഭാഷാ ഭവതി. സന്ധായ സംഭാഷാ വിഗൃഹ്യ സംഭാഷാ ച. തത്ര ജ്ഞാനവിജ്ഞാനവചനപ്രതിവചനശക്തിസമ്പന്നേനാകോപനേന അനുപസ്കൃതവിദ്യേനനേ സൂയകേനാനുനയകോവിദേന ക്ലേശക്ഷമേണ പ്രിയസംഭാഷണേന ച സഹ സന്ധായ സംഭാഷാ വിധീയതേ. തഥാവിധേന സഹ കഥയൻ വിസ്രബ്ധഃ കഥയേൽ. പൃച്ഛതോ ച വിസ്രബ്ധഃ. പൃച്ഛൻ

ല്ലാം പറയും. അപ്പോൾ ആവക വിഷയങ്ങൾകൂടെ നിശ്ചയാസംഗ്രഹിക്കുകയും ചെയ്യാം. സംഭാഷണത്തിന്ന് ഇത്രയെല്ലാം ഗുണങ്ങളുണ്ടാവുകയാലാണ് ശാസ്ത്രതത്ത്വവേദികളായ ആചാര്യന്മാർ തത്ത്വിദ്യസംഭാഷണം ജ്ഞാനസമ്പാദനത്തിന്നു വളരെ നല്ലതാണെന്നു പറയുന്നത്. *

14—ഈ സംഭാഷണം, സന്ധായസംഭാഷാ—ഒത്താശചെച്ചു രണ്ടു വിദ്വാന്മാർ തമ്മിൽ നടത്തുന്ന ശാസ്ത്രവാദം എന്നും വിഗൃഹ്യ സംഭാഷാ—തന്റെ പ്രതിപക്ഷിയെ സദസ്സിൽവെച്ചു വാദത്തിന്നു വിളിച്ച് അവനോടുകൂടെ വാശിയോടെ നടത്തുന്ന ശാസ്ത്രവാദം എന്നും ഇങ്ങിനെ രണ്ടുതരത്തിലാകുന്നു. അതുകളിൽ സന്ധായസംഭാഷായെ വിവരിക്കുന്നു:— ജ്ഞാനവിജ്ഞാനങ്ങളുള്ളവനും ശാസ്ത്രാർത്ഥങ്ങളെ വഴിക്കുവഴിയായി പറയുവാനും എത്രതരം ചോദ്യത്തിന്നും ശരിയായ ഉത്തരംപറയുവാനും സാമർത്ഥ്യമുള്ളവനും കോപമില്ലാത്തവനും അനുപസ്കൃതയായ വിദ്യയോടുകൂടിയവനും അസൂയാരഹിതനും അനനയോപായങ്ങളെ അറിയുന്നവനും എത്രതരം ക്ലേശവും സഹിക്കുവാൻ കഴിയുന്നവനും പ്രിയവാദിയുമായ വൈദ്യശാസ്ത്രജ്ഞനോടുകൂടെയാണ് സന്ധായസംഭാഷ ചെയ്യേണ്ടത്. ആ സംഭാഷാക്രമത്തെ വിവരിക്കുന്നു. അവനോടുകൂടെ ശാസ്ത്രാർത്ഥങ്ങളെകുറിച്ചു സംഭാഷണംചെയ്യുമ്പോൾ താൻ ഗ്രഹിച്ചിട്ടുള്ള ഉപദേശങ്ങളെകൂടെ വിശ്വാസത്തോടുകൂടെ— മാച്ചുവെയ്ക്കാതെ പറയണം. തനിക്കു

തേ ചാന്യസ്മൈ വിസ്രബ്ധായ വിശദമേത്തം ബ്രൂയാൽ. ന ച നിഗ്രഹേ യാദൃച്ഛികേൽ. നിഗൃഹ്യ ചൈനം ന ഹൃഷ്യേൽ. ന ച പരേഷു വികത്ഥേൽ. ന ച മോഹാദേകോന്തഗ്രാഹി സ്യാൽ. ന ചാപ്രസ്തുതമർത്ഥമനവബുദ്ധ്യേൽ. സമ്യക് ചാനുനയേദനുനീയേത, അനുനയഃ ച്ഛപരം, തത്പുരോവഹിതഃ സ്യാദിത്യനുലോമസംഭാഷാവിധിഃ. 14

അത ഊർദ്ധ്വമിതരേണ സഹ വിഗൃഹ്യ സംഭാഷേത ശ്രേയ

സംശയമുള്ള ഭാഗങ്ങളെ അവനോട് ചോദിക്കാം. ഇങ്ങിനെ തന്റെ സംശയത്തെ ചോദിക്കുമ്പോൾ ആ വിഷയംകൊണ്ട് അവൻതന്നെ തോല്പിക്കുകയല്ല ചെയ്യുക അതിനെ വിശദമായി പറഞ്ഞുതരും എന്നു വിശ്വസിക്കുകയും ചെയ്യാം. ഇതേമാതിരി അവൻ ചോദിക്കുന്നതായാൽ വ്യക്തമായി പറഞ്ഞുകൊടുക്കുകയും വേണം. അവൻ തോല്പിക്കുമെന്നു ഭയപ്പെടേണ്ടതില്ല. ഒരു സമയം അവൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ സാധിച്ചില്ലെന്നുവെച്ച് ലജ്ജിക്കുവാനോ ഭയപ്പെടുവാനോ അവകാശമില്ലെന്ന് അഭിപ്രായം. ഇവനെ ഒരുസമയം താൻ ജയിച്ചുവെന്നാൽ അതുകൊണ്ടു താൻ സമർത്ഥനായി എന്ന് ഒരിക്കലും സന്തോഷിക്കരുത്. അങ്ങിനെ താൻ ജയിച്ചുവെങ്കിൽ ആ വിവരം മറ്റാരോടും പറയുകയുമരുത്. അങ്ങിനെയുള്ള സജ്ജനത്തോടുകൂടെ ശാസ്ത്രവാദം ചെയ്യുമ്പോൾ താൻ ഗ്രഹിച്ച വിഷയത്തിന്റെ വിവേചനം ചെയ്യാതെ ആ വിഷയത്തിൽ ഒരിക്കലും മുറുകെപിടിക്കരുത്. വാദമുഖത്തിൽ പ്രസ്തുതമല്ലാതുള്ള യാതൊരു വിഷയത്തേയും പ്രസംഗിക്കരുത്. അനുനയവാക്യങ്ങൾകൊണ്ടു മറവുള്ളവനെ വഴിപോലെ സമാധാനപ്പെടുത്തണം. അനുനയവാക്യങ്ങൾകൊണ്ട അവരിൽനിന്നു ഗ്രഹിക്കേണ്ടതായ വിഷയങ്ങളെല്ലാം ഗ്രഹിക്കുവാൻ കഴികയുള്ളൂ. അതിനാൽ ആ വിഷയത്തിൽ നല്ലവണ്ണം മനസ്സുറപ്പുകയും വേണം. ഇതാണ് അനുലോമമായ സംഭാഷണത്തിന്റെ—സന്ധായസംഭാഷയുടെ വിധി *

15—വിഗൃഹ്യസംഭാഷ എന്നു പറഞ്ഞതിനെ വിവരിക്കുന്നു:— താനൊരു ശാസ്ത്രജ്ഞനാണെന്നുള്ള ഖ്യാതി സമ്പാദിക്കേണമെന്നു

സാ യോഗമാത്മനഃ പശ്യൻ. പ്രാഗേവ ച ജല്പാജ്ജല്പാന്തരം പരാവരാന്തരം പരിഷദ്വിശേഷാംശ്ച സമ്യക് പരീക്ഷേത. സമ്യക് പരീക്ഷാ ഹി ബുദ്ധിമതാം കാര്യപ്രവൃത്തിനിവൃത്തികാലൌ ച ശംസതി. തസ്മാൽ പരീക്ഷാമതിപ്രശംസന്തി കുശലാഃ. പരീക്ഷമാണസ്യ ഖലു പരാവരാന്തരമിമാൻ ജല്പകുർഗുണാൻ ശ്രേയസ്കരാംശ്ച ദോഷാവതശ്ച പരീക്ഷേത സമ്യക്. തദ്യഥാ— ശ്രുതം വിജ്ഞാനം ധാരണം പ്രതിഭാനം വചനശക്തിരിത്യേതാൻ ഗുണാൻ ശ്രേയസ്കരാനാഹുഃ. ഇമാൻ പുനർദ്ദോഷവതഃ കോപനതാമകൌശ

മോഹിക്കുന്നവൻ മറ്റു വാദികളോടുകൂടെ ശാസ്ത്രാർത്ഥങ്ങളെക്കുറിച്ചു വാദിയോടുകൂടെ വാദം നടത്തണം. ആ വാദവിധിയെ വിശദമായി ഉപദേശിച്ചു തരികയും ചെയ്യാം. ഇങ്ങിനെ ശാസ്ത്രവാദംചെയ്യുവാൻ വിചാരിക്കുന്നവൻ തനിക്ക് ഈ വിഷയത്തിൽ പാണ്ഡിത്യം പോരെന്നോ പ്രതിവാദി ഇതിൽ സമർത്ഥനാണെന്നോ തോന്നുന്നപക്ഷം ആ വാദവിഷയത്തെ പ്രകൃതംമാറി മറ്റു വിഷയത്തിൽകൊണ്ടു ചാടിക്കുവാനുള്ള കൌശലങ്ങളും പ്രതിവാദിയുടെ ശാസ്ത്രപാണ്ഡിത്യാദിവിഷയങ്ങളും ഈ വാദത്തെ കേട്ട് അതിലെ ജയാപജയങ്ങളെ നിർണ്ണയിക്കുവാൻ വന്നുചേർന്ന സഭ്യന്മാരുടെ സ്ഥിതിയും ആദ്യമായിതന്നെ പരീക്ഷിച്ചറിയണം. ബുദ്ധിമാനായവൻ താൻതാൻ ബുദ്ധികൊണ്ട് അഹാഭാവാദിദുർഗ്ഗുണങ്ങൾകൂടാതെ വഴിപോലെ കാര്യങ്ങളെ പരീക്ഷിച്ചറിയുന്നതായാൽ പ്രവൃത്തികാലവും (കർമ്മഫലം സിദ്ധിക്കുന്ന കാലവും) നിവൃത്തികാലവും (ദുഷ്ടഫലമാകയാൽ പ്രവൃത്തികളിൽനിന്നു നിവൃത്തിക്കേണ്ട കാലവും) വിശദമായി അറിയുവാൻ കഴിയും. അതിനാൽ ബുദ്ധിമാന്മാർ പരീക്ഷയെ അത്യന്തം പ്രശംസിക്കുന്നു. ഈവക കാരണങ്ങളാൽ പരാവരാന്തരത്തെ പരീക്ഷിച്ചുനോക്കുന്നതായാൽ തന്നിൽ പ്രതിവാദിക്കുള്ള ഗുണങ്ങളും ശ്രേയസ്കരങ്ങളോ ദോഷയുക്തങ്ങളോ എന്നു ഗ്രഹിക്കുവാൻ സാധിക്കും. അതിനാൽ ആദ്യമായി അതുകളെ വഴിപോലെ പരീക്ഷിച്ചറിയണം. ആ ഗുണങ്ങളെന്തെല്ലാമെന്നാൽ, പഠിപ്പ് അറിവ് ധാരണ ഉപസ്ഥിതി പറഞ്ഞു ഫലിപ്പിക്കുവാനുള്ള സാമർത്ഥ്യം ഇതുകളെല്ലാം ശ്രേയസ്കരങ്ങളായ ഗുണങ്ങളാകുന്നു. കോപശീലം അ

ശാരീരം ഭേതപ്രമനവ ഹിതതപമിതി.ഏതാൻ ദേയാനപി ഗുണാൻ ഗുരുലാഘവതഃ പരസ്യ ചൈവാത്മനശ്ച തോലയേത്. 15

തത്ര ത്രിവിധഃ പരീക്ഷ സംപദ്യതേ, പ്രവരഃ പ്രത്യവരഃ സമോ വാ ഗുണവിനിക്ഷേപതോ ന തേപവാ കാരണസ്യേനം. 16

പരിഷച്ച ഖലു ദ്വിവിധാ ജ്ഞാനവതീ മൂഢപരിഷച്ച. തൈസപ ദ്വിവിധാ സതീ ത്രിവിധാ പുനരനേന കാരണവിഭാഗേന സുഖപരിഷൽ, ദുഃസീനപരിഷൽ, പ്രതിനിവിഷ്ടപരിഷച്ചേതി. 17

റിവിൻെറ കുറവ് ഭയം ഉപസ്ഥിതിയില്ലായ്മ ഇത്തുകളെല്ലാം ദോഷകരങ്ങളായ അവസ്ഥകളാകുന്നു. ഈ രണ്ടുതരം ഗുണങ്ങളിൽ അവനുള്ള ഗുണങ്ങളെന്തെല്ലാമാണെന്നും അത്തുകളിൽ ഏതേതു ഗുണങ്ങൾക്ക് എത്രകണ്ട് ശക്തിയുണ്ടെന്നും ഇത്തുകളിൽ തനിക്കുള്ള ഗുണങ്ങളെന്തെല്ലാമാണെന്നും തൻെറ ഗുണങ്ങൾക്കും പ്രതിപക്ഷിഗുണങ്ങൾക്കുംകൂടിയുള്ള അന്തരം എത്രയുണ്ടെന്നും കൃത്യമായി കണക്കാക്കി അറിയുകയും വേണം * 16—ഇങ്ങിനെ നോക്കുന്നതായാൽ പ്രതിപക്ഷി തന്നെക്കാൾ ഈ പറഞ്ഞ ഗുണങ്ങളുടെ വ്യത്യാസംനിമിത്തം ശ്രേഷ്ഠനായോ താണവനായോ സമനായോ സംഭവിക്കും. എന്നാൽ പ്രായേണ സമനായിത്തീരുക വളരെ ദുർല്ലഭമായിരിക്കും. ഒരാൾ മറെറാരാളെപ്പോലെയായിത്തീരുക എന്നത് വളരെ ദുർല്ലഭമായിരിക്കുമെന്നു നമുക്ക് ദൃഷ്ടാന്തമാണല്ലോ. അതുപോലെതന്നെയാണ് ജ്ഞാനവിഷയത്തിലും ഒരാൾ മറെറാരാളെപ്പോലെയാവുക എന്നതു ദുർല്ലഭമായിരിക്കുമെന്നു സാരം * 17—വാദത്തെ കേൾക്കുന്ന പരിഷത്ത് (സഭ്യന്മാർ) ജ്ഞാനവതി എന്നും മൂഢ എന്നും—അറിവുള്ളവർ എന്നും മൂഢന്മാർ എന്നും രണ്ടുതരത്തിലായിരിക്കും. ഇങ്ങിനെ രണ്ടു പ്രകാരത്തിൽ വിഭാഗം ചെയ്ത ആ സഭ്യന്മാർതന്നെ തൻെറ പക്ഷക്കാർ എന്നും ഉദാസീനന്മാർ—തന്നിലും പ്രതിപക്ഷിയിലും പക്ഷഭേദമില്ലാത്തവർ എന്നും മറ് ഏതെങ്കിലും സംഗതിവശാൽ പക്ഷപാതത്തോടുകൂടിയവർ എന്നുമുള്ള ഭേദേന പ്രത്യേകം മൂന്നുതരത്തിലായിരിക്കുമെന്നും ഗ്രഹിക്കണം *

തത്ര പ്രതിനിവിഷ്ടായാം പരിഷദി ജ്ഞാനവിജ്ഞാനവാ
പ്രതിവചനശക്തിസമ്പന്നായാം മൂഢായാം വാ നകഥഞ്ചിൽ കഥ
നീചിൽ സഹ ജല്പോ വിധീയതേ. മൂഢായാന്തു സുഹൃൽപരിഷ
ദി ഉദാസീനായാം വാ ജ്ഞാനവിജ്ഞാനമന്തരേണാപ്യദീർഘശസാ
മഹാജനഭിഷ്ടുന സഹ ജല്പോ വിധീയതേ. തദ്വിധേന ച സ
ഹ കഥയതാ ആവിദ്ധദീർഘസൂത്രസങ്കുലൈർവ്യാഖ്യണ്ഡൈഃകേ ക
ഥയിതവ്യം. അതിപ്രഹൃഷ്ടം മുഹുർമുഹുരുപഹസതാ പരം നിരൂപ
യതാ ച പരിഷദമേകാന്തരേർബ്രൂവതശ്ചാസ്യ വാക്യാവകാശോ ന

18— വാദം നടത്തുന്നതിലെ സഭ്യന്മാർ ജ്ഞാനവിജ്ഞാനങ്ങളും വാദപ്രതിവാദശക്തിയും തികഞ്ഞവരോ മൂഢന്മാരോ ആണെങ്കിലും അവർ പ്രതിവാദിപക്ഷപാതികളോ തന്നോടു നേരെ അസൂയയുള്ളവരോ ആണെങ്കിൽ തീരെന്നെ ആവശ്യപ്പെട്ടാലും പ്രതിവാദി തനിക്കു ജയിക്കുവാൻ പ്രയാസമില്ലാത്തവനാണെങ്കിലും ആ സദസ്സിൽവെച്ചു ശാസ്ത്രവാദം ചെയ്യരുത്. പരമാർത്ഥത്തിൽതാൻ ജയിച്ചാലും അവർ അതു സമ്മതിക്കുകയില്ല. അതിനാൽ അവിടെ ചെയ്യുന്ന ശ്രമം വൃഥാ കണ്ഠക്ഷോഭമായിപ്പരിണമിക്കുകയേ ഉള്ളു എന്നു സാരം. വാദം കേൾക്കുവാൻ വന്നുകൂടിയവർ സുഹൃത്തുക്കളോ ഉദാസീനന്മാരോ ആയിട്ടുള്ളവരും അവർ ശാസ്ത്രതത്ത്വങ്ങളെ അറിയാത്തവരുമാണെങ്കിൽ അവിടെവെച്ചു, വലിയ കീർത്തി സമ്പാദിക്കാത്തവനും മഹാജനങ്ങളുടെ അപ്രിയത്തെ സമ്പാദിച്ചവനുമായ പ്രതിവാദിയോടുകൂടെ വാദം നടത്തണം. ആ വാദത്തിൽ ഗഹനങ്ങളായ ശാസ്ത്രതത്ത്വങ്ങളെ പ്രതിപാദിക്കുകയും വേണ്ട. പിന്നെ ഏതുതരത്തിൽ വാദംനടത്തേണമെന്നു വിവരിക്കുന്നു:—അങ്ങിനെയുള്ളവനോടുകൂടെ വാദം നടത്തുമ്പോൾ വലിയ വിഷയങ്ങളും അടങ്ങിയതും ഗുരുനപായാദി ഗുണങ്ങളുള്ളതും പാലിച്ചു വിഷയങ്ങളും യാതൊരു ക്രമവുംകൂടാതെ ഇടകലർന്നതുമായ വാക്യഖണ്ഡകങ്ങളെക്കൊണ്ടു പ്രസംഗിക്കണം. ഇടക്കിടയ്ക്കു പൊട്ടിച്ചിരിക്കുകയും ഓരോ വിഷയങ്ങളേയും വിമർശിക്കുക മുതലായ ധാർഷ്ട്യം

ത്യേഃ. കഷ്ടശബ്ദഞ്ച ബ്രുവൻ വക്തവ്യോ നോച്യത ഇതി. അ
ഥവാ പുനഃഹിനാ തേ പ്രതിജ്ഞേതി പുനശ്ചാഹ ചയമാനഃ പ്രതിവ
ക്തവ്യഃ. പരിസംവത്സരം ഭവാൻ ശിക്ഷതാം താവൽ. അഥവാ പ
ര്യാപ്തമേതാവത്തേ. സകൃദേവ ഹി പാരിക്ഷേപികം നിഹിതം നി
ഹിതമാഹുരിതി. നാസ്യ യോഗഃ കർത്തവ്യഃ കഥഞ്ചിദപ്യേവം ശ്രേ
യസാ സഹ വിഗൃഹ്യ വക്തവ്യമിത്യാഹുരേകേ. നത്വേവം ജ്യായ
സാ സഹ വിഗ്രഹം പ്രശംസന്തി കുശലാഃ. 18

പ്രത്യവരേണ തു സഹ സമാനാദിമതേന വാ പിഗൃഹ്യ ജല്പ

കൊണ്ടു സസ്യേന്മാരെ കുശലായി സന്തോഷിപ്പിക്കുകയും (ഭ്രമി പ്പിക്കുകയും) പ്രതിപക്ഷിക്ക് ഒരൊറവാക്കുപോലും സമാധാനം പറയുവാൻ്നിടകൊടുക്കാതിരിക്കുകയും വേണം. സമാധാനം പറയേണ്ടുന്ന ഘട്ടത്തിൽ ഇവൻ യാതൊന്നും പറയുന്നില്ലല്ലോ ഇതാതൊരു കഷ്ടമാണ്—ഇവനോടുകൂടെ ശാസ്ത്രവാദം ചെയ്യുവാൻ ഞാൻ ഒരുങ്ങിയെല്ലോ ഇതു മഹാകഷ്ടമായിപ്പോയി എന്നും പറയണം. പിന്നെ അവനോട്, നീ എന്നോടുകൂടെ വാദം നടത്തിക്കൊള്ളുയാമെന്നു വിചാരിച്ച വിചാരമെല്ലാം നശിച്ചുവോ ഇല്ലെങ്കിൽ ഇനിയും നേരിട്ടുനിന്നു കൊള്ളുക. നിനക്ക് എന്നോടുകൂടെ വാദം നടത്തേണമെങ്കിൽ കുറെക്കാലംകൂടി പഠിക്കുക. ഇപ്പോഴുള്ള പഠിപ്പ് അതിനു മതിയാവുകയില്ല. ഇങ്ങിനെ ഒരിക്കൽപരിക്ഷേപിക്കുവാൻ—അധിക്ഷേപിക്കുവാൻ സാധിച്ചാൽ അവനെ ജയിക്കുകയും കഴിഞ്ഞു എന്നാണ് വാദവിചക്ഷണന്മാർ പറയുന്നത്. എന്നാൽ ഈ തരത്തിലുള്ള വാദം ആരും ഒരു കാലത്തും ചെയ്യുപോകരുത് എന്നും, തന്നെപ്പോലെയുള്ളവനോടുകൂടെ മാത്രമേ വിഗൃഹ്യ സംഭാഷ ചെയ്യാവു എന്നുമാണ് മറെറ ചിലരുടെ അഭിപ്രായം. ശാസ്ത്രതത്വത്തെ നല്ലപോലെ അറിയുന്ന മഹാന്മാരും തന്നെപോലെ അറിവു കുറഞ്ഞ ഒരുവനെ ജയിച്ച വാദിയെ ലേശംപോലും അഭിനന്ദിക്കുമാറില്ല* 19— മറെറാരുതരം വാദസമ്പ്രദായത്തെ

താ സുഹൃൽപരിഷദി കഥയിതവ്യം. അഥവാപ്യുദാസീനപരിഷദി അനവധാനശ്രവണജ്ഞാനവിജ്ഞാനോപധാരണവചനശക്തി സമ്പന്നായാം കഥയതാപാവഹിതേന പരസ്യ, സാൽഗ്രണ്യദോഷവിശേഷമവേക്ഷിതവ്യം. സമവേക്ഷ്യ ച യതൈതന്നം ശ്രേയ ഇന്നേതി നാസ്യ തത്ര ജല്പം യോജയേന്നോചിജ്ഞതമയോഗം കുര്യാൽ. യത്ര തേനമവരം മന്യേത തതൈത്രവൈനമാശു നിഗൃണ്ണീയാൽ. 19

തത്ര തു ഖലു ഭിന്നപ്രത്യവരാണാമാശു നിഗ്രഹേ ഭവന്യുപായാഃ. തദ്യഥാ—ശ്രുതഹീനം മഹതാ സൂത്രപാതേനാഭിഭവേൽ, വി

വിവരിക്കുന്നു:— തന്നെക്കാൾ അറിവു കുറഞ്ഞവനോടുകൂടയോ *അഥവാ തന്നോടു തുല്യനായവനോടുകൂടയോ സുഹൃൽപരിഷത്തിൽ വെച്ചുണ്ട് വാദം നടത്തേണ്ടത്. അല്ലെങ്കിൽ വാദിപ്രതിവാദികൾ ചെയ്യുന്ന വാഗ്വാദത്തെ മനസ്സിരുത്തി കേൾക്കുന്നതിലോ അവരുടെ അറിവിനെ വിവേചനംചെയ്തു ഗ്രഹിക്കുന്നതിലോ ഇന്നാൾ ഇന്നവിഷയത്തെക്കുറിച്ചു ചോദിച്ച അതിനു മറ്റവൻ പറഞ്ഞ ഉത്തരം ഇന്നതാണ് അതു ശരിയോ എന്നു വിവേചനം ചെയ്യുന്നതിലോ കലശലായി മനസ്സിരുത്താത്തതായ ഉദാസീനപരിഷത്തിൽവെച്ചും വാദം നടത്താം. ഈ പരിഷത്തുകൾ മൂഢന്മാരായിരിക്കരുത്. ജ്ഞാനമുള്ളവർ തന്നെയായിരിക്കണമെന്നു വിവേകം. ഇങ്ങിനെ വാദം നടത്തുമ്പോൾ പ്രതിവാദിയുടെ സാൽഗ്രണ്യത്തിന്റെയും—ജ്ഞാനശക്തിയുടേയും അജ്ഞാനത്തിന്റേയും ബലത്തെ നല്ലവണ്ണം മനസ്സിരുത്തി അറിയുകയും വേണം. അവന്റെ സാൽഗ്രണ്യദോഷങ്ങളെ അറിഞ്ഞതിന്നുശേഷം അവന്ന് ഏതുവിഷയത്തിലാണോ അധികം അറിവുള്ളത് ആ വിഷയത്തിൽ യാതൊരു പ്രോത്സാഹവും ചെയ്യാതിരിക്കുകയും പ്രത്യുതഞ്ഞ ആ വിഷയത്തിൽനിന്നു മാറുകയും, അവന്ന് ഏതു വിഷയത്തിലാണോ അധികജ്ഞാനമില്ലാതിരിക്കുന്നത് അവനെ ആ വിഷയത്തിൽത്തന്നെ ഇട്ടു കുഴക്കുകയും വേണം* 20— ഇങ്ങിനെ വാദം ന

ജ്ഞാനഹീനം പുനഃ കഷ്ടശബ്ദേന വാക്യേന, വാക്യധാരണാഹീന
മവിദ്വദിശ്ലസങ്കുലൈർവ്യാക്യദണ്ഡകൈഃ, പ്രതിഭാഹീനം പുനർവ്യ
ചനേനാനേകവിധേനാനേകാർത്ഥവാചിനാ, വചനശക്തിഹീന
മോക്തസ്യ വാക്യസ്യാക്ഷേപേണ, അവിശാരദമപക്രമണേന,
കോപനമായാസനേന, ഭീരും വിത്രാസനേന, അനവഹിതം നിയ
മനേന ഇത്യേവമേതെരുപായൈരവരമുദ്ഭാവയൻ. 20

ടത്തുന്നതിൽ പ്രത്യവരന്മാരെ ക്ഷണത്തിൽ ജയിക്കുവാനുള്ള ഉപാ
യം ഈ പറയുന്നവയായിരിക്കും. അതുകളെന്തെല്ലാമെന്നാൽ, പ
ഠിച്ചു കാണുന്നവരെ വലിയ സൂത്രങ്ങളെ—, അനേകം അർത്ഥങ്ങളെ
പറയുന്നവയായ ദോഷം രസം തികട്ട ശ്ലേഷ്മ മുതലായ ചെറുവാ
ക്യങ്ങളെ പ്രയോഗിച്ചും, ശാസ്ത്രാർത്ഥത്തിൽ സാമർത്ഥ്യമില്ലാത്തവ
നെ കഠിനാർത്ഥങ്ങളായ വാക്യങ്ങളെക്കൊണ്ടും, ചോദ്യങ്ങളെ വഴി
ക്കുവഴിയായി ഗ്രഹിക്കുവാൻ ശക്തിയില്ലാത്തവനെ പലേ വിഷയ
ങ്ങളും ഇടകലർന്നതും വളരെ പദങ്ങളും ഒന്നായി സമാസിച്ചതും നാ
നാർത്ഥവുമായ വാക്യദണ്ഡകംകൊണ്ടും, ശ്രുതിവിജ്ഞാനധാരണകള
ണ്ടെങ്കിലും പ്രതിഭയില്ലാത്തവനെ (യുക്തിയില്ലാത്തവനെ) ശ്ലേഷ്മ
യോടുകൂടിയ പല പ്രകാരത്തിലുള്ള വാക്യങ്ങൾകൊണ്ടും, അനർത്ഥ
മായി പ്രസംഗിക്കുവാൻ സാമർത്ഥ്യമില്ലാത്തവനെ അവൻ ഉദ്ദേശി
ച്ച അർത്ഥത്തെ മുഴുവൻ പറയുന്നതിന്നുമുമ്പെ അവന്റെ പ്രസം
ഗത്തിലെ വാക്യങ്ങളെ ആക്ഷേപിക്കുകകൊണ്ടും, പാണ്ഡിത്യം കു
റഞ്ഞവനെ(അല്ലെങ്കിൽ ധാർഷ്ട്യമില്ലാത്തവനെ) 'വിശാരദേ ച
ണ്ഡിതേ ച ധൃഷ്ടേ' എന്ന മേദിനി. അപക്രമണംകൊണ്ടും—ശാ
സ്ത്രസിദ്ധമല്ലാതുള്ള (തെറ്റായ) വിഷയങ്ങളെ കല്പിച്ചുണ്ടാക്കി
ചോദിച്ചും, ദോഷ്യമുള്ളവനെ ബുദ്ധിമുട്ടിച്ചും, ഭീരുവിനെ ഭയപ്പെട്ട
ത്തിയും, ശാസ്ത്രസിദ്ധാന്തങ്ങളിൽ ഉറപ്പില്ലാത്തവനെ അതങ്ങിനെ
യല്ല ഇങ്ങിനെയാണ് എന്ന് ഉറപ്പിച്ചു പറഞ്ഞും തോല്പിക്കണം,
ഈ മാതിരിയുള്ള ഉപായംകൊണ്ടാണ്. അറിവുകുറഞ്ഞവരെ ജ
യിക്കുന്നത്.*

വിഗൃഹ്യ കഥയേൽ ബുദ്ധ്യാ യുക്തഞ്ച നനിവാരയൻ
വിഗൃഹ്യഭാഷാ തീവ്രം ഹി കേഷാഞ്ചിദ്രോഹമാവഹേൽ. 21
നാകാര്യമസ്തി ക്രുദ്ധസ്യ നാവാച്യമപി വിദ്യതേ
കാശ്ലാ നാഭിനന്ദന്തി കലഹം സമിതൌ സതാം. 22

ഏവം പ്രവൃത്തേ തു വാദേ പ്രാഗേവവാദാൽ താവദിദം കൃത്സ്നം ഭവതേതി. സന്ധായ പരിഷദോ അയനഭൂതമാത്മനഃ പ്രകരണമാദേശയിതവ്യം. യഥാ പരസ്യ ഭൂശുശ്രൂഷം സ്യാൽ. പക്ഷപ്രതിപക്ഷവചനം പര

ഈ വിഷയത്തിൽ ഈ തത്ത്വംകൂടെ ഗ്രഹിക്കുകയുംവേണം.

21—ഇങ്ങിനെ വിഗൃഹ്യസംഭാഷണംചെയ്യുമ്പോൾ ബുദ്ധിമാനായവനെ ഒരിക്കലും സഭയിൽവെച്ചു തടുക്കരുത്—തോല്പിച്ചു വിഡ്ഢിയാക്കിവിടരുത്. ഇങ്ങിനെയുള്ള വാദപ്രതിവാദം ചിലസമയം ചിലർക്ക് വലുതായ ഉപദ്രവത്തെ ഉണ്ടാക്കിത്തീർത്തു എന്നു വരാം.

22—ഇങ്ങിനെ സഭയിൽവെച്ചു തോല്പിവരുന്നേസമയം കലശലായ ക്രോധംസംഭവിച്ചുപോകും. അങ്ങിനെ ക്രുദ്ധനായവന്നു കാര്യകാര്യവിവേകം നശിച്ചുപോകുന്നതാകയാൽ അവന്ന് തൽകാലം ചെയ്യുവാൻപാടില്ലാത്തതായ ഒരു ക്രിയയോ പറയുവാൻ പാടില്ലാത്ത വാക്കോ ഉണ്ടാവുകയില്ല. അവൻ എന്തും പ്രവൃത്തിക്കുകയോ ഈ വാച്യങ്ങളെ പറയുകയോ ചെയ്യും. അതിനാൽ സഭയിൽവെച്ചു സജ്ജനങ്ങളോടുകൂടെ കലഹംചെയ്യുന്നതു വിഹിതമല്ലെന്നാണ് കാര്യാകാര്യവിവേകജ്ഞന്മാരായ മഹാന്മാർ അഭിപ്രായപ്പെട്ടുണ്ടത്. *

23—വാദത്തിന്റെ സ്വഭാവം ഈ പറഞ്ഞമാതിരിയെല്ലാമാകയാൽ സഭയിൽവെച്ചു വാദംകൂടാതെ കഴിയുകയില്ല എന്നുവരുന്ന ഘട്ടത്തിൽ ആ വാദം തുടങ്ങുന്നതിന്നുമുമ്പെ ഈപറയുന്ന നിബന്ധനകൾകൂടെചെയ്യുവാൻ ശ്രമിക്കണം. വാദമുഖം തനിക്കു ധാരാളം അറിവുള്ള വിഷയത്തെക്കുറിച്ചു മാത്രമായിരിക്കേണമെന്നും സഭാസ്ഥന്മാരോടു ആ വിഷയത്തെക്കുറിച്ചു വാദംചെയ്യുവാൻ വാദംതുടങ്ങുന്നസമയം ആജ്ഞാപിക്കുവാൻ ശട്ടംകെട്ടണം. അല്ലെങ്കിൽ ആ വാദവിഷയം പ്രതിവാദിക്ക് വളരെ പ്രയാസമുള്ളതായാലും മതി.

സ്യ ഭൂശം വിമുഖമാനയേൽ. പരിഷദി ചോപസംഹിതായാമശക്യ മസ്മാഭിർവ്വക്തുമിതി തൂഷ്ണീമാസീദേതൈവ ച പരിഷത്ത്യുത്കൃഷ്ടം യഥാ യോഗ്യം യഥാഭിപ്രായം വാദം വാദമയ്യാശ്ചൊഞ്ച സ്ഥാപയിഷ്യതീത്യൃ കതപാ. 23

തത്രേദം വാദമയ്യാദാലക്ഷണം ഭവതി. ഇദം വാച്യമിദമവാ ച്യമേവം സതി പരാജിതോ ഭവതീതി. ഇമാനി ചലു പഞ്ചാനി ഭിഷ ഗ്വാദമാർഗ്ഗജ്ഞതാനാത്മമധിഗമ്യാനി ഭവന്തി. തദ്യഥാ—വാക്കോ ദ്രവ്യം ഗുണാഃ കർമ്മ സാമാന്യം വിശേഷാഃ സമവായഃ പ്രതിജ്ഞാ സ്ഥാ പനാ പ്രതിഷ്ഠാപനാ ഹേതുഃ ഉപനയഃ നിഗമനം ഉത്തരം ദൃഷ്ടാന്തം സിദ്ധാന്തഃ ശബ്ദഃ പ്രത്യക്ഷം അനുമാനം ഔപമ്യം ഐതിഹ്യം സം

ഇങ്ങിനെ നിശ്ചയിക്കുകയും സദസ്യന്മാർ അതുപോലെ ആജ്ഞാ പിക്കുകയും ചെയ്ത് അതുപ്രകാരം വാദംനടത്തുകയോ അല്ലെങ്കിൽ പ്രതിവാദിയുടെ പക്ഷത്തെ ക്ഷണത്തിൽ (വിതണ്ഡനകൊണ്ട്) മടക്കുകയോ ചെയ്യണം. വാദസഭയിൽ സദസ്യന്മാരും പ്രതിവാദികളും വന്നാൽ താൻ വാദംതുടങ്ങാതെ, ഈ സദസ്യന്മാർ നമ്മോടു വാദിക്കുന്നതുവിഷയത്തിൽ അവർക്ക് ഇഷ്ടമുള്ള ഭാഗത്തെക്കുറിച്ച് ഇന്ന പ്രകാരം (ഇന്നാൾ വാദിയായിരിക്കണം; ഇന്നാൾ പ്രതിവാദിയാ യിരിക്കണം എന്നു) വാദം നടത്തണമെന്നും അതിലെ മദ്ധ്യസ്ഥർ ഇന്നിന്ന വിധമാണെന്നും അവരുടെ ഇഷ്ടപ്രകാരം നിശ്ചയിച്ചതര ണമെന്നു പായുകയും വാദവിഷയത്തിൽ ഒരക്ഷരംപോലും പുറപ്പെ ടീക്കാതിരിക്കുകയും വേണം. * 24—അവിടെ സദസ്യന്മാർ നിശ്ച യിക്കുന്നതായ വാദമയ്യാദ, വാദിപ്രതിവാദികൾ ഇന്നിന്നവിധം സംഭാഷണംനടത്തണം. ഇന്നിന്നവിധം സംസാരിക്കരുത്, ഇ ന്നവിധമായാൽ തോൽമ ഉറപ്പാണെന്നു തീച്ചപ്പെടുത്തുന്നതാണ് എ ന്ന നിബന്ധനകളുള്ളതായിരിക്കും. എന്നാൽ വൈദ്യശാസ്ത്രത്തെ ക്കുറിച്ചു വാദംനടത്തുവാൻ വിചാരിക്കുന്നവൻ ഈ പറയുന്ന പദ ങ്ങളെ (അടുത്തു വിവരിക്കുന്നതായ വാദോദ്ധ്യമത്തെയും അതുകള ടെ വിവരണത്തെയും) പ്രത്യേകം ഗ്രഹിക്കുകയും വേണം. അതു

ശയഃ പ്രയോജനം സവ്യഭിചാരം ജിജ്ഞാസാ വ്യവസായഃ അർത്ഥപ്രാപ്തിഃ സംഭവഃ അനുയോജ്യം അനനുയോജ്യം അനുയോഗഃ പ്രത്യനുയോഗഃ വാക്യദോഷഃ വാക്യപ്രശംസാ ഛലം അഹേതുഃ അതീതകാലം ഉപാലംഭഃ പരിഹാരഃ പ്രതിജ്ഞാഹാനിഃ അഭ്യനുജ്ഞാ ഹേത്വന്തരം അർത്ഥാന്തരം നിഗ്രഹസ്ഥാനമിതി. 24

തത്ര തു വാദഃ, വാദോ നാമ യഃ പരസ്പരേണ സഹ ശാസ്ത്രപൂർവ്വകം വിഗൃഹ്യ കഥയതി. സ വാദോ ദ്വിവിധഃ സംഗ്രഹേണാജല്പോ വിതണ്ഡാ ച. തത്ര പക്ഷാശ്രിതയോർവ്വചനം ജല്പഃ. ജല്പ

കളെന്തെല്ലാമെന്നാൽ, വാദം ദ്രവ്യം ഗുണങ്ങൾ കർമ്മം സാമാന്യം വിശേഷം സമവായം പ്രതിജ്ഞ സ്ഥാപന പ്രതിഷ്ഠാപന ഹേതു ഉപനയം നിഗമനം ഉത്തരം ദൃഷ്ടാന്തം സിദ്ധാന്തം ശബ്ദം പ്രത്യക്ഷം അനുമാനം ഔപമ്യം ഐതിഹ്യം സംശയം പ്രയോജനം വ്യഭിചാരം ജിജ്ഞാസ വ്യവസായം അർത്ഥപ്രാപ്തി സംഭവം അനുയോജ്യം അനനുയോജ്യം അനുയോഗം പ്രത്യനുയോഗം വാക്യദോഷം വാക്യപ്രശംസ ഛലം അഹേതു അതീതകാലം ഉപാലംഭം പരിഹാരം പ്രതിജ്ഞാഹാനി അഭ്യനുജ്ഞ ഹേത്വന്തരം അർത്ഥാന്തരം നിഗ്രഹസ്ഥാനം. എന്നിങ്ങിനെ നാല്പത്തുനാലുകൂട്ടമാകുന്നു. ഇതിൽ ഓരോന്നിനേയും പ്രത്യേകം അതുകളിലെ അവാന്തരഭേദങ്ങളോടുകൂടെ ഉപദേശിക്കുകയും ചെയ്യാം. *

25—വാദികളെ വിവരിക്കുന്നു:—ക. വാദം, വാദമെന്നത് വാദിപ്രതിവാദികൾ തമ്മിൽ ശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ചു വിദ്വൽസംഭാഷണം ചെയ്യുന്നതാകുന്നു. ആ വാദമെന്നത് അനേകപ്രകാരത്തിലായിരിക്കും. എന്നാൽ മുഷ്കിടിപ്പായുന്നതായാൽ അതു ജല്പം എന്നും വിതണ്ഡ എന്നുമുള്ള ഭേദേന രണ്ടുപ്രകാരത്തിലായിരിക്കുകയും ചെയ്യും. അതിന്റെ വിഭാഗമെന്തെന്നാൽ, സ്വപക്ഷത്തേയും പരപക്ഷത്തേയുമാശ്രയിച്ച പ്രസംഗം ജല്പമാകുന്നു. തദ്വിപരീതമാണ് വിതണ്ഡ. അതുകളുടെ സ്വഭാവത്തെ വിവരിക്കുന്നു—

വിപരീതോ വിതണ്ഡാ: യഥൈകസ്യ പക്ഷ: പുനർഭവോസ്തീതി നാ
സ്തീത്യപരസ്യ. തൌ ച സ്വപക്ഷം സഹേതുകം സ്വസപക്ഷം
സ്ഥാപയത: പരപക്ഷമുത്ഭാവയത: ഏഷ ജല്പ:. ജല്പവിപക്ഷയോ
വിതണ്ഡാ വിതണ്ഡാ നാമ പരപക്ഷേ ദോഷോദ്ഭാവനമാത്രമേവമേ
വ. 25

ദ്രവ്യഗുണകർമ്മസാമാന്യവിശേഷസമവായാ: സപക്ഷലക്ഷണേ
ഷ്വോകസ്ഥാനേ പൂർവ്വമുക്താ:. 26

അഥ പ്രതിജ്ഞാ നാമ സാധ്യോപദേശ:, യഥാ നിത്യ: പുരുഷ
ഇതി. 27

വാദിപ്രതിവാദികളിൽ ഒരാൾ പുനർഭവം—പുനർജ്ജന്മമുണ്ട് എന്ന് തിനെ പ്രതിപാദിക്കുന്നു. മറ്റൊരാൾ അതില്ലെന്നും വാദിക്കുന്നു. അവർ രണ്ടാളും അതാതുവിഷയങ്ങൾക്കുള്ള ഹേതുദൃഷ്ടാന്തങ്ങളെ പ്രതിപാദിച്ച് അവനവൻ വാദിക്കുന്ന പുനർഭവാപുനർഭവപക്ഷങ്ങളെ സമർത്ഥിക്കുകയും പ്രതിവാദിപക്ഷത്തെ അടിസ്ഥാനമില്ലാത്തതാണെന്നു തെളിയിക്കുകയും ചെയ്യുന്ന വാദസമ്പ്രദായമാകുന്നു ജല്പം. ഈ ജല്പസമ്പ്രദായത്തിനു വിപരീതമായിട്ടുള്ളതാണ് വിതണ്ഡാ. അതിൽ സ്വപക്ഷം സ്ഥാപിക്കേണ്ടതില്ല. പരപക്ഷം ശരിയായിട്ടുള്ളതല്ല; അതിൽ ഇന്നിന്ന അപഭ്രംശങ്ങളുണ്ട് എന്നു തെളിയിക്കുകമാത്രമേ ആവശ്യമുള്ളൂ. * 26—ദ്രവ്യം ഗുണം കർമ്മം സാമാന്യം വിശേഷം സമവായം എന്ന ആറും അതാതുകളുടെ ലക്ഷണങ്ങളോടുകൂടെ സൂത്രസ്ഥാനത്തിലെ ദീർഘജീവിതീയാദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. * 27—വ്യ. പ്രതിജ്ഞ. പ്രതിജ്ഞ എന്നത് സാധ്യോപദേശം (ലക്ഷ്യംകൊണ്ടു ലക്ഷണത്തെ സമർത്ഥിക്കുന്നതു) തന്നെയാകുന്നു. അത്, പുരുഷൻ—ഈശ്വരൻ നിത്യനാണ് എന്നുള്ളതാകുന്നു. ഈശ്വരൻ അദൃശ്യനാണെങ്കിലും പ്രപഞ്ചത്തിന്റെ ഉൽപത്തിസ്ഥിതിലയങ്ങളെക്കൊണ്ടു ഇതിനെല്ലാം കാരണനായി ഒരാൾ ഉണ്ടെന്നും അദ്ദേഹം നാശരഹിതനാണെന്നും തീ

അഥ സ്ഥാപനാ, സ്ഥാപനാ നാമ തസ്യാ ഏവ പ്രതിജ്ഞായാ ഹേതൂദാഹരണോപനയനിഗമനൈഃ സ്ഥാപനാ. പൂർവ്വം ഹി പ്രതിജ്ഞാപത്രാൽ സ്ഥാപനാ. കിം ഹ്യപ്രതിജ്ഞാതം സ്ഥാപയിഷ്യതി യഥാനിത്യഃ പുരുഷ ഇതി പ്രതിജ്ഞാഹേതുരകൃതകത്വാദിതി ദൃഷ്ടാന്തോ യഥാകാശം തച്ച നിത്യം. ഉപനയോ യഥാ ചാകൃതകമാകാശംതഥാ പുരുഷഃ. നിഗമനം തസ്മാന്നിത്യ ഇതി. 28

അഥ പ്രതിഷ്ഠാപനാ, പ്രതിഷ്ഠാപനാ നാമ യാ പരപ്രതിജ്ഞാ

ച്ചുപ്പെടുത്തുന്നത് ഏതുപ്രകാരമോ അതേവിധമുള്ള ബുദ്ധിനിശ്ചയമാകുന്ന പ്രതിജ്ഞ. 'സന്ദിഗ്ദ്ധസാദ്ധ്യവാൻ പക്ഷഃ' എന്ന് അന്നംഭട്ടോചായ്യനും പറയുന്നു * 28—ൻ. സ്ഥാപനാ സ്ഥാപന എന്നിവ ഹേതു ദൃഷ്ടാന്തം ഉപനയം നിഗമനം എന്നിവകളെക്കൊണ്ട് ആ പ്രതിജ്ഞതന്നെത്തന്നെ ഉറപ്പിക്കുന്നതാകുന്നു. ആദ്യം പ്രതിജ്ഞചെയ്യുകയും പിന്നെ അതിനെ സ്ഥാപിക്കുകയുമാണ് വേണ്ടത്. അപ്രതിജ്ഞാതമായ ഒരു വസ്തുവിനെ സ്ഥാപിക്കുവാൻ ആർക്കും കഴികയില്ല. അതെങ്ങിനെയെന്നാൽ, സത്തെ നിത്യമായ ബ്രഹ്മത്തെ അനിത്യമാണെന്ന സ്ഥാപിക്കുവാൻ തുടങ്ങുന്നതായാൽ ആ അനിത്യകാര്യങ്ങളിൽ യാതൊന്നും ബ്രഹ്മകാര്യങ്ങളായി വരുന്നതല്ലെന്നുള്ളതുകൊണ്ട് ആ സ്ഥാപനാവാദം നിലനില്ക്കുകയില്ല. ദൃഷ്ടാന്തമെന്നത്, ആകാശം ഏതുപ്രകാരം സർവ്വവ്യാപ്തമായും നിത്യമായുമിരിക്കുന്നുവോ അതുപോലെയുള്ളതുതന്നെയാണ് ബ്രഹ്മവും എന്ന മറുള്ളവർക്ക മനസ്സിലാക്കുന്ന സമ്പ്രദായമാകുന്നു. ബ്രഹ്മസാത്രുപദൃഷ്ടാന്തമായ ഈ ആകാശം ഏതുപ്രകാരം അകൃത്രിമമായിരിക്കുന്നുവോ അതുവിധം ബ്രഹ്മവും അകൃത്രിമമാണെന്ന മറുമുള്ളവരെ ധരിപ്പിക്കുന്നതാകുന്നു. ഉപയനം ഈ വക ഹേത്വാദിഭാവങ്ങളാൽ പുരുഷൻ ഒരിക്കലും അനിത്യനല്ല; നിത്യൻതന്നെയാണെന്നുള്ള ദൃഢീകരണം നിഗമനവുമാകുന്നു. *

29—ാം. പ്രതിഷ്ഠാപനാ, പ്രതിഷ്ഠാപന എന്നുത്, പ്രതിവാദി

യാഃ പ്രതിവിപരീതാത്ഥസ്ഥാപനാ. യഥാ അനിത്യഃ പുരുഷ ഇതി പ്രതിജ്ഞായാഹേതുരൈന്ദ്രിയകത്വാൽ. ദൃഷ്ടാന്തോ യഥാ ഘടഃ ഐന്ദ്രിയകഃ സ ചാനിത്യഃ. ഉപനയോ യഥാ ഘടസ്തഥാ പുരുഷഃ തസ്മാ ദനിത്യ ഇതി. 29

അഥ ഹേതുഃ, ഹേതുസ്ത്വാമോപലബ്ധികാരണം. തൽ പ്രത്യക്ഷ മനുമാനമൈതിഹ്യമൌപമ്യമിത്യേഭിർഹേതുഭിർയ്യദുപലഭ്യതേ തൽ തത്ത്വം. 30

ഉപനയോ നിഗമനമിത്യോകത്തം സ്ഥാപനാപ്രതിഷ്ഠാപനാവ്യാ പ്യേയാം. 31

അഥ ഉത്തരം, ഉത്തരം നാമ സാധർമ്മ്യോപദിഷ്ടേ വാ ഹേ

പറഞ്ഞതിനു വിപരീതമായി പറയുകയും അതിനെ സ്ഥിരപ്പെടുത്തുകയുമാകുന്ന അതെങ്ങിനെയെന്നാൽ, പ്രതിവാദി പുരുഷൻ നിത്യനാണെന്നു പറഞ്ഞാൽ താൻ പുരുഷൻ നിത്യനല്ല എന്നു പ്രതിജ്ഞചെയ്യണം. അതിനുള്ള ഹേതു പുരുഷൻ ഐന്ദ്രികനാകയാൽതന്നെയാകുന്നു. ഇതിനുള്ള ദൃഷ്ടാന്തം ഇന്ദ്രിയജ്ഞാനംകൊണ്ടറിയാവുന്ന മറ്റൊരുവസ്തുവാണ് ഘടം. അതു നശിച്ചുകാണുന്നതുമുണ്ട്. അതിനാൽ ഘടംപോലെ പുരുഷനും അനിത്യനാകുന്നു. ഈ വിഷയത്തിലെ ഉപനയം, ഘടംപോലെ ഐന്ദ്രിയകനാണ് പുരുഷൻ അതിനാൽ ഘടത്തെപ്പോലെ അനിത്യനുമായിരിക്കുമെന്നതാകുന്നു * 30—ഫ്ര. ഹേതു. ഹേതു എന്നത് ഏതെങ്കിലും ഒരു വസ്തു തനിക്ക് അധീനമായിവരുവാൻ കാരണഭൂതമായി നിൽക്കുന്ന മറ്റൊരു വസ്തുവാകുന്നു. പ്രത്യക്ഷം അനുമാനം ഐതിഹ്യം ഔപമ്യം ഈ പറഞ്ഞ ഏതെങ്കിലും കാരണങ്ങളും നിമിത്തവും ഉപലബ്ധിയുണ്ടാവുന്നതായാലും ആ ഉപലബ്ധികാരണങ്ങളെല്ലാം അതിന്റെ ഹേതുക്കളായിരിക്കുമെന്ന തത്ത്വത്തെക്കൂടെ ഈ വിഷയത്തിൽ ഗ്രഹിക്കുകയും വേണം * 31—ഫ്ര—ഫ്നം. ഈ രണ്ടുവിഷയങ്ങളായ ഉപനയവും നിഗമനവും, സ്ഥാപന പ്രതിഷ്ഠാപന എന്നതുകളെ വിവരിക്കുന്നസമയം വിവരിക്കുകയും ചെയ്തിരിക്കുന്നു *

32—ഫ്ര. ഉത്തരം. ഉത്തരമെന്നത്, ഹേതുവിനെ സാധർമ്മ്യത്തോടുകൂടെ പറയുമ്പോഴും വൈധർമ്മ്യമായവിധം പറയുകയും വൈ

തൗവൈധർമ്മ്യവചനം വൈധർമ്മ്യോപദിഷ്ടേവാസാധർമ്മ്യവചനം. യഥാ ഹേതുസാധർമ്മാണോ വികാരാഃ ശീതകസ്യ ഹി വ്യാധേർഹേതു. സാധർമ്മ്യവചനം ഹിമശീതവാതസംസ്പർശാ ഇതി ബ്രുവതഃ പരോ ബ്രൂയാൽ ഹേതുവിധർമ്മാണോ വികാരാ യഥാ ശരീരാവയവാനാം ദാരുണത്വം കോഷ്ഠപ്രവചനേ ഹേതുവൈധർമ്മ്യം ഹിമശീതവാതസംസ്പർശാ ഇതി. ഏതൽ സവിപര്യയമുത്തരം. 22

അഥ ദൃഷ്ടാന്തഃ, ദൃഷ്ടാന്തോ നാമ യത്ര മുഖ്യവിദുഷാം ബുദ്ധിസാദൃശ്യം യോഽവർണ്യം വർണ്ണയതി. യഥാഗ്നിരുഷ്ണോ ദ്രവമുദകം സ്ഥിരാ പൃഥിവീ ആദിത്യഃ പ്രകാശക ഇതി. യഥാ വാദിത്യഃ പ്രകാശകസ്തഥാ സാംഖ്യവചനം പ്രകാശകമിതി. 23

ധർമ്മത്തോടുകൂടെ ഉപദേശിക്കുമ്പോൾ സാധർമ്മ്യമായിട്ടുവരുകയും ചെയ്യുന്നതാകുന്നു. അതെങ്ങിനെയെന്നാൽ, ഹേതുസാധർമ്മ്യക്കാരണ്ടാണ് വികാരങ്ങൾ. ശീതകമെന്ന വ്യാധിക്ക് ഹേതുസാധർമ്മ്യം പറയേണ്ടത് തണുപ്പും തണുത്ത കാറ്റും കൊള്ളുകയെന്നായാണ് എന്ന് ഒരാൾ പറയുമ്പോൾ മറൊരുവൻ ഹേതുവിധർമ്മക്കാരണ്ടാണ് വികാരങ്ങൾ എന്നും പുഴുപ്പുള്ളേടത്ത് മഞ്ഞും തണുപ്പും തണുത്തകാറ്റും തട്ടിയാൽ പുഴുപ്പധികരിക്കുകയും അവിടെ ചൂടുനീരും ചൂടുണ്ടായിക്കാണുന്നു എന്നും അതിനാൽ താൻ പറയുന്നതു ശരിയല്ലെന്നും പറയണം. ഇതാണ് സവിപര്യയമായ ഉത്തരം *

23—ാം. ദൃഷ്ടാന്തം. വർണ്ണ്യമായ തത്ത്വത്തെ മുഖ്യന്മാർക്കും വിദ്വാന്മാർക്കും ഒരുപോലെ ഗ്രഹിക്കത്തക്കവിധം പ്രതിപാദിക്കുന്നതാകുന്നു ദൃഷ്ടാന്തം. അതിന്റെ സ്വഭാവമെങ്ങിനെയെന്നാൽ, അഗ്നി ഉഷ്ണഗുണവാനാകുന്നു; ജലം ദ്രവമാകുന്നു; ഭൂമി സ്ഥിരയാകുന്നു; ആദിത്യൻ പ്രകാശിപ്പിക്കുന്നവൻ—അന്ധകാരത്തെ കളഞ്ഞു വസ്തുവിവേചനശക്തിയെ വരുത്തുന്നവനാകുന്നു. ഇതേമാതിരിയിലുള്ളതാണ് ദൃഷ്ടാന്തം. ഇവിടെ തീയ്ക്ക് ചൂടുള്ളതാണെന്നമാത്രം ധരിക്കുവാൻ സാധിക്കുന്നവർക്കും, 'ഉഷ്ണസ്പർശവൽ തേജഃ' ഇത്യാദിനൈയായികസിദ്ധാന്തത്തെ അറിയുന്ന വിദ്വാന്മാർക്കും ഒരുപോലെ ഗ്രഹിക്കത്തക്ക ഉദാഹരണം ചെയ്യുന്നതാണ് ദൃഷ്ടാന്തം. ആദിത്യൻ നമുക്ക് പ്രത്യക്ഷവിധം പ്രകാശകനായിരിക്കുന്നതുപോലെ അതേ

22*

അഥ സിദ്ധാന്തഃ, സിദ്ധാന്തോ നാമ യഃ പരീക്ഷകൈർബുദ്ധ്യാ വിധം പരീക്ഷ്യ ഹേതുഭിസ്സാധയിത്വാ സ്ഥാപ്യതേ വിദ്വദ്ഭിഃ സ സിദ്ധാന്തഃ. സ ചോക്തശ്ചതുർവ്വിധഃ. സ ചതുർവ്വിധഃ സർവ്വതന്ത്രസിദ്ധാന്തഃ പ്രതിതന്ത്രസിദ്ധാന്തഃ അധികരണസിദ്ധാന്തഃ അഭ്യുപഗമസിദ്ധാന്തശ്ച ഇതി. 34

തത്ര സർവ്വതന്ത്രസിദ്ധാന്തോ നാമ തസ്മിംസ്തസ്മിൻ സർവ്വസ്മിൻ തന്ത്രേ തത്പ്രസിദ്ധം സന്തി നിദാനാനി സന്തി വ്യാധയഃ സന്തി സിദ്ധ്യുപായാഃ സാദ്ധ്യാനാമിതി. 35

പ്രതിതന്ത്രസിദ്ധാന്തോ നാമ തസ്മിംസ്തസ്മിൻ തന്ത്രേ തത്തത്പ്രസിദ്ധം. യഥാന്യത്രാപ്യേതന്നസ്യാഃ ക്ഷുദ്രന്യത്ര. പഞ്ചേന്ദ്രിയാണി

വിധം പ്രകാശകമാകുന്നു—അജ്ഞാനാന്ധകാരത്തെ നീക്കി ജ്ഞാനപ്രകാശത്തെ തരുന്നതാകുന്നു സാംഖ്യശാസ്ത്രം എന്നുള്ളതും—ഇതേപ്രകാരത്തിലുള്ള ഉപമയും ദൃഷ്ടാന്തങ്ങളുമെന്നായാകുന്നു. *

34—മത്ര. സിദ്ധാന്തം. ഓരോന്നിനോടും പ്രത്യേകം പ്രത്യേകം പരിക്ഷിച്ചറിയുവാൻ സാമർത്ഥ്യമുള്ളവർ അതാതുകളെ അതുകളുടെ ഹേതുക്കളെക്കൊണ്ടു തിരിച്ചും മറിച്ചും അതിന്റെ തത്ത്വത്തെ ഗ്രഹിപ്പതിനുവേണ്ടി, ഇന്നത് ഇന്നപ്രകാരമേ സംഭവിക്കുകയുള്ളു; അതിനാൽ ഇന്നത് ഇന്നപ്രകാരമാണ് എന്നു വിധിക്കുന്ന വിധിയാകുന്ന സിദ്ധാന്തം. ആ സിദ്ധാന്തത്തെന്നെ, സർവ്വതന്ത്രസിദ്ധാന്തം, പ്രതിതന്ത്രസിദ്ധാന്തം, അധികരണസിദ്ധാന്തം, അഭ്യുപഗമസിദ്ധാന്തം എന്നിങ്ങിനെ നാലുതരത്തിലായിരിക്കുകയും ചെയ്യും * 35—ആ നാലുതരം സിദ്ധാന്തങ്ങളെത്തന്നെ വിവരിക്കുന്നു:—എല്ലാ ആചാര്യന്മാരുടെയും മതത്തിലും—സകല ആചാര്യന്മാരാലുണ്ടാക്കപ്പെട്ട തന്ത്രഗ്രന്ഥങ്ങളിലും ഒരുപോലെ പ്രതിപാദിക്കുന്നതാകുന്നതു സർവ്വതന്ത്രസിദ്ധാന്തം. എല്ലാ ആചാര്യന്മാരുടെ വൈദ്യശാസ്ത്രഗ്രന്ഥങ്ങളിലും വിദാനങ്ങളും രോഗങ്ങളും സാദ്ധ്യരോഗങ്ങൾക്കുള്ള ചികിത്സയും പ്രതിപാദിച്ചിരിക്കും. അതിനാൽ ആ വിധികൾ സർവ്വതന്ത്രസിദ്ധാന്തങ്ങളുമാകുന്നു * 36—പ്രതിതന്ത്രസിദ്ധാന്തമെന്നതു ഏതാതു തന്ത്രങ്ങളിൽ മാത്രം—ഓരോ ആചാര്യന്മാരുടെ മതത്തിൽ മാത്രം പ്രസിദ്ധിയുള്ള സിദ്ധാന്തവചനങ്ങളാകുന്നു. അതി

യഥാന്യത്ര ഷഡിന്ദ്രിയാണി. വാതാദികൃതാഃ സംവികാരാഃ യഥാന്യത്ര വാതാദികൃതാ ഭൂതകൃതാശ്ച പ്രസിദ്ധാഃ. 36

അധികരണസിദ്ധാന്തോ നാമ സ യസ്മിന്നധികരണേ സംസ്ഥീയമാനേ സിദ്ധാന്യന്യാന്യപ്യധികരണാനി ഭവന്തി. യഥാ ന മുക്തഃ കർമ്മാനുബന്ധികം കുരുതേ നിസ്സംഹതപാദിതി പ്രസ്തുതേ സിദ്ധേ കർമ്മഫലമോക്ഷപുരുഷപ്രേത്യഭാവാ ഭവന്തി. 37

അഭ്യുപഗമസിദ്ധാന്തോ നാമ യമർത്ഥമസിദ്ധമപരീക്ഷിതമനു

ന്റെ ഉദാഹരണമെന്തെന്നാൽ, ബഡിശതന്ത്രത്തിൽ രസങ്ങൾ മധുരാമ്ലലവണകടുതിക്തകഷായകഃ രാവ്യക്തഭേദേന വൃദ്ധതരത്തിലായിരിക്കുമെന്നും മറുതന്ത്രങ്ങളിൽ രസങ്ങൾ ആറുതരത്തിലാണെന്നും, ചിലരുടെ മതത്തിൽ കണ്ണ് ചെവി നാസിക ജിഹ്വ ത്വക്ക് എന്ന അഞ്ചുമാണ് ഇന്ദ്രിയങ്ങൾ എന്നും മറുചിലർ ചക്ഷുശ്രോത്രാദികളോടുകൂടെ മനസ്സിനേയുംചേർത്ത് ഇന്ദ്രിയങ്ങൾ ആറാണെന്നും, ചിലരുടെ പക്ഷത്തിൽ സകലരോഗങ്ങളും വാതപിത്തകഫങ്ങൾനിമിത്തം മാത്രമുണ്ടാവുന്നവയാണെന്നും വേറെ ചിലർ വാതാദികളെപ്പോലെ ഭൂതാവേശാദി ആഗന്തുകാരണവും രോഗകാരണമാണ്. അതിനാൽ രോഗകാരണം നാലുതരത്തിലായിരിക്കുമെന്നും പറയുന്നു. ഇതുകളെല്ലാം പ്രതിതന്ത്രസിദ്ധാന്തങ്ങളുമാണ് * 37—അധികരണസിദ്ധാന്തമെന്നത്, ഏതെങ്കിലും ഒരധികരണം പ്രസ്താവിക്കപ്പെടുന്നസമയം മറുചില അധികരണങ്ങൾകൂടെ അതിൽ അവാന്തരങ്ങളായി അന്തർവിച്ചു സാധിക്കപ്പെടുന്നതാകുന്നു. അതെങ്ങിനെയെന്നാൽ, മുക്താവസ്ഥയെ പ്രാപിച്ചവൻ വിഷയങ്ങളിൽ നിസ്സംഹനാകയാൽ അനുബന്ധത്തെ ഉണ്ടാക്കുന്നതായ കർമ്മത്തെ അവൻ ചെയ്കയില്ല എന്നുള്ള വിഷയം പ്രസ്തുതമാണെന്നുവെക്കുക; ഇവിടെ സിദ്ധന്മാർ ഇന്നതരത്തിലുള്ളവരാണ്. കർമ്മഫലം മോക്ഷം പുരുഷൻ മരിച്ചാലത്തെ സ്ഥിതി ഇവയെല്ലാം ഇന്നിന്നതരത്തിലാണ്. ഈ വക അവാന്തരാധികരണങ്ങളെക്കുറിച്ചു നിരൂപണംചെയ്കയും അവയുടെ സിദ്ധാന്തങ്ങളെക്കൂടെ സ്ഥാപിക്കുകയും ചെയ്യുന്നു. ഇതാണ് അധികരണസിദ്ധാന്തം * 38—വൈദ്യന്മാർ വാദസമയം സ്വതെ അസിദ്ധമായോ പരീക്ഷിതമല്ലാത്തതായോ ശാസ്ത്രങ്ങ

പദിഷ്ടമഹേതുകം വാ വാകോലേ ദ്രവ്യപഗച്ഛന്തി ഭിഷജഃ. തദ്രവ്യാ-
ദ്രവ്യം ന പ്രധാനമിതി കൃത്വാ വക്ഷ്യാമഃ. ഗുണാഃ പ്രധാനമിതി കൃ
ത്വാ വക്ഷ്യാമ ഇത്യേവമാദിശ്ചതുർവിധസ്സിദ്ധാന്തഃ. 28

അഥ ശബ്ദഃ, ശബ്ദോ നാമ വർണ്ണസമാമ്നായഃ. സ ചതുർവി
ധഃ ദൃഷ്ടാർത്ഥശ്ചാദൃഷ്ടാർത്ഥശ്ച സത്യശ്ചാനൃത്യശ്ചേതി. തത്ര ദൃഷ്ടാ
ർത്ഥസ്സഭിഹേതുഭിർദ്ദോഷാഃ പ്രകുപ്യന്തി ഷഡ്ഭിരുപക്രമൈശ്ച പ്ര
ശാമ്യന്തി. ശ്രോത്രാദിസന്നികർഷേ ശബ്ദാദിഗ്രഹണമിത്യദൃഷ്ടാർത്ഥഃ
പുനരസ്മിൻ പ്രത്യഭാവവാസ്മി മോക്ഷ ഇതി. സത്യോ നാമ യഥാ

ളിൽ അനുപദിഷ്ടമോ ഹേതുരഹിതമോ ആയ ഒരു വിഷയം തനിക്ക് വാദവിഷയമായി വന്നാൽ അതിനെ പ്രതിജ്ഞാപൂർവ്വം വാദിച്ചു സമർത്ഥിക്കുന്നതാകുന്ന അഭ്യുപഗമസിദ്ധാന്തം. അതിന്റെ സദ്ഭാവമെങ്ങിനെയെന്നാൽ, ഞാൻ ദ്രവ്യമാണ് പ്രധാനമെന്ന പ്രതിജ്ഞാപൂർവ്വം പ്രതിപാദിക്കാം; ഞാൻ ഗുണങ്ങളാണ് പ്രധാനങ്ങളെന്നു പ്രതിപാദിക്കാം. എന്ന് ആദ്യമെ പറയുകയും അതിനെ സമർത്ഥിക്കുകയും ചെയ്യുന്നതാകുന്ന അഭ്യുപഗമസിദ്ധാന്തസ്വരൂപം. ഇതുകളാണ് സിദ്ധാന്തത്തിന്റെ നാലു വിഭാഗങ്ങളും *

29— ഇനി. ശബ്ദം. ശബ്ദമെന്നത് കുറെ അക്ഷരങ്ങളെ ഒന്നിച്ചു ചേർത്ത് ഉച്ചരിക്കുന്നതിന്റെ പേരാകുന്നു. ആ ശബ്ദം ദൃഷ്ടാർത്ഥം, അദൃഷ്ടാർത്ഥം, സത്യം, അസത്യം എന്നങ്ങിനെ നാലു പ്രകാരത്തിലായിരിക്കും. അതുകളേതെല്ലാമെന്നാൽ, മൂന്നുതരത്തിലുള്ള കാരണങ്ങൾനിമിത്തം വാതാദിദോഷങ്ങൾ കോപിക്കും; ആ വതരത്തിലുള്ള ചികിത്സാസമ്പ്രദായങ്ങളെ ശീലിച്ചാൽ ആ ദോഷകോപം ശമിക്കുകയും ചെയ്യും ഇതാകുന്നു ദൃഷ്ടാർത്ഥം. ശ്രോത്രാദി ഇന്ദ്രിയങ്ങൾക്കു കേടില്ലെങ്കിൽ ശബ്ദാദികളായ ഇന്ദ്രിയാർത്ഥങ്ങളെ ഗ്രഹിക്കുവാൻ സാധിക്കുകയും ചെയ്യുമെന്ന വിധി അദൃഷ്ടാർത്ഥമാകുന്നു. ഇതുമാതിരിതന്നെ പുനർജ്ജന്മമെന്ന് ഒരവസ്ഥയും മോക്ഷവും സംഭവിക്കും എന്നു പറയുന്നതും അദൃഷ്ടാർത്ഥം തന്നെയാകുന്നു. സത്യമെന്നത് പരമാർത്ഥമായിട്ടുള്ളതാകുന്നു. ആയുർവ്വേദോപദേശങ്ങളും ഉണ്ട് — അതുകളും പരമാർത്ഥത്തിൽ ഉള്ളതാ

ത്പ്രേതഃ. സന്ത്യായുർവ്വേദോപദേശോഃ സന്ത്യുപായാഃ സാദ്ധ്യാനാം
സന്ത്യാരംഭഫലാനിതി. സത്യവിപര്യയാച്ചാന്യതം. 39

അഥ പ്രത്യക്ഷം, പ്രത്യക്ഷം നാമ തത്പ്രത്യാത്മനാ പരേണ്ദ്രി
യൈശ്ച സ്വയമുപലബ്ധവ്യതേ. തത്രാത്മപ്രത്യക്ഷേഃ സുഖദുഃഖേച്ഛാ
ദ്വേഷാദയഃ. ശബ്ദാദയസ്സേന്ദ്രിയപ്രത്യക്ഷാഃ. 40

അഥ അനുമാനം, അനുമാനം നാമ തച്ച യുക്ത്യുപലക്ഷിതം
യുക്തോഷ്മണമഗ്നിം ജരണശക്ത്യാ ബലം വ്യായാമശക്ത്യാ ശ്രോത്രാ
ദീനി ശബ്ദാദിഗ്രഹണേനേന്ദ്രിയാണ ത്യേവമാദിഃ. 41

അഥ ഔപമ്യം, ഔപമ്യം നാമ യത്തേനാന്യസ്യ സാദൃശ്യമ

ണ്ണ്; അതിൽ സാദ്ധ്യങ്ങളായ രോഗങ്ങൾ ഭേദപ്പെട്ടുപോകുന്നതിനുള്ള
ഉപായങ്ങളെ പ്രതിപാദിക്കുന്നുണ്ട്; ആ ഉപായങ്ങൾ ശീലിച്ചുതു
ടങ്ങിയാൽ തന്നെ അതിന്റെ ഫലം പ്രകാശിച്ചുതുടങ്ങുകയും ചെ
യ്യും എന്നുള്ളതു സത്യദൃഷ്ടാന്തങ്ങളാകുന്നു. സത്യവിപരീതമായിട്ടു
ള്ളത് അസത്യവുമാണ് *

40— ഫ്രവ്യ. പ്രത്യക്ഷം. ആത്മാവുകൊണ്ടും മുക്ഷ്യശ്രോത്രാ
ദി പഞ്ചേന്ദ്രിയങ്ങൾകൊണ്ടും തന്നെത്താൻ—പരാപേക്ഷകൂടാതെ
അറിയുന്നത് എന്താണോ അതാണ് പ്രത്യക്ഷം. ഇതിൽ ആത്മ
പ്രത്യക്ഷമെന്നത്, സുഖം ദുഃഖം ഇച്ഛ ദ്വേഷം മുതലായതായിരി
ക്കും. ഇന്ദ്രിയപ്രത്യക്ഷങ്ങൾ ദർശനശ്രവണാദികളുമായിരിക്കും. *
41— ഫ്രൻ. അനുമാനം. യുക്തിയോടുകൂടെ ഊഹിച്ചറിയുന്നതാകു
ന്ന അനുമാനം. ഇതിന്റെ ഉദാഹരണം 'ദേഹശക്തിയുണ്ടെ
ങ്കിൽ ജഠരാഗ്നിക്കു ശക്തിയുണ്ടെന്നും, വ്യായാമം ചെയ്യുന്നതിൽ
ശക്തി കണ്ടാൽ ശരീരത്തിന്നു ബലമുണ്ടെന്നും, ശബ്ദാദികളായ
ഇന്ദ്രിയവിഷയങ്ങളെ ശരിക്കു ഗ്രഹിക്കുന്നുണ്ടെങ്കിൽ ശ്രോത്രാദി
ഇന്ദ്രിയങ്ങൾക്കു ശക്തിയുണ്ടെന്നും ഗ്രഹിക്കണം' എന്നു മുതലായി
(വിമാനം 8-ാം അദ്ധ്യായത്തിൽ) പറഞ്ഞ അനുമാനലക്ഷണങ്ങൾ
തന്നെയാകുന്നു * 42— ഫ്രം. ഔപമ്യം. ഒന്നിന്റെ സാദൃശ്യത്തെ
ക്കൊണ്ട് മറ്റൊന്നിനെ മനസ്സിലാക്കി കൊടുക്കുന്നതാകുന്നു ഔപ
മ്യം. വടി ഇന്നപ്രകാരമുള്ളതാണെന്നു ജ്ഞാനം വരുത്തിയാൽ അ
ക്ഷൻ ഒണ്ഡകമെന്ന വ്യാധിയെക്കുറിച്ചു പറഞ്ഞു മനസ്സിലാക്കു

ധികൃത്യ പ്രകാശനം. യഥാ ദണ്ഡേന ദണ്ഡകസ്യ ധനുഷ്മാ ധനുഷ്ടംഭസ്യ ഇഷ്വാസിനാ ആരോഗ്യദസ്യേതി. 42

അഥ ഐതിഹ്യം, ഐതിഹ്യം നാമ ആപ്തോപദേശോ വേദഃ. 43

അഥ സംശയഃ, സംശയോ നാമ സന്ദിഗ്ധേഷ്വതഥ്യേഷു അനിശ്ചയഃ. യഥാ കിമകാലമൃത്യുരസ്തി നാസ്തീതി. 44

അഥ പ്രയോജനം, പ്രയോജനം നാമ യദർത്ഥമാരഭ്യന്ത ആരംഭാഃ. യഥാ യദ്യകാലമൃത്യുരസ്തി തതോഹമാത്മാനമായുഷ്യൈർ

വാൻ കഴിയും. അതുപോലെ ധനുസ്സിന്റെ സാദൃശ്യപ്രകാശംകൊണ്ടു ധനുഷ്ടംഭജ്ഞാനവും ഇഷ്വാസിയെക്കൊണ്ട് ആരോഗ്യദന്റെ ജ്ഞാനവും സാധിക്കാം. (ഉപമിതികരണമുപമാനം. സംജ്ഞാസംജ്ഞിതജ്ഞാനമുപമിതിഃ. തൽകരണം സാദൃശ്യജ്ഞാനം) എന്നാണ് നൈയായികമതം * 43— ഥഥ. ഐതിഹ്യം. ഐതിഹ്യം എന്നത് വേദം മുതലായ ആപ്തോപദേശമാകുന്നു. 'പാരമ്പര്യോപദേശേ സ്യാദൈതിഹ്യമിതിഹാവ്യയം' എന്ന് അമരസിംഹൻ. പണ്ടുള്ളവർ പറയുന്ന നാമത്തെ വിശ്വസിക്കുന്നു എന്നുള്ളത് ഐതിഹ്യം *

44— ഥഃ. സംശയം. സംശയമെന്നത് സംശയമുള്ള വിഷയങ്ങളിൽ ഏതാണ് പരമാർത്ഥമെന്ന നിശ്ചയമില്ലായ്മ— പരമാർത്ഥബോധംകൂടാതെ ഉഭയകോടിയിലുമിരിക്കുന്ന മനോവൃത്തിയാകുന്നു. അതെങ്ങിനെയെന്നാൽ അകാലമൃത്യു ഭവിക്കുമോ ? ഇല്ലയോ ? എന്ന ശങ്ക സംശയമാകുന്നു *

45— ഥന— പ്രയോജനം. സകല ആരംഭങ്ങളും ഏതിനെ ഉദ്ദേശിച്ചു തുടങ്ങുന്നുവോ അതാണ്— ആ ഉദ്ദിഷ്ടവസ്തുവായ പ്രയോജനമെന്നു പറയുന്നത്. അതെങ്ങിനെയെന്നാൽ, അകാലമൃത്യു എന്നൊന്നുണ്ടെങ്കിൽ അത് എന്നെ ബാധിക്കാതിരിക്കുവാൻ ഞാൻ എന്നെ— ഈ ശരീരത്തെ ആയുഷ്യങ്ങളായ രസവിഹാരാദികൾകൊണ്ടുപചരിച്ചുകൊള്ളാം. അനായുഷ്യങ്ങളെ പരിഹരിക്കുകയും ചെയ്യാം. ഏതുപ്രകാരമായാലും അകാലമൃത്യു എന്നെ ബാധിക്കാതിരിക്കുമോ അതേവിധമെല്ലാ

പചരിഷ്യാമി തമായുഷ്യാണി ച പരിഹരിഷ്യാമി കഥം മാമകാ
ലമൃത്യുഃപ്രസഹേദിതി. 45

അഥ സവ്യഭിചാരം; സവ്യഭിചാരം നാമ യദ്ഭേഷജം യഥാ ഭവേദിദമൌഷധം തസ്മിൻ വ്യാധൌ യൌഗികമഥവാ നേതി. 46

അഥ ജിജ്ഞാസാ, ജിജ്ഞാസാ നാമ പരീക്ഷാ. യദ്ഭേഷജം പരീക്ഷോത്തരകാലമുപദേക്ഷ്യതേ.

അഥ വ്യവസായഃ, വ്യവസായോ നാമ നിശ്ചയ[illegible] തിക ഏവായം വ്യാധിരിദമേവാസ്യ ഭേഷജമിതി.

ച്ചുകൊള്ളാമെന്നു നിശ്ചയിച്ചു് അതുപോലെ ആചരിക്കു[illegible] ഈ ആചരണം അകാലമൃത്യുജയത്തെ ഉദ്ദേശിച്ചാകയാൽ ഇവിടെ അകാലമൃത്യുജയം പ്രയോജനമാകുന്നു. ഇതാണ് പ്രയോജനപദാർത്ഥസ്വഭാവം *

46— ഛ. സവ്യഭിചാരം. സവ്യഭിചാരം— ഒന്നിലും ദൃഢനിശ്ചയമില്ലാതെ എന്നത്— നിശ്ചിതവസ്തുവിൽത്തന്നെ സംശയിക്കുന്നതാകുന്നു. അതിന്റെ സ്വഭാവമെന്തെന്നാൽ, ശാസ്ത്രഗ്രന്ഥങ്ങളിൽ വിധിച്ചിട്ടുണ്ടെങ്കിലും ഈ ഔഷധം ആരോഗ്യത്തിനു പറ്റുമോ ഇല്ലയോ എ[illegible]യിക്കുന്നതാകുന്നു സവ്യഭിചാരം * ✗

47— ഛ. ജിജ്ഞാസ. [illegible]സ എന്നത് ഓരോന്നിന്റെയും പ്രയോജനാദികളെ തന്[illegible]പരീക്ഷിച്ചറിയുവാൻ ഉത്സാഹിക്കുന്നതാകുന്നു. ഇതിന്റെ [illegible]ം മേലിൽ വിവരിക്കുന്നതായ ഭേഷജപരീക്ഷാവിഷയത്തി[illegible]ത്തമായി ഉപദേശിക്കുകയും ചെയ്യാം * ✓

48— ഛന്ദ. വ്യവസാ[illegible]സായമെന്നത് ആലോചിച്ചു നിശ്ചയിക്കുന്ന ദൃഢനിശ്ച[illegible]. ഈ വ്യാധി വാതകോപം നിമിത്തമുണ്ടായതു തന്നെയാ[illegible]ന്ന് ഈ ഔഷധംതന്നെയാണ് ശീലിക്കേണ്ടത്. ഇത്യാദി[illegible]ാണ് വ്യവസായം * ✗

അഥാത്മപ്രാപ്തിഃ, അത്മപ്രാപ്തിന്നാമ യത്തൈർഗുണൈരന്യോ നേക്കേന അപരസ്യാത്മസ്യാനുകൃതസ്യ സിദ്ധിഃ. യഥാ നായം സന്തർപ്പണസാധ്യോ വ്യാധിരിത്യുക്തേ ഭവത്യത്മപ്രാപ്തിരപതർപ്പണസാധ്യോയമിതി. നാനേന ദിവാ ഭോക്തവ്യമിത്യുക്തേ ഭവത്യത്മപ്രാപ്തിന്നിശി ഭോക്തവ്യമിതി. 49

തത്ര സംഭവഃ, സംഭവോ നാമ യോയതഃ സംഭവതി സ തസ്യ സംഭവഃ, യഥാ ഷിഡ്ഘാതവോ ഗർഭസ്യ വ്യാധേരഹിതം ഹിതമാരോഗ്യമിതി. 50

2 318 7. K-18.

49—ഉ. അത്മപ്രാപ്തി. ഏതെങ്കിലും ഒരു വിഷയത്തിൽ ഒരു അത്മം (വിധി) പറഞ്ഞാൽ അതുകൊണ്ട് മറൊരത്മം സിദ്ധിക്കുന്ന വിധി ഏതാണോ അതാണ് അത്മപ്രാപ്തി. ഒരു രോഗക്കു ചികിത്സ നിശ്ചയിക്കുവാൻ തുടങ്ങുമ്പോൾ ഈ രോഗം സന്തർപ്പണം ശീലിപ്പിച്ചുമാറ്റാവുന്നതല്ല എന്നു തീർച്ചപ്പെടുത്തുന്നതായാൽ ആ രോഗം അപതർപ്പണം—ലംഘനംകൊണ്ടു സാധിക്കുവുന്നതാണെന്ന അത്മം അവിടെ സൂക്ഷ്മമാകുന്നു. രോഗത്തിന്നു ചികിത്സിക്കാത്ത കഴികയില്ല. ചികിത്സ സന്തർപ്പണാപതർപ്പണഭേദേന രണ്ടുതരവുമാണ്. ഇവിടെ സന്തർപ്പണം യുക്തവുമല്ല എന്നു രൂപവോ അനുപദിഷ്ടമാണെങ്കിലും അപതർപ്പണമാണ് പ്രയോഗിക്കേണ്ടത് എന്നു സിദ്ധമാകുന്നു. ഇപ്രകാരതന്നെ ഇവന്ന് പകൽഭക്ഷണം കഴിക്കുവാൻ പാടില്ല എന്നു വിധിക്കുന്നതായാൽ രാത്രി ഭക്ഷണം കഴിക്കാമെന്നും സിദ്ധമാകും. ഇതും അത്മപ്രാപ്തിതന്നെയാണ്. ഇങ്ങനെ വിധമുള്ളതെല്ലാം അത്മപ്രാപ്തിയാണെന്നറിയണം*

50—ഉവ്വ. സംഭവം. സംഭവമെന്നത് ഏതൊന്ന് എന്തിൽ നിന്നുണ്ടാകുന്നുവോ അത് അതിന്റെ സംഭവമാകുന്നു. അതെങ്ങിനെയെന്നാൽ, തങ്ങളായി നിലക്കുന്ന രക്തധാതു- ധാതുക്കൾ ഗർഭത്തിന്നു വ്യാധിയെ ഉണ്ടാക്കിത്തീർക്കും. അപ്പോൾ ആ വ്യാധിയുടെ സംഭവം ധാതുക്കളാകുന്നു. അതുപോലെ നല്ലനിലയിൽ നിലക്കുന്നതായാൽ ആരോഗ്യത്തിന്റേയും സംഭവമായിരിക്കും. ഇങ്ങനെയുള്ള ഉദാഹരണം കണ്ടുകൊള്ളണം.

അഥാനുയോജ്യം, അനുയോജ്യം നാമ യദ്വാക്യം വാക്യദോഷയുക്തം തന്നുയോജ്യമുച്യതേ. സാമാന്യോദാഹൃതേഷ്വർത്ഥേഷു വാ വിശേഷഗ്രഹണാർത്ഥം തദ്വാക്യമനുയോജ്യം. യഥാ സംശോധനസാദ്ധ്യോയം വ്യാധിരുക്തേ കിംവമനസാദ്ധ്യഃ കിം വിരേചനസാദ്ധ്യഇത്യനുയുജ്യതേ. 51

അഥാനനുയോജ്യം, അനനുയോജ്യം നാമാതോ വിപര്യയേണ. യഥായമസാദ്ധ്യഃ. 52

അഥാനുയോഗഃ, അനുയോഗോ നാമ യൽ തദ്വിദ്യാനാം തദ്വിദ്യൈരേവ സാർദ്ധം തന്ത്രേ തന്ത്രൈകദേശേ വാ പ്രശ്നഃ പ്രശ്നേ

51—വൻ. അനുയോജ്യം. വാക്യദോഷത്തോടുകൂടിയ വാക്യമാണ് അനുയോജ്യം എന്നു പറയപ്പെട്ടിരിക്കുന്നു. അതിനെ കുറെക്കൂടി വിശദമായി പറയുകയാണെങ്കിൽ സാമാന്യവിധികൊണ്ട് ഒരു അർത്ഥത്തെ പറഞ്ഞിരിക്കുമ്പോൾ അതിന്റെ വിശേഷത്തെ അറിയുവാൻ വേണ്ടി ആ വാക്യത്തെത്തന്നെ വീണ്ടും വിമർശിക്കുന്നതാണ് അനുയോജ്യമെന്നും പറയാം. അതെങ്ങിനെയെന്നാൽ, ഈ രോഗം സംശോധനം ശീലിപ്പിച്ച മാറോണ്ടതാണ് എന്നു പറയുമ്പോൾ വമനം ശീലിപ്പിച്ചോ വിരേകം ശീലിപ്പിച്ചോ ഈ രോഗത്തെ മാറോണ്ടത്—സംശോധനമെന്നത് വമനവിരേചനങ്ങളെത്തന്നേയും പറയുന്നതാണ്. അതുകളിൽ ഇവിടെ കർത്തവ്യമായ സംശോധനമേതാണ് എന്ന ചോദ്യമാകുന്നു അനുയോജ്യം. *

52—നാ. അനനുയോജ്യം. അനനുയോജ്യമെന്നത് ഈ പറഞ്ഞതിൽനിന്നു വിപരീതമാകുന്നു. അതെങ്ങിനെയെന്നും പറയാം. ഈ രോഗം സംശോധനസാദ്ധ്യമാണെന്നു പറയുമ്പോൾ ഇത് അസാദ്ധ്യമാണോ എന്ന ചോദ്യം അനനുയോജ്യമാണെന്നറിയണം. **

53—നാ. അനുയോഗം. ശാസ്ത്രജ്ഞാനമുള്ളവർ തന്നെപ്പോലെ അറിവുള്ള മറ്റു വിദ്വാന്മാരോടുകൂടെ തന്ത്രത്തെ മുഴുവനോ എതെങ്കിലും ഒരു ഭാഗത്തെയോ ആശ്രയിച്ച്, അന്യന്റെ ജ്ഞാ

കദേശോ വാ ജ്ഞാനവിജ്ഞാനവചനപരീക്ഷാർത്ഥമാദിശ്യതേ. അഥവാ നിത്യഃ പുരുഷ ഇതി പ്രതിജ്ഞാതേ യൽ പരഃ കോ ഹേത്വർഥിത്യാഹ സോനുയോഗഃ. 53

അഥ പ്രത്യനുയോഗഃ, പ്രത്യനുയോഗോ നാമ അനുയോഗസ്യാനുയോഗഃ. ഉക്തോ അനുയോഗസ്യ പുനഃ കോ ഹേത്വർഥിതി. 54

അഥ വാക്യദോഷാഃ, വാക്യദോഷാ നാമ യഥാ ഖലു സ്മിന്നർത്ഥേ ന്യൂനമധികമനർത്ഥകമപാർത്ഥകം വിരുദ്ധമേതി. 55

അത്ര ഹേത്വുദാഹരണോപനയനിഗമനാനാമന്യതമേനാപി ന്യൂനം ന്യൂനം ഭവതി. യഥാ ബ്രഹ്മവാദിഷ്വേകൈകമേകേന സാ

നം വിജ്ഞാനം വചനശക്തി ഇതുകളെ അറിവാൻവേണ്ടി ചെയ്യുന്ന പ്രശ്നമോ (സമഗ്രമായ പ്രശ്നമോ) പ്രത്യേകഭാഗമോ ചെയ്യുന്നതു യാതൊന്നാണോ അതാണ് അനുയോഗമെന്നു പറയുന്നത്. അല്ലെങ്കിൽ പുരുഷൻ (പരമാത്മാ) നിത്യനാണെന്ന് ഒരാൾ ഉറപ്പിച്ചു പറയുമ്പോൾ, അങ്ങിനെ പറയുവാനുള്ളകാരണമെന്താണ് എന്നുള്ള (ഇത്തരമായിരിയുള്ള) പ്രശ്നവും അനുയോഗം തന്നെയാകുന്നു. ഇവിടെ വാക്യാർത്ഥജിജ്ഞാസയാണ് പ്രയോജനമെന്നു ഭേദം *

54—വാ. പ്രത്യനുയോഗം. അനുയോഗത്തിനുള്ള കാരണമെന്താണ്—പുരുഷൻ നിത്യനാണ് എന്നു പറയുവാനുള്ള കാരണമെന്താണ് എന്നു ചോദിച്ചത് എന്താണ്—എന്നുള്ള അനുയോഗത്തിന്റെ അനുയോഗമാകുന്നു പ്രത്യനുയോഗം *

55—വാ. വാക്യദോഷം. ന്യൂനം, അധികം, അനർത്ഥകം, അപാർത്ഥകം, വിരുദ്ധമെന്ന ഈ അഞ്ചുതരത്തിലുള്ള വാക്യത്തെ വാക്യദോഷമാണെന്നറിയണം. * 56—ഈ ന്യൂനാദിവാക്യദോഷപഞ്ചകത്തെയും വിവരിക്കുന്നു. ഹേതു ഉദാഹരണം ഉപനയം നിഗമനം എന്നതുകളിൽ ഏതെങ്കിലും ഒരു ഗുണം കുറഞ്ഞതാണെങ്കിൽ ആ വാക്യം ന്യൂനമാകുന്നു. വേറെയും ഒരു തരം ന്യൂനമുണ്ട്. അതെന്തെന്നാൽ, ഏതെങ്കിലും ഒരു കായ്മും (ജ്വരാദിരോഗം) വള്ള ഹേതുക്കൾനിമിത്തം സംഭവിക്കുമെന്ന് പൂർവ്വാചാര്യന്മാർ വിധ

ഋതേ ഹേതുനാ തച്ച ന്യൂനം. ഏതാനി ഹ്യന്തരേണ പ്രകൃതോ
ച്യർത്ഥഃ പ്രണശ്യേൽ. 56

ആധിക്യം നാമ യദ്യുച്യതേ ഭാഷ്യമാണേ ബാഹ്യസ്യൈവ
ശനസ്യന്യദാ പ്രതിസംബദ്ധാർത്ഥമുച്യതേ യദാ പുനഃ പ്രതി
സംബദ്ധാർത്ഥമപി ചിരഭിധീയതേ തൽ പുനരുക്തമാധിക്യം
തച്ച പുനരുക്തം ദ്വിവിധം അർത്ഥപുനരുക്തം ശബ്ദപുനരുക്ത
ഞ്ച. തത്രാർത്ഥപുനരുക്തം നാമ യഥാ ഭേഷജമൗഷധം സാധന
മിതി. ശബ്ദപുനരുക്തഞ്ച ഭേഷജം ഭൈഷജമിതി. 57

ച്ചിട്ടുണ്ടെങ്കിലും താൻ അതിനെ വിവരിക്കുന്ന സമയം അത് ഏ
തെങ്കിലും ഒരു ഹേതുനിമിത്തം സാധിക്കുന്നതാണ് എന്നു പറയു
ന്നതും ന്യൂനംതന്നെയാണ്. ഈ പറഞ്ഞ ഹേതുദാഹരാണാദി
കൾക്കു പൂർത്തിയില്ലെങ്കിൽ ആ വാക്യംകൊണ്ടു വിവക്ഷിതമായ പ്ര
കൃതത്തിലെ പ്രയോജനം നശിച്ചുപോകയുംചെയ്യും * 57—ആധി
ക്യമെന്ന വാക്യദോഷമെന്തെന്നാൽ, ആയുർവ്വേദത്തെക്കുറിച്ചു പ്ര
സംഗിച്ചുകൊണ്ടിരിക്കുമ്പോൾ പ്രസക്തനെപ്രസക്തൃാ അല്ലാ സം
ബന്ധിച്ചിതായ ബാഹ്സ്പത്യതന്ത്രത്തെയോ ശുക്രനീതിയെയോ
ആസ്പദമാക്കി—ആയുർവ്വേപ്രസംഗത്തെനിർത്തി— പ്രസംഗിക്കുന്ന
ത് അധികമെന്ന വാക്യദോഷമാകുന്നു. അല്ലെങ്കിൽ ആയുർവ്വേ
ത്തിലെ വിഷയത്തെ പറഞ്ഞതിനെത്തന്നെ പിന്നെയും പറയുന്ന
തായാൽ അതു പുനരുക്തമെന്ന ദോഷമുള്ളതാവുകനിമിത്തം അതും
അധികപ്രസംഗംതന്നെയാണ്. ആ പുനരുക്തം അർത്ഥപുനരു
ക്തം—ഒരിക്കൽ പറഞ്ഞ അർത്ഥത്തെത്തന്നെ പിന്നെയും പറയുക
എന്നും, ശബ്ദപുനരുക്തം—ഒരിക്കൽപറഞ്ഞ പദത്തെ ആ അർത്ഥ
ത്തെ പറയുവാൻ വീണ്ടും പറയുക എന്നും രണ്ടുപ്രകാരത്തിലാകു
ന്നു. ഇതിൽ, ഭേഷജം, ഔഷധം, സാധനം എന്നുപറയുന്നത്
അർത്ഥപുനരുക്തമാകുന്നു. ഇവിടെ അർത്ഥഭേദമില്ല; ശബ്ദഭേദമു
ണ്ട്. ശബ്ദപുനരുക്തമെന്നാൽ ഭേഷജം, ഭൈഷജം എന്നു പറയുന്ന
താകുന്നു. ഇവിടെ അർത്ഥവ്യത്യാസവും ശബ്ദവ്യത്യാസവുമില്ല. *

അനർത്ഥകം നാമ യച്ചോച്ചനമക്ഷരഗ്രാമമാത്രമേവസ്യാൽ പ
ഞ്ചവർഗ്ഗവന്ന ചാർത്ഥതോ ഗൃഹ്യതേ. 58

അപാർത്ഥകം നാമ യദർത്ഥവച്ച പരസ്യൂരേണ ചായുജ്യമാനമ
ർത്ഥം. യഥാ തക്രനക്രവംശവജ്രനിശാകരാ ഇതി. 59

വിരുദ്ധം നാമ യൽ ദൃഷ്ടാന്തസിദ്ധാന്തസമയൈർവ്വിരുദ്ധം.തത്ര
പൂർവ്വം ദൃഷ്ടാന്തസിദ്ധാന്താവുകെന്നു. സമയഃ പുനസ്ത്രിധാ ഭവതി. യ
ഥാ ആയുർവ്വൈദികസമയോ യാജ്ഞിയസമയോ മോക്ഷശാസ്ത്രികസ

58—അനർത്ഥകമെന്ന വാക്യദോഷമെന്തെന്നാൽ, വൈദ്യശാസ്ത്ര
ത്തിൽ പലേവർഗ്ഗങ്ങളും പറഞ്ഞിട്ടുണ്ട്. അതിൽ ഇന്നിന്നവർഗ്ഗംകൂ
ടിയതിന്ന് ഇന്നപേര് എന്നു നിയമംചെയ്യാതെയുള്ള ഘട്ട
ത്തിൽ ഈ യോഗം പഞ്ചവർഗ്ഗത്തോടുകൂടിയത് എന്നു പറയുന്നതാ
യാൽ യാതൊരർത്ഥവും സിദ്ധിക്കുകയില്ല. അതുപോലെ കുറെ അ
ക്ഷരങ്ങൾകൂടിച്ചേർന്നത് എന്നല്ലാതെ ഒരു വിശേഷാർത്ഥവുമില്ലാത്ത
വാക്ക് അനർത്ഥകമാണെന്നറിയണം * 59—അപാർത്ഥകമെന്ന
വാക്യദോഷലക്ഷണമെന്തെന്നാൽ, അവിടെ പറയുന്ന വാക്കുകളെ
ല്ലാം അർത്ഥവത്തുക്കളായിരിക്കും.പക്ഷെ അതുകൾക്കു തമ്മിൽയാതൊ
രുസംബന്ധവുമുണ്ടായിരിക്കയില്ല.അതെങ്ങിനെയെന്നാൽ,തക്രം=മോര്
നക്രം=മുതല. വജ്രം=വജ്രായുധം.നിശാകരൻ=ചന്ദ്രൻ ഇതുകളെല്ലാം
ഒന്നിച്ചുപായുന്നത് ഏതുപ്രകൃതത്തിന്നും വിരുദ്ധമായിരിക്കും.അതി
നാൽ ഇത് ഒരു കാര്യത്തിന്നും കൊള്ളരുതാത്ത വാക്യമെന്നു സാരം *
60—വിരുദ്ധമെന്നത് ദൃഷ്ടാന്തത്തിന്നും സിദ്ധാന്തത്തിന്നും സമയ
ത്തിന്നും വിരുദ്ധമായിട്ടുള്ള വാക്യമാകുന്നു. ഇതിൽ ദൃഷ്ടാന്തവും സി
ദ്ധാന്തവും ഇന്ന പ്രകാരമുള്ളതാണെന്നു മുമ്പുതന്നെ വിവരിക്കുകയും
ചെയ്തിരിക്കുന്നു. സമയമെന്നത്—നിശ്ചയമെന്നത് മൂന്നുതരത്തി
ലാണ്. അതുകളെന്തെല്ലാമെന്നാൽ, ആയുർവ്വൈദികസമയം—വൈ
ദ്യശാസ്ത്രനിശ്ചയം, യാജ്ഞിയസമയം, മോക്ഷശാസ്ത്രികസമയം എ
ന്നിതുകളാകുന്നു. അതിൽ വൈദ്യസമയം ചതുഷ്പാദസിദ്ധിയും,

മയ ഇതി തത്രായുർവ്വൈദികസമയശ്രുതുഷ്ടാസേഷ്ടിഃ. ആലഭ്യാ യ
ജമാനൈഃ പശവ ഇതി യാജ്ഞിയസമയഃ. സർവ്വഭൂതേഷ്വഹിംസേ
തി മോക്ഷശാസ്ത്രികസമയസൂത്ര സ്വസമയവിപരീതമുച്യമാനം വി
രുദ്ധമിതി വാക്യദോഷാഃ. 60

അഥ വാക്യപ്രശംസാ, വാക്യപ്രശംസാ നാമ യഥാ അന്യൂന
മനധികമർത്ഥവദനപാർത്ഥകമവിരുദ്ധമധിഗതപദാർത്ഥഞ്ച തദ്വാ
ക്യമനന്വയോജ്യമിതി പ്രശസ്യതേ. 61

അഥ ഫലം, ഫലം നാമ പരിശ്രമർത്ഥാഭാസമനർത്ഥകം വാ
ഗവസ്തുമാത്രമേവ. തദ്വിവിധം വാക്ഫലം സാമാന്യഫലഞ്ച. തത്ര
വാക്ഫലം നാമ യഥാ. കശ്ചിൽ ബ്രൂയാന്നവതന്ത്രോയം ഭിഷഗി
ത. ഭിഷക് ബ്രൂയാന്നാഹം നവതന്ത്ര ഏകതന്ത്രോഹമിതി. പരോ

യാജ്ഞികസമയം യജമാനന്മാർ യജ്ഞപശുവിനെ ആലഭനം ചെ
യ്യേണമെന്നും, മോക്ഷശാസ്ത്രികസമയം സകലഭൂതങ്ങളേയും—ജീവി
കളേയും ത്രിവിധകരണങ്ങളെക്കൊണ്ടും ഹിംസിക്കാതിരിക്കേണ്മെ
ന്നുമാകുന്നു. ഇതിൽ ഓരോ വിഷയങ്ങളേയുംകുറിച്ച് പറയുമ്പോൾ
ഈ സമയത്തെ ആസ്പദമാക്കാതെ—ഇതിന്നു വിരോധമായി പറ
യുന്ന വാക്ക് വിരുദ്ധമെന്ന വാക്യദോഷത്തോടുകൂടിയതാണെന്നറി
യണം. ഇവയാണ് വാക്യദോഷങ്ങൾ *

61—ാം. വാക്യപ്രശംസ. യാതൊരുവാക്യം ന്യൂനവും അ
ധികവുമല്ലാതെയും അർത്ഥവത്തായും അപാർത്ഥകമല്ലാതെയും അ
ന്യോന്യവിരുദ്ധമല്ലാതെയും ഏതൊന്നിനെക്കുറിച്ചു പറയുന്നുവോ
ആ വിഷയത്തിൽ അധിശയപദാർത്ഥമായും ഭവിക്കുമോ ആ വാക്യ
ത്തെ അനന്വയോജ്യമെന്നു പ്രശംസിക്കുന്നു. ഈ വാക്യംതന്നെയാ
ണ് വാക്യപ്രശംസയെന്നു പറയുന്നത് *

62—ാം. ഫലം. ശാസ്ത്രന്മാരായവർ പറയുന്നതും പ്രീതിയാ
യ—ഉദ്ദിഷ്ടമല്ലാതുള്ള അർത്ഥം സ്മരിക്കുന്നതും പ്രയോജനമില്ലാത്ത
മായ വാങ്മാത്രത്തെത്തന്നെയാണ് ഫലമെന്നു പറയുന്നത്. ഈ
ഫലംതന്നെ വാക്ഫലമെന്നും സാമാന്യഫലമെന്നുമുള്ള ഭേദത്തോ

ബ്രൂയാന്നാഹം ബ്രൂയാന്നവതന്ത്രോണിതവേതി, അഥ തു നവാഭ്യസ്തേ തന്ത്രമിതി. ഭിഷക് ബ്രൂയാന്നു മയാ നവാഭ്യസ്തം തന്ത്രം അനേകശതാഭ്യസ്തം മയാ തന്ത്രമിതി വാക്കുശലം. 62

സാമാന്യച്ഛലം നാമ യഥാ വ്യാധിപ്രശമനായൈഷധമിത്യുക്തേ പരോ ബ്രൂയാൽ സൽ സൽപ്രശമനമേതി കിന്നു ഭവാനാഹ സദ്രോഗഃ സദൗഷധം യദി ച സൽ സൽപ്രശമനായ ഭവതി തത്ര സൽകാസഃ സൽക്ഷയഃ സൽസാമാന്യാൽ കാസഃ ക്ഷയപ്രശമനായ ഭവിഷ്യതീത്യേതൽ സാമാന്യച്ഛലം. 63

ണ്ടുതരത്തിലുമായിരിക്കും. അതിൽ വാക്കുശലമെന്നതിന്റെ സ്വഭാവമെന്തെന്നാൽ, ഈ വൈദ്യൻ നവതന്ത്രനാണ് (ഒമ്പതു തന്ത്രങ്ങളെ അറിയുന്നവനാണ്; പുതിയതായി ശാസ്ത്രാഭ്യാസം ചെയ്യുവനാണ്) എന്നു പറഞ്ഞു. അപ്പോൾ ആ വൈദ്യൻ, ഞാൻ നവതന്ത്രനല്ല—ഒമ്പതു ശാസ്ത്രങ്ങളെ അറിയുന്നവനല്ല; ഏകതന്ത്രനാണ് എന്നുത്തരംപറയുന്നു. അപ്പോൾ അന്യൻ (ആദ്യംപറഞ്ഞവൻ) അങ്ങയ്ക്ക് ഒമ്പതു തന്ത്രങ്ങളറിയാമെന്നല്ല ഞാൻ പറഞ്ഞത്. പിന്നെയോ അങ്ങു പുതിയതായി വൈദ്യശാസ്ത്രം പഠിച്ചവനാണെന്നാകുന്നു എന്നുപറഞ്ഞു. വൈദ്യൻ അതിനേയുംഖണ്ഡിച്ചു. ഞാൻ പുതുതായി (അടുത്ത കാലത്ത്) പഠിച്ചതല്ല വൈദ്യം. ഇതു വളരെ ശതാബ്ദങ്ങൾക്കു മുമ്പുതന്നെ പലരും പഠിച്ചിട്ടുള്ളതാണ്. അതേവിധം ഞാനും (കുറേനാൾ) പഠിച്ചതാണ്. ഇത്യാദിസംഭാഷണമാണ് വാക്കുശലം * 62—വ്യാധിയെ ശമിപ്പിക്കുവാനുള്ളതാണ് ഔഷധം എന്നൊരാൾ പറഞ്ഞപ്പോൾ മറ്റൊരാൾ പറയുന്നു, താൻ പറയുന്നതു ശരിയല്ല. സത്തായിട്ടുള്ളതു സത്തിനെ ശമിപ്പിക്കുമെന്നത്രെ പറയേണ്ടത്. ആദ്യൻ പറയുന്നു. താൻ സത്ത് എന്നു പറഞ്ഞത് രോഗത്തെക്കുറിച്ചോ ഔഷധത്തെക്കുറിച്ചോ. സത്ത് സത്തിനെ ശമിപ്പിക്കുവാൻ കഴിയുമെങ്കിൽ കാസവും സത്താണ് ക്ഷയവും സത്താണ്. ഇവിടെ സൽസാമാന്യംനിമിത്തം കാസം ക്ഷയത്തെ ശമിപ്പിക്കുമോ ഇത്യാദിയാണ് സാമാന്യച്ഛലം. ഇവകൾ ശല

അഥ അഹേതുഃ അഹേതുസ്സാമ പ്രകരണസമഃ സംശയസമോ വർണ്ണ്യസമ ഇതി. തത്രപ്രകരണസമോ നാമാഹേതുര്യദ്യന്യഃ ശരീരാദാത്മാ നിത്യ ഇതി പക്ഷേ പരോ ബ്രൂയാച്ഛരീരാന്യോ ആത്മാ തസ്മാന്നിത്യഃ ശരീരമനിത്യമതോ വിരുദ്ധ്യതേനേതി ച ഭവിതവ്യം ഏഷ ചാഹേതുസ്സ ഹി യ ഏവ പക്ഷഃ സ ഏവ ഹേതുഃ. 64

സംശയസമോ നാമാഹേതുര്യ ഏവ സംശയഹേതുഃ സ ഏവ സംശയച്ഛേദഹേതുര്യദാ അയമാത്മാവേതരേഭ്യോ മാഹാത്മ്യ

വചനങ്ങളെല്ലാം വെറുംകുതർക്കം മാത്രമെന്നല്ലാതെ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നറിയണം *

64—സന്ന. അഹേതു. അഹേതു എന്നത് പ്രകരണസമം, സംശയസമം, വർണ്ണ്യസമം, എന്നിങ്ങിനെ മൂന്നുതരത്തിലാകുന്നു. അതിൽ പ്രകരണസമമായ അഹേതുവെന്തെന്നാൽ, ശരീരത്തിൽ നിന്നു വ്യതിരിക്തനായ ആത്മാവ് (പരമാത്മാ) നിത്യനാണ്—നാശരഹിതനാണ് എന്നു വാദി പറയുമ്പോൾ പ്രതിവാദി, ആത്മാവ് ശരീരത്തിൽനിന്നു വ്യതിരിക്തനാണ് അതിനാൽ ആത്മാവു നിത്യനാണ്. ശരീരം അനിത്യവും—തീച്ചയായും നശിക്കുന്നതുമാണ്. അതിനാൽ ആത്മാ ശരീരധർമ്മങ്ങളിൽ നിന്നു വ്യത്യസ്തപ്പെട്ടവനാണെന്നു തീച്ചയായും നിർണ്ണയിക്കാം. ഈ അഹേതു, യാതൊന്നാണോ പക്ഷമായിട്ടുള്ളത് അതുതന്നെയാണ് ഹേതു എന്നുള്ളതല്ലെന്നാകുന്നു * 65—സംശയസമമെന്ന അഹേതു, സംശയത്തിനു കാരണം യാതൊന്നോ അതുതന്നെയാണ് സംശയച്ഛേദത്തിനും കാരണമെന്നതാകുന്നു. ഇയ്യാൾ ആയുർവ്വേദത്തിൽ ചില ഭാഗമെല്ലാം വിപരീതമായി പറയുന്നുണ്ട്. ഇയ്യാൾക്കു ചികിത്സിപ്പാനറിയാമോ എന്നൊരാൾ ചോദിച്ചതിന്ന്, ആയുർവ്വേദത്തിൽ ഏതാനും അറിയാമെന്നു ബോദ്ധ്യപ്പെട്ടിട്ടില്ല. അതിനാൽ ഇയ്യാൾക്കു ചികിത്സയറിയാമെന്നു തീച്ചയായും എന്നു മറ്റൊരാൾ മറുപടിപറയുന്നു. ഇവിടെ ആയുർവ്വേദൈകദേശജ്ഞാനം ഒന്നുതന്നെയാണ് സംശയത്തിനും സംശയച്ഛേദത്തിനും കാരണം. പ്രഷ്ടാവിന്റെ അഭിപ്രായത്തിൽ ഇയ്യാൾക്കു പരിപൂർണ്ണമായ ആയുർവേദവിജ്ഞാനമില്ലാ

യം ചികിത്സകഃ സ്യാൽ ന വേതി സംശയേ പരോ ബ്രൂയാൽ, യസ്മാദേയമായുർവ്വേദൈകദേശമാഹ തസ്മാച്ചികിത്സകോയമിതി. ന ച സംശയസ്യൈ ഹേതും വിശേഷയത്യേഷ ചാഹേതുന്ന ഹി യ ഏവ സംശയഹേതുഃ സ ഏവ സംശയച്ഛേദഹേതുഃ. 65

വർണ്യസമോ നാമാഹേതുർയ്യോ ഹേതുർവ്വർണ്യാവിശിഷ്ടഃ യഥാ പരോ ബ്രൂയാൽ അസ്പൃശത്വാൽ ബുദ്ധിരനിത്യാ ശബ്ദവദിതി തത്ര വർണ്യഃശബ്ദോബുദ്ധിരപി വർണ്യാ തദ്ഭയവർണ്ണ്യാവിശിഷ്ടത്വാൽ വർണ്ണ്യസമോപ്യഹേതുഃ. 66

അഥ അതീതകാലം, അതീതകാലം നാമ യൽ പൂർവ്വം വാച്യം തൽ പശ്ചാദുച്യതേ. തൽ കാലാതീതത്വാദ്ഗ്രാഹ്യം ഭവതി പരം

യിരിക്കുമോ എന്നായിരുന്നു. രണ്ടാമന്റെ പക്ഷം ഏകദേശജ്ഞാനംകൊണ്ടു സാമാന്യജ്ഞാനത്തെ അനുമാനിക്കാമെന്നായിരുന്നു. പരിപൂർണ്ണജ്ഞാനമില്ലാത്ത ഒരാൾക്ക് ഏകദേശജ്ഞാനത്തെ വെളിവിൽ കൊണ്ടുവരുവാൻ കഴികയില്ല എന്നാണ് രണ്ടാമന്റെ പക്ഷം *

66—വർണ്ണ്യസമമായ അഹേതുവെന്നത്, വർണ്ണ്യങ്ങളായ രണ്ടു വസ്തുക്കൾക്കു വർണ്ണനാവിശേഷം കല്പിക്കാതിരിക്കുകയാകുന്നു. രണ്ടു വർണ്ണ്യവസ്തുക്കളെ ഒരു സാധാരണ ധർമ്മംകൊണ്ടു വർണ്ണിക്കുന്നതാകുന്നു. അതെങ്ങിനെയെന്നാൽ, അസ്പൃശത്വഗുണംനിമിത്തം ബുദ്ധി ശബ്ദംപോലെ അനിത്യമാണെന്ന് ഒരാൾ സിദ്ധാന്തിക്കുന്നു. ഇവിടെ ശബ്ദവും ബുദ്ധിയും രണ്ടും വർണ്ണ്യങ്ങൾതന്നെയാണ്. ഈ രണ്ടു വർണ്ണ്യങ്ങൾക്കും അനിത്യത്വമെന്ന സാധാരണ ധർമ്മം സംഭവിക്കുവാനുള്ള ഹേതുക്കളെ പ്രത്യേകം പറയാതെ ഒന്നായി അനിത്യത്വാൽ എന്നു പറഞ്ഞിരിക്കയാൽ ഇതാണ് വർണ്ണ്യസമമായ അഹേതു *

67—ഉ. അതീതകാലം. ആദ്യമായി പറയേണ്ടുന്ന വിഷയങ്ങളെ രണ്ടാമതു വിവരിക്കുന്നത് അതീതകാലമാകുന്നു. അതെങ്ങിനെയെന്നാൽ, അത് വേണ്ടതിലധികം പഴകിപ്പോകയാൽ സാധീകരിക്കത്തക്കതല്ല. വേണ്ടതുപോലെ സൂക്ഷിക്കായ്കയാലും സാധീകായ്മല്ലാതായിത്തീർന്നിരിക്കുന്നു എന്ന് ധാന്യാദികളെക്കുറിച്ചുള്ള വചനം

വാ നിഗ്രഹപ്രാപ്തമനിഗൃഹ്യ പരിഗൃഹ്യ പക്ഷന്തരിതം പ്രാപ്തി ഗൃഹീതേ തത്തസ്യാതീതകാലതാപ്തിനിഗ്രഹവചനസമർത്ഥം ഭവതി. 67.

അഥ ഉപാലംഭഃ, ഉപാലംഭോ നാമ ഹേതോർദ്ദോഷവചനം യഥാ പൂർവ്വമഹേതവോ ഹേത്വാഭാസാ വ്യാഖ്യാതാഃ. 68

അഥ പരിഹാരഃ, പരിഹാരോ നാമ തസ്യൈവ ദോഷവചനസ്യ പരിഹരണം യഥാ നിത്യമാത്മനി ശരീരസ്ഥേ ജീവലിംഗാന്യുപലഭ്യന്തേ തസ്യ ചാപഗമാന്നോപലഭ്യന്തേ തസ്മാന്യേ ശരീരാത്മാ നിത്യശ്ശരീരാദിതി. 69

മാകുന്ന അതീതകാലം. ഇവിടെ കാലാതിപാതപ്രാപ്തനിമിത്തം ആ ഗ്രാഹ്യത്വം തീർച്ചയായും സംഭവിക്കുന്നതാണ്. ആ കാലത്തിനും മുമ്പെ സംഭവിക്കാവുന്നതാണ് വേണ്ടവിധം സൂക്ഷിക്കായ്കനിമിത്തം സംഭവിക്കുന്ന ദോഷം. അപ്പോൾ അതീതകാലം എന്ന പറഞ്ഞാൽ അതിനിടയ്ക്കു വരാവുന്നതെല്ലാം ഗതാർത്ഥങ്ങളായിപ്പോകുന്നതാകയാൽ അതീതകാലമെന്ന പറഞ്ഞതിന്റെശേഷം സൂക്ഷ്മക്കുറവ് എന്ന പറഞ്ഞത് അതീതകാലമാണെന്നറിയണം *

68—നവ. ഉപാലംഭം. ഹേതുവിനെ ദോഷത്തെ പറയുന്നതാകുന്ന ഉപാലംഭം. അഹേതുക്കളും ഹേത്വാഭാസങ്ങളും വിവരിച്ചു കഴിഞ്ഞിരിക്കയാൽ ഇവിടെ ഹേതുവിനെപ്പറ്റി ഒന്നും വിവരിക്കേണ്ടതുമില്ല *

69—നൻ. പരിഹാരം. ആ ദോഷവചനത്തിന്റെ പരിഹരണംതന്നെയാകുന്ന പരിഹാരം. ആത്മാ ഈ ശരീരത്തിലിരിക്കുന്നേടത്തോളം കാലം ശരീരത്തിൽ ജീവലിംഗങ്ങൾ ഇടവിടാതെ കാണപ്പെടുന്നു. ആത്മാ ശരീരത്തെ വിട്ടുപിരിഞ്ഞാൽ ജീവലക്ഷണങ്ങൾ ഒന്നെങ്കിലും കാണുകയുമില്ല. അതിനാൽ ആത്മാ ശരീരത്തിൽനിന്നു വ്യതിരിക്തനും ശരീരത്തിനെക്കാൾ നിത്യനുമാകുന്നു. ഇവിടെ ആത്മാവിൽനിന്ന് എത്രയോ താണനിലയിലിരിക്കുന്നതും ക്ഷണഭംഗുരവുമാണ് ശരീരമെന്നാണ് വർണ്ണിക്കുന്നത്. അതിലെ ശരീരദോഷവാചകങ്ങളെ ആത്മാവിന്റെ ഗുണകഥനംകൊണ്ടു പരിഹരിക്കു

അഥ പ്രതിജ്ഞാഹാനിഃ, പ്രതിജ്ഞാഹാനിർനാമ യഃ പൂർവ്വപ്രതിഗൃഹീതാം പ്രതിജ്ഞാം പശ്ചാന്നയുക്തഃ പരിത്യജതി യഥാ പ്രാക് പ്രതിജ്ഞാം കൃതവാ നിത്യഃ പുരുഷ ഇതി പശ്ചാന്നയുക്തഃ സൂചാഹ അനിത്യ ഇതി: 70

അഥ അഭ്യനുജ്ഞാ, അഭ്യനുജ്ഞാ നാമ യ ഇഷ്ടാനിഷ്ടാഭ്യുപഗമഃ. 71

അഥ ഹേത്വന്തരം, ഹേത്വന്തരം നാമ പ്രകൃതാദ്ധേതോർ വാച്യേ യദ്വികാരഹേതുമാഹ. 72

അഥ അർത്ഥാന്തരം, അർത്ഥാന്തരം നാമ ജ്ഞാപകലക്ഷണേ വാച്യേ പ്രമേഹലക്ഷണമാഹ. 73

അഥ നിഗ്രഹസ്ഥാനം, നിഗ്രഹസ്ഥാനം നാമ പരാജയപ്രാ

ന്നം. മറവള്ള ഉദാഹരണങ്ങളിലും ഇപ്രകാരമായിരിക്കുന്ന ലക്ഷ്യലക്ഷണങ്ങളെ അറിയുകയും വേണം *

70—൭൦. പ്രതിജ്ഞാഹാനി. താൻ ആദ്യംചെയ്ത പ്രതിജ്ഞയെ സാധിപ്പിക്കുവാൻ കഴിയായ്കനിമിത്തം അതിനെ ഉപേക്ഷിക്കുന്നത്—തദ്വിപരീതപക്ഷത്തെ സ്വീകരിക്കുന്നതാകുന്നു പ്രതിജ്ഞാഹാനി. അതെങ്ങിനെയെന്നാൽ, ആദ്യം പുരുഷൻ നിത്യനാണെന്നു പ്രതിജ്ഞചെയ്തു. ആ പ്രതിജ്ഞയെ ഹേത്വാദികളെക്കൊണ്ടു സ്ഥാപിക്കുവാൻ സാധിക്കായ്കനിമിത്തം പുരുഷൻ നിത്യനല്ല; അനിത്യനാണ് എന്നു പറയുന്ന വചനം പ്രതിജ്ഞാഹാനിയാകുന്നു *

71—൭൧. അഭ്യനുജ്ഞ. ഇഷ്ടാനിഷ്ടങ്ങളിൽ രണ്ടും വന്നുചേരുന്നതു യാതൊന്നോ അതാണ് അഭ്യനുജ്ഞ *

72—൭൨. ഹേത്വന്തരം. പ്രകൃതമായ ഹേതു വാച്യമായിരിക്കുന്നസമയം വികാരഹേതുവിനെ പറയുന്നതു യാതൊന്നോ അതാണ് ഹേത്വന്തരം *

73—൭൩. അർത്ഥാന്തരം. ജ്ഞാപകലക്ഷണങ്ങളെ പറയേണ്ടുന്ന ഘട്ടത്തിൽ അതു പറയാതെ പ്രമേഹലക്ഷണങ്ങളെ പറയുന്നത് അർത്ഥാന്തരമാകുന്നു *

74—൭൪. നിഗ്രഹസ്ഥാനം. നിഗ്രഹസ്ഥാനമെന്നത് പരാജയപ്രാപ്തിയാകുന്നു. അതെങ്ങിനെ സംഭവിക്കുമെന്നാൽ, നല്ല അ

പ്പിസൂച്ച തിരുക്തസ്യ വാക്യസ്യ അവിജ്ഞാനം പരിഷ[illegible]
വത്യാം.

യദ്വാ അനനുയോജ്യസ്യാനുയോഗോ അനുയോജ്യസ്യ പ്രാപ്ത
നുയോഗഃ പ്രതിജ്ഞാഹാനിരഭ്യനുജ്ഞാ കാലാതീതവചന മഹേതു
ന്യൂന മതിരിക്തം വ്യർത്ഥമനർത്ഥകം പുനരുക്തം വിരുദ്ധം ഹേത്വന്ത
രമർത്ഥാന്തരം നിഗ്രഹസ്ഥാനമിതി വാദമര്യാദോപഗാനി യഥോദ്ദേശ
മുപനിർദ്ദിഷ്ടാനി. 75

വാദസ്യ ഖലു ഭിഷജാം വർത്തമാനോ വർത്തതായുർവ്വേദ ഏവ
നാന്യത്ര. 76

രിവുള്ള സഭ്യന്മാർക്കുകൂടി ഇവൻ ഒരു വിഷയത്തെക്കുറിച്ചു മൂന്നുപ്രാ
വശ്യം ആവർത്തിച്ചു പറഞ്ഞിട്ടും അതിന്റെ അർത്ഥം സ്പഷ്ടമാവുന്നി
ല്ലെങ്കിൽ അവൻ വാദത്തിൽ തീച്ചയായും പരാജിതനായി എന്നു
തീച്ചപ്പെടുത്താം. ഈ പരാജയത്തെയാണ് നിഗ്രഹസ്ഥാനമെന്നു
പറയുന്നത്. ഇതാണ് മുൻവിവരിച്ചതായ വാദം ദ്രവ്യം ഗുണങ്ങൾ
എന്നു തുടങ്ങിയ നാല്പത്തിനാലു വാദമര്യാദകളുടേയും വിവരണം *

75—അല്ലെങ്കിൽ വേറെ ചിലരുടെ പക്ഷത്തിൽ വാദമര്യാദാ
പങ്ങളും ഈ പറയുന്നവയാണെന്നും സിദ്ധമാകുന്നു. അതുകളെ
മനസ്സിലാക്കുമെന്നാൽ, അനനുയോജ്യത്തിന്റെ അനുയോഗം അനുയോ
ജ്യത്തിന്റെ അനനുയോഗം പ്രതിജ്ഞാഹാനി അഭ്യനുജ്ഞ കാലാ
തീതവചനം അഹേതുവചനം ന്യൂനവചനം അതിരിക്തവചനം
വ്യർത്ഥവചനം അനർത്ഥകം പുനരുക്തം വിരുദ്ധം ഹേത്വന്തരം അ
ർത്ഥാന്തരം നിഗ്രഹസ്ഥാനം എന്നിതുകളാണ് വാദമര്യാദാനിയമ
ങ്ങൾ—വാദമര്യാദാനിയമങ്ങളിൽ സഭ്യന്മാർ ഇതുകളെ മാത്രം മ
നസ്സിരുത്തിയാലും മതി എന്നും പറയുന്നു. ഇതുകളുടെ ലക്ഷണങ്ങളും
മുൻവിവരിച്ചവതന്നെയാണ് എന്നും ഗ്രഹിക്കണം * 76—വൈദ്യ
ന്മാർ തമ്മിൽ വാദംനടത്തുമ്പോൾ ആ വാദത്തിലെ പ്രശ്നാർത്ഥങ്ങ
ളും ഉദാഹരണവാചകങ്ങളുമെല്ലാം ആയുർവ്വേദശാസ്ത്രസിദ്ധങ്ങളായ
വിഷയങ്ങൾ തന്നെയായിരിക്കണം. മറ്റേതൊരു വിഷയത്തെ
ക്കുറിച്ചുമായിരിക്കരുത്. വാദം ശാസ്ത്രാർത്ഥത്തെ ദൃഢീകരിക്കുവാൻ
വേണ്ടി ചെയ്യുന്നതാകയാൽ അതിലെ സംഭാഷണങ്ങളെല്ലാം ആ

ത്രാഹി വാക്യപ്രതിവാക്യവിസ്താരാഃ കേവലാശ്ചോപപത്തയശ്ച സിദ്ധ്യധികരണേഷു താഃ സർവ്വാഃ സമ്യഗവേക്ഷ്യാവേക്ഷ്യ സർവ്വം വാക്യം ബ്രൂയാൽ. നാപ്രകൃതികമശാസ്ത്രമപരീക്ഷിതമസാധകമാക്ഷിപ്തമജ്ഞാപകം വാ സർവ്വത്ര ഹേതുമൽ ബ്രൂയാൽ. ഹേതുമന്തോ ഹ്യേകമുഷ്യാഃ സർവ്വ ഏവ വാവേഗ്രഹശ്ചികിത്സിതേ കാരണത്രയാഃ. പ്രശസ്തബുദ്ധിവർദ്ധകത്വാൽ സർവ്വാരംഭസിദ്ധിം ഹ്യാവഹത്യനുപഹതാ ബുദ്ധിഃ. 77

ഇമാനി ഖലു താവദിഹ കാനിചിൽ പ്രകരണാനി ബ്രൂമഃ ജ്ഞാനപൂർവ്വകം കർമ്മണാം സമാരംഭം പ്രശംസന്തി കുശലാഃ. 78

ജ്ഞാത്വാ ഹി കാരണകരണകാര്യയോനികർമ്മകാര്യഫലാനു

വിഷയത്തെക്കുറിച്ചുതന്നെയായിരിക്കേണമെന്നുസാരം * 77— ആ വാദത്തിലെ വാക്യപ്രതിവാക്യങ്ങളുടെ വിസ്താരങ്ങളും എല്ലാ അധികരണങ്ങളും വിഷയമുള്ള ഉപപത്തികളും എന്നുവേണ്ട വാവിഷയം പറയുന്ന സകലവാക്കുകളും നല്ലവണ്ണം ആലോചനയോടുകൂടെ പറയണം. പ്രകൃതിവിരുദ്ധമോ ശാസ്ത്രസിദ്ധമല്ലാതുള്ളതോ പരീക്ഷിച്ചറിയാതുള്ളതോ സാധകമല്ലാത്തതോ—വ്യർത്ഥമോ ആകുലമോ പരക്കെ ജനങ്ങൾക്കു മനസ്സിലാവാത്തതോ ആയ വിധം ഒരിക്കലും സംസാരിക്കരുത്. പറയുന്നതിനെല്ലാം തക്കതായ ഹേതുവിനെക്കൂടെ പ്രകാശിപ്പിക്കുകയും വേണം. ഹേതുവിനോടുകൂടയും കാലുഷ്യംകൂടാതെയും വാദപ്രതിവാദങ്ങളെല്ലാം ചെയ്യുന്നതായാൽ ആ വാദപ്രതിവാദങ്ങളും ബുദ്ധിയെ (അറിവിനെ) വർദ്ധിപ്പിക്കുമെന്നതുനിമിത്തം അതുകൾ ചികിത്സാസാമർത്ഥ്യം വർദ്ധിക്കുവാൻ പ്രത്യേകം കാരണത്തങ്ങളുമാകുന്നു. ബുദ്ധിക്കു നല്ല ഔജ്ജ്വല്യമുണ്ടായാൽ (സംശയമില്ലാതായാൽ) താൻ തുടങ്ങുന്ന ഏതുകാര്യവും അനായാസേന സിദ്ധിക്കുകയും ചെയ്യും *.

78— വൈദ്യവിഷയം ഈ പറയുന്ന പ്രകരണങ്ങളും അവശ്യവിജ്ഞേയങ്ങളാകുന്നു. അതിനാൽ ആ പ്രകരണങ്ങളേയും വിസ്തരിച്ചുപദേശിച്ചുതരാം. ഇതുകൾ നല്ലവണ്ണം അറിഞ്ഞു പ്രവൃത്തിക്കുന്നതാണ് നിരപായമായ മാർഗ്ഗമെന്നാണ് അറിവുള്ള മഹാന്മാരുടെ പക്ഷം * 79— ഈ കാരണം ഉം കരണം നും കാര്യയോനി

ബന്ധദേശകാലപ്രവൃത്ത്യുപായാൻ സമ്യഗഭിനിവൃത്ത്യമാനഃ കാ
ര്യാഭിനിവൃത്താവിഷ്ടഫലാനുബന്ധകം കാര്യമഭിനിവൃത്തയത്യനതി
മഹതാ പ്രയത്നേന കർത്താ. 79

തത്ര കാരണം നാമ തദ്യൽ കരോതി സ് എവ ഹേതുഃ ക
ർത്താ സഃ. 80

കരണം പുനസ്തദുപകരണായോപകല്പതേ കർത്തുഃ കാര്യാ
ഭിനിവൃത്തൗ പ്രയതമാനസ്യ. 81

കാര്യയോനിസ്തു സാ യാ വിക്രിയമാണാ കാര്യതപമാപ
ദ്യതേ. 82

കാര്യന്തു തദ്യസ്യാഭിനിവൃത്തിമഭിസന്ധായ പ്രവർത്തതേ
കർത്താ. 83

കാര്യഫലം പുനസ്തദ്യൽപ്രയോജനാ കാര്യാഭിനിവൃത്തിരി
ഷ്യതേ. 84

---

൭൯. കാര്യം ൮൦. കാര്യഫലം ൮൧. അനുബന്ധം ൮൨. ദേശം. വ്യ. കാ
ലം ൮൩. പ്രവൃത്തി ൮൪. ഉപായം എന്ന ഈ പത്തുകൂട്ടവും വഴി
പോലെ അറിഞ്ഞതിനുശേഷം ചികിത്സ ചെയ്യുന്നതായാൽ ആ
വൈദ്യന് ഉദ്ദിഷ്ടകാര്യത്തെ സാധിക്കുന്ന വിഷയത്തിൽ വലിയ
പ്രയത്നംചെയ്യും താൻ വിചാരിച്ചകാര്യം സാധിക്കുവാൻ കഴിയും *
ഈ കാരണാദികളുടെ സ്വഭാവത്തെ വിവരിക്കുന്നു:— 80— ഏ
തിനെ (വൈദ്യത്തെ) ചെയ്യുന്നവോ അതാണ് കാരണം. ആ
ചെയ്യുന്നത് ഹേതുവും ചെയ്യുന്നവൻ കർത്താവുമായിരിക്കും. *
81— കാര്യസാദ്ധ്യത്തിനു പ്രയത്നംചെയ്യുന്ന കർത്താവിന്. ആ
പ്രവൃത്തിയിൽ ഉപകരണമായിത്തീരുന്നതു യാതൊന്നോ അതാ
ണ് കരണം * 82— ഇപ്പോഴുള്ള നിലയ്ക്കു വിപരീതാവസ്ഥവ
ന്നാൽ കാര്യമായിത്തീരുന്നതു യാതൊന്നോ അതാണ് കാര്യയോ
നി * 83— കർത്താവ് യാതൊന്നിന്റെ അഭിനിവൃത്തിയെ ആഗ്ര
ഹിച്ചാണോ പ്രവൃത്തിക്കുക ആ ഉദ്ദേശമാകുന്നു കാര്യം * 84—
കാര്യത്തിന്റെ അഭിനിവൃത്തിയെ ഏതൊരു ആവശ്യത്തിനുവേ

തദനാരംഭസ്യ കർത്താരമവധ്യമനാഖ്യാതി കാര്യോത്തരകാലം കാര്യനിമിത്തഃ ശുഭോ വാപ്യശുഭോ വാ ഭാവഃ. 85

ദേശസ്സ്വധിഷ്ഠാനം. 86

കാലഃ പുനഃ പരിണാമഃ. 87

പ്രവൃത്തിസ്തു ഖലു ചേഷ്ടാ കാര്യാത്മാ സൈവ ക്രിയാ കർമ്മ യത്നഃ കാര്യസമാരംഭശ്ച. 88

ഉപായഃ പുനഃ കാരണാദീനാം സൌഷ്ഠവസന്ധിസന്ധാനഞ്ച സാധ്യസ്യ കാര്യഫലസ്യാനുബന്ധോപായവജ്ജ്ഞാനം കാര്യാണാമഭിനിർവൃത്തിക ഇത്യേതോഭ്യുപായഃ കൃതസ്യോപായസ്യ നാശേ വിദ്യതേ തതോന്യേ കൃതസ്യോത്തരകാലം ഫലം ഫലശ്രുതേരനുബന്ധ ഇതി വ്യാഖ്യാതം ശേവിധം. 89

ണ്ടി ചെയ്യുന്നവോ അതാകുന്ന കാര്യഫലം * 85— അനുബന്ധമെന്നത്, കാര്യാവാപ്തിക്കുശേഷം കർത്താവിനെ തീച്ചയായും അനുബന്ധിച്ചുനില്ക്കുന്നതും ആ കാര്യംനിമിത്തമുണ്ടായതുമായ ശുഭമോ അശുഭമോ ആയിട്ടുള്ള ഏതൊരു ഭാവവിശേഷമാണ് സംഭവിക്കുക അതാകുന്ന അനുബന്ധമെന്നു പറയുന്നത് * 86— ദേശമെന്നത് അധിഷ്ഠാനമാകുന്ന * 87— കാലമെന്നത് പരിണാമവുമാകുന്ന * 88— കാര്യത്തിനുവേണ്ടിയുള്ള ചികിത്സാദിവ്യാപാരങ്ങളാകുന്ന പ്രവൃത്തി എന്നു പറയുന്നത്. ഈ പ്രവൃത്തിയെ ക്രിയ കർമ്മം യത്നം കാര്യസമാരംഭം എന്ന പര്യായങ്ങളെക്കൊണ്ടു പറയുകയും ചെയ്യും * 89— ഉപായമെന്നത്, കാരണാദികളുടെ സൌഷ്ഠവവും (സമ്പത്തിയും) അതുകളെ വിടാതെ ശീലിക്കുകയുമാകുന്നു. കാര്യം കാര്യഫലം അനുബന്ധം ഉപായം എന്നിവയെ മുൻപിച്ചുള്ള വിഷയങ്ങളെ സാധിപ്പിക്കുന്നതാകുന്ന അഭ്യുപായമെന്നു പറയപ്പെടുന്നത്. ഈ അഭ്യുപായം പ്രയോഗിക്കപ്പെടുന്നസമയം ഫലം സിദ്ധിച്ചില്ലാ എങ്കിലും ഉത്തരകാലത്തിൽ അതിന്റെ ഫലം സിദ്ധിക്കുകയും അങ്ങിനെ സിദ്ധിക്കുന്ന ഫലം പിന്നെ ഇടവിടാതെ അനുബന്ധിച്ചുനില്ക്കുകയും ചെയ്യുന്നതാകുന്നു. അതി

അഗ്രേ പരീക്ഷ്യം തതോന്നമം കാര്യമിത്യാ പ്രവൃത്തിരിഷ്ടം. തത്തിഷക് കാര്യാ ചികിഷ്ടാ പ്രാഗ്രൂപസമാരംഭേൽ പരീക്ഷണാ കേവലം പരിക്ഷ്യാ പരീക്ഷ്യത്ഥമ്മ സമാരഭേത കത്തും. 90

തത്ര ചേൽ ഭിഷഗഭിഷഗ്ഭാ ഭിഷജം കശ്ചിൽ പൃച്ഛേത്തമന വിരേചനാസ്ഥാപനാനുവാസനശിരോവിരേചനാനി പ്രയോക്തുകാ മേന ഭിഷജാ കതിവിധാ പരീക്ഷാ കതിവിധമേവ പരീക്ഷ്യം കശ്ചാ ത്ര പരീക്ഷ്യവിശേഷഃ കഥഞ്ച പരീക്ഷിതവ്യം കിം പ്രയോജനാ ച

നാൽ ഈ അദ്ധ്യായം എത്രയോ പ്രധാനമായിട്ടുള്ളതാണെന്നറിഞ്ഞുകൊൾകയും വേണം. ഇങ്ങിനെ കാരണം മുതലായതു പത്തും വിവരിക്കപ്പെട്ടു *

90—എതുരോഗത്തിലും ആദ്യം ദോഷകോപാദ്യവസ്ഥകളെ നല്ലവണ്ണം പരീക്ഷിച്ചറിഞ്ഞതിന്നു ശേഷം കായ്യാർത്ഥായ (ദോഷ സാമ്യത്തെചെയ്യുന്നതായ) പ്രവൃത്തിയും ചെയ്യണം. ഈ വക കാരണങ്ങളാൽ വൈദ്യൻ ചികിത്സിക്കുവാൻ തുടങ്ങുന്നസമയം ചികിത്സ നിശ്ചയിക്കുന്നതിന്നുമുമ്പു തന്നെ പരീക്ഷിച്ചറിയേണ്ടതായ സകലഭാവങ്ങളേയും അറിഞ്ഞതിന്നുശേഷം ചികിത്സിക്കുവാൻ തുടങ്ങുകയും വേണം *

91—ഇങ്ങിനെ പരീക്ഷിച്ചറിഞ്ഞു ചികിത്സിക്കുവാൻ തുടങ്ങുന്ന സമയം മാത്ര വൈദ്യനോ വൈദ്യനല്ലാത്തവനോ ആരെങ്കിലും ഇവനോട്, വമനം വിരേചനം കഷായവസ്തി സ്നേഹവസ്തി ശിരോ വിരേചനം എന്ന പഞ്ചകർമ്മങ്ങളെ ശീലിപ്പിക്കുവാൻ ഭാവിക്കുന്ന വൈദ്യൻ ചെയ്യേണ്ടതായ പരീക്ഷ എത്രതരത്തിലായിരിക്കും? പരീക്ഷിക്കേണ്ടുന്നവ എത്രവിധമായിരിക്കും? ഇത്തരം പരീക്ഷ്യവിശേഷമെന്തായിരിക്കും? എങ്ങിനെയാണ് പരീക്ഷിക്കേണ്ടത്? ഇങ്ങിനെ പരീക്ഷിച്ചറിയുന്നതിന്റെ പ്രയോജനമെന്താണ്? ഈ വമനാദികളായ ക്രിയകളും ആർക്കെല്ലാം ചെയ്യാം? ഏതെല്ലാം രോഗങ്ങളിൽ ചെയ്യുകൂടാ? ഒരു വിഷയത്തിൽ (ഒരു രോ

പരീക്ഷാ കഃ ച വമനാദിനാം പ്രവൃത്തിഃ കഃ ച നിവൃത്തിഃ പ്രവൃത്തിനിവൃത്തിസംയോഗേ ച കിം നൈഷ്ഠികം കാനി ച വമനാദിനാം ഭേഷജദ്രവ്യാണ്യുപയോഗം ഗച്ഛന്തീതി. സ ഏവം പൃഷ്ടോ യദി മോഹയിതുമിച്ഛേൽ ബ്രൂയാദേനം ബഹുവിധാ ഹി പരീക്ഷാ തഥാ പരീക്ഷ്യവിധിഭേദഃ. കതമേന വിധിഭേദപ്രകൃത്യന്തരേണ പരീക്ഷ്യസ്യ ഭിന്നസ്യ ഭേദാഗ്രം ഭവാൻ പൃച്ഛത്യാഖ്യായമാനം നേ ദാനീം വേതോന്യേന വിധിഭേദപ്രകൃത്യന്തരേണ ഭിന്നയാ പരീക്ഷയാന്യേന വാ വിധിഭേദപ്രകൃത്യന്തരേണ പരീക്ഷ്യസ്യ ഭിന്നസ്യാഭിലക്ഷിതമർത്ഥം ശ്രോതുമഹമന്യേന പരീക്ഷാവിധിഭേദേനാന്യേന വാ വിധിഭേദപ്രകൃത്യന്തരേണ പരീക്ഷ്യം ഭിതപാർത്ഥമാചക്ഷാണ ഇച്ഛാം പ്രപൂരയേയമിതി. 91

ഗത്തിൽ) ഇതുകാം ചെയ്യാമെന്നും മറ്റൊരു വിഷയത്തിൽ (മറ്റൊരു രോഗമുള്ളവനു) പ്രത്യുക്കൂടാ എന്നും പറയുന്നതായി കാണുന്നു. എന്നാൽ ഈ വിഷയത്തിൽ ഏതു വിധിയാണ് സ്വീകാര്യമായിരിക്കുക? ഈ പഞ്ചകർമ്മങ്ങളിൽ ഓരോന്നിനും ഏതേത് ഔഷധങ്ങളാണ് അധികം ഉപയോഗിക്കുക എന്നു ചോദിക്കുന്നതായാൽ വൈദ്യൻ ഈ പ്രശ്നാവിനെ മോഹിപ്പിക്കുവാൻ (തക്കതായ സമാധാനം പറയാതെ ഉരുട്ടി അയയ്ക്കുവാൻ) വിചാരിക്കുന്നതായാൽ അവനോട് ഇങ്ങിനെ പറയണം. പരീക്ഷ പലതരത്തിലുണ്ട്. അതുപോലെതന്നെ പരീക്ഷ്യവിധിക്കും പലേ ഭേദങ്ങളുമുണ്ട്. അതിനാൽ പരീക്ഷാപരീക്ഷ്യങ്ങളുടെ ഏതുതരത്തിലുള്ള ഭേദത്തെക്കുറിച്ചാണ് ചോദിക്കുന്നത് എന്ന് ഈ ചോദ്യംകൊണ്ട് ഇപ്പോൾ മനസ്സിലാകുന്നില്ല. താൻ മനസ്സിൽ കരുതിയ പരീക്ഷാഭേദത്തിനും പരീക്ഷ്യഭേദത്തിനും ശരിയായ ഉത്തരം കിട്ടാതിരുന്നാൽ തന്റെ ആഗ്രഹം നിറവേറുകയില്ല. ഞാൻ ഏതെങ്കിലും ഒരുതരത്തിലുള്ള പരീക്ഷാപരീക്ഷ്യവിധികളെ വർണ്ണിക്കുന്നതായാൽ അതുതാൻ വിചാരിച്ചതായി എന്നു വരുമോ എന്നും സംശയമാണ്. അപ്പോൾ ആഗ്രഹം സാധിക്കുകയുമില്ല. അതിനാൽ ഏതുതരത്തിലുള്ള പരീക്ഷയും പരീക്ഷ്യവുമാണ് തനിക്കറിയേണ്ടത് എന്നു വ്യക്തമാക്കുക എന്നിങ്ങിനെ അവനോട് അങ്ങോട്ടുതന്നെ പറയണം.

സ യദ്ബ്രൂയാൽ തൽ പരീക്ഷ്യോത്തരം വാച്യം സ്യാദ്ബ്രൂയാത്തോക്തം പ്രതിവചനമവേക്ഷ്യ സമ്യഗ്വാദി തു ബ്രൂയാന്നൈനം മോഹയിതുമിച്ഛേൽ പ്രാപ്തന്തു വചനകാലം മന്യേത കാമമപ്യേവം ബ്രൂയാദോപ്തമേവ നിഖിലേന. 92

ദ്വിവിധാ പരീക്ഷാ ജ്ഞാനവതാം പ്രത്യക്ഷമനുമാനഞ്ച ഏതത്തു ദ്വയമുപദേശശ്ച പരീക്ഷാത്രയം. ഏവമേഷാ ദ്വിവിധാ പരീക്ഷാ ത്രിവിധാ വാ സഹോപദേശേന 93

ദശവിധം തു പരീക്ഷ്യം കാരണാദി യദ്യുക്തമഗ്രേ തദിഹ ഭിഷഗാദിഷു സംസാധ്യ സന്ദർശിഷ്യാമഃ. ഇഹ കായ്യപ്രാപ്തസ്യ കാരണം ഭിഷക്, കരണം പുനർഭേഷജം, കായ്യയോനിർധ്രുതൈഷ

92— ഇപ്രകാരം പറഞ്ഞിട്ടും അവൻ അതിനെല്ലാം ശരിയായ സമാധാനം പറയുന്നതായാൽ അവൻ പറഞ്ഞ സമാധാനവാക്യത്തെ നല്ലവണ്ണം ആലോചിച്ചറിഞ്ഞ് അതിനു യുക്തമായ സമാധാനത്തെ പറയുകയും വേണം. ഇങ്ങിനെ പറയുന്നതു പിന്നെയും അവനെ മോഹിപ്പിക്കുവാൻ വിചാരിക്കുന്നില്ലെങ്കിൽ മാത്രം മതി. വ്യക്തമായ സമാധാനംപറയുവാൻ വിചാരിക്കുന്നപക്ഷം പ്രമാണപ്രകാരമുള്ള പരിക്ഷാദിവിധികളെ മുഴുവൻ വിശദമായി പറയുകയും വേണം *

93— പരീക്ഷാദികളെ വിവരിക്കുന്നു— അറിവുള്ളവർക്ക് പ്രത്യക്ഷമെന്നും അനുമാനമെന്നും പരീക്ഷ രണ്ടുപ്രകാരത്തിലാകുന്നു. ഇനി ഉപദേശപ്രകാരവും ഒരുതരം പരീക്ഷയുണ്ട്. അപ്പോൾ പരീക്ഷ മൂന്നുതരത്തിലുമായിരിക്കും. ഇതാണ് പരീക്ഷ രണ്ടുപ്രകാരത്തിലായിരിക്കും ഉപദേശത്തോടുകൂടെ മൂന്നുപ്രകാരത്തിലുമായിരിക്കുമെന്നു മുമ്പു പറഞ്ഞത് * 94—പരീക്ഷ്യം പത്തുതരത്തിലാകുന്നു. ആ പത്തുതരം മുൻവിവരിച്ച കാരണാദി പത്തുകൂട്ടംതന്നെയാകുന്നു. എന്നാൽ ആ കാരണാദികളെ ഭിഷക്ക് (വൈദ്യൻ) മുതലായ വൈദ്യാംഗങ്ങളിൽ യോജിപ്പിച്ചുപദേശിക്കുകയും ചെയ്യും. അതുക

മ്മ്യം, കായ്യം ധാതുസാമ്യം, കായ്യഫലം സുഖാവാപ്തിഃ, അനുബന്ധ ആയുഃ, ദേശോ ഭൂമിരാതുരശ്ച, കാലഃ സംവത്സരഃ ഋതുരാവസ്ഥാ ച, പ്രവൃത്തിഃ പ്രതികർമ്മസമാരംഭഃ, ഉപായോ ഭിഷഗാദീനാം സൌഷ്ഠവമഭിസന്ധാനഞ്ച സമ്യക്. ഇഹാപ്യസ്യോപദേയസ്യ വിഷയഃ പൂർവ്വൈരേവോപായശ്ചിശേഷേണ വ്യാഖ്യാത ഇതി കാരണാദീനാം* ദശ ദശസു ഭിഷഗാദിഷു സംസാധ്യ സന്ദർശിതാനി. തത്രൈവാനുപൂർവ്വൈതദ്ദശവിധം പരീക്ഷ്യമുക്തഞ്ച. 94

തസ്യ യോ യഃ പരീക്ഷ്യവിശേഷോ യഥാ യഥാ ച പരീക്ഷിതവ്യഃ സ സ തഥാ തഥാ വ്യാഖ്യാസ്യതേ. കാരണം ഭിഷഗിത്യുക്തം

ളെങ്ങിനെയെന്നാൽ, വൈദ്യഗുണപ്രാപ്തിക്കു (രോഗനിവൃത്തിക്കു) കാരണം വൈദ്യനാകയാൽ കാരണം വൈദ്യനാകുന്നു. വൈദ്യകർമ്മത്തിലെ കരണം ഔഷധമാകുന്നു. കായ്യയോനിയെന്നത് ധാതുവൈഷമ്മ്യവും, കായ്യമെന്നത് ധാതുസാമ്യകായ്യവും, കായ്യഫലമെന്നത് രോഗം മാറി സുഖം കിട്ടുകയുമാകുന്നു. അനുബന്ധമെന്നത് ആയുസ്സിന്റെ നിലനില്പാകുന്നു. ദേശമെന്നത് ഭൂമിയും (ജാംഗലാദിത്രുപമായ് ഭൂമിയും) വാതാദിപ്രകൃതിഭിന്നനായ രോഗിയുമാണ്. കാലമെന്നു പറഞ്ഞത് സംവത്സരാത്മകമായ കാലവും രോഗിയുടെ സാധ്യയാപ്യാദ്യവസ്ഥകളുമാകുന്നു. പ്രവൃത്തി എന്നത് ചികിത്സ ചെയ്തു തുടങ്ങുകയും, ഉപായമെന്നത് ഈ പറഞ്ഞ വൈദ്യാദികളുടെ സത്സമ്പത്തിയും വൈദ്യകർമ്മം വഴിപോലെ ശീലിക്കുകയുമാകുന്നു. ഇതാണ് മുൻപറഞ്ഞതായകാരണാദി പത്തുകൂട്ടം. ഇവിടെയും മുൻപറഞ്ഞമാതിരിതന്നെ വിവരിക്കപ്പെട്ടു. എന്നാൽ ഇവിടെ കാരണാദികൾ വൈദ്യാദിപത്തിലും ഒരുപോലെ യോജിപ്പിച്ചു പറഞ്ഞിരിക്കുന്നു എന്നു മാത്രമേ ഭേദമുള്ളു. ഇതാണ് പരീക്ഷ്യത്തിന്റെ പത്തുതരത്തിലുള്ള വകഭേദക്രമമെന്നറിയുകയും വേണം * 95—ഈ പറഞ്ഞ പത്തുതരം പരീക്ഷ്യവിശേഷങ്ങളിൽ ഓരോന്നിനേയും ഏതുവിധമാണോ പ്രത്യേകം പ്രത്യേകം പരീക്ഷിച്ചറിയേണ്ടത് അതു പ.

മഗ്രേ തസ്യ പരീക്ഷാ ഭിഷങ്നാമ സ യോ ഭേഷതി യഃ സൂത്രാ
ത്ഥപ്രയോഗകുശലോ യസ്യ ചായുഃ സവ്വഥാ വിദിതം. 95

യഥാവത്സവ്വധാതുസാമ്യം ചികീഷ്ന്വാത്മാനമേവാഭിതഃ പ്ര
തീക്ഷേത. ഗുണിഷു ഗുണതഃ കായ്യാഭിനിവൃത്തീം പശ്യൻ കച്ചിദ്ഭാ
മന്യ കായ്യസ്യാഭി നിവ്വത്തനേ സമത്ഥോ നു വേതി. 96

തത്രേമേ ഭിഷഗ്ഗുണാ യൈരുപേതോ ഭിഷങ്മാതുസാമ്യാഭിനി
വ്വൃത്തനേ സമത്ഥോ ഭവതി. തദ്യഥാ—പഞ്ചവാതശ്രുതതാ പരി
ഷ്ടകമ്മതാ ദാക്ഷ്യം ശൌചം ജിതഹസ്തോപകരണവത്താ സവ്വേ
ന്ദ്രിയോപപന്നതാ പ്രകൃതിജ്ഞതാ പ്രതിപത്തിജ്ഞതാ ചേതി. 97

രീക്ഷാവിധിയേയും വിസ്തരിച്ചുപദേശിക്കാം. ഈ പത്തുതരം പരീ
ക്ഷ്യങ്ങളിൽ ഒന്നാമതായിത്തന്നെ കാരണമെന്നതു വൈദ്യനാണെ
ന്നു പറഞ്ഞുവല്ലോ. ആ വൈദ്യന്റെ പരീക്ഷയെത്തന്നെ ആദ്യമാ
യി വിവരിക്കാം. പഞ്ചകം ചികിത്സിക്കുന്നവനും മൂന്നുതരത്തിലുള്ള
സൂത്രാർത്ഥത്തെയും പ്രവചിക്കുവാൻ കഴിയുന്നവനും രോഗിയുടെ ആ
യുസ്സിലത്തെ നല്ലവണ്ണം അറിയുന്നവനുമായവൻ ആരാണോ അ
വനാകുന്നു വൈദ്യൻ * 96—രോഗിയുടെ രോഗനിവൃത്തിയെ ചെ
യ്യുവാൻ വിചാരിക്കുന്ന വൈദ്യൻ, താൻ ഈ രോഗം മാറ്റുവാൻ
തക്ക സമർത്ഥനാ അതോ തനിക്ക് അതിന്നു കഴികയില്ലയോ എ
ന്നതുതന്നെത്താൻ പരീക്ഷിക്കണം. ഗുണപരിപൂർത്തിയുള്ളവരുടെ ഗു
ണംനിമിത്തമാണ് കായ്യത്തിന്റെ അഭിനിവൃത്തി എന്നുള്ള തത്ത്വം
പ്രത്യേകം ഗ്രഹിക്കുകയും വേണം * 97—ഒരു വൈദ്യന്ന് ധാതു
സാമ്യം വരുത്തുവാൻ കഴിയുന്ന ഗുണങ്ങൾ ഈ പതിനൊന്നുവയായി
രിക്കും. അതുകളെന്തെല്ലാമെന്നാൽ: പരിശുദ്ധമായ അറിവു സമ്പാ
ദിക്കുക എത്രതരം വൈദ്യകർമ്മവും ചെയ്യുന്നതു കണ്ടുപരിചയമുണ്ടാ
യിരിക്കുക എത്രതരം വൈദ്യകർമ്മവും ചെയ്യുവാനുള്ള സാമർത്ഥ്യം
ശൌചം വൈദ്യംചെയ്യു പരിചയം വൈദ്യസാമഗ്രികളെല്ലാം
കൈവശമുണ്ടായിരിക്കുക ചക്ഷുഃശ്രോത്രാദി സകല ഇന്ദ്രിയങ്ങൾ
ക്കും ശക്തിയുണ്ടായിരിക്കുക പ്രകൃതിജ്ഞതാ പ്രതിപത്തിജ്ഞതാ
എന്നിതുകളാകുന്നു വിശിഷ്ടവൈദ്യഗുണങ്ങൾ *

കരണം പുനർഭേഷജം. ഭേഷജം നാമ തദ്ദ്വിപകരണായോപ കല്പ്യതേ ഭിഷജോ ധാതുസാമ്യാഭിനിവൃത്തൗ പ്രയതമാനസ്യ വി ശേഷതശ്ചോപായാന്തരേഭ്യഃ തദ്വിവിധം വ്യപാശ്രയഭേദേൽ, ദൈ വവ്യപാശ്രയം യുക്തിവ്യപാശ്രയഞ്ച. തത്ര ദൈവവ്യപാശ്രയം മ ന്ത്രൌഷധിമണിമംഗള ബല്യുപഹാരഹോമനിയമപ്രായശ്ചിത്തോ പവാസസ്വസ്ത്യയനപ്രണിപാതഗമനാദി. യുക്തിവ്യപാശ്ര യം സംശോധനോപശമനേ ചേഷ്ടാശ്ച ദ്വിപ്രകാരാഃ. ഏതദ്വൈവ ഭേഷജമംഗഭേദോപി ദ്വിവിധം ദ്രവ്യഭൂതമദ്രവ്യഭൂതഞ്ച. തത്ര യദ് ദ്രവ്യഭൂതം തദുപായംഭിഷ്ക്തം. ഉപായോ നാമ ഭയഭേദനാവിസ്മാപന

98— കരണമെന്നതു ഭേഷജമാണെന്നു പറഞ്ഞതിനേയും വി വരിക്കാം: ധാതുസാമ്യത്തെ—രോഗശമനത്തെ ചെയ്യുവാൻ തുടങ്ങു ന്നവൈദ്യന്ന് ആ വിഷയത്തിൽ മറ്റു സകല ഉപായങ്ങളെക്കാളും വിശേഷിച്ചും എളുപ്പത്തിൽ ഉപകരിക്കുന്നതു യാതൊന്നോ അതാ കുന്നു ഭേഷജം. ആ ഭേഷജം ദൈവവ്യപാശ്രയമെന്നും യുക്തിവ്യപാ ശ്രയമെന്നുമുള്ള് വ്യപാശ്രയഭേദംനിമിത്തം രണ്ടുതരത്തിലായിരി ക്കും. അതുകളിൽ ദൈവവ്യാപാശ്രയമെന്നത്, മന്ത്രജപം ദശപു ഷ്പാദി ഔഷധധാരണം പുഷ്യരാഗാദിമണികളും ധരിക്കുക മംഗള ബലികളും ചെയ്യുക വേതാച്ചനം ചെയ്യുക ത്രൃയംബകാദിഹോമം ചെയ്യുക നിയമംശീലിക്കുക കർമ്മവിപാകാദിപ്രായശ്ചിത്തം ചെയ്യു ക ഉപവാസം ശീലിക്കുക ദാനംചെയ്യുക ബ്രാഹ്മണാദികളിൽനി ന്നു സ്വസ്ത്യയനം സമ്പാദിക്കുക ആദിത്യനമസ്കാരാദി നമസ്കാരംശീ ലിക്കുക തീർത്ഥയാത്രചെയ്യുക മുതലായതാകുന്നു. യുക്തിവ്യപാശ്രയ മെന്നത്, സംശോധനാത്മകമായും സംശമനാത്മകമായുമുള്ള ഔഷ ധങ്ങളും കൈകണ്ടതായ ചേഷ്ടകളുമാകുന്നു. ഈ യുക്തിവ്യപാശ്ര യൌഷധംതന്നെ ദ്രവ്യഭൂതമെന്നും അദ്രവ്യഭൂതമെന്നുമുള്ള അംഗഭേ ദംനിമിത്തം രണ്ടുതരത്തിലായിരിക്കും. അതുകളിൽ അദ്രവ്യഭൂതമെ ന്നത് ഉപായത്തെ (തൽക്കാലസ്ഥിതിയെ) ആശ്രയിക്കുന്നതാകു ന്നു. ആ ഉപായം ഏതുമാതിരിയിലിരിക്കുമെന്നും വിവരിക്കാം. ഭയ

ക്ഷോഭണാഹഷ്ണദ്ഭസ്നബന്ധവധസ്പൃസംവാഹനാദിരമൃത്താ
ഭാവോ യഥോക്താസ്സിദ്ധ്യുപായാശ്ച. യത്തു ദ്രവ്യത്രേം തപ്രേമനാദി
ഷ്വ യോഗമുപൈതി. 98

തസ്യാപീയം പരീക്ഷാ. ഇദമേവം പ്രകൃത്യാ ഏവംഗ്രഹണമേ
വാ പ്രഭാവമസ്മിൻ ദോഷേ ജാതമസ്മിംസ്തതാവേവാ ഗൃഹീതമേവംനി
ഹിതമേവമുപസൃതമനയാ മാത്രയാ യുക്തമസ്മിൻ രോഗേ ഏവംവി
ധസ്യ പുരുഷസ്യൈതാവന്തം ദോഷമപകർഷത്യുപശമയതി വാ
ന്യഥാപി ചൈവംവിധം ഭേഷജം ഭവത്തച്ചാനേനാന്യേന വാ വി
ശേഷേണ യുക്തമിതി. 99

കായ്യയോനിർധ്ധാതുവൈഷമ്യം. തസ്യ ലക്ഷണം വികാരോഗദേ

പ്പെടുത്തുക അത്ഭുതമായതിനെക്കാണിക്കുക വിസ്മയിപ്പിക്കുക പിടി
ച്ചു കടയുക ചിറിപ്പിക്കുക നിന്ദിക്കുക പിടിച്ചുകെട്ടുക അടിക്കുക ഉ
റങ്ങുക പാദസംവാഹനാദിസംവാഹനം ശീലിക്കുക മുതലായതാകു
ന്ന അമൃത്തമായ ഭേഷജവിധി. ഇതേവിധം അതാതു രോഗങ്ങൾ
ക്കു സദൃശമായി ചെയ്യുന്നതെല്ലാം അമൃത്തഭേഷജംതന്നെയാകുന്നു.
വമനവിരേചനാദികളിൽ ഉപയോഗിക്കുന്ന യോഗങ്ങളിൽ ചേരു
ന്ന മലങ്കാർയ്യം മുതലായതുകളാകുന്ന ദ്രവ്യവ്യപാശ്രയമെന്നതെന്നും മ
റിയണം* 99—ഈ ഭേഷജത്തെ ഉപയോഗിക്കുന്ന വിഷയത്തിൽ താ
ഴേ പറയുന്നവിധം പരീക്ഷിച്ചറിയുകയുംവേണം. അതുകൊണ്ടെല്ലാ
മെന്നാൽ: ഇത് ഇന്ന പ്രകൃതിയാണെന്നും ഇന്ന ഗുണമുള്ളതാണെ
ന്നും ഇന്ന പ്രഭാവമുള്ളതെന്നും ഇന്നദോഷത്തിലുണ്ടായതെന്നും ഇന്ന
ധാതുവിലുണ്ടായതെന്നുംഇന്നവിധം സംഗ്രഹിച്ചതെന്നും ഇന്നപ്രകാ
രം സൂക്ഷിച്ചതെന്നും ഇന്ന പ്രകാരം ഉപസ്കരിച്ചതെന്നും ഈ രോ
ഗത്തിൽ ഇന്ന തരക്കാരന് ഇന്ന മാത്രയിൽ ശീലിച്ചാൽ ഇത്രമാ
ത്രം ദോഷത്തെ നിവൃത്തിപ്പിക്കുമെന്നും ഇന്നപ്രകാരമായാൽ ഉപ
ശമിപ്പിക്കുമെന്നും ഇതേവിധം ഔഷധങ്ങളുടെ മറ്റു വിശേഷങ്ങളേ
യും പരീക്ഷിച്ചറിയണം. ഇതാണ് ഔഷധപരീക്ഷ *

100—കായ്യയോനി എന്നതു ധാതുവൈഷമ്യമാകുന്നു. ആ

പരീക്ഷാ തപസ്യ വികാരപ്രകൃതേശ്ചൈവോനാതിരിക്തലിംഗവിശേ
ഷാവേക്ഷണം വികാരസ്യ ച സാദ്ധ്യാസാദ്ധ്യമൃദുദാരുണലിംഗവി
ശേഷാവേക്ഷണമിതി. 100

കാര്യം ധാതുസാമ്യം. തസ്യലക്ഷണം വികാരോപശമഃ. പരീ
ക്ഷാ തപസ്യ രൂപശമനം സ്വരവർണ്ണയോഃ ശരീരോപചയോ ബ
ലവൃദ്ധിരഭ്യവഹാര്യാഭിലാഷോ രുചിരാഹാരകാലേഭ്യവഹൃതസ്യ ചാ
ഹൃതസ്യചാഹാരസ്യ സമ്യഗ്ജരണം നിദ്രാലാഭോ യഥാകാലം
വൈകാരികാണാം സ്വപ്നാനാമദർശനം സുഖേന ച പ്രതിബോധ
നം വാതമൂത്രപുരീഷരേതസാം മുക്തിഃ സർവ്വാകാരൈർമ്മനോബുദ്ധീ
ന്ദ്രിയാണാഞ്ചാവ്യാപത്തിരിതി. 101

ധാതുസാമ്യത്തിന്റെ ലക്ഷണം, ഏതെങ്കിലും രോഗം പ്രത്യക്ഷപ്പെട്ടാൽ അതുമാണ്. ആ രോഗത്തെ അതാതുരോഗങ്ങളുടെ ഉണ്മാ
തിരിക്കുന്ന സ്വഭാവവിശേഷങ്ങളെക്കൊണ്ടും രോഗത്തിന്റെ സാദ്ധ്യം. അസാദ്ധ്യം മൃദു ദാരുണം ലിംഗം മുതലായ വിശേഷങ്ങളെ നോക്കി കണ്ടറിഞ്ഞും പരീക്ഷിച്ചറിയണം *

101—കാര്യമെന്നതു ധാതുസാമ്യമാകുന്നു. ആ ധാതുസാമ്യ
ത്തിന്റെ ലക്ഷണം രോഗശമനവുമാകുന്നു. അതിന്റെ പരീക്ഷ
എന്തെന്നാൽ, വേദനമാറുക സ്വരവും ശരീരവർണ്ണവും രോഗംതുട
ങ്ങുന്നതിനു മുമ്പിലുള്ള സ്ഥിതിയിലാവുക ശരീരത്തിനു പുഷ്ടിവരിക
ബലംവർദ്ധിക്കുക ഭക്ഷണത്തിനു രുചിതോന്നുക ഭക്ഷിച്ച ആഹാരം
ശരിയായിദഹിക്കുക യഥാകാലം ഉറക്കംവരിക വികാരംനിമിത്തം
സംഭവിച്ചതായ ദുസ്വപ്നം കാണാതാവുക ഉണരുന്നസമയം
അസഹ്യതകളൊന്നുമില്ലാതിരിക്കുക അധോവാതവും മൂത്രവും മല
വും രേതസ്സും വേണ്ടതുപോലെ പുറത്തുവരിക മനസ്സ് ബുദ്ധി ഇന്ദ്രി
യങ്ങൾ ഇതുകൾക്കെല്ലാം യാതൊരുകാരണത്താലും വ്യാപത്തിവരാ
തിരിക്കുക ഇതുകളെല്ലാമാണ് ധാതുസാമ്യത്തിന്റെ പരീക്ഷിച്ചറി
യേണ്ടതായ ഗുണങ്ങൾ *

കാര്യഫലം സുഖാവാപ്തിഃ. തസ്യ ലക്ഷണം മനോബുദ്ധീന്ദ്രിയശരീരതുഷ്ടിഃ. 102

അനുബന്ധസ്യ ബലായുഃ. തസ്യ ലക്ഷണം പ്രാണസ്യോപയോഗഃ. 103

ദേശസ്തു ഭൂമിരാതുരശ്ച. തത്രഭൂമിപരീക്ഷാ ആതുരസ്യ പരിജ്ഞാനഹേതോർവ്വാ സ്യാദൌഷധപരിജ്ഞാനഹേതോർവ്വാ. തത്ര താവദിയമാതുരപരിജ്ഞാനഹേതോഃ. തദ്യഥാ—അയം കസ്മിൻ ഭൂമിദേശേ ജാതഃ സംവൃദ്ധോ വ്യാധിതോ വേതി തസ്മിംശ്ച ഭൂമിദേശേ മനുഷ്യാണാമിദമാഹാരജാതമിദം വിഹാരജാതമേതൽ ബലമേവംവിധം സത്ത്വമേവംവിധം സാത്മ്യമേവംവിധോ ദോഷോ ഭേഷജമിയമിമേ വ്യാ

102—കാര്യഫലം സുഖാവാപ്തിയാകുന്നു. മനസ്സിന്നും ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കും ശരീരത്തിന്നും തുഷ്ടിവരികയാകുന്നു അതിന്റെ ലക്ഷണം *

103—അനുബന്ധമെന്നത് ആയുസ്സു തന്നെയാകുന്നു. അതിന്റെ ലക്ഷണം പ്രാണസംയോഗം തടവില്ലാതിരിക്കുക തന്നെയാകുന്നു *

104—ദേശമെന്നുപറയുന്നതു ഭൂമിയും ആതുരനുമാകുന്നു. അതിൽ ഭൂമിപരീക്ഷ, രോഗിയുടെ (പ്രകൃത്യാദികളെ) അറിയുവാനോ, ഔഷങ്ങളുടെ വീര്യാദികളെ തിരിച്ചറിയുവാനൊ ഉപയോഗിക്കുന്നതാകുന്നു. എന്നാൽ ഇവിടെ വിവരിക്കുന്നത് ആതുരപരിജ്ഞാനത്തിന്നുള്ളവിധമാകുന്നു. അതെങ്ങിനെയെന്നാൽ, ഇവൻ ജാംഗലാദികളിൽ ഏതുതരം ദേശത്തിലുണ്ടായി. ഏതുതരം രാജ്യത്തിൽ വളർന്നു. ഏവിടെവെച്ചു രോഗംതുടങ്ങി എന്നും ആ രോഗംതുടങ്ങിയരാജ്യത്തിൽ സാധാരണ ജനങ്ങൾക്കുള്ള ഭക്ഷണപദാർത്ഥങ്ങളുടെ സ്വഭാവം വ്യാപാരസമ്പ്രദായം ശരീരബലം ബുദ്ധിസാമർത്ഥ്യം സാത്മ്യം വാതാദികളിൽ ഏതു ദോഷമാണ് ബലവത്തരം ഭേഷജം അവിടങ്ങളിൽ ധാരാളമായി നടപ്പുള്ളരോഗം ഹിതാഹിതവിഭാഗം ഏ

ധയോ ഹിതമിദമഹിതമിദമിതി പ്രായോഗ്രഹണേന. 104

ഔഷധപരിജ്ഞാനഹേതോസ്തു കല്പേഷു ഭൂമിപരീക്ഷാ വക്ഷ്യതേ. 105

ആതുരസ്യ ഖലു കായ്യശേഷസ്യ പരീക്ഷാ ആയുഷഃ പ്രമാണഹേതോർവ്വാ സ്യാൽ ബലദോഷപ്രമാണജ്ഞാനഹേതോർവ്വാ. 106

തത്ര താവദിയം ബലദോഷവിശേഷപ്രമാണാപേക്ഷാ. സഹസാ ഹ്യതിബലമൗഷധമപരീക്ഷകപ്രയുക്തമല്പബലമാതുരമതിഘാതയേൽ നഹ്യതിബലാന്യഗ്നേയസൌമ്യവായവീയാന്യൌഷധാന്യഗ്നിക്ഷാരശസ്ത്രകർമ്മാണി വാ ശക്യന്തേ ല്പബലൈഃ സോഢുമവിഷഹ്യാതിതീക്ഷ്ണവേഗതാദ്ധി സദ്യഃ പ്രാണഹരാണി സ്യുഃ. 107

ന്നതുടങ്ങിയ ജ്ഞാനമാണ് ആതുരവിഷയമായ ഭൂമിപരീക്ഷകൊണ്ടറിയേണ്ടത് * 105—ഔഷധപരിജ്ഞാനത്തിന്നുള്ള ഭൂമിപരീക്ഷ കല്പസ്ഥാനത്തിൽ വിവരിക്കും. അതിനാൽ അതിവിടെ വിവരിക്കുന്നില്ല എന്നു സാരം * 106—ആതുരനെന്നാൽ കായ്യത്തിന്റെ—ധാതുസാമ്യത്തിന്റെ ശേഷമാകുന്നു. അതിന്റെ ലക്ഷണം ആയുസ്സിന്റെ പ്രമാണത്തെ—രിഷ്ടലക്ഷണത്തെ അറിയുമാറും ബലത്തിന്റെയും—ശരീരബലത്തിന്റെയും ഔഷധാദിബലത്തിന്റെയും—വാതാദിദോഷജങ്ങളുടെയും പ്രമാണത്തിന്റെ ജ്ഞാനത്തിന്നുള്ളതാകുന്നു * 107—എന്നാൽ ഇവിടെ വിവരിക്കുന്ന വിവരണം ബലദോഷങ്ങളുടെ പ്രമാണത്തെ മാത്രം ആശ്രയിച്ചുകുന്നു. രോഗിയുടെയും രോഗത്തിന്റെയും ബലത്തെ പരീക്ഷിച്ചറിയാത്തവനായ വൈദ്യനാൽ പ്രയോഗിക്കപ്പെട്ട ബലവത്തരമായ ഔഷധം അല്പബലവാനായ രോഗിയെ ക്ഷണത്തിൽ നശിപ്പിക്കും. അതിബലങ്ങളായ തൈക്ഷ്ണ്യങ്ങളോ സൌമ്യങ്ങളോ വായവ്യങ്ങളോ ആയ ഔഷധങ്ങളും അഗ്നികർമ്മം ക്ഷാരകർമ്മം ശസ്ത്രകർമ്മം ഇതുകളും ദുസ്സഹങ്ങളും അത്യന്തം തീക്ഷ്ണങ്ങളുമാകയാൽ അത്ത ബലഹീനന്മാർക്കു ദുസ്സഹമായിരിക്കും. ആ വക ഔഷധങ്ങളും അവയ്ക്കു ക്ഷണത്തിൽ മരണ

ഏതാന്യേവ കാരണമവേക്ഷ്യമാണാ ഹീനബലമാതുരമവി
ഷാദകരമൃദുസുകുമാരപ്രായമതിരോത്തരഗുണഭൈഷ
ജ്യായൈകൈശ്ചോപചരന്ത്യൗഷധൈഃ. വിശേഷതശ്ച നാരീഃ
താഹ്യനവസ്ഥിതമൃദുവിവൃതവിക്ലവഹൃദയാഃ. പ്രായഃ സുകുമാരാ നാ
രയോബലാഃ പരമസംസൃഷ്ടാശ്ച. 108

തഥാ ബലവതി ബലവദ്വ്യാധിപരിഗതേ ബലബലമൗ
ഷധമപരീക്ഷകപ്രയുക്തമസാധകം ഭവതി. തസ്മാദുത്തരം പരീ
ക്ഷേത പ്രകൃതിതശ്ച വികൃതിതശ്ച സാരതശ്ച സംഹനനതശ്ച പ്ര

കാരണങ്ങളായിത്തീരുകയും ചെയ്യും. * 108—അറിവുള്ളവർ ഈ വക കാരണങ്ങളെ അറിഞ്ഞിട്ടതന്നെയാണ് ബലഹീനനായ രോഗിയെ വിഷാദത്തെ—യാതൊരുതരം ഭയത്തെയും ഉണ്ടാക്കാത്തവയും മൃദുവീര്യങ്ങളും പ്രായേണ സുകുമാരങ്ങളും ഉത്തരോത്തരം ഗുണങ്ങളും യാതൊരു വിഭ്രമത്തെയും ചെയ്യാത്തവയും സൌമ്യങ്ങളുമായ ഔഷധങ്ങളെക്കൊണ്ടുമാത്രം ചികിത്സിക്കുന്നത്. അവർ സ്ത്രീകളെ വിശേഷിച്ചും ഈ വക ഔഷധങ്ങളാൽ പ്രയോഗിച്ചതന്നെയാണ് ചികിത്സിക്കുക. അതിനുള്ള കാരണം, സ്ത്രീകൾ ഒരു കാര്യത്തിൽ നിലനിൽക്കുവാൻ വയ്യാത്തതും മൃദുവും വിവൃതവും ഭയത്തോടുകൂടിയതുമായ ഹൃദയത്തോടുകൂടിയവരും പ്രായേണ സുകുമാരികളും ബലരഹിതമാരും അത്യന്തം സുഖാനുഭവമുള്ള ചികിത്സ ശീലിക്കേണ്ടവരുമാകുന്നു. *109—അതേവിധംതന്നെ അപരീക്ഷകനായ വൈദ്യൻ ബലവാനായവനും ധാരാളം ബലമുള്ള വ്യാധിയുള്ളപ്പോൾ ശരീരത്തിനും വ്യാധിബലത്തിനും തക്ക ശക്തിയില്ലാത്തതായ ഔഷധം ശീലിപ്പിക്കുന്നതായാൽ ആ ഔഷധം അവിടെ പ്രയോജകമായി ഭവിക്കുകയില്ല. ഈ വക കാരണങ്ങളാൽ പ്രകൃതി വികൃതി സാരം സംഹനനം പ്രമാണം സാത്മ്യം സത്വം ആഹാരശക്തി വ്യായാമശക്തി വയസ്സ് ഇതുകളെക്കൊണ്ട് രോഗിയെ വൈദ്യൻ പരീക്ഷിച്ചു

മാണതശ്ച സാത്മ്യതശ്ച സത്ത്വതശ്ചാഹാരശക്തിതശ്ച വ്യായാമ
ശക്തിതശ്ച വയസശ്ചേതി. 109

ബലപ്രമാണവിശേഷഗ്രഹണഹേതോസ്ത്രാമീ പ്രകൃത്യാദ
യോ ഭാവാഃ. തദ്യഥാ— ശുക്ലശോണിതപ്രകൃതിം കാലഗർഭാശയ
പ്രകൃതിം ആതുരാഹാരവിഹാരപ്രകൃതിം മഹാഭൂതവികാരപ്രകൃതി
ഞ്ച ഗർഭശരീരമപേക്ഷതേ. ഏതാ ഹി യേന യേന ദോഷേണാ
ധികതമേനൈകൈകേനാനേകതമേന വാ സമനുബദ്ധ്യന്തേ തേന
തേന ദോഷേണ ഗർഭോനുബദ്ധ്യതേ. തതഃ സാ സാ ദോഷപ്രകൃ
തിരുച്യതേ മനുഷ്യാണാം ഗർഭാദിപ്രവൃത്താ. തസ്മാദേതേഷാം പ്ര
കൃത്യാ കേചിൽ പിത്തളാഃ കേചിൽ ശ്ലേഷ്മളാഃ കേചിൽ സംസൃ

രോഗത്തിന്റെ ഗുരുലാഘവസ്വഭാവത്തെ അറിയുകയും വേണം *.

110— ഈ പറഞ്ഞ പ്രകൃതി മുതലായ പത്തുകൂട്ടവും ബലപ്രമാ
ണത്തിന്റെ വിശേഷത്തെ അറിയുവാനുള്ളവയാകുന്നു. അതിൽ പ്ര
കൃതി മുതലായതുകളുടെ വിവരണമെന്തെന്നാൽ— ഗർഭിണിയുടെ
ശരീരം ശുക്ലശോണിതപ്രകൃതി കാലഗർഭാശയപ്രകൃതി ആതുരാഹാ
രവിഹാരപ്രകൃതി മഹാഭൂതവികാരപ്രകൃതി എന്ന പ്രകൃതികളെ ആ
ശ്രയിച്ചിരിക്കും. അതുകൊണ്ട് വാതാദിദോഷങ്ങളിൽ (ഗർഭാധാനകാല
ത്തിൽ) അധികരിച്ചുനില്ക്കുന്ന ഏതെങ്കിലും ഒന്നിനോടോ സംസ
ർഗ്ഗദോഷത്തോടോ മൂന്നുദോഷംകൂടയോ കൂടിച്ചേരുന്നതുകയാൽ
അങ്ങിനെ ഏതുദോഷത്തോടുകൂടിച്ചേരുന്നുവോ ആ ഗർഭം അതാതു
ദോഷത്തോടുകൂടിച്ചേർന്നതായിരിക്കും. ഗർഭാധാനകാലത്തിൽ ആ
ഗർഭം ഏതുദോഷത്തോടു കൂടിച്ചേർന്നിരിക്കുമോ ആ മനുഷ്യരെ
അതാതു ദോഷപ്രകൃതികളെന്നു പറയും. അതുനിമിത്തം ചിലർ
പ്രകൃത്യാ വാതളന്മാരും ചിലർ പിത്തളന്മാരും ചിലർ ശ്ലേഷ്മള
ന്മാരും ചിലർ സംസൃഷ്ടന്മാരും ചിലർ സമധാതുക്കളുമായിരിക്കും.

ഷ്ടാഃ സമധാതവഃ പ്രകൃത്യാ കേചിൽ ഭവന്തി തേഷാം ഹി ലക്ഷണാനി വ്യാഖ്യാസ്യാമഃ. 110

ശ്ലേഷ്മാ ഹി സ്നിഗ്ധശ്ലക്ഷ്ണമൃദുമധുരസാരസാന്ദ്രമന്ദസ്തിമിതഹൃദ്യശീതവിജ്ജലാച്ചഃ. അസ്യ സ്നേഹാൽ ശ്ലേഷ്മളഃ സ്നിഗ്ധാംഗഃ, ശ്ലക്ഷ്ണത്വാൽ ശ്ലക്ഷ്ണാംഗഃ, മൃദുത്വാൽ ദൃഷ്ടിസുഖസുകുമാരാവയവശരീരഃ, മാധുര്യാൽ പ്രീണയിതൃത്വക്പ്രവ്യവായാപത്യാഃ, സാരത്വാത്സാരസംഹതസ്ഥിരശരീരഃ, സാന്ദ്രത്വാദുപചിതപരിപൂർണ്ണസർവ്വഗാത്രഃ,

---

ഈ പറഞ്ഞ വീതളാദിപ്രകൃതികളുടെ പ്രത്യേകലക്ഷണത്തെ രൂടുത്തു വിവരിക്കുകയും ചെയ്യാം*.

111— കഫപ്രകൃതിസ്വഭാവത്തെ വിവരിക്കുന്നു:— കഫം സ്നിഗ്ധവും ശ്ലക്ഷ്ണവും മൃദുവും മധുരരസവും സാരവും സാന്ദ്രവും മന്ദവും സ്തിമിതവും ഗുരുവും ശീതവീര്യവും ജലരഹിതവും അച്ഛവുമാകുന്നു. ശ്ലേഷ്മളനായവൻ കഫത്തിന്റെ സ്നിഗ്ധത്വനിമിത്തം സ്നിഗ്ധാംഗനും ശ്ലക്ഷ്ണത്വംനിമിത്തം മിനുമിനുപ്പുള്ളവനും മൃദുത്വംനിമിത്തം കാണുവാൻ ഭംഗിയുള്ളതും സുകുമാരവും വെളുപ്പുനിറമുള്ളതുമായ ശരീരത്തോടുകൂടിയവനും മാധുര്യംനിമിത്തം ത്വക്കും വ്യവായയും സന്തതിയും ധാരാളമുള്ളവനും സാരത്വംനിമിത്തം കട്ടിയുള്ളതും ഉറപ്പുള്ളതും സ്ഥിരവുമായ ശരീരത്തോടുകൂടിയവനും സാന്ദ്രത്വംനിമിത്തം പുഷ്ടിപ്പെട്ടതും പരിപൂർണ്ണവുമായ എല്ലാ അവയവങ്ങളോടുകൂടിയവനും മന്ദത്വംനിമിത്തം ചേഷ്ടകളും ആഹാരവിഹാരങ്ങളും കുറഞ്ഞവനും സ്തൈമിത്യംനിമിത്തം ഏതെങ്കിലും കാര്യങ്ങളെ ആരംഭിക്കുന്നതും ക്ഷോഭിക്കുന്നതും ഭാവവ്യത്യാസം വരുന്നതും വളരെ സാവധാനത്തിലായിട്ടുള്ളവനും ഗൌരവംനിമിത്തം മന്ദഗാമിയും ശൈത്യംനിമിത്തം ക്ഷുത്തും ദാഹവും സന്താപവും വിയർപ്പും ദോഷകോപങ്ങളും വളരെ കുറഞ്ഞവനും വിജ്ജലത്വംനിമിത്തം നല്ല ചേഷ്ടയുള്ളവയും ബലമുള്ളവയും നല്ലസന്ധിയോടുകൂടിയവയു

മന്ദതാന്മന്ദചേഷ്ടാഹാരവിഹാരാഃ, സ്നൈമിത്യഭൂയിഷ്ഠാരംഭാ ക്ഷോഭവികാരാഃ, ഗുരുതാത്സാരാധിഷ്ഠിതഗതയഃ, ശൈത്യാദല്പക്ഷുത്തൃഷ്ണാസന്താപസ്വേദദോഷാഃ, വിജ്ജലതാൽ സുശ്ലിഷ്ടസന്ധ്യസന്ധാനാഃ, തഥാച്ഛതാൽ പ്രസന്നദർശനാനനാഃ പ്രസന്നസ്നിഗ്ധവർണ്ണസ്വരാശ്ച ഭവന്തി. ത ഏവംഗുണയോഗാൽ ശ്ലേഷ്മ

മായ അംഗസന്ധികളോടുകൂടിയവനും അച്ഛതപംനിമിത്തം പ്രസന്നങ്ങളായ കണ്ണുകളോടും സുപ്രസന്നമായ മുഖത്തോടുംകൂടിയവനും പ്രസന്നമായും സ്നിഗ്ധമായുമുള്ള ശരീരവർണ്ണത്തോടും സ്വരത്തോടും കൂടിയവനുമായി ഭവിക്കും. ശ്ലേഷ്മളന്മാരായവർക്ക് ഈ വക ഗുണങ്ങളെല്ലാമുണ്ടായിരിക്കുന്നതാകയാൽ അവർ ബലവാന്മാരും ധനികന്മാരും വിദ്വാന്മാരും ഓജസ്വികളും ശാന്തന്മാരും ദീർഘായുസ്സുള്ളവരുമായിരിക്കും. ഈ വിഷയത്തിൽ വാഹടാചാര്യൻ ഇങ്ങിനെ വിവരിച്ചിരിക്കുന്നു. 'ശ്ലേഷ്മാ സോമഃ ശ്ലേഷ്മളസ്തേന സൌമ്യോ ഗുഡസ്നിഗ്ധശ്ലിഷ്ടസന്ധ്യസ്ഥിമാംസഃ। ക്ഷുത്തൃഡ്ദുഃഖക്ലേശഘർമ്മരതപ്തോ ബുദ്ധ്യാ യുക്തഃ സാത്വികഃ സത്യസന്ധഃ। പ്രിയം ഗുരുവ്യാശരകാണ്ഡശസ്ത്രഗോരോമനാപത്മസുവർണ്ണവർണ്ണഃ। പ്രലംബബാഹുഃ പൃഥുപീനവക്ഷാ മഹാലലാടോ ഘനനീലകേശഃ। മൃദ്വംഗഃ സമസുവിഭക്തചാരുവപ്ത്രാ ബിംബോപജോരതിരസജ്ഞകുപുത്രഃ। ധർമ്മാത്മാ വദതി ന നിഷ്ഠുരം ച ജാതു പ്രച്ഛന്നം വഹതി ദുഷ്കൃതം മിരഞ്ച വൈരം। സമദർശിരദേന്ദ്രതുല്യയാതോ ജലദാംഭോധിമൃദംഗസിംഹഘോഷഃ। സ്മൃതിമാനഭിയോഗവാൻ വിനീതോ ന ച ബാല്യേപ്യതിരോദനോ ന ലോലഃ। തിക്തകഷായം കടുകോഷ്ണരൂക്ഷമല്പം സ ഭുംക്തേ ബലവാംസ്ഥിരാപി। രക്താന്തസുസ്നിഗ്ധവിശാലദീർഘസുവ്യക്തസിതപക്ഷ്മളാക്ഷഃ। അല്പവ്യാഹാരക്രോധപാനാശനേഷ്ടഃ പ്രാജ്ഞായുഷ്മിത്തോ ദീർഘസൂത്രോ വദാന്യഃ। ശ്രാദ്ധോ ഗംഭീരഃ സുഖലക്ഷഃ ക്ഷമാവാനാത്മാ നിദ്രാളുർദീർഘദർശീ കൃ

ളാ ബലവന്തോ വസുമന്തോ വിദ്വാംസ ഓജസ്വിനശ്ശാന്താ ആ
യുഷ്മന്തശ്ച ഭവന്തി. 111

പിത്തമുഷ്ണം തീക്ഷ്ണം ദ്രവം വിസ്രമമ്ലം കടുകമ്ലം തസ്യൌഷ്ണ്യാൽ പിത്തളാ ഭവന്ത്യുഷ്ണാസഹാശ്ശുഷ്കസുകുമാരാവദാതഗാത്രാഃ പ്രഭൂത പിപ്ലവ്യംഗതിലകപിടികാഃ ക്ഷുൽപിപാസാവന്തഃ ക്ഷിപ്രവലിപലിതഖാലിത്യദോഷാഃ പ്രായോ മൃദുപിംഗകപിലാശ്മശ്രുലോമകേശാഃ, തൈക്ഷ്ണ്യാൽ തീക്ഷ്ണപരാക്രമാസ്തീക്ഷ്ണാഗ്നയഃ പ്രഭൂതാശനപാനാഃ ക്ലേ

തജ്ഞഃ। മൃദുവിപശ്ചിത്സുഭഗഃ സലജ്ജോ ഭക്തോ ഗുരുണാം സ്ഥിര സൌഹൃദശ്ച। സപ്തപ്ത സപത്നമാൻ സവിഹംഗമാലാം സ്രോതോ ശയാൻ പശ്യതി തോയദാംശ്ച। ബ്രഹ്മതുദ്രേന്ദ്രവരുണതാക്ഷ്യഹാം സഗജാധിരൂപഃ। ശ്ലേഷ്മപ്രകൃതയസ്സുഖ്യാസ്ഥാ സിംഹാശഗോവൃഷാഃ।' ഇതേമാതിരി മറവപ്രകൃതികളേയും വാഹടാചാര്യൻ ഭംഗ്യന്തരേണ വർണ്ണിച്ചിരിക്കുന്നു. ശ്രമഭയവിസ്മയത്തെ യോപ്പെട്ട് അതുകളെല്ലാം ഇവിടെ പ്രത്യേകം എടുത്ത് എഴുതുന്നില്ല *

112—പിത്തം ചൂടുള്ളതും തീക്ഷ്ണവും അയഞ്ഞതും പച്ചമാംസത്തിന്റെ ഗന്ധത്തോടുകൂടിയതും പുളിരസവും എരുവുമുള്ളതുമാകുന്നു. പിത്തളന്മാരായവർ പിത്തത്തിന്റെ ഔഷ്ണ്യഗുണംനിമിത്തം ഉഷ്ണത്തെ സഹിക്കുവാൻ വയ്യാത്തവരും ശുഷ്കമായും—ഉണങ്ങിയ സ്നിഗ്ധമായുമായും ഭംഗിയുള്ളതായും ശുക്ലവർണ്ണമായുമുള്ള ശരീരത്തോടുകൂടിയവരും ശരീരത്തിൽ കുറഞ്ഞ മറുവും കരിമങ്ങും കാക്കപ്പുള്ളിയും കുരുവും ധാരാളമുള്ളവരും കലശലായ ക്ഷുൽപിപാസകളോടുകൂടിയവരുമായിരിക്കും. ഇവർക്ക് ജരാനരകളും കഷണ്ടിയും പ്രായാധിക്യം വരുന്നതിനുമുമ്പുതന്നെ തുടങ്ങും. ഇവരുടെ താടിമീശ ശരീരരോമം തലമുടി ഇതുകളും പ്രായേണ മൃദുത്വമുള്ളവയും വളരെ കുറഞ്ഞവയും ഉള്ളവ കപിലവർണ്ണങ്ങളുമായിരിക്കും. തീക്ഷ്ണഗുണംനിമിത്തം അതൃഗ്രപരാക്രമികളും തീക്ഷ്ണാഗ്നികളും അശനപാനങ്ങൾ ധാരാളം കഴിക്കുന്നവരും യാതൊരു ക്ലേശത്തേയും സഹിക്കുവാൻ കഴിയാത്തവരും രാക്ഷസപ്രകൃത്യത്തോടുകൂടിയവരുമായിരിക്കും. ('ദന്ദശൂകസ്യ വല്ലിം ഗോ രാക്ഷസേ ച സരീസൃപേ' എന്ന മേദിനി). പിത്തത്തിന്റെ

ശാസംഹിഷ്ണവോ മന്ദശ്രുകാഃ, ദ്രവത്വാച്ഛിഥിലമൃദുസന്ധിബന്ധമാംസാഃ പ്രഭൂതസ്വേദമൂത്രപുരീഷാശ്ച, വിസ്രത്വാൽ പ്രഭൂതപൂതിവക്ത്രകക്ഷസ്രന്ധാസ്യശിരശ്ശരീരഗന്ധാഃ, അമ്ലകടുകത്വാല്പശുക്ലവ്യവായാപത്യാഃ. ത ഏവംഗുണയോഗാൽ പിത്തളാ മദ്ധ്യബലാ മദ്ധ്യായുഷോ മദ്ധ്യജ്ഞാനവിജ്ഞാനവിത്തോപകരണവന്തശ്ചഭവന്തി.

വാതസ്തു ത്രുക്ഷലഘുചലബഹുശീഘ്രശീതപരുഷവിശദസുസ്യരൌക്ഷ്യാദ്വാതളാ ത്രുക്ഷാപചിതാല്പശരീരാഃ പ്രതതത്രുക്ഷക്ഷാമഭിന്നസകതജർജ്ജരസ്വരാ ജാഗത്രുകാശ്ച ഭവന്തി, ലഘുത്വാച്ച ലഘുചപലഗതിചേഷ്ടാഹാരവിഹാരാഃ, ചലത്വാദനവസ്ഥിതസന്ധ്യക്ഷിഭ്രുഹനൌഷ്ഠജിഹ്വാശിരസ്സന്ധപാണിപാദാഃ, ബഹുത്വാൽ

ദ്രവത്വംനിമിത്തം സന്ധിബന്ധമാംസങ്ങൾ ശിഥിലങ്ങളും മൃദുക്കളുമായിരിക്കും. ഇവർക്ക് സ്വേദവും മൂത്രപുരീഷങ്ങളും ധാരാളം പുറപ്പെട്ടുകൊണ്ടിരിക്കും. വിസ്രത്വംനിമിത്തം പിത്തളന്മാരുടെ വക്ത്രസ്സ് കക്ഷം സ്രന്ധം മുഖം ശിരസ്സ് ഇവിടങ്ങളിലെ ശരീരഗന്ധം ദുർഗ്ഗന്ധമായിരിക്കും. പിത്തം അമ്ലത്വംകടുകത്വംഗുണങ്ങളുള്ളതാകയാൽ പിത്തളന്മാർ ശുക്ലം വ്യവായം സന്തതി ഇതുകൾ കുറഞ്ഞവരുമായിരിക്കും. പിത്തളന്മാക്ക് ഈ പറഞ്ഞ ഗുണങ്ങളെല്ലാമുണ്ടാകുന്നതാകയാൽ അവർ മദ്ധ്യബലന്മാരും മദ്ധ്യായുസ്സുകളുമായിരിക്കും. ഇവരുടെ ജ്ഞാനം വിജ്ഞാനം സ്വത്ത് ഉപകരണം ഇതുകളും മദ്ധ്യാവസ്ഥയിൽതന്നെ ഇരിക്കും *

113.—വാതം രുക്ഷവും ലഘുവും ചലവും ബഹുവും ശീഘ്രവും ശീതവും പരുഷവും വിശദവുമാകുന്നു. വാതളന്മാർ വാതത്തിന്റെ രൌക്ഷ്യംനിമിത്തം രുക്ഷമായും കൃശമായും ഗ്രസ്വമായുമിരിക്കുന്ന ശരീരത്തോടുകൂടിയവരും അത്യന്തം രുക്ഷവും അടഞ്ഞതും ഇടച്ചുയുള്ളതും സകതവും ജർജ്ജരവുമായ സ്വരത്തോടുകൂടിയവരും ഉറക്കം കുറഞ്ഞവരുമായിരിക്കും. ലഘുത്വമെന്ന വാതഗുണംനിമിത്തം ഇവരുടെ ഗമനം ചേഷ്ട ആഹാരം വിഹാരം ഇതുകൾ കുറഞ്ഞും ചപലവുമായിരിക്കും. ചലത്വംനിമിത്തം സന്ധികൾ കണ്ണുകൾ ഭ്രുക്കൾ ഹനുക്കൾ മൂക്കുകൾ ജിഹ്വ ശിരസ്സ് സ്രന്ധപ്രദേശം കൈകൾ പാ

ബഹുപ്രലാപകണ്ഡരാസിരാപ്രധാനാഃ, ശീഘ്രശ്രുതാൽ ശീഘ്രസമാരംഭക്ഷോഭവികാരാഃ ശീഘ്രോത്ത്രാസരാഗവിരാഗാഃ ശ്രുതഗ്രാഹിണോല്പശ്രുതയശ്ച, ശൈത്യാൽ ശീതാസഹിഷ്ണവഃ പ്രതതശീതകോപോപകസുംഭാഃ, പാരുഷ്യാൽ പരുഷകേശശ്മശ്രുരോമനഖശ്മനവദനപാണിപാദാംശ്ച, വൈശദ്യാൽ സ്ഫുടിതാംഗാവയവാസ്സ്രുതസന്ധിശബ്ദഗാമിനശ്ച ഭവന്തി. ത ഏവംഗുണയോഗാത്പ്രതള പ്രായേണാല്പബലാശ്ചാല്പാ യുഷശ്ചാല്പാപത്യാശ്ചാല്പസാധനാശ്ചാധന്യാശ്ച. 113

സംസർഗ്ഗാത്സംസർഗ്ഗലക്ഷണാഃ സർവ്വഗുണസമുദിതാസ്തു സമധാതവ ഇത്യേവം പ്രകൃതിം പരീക്ഷേത. 114

ങ്ങളും ഇതുകളെല്ലാം അനവസ്ഥിതങ്ങളായിരിക്കും ബാഹുല്യമെന്ന ഗുണംനിമിത്തം വളരെ സംസാരിക്കുന്നവരും പെരുത്തരമുകളും സിരകളും വളരെ പൊന്തിക്കാണുന്നവരുമായിരിക്കും. ശീഘ്രത്വം നിമിത്തം എടുത്തുകാര്യവും അതിവേഗത്തിൽ—യാതൊരുവിചാരവും കൂടാതെ തുടങ്ങുന്നവരും ദ്വേഷ്യപ്പെടുന്നവരും ക്ഷണത്തിൽ രോഗികളായിത്തീരുകയും വേഗത്തിൽ ഭയപ്പെടുകയും സ്നേഹിക്കുകയും മുഷിയുകയും ചെയ്യുന്നവരും കേട്ടതിനെ ക്ഷണത്തിൽ ഗ്രഹിക്കുന്നവരും ശ്രോത്രേന്ദ്രിയത്തിന്നു ബലം കുറഞ്ഞവരുമായിരിക്കും. ശൈത്യംനിമിത്തം തണുപ്പു സഹിക്കുവാൻ വയ്യാത്തവരും വിറച്ചുപനിയും വിറയലും സുംഭവും ബാധിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കും. പാരുഷ്യംനിമിത്തം പരുപരുത്ത കേശം ശ്മശ്രുരോമം നഖം പല്ല് മുഖം കൈകാൽ മുതലായ അംഗങ്ങളും ഇതുകളോടുകൂടിയവരും വൈശദ്യനിമിത്തം പൊട്ടിച്ചീറിയ അംഗാവയവങ്ങളോടുകൂടിയവരും നടക്കുമ്പോഴെല്ലാം സന്ധികളിൽനിന്ന്, വിരൽവലിക്കുന്നസമയം പുറപ്പെടുന്നതുപോലുള്ള ശബ്ദത്തോടുകൂടിയവരുമായിരിക്കും. ഈ പറഞ്ഞ അവസ്ഥകളെല്ലാമുണ്ടാവുന്നതാകയാൽ വാതളന്മാർ പ്രായേണ അല്പബലന്മാരും അല്പായുസ്സുകളും സന്തതികുറഞ്ഞവരും ദ്രവ്യത്യാദിസാധനം കുറഞ്ഞവരുമായിരിക്കും. *

114—വാതാദിദോഷങ്ങളുടെ സംസർഗ്ഗംനിമിത്തം സംസർഗ്ഗ

വികൃതിതശ്ചേതി. വികൃതിരുച്യതേ വികാരഃ. തത്ര വികാരം ഹേതുദോഷദൂഷ്യപ്രകൃതിദേശകാലബലവിശേഷൈഷ്വല്പജ്ഞതശ്ച പരീക്ഷേത. ന ഹ്യന്തരേണ ഹേത്വാദീനാം ബലവിശേഷം വ്യാധിബലവിശേഷോപലബ്ധിഃ. യസ്യ ഹി വ്യാധേർദൂഷ്യദോഷപ്രകൃതിദേശകാലസാമ്യം ഭവതി മഹച്ച ഹേതുലിംഗബലം സ വ്യാധിർബ്ബലവാൻ തദ്വിപര്യയാച്ചാല്പബലഃ. മദ്ധ്യബലസ്തു ദൂഷ്യാദീനാമന്യതമസാമന്യാദ്ധേതുലിംഗമദ്ധ്യബലതാമേവോപലഭ്യതേ. 115

സാരതശ്ചേതി. സാരാണ്യഷ്ടൗ പുരുഷാണാം ഉപമാനവിശേഷാദുദാനാത്മോപദിശ്യന്തേ. തദ്യഥാ—തപ്തകനകമാംസമേദോ

പ്രകൃതികരം സംസൃഷ്ടലക്ഷണന്മാരുമായിരിക്കും. ധാതുസാമ്യംനിമിത്തം സമധാതുക്കളായിട്ടുള്ളവർ സകലഗുണങ്ങളും തികഞ്ഞവരുമായിരിക്കും. ഇതേവിധമാണ് പ്രകൃതിയെ പരീക്ഷിച്ചറിയേണ്ടത് *

115—ഇപ്രകാരം പ്രകൃതിപരീക്ഷയെ വിവരിച്ചതിന്നുശേഷം തദ്വിപരീതമായ വികൃതിപരീക്ഷയേയും വിവരിക്കുന്നു:—വികൃതി—പ്രകൃതി വൈപരീത്യം രോഗമാകുന്നു. അവിടെ വികാരലക്ഷണമാണ് പരീക്ഷിച്ചറിയേണ്ടത്, ഹേതു ദോഷം ദൂഷ്യം പ്രകൃതി ദേശം കാലം ബലം ഇതുകളുടെ വിശേഷങ്ങളെക്കൊണ്ടും രോഗസംഭവം കാകാണ്ടുമാകുന്നു. ഈ ഹേത്വാദികളുടെ പരമാത്മസ്ഥിതിയറിയാതെ ഒരിക്കലും വ്യാധിയുടെ ബലാബലവിശേഷത്തെ അറിയുവാൻ സാധിക്കുകയുമില്ല. ഏതെങ്കിലും വ്യാധിക്ക് ദൂഷ്യം ദോഷം പ്രകൃതി ദേശം കാലം ഇതുകൾക്കു സാമ്യവും ഹേതുലിംഗങ്ങൾക്കു ബലവുമുണ്ടെങ്കിൽ ആ വ്യാധി ബലവാനാകുന്നു. ഈ പറഞ്ഞതുകൾക്കു വിപരീതമാണെങ്കിൽ ആ വ്യാധി അല്പബലവുമായിരിക്കും. ദൂഷ്യാദികളിൽ ഏതെങ്കിലും ഒന്നിന്നു സാമ്യവും ഹേതുലിംഗങ്ങൾക്കു മദ്ധ്യബലവുമാണെങ്കിൽ ആ വ്യാധി മദ്ധ്യബലമായിട്ടുള്ളതായിരിക്കും. ഇതാണ് വികൃതിലക്ഷണം *

116— സാരബലംകൊണ്ടും പ്രകൃതിവികൃതികളെ പരീക്ഷിച്ചറിയണം. മനുഷ്യർക്കു സാരഭേദങ്ങളായവ എട്ടുകൂട്ടമാകുന്നു. ബലപ്രമാണാദിന്റെ വിശേഷജ്ഞാനത്തിന്നുവേണ്ടി ആ സാരഭേദങ്ങ

സ്ഥിമജ്ജശുക്ലസത്വാനി. തത്ര സ്നിഗ്ധശ്ലക്ഷ്ണോദ്ദ്രപ്രസന്നസൂക്ഷ്മാല്പ
ഗംഭീരസുകുമാരലോമാ സപ്രഭാ ത്വക്സാരാണാം. സാ സാര
താ സുഖസൌഭാഗ്യൈശ്വര്യോപഭോഗബുദ്ധിവിദ്യാരോഗ്യപ്രഹ
ഷ്ണാന്യായുഷ്യതഞ്ചാവഹേത്. 61

കൃഷ്ണാക്ഷിമുഖജിഹ്വാനാസൌഷ്ഠപാണിപാദതലനഖലലാട
മേഹനാനി സ്നിഗ്ധരക്താനി ശ്രീമന്തി ഭ്രാജിഷ്ണൂനി രക്തസാരാ
ണാം. സാ സാരതാ സുഖമുദ്ഗ്രതാം മേധാം മനസഃ പ്രീതിം ശരീര
മാര്ദ്ദവമനതിബലമക്ലേശസഹിഷ്ണുതഞ്ചാവഹേത്. 117

ശംഖലലാടകൃകാടികാക്ഷിഗണ്ഡഹനുഗ്രീവാസ്തനാന്തരകക്ഷാ

ളുടെ സ്വഭാവത്തെ പ്രത്യേകം ഉപദേശിക്കുകയും ചെയ്യാം. സാരതാ
കളെന്തെല്ലാമെന്നാൽ: ത്വക്ക് രക്തം മാംസം മേദസ്സ് അസ്ഥി മ
ജ്ജ ശുക്ലം സത്വം ഈ ഏഴുകൂട്ടമാകുന്നു ശരീരത്തിലെ സാരഭൂത
ങ്ങൾ. സാരപരിപൂർത്തിയുള്ളവരുടെ ത്വക്ക്—സാരലക്ഷണപരിപൂ
ർത്തിയുള്ള ത്വക്ക് സ്നിഗ്ധമായും മിനുമിനുത്തും മാർദ്ദവത്തോടുകൂടിയും
പ്രസന്നമായും സൂക്ഷ്മമായും അല്പമായും ആഴമുള്ളതും—ധാരാളം മൂ
രടാപ്പുള്ളതും ഭംഗിയുള്ളതുമായ രോമത്തോടുകൂടിയതുമായിരിക്കും. ഇ
താണ് ത്വക്കിന്റെ സാരതാലക്ഷണം. ഈ ത്വക്കിന്റെ സാരത
അതുള്ളവന്ന് സുഖം സൌഭാഗ്യം ഐശ്വര്യം ഉപഭോഗം ബുദ്ധി
വിദ്യ ആരോഗ്യം സന്തോഷം ദീർഘായുസ്സ് ഇതുകൂടെക്കെല്ലാം കാര
ണഭൂതമാണെന്നാണ് പൂർവ്വാചാര്യന്മാരുടെ അഭിപ്രായം * 117—ര
ക്തത്തിന്റെ സാരപൂർത്തിയുള്ളവരുടെ കണ്ണുകളും കണ്ണുകൾ നാവ്
മൂക്ക് പുരികം കയ്യിന്റെയും കാലിന്റെയും പടം നഖങ്ങൾ നെറ്റി
മേഹനം ഇതുകൂടെ സ്നിഗ്ധങ്ങളും രക്തവർണ്ണങ്ങളും ഭംഗിയുള്ളവയും
ശോഭയുള്ളവയുമായിരിക്കും. ഈ രക്തസാരനിമിത്തം അവക്ക് സു
ഖവും ഔന്നത്യവും ബുദ്ധിശക്തിയും മനസ്സിന്റെ പ്രീതിയും ശരീരമാർദ്ദവ
വുമുണ്ടാവുകയും ശരീരത്തിന്ന് വലിയ ശക്തിയില്ലാതിരിക്കുകയും ക്ലേ
ശം സഹിക്കുവാൻ വയ്യാതിരിക്കുകയും ചെയ്യുമെന്നും പറയുന്നു *
118—മാംസസാരന്മാരുടെ ശംഖങ്ങൾ നെറ്റി പിരടി കണ്ണ് ഗ

വക്ഷഃപാണിപാദസന്ധയഃ സ്ഥിരഗൂഢശ്ലിഷ്ടഭാമാംസോപചിതാ മാംസസാരാണാംസാ സാരതാ ക്ഷമാം ധൃതിമലൌല്യം വിത്തം വിദ്യാം സുഖമാജ്ജവമാരോഗ്യം ബലമായുശ്ച ദീർഘമാചഷ്ടേ. 118

വർണ്ണസ്വരനേത്രകേശദന്തൌഷ്ഠമൂത്രപുരീഷോഷു വിശേഷതഃ സ്നേഹോ മേദസ്സാരാണാം. സാ സാരതാ വിത്തൈശ്വര്യസുഖാപഭോഗപ്രജോനാന്യാജ്ജവം സുകുമാരോപചാരതാമാചഷ്ടേ. 119

പാണിഗുൽഫജാനുജത്രുശിരഃപർവ്വസ്ഥൂലാസ്ഥിനഖദന്തോച്ചാസ്ഥിസാരാസ്തേ മഹോത്സാഹാഃ ക്രിയാനന്തരാക്ലേശസഹാഃ സാരസ്ഥിരശരീരാ ഭവന്ത്യായുഷ്മന്തശ്ച. 120

ണ്ടുപ്രദേശം ഹനുക്കൾ കഴുത്ത് മുതൽ ഉരസ്സ് കക്ഷപ്രദേശം വക്ഷസ്സ് കയ്യിന്റെയും കാലിന്റെയും സന്ധികൾ ഇതുകളെല്ലാം സ്ഥിരങ്ങളും ഗൂഢതയുള്ളവയും ശ്ലിഷ്ടലക്ഷണമുള്ളവയും മാംസപുഞ്ജങ്ങളുമായിരിക്കും. ഈ മാംസസാരത അതുള്ളവർക്ക് ക്ഷമയും ധൈര്യവും ചാഞ്ചല്യമില്ലായ്മയും വിത്തവും വിദ്യയും സുഖവും ഋജുതയും—കാപട്യമില്ലായ്മയും ആരോഗ്യവും ബലവും ആയുസ്സും ദീർഘായുസ്സുമുണ്ടാകുമെന്നും പറയുന്നു * 119—മേദസ്സാരമുള്ളവർക്ക് ശരീരവർണ്ണം സ്വരം കണ്ണ് തലമുടി പല്ല് മുണ്ട് മൂത്രം പുരീഷം ഇതുകളിൽ വിശേഷിച്ചും സ്നിഗ്ധതയുണ്ടായിരിക്കും. ആ സാരത അവർക്ക് ധനം ഐശ്വര്യം സുഖം ഉപഭോഗം ദാനശീലത്വം ബുദ്ധികൂ കാപട്യമില്ലാതിരിക്കുക എന്തെങ്കിലും രോഗമുണ്ടായിരുന്നാൽ ചികിത്സിച്ചു മാറുവാൻ സുഖവും സംഭവിക്കുവാൻ കാരണമായിത്തീരുമെന്നും പറയുന്നു * 120— അസ്ഥിസാരമുള്ളവർ, മടമ്പ് ഞെരിയാണി മുട്ട് അരത്തി ജത്രു താടി ശിരസ്സ് സന്ധികൾ ഇവിടങ്ങൾ തടിച്ചവരും തടിച്ച അസ്ഥികളും നഖങ്ങളും പല്ലുകളുമുള്ളവരുമായിരിക്കും. അവർ മഹോത്സാഹികളും പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നവരും എത്രയേറെ ക്ലേശവും സഹിക്കുന്നവരും കട്ടിയുള്ളതായ ശരീരത്തോടുകൂടിയവരും ദീർഘായുസ്സുള്ളവരുമായിരിക്കും * 121— മജ്ജാസാരമുള്ളവർ വർണ്ണംകുറഞ്ഞ ശരീരത്തോടുകൂടിയവരും ബലവാന്മാ

തനുശ്ച ബലവന്തഃ സ്നിഗ്ധവർണ്ണസ്വരാഃ സ്ഥൂലദീർഘവൃത്ത
സന്ധയശ്ച മജ്ജസാരാസ്തേ ദീർഘായുഷോ ബലവന്തഃ. 121

ശ്രുതവിജ്ഞാനവിത്താപത്യസമ്മാനഭാജശ്ച സൌമ്യാഃ സൌ
മ്യപ്രേക്ഷിണശ്ച ക്ഷീരപൂർണ്ണലോചനാ ഇവ പ്രഹൃഷ്ടപ്ലവലാഃ
സ്നിഗ്ധവൃത്തസാരസമസംഹതശിഖരിദശനാഃ പ്രസന്നസ്നിഗ്ധവ
ർണ്ണസ്വരാ ഭ്രാജിഷ്ണവോ മഹാസ്ഥിജശ്ച ശുക്രസാരാഃ. തേ സ്ത്രീപ്രി
യാഃ പ്രിയാപത്യഭോഗാ ബലവന്തശ്ച. 122

സുഖൈശ്വര്യാരോഗ്യവിത്തസമ്മാനാപത്യഭാജഃ സ്മൃതിമ
ന്തോ ഭക്തിമന്തഃ കൃതജ്ഞാഃ പ്രാജ്ഞാശ്ച ഭവന്തി മഹോത്സാഹാ ദ
ക്ഷാ ധീരാസ്സമരവിക്രാന്തയോധിനസ്സൃക്കവിഷ്ടാഃ സുവ്യവസ്ഥി

രും ശരീരവർണ്ണത്തിന്നും സ്വരത്തിന്നും സ്നിഗ്ധതയുള്ളവരും സ്ഥൂല
മായും ദീർഘമായും വൃത്തമായുമുള്ള സന്ധികളോടുകൂടിയവരുമായിരി
ക്കും. ഇവർ ദീർഘായുസ്സുകളും ബലവാന്മാരുമായിരിക്കുകയും ചെ
യ്യും * 122—ശുക്രസാരന്മാരായവർ അറിവും ശില്പശാസ്ത്രനൈപു
ണ്യവും ധനവും സന്തതിയും സമ്മാനലാഭവുമുള്ളവരും സൌമ്യശീ
ലന്മാരും ക്രൂരദൃഷ്ടിയില്ലാത്തവരും എപ്പോഴും സന്തോഷത്തോടുകൂ
ടിയവരും സ്നിഗ്ധങ്ങളും വൃത്തങ്ങളും ഉറപ്പുള്ളവയും സമങ്ങളും ഇട
തിങ്ങിയവയും ശിഖരികളുമായ ദശനങ്ങളോടുകൂടിയവരും പ്രസന്ന
മായും സ്നിഗ്ധമായുമുള്ള വർണ്ണത്തോടും സ്വരത്തോടും കൂടിയവരും
ശോഭയുള്ളവരും ആസനം തടിച്ചവരുമായിരിക്കും. അവർ സ്ത്രീകൾ
ക്ക് അത്യന്തം പ്രിയപ്പെട്ടവരും ഉപഭോഗങ്ങളിൽ താല്പര്യമുള്ളവരും
ബലവാന്മാരായിരിക്കുകയും ചെയ്യും * 123— സത്വസാരന്മാരാ
യവർ, സുഖം ഐശ്വര്യം ആരോഗ്യം ധനം സമ്മാനം സന്തതി
ഇതുകളോടുകൂടിയവരും സ്മരണശക്തിയുള്ളവരും ഭക്തിയുള്ളവരും കൃ
തജ്ഞന്മാരും അറിവുള്ളവരും ശുചിത്വമുള്ളവരും മഹോത്സാഹിക
ളും സകല കാര്യങ്ങൾക്കും സമർത്ഥന്മാരും ധൈര്യമുള്ളവരും യുദ്ധ
ത്തിൽ ചെന്നാൽ പരാക്രമത്തോടുകൂടെ യുദ്ധംചെയ്യുന്നവരും ദു
ഃഖമില്ലാത്തവരും നല്ല വ്യവസ്ഥയുള്ളവരും ബുദ്ധിക്കും ചേതസ്സി

താ ഗംഭീരബുദ്ധിചേതസഃ കല്യാണാഭിനിവേശിനശ്ച സത്യപ
സാരാഃ. 123

തേഷാം സപ്രലക്ഷണൈരേവ ഗുണാ വ്യാഖ്യാതാഃ. 124

തത്ര സത്ത്വസ്സാരൈരുപേതാഃ പുരുഷാ ഭവന്ത്യതിബലാഃ പരം ഗൌരവയുക്താഃ ക്ലേശസഹാഃ സർവ്വാരംഭേഷ്വാത്മനി ജാതപ്രത്യയാഃ കല്യാണാഭിനിവേശിനഃ സ്ഥിരസമാഹിതശരീരാഃ സുസമാഹിതഗതയസ്സ്നാനസ്നിഗ്ധഗംഭീരമഹാസപരാഃ സുഖൈശ്വര്യവിത്തോപഭോഗസമ്മാനഭാജോ മന്ദജരസോ മന്ദവികാരാഃ പ്രായസ്സുല്യഗുണവിസ്തീർണ്ണാപത്യാശ്ചിരഞ്ജീവിനശ്ച. 125

അതോ വിപരീതാസ്സപ്രസാരാഃ. 126

ന്നും ഗാംഭീര്യമുള്ളവരും നല്ല കായ്മങ്ങളിലേർപ്പെട്ടുന്നവരുമായിരിക്കും * 124— ഈ പറഞ്ഞ തപ്രാദിസാരലക്ഷണങ്ങളെക്കൊണ്ട് അതുകളുടെ ഗുണങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞിരിക്കുന്നു * 125— ഈ പറഞ്ഞ സാരങ്ങളെല്ലാം തികഞ്ഞവർ അതിബലവാന്മാരും അത്യന്തം ഗൌരവമുള്ളവരും എത്രയുതരം ക്ലേശവും സഹിക്കുന്നവരും എത്രയുതരം ആരംഭങ്ങളെ ആരംഭിക്കുമ്പോഴും പരാപേക്ഷകൂടാതെ അതുകളെ ആരംഭിക്കുന്നവരും സൽപ്രവൃത്തികളെ ചെയ്യുവാൻ ഉത്സാഹമുള്ളവരും ഉറപ്പുള്ളതും കട്ടിയുള്ളതുമായ ശരീരത്തോടുകൂടിയവരും നല്ലവണ്ണം സമാഹിതമായ ഗതിയോടുകൂടിയവരും മാറെറാലിക്കൊള്ളുന്നതും സ്നിഗ്ധവും ഗംഭീരവും മഹത്തുമായ സപ്രത്തോടുകൂടിയവരും സുഖം ഐശ്വര്യം ധനം ഉപഭോഗം സമ്മാനം ഇതുകളോടുകൂടിയവരും ജര കുറഞ്ഞവരും രോഗം കുറഞ്ഞവരും പ്രായേണ അവനവന്റെ ഗുണത്തോടു തുല്യഗുണയുക്തമായ സന്തതി ധർമ്മമുള്ളവരും ചിരഞ്ജീവികളും— ദീർഘായുസ്സുകളുമായിരിക്കും * 126—സാരഗുണമില്ലാത്തവർ ഈ പറഞ്ഞ ഗുണങ്ങൾക്കു വിപരീതമായ അവലക്ഷണഗുണങ്ങളോടുകൂടിയവരുമായിരിക്കും * 127—

മദ്ധ്യാനാം മദ്ധ്യസ്സാരവിശേഷൈർഗ്ഗുണവിശേഷാ വ്യാഖ്യാതാഃ. ഇതി സാരാണ്യഷ്ടൗ പുരുഷാണാം ബലപ്രമാണവിശേഷജ്ഞാനാർത്ഥാനി. 127

കഥന്തു ശരീരമാത്രദർശനാദേവ ഭിഷഗ്ഭിഃ ഹൃദയമുപചിതത്വാൽ ബലവാനയമല്പബലഃ കൃശത്വാന്മഹാബലവാനയം മഹാശരീരത്വാദയമല്പശരീരത്വാല്പബല ഇതി. ദൃശ്യന്തേ ഹ്യല്പശരീരാഃ കൃശാശ്ചൈകേ ബലവന്തഃ. തത്ര പിപീലികാഭാരഹരണവൽ സിദ്ധിഃ. അതശ്ച സാരതഃ പരീക്ഷേത ഇത്യുക്തം. 128

സാരഗ്രഹണം മദ്ധ്യാവസ്ഥയിലുള്ള മദ്ധ്യസാരന്മാർ ഈ പറഞ്ഞ സാരഗ്രഹണങ്ങളുടെ മദ്ധ്യാവസ്ഥയോടുകൂടിയവരായിരിക്കും. ഇതാണ് മനുഷ്യരുടെ എട്ടുതരത്തിലുള്ള സാരങ്ങളുടെ ഉത്തമാധമമദ്ധ്യാവസ്ഥകളുടെ വിവരണം. ഇങ്ങിനെ വിവരിച്ചതിന്റെ പ്രയോജനം ബലപ്രമാണത്തിന്റെ വിശേഷത്തെ തിരിച്ചറിയുവാൻവേണ്ടി ചെയ്തതാണെന്നും ഗ്രഹിക്കണം * 128—ഇങ്ങിനെ എട്ടുതരം സാരങ്ങളെ വിവരിച്ചതിന്റെ പ്രയോജനത്തെ വിവരിക്കുന്നു:—വൈദ്യൻ രോഗിയുടെ ശരീരത്തെ കാണുകമാത്രം ചെയ്യുമ്പോൾ തടിച്ചുകാണുകയാൽ ഇവൻ ബലവാനാണോ എന്നും കൃശത്വംനിമിത്തം അല്പബലവാനാണോ എന്നും മഹാശരീരത്വംനിമിത്തം മഹാബലവാനാണോ എന്നും അല്പശരീരത്വംനിമിത്തം അല്പബലവാനാണോ എന്നും സംശയിച്ചുപോകും. അങ്ങിനെയുള്ള സംശയനിവൃത്തിക്കാണ് ഈ സാരഗ്രഹണം വിവരിച്ചതെന്നു സാരം. ചിലർ അല്പശരീരന്മാരും കൃശന്മാരുമാണെങ്കിലും ബലവാന്മാരായിട്ടും കാണുന്നുണ്ട്. ഉറുമ്പ് വളരെ ചെറിയ ജീവിയാണെങ്കിലും അത് അതിനേക്കാൾ വലിയ സാധനത്തെ എടുത്തുനടക്കുന്നതായി നാം കാണുന്നുണ്ടല്ലോ. അതുനിമിത്തം ബലാബലപരീക്ഷചെയ്യുന്നതെല്ലാം സാരബലത്തെക്കൂടെ ആലോചിച്ചു നിർണ്ണയിക്കേണ്ടതാകുന്നു. അതിനായിട്ടാണ് സാരപരീക്ഷയെ വിവരിച്ചത്. ഇതുപ്രകാരം പരീക്ഷിച്ചു നിർണ്ണയിക്കുന്നതായാൽ ആ സംശയത്തിന്ന് ഒരിക്കലും അവകാശം സിദ്ധിക്കുന്നതല്ലെന്നു സാരം *

സംഹനനതശ്ചേതി. സംഹനനം സംഘാതഃ സ്സംയോജനമിത്യേകോത്ഥഃ. 129

തസ്യ സമസ്സുവിഭക്തോസ്ഥി സുബദ്ധസന്ധി സുനിവിഷ്ടമാംസശോണിതം സുസംഹതം ശരീരമിത്യുച്യതേ. തത്ര സുസംഹത ശരീരാഃ പുരുഷാ ബലവന്തോ വിപര്യ്യയേണാല്പബലാഃ പ്രവരാവര മദ്ധ്യതാൽ സംഹനനസ്യ മദ്ധ്യബലാ ഭവന്തി. 130

പ്രമാണതശ്ചേതി. ശരീരപ്രമാണം പുനസ്ത്വഥാ സ്വേനാംഗുലിപ്രമാണേനോപദേക്ഷ്യേ. ഉത്സേധവിസ്താരായാമൈസ്ത്വഥാക്രമം.

തത്രപാദൌ ചതസ്രഃ ഷഡം ചതുർദ്ദശ ചാംഗുലാനി, ജംഘേ ത്രിംശദംഗുലേ ഷോഡശാംഗുലിപരിക്ഷേപേ, ജാനുനീ ചതുരം

129—ശരീരപ്രമാണംകൊണ്ടും പരീക്ഷിച്ചറിയണം. സംഹനനം സംഘാതം സംയോജനമെന്നുള്ള ശബ്ദങ്ങളെല്ലാം പര്യായങ്ങളാകുന്നു * 130—സമങ്ങളും സുവിഭക്തങ്ങളുമായ അസ്ഥികളോടുകൂടിയതും തമ്മിൽ നല്ല മേച്ചുയുള്ള സന്ധികളോടുകൂടിയതും വേണ്ടതുപോലെ നിലനിൽക്കുന്ന മാംസത്തോടും രക്തത്തോടും കൂടിയതും നല്ല മേച്ചുയുള്ളതുമായ ശരീരത്തെയാണ് ശരീരം—അരോഗദൃഢഗാത്രമെന്നു പറയുന്നത്. ഈ പറഞ്ഞ ഗുണങ്ങളെല്ലാം കൂടിച്ചേർന്ന ശരീരത്തോടുകൂടിയവർ ബലവാന്മാരും വിപരീതഗുണയുക്തന്മാർ ദുർബ്ബലന്മാരും ഉൽകൃഷ്ടനീചഗുണങ്ങളുടെ മദ്ധ്യാവസ്ഥയിലിരിക്കുന്ന ഗുണങ്ങളോടുകൂടിയവർ മദ്ധ്യബലന്മാരുമായിരിക്കും *

131—അംഗങ്ങളുടെ പ്രമാണം—ഓരോ അവയവം ഇത്രഇത്ര വലിപ്പമുണ്ടായിരിക്കണമെന്നുള്ള ശാസ്ത്രീയപരിമാണംകൊണ്ടും ബലാബലവിഭാഗത്തെ അറിയണം. ആ ശരീരാവയവങ്ങളുടെ പ്രമാണത്തെ ഉയരം, വിസ്താരം, നീളം ഈ ക്രമത്തിൽ അംഗുലിപ്രമാണംകൊണ്ടുപദേശിക്കുകയും ചെയ്യാം. ഈ അംഗുലി എന്നത് ഒരു വിരലിന്റെ വിസ്താരവുമാകുന്നു * 132—അംഗാവയവങ്ങളിൽ കാലടികൾ (വിരൽക്കൂടാതെ) നാലുവിരൽ ഉയരവും ആറുവിരൽ വിസ്താരവും പതിനാല് അംഗുലം നീളവുമായിരിക്കും. ജംഘകൾ പതിനെട്ട് അംഗുലം ഉയരവും പതിനാറ് അംഗുലം ചുറ്റളവുമായിരിക്കും. മുട്ടുകൾ

ഹ്രലേ ഷോഡശാംഗുലിപരിക്ഷേപേ, ത്രിംശദംഗുലപരിക്ഷേപാവഷ്ടാ
ദശാംഗുലോവൃത്ത, വൃഷ്ണണൌ ഷഡംഗുലദീഘൌ അഷ്ടാംഗുലപരി
ണാഹൌ, ശേഫഃ ഷഡംഗുലദീഘം പഞ്ചാംഗുലപരിണാഹം, ചാ
ദശാംഗുലപരിണാഹോ ഭഗഃ, ഷോഡശാംഗുലവിസ്താരാ കടി, ദ
ശാംഗുലം വസ്തിശിരഃ, ദശാംഗുലവിസ്താരം ചാദശാംഗുലമുദരം, ദ
ശാംഗുലവിസ്തീർണ്ണാ ചാദശാംഗുലായാമേ പാർശ്വേ, ചാദശാംഗുല
വിസ്താരം സ്തനാന്തരം, ദ്വ്യംഗുലം സ്തനപര്യന്തം, ചതുർവ്വിംശത്യംഗു
ലവിശാലൌ ചാദശാംഗുലോത്സേധമുരഃ, ദ്വ്യംഗുലം ഗ്രീവയം, അഷ്ടാം
ഗുലൌ സ്കന്ധൌ, ഷഡംഗുലാവംസൌ, ഷോഡശാംഗുലൌ ബാ
ഹൂ, പഞ്ചദശാംഗുലൌ പാണീ; ഹസ്തൌ ചാദശാംഗുലൌ, കക്ഷാ
വഷ്ടാംഗുലൌ, ത്രികം ചാദശാംഗുലോത്സേധം, അഷ്ടാദശാംഗുലോ

നാലംഗുലം ഉയരവും പതിനാറംഗുലം പരിക്ഷേപവുമുള്ളവയാകു
ന്നു. തുടകളും മുഷ്കത് അംഗുലം പരിക്ഷേപമുള്ളവയും പതിനെട്ട് അം
ഗുലം വലിപ്പമുള്ളവയുമായിരിക്കും. വൃഷ്ണങ്ങളും ആറ് അംഗുലം
നീളവും എട്ട് അംഗുലം വലിപ്പവുമുള്ളവയാകുന്നു. ശേഫത്തിന്റെ
ദീഘം ആറ് അംഗുലവും വണ്ണം അഞ്ച് അംഗുലവുമായിരിക്കും.
പന്ത്രണ്ട് അംഗുലം വിസ്താരമുള്ളതാകുന്നു ഭഗം. കടിപ്രദേശത്തി
ന്റെ വിസ്താരം പതിനാറ് അംഗുലമാകുന്നു. വസ്തിശിരസ്സ് പത്ത്
അംഗുലമാകുന്നു. ഉദരം പത്ത് അംഗുലം വിസ്താരവും പന്ത്രണ്ട്
അംഗുലം ഉയരവുമുള്ളതാകുന്നു. വാരിഭാഗങ്ങളും പത്ത് അംഗുലം
വിസ്താരവും പന്ത്രണ്ട് അംഗുലം ദീഘവുമുള്ളവയായിരിക്കും. പന്ത്ര
ണ്ട് അംഗുലം വിസ്താരമുള്ളതായിരിക്കും സ്തനാന്തരം. സ്തനപര്യന്തം
രണ്ട് അംഗുലവുമാകുന്നു. ഉരസ്സ് ഇരിപത്തിനാല് അംഗുലം വി
സ്താരവും പന്ത്രണ്ട് അംഗുലം ഉയരവുമുള്ളതാകുന്നു. ഗ്രീവയം ദ്വ്യം
ഗുലപ്രമാണവുമാണ്. സ്കന്ധപ്രദേശങ്ങളും എട്ട് അംഗുലം വലിപ്പ
മായിരിക്കും. ചുമലുകളുടെ വലിപ്പം ആറ് അംഗുലം വീതവുമാണ്.
ബാഹുക്കളും പതിനാറ് അംഗുലം വലിപ്പമുള്ളവയും പാണികളും പ
തിനഞ്ച് അംഗുലം വലിപ്പമുള്ളവയും ഹസ്തങ്ങളും പന്ത്രണ്ട് അംഗു
ലം വലിപ്പമുള്ളവയുമാകുന്നു. കക്ഷപ്രദേശങ്ങളുടെ വലിപ്പം എട്ട്

ത്തേധം പുഷ്ടം, ചതുരംഗുലോത്തേധാ ദ്വാവിംശത്യംഗുലപരിണാ
ഹാ ശിരോധരാ, ദ്വാദശാംഗുലോത്തേധം ചതുർവ്വിംശത്യംഗുലപരി
ണാഹമാനനം, പഞ്ചാംഗുലമാസ്യം, ചിബുകൌഷ്ഠകണ്ണാക്ഷിമദ്ധ്യ
നാസികാലലാടാനി ചതുരംഗുലാനി, ഷോഡശാംഗുലോത്തേധം
ദ്വാത്രിംശദംഗുലപരിണാഹം ശിര ഇതി പൃഥക്തേപനാംഗാവയവാ
നാം മാനമുക്തം കേവലം പുനഃശരീരമംഗുലിപർവ്വാണി ചതുരശീതി
സ്സൂത്രായാമവിസ്താരമാനം സമുച്യതേ. 132

തത്രായുഷ്മൂലമോജസ്സുഖമൈശ്വര്യം വിത്തമിഷ്ടാശ്ചാപരേ ഭാ
വാ ഭവന്ത്യായത്താഃ പ്രമാണവതി ശരീരേ വിപര്യയസ്തു ഹീനേധി
കേ വാ. 133

ട്ട് അംഗുലവുമായിരിക്കും. ത്രികം—തണ്ടെല്ല് പന്ത്രണ്ട് അംഗുലം ഉത്തേധത്തോടുകൂടിയതും പുഷ്ടം പതിനെട്ട് അംഗുലം പൊക്കമുള്ളതുമാകുന്നു. കഴുത്ത് നാല് അംഗുലം പൊക്കവും ഇരിപത്തിരണ്ട് അംഗുലം ചുറ്റളവുമുള്ളതുമായിരിക്കും. പന്ത്രണ്ട് അംഗുലം പൊക്കവും ഇരിപത്തിനാല് അംഗുലം പരിണാഹവുമുള്ളതാകുന്നു താടി. മുഖം. കണ്ണ് മദ്ധ്യപ്രദേശം മൂക്ക് നെറ്റി. ഇതുകൾ നാലും അംഗുലങ്ങളുമായിരിക്കും. ശിരസ്സിന്റെ വലിപ്പം പതിനാറ് അംഗുലം ഉയരവും മുപ്പത്തിരണ്ടുവിരൽ പരിണാഹവുമായിരിക്കും. ഇപ്രകാരം ശരീരാവയവങ്ങളിൽ ഓരോന്നിനും പ്രത്യേകം പ്രത്യേകമുള്ള പരിമാണം പറയപ്പെട്ടിരിക്കുന്നു. ഇനി ശരീരത്തിലുള്ള എണ്ണത്തിനാല് അംഗുലീപർവ്വങ്ങളുടെ പരിമാണത്തെ മേലിൽ വിവരിക്കുകയും ചെയ്യും * 133—ഈ പറഞ്ഞ പരിമാണം ശരിയായിട്ടുള്ള ശരീരികൾക്ക് ദീർഘായുസ്സും ഓജസ്സും സുഖവും ഐശ്വര്യവും ധനവും ഇഷ്ടങ്ങളായ മറ്റു സകല ഭാവങ്ങളും തന്നെത്താൻ സാധീനങ്ങളായി വരികയുംചെയ്യും. ഈ പറഞ്ഞ അംഗപരിമാണം കുറഞ്ഞവരോ അധികരിച്ചു പരിമാണത്തോടുകൂടിയവരോ ആണെങ്കിൽ അവക്ക് ഈ പറഞ്ഞവ ഒന്നും സ്വായത്തങ്ങളായിത്തീരുകയുമില്ല *

സാത്മ്യതശ്ചേതി. സാത്മ്യം നാമ തദ്രസാതത്യേനോപയുജ്യമാനമുപശേതേ തത്ര യേ ഘൃതക്ഷീരതൈലമാംസരസസാത്മ്യാസ്തു ദ്ധ്രസസാത്മ്യാശ്ച തേ ബലവന്തഃ ക്ലേശസഹാശ്ചിരഞ്ജീവിനശ്ച ഭവന്തി. രൂക്ഷനിത്യാഃ പുനരേകൈകരസസാത്മ്യാശ്ച യേ തേ പ്രായേണാല്പബലാശ്ചാക്ലേശസഹാ അല്പായുഷോല്പസാധനാശ്ച ഭവന്തി.

വ്യാമിശ്രസാത്മ്യാസ്തു യേ തേ മദ്ധ്യബലാഃ സാത്മ്യനിമിത്തഃ. 135

സത്മ്യതശ്ചേതി. സത്മ്യമുച്യതേ മനസ്തുച്ഛരീരസ്യ തന്ത്രകമാത്മയോഗാൽ തൽ ത്രിവിധം ബലഭേദേന പ്രവരം മദ്ധ്യമവരമിതി. അതശ്ച പ്രവരമദ്ധ്യാവരസത്മ്യാശ്ച പുരുഷാ ഭവന്തി. ത

134—സാത്മ്യവ്യത്യാസംകൊണ്ടും ശരീരസ്ഥിതിയെ പരീക്ഷിച്ചറിയണം. ആ പരീക്ഷാവിധിയേയും വിവരിക്കുന്നു: പതിവായി ശീലിച്ചുവരികയും അതു പിന്നൊരു ഭക്ഷണകാലത്തേയ്ക്കു മാറ്റിക്കളകയും ചെയ്യുന്നതു യാതൊന്നോ അതാകുന്നു സാത്മ്യം. നെയ്യും പാലും എണ്ണയും മാംസരസവും സാത്മ്യമായിട്ടുള്ളവരും ഷഡ്രസങ്ങളെല്ലാം വേണ്ടവിധം ചേർത്ത പദാർത്ഥം സാത്മ്യമായിട്ടുള്ളവരും ബലവാന്മാരും ക്ലേശംസഹിക്കുന്നവരും ചിരഞ്ജീവികളുമായിരിക്കും. രൂക്ഷമായ പദാർത്ഥത്തെ പതിവായി ശീലിക്കുകയും ഒരു രസത്തെ മാത്രം ശീലിക്കുകയും ചെയ്യുന്നവർ പ്രായേണ ബലഹീനന്മാരും യാതൊരു ക്ലേശവും സഹിക്കുവാൻ കഴിയാത്തവരും അല്പായുസ്സുകളും സാധനസമ്പത്തി കുറഞ്ഞവരുമായിരിക്കും * 135— പഥ്യാപഥ്യപദാർത്ഥങ്ങളിൽ ഇടകലർന്ന് ഉപയോഗിക്കുന്നവർ സാത്മ്യബലനിമിത്തം മദ്ധ്യബലവാന്മാരുമായിരിക്കും. *

136—സത്മ്യബലഭേദംകൊണ്ടും പ്രവരാവരമദ്ധ്യത്വം പരീക്ഷിച്ചറിയണം. അതെങ്ങിനെയെന്നാൽ, സത്മ്യമെന്നുപറയുന്നതു മനസ്സുതന്നെയാകുന്നു. മനസ്സിനു ശരീരത്തെ പ്രവൃത്തിപ്പിക്കുവാനുള്ള ശക്തിക്കുടെ ഉള്ള അവസ്ഥാവിശേഷമാണ് സത്മ്യമെന്നു

ത്ര പ്രവരസത്ത്വാഃ സത്ത്വസാരാഃ സ്ഥിരേഷ്വപദിഷ്ടാഃ. സ്വല്പശരീരാഃ ഹ്യപി തേ നിജാഗന്ത്വനിമിത്താസു മഹതീഷ്വപി പീഡാസു വ്യഥാ ദൃശ്യന്തേ സത്ത്വഗ്രഹണവൈശേഷ്യാൽ. 136

മദ്ധ്യസത്ത്വാസ്തു പരാനാത്മന്യുപനിധായ സംസൃംഭയന്ത്യാത്മനാത്മാനം പരൈർവ്യാപി സംസൃജ്യന്തേ. ഹീനസത്ത്വാസ്തു നാത്മനാ ന ച പരൈരസ്സത്ത്വബലം ശക്യന്തേ ഉപസൃംഭയിതും. മഹാശരീരാഹ്യപി തേ സ്വല്പാനാമപി വേദനാനാമസഹാ ദൃശ്യ

പറയുന്നത്. (ഈ സത്ത്വത്തെ ചില ഘട്ടത്തിൽ ജീവനെന്നും വ്യവഹരിച്ചു കാണുന്നു) ഈ സത്ത്വം ബലഭേദംനിമിത്തം പ്രവരം മദ്ധ്യം ന്യൂനമെന്ന ഭേദേന മൂന്നുതരത്തിലായിരിക്കുകയും ചെയ്യും. ഈ സത്ത്വഗ്രഹണഭേദംനിമിത്തം ജന്തുക്കൾ പ്രവരസത്ത്വന്മാർ മദ്ധ്യസത്ത്വന്മാർ ന്യൂനസത്ത്വന്മാർ എന്നിങ്ങിനെ മൂന്നുതരത്തിലുമായിരിക്കും. ഈ മൂന്നുതരക്കാരിൽ പ്രവരസത്ത്വന്മാർ സത്ത്വബലമുള്ളവരും ദൃഢഗാത്രന്മാരുമായിരിക്കും. അവർ ഹ്രസ്വകായന്മാരാണെങ്കിലും സത്ത്വഗ്രഹണപ്രഭാവംനിമിത്തം അവർക്ക് നിജമോ ആഗന്തുവോ ആയ എന്തെങ്കിലും രോഗം കലശലായി ബാധിച്ചാൽക്കൂടി വലിയ ദുഃഖമില്ലാത്തവരായിരിക്കും. * 137—മദ്ധ്യസത്ത്വന്മാരായവർ തങ്ങൾക്ക് എന്തെങ്കിലും പീഡവന്നാൽ ഇതുവിധം മാറുമെന്നുള്ളതുകൊണ്ട് അവരെല്ലാം അതു സഹിക്കുകയല്ലെ ചെയ്യുന്നത്. അതിനാൽ നാമെങ്കിലും ഇതു സഹിക്കുകതന്നെ വേണമെന്നു കരുതി അതുകൊള്ളപണിപ്പെട്ട് സഹിക്കും. അല്ലെങ്കിൽ മറവുള്ളവർ പറഞ്ഞാൽതൽക്കാലം സഹിച്ചു എന്നും വരാം. ഹീനസത്ത്വന്മാരായവർ അവനവന്ന് എന്തെങ്കിലും പീഡവന്നുചേർന്നാൽ അതിനെ തന്നത്താൻ അടക്കുവാനോ മറവുള്ളവർ പറഞ്ഞാൽ സമാധാനിക്കുവാനോ ശക്തിയുള്ളവരായിരിക്കയില്ല. അവർ മഹാശരീരന്മാരാണെങ്കിൽക്കൂടി ലേശംപോലും വേദന സഹിക്കുവാൻ കഴിയാത്തവരായിരിക്കും. കലശലായ ഭയം ദുഃഖം ലോഭം മോഹം ലജ്ജ ഇതുക

ന്തേ. സന്നിഹിതഭയശോകലോഭമോഹമാനാ രൌദ്രഭൈരവബീ
ഭത്സോപവികൃതസങ്കടാസ്വപി ച പത്തൂപുരുഷമാംസശോണി
തനി ചാവേക്ഷ്യ വിഷാദവൈവർണ്യമൂർഛോന്മാദഭ്രമപ്രപതനാനാ
മന്യതമമാപദ്യവന്ത്യഥവാ മരണമിതി. 137

ആഹാരശക്തിതശ്ചേതി. ആഹാരശക്തിരദ്ധ്യവഹരണശ
ക്ത്യാ ജരണശക്ത്യാ ച പരീക്ഷ്യ ബലായുഷീ ഹ്യാഹാരായത്തേ.

വ്യായാമശക്തിതശ്ചേതി. വ്യായാമശക്തിമപി കർമ്മശക്ത്യാ
പരീക്ഷ്യാ കർമ്മശക്ത്യാ ഹ്യനുമീയതേ ബലം വിവിധം. 139

ളോടുകൂടിയവർക്കും രൌദ്രമായതോ ഭയങ്കരമായതോ ആവനവന്ന് ഇ
ഷ്ടമല്ലാത്തതോ ബീഭത്സമായതോ ആയ ഏതെങ്കിലും വസ്തുമാനം
ആരെങ്കിലും പറയുന്നതു കേൾക്കുകയോ പത്രുക്കളിടേയോ—ഏതെ
ങ്കിലും ജീവികളുടെയോ മനുഷ്യരുടേയോ മാംസമോ രക്തമോ കാണു
കയോ ചെയ്യാൽ ഇവർ ഉടനെ ദുഃഖിക്കുകയോ വിവർണ്ണനായി
ത്തീരുകയോ മോഹാലസ്യമോ ഉന്മാദമോ തലതിരിച്ചിലോ വീഴ്ച
യോ ഇതിൽ ഏതെങ്കിലും ഒന്നുമാത്രമോ പ്രാപിക്കുകയും ചെയ്യും.
ഒരു സമയം ഇവർ മരിച്ചു എന്നുംവരാം. ഇതാണ് സത്വപരീക്ഷാ
സമ്പ്രദായം *

138—ആഹാരശക്തികൊണ്ടുള്ളബലാബലപരീക്ഷയെ വിവ
രിക്കുന്നു. അദ്ധ്യവഹാരത്തിന്റെ ശക്തികൊണ്ടും കഴിച്ചതു ദഹി
ക്കുന്നതിന്റെ ശക്തികൊണ്ടും ആഹാരശക്തിയെ പരീക്ഷിച്ചറിയ
ണം. ശരീരബലവും ആയുസ്സിന്റെ നിലനില്പും ആഹാരത്തെ
ആശ്രയിച്ചിരിക്കുമെന്ന തത്വം ഗ്രഹിക്കുകയും വേണം *

139—വ്യായാമശക്തികൊണ്ടു പരീക്ഷിച്ചറിയേണ്ടതെങ്ങിനെ
യെന്നാൽ, വ്യായാമശക്തിയെപരീക്ഷിക്കേണ്ടുന്നത് അവനവൻ ചെ
യ്യുന്ന പ്രവൃത്തികളിലെ ഓരോകർമ്മത്തിലും ഏതുമാത്രം ശക്തി പ്ര
യോഗിക്കുന്നുണ്ട് എന്നതുകൊണ്ടാകുന്നു. ആ കർമ്മശക്തികൊണ്ടു
തന്നെയാണ് ഒരുവന്റെ സകലവിധശക്തിയേയും—വ്യായാമശ
ക്തി എന്നുവേണ്ട മറ്റു ശക്തികളേയും—പരീക്ഷിച്ചറിയേണ്ടത് *

വയസ്സുശ്രുതി. കാലപ്രമാണവിശേഷാപേക്ഷിണീ ഹി ശരീരാവസ്ഥാ വയോഭിധീയതേ. തദ്വയോ യഥാവസ്ഥാനഭേദേന ത്രിവിധം ബാലം മദ്ധ്യം ജീർണ്ണമിതി. 140

തത്ര ബാലഃ, അപരിപക്വധാത്വിന്ദ്രിയമജാതവ്യഞ്ജനം സുകുമാരമക്ലേശസഹമസമ്പൂർണ്ണബലം ശ്ലേഷ്മധാത്വല്പായമാഷോഡശവർഷം. വിവർദ്ധമാനധാത്വിന്ദ്രിയം പുനഃ പ്രായേണാനവസ്ഥിതവീര്യബലപരാക്രമം ദ്വാത്രിംശദ്വർഷമുപദിശന്തി. മദ്ധ്യം പുനഃ സമസ്ഥാതുബലവീ

140—ഒരുവന്റെ ശരീരാവസ്ഥകളെ പരീക്ഷിക്കുന്ന സമയം അവന്റെ വയസ്സുകൊണ്ടും—പ്രായംകൊണ്ടും അവന്റെ അവസ്ഥകളെ പരീക്ഷിച്ചറിയണം. അതെങ്ങിനെയെന്നാൽ, ജനനം മുതൽ അതേവരെ കഴിഞ്ഞതായ കാലത്തിന്റെ പ്രമാണത്തെ ആശ്രയിച്ചിരിക്കുന്ന ശരീരാവസ്ഥാവ്യത്യാസത്തെത്തന്നെയാണ് വയസ്സ് എന്നു പറയുന്നത്, ആ വയസ്സ് അവസ്ഥാവ്യത്യാസംനിമിത്തം ബാലം മദ്ധ്യം ജീർണ്ണം എന്നിങ്ങിനെ മൂന്നതരത്തിലായിരിക്കുകയുംചെയ്യും.*

141— ബാല്യാദ്യവസ്ഥാവ്യത്യാസത്തെ വിവരിക്കുന്നു:— ബാലം മദ്ധ്യം ജീർണ്ണമെന്ന വയോഭേദത്തിൽ ബാലമെന്നത് പതിനാറുവയസ്സുവരേയും അതിന്നു മേൽ മുപ്പത്തു വയസ്സുവരേയുമുള്ള കാലമാകുന്നു. ഈ ബാലമെന്ന വയസ്സിലെ ആദ്യാവസ്ഥയിൽ (പതിനാറുവയസ്സുവരെയുള്ള കാലത്തിൽ) ധാതുക്കളുടെ ഗുണങ്ങളും തികഞ്ഞിരിക്കയില്ല. സ്ത്രീയായിരുന്നാലും പുരുഷനായിരുന്നാലും സ്ത്രീപുരുഷന്മാരുടെ ഗുണം പൂർത്തിയായിരിക്കയില്ല. ശരീരം വളരെ മൃദുവായിരിക്കും. യാതൊരു ക്ലേശവും സഹിക്കുവാൻ കഴികയില്ല. ശരീരബലം തികഞ്ഞിരിക്കുകയില്ല. ശരീരം കഫപ്രായമായിരിക്കുകയും ചെയ്യും. രണ്ടാമത്തെ അവസ്ഥയിൽ ധാതുഗുണം. പ്രായേണ വർദ്ധിച്ചു വർദ്ധിച്ചു വരുമെങ്കിലും സർവ്വഗുണം പൂർത്തിയായിരിക്കുകയുമില്ല. മദ്ധ്യമെന്നത് മുപ്പതുമുതൽ അറുപതുവരേയുള്ള മദ്ധ്യായുഷ്കാലവർഷങ്ങളാകുന്നു. ഈ അവസ്ഥയിൽ ബലം വീര്യം പൌരുഷം പരാക്രമം ഗ്രഹണശക്തി ധാരണാശക്തി സ്മരണശക്തി വചനശക്തി വി

ഴ്ച പൌരുഷപരാക്രമഗ്രഹണധാരണസ്മരണവചനവിജ്ഞാനസ്വ
ധാതുഗ്രഹണം ബലസ്ഥിതമവസ്ഥിതസത്ത്വമവിശീര്യമാണധാതുഗ്ര
ഹണം പിത്തധാതുപ്രായമാഷഷ്ടിവർഷമിച്ഛന്തി. അതഃ പരം പരിഹീ
യമാണധാതുഇന്ദ്രിയബല പൌരുഷപരാക്രമഗ്രഹണധാരണ സ്മര
ണവചനവിജ്ഞാനം ഭ്രശ്യമാനധാതുഗ്രഹണം വാതധാതുപ്രായം ക്രമേ
ണ പ്രജീർണ്ണമുച്യത ആവർഷശതം. 141

വർഷശതം ബലായുഷഃ പ്രമാണമസ്മിൻ കാലേ. സന്തി
പുനരധികോനവർഷശതജീവിനോ മനുഷ്യാഃ. തേഷാം വികൃതിവ
ജ്ഞ്യാഃ പ്രകൃത്യാദിബലവിശേഷൈരായുഷോ ലക്ഷണതശ്ച പ്ര

ജ്ഞാനശക്തി ഇതുകളും രസാദിധാതുക്കളുടെ ഗുണങ്ങളും വേണ്ടതു
പോലെ തികഞ്ഞുവരികയും സത്ത്വത്തിന്നു ബലം പൂർത്തിയാവുക
യും ധാതുഗുണങ്ങൾക്കു യാതൊരു കുറവും വരാതിരിക്കുകയും പി
ത്തധാതുക്കൾ വർദ്ധിച്ചിരിക്കുകയും ചെയ്യും. ജീർണ്ണമെന്നത് അറു
പതുമുതൽ ഒരുനൂറുവരെ ഉള്ള ആയുഷ്കാലമാകുന്നു. ഈ കാലത്തി
ൽ ധാതുബലം ഇന്ദ്രിയബലം ശരീരബലം പൌരുഷം പരാക്രമം
ഗ്രഹണശക്തി ധാരണശക്തി സ്മരണശക്തി വചനശക്തി വിജ്ഞാ
നശക്തി ഇതുകൾ കുറഞ്ഞു കുറഞ്ഞു വരികയും ധാതുഗുണം നശി
ച്ചുവരികയും വാതധാതുക്കൾ വർദ്ധിച്ചുവരികയും ചെയ്യും * 142—
ഈ കലിയുഗത്തിങ്കൽ പ്രായേണ മനുഷ്യർക്കുള്ള ആയുസ്സ് ഒരുനൂറു
കൊല്ലമാകുന്നു. 'ശതായുർവ്വൈ പുരുഷഃ' എന്നു ശ്രുതി. എന്നാൽ
സകല ജനങ്ങളും നൂറു വയസ്സുമാത്രം ജീവിച്ചിരിക്കുന്നവരോ നൂറു
വയസ്സുവരെ ജീവിച്ചിരിക്കുന്നവരോ ആയിരിക്കയില്ല. ചിലർ നൂ
റുവയസ്സിൽ അധികം ജീവിച്ചിരിക്കുന്നവരായും ചിലർ അല്പായുസ്സു
കളായും കാണുന്നുണ്ട്. അങ്ങിനെയുള്ളവരുടെ ആയുസ്സിനെ ഈ
പറഞ്ഞ ക്രമത്തിൽ ഭാഗിക്കേണ്ടതു് വികൃതിലക്ഷണങ്ങളെ ഒഴി
ച്ചുള്ള പ്രകൃത്യാദികളുടെ ബലവിശേഷങ്ങളെക്കൊണ്ടും ആയുർല്ക്ഷ
ണങ്ങളെക്കൊണ്ടും ആയുഃപ്രമാണത്തെ അറിഞ്ഞു് ആ കാലം
കൊണ്ടു വിഭജിക്കുകയും വേണം. വികൃതിയെ ഒഴിച്ചുള്ള പ്രകൃത്യാ

മാണമുപലഭ്യ വയസസ്ഥിതം വിഭജേത. ഏവം പ്രകൃത്യാദീനാം വികൃതിവജ്ജ്യാനാം ഭാവാനാം പ്രവരമദ്ധ്യാവരവിഭാഗേന ബലവിശേഷം വിഭജേൽ. വികൃതിബലന്തുവിദ്ധ്യേന തു ദോഷബലം ത്രിവിധമനുമീയതേ. തതോ ഭൈഷജ്യസ്യ തീക്ഷ്ണമൃദുമദ്ധ്യവിഭാഗേന ത്രിതയം വിജ്ഞായ യഥാദോഷം ഭൈഷജ്യമവചാരയേദിതി. 142

ആയുഷഃ പ്രമാണജ്ഞാനഹേതോഃ പുനരിന്ദ്രിയേഷു ജാതിസൂത്രീയേ ച ലക്ഷണാന്യുപദേക്ഷ്യന്തേ. 143

കാലഃ പുനസ്സംവത്സരശ്ചാതുരാവസ്ഥാ ച. തത്ര സംവത്സ

ടി ഭാവങ്ങളുടെ ഉൽകൃഷ്ടമദ്ധ്യാവരവിഭാഗംകൊണ്ട് ബലത്തെ വിഭജിച്ചറിയേണ്ടതായ ക്രമം ഈ പറഞ്ഞ മാതിരിയിലാകുന്നു. പ്രകൃതിയുടെ വിപരീതമായ വികൃതിയുടെ—വികാരത്തിന്റെ പ്രവരമദ്ധ്യാവരബലംകൊണ്ടാണ് കോപിച്ച വാതാദിദോഷങ്ങളുടെ മൂന്നുതരത്തിലുള്ള ബലവിശേഷത്തേയും അറിയുന്നത്. അങ്ങിനെ ദോഷകോപവ്യത്യാസത്തെ അറിഞ്ഞതിന്നുശേഷം അതിന്നു യുക്തമായ ഔഷധത്തെ തീക്ഷ്ണമായോ മൃദുവായോ മദ്ധ്യമമായോ വിഭജിച്ച് ദോഷകോപത്തിന്നു തക്കവിധം ആ ഔഷധത്തെ ശീലിപ്പിക്കുകയും വേണം*

143— ഇന്നതരത്തിലുള്ളവൻ ഇത്രകാലം ജീവിച്ചിരിക്കുമെന്നു മുതലായ ആയുഃപ്രമാണത്തെ അറിയുവാനുള്ള പ്രമാണത്തെ ഇന്ദ്രിയസ്ഥാനത്തിലും ജാതിസൂത്രീയമെന്ന ശാരീരം വ്യാം അദ്ധ്യായത്തിലും വിസ്തരിച്ച ലക്ഷണങ്ങളോടുകൂടെ ഉപദേശിക്കുകയും ചെയ്യാം*

144— കാലമെന്നത് സംവത്സരവും രോഗിയുടെ അവസ്ഥയുമാകുന്നു എന്നു പറഞ്ഞതിനെ വിവരിക്കുന്നു: അതിൽ സംവത്സരം അയനഭേദേനേ രണ്ടുപ്രകാരവും ശീതകാലം ഉഷ്ണകാലം വർഷക്കാലമെന്ന ഭേദേനേ മൂന്നുപ്രകാരവും ഋതുഭേദേനേ ആറുപ്രകാരവും മാസഭേദേനേ പന്ത്രണ്ടു പ്രകാരവുമായിരിക്കും. ഇപ്രകാരം ഭാഗിച്ചുതന്ന അതാതുകാര്യത്തെ അപേക്ഷിച്ച് ഇനിയും ദിവസാദി

രോ ദ്വിധാത്രിധാഷോഡാ ദ്വാദശധാ ഭവേച്ഛരതഃ പ്രവിഭജ്യതേ
തത്തൽകാര്യമഭിസമീക്ഷ്യ. 144

തത്ര ഖലു താവൽ ഷോഡാ പ്രവിഭജ്യ കാര്യമുപദേക്ഷ്യതേ.
ഹേമന്തോ ഗ്രീഷ്മോ വർഷാശ്ചേതി ശീതോഷ്ണവർഷലക്ഷണാസ്ത്രയ ഋ
തവോ ഭവന്തി. തേഷാമനന്തരേഷ്വിതരേ സാധാരണലക്ഷണാസ്ത്രി
യ ഋതവഃ പ്രാവൃഡൃതുഃ ശരദൃതുഃ പ്രാവൃഡിതി പ്രഥമഃ പ്ര
വൃഷ്ടേഃ കാലസ്യാന്വർത്ഥസംജ്ഞാ വർഷാ ഏവമേതേ ഷഡൃതവഃ സംശോധനമ
ധികൃത്യ ഷഡ്വിധമുപദിശ്യന്തേ ഋതവഃ. 145

തത്ര സാധാരണലക്ഷണേഷ്വൃതുഷു വമനാദീനാം പ്രവൃത്തി
രുപദിശ്യതേ നിവൃത്തിരിതരേഷു. സാധാരണലക്ഷണാ ഹി മന്ദശീ

ഭേദേന പല പ്രകാരത്തിലും വിഭജിക്കപ്പെട്ടുകയും ചെയ്യും* 145—
ഈ സംവത്സരവിഭാഗത്തിൽ ആറുപ്രകാരം ഭാഗിച്ചതിന്റെ പ്ര
യോജനത്തെ ഉപദേശിക്കാം. ആ ആറുവിഭാഗമായ ഋതുക്കളിൽ
ഹേമന്തം ശീതലക്ഷണവും ഗ്രീഷ്മം ഉഷ്ണലക്ഷണവും വർഷർതു വർഷ
ലക്ഷണവുമാകുന്നു. ഋതുകളുടെ ഇടയിലുള്ള മറ്റു മൂന്ന് ഋതുക്കളാ
യ പ്രാവൃട് ശരത്ത് വസന്തമെന്നതുകൊണ്ട് സാധാരണലക്ഷണങ്ങ
ളുമായിരിക്കും. പ്രാവൃട് എന്നു പറഞ്ഞത് വലിയ വർഷകാലത്തി
ന്റെ മുമ്പുള്ളകാലമാകുന്നു. ആ പ്രാവൃൽകാലത്തിനു ശേഷമാ
ണ് വർഷകാലം എന്നു തത്വം പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാകു
ന്നു. ഇങ്ങിനെ ആറ് ഋതുക്കളായി സംവത്സരത്തെ വിഭാഗിച്ചിരി
ക്കുന്നത് സംശോധനവിധിയെ തിരിച്ചറിയുവാൻ വേണ്ടിയുമാകു
ന്നു* 146— ഈ പറഞ്ഞ ഋതുക്കളിൽവെച്ച് സാധാരണകാലമാ
യ മൂന്ന് ഋതുക്കളിൽ വാതാദിദോഷങ്ങൾക്കുള്ള പ്രവൃത്തി—ചികി
ത്സ ചെയ്യേണ്ടതാകുന്നു. ഹേമന്തഗ്രീഷ്മവർഷങ്ങളായ മറ്റ് ഋതുക്ക
ളിൽ പ്രവൃത്തിയിൽനിന്നു നിവൃത്തിക്കുകയും വേണം. സാധാരണ
ലക്ഷണങ്ങളായ ഋതുക്കൾ ശീതോഷ്ണവർഷങ്ങൾ കുറഞ്ഞവയായിരി
ക്കയാൽ ആ കാലങ്ങൾ അത്യുഷ്ണം ശരീരസുഖപ്രദങ്ങളും ശരീരദൂ
ഷ്യങ്ങൾക്കു വികല്പം വരാത്തവയുമായിരിക്കും. മറ്റു മൂന്ന് ഋ

രോഷ്ണവഷ്ടബ്ധാൽ സുഖതമാശ്ച ഭവന്ത്യവികല്പകാശ്ച ശരീരൌഷധാനാം. ഇതരേ പുനരത്യർത്ഥശീതോഷ്ണവഷ്ടബ്ധാൽ ദുഃഖതമാശ്ച ഭവന്തി വികല്പാശ്ച ശരീരൌഷധാനാം. 146

തത്ര ഹേമന്തേ ഹ്യതിമാത്രശീതോപഹതത്വാൽ ശരീരമസുഖോപപന്നം ഭവതി. അതിശീതവാതാദ്ധ്മാതമതിദാരുണീഭൂതമവനദ്ധദോഷം. ഭേഷജം പുനഃ സംശോധനാർത്ഥമുഷ്ണസ്വഭാവമന്തേ ശീതോപഹതത്വാന്മന്ദവീര്യതമാപദ്യതേ. തസ്മാത്തയോഃ സംയോഗേ സംശോധനമയോഗായോപപദ്യതേ ശരീരഞ്ച വാതോപദ്രവായ. 147

ഗ്രീഷ്മേ പുനർഭാസ്കരോപഹതത്വാച്ഛരീരമസുഖോപപന്നം ഭ

ത്തുക്കളും അതിയായ ശീതോഷ്ണവഷ്ടബ്ധങ്ങളോടുകൂടിയവയാകയാൽ ആ കാലം അത്യന്തം ദുഃഖപ്രദവും ശരീരൌഷധങ്ങൾക്കു വികല്പം ഭവിക്കുന്നവയുമായിരിക്കും. ഹേമന്തഗ്രീഷ്മവഷ്ടബ്ധങ്ങളായ ഋതുക്കളിലെ സ്വഭാവത്തെ പ്രത്യേകം വിവരിക്കുന്നു:— 147— ആ ഋതുകളിൽ ഹേമന്തത്തിൽ ശീതം അധികം സംഹിതമായിവരുന്നതാകയാൽ ശരീരത്തിന്നു ഒരിക്കലും സുഖമുണ്ടായിരിക്കയില്ല. ആ ശരീരം അതിശൈത്യംകൊണ്ടു വാതം വർദ്ധിച്ചതും അത്യന്തം ദാരുണവും ദോഷങ്ങൾ കട്ടപിടിച്ചതും—കോപിച്ചതുമായിരിക്കും. ഔഷധസ്വഭാവമെങ്ങിനെയിരിക്കുമെന്നാൽ, ആ കാലത്തിൽ സംശോധനത്തിന്നായിട്ടാണെങ്കിൽ ഉഷ്ണസ്വഭാവമായ ഔഷധം ശീലിച്ചാൽക്കൂടി അത് അവസാനത്തിൽ കാലത്തിന്റെ ശൈത്യാധിക്യംനിമിത്തം മന്ദവീര്യമായിത്തീരുകയും ചെയ്യും. ഈവക കാരണങ്ങളാൽ ശൈത്യാബാധിച്ച ശരീരത്തിൽ അതേവിധം ശൈത്യം ബാധിച്ച ഔഷധം പ്രയോഗിച്ചാൽ സംശോധനം വരികയില്ല എന്നു മാത്രമല്ല അയോഗം വരികയും ചെയ്യും. ആ കാലത്തിൽ ശരീരത്തിന്നു വാതകോപംനിമിത്തമുണ്ടാകാവുന്ന ഉപദ്രവങ്ങളും വരികയും ചെയ്യും *148—ഗ്രീഷ്മത്തിൽ കേവലമായ ഉഷ്ണം ബാധിക്കുകനിമിത്തം ശരീരം സുഖരഹിതമായും ചൂടും കാറ്റും വെയിലും കൊള്ളുകനിമി

വതി. ഉഷ്ണവാതാതപപ്രധ്വംസാത്പ്രതിശിഥിലമത്യന്തപ്രവിരളദോഷ ഭേഷജം പുനസ്സംശോധനാർത്ഥമുഷ്ണസ്വഭാവമേവാത്യുഷ്ണതരമാത്തീക്ഷ്ണതരതാമാപദ്യതേ. തസ്മാത്തയോസ്സംയോഗേ സംശോധനാതിയോഗായോപപദ്യതേ ശരീരമപി പിപാസോപദ്രവായ. 148

വർഷാസു തു മേഘജാലാവതതേ ഗ്രഹർക്ഷചന്ദ്രതാരേ ധാരാകുലേ വിയതി ഭ്രമൗ പങ്കജലപടലസംവൃതായാമത്യർത്ഥപക്ഷ്മിണശരീരേഷു ഭൂതേഷു വിഹതസ്വഭാവേഷു ച കേവലേഷ്വൗഷധഗ്രാമേഷു തോയദോഷഗതമാരുതസംസർഗ്ഗോപഹതേഷു. ഗുരുപ്രവൃത്തീനി വമനാദീനി ഭവന്തി. ഗുരുസമുത്ഥാനാനി ശരീരാണി. തസ്മാത്പ്രമ

ത്തം ശിഥിലമായും—ബലഹീനമായും ദോഷങ്ങൾ ലയിച്ചുകിടക്കുന്നതായുമിരിക്കും. സംശോധനത്തിനുള്ള ഉഷ്ണവീര്യങ്ങളായ ഔഷധങ്ങൾ കാലത്തിന്റെ അത്യുഷ്ണസ്വഭാവത്തോടുകൂടുകയാൽ അധികം തീക്ഷ്ണങ്ങളായിത്തീരുകയും ചെയ്യും. ഈ വക കാരണങ്ങളാൽ ആ ശരീരൌഷധങ്ങൾ സംശോധനത്തിനായി കൂടിച്ചേരുന്നതായാൽ ആ സംശോധനത്തിൽ തീവ്രയായും അതിയോഗം സംഭവിക്കും. ശരീരത്തിനു പിപാസോപദ്രവവും ബാധിക്കും* 149—വർഷക്കാലത്തിൽ ആദിത്യനും ചന്ദ്രനും നക്ഷത്രങ്ങളും മേഘസമൂഹത്താൽ നല്ലവണ്ണം മറയ്ക്കപ്പെടുകയും വർഷധാരകൊണ്ട് ആകാശം ആകുലമാവുകയും ഭൂമിയിൽ ചളിയും വെള്ളവും നിറയുകയും ചെയ്യുന്നതാകയാൽ ആ കാലത്തിൽ ശരീരത്തിനു കലശലായ നനവു വരികയും സ്വഭാവേനയുള്ള ഗുണം തീരെ നശിക്കുകയും ഔഷധങ്ങൾ മഴക്കാറിൽ തട്ടിവരുന്ന കാറ്റടിച്ചു ഉലയുകയാൽ വെറും ചെടികൾമാത്രമായിത്തീരുകയും—വീര്യം നശിച്ചുപോയിത്തീരുകയും ചെയ്യുന്നതാകയാൽ വമനാദികളായ സംശോധനകൾ ശീലിക്കുവാൻ വളരെ പ്രയാസമായിരിക്കും. ശരീരങ്ങൾ ഗുരുസമുത്ഥാനങ്ങളുമായിരിക്കും. ഈ വക കാരണങ്ങളാൽ ഹേമന്തശിശിരവസന്തങ്ങളിൽ വമനാദിസംശോധനത്തിന്റെ നിവൃത്തിയാണ് പൂർവ്വാചാര്യന്മാർ വിധിക്കുന്നത്. എന്നാൽ ഈ നിവൃത്തി ആത്യയികമായി ചെയ്യേ

ക്കേദിഗ്നിവൃത്തിവ്വിധീയതേ വഷ്ഠാന്തേഷ്വപ്യുഷ്ണ മേതോത്യയി
149

ആത്യയികേ പുനഃ കർമ്മണി കാമമുഷ്ണം വികല്പ്യ കൃത്രിമഗ്ര
ണോപധാനേന യഥർത്തുഗ്രണവിപരീതേന ഭൈഷജ്യം സംയോഗേ
സംസ്കാരപ്രമാണവികല്പനമുപപാദ്യം പ്രമാണവീര്യ്യസമം കൃതം
തതഃ പ്രയോജയേദ്ഭിഷഗ്വിധിനേതി യത്നോനാവഹിതഃ. 150

ആതുരാവസ്ഥാസപേക്ഷി തു കാര്യ്യകാര്യ്യം പ്രതി കാലാകാല
സംജ്ഞകാ. തദ്യഥാ—അനുദ്യാമവസ്ഥായാമസ്യ ഭേഷജസ്യ കാലോകാ
ലഃ പുനരുദ്യാമസ്യേതി. 151.

ഏതദപേക്ഷി ഭേഷജാവസ്ഥാവിശേഷേണ തസ്മാദാതുരാവസ്ഥാ
സപേക്ഷി ഹി കാലാകാലസംജ്ഞകാ. തസ്യ പരീക്ഷാ മുഹൂർമ്മുഹുരാതുര

ണ്ടിവരുന്ന വിഷയത്തിൽ ബാധിക്കുന്നതുമല്ല. അവിടെ സംശോ
ധനം ശീലിപ്പിക്കുന്നതിനു വിരോധമില്ലെന്നു സാരം * 150—ആ
ത്യയികമായി ചെയ്യേണ്ടിവരുന്ന ചികിത്സയുടെ സ്വഭാവത്തെ വി
വരിക്കുന്നു:— പെയ്യാതെ കഴികയില്ല എന്നു വരുന്ന ഘട്ടത്തിൽ ആ
കാലത്തിലെ ഋതുഗുണത്തെ വികല്പിച്ച് അതിനു തദ്വിപരീതമായവിധ
ത്തിൽ—പ്രമാണാകൃതമാത്രയെ വ്യത്യാസപ്പെടുത്തി ആതാത് ഋതുക്ക
ളിൽ ഗുണത്തിനു വിപരീതമായവിധം സംയോഗം സംസ്കാരം പ്ര
മാണം ഇതുകളെക്കൊണ്ടു വികല്പിച്ച് പ്രമാണംകൊണ്ടും വീര്യ്യം
കൊണ്ടും ആതുരകാലത്തിൽ സംശോധനംവരുവാൻ തക്കവിധമു
ള്ള ഔഷധത്തെ ഭൈഷ്യൻ നല്ലവണ്ണം മനസ്സിരുത്തി ചേർത്തുണ്ടാ
ക്കി ആതുരനുണ്ടു വളരെ പ്രയാസപ്പെട്ട സംശോധനം ശീലിപ്പി
ക്കണം *

151-152—ആതുരാവസ്ഥകളിലും കാര്യ്യകാര്യ്യനിരൂപണ
ത്തെയുദ്ദേശിച്ചു കാലാകാലസംജ്ഞ ഉണ്ടാകും. അതിന്റെ സ്വഭാവമെ
ങ്ങിനെയെന്നാൽ, ഈ അവസ്ഥയിൽ ഈ ഔഷധം പ്രയോഗിക്ക
വാനുള്ള കാലമാകുന്നു. ഇപ്പോൾ ഇതു പ്രയോഗിക്കേണ്ടുന്ന കാല

സ്യ സർവ്വാവസ്ഥാവിശേഷാവേക്ഷണം യഥാവൽ ഭേഷജപ്രയോഗാ
ത്ഥം. ന ഹ്യർത്തിപതിതകാലമപ്രാപ്തകാലം വാ ഭേഷജമുപയുജ്യമാനം
ഔകികം ഭവതി. കാലോ ഹി ഭൈഷജ്യപ്രയോഗപര്യായമഭിനി
വ്വർത്തയതി. 152

പ്രവൃത്തിസ്തു പ്രതികർമ്മസമാരംഭഃ. തസ്യ ലക്ഷണം ഭിഷഗ്ഭൈ
ഷജപരിചാരകാണാം ക്രിയാസമായോഗഃ. 153

ഉപായഃ പുനർഭിഷഗാദീനാം സൌഷ്ഠവമഭിസന്ധാനഞ്ച സമ്യക്. തസ്യ ലക്ഷണം ഭിഷഗാദീനാംയഥോക്തഗുണസമ്പദ്ദേശകാ

മല്ല എന്ന ജ്ഞാനമാകുന്നു ആതുരാവസ്ഥയിലെ കാലാകാലനിരൂപണം. അതുനിമിത്തം ആതുരാവസ്ഥകളിലും കാലാകാലസംജ്ഞാസംഭവിക്കും. അതു പരീക്ഷിച്ചറിയേണ്ടത് പിന്നെയും പിന്നെയും രോഗിയുടെ സകല അവസ്ഥാവിശേഷങ്ങളും കണ്ടറിയുവാൻ വേണ്ടിയാകുന്നു. അങ്ങിനെ അറിയുന്നതിന്റെ പ്രയോജനം ഔഷധത്തെ വേണ്ടവിധം ശീലിപ്പിക്കുവാനുമാണ്. പ്രയോഗിക്കേണ്ടതായ കാലംകഴിഞ്ഞതിന്നുശേഷം പ്രയോഗിക്കുകയോ മുൻകൂട്ടി പ്രയോഗിക്കുകയോ ചെയ്യുന്നതായാൽ ആ ചികിത്സ ഫലവത്തായിവരികയില്ല. (വ്രണാവസ്ഥയിൽ ശോഫചികിത്സയോ ശോഫാവസ്ഥയിൽ വ്രണചികിത്സയോ ഫലിക്കുകയില്ല. ഇത്യാദ്യുദാഹരണം) കാലം ഔഷധപ്രയോഗത്തിന്റെ പര്യായപ്പേരിയെ നിരവധാനം *

153—പ്രവൃത്തി എന്നത് പ്രതികർമ്മസമാരംഭമാണ് എന്നു പറഞ്ഞതിനെയും വിവരിക്കാം. അതിന്റെ ലക്ഷണം വൈദ്യൻ രോഗി ഔഷധം പരിചാരകൻ ഇവരുടെ പ്രവൃത്തി തുടങ്ങുകതന്നെയാകുന്നു *

154—ഉപായമെന്നത് വൈദ്യൻ മുതലായ ചതുഷ്പാത്തിന്റെ സൌഷ്ഠവവും അഭിസന്ധാനവുമാണെന്നു പറഞ്ഞതിന്റെ പരീക്ഷാലക്ഷണത്തേയും വിവരിക്കാം. വൈദ്യൻ മുതലായ വൈദ്യചതുഷ്പാത്തിന്റെ സൂത്രസ്ഥാനത്തിൽ വിവരിച്ചതായ ഗുണങ്ങ

ലപ്രമാണസാത്മ്യക്രിയാദിഭിശ്ച സിദ്ധികാരണൈസ്സമ്യഗുപപാദി തസ്യൗഷധസ്യാവചാരണമിതി. ഏവമേതേ ദശ പരീക്ഷ്യവിശേ ഷാഃ പൃഥക് പൃഥക് പരീക്ഷിതവ്യാ ഭവന്തി. പരീക്ഷായാസ്തു ഖലു പ്രയോജനം പ്രതിപത്തിജ്ഞാനം. 154

പ്രതിപത്തിർനാമ സഃ യസ്യ വികാരോ യഥാ പ്രതിപത്തവ്യ സ്തസ്യ തഥാനുഷ്ഠാനജ്ഞാനം. 155

തത്ര തു ഖലു വമനാദീനാം പ്രവൃത്തിയുക്ത ച നിവൃത്തിസ്തു ദ്ധ്യാസതഃ സിദ്ധിസ്ഥാനേഷ്വുത്തരകാലമുപദേക്ഷ്യതേ. പ്രവൃത്തിനിവൃത്തി സംയോഗേ തു ഖലു ഗുരുലാഘവം സംപ്രധാര്യ സമ്യഗ്ഭിഷഗ്വസ്ഥാ ന്യോത്തരനിഷ്ഠായാം. സന്തി ഹി വ്യാധയഃ ശാസ്ത്രോക്തസംസ്ഥാപവാ

ളെല്ലാം തികഞ്ഞിരിക്കുകകൊണ്ടും ദേശം കാലം പ്രമാണം സാത്മ്യം ക്രിയ മുതലായ സിദ്ധികാരണങ്ങളെക്കൊണ്ടും വഴിപോലെ പ്രയോഗിച്ചതായ ഔഷധത്തിന്റെ പ്രയോഗമാകുന്ന സൌഷ്ഠവം. ഇങ്ങിനെയാകുന്ന കാരണം ഭിഷക് എന്ന മുതലായ പത്തു പരീക്ഷ്യവിശേഷങ്ങളുടെ വെവ്വേറെ പരീക്ഷിച്ചറിയേണ്ടതായ പരീക്ഷാവിശേഷം. ഇങ്ങിനെ പരീക്ഷിച്ചറിയുന്നതിന്റെ പ്രയോജനം വൈദ്യശാസ്ത്രത്തിലുള്ള പ്രതിപത്തിജ്ഞാനവുമാകുന്നു* 155—പ്രതിപത്തി എന്നത് ഏതെങ്കിലും രോഗത്തെ ഏതുപ്രകാരം ചികിത്സിക്കേണമോ ആ അനുഷ്ഠാനത്തിന്റെ ജ്ഞാനമാകുന്നു * 156—ഈ പ്രതിപത്തിജ്ഞാനവിഷയത്തിൽ ഏതെല്ലാം രോഗത്തിൽ വമനാദികളുടെ പ്രവൃത്തിയും നിവൃത്തിയും വേണ്ടതാണെന്നു മേലിൽ സിദ്ധിസ്ഥാനത്തിൽ വിസ്തരിച്ചുപദേശിക്കുകയും ചെയ്യാം. പ്രവൃത്തിനിവൃത്തികളുടെ സംയോഗത്തിൽ അതുകളുടെ ഗുരുലാഘവത്തെ വഴിപോലെ ആലോചിച്ച് അതാതു ഘട്ടങ്ങളിൽ ഏതാണോ ചെയ്യേണ്ടതെന്നാൽ അതു പ്രവൃത്തിക്കുകയും വേണം. വൈദ്യശാസ്ത്രത്തിൽ ചികിത്സാസൌകര്യത്തിന്നുവേണ്ടി വ്യാധികളെ ഉത്സംഗോപവാദങ്ങളെക്കൊണ്ട് (പലതരത്തിലുമായി) പറഞ്ഞിരിക്കും. അതാണ് വ്യാധി

ദൈരുപക്രമം പ്രതി നിർദ്ദിഷ്ടാ. താഭ്യാൽ ഗുരുലാഘവം സമ്യഗ്ധ്യാ
യ്യ സമ്യഗ്വ്യവസ്യേദിതുകാമം. 156

യദ്യപി ഖലു വമനാദിഷു ദ്രവ്യാണ്യുപയോഗം ഗച്ഛന്തി താന്യനുവ്യാഖ്യാസ്യന്തേ. തദ്യഥാ—ഫലിജീമൂതകേക്ഷ്വാകുധാ
മാർഗ്ഗവകടുജകാണ്ഡികാകൃതവേധനഫലാനി, ജീമൂതകേക്ഷ്വാകുകടു
ജകൃതവേധനപത്രപുഷ്പാണി, ആരഗ്വധവൃക്ഷകമദനസപ്തഛദകണ്ടക
ഷ്ഠാപാടലാശോകിഷ്ടാമൂർവ്വാസംഷ്ഠപർണ്ണനക്തമാലപിച്ചുമർദ്ദപടോല
സുഷവീർഗ്ഗുളുചീസോമവല്ല്യുചിത്രകദന്തീചിരിശ്ശിമൂലകഷ്ഠായൈശ്ച,—
മധുമധൂകകോവിദാരകമ്പുദാരനീപനിചുളഖിംഖീശണപുഷ്പീസദാ
പുഷ്പീപ്രത്യക്പുഷ്പീകഷ്ഠായൈശ്ച, ഏലാഹരേണുപ്രിയംഗുപൃത്ഥ്വീ
കാകുസുംഭതരുതഗരനളഹ്രീബേരതാലീസോശീരകഷ്ഠായൈശ്ച,—
ഇക്ഷ്വകാണ്ഡേക്ഷ്വികുവാലികാ ഭദ്രപാടഗളകാലങ്കതകഷ്ഠായൈ

കളുടെ ഗുരുലാഘവത്തെ നല്ലവണ്ണം ആലോചിച്ചു ചികിത്സ നി
ശ്ചയിക്കേണമെന്നു പറഞ്ഞതിന്റെ സാരമെന്നറിയുകയും വേണം *

157—വമനാദിശോധനകളിൽ ഏതേതുകർമ്മങ്ങളിൽ ഏതേ
ത് ഔഷധങ്ങൾ ഉപയോഗിക്കേണമെന്നും വിസ്തരിച്ചുപദേശിക്കാം.
അതിൽ വമനദ്രവ്യങ്ങളെ വിവരിക്കുന്നു:—മലങ്കാര വേതാളി പേ
ച്ചുര പീച്ചിൽ കുടകപ്പാല വയൽവെള്ളരി തുളസ്സിപ്പീരം ഇതുകളുടെ
കായ്കളും വേതാളി പേച്ചുര കുടകപ്പാല തുളസ്സിപ്പീരം ഇതുകളുടെ
ഇലകളും പൂക്കളും കണിക്കൊന്ന കുടകപ്പാല മലങ്കാര ഞരിഞ്ഞിൽ
പാട ചുവന്നപാച്ചോറി വലിയ ഉങ്ങ് പെരുങ്കുരുമ്പ ഏഴിലാമ്പാ
ല ഉങ്ങ് വേപ്പ് പടോലം പുല്ലാനി ചിറാമുത് തോമരായം കൊടുവേ
ലി ശതാവരി (പെരുവഴുതിന ഏന്നും പക്ഷാന്തരം) മുരിങ്ങ ഇതുക
ളുടെ വേരുകൊണ്ടുള്ള കഷായങ്ങളും, ഇരട്ടിമധുരം ഇരിപ്പക്കാതൽ മ
ലയത്തി പേയത്തി കടമ്പ് അശോകം കോവ കിലുകിലുപ്പൻ പൂവ
ന്ന ഏഴിലക്ക് വലിയകുടലാടി ഇതുകളുടെ കഷായങ്ങളും, ഏലത്ത
രി അരേണുകം ഞാഴൽ പേരേലം കൊത്തംപാലയരി തകരം മാഞ്ഞി
ഇരുവേലി താലീസപത്രം രാമച്ചം ഇതുകളുടെ കഷായങ്ങളും, മുത്ത
പുല്ല് കരിമ്പ് വയൽമുള്ളി ഭദ്രകുരുവിക്കരുമ്പ് പീതചന്ദനം വലി

ശ്ച, സുമനാസ്സൂമനസായിനീഹരിദ്രാഭാഹരിദ്രാവൃശ്ചീരപുനർന്ന
വാമധുരസഹാക്ഷുദ്രസഹാകഷ്ടായൈശ്ച, ശാല്മലിശാൽമ്മലികഭദ്രപർണ്ണീ
ലാപർണ്ണ്യപോടികോദ്രാളകധനഞ്ജനരാജാദനോപചിത്രാഗോപീശ്യാ-
ഗാടികാകപികച്ഛ്വടഷ്ടായൈശ്ച, പിപ്പലീപിപ്പലീമൂലമവ്യഥിത്രക
ശൃംഗവേരസർഷപഫാണിതക്ഷീരക്ഷാരലവണോദകൈശ്ച യഥോ
പലാഭം യഥോഷ്ടം വാപ്യുപസംസ്കൃത്യ വത്തിക്രിയാഫൂർണ്ണാവലേഹ
സ്നേഹകഷായമാംസരസയവാഗ്വൂയൂഷകാംബളികക്ഷീരോപധേയാൻ
മോദകാനന്യാംശ്ച യോഗാൻ വിവിധാനനുവിധായ യഥാർഹം വമ
നാർഹായ ദദ്യാദ്വിധിവദ്വമനമിതി കല്പസംഗ്രഹോ വമനദ്രവ്യാണാം
കല്പസ്ഥാനം വിസ്തരേണോത്തരകാലമുപദേക്ഷ്യതേ. 157

യ ഉവരകം ഇത്തുകളുടെ കഷായങ്ങളും, ആവിമരം ജാതിപത്രിക മ
ഞ്ഞരം മരമഞ്ഞതാം വെള്ളത്തതഴുതാമ വലിയതഴുതാമ കാട്ടഴുന്ന് കാ
ട്ടുപയര് ഇത്തുകളുടെ കഷായങ്ങളും, പൂള ഇലവ് കുമിഴ് അരത്ത (ഓ
രില മുവ്വില എിന്ന പക്ഷാന്തരം) വശള നറുവരി ധനഞ്ജനം പഴമൻ
പാല പെറിയ നാഗന്തി നന്നാറി വൻകൊട്ട നായ്ക്കുരണ ഇത്തുക
ളുടെ കഷായങ്ങളും, തിപ്പലി കാട്ടതിപ്പലിവേര് കാട്ടുമുളക് കൊട്ട
പേലിക്കിഴങ്ങ് ഇഞ്ചി കടുക് നീർകണ്ടിശ്ശുണ്ഠ പാല് ക്ഷാരം ഉപ്പ്
ഇത്തുകൾ കലക്കിയ വെള്ളവും വമനത്തിനുള്ളവയാകുന്നു. ഇത്തുക
ളിൽ തൽക്കാലം കിട്ടിയവയും ദോഷദൂഷ്യാദ്യവസ്ഥകൾക്കനുസരിച്ച
വിധം വൈദ്യൻ ആലോചിച്ച് ഇഷ്ടപ്പെടുന്നവയുമായിത്തുകളെ വേ
ണ്ടവിധം ശുദ്ധിചെയ്യു വത്തിയാക്കിയോ പൊടിച്ചോ ലേഹമാക്കി
യോ സ്നേഹദ്രവ്യത്തിൽ ക്ലിന്നമാക്കിച്ചിയോ കഷായമായോ മാംസരസ
ത്തിൽ ചേർത്തോ കഞ്ഞിയായോ യൂഷമായോ കാംബളികമായോ
പാൽകാച്ചിയോ പലഹാരമായോ മറവ യുക്തിക്ക് അനുസരിച്ചവി
ധത്തിലോ ഉണ്ടാക്കി അർത്തുകളെ വമനം ശീലിപ്പിക്കേണ്ടവന്ന് ദോ
ഷദൂഷ്യകാലാദിബലത്തെ അനുസരിച്ചവിധം ശീലിപ്പിക്കണം. ഇ
താണ് വമനോപയുക്തിന്റെ ചുരുക്കത്തിലുള്ള വിഭാഗം. ഇതിലെ
ഔഷധശോധനാദിക്രമത്തിന്റെ വിസ്തരമായ വിധിയെ മേലിൽ
കല്പസ്ഥാനത്തിൽ ഉപദേശിക്കുകയും ചെയ്യാം *

വിരേചനദ്രവ്യാണി ഇ ശ്യാമാത്രിവൃച്ചതുരംഗുലതിലപകമഹാ
വൃക്ഷസപ്തലാശംഖിനീദന്തീദ്രവന്തീനാം ക്ഷീരമൂലതപകപത്രപുഷ്പ
ഫലാനി യഥായോഗമേതൈശ്ചൈവ ക്ഷീരമൂലതപകപത്രവൃക്ഷഫ
ലൈർവ്വിക്കിപ്പാവിക്കിപ്പൈഴജഗന്ധാശഗന്ധാജ ശൃംഗിക്ഷീരിണീസി
ലിനീക്ഷീരകകഷായൈശ്ച, പ്രകീര്യ്യോദകീര്യ്യാമ്സൂരവിലോകന്വില്വ
കുചിളംഗഗവാക്ഷീകഷായൈശ്ച, പീലുപിയാളമൂപോകാകാഷ്ഠയ്യവ
ത്രുഷകബദരഡാഡിമാമലകഹരീതകീപിഭിതകവൃശ്ചീരപനന്നാവാ -
വിഭാരിഗന്ധാദികഷായൈശ്ച, സീധുസുരാസൌവീരകതുഷോദക
മൈരേയമേദകമദിരാമധുമധൂലകധാന്യാമ്ലകുവലബദരഖർജ്ജൂരകക്വ
ഥിതൈശ്ച, ദധിദധിമണ്ഡോദശ്വിത്തിഭിശ്ച, ഗോമഹിഷ്യജാവിനാഞ്ച
ക്ഷീരമൂത്രൈർയ്യഥോപലാഭം യഥോഷ്ടം വാപ്യുപസംസ്കൃത്യ വമ്തി
ക്രിയാമുന്നാവലഹാസ്സഹകഷായമാംസരസയൂഷകാംബാളികയ -

158—വിരേചനദ്രവ്യങ്ങളേയും വിവരിക്കാം. നാല്ലോല്ലക്കൊ
ന്ന ത്രികോല്ലക്കൊന്ന പടുകരണ കമ്മട്ടി കൊന്ന തുശിമുല്ല കീരിവ
ള്ളി നാഗദന്തി നീർവ്വാളം ഇതുകളുടെ പാൽ വേര് തോല് ഇല വ
ർഷം കായ ഇതുകളിൽ ഉപയോഗിക്കേണ്ടതായ ശുദ്ധിചെയ്യുതോ ശു
ദ്ധിചെയ്യാത്തതോ ആയ ക്ഷീരമൂലതപക പത്രപുഷ്പഫലങ്ങളെക്കൊ
ണ്ടും ആടുനാറിവേട്ട അമുക്കുരം ആട്ടുകൊട്ടപ്പാല കിണികിണിപ്പാല
അമരി ഇരട്ടിമധുരം ഇതുകളുടെ കഷായങ്ങളെക്കൊണ്ടും, ഞട്ടാവൽ
വലിയ ഉങ്ങ് നാല്ലോല്ലക്കൊന്ന കുമ്പിപ്പാല വിഴാലരി ചെറിയ കാ
ട്ടുവള്ളരി ഇതുകളുടെ കഷായങ്ങളെക്കൊണ്ടും, കാപ്പി മാവ് മുന്തിരി
ങ്ങ കുമിഴ് ചിറ്റീന്തൽ ലന്തക്കരു ഉറമാമ്പഴം നെല്ലിക്ക കടുക്ക താ
ണിക്ക വെള്ളത്തതമിഴാമ വലിയ തമിഴാമ സൂത്രസ്ഥാനം 4-ാം അ
ദ്ധ്യായത്തിൽ വിവരിച്ച വിരേചിനഗന്ധാദിയായ അംശമട്ടപ്രശമനഗ
ണം ഇതുകളുടെ കഷായങ്ങളെക്കൊണ്ടും, സീധു എന്നും സുര എ
ന്നുമുള്ള മദ്യങ്ങളും സൌവീരകം തുഷോദകമെന്ന കാടികളും മൈരേ
യം മേദകം മദിര മധു മധൂലകം എന്ന മദ്യവിശേഷങ്ങളും ധാന്യാമ്ല
കുവലം ബദരം എന്ന കാടിഭേദങ്ങളും ഇത്തപ്പുഴം മുള്ളിൻപഴം ഇ
തുകളുടെകൊണ്ടും, തൈര് തൈർമണ്ഡം തേര് ഇതുകളുടെകൊണ്ടും പ

വാഗ്ഭക്ഷീരോപധേയാൻ മോദകാനന്യാംശ്ച ഭക്ഷ്യവികാരാൻ വിവിധാംശ്ച യോഗാനഭിവിധായ യഥാഹം വിരേചനാഹായ ഭദ്യോപി രേചനമിതി കല്പസംഗ്രഹോ വിരേചനദ്രവ്യാണാം. കല്പസ്യോഷ്ണം വിസൂരേണോപക്ഷ്യത ഉത്തരകാലം. 158

ആസ്ഥാപനേഷു തു ദ്രവ്യേഷുകല്പാനി സൂദ്രവ്യാണി നാമതോ വിസൂരേണോപദിശ്യമാനാന്യപരിസംഖ്യേയാനി സ്മൃതിബാഹ്യത്വാൽ. ഇഷ്ടശ്ചാനതിസംക്ഷേപവിസൂരോപദേശസൂത്രേ: ഇഷ്ടഞ്ച കേവലം ജ്ഞാനം തസ്മാദ്ഗുരുത ഏവ താന്യനവ്യാഖ്യാസ്യന്തേ. 159

ത്തു എരുമ കുറിയാട് ചെന്മരിയാട് ഇതുകളുടെ പാലുകൊണ്ടും മൂത്രംകൊണ്ടും വത്തിക്രിയ ചൂണ്ണം അവലേഹം സ്നേഹം കഷായം മാംസരസം യൂഷം കാംബളികം കഞ്ഞി പാല് പലഹാരം ഇതുകളും മറ്റൗഷധങ്ങളും ഇതുകളെ കാലാവസ്ഥക്കനുസരിച്ചു കിട്ടിയതും ദോഷദൂഷ്യാദിബലത്തിന്നനുസരിച്ചവയുമായതുകളെക്കൊണ്ടു നിമ്മിച്ചു വിരേചനദ്രവ്യത്തെ വിരേചനാഹനായവന്ന് വിരേചനം വരുത്തുവാൻ വഴിപോലെ കൊടുക്കുകയും വേണം. ഇങ്ങിനെയാണ് വിരേചനദ്രവ്യങ്ങളുടെ കല്പസംഗ്രഹം. ഇതുകളുടെ കല്പത്തെ വിസ്തരിച്ചു മേലിൽ ഉപദേശിക്കുകയും ചെയ്യാം.

159—ആസ്ഥാപനവിധികളിലെ ഔഷധങ്ങൾ വേർതിരിച്ചു പറയുന്നതായാൽ വളരെ ഉണ്ടായിരിക്കും. അതുകൾ കണക്കാക്കുവാൻ കഴിയാത്തവിധം അത്ര അധികമുള്ളതാകയാൽ അതുകളെ വിസ്തരിച്ചുപറയുന്നതായാൽ ഒരുകാലവും കണക്കാക്കുവാൻ കഴികയുമില്ല. തന്ത്രഗ്രന്ഥങ്ങളിൽ ഏല്ലാവിഷയവും വളരെ വിസ്തരിക്കാതെയും അധികം വിസ്തരിക്കാതെയും ഉപദേശിക്കേണമെന്നാണ് നിയമം. അപ്പോൾ അപരിസംഖ്യേയമായതിനെ മുഴുവൻ പറഞ്ഞു ഗ്രന്ഥവിസ്താരം വരുത്തുന്നതു യുക്തമല്ലെന്നു സാരം. ഏല്ലാറ്റിന്റേയും ഭേദവിശേഷജ്ഞാനം തന്ത്രഗ്രന്ഥംകൊണ്ടു വരികയും വേണം. അതിനാൽ ആ ആസ്ഥാപനദ്രവ്യങ്ങളെ മധുരാദിദ്രവ്യവിഭാഗത്തെ ഉപദേ

രസസംസർഗ്ഗവികല്പവിസ്താരോ ഹ്യേഷാമപരിസംഖ്യേയഃ സമവേതാനാം രസാനാമംശാംശബലവികല്പാതിബഹുത്വാൽ തസ്മാൽ ദ്രവ്യാണാഞ്ചൈകദേശമുദാഹരണാർത്ഥം രസേഷ്വനുവിഭജ്യ രസൈകൈകദേശേന ച നാമലക്ഷണാർത്ഥം ച ഷഡാസ്ഥാപനസ്കന്ധാ രസതോനുവിഭജ്യ വ്യാഖ്യാസ്യന്തേ. യത്തു ഷഡ്വിധമാസ്ഥാപനമാചക്ഷതേ ഭിഷജസ്തദ്ഭൂയിഷ്ഠതരം സംസൃഷ്ടരസഭൂയിഷ്ഠതാ ദ്രവ്യാണാം തസ്മിന്മധുരാണി മധുരപ്രായാണി മധുരപ്രഭാവാണി മധുരപ്രഭാവപ്രായാണ്യപി ച മധുരസ്കന്ധേ മധുരാണ്യേവ കൃത്വോപദിശ്യന്തേ. തഥേതരാണി ദ്രവ്യാണ്യപി തത്രതത്ര—ജീവകഷ്ഭകൌ ജീവന്തീ വീരാ താമലകീ കാകോളീ ക്ഷീരകാകോളീ മുൽഗപർണ്ണീ മാഷപർണ്ണീ സാലപർണ്ണീ പൃശ്നിപർണ്ണ്യസനപർണ്ണീ ഋഷഭോ മഹാമേദോ കർക്കടശൃംഗീ ശൃംഗാടികാ ഛിന്നരുഹാ ഛത്രാതിച്ഛത്രാ ശ്രാവണീ മഹാശ്രാവണ്യുലംബുഷാ സഹദേവാ വിശ്വദേവാ ശുകനാ

ശിക്കുകയുംചെയ്യാം*160—രസങ്ങൾതമ്മിൽ കൂടിച്ചേർന്നതായാൽ ആ സംയോഗത്തിലെ അംശാംശബലവികല്പങ്ങൾ അധികമുണ്ടാവുന്നതാകയാൽ ഈ രസങ്ങളുടെ സംസർഗ്ഗത്തിലെ വികല്പവിസ്താരവും അപരിസംഖ്യേയം തന്നെയായിരിക്കും. ഈ വക കാരണങ്ങളാൽ ആസ്ഥാപനദ്രവ്യങ്ങളുടെ ഉദാഹരണജ്ഞാനത്തിന്നുവേണ്ടി ആ സ്ഥാപനദ്രവ്യങ്ങളുടെ ഏകദേശത്തെ മധുരാദി രസങ്ങളിൽ ഓരോന്നിന്റെ ഏകദേശത്തേപന്നു വിഭജിച്ചു് അതാതിന്റെ നാമലക്ഷണങ്ങളെ അറിയുവാൻവേണ്ടി തത്തദ്രസാത്മകങ്ങളായ ദ്രവ്യങ്ങളുടെ ഏകദേശത്തെ വിവരിക്കുകയും ചെയ്യാം. ഏന്നാൽ പൂർവ്വാചാര്യന്മാർ മധുരാദിഭേദേനേ ആ സ്ഥാപനം ആറുപ്രകാരമാണെന്നു പറയുന്നു. ഇപ്പോൾ ദ്രവ്യങ്ങൾ പ്രായേണ സംസൃഷ്ടരസങ്ങളാകയാൽ ഏകരസാത്മകമായ ആസ്ഥാപനദ്രവ്യം അത്യന്തം ദുർല്ലഭമായിരിക്കും. അതിനാൽ ഇവിടെ മധുരവർഗ്ഗത്തിൽ പറയുന്നവ മധുരങ്ങളും മധുരപ്രായങ്ങളും മധുരപ്രഭാവങ്ങളും മധുരപ്രഭാവപ്രായങ്ങളുമായ ഔഷധങ്ങളെ ഏല്ലാം മധുരങ്ങളാം എന്നുതന്നെ തീർച്ചപ്പെടുത്തി

ക്ഷീരശുക്ലാ ബലാതിബലാ വിദാരീ ക്ഷീരവിദാരീ ക്ഷുദ്രസഹാ മ
ഹാസഹാ ജീവ്യഗന്ധാശ്വഗന്ധാ പയസ്യാ വൃശ്ചീരഃ പുനർന്നവാ
ബൃഹതീ കണ്ടകാരികൈരണ്ഡമേരടശൃംഗ്യൌ സംഹരിഷ്ടാ ശതാവ
രീ ശതപുഷ്പാ മധൂകപുഷ്പീ യഷ്ടീമധു മധൂലികാ മൃദ്വീകാ ഖർജ്ജൂര
പാത്രിഷികാ തമ്രഗുപ്താ പുഷ്കരബീജകശേരുകാരാജകശേരുകാകലങ്ക
തകാരവ്യശിതപാക്യോനേപാകീതാലഖർജ്ജൂരമസൂകേക്ഷുപിക്ഷുബാ
ലികാഭൃകുശകാശശാലിഗ്രന്ഥിൽകടകശരമൂലരാജക്ഷവകയ്യപ്രോ
ക്താഃ ചോരകോരഭ്രചോജി വനശൃപുഷ്യഭീരുപത്രീ ഹംസപദീ കാ
കനാസാ കുലിംഗാക്ഷീ ക്ഷീരവല്ലീ കപോതവല്ലീ ഗോപവല്ലീ മ
ധുവല്ലീ സോമവല്ലീതി. ഏഷാമേവംവിധാനാമന്യേഷാഞ്ച മധുര
വർഗ്ഗപരിസംഖ്യാതാനാമൌഷധദ്രവ്യാണാം ഛേദ്യോനി ഖണ്ഡശഃ
ഛേദയിത്വാ ഭേദ്യോനി ചാണശോ ഭേദയിത്വാ പ്രക്ഷാള്യ പാനീ

ഒന്നിച്ചുചേത്ത് മധുരവർഗ്ഗമായിത്തന്നെ ഉപദേശിക്കുന്നതാണ്. ഇ
തേ വിധം തന്നെയായിരിക്കും അല്ലാതിവർഗ്ഗത്തിൽ പറയുന്നവക
ളുടെയും വിഭാഗമെന്നും ഗ്രഹിക്കണം. മധുരവർഗ്ഗത്തെ വിവരിക്കു
ന്നു:— ജീവകം ഋഷഭകം അടപതിയൻ കോഴിക്കിഴങ്ങ് കിഴങ്ങനെ
ല്ലി കാകോളി ക്ഷീരകാകോളി കാട്ടുപയറ് മുയ്യിള ഓരില അസന
പുന്നാഗ മേദ മഹാമേദ കക്കടശൃംഗി വൻകൊട്ട ചിറാമുത് മഞ്ഞൊട്ടി
ശതകുപ്പ ശ്രാവണി മഹാശ്രാവണി മുക്കുറ്റി വെള്ളത്തഴുതാമാവ് ചു
കന്നാമ്പാൽ ശുക്ലകന്ദാ പാൽമുതുക്ക് കുറന്തോട്ടി വട്ടയകം മുയൽച്ചെ
വിയൻകിഴങ്ങ് പാൽമുതുക്കിൻകിഴങ്ങ് കാട്ടുപയറ് വൻകുറുന്തോട്ടി മറി
കുന്നി അമുക്കുരം അടപതിയൻകിഴങ്ങ് വെള്ളത്തഴുതാമിഴാമ തമി
ഴാമ പെരുവഴുതിന കണ്ടകാരിവഴുതിന ആവണക്ക് പാൽകുരുമ്പ
വലിയാഞ്ഞിൾ കൊടിത്തൂവ ശതാവരിക്കിഴങ്ങ് ശതകുപ്പ ഇരി
പ്പ ഇരട്ടിമധുരം പെരുങ്കുരുമ്പ മുന്തിരിങ്ങാപ്പഴം ഈന്തപ്പഴം ചിറ്റീ
ന്തൽ നാഴ്യൽവേണ താമരക്കരു കഴിമുത്തങ്ങ പെരുമുത്തങ്ങ ചുവന്ന
കൊട്ടവേലി വലിയഊരകം കുമിഴ് ചുവന്നകുന്നി കറുത്ത പൂവള്ള
മുറികൂടഞ്ഞി കരിമ്പനത്തുമ്പ് ഈന്തിന്മുള കൽമ്പ് വയൽച്ചുള്ളി ഭേ

യേ സുപ്രക്ഷാളിതായാം സ്ഥാല്യാം സമാവാപ്യ പയസാഭ്യോദകേ നാദ്ധ്യാസിച്യ സാധയേദ്ദവ്യാ സതതമവഘട്ടയംസ്തദുപയുക്തം ക്ഷീ രേക്ഷുംഭസി ഗതരസേഷ്വൌഷധേഷു പയസി പ്രാനുപദേശേ സ്ഥാ ലീമുപഹൃത്യ പരിസ്രുതം പൂതം പയഃ സുഖോഷ്ണം ഘൃതതൈലവ സാമജ്ജലവണഫാണിതോപഹിതം വസ്തിം വാതവികാരിണേ വി ധിജ്ഞോ വിധിവദ്ദദ്യാൽ. ശീതന്തു മധുസർപ്പിർഭ്യാമുപസംസ്കൃത്യ പി ത്തവികാരിണേ ദദ്യാദിതി മധുരസ്കന്ധഃ. 160

ആമ്രാമ്രാതകലകുചകരമർദ്ദ്വീക്ഷാമ്ലവേതസകുവലബദര

കുശ ആറുദേ നെല്ല് കരിമ്പോലപ്പുല്ല് അഴിഞ്ഞിൽ മുഞ്ഞപ്പുല്ലി ൻവേര് കാട്ടുതുളസി വലിയശതാവരി തേക്ക് കാട്ടുപരുത്തി കാട്ടു ക്കരി ചെറിയശതാവരി ചെറുപുള്ളടി വലിയകാക്കത്താണ്ടി കുലിം ഗാക്ഷി വലിയപാൽമുതുക്ക് കപോതവല്ലി വെള്ളത്തനുനീണ്ടി വലിയമുന്തിരി സോമവള്ളി ഇതുകളെല്ലാം മധുരദ്രവ്യങ്ങളാകുന്നു. മധുരവർഗ്ഗത്തിൽ പറഞ്ഞ ഈ ഔഷധങ്ങളും ഇതേവിധം മധുരവ ർഗ്ഗത്തിൽചേർക്കാവുന്ന മറ്റു മരുന്നുകളും സംശോധിച്ച് അതുകളുടെ മു റിക്കേണ്ടുന്ന ഭാഗങ്ങളെ ചെറുതാക്കി നുറുക്കിയും കീറേണ്ടവയെ കനംകുറച്ചു കീറിയും വെള്ളത്തിലിട്ടു കഴുകിയതിന്നുശേഷം തേച്ചു വെടുപ്പുവരുത്തിയ പാത്രത്തിലിട്ട് പകുതി വെള്ളംചേർത്ത പാൽ ഒഴിച്ചു അടുപ്പത്തുവെച്ചു പുട്ടുകൊണ്ടു നല്ലവണ്ണം ഇളക്കി വേവി ക്കണം. അങ്ങിനെ വേവിച്ചു വെള്ളം മിക്കതും വാറിയാൽ ആ ഔ ഷധങ്ങളുടെ രസം ചണ്ടിയിൽനിന്നു വേർപിടും. പാൽ വാറിത്തുട ങ്ങുന്നതിന്റെ മുമ്പു പാത്രം വാങ്ങിവെച്ചു ചണ്ടി പിഴിഞ്ഞുകള ഞ്ഞ് അരിച്ച് സുഖോഷ്ണമായ ആ പാലിൽ നെയ്യ് എണ്ണ വസ മജ്ജ ഇവയ്ക്കുപ് നിർകണ്ടശ്ശർക്കര ഇതുകളിൽ യുക്തിപോലെ ചേർത്ത് യു ക്തിജ്ഞനായ വൈദ്യൻ വാതരോഗിക്കു വസ്തി ചെയ്യണം. പി ത്തരോഗിക്കാണെങ്കിൽ ആ പാൽ തണുത്തതിന്നുശേഷം തേനും നെയ്യും ചേർത്തു വസ്തി ചെയ്യുകയും വേണം. ഇതാണ് മധുരസ്ക ന്ധത്തിന്റെ വിവരണം*

161— അമ്ലവർഗ്ഗത്തെ വിവരിക്കുന്നു:— മാവ് ആമ്പഴം അ

ഡാഡിമമാതുളുംഗകരാമലക നന്ദീതകലാലതികശീതഭന്നശൈരാ
വതകകോശാമ്രധനപനാനാം ഫലാനി പത്രാണി ചാശ്മന്തക ചാഗ്നേ
രീണാം ചതുർവ്വിധാനാം ചാമ്ലികാനാം ദ്വയോഃ കോലയോർദ്വയോ
ശ്ചാമത്രുഷ്ണയോർദ്വയോശ്ചതുഷ്കാമ്ലികയോർഗ്രാമ്യാരണ്യയോശ്ചാസ
വദ്രവ്യാണി ച സുരാസൌവീരതുഷോദകമൈരേയമേരകമദിരാമധു
ശീധുശുക്തിധൌമണ്ഡോദശ്വിദ്ധാന്യാമ്ലാദീനി ഏഷാമേവം വിധാ
നാഞ്ചാന്യേഷാം ചാമ്ലവർഗ്ഗപരിസംഖ്യാതാനാമൌഷധദ്രവ്യാണാം
ക്ഷേത്ര്യാണി ഖണ്ഡശഃ ക്ഷേപയിത്വാ ഭേത്ര്യാണി ചാങ്ഗുരോ ഭേദയി
ത്വാ ദ്രവൈഃ സ്ഥിതാന്യവസിച്യ സാധയിത്വോപസംസ്കൃത്യ യ
ഥാവത്തൈലവസാമധുമജ്ജലവണഫാണിതോപഹിതം സുഖോ
ഷ്ണം വസ്തിം വാതവികാരിണേ വിധിവദ്ദദ്യാദിത്യുത്തരസ്ഥാനേ. 161

യനിപ്പുലാവ് പെരുംകുവ് മരപ്പുളി ഞരിഞ്ഞാമ്പുളി വലിയലന്ത
പെറിയലന്ത ഉറമാമ്പഴം മാതളനാരകം മാങ്ങനാറി നെല്ലി കല്ലാ
ല് ലാലതിക നറുവരി പെറനാരകം വട്ടവപ്പളിനാരകം കൂരുട്ടമാ
വ് ധന്വനം ഇതുകളുടെ കായകളും മുളിനുലാവിന്റെയും പുളിയാ
രലിന്റെയും മരപ്പുളി താളിമാതളം ലന്ത ഞരിഞ്ഞാമ്പുളി ഇതുക
ളുടേയും വലിയലന്ത ചവിയം ഇതുകളുടേയും നാട്ടപുളിയുടേയും
കാട്ടപുളിയുടേയും ഇലകളും സുര സൌവീരകം തുഷോദകം മൈരേ
യമദ്യം മേരകമദ്യം മദിര മധു ശീധുശുക്തി തൈര് തൈർവെള്ളം
മോര് വെപ്പുകാടി മുതലായ ആസവദ്രവ്യങ്ങൾ ഇതുകളുമാകുന്ന അ
മ്ലവർഗ്ഗം. ഇതിൽ ആസവദ്രവ്യങ്ങളെ സൂത്രസ്ഥാനം 25–ാമദ്ധ്യായ
ത്തിൽ (443–ാഭാഗം) വിവരിച്ചിട്ടുണ്ട്. ഈ പറഞ്ഞവയും ഇവി
ടെ അനുകതങ്ങളായ മറ് അമ്ലദ്രവ്യങ്ങളുമുള്ളതിൽ നറുക്കേണ്ടവ
പെറുതാക്കി നുറുക്കുകയും ചീന്തേണ്ടവ അണുപ്രായങ്ങളാക്കി ചീ
ന്തുകയും ചെയ്തു ദ്രവദ്രവ്യങ്ങളിൽ മേൽത്തീ അടുപ്പത്തുവെച്ചു വേ
വിച്ചു് അരിച്ചു് രോഗാവസ്ഥപോലെ എണ്ണ വസ തേൻ മജ്ജ
ഇതുപ്പ് നീർകണ്ടിശ്ശുക്കര ഇതുകളും ചേർത്ത് അല്പം ചൂടോടുകൂടെ
വിധിപ്രകാരം വാതരോഗിക്കു വസ്തി ചെയ്യണം*

ഔദ്ഭിദവൗഭൗമസൗവർച്ചലകാലവിഡപാക്യാന്തുപകുംഭ്യഖാല
കൈലമൗലകസാമുദ്രരോമകോത്ഥിതൌഷധപാടേയകപാംസുജാനീ
ത്യേവംപ്രകാരാണി പാന്യാനി ലവണവർഗ്ഗപരിസംഖ്യാതാന്യേതാ
ന്യന്യോപഹിതാന്യുഷ്ണോദകോപഹിതാനി വാ സ്നേഹവന്തി സൂക്ഷോ
ഷ്ണം വസ്തിം വാതവികാരിണേ വിധിജ്ഞാ വിധിവദ്ദദ്യുരിതി ലവണ
സ്കന്ധഃ. 162

ചന്ദനനളദകൃതമാലനകൃതമാലനിംബപുരുകടജഹരിദ്രാ
ദാരുഹരിദ്രാമുസ്തകുടകിരാതതിക്തകകടുരോഹിണീത്രായമാണാകര
വീരകേംബുകകുടിലകവൃഷമണ്ഡൂകപർണ്ണികക്കോടകവാത്താകകൃ
ശകാകമാചീകാരവേല്ലകാകോദുംബരികാസൃഷ്ടവൃതിവിഷാപടോലാ

162— ലവണവർഗ്ഗത്തെ വിവരിക്കുന്നു:— ഇന്തുപ്പ് ഇവച്ചില ഉപ്പ് കാലലവണം വിളയുപ്പ് കൃഷ്ണലവണം മണ്ണുപ്പ് ക്ഷാരലവണം ബാലുകലവണം ഏലമൂലകലവണം കല്ലുപ്പ് ഔദ്ഭിദലവണം ഉഷ്ണരലവണം പാടേയകലവണം പൊടിയുപ്പ് ഇതുകളാകുന്ന ലവണവർഗ്ഗൗഷധങ്ങളാം. ഇതുകളും ഇതേവിധം ലവണവർഗ്ഗത്തിൽ ചേരുന്ന മറ്റു ലവണൗഷധങ്ങളും പുളിരസമുള്ള സുരാസൌവീരകാടികളിലോ ചൂടുവെള്ളത്തിലോ കലക്കി സ്നേഹദ്രവ്യം ചേർത്ത് അല്പം ചൂടുപിടിപ്പിച്ച് അതുകൊണ്ട് വസ്തിവിധികളെ നല്ലവണ്ണം അറിയുന്ന വൈദ്യൻ വാതരോഗിക്ക് വിധിപ്രകാരം വസ്തി ചെയ്യുകയും വേണം. 'വരം സൌവർച്ചലം കൃഷ്ണം ഖിഡം സാമുദ്രമൌത്ഭിദം। രോമകം പാംസുജം സൈന്ധവം ക്ഷാരശ്ച ലവണോ ഗണഃ' എന്നു വാഗ്ഭടാചാര്യൻ*

163— തിക്തകവർഗ്ഗത്തെ വിവരിക്കുന്നു:— ചന്ദനം മഞ്ഞിവൻകൊന്ന ഉങ്ങ് വേപ്പ് ത്രപുസൽ കുടകപ്പാല മഞ്ഞൾ മരമഞ്ഞൾ മുത്തങ്ങ പെരുങ്കുമ്പ കിരിയാത്ത കടുകരോഹിണി ത്രായമാണാവീരം കേംബുകം വലിയപാവൽ ആടലോടകം കൊഴുപ്പ കുരുട്ടുപാവൽ (മുണ്ടൻകയ്യ) തക്കാരിവഴുതിന പൊന്നാവീരം മണത്തക്കാളി കയ്യുണ്ണി കാട്ടുത്തി പുല്ലാനി അതിവിടയം പടോലം കു

കുണകപാഠാഗ്രച്ചീവേത്രാഗ്രവേതസവികങ്കതബകുളസോമവല്ലസ
പ്പപ്പല്ലസുമനോക്കാവൽഗ്രജവചാതഗരാഗരുവാളകോശീരാണാം
എഷാമേവംവിധാനാഞ്ചാന്യേഷാം തിക്തവർഗ്ഗപരിസംഖ്യാതാനാ
മൌഷധദ്രവ്യാണാം ഭേദ്യാനി ഖണ്ഡശഃ ഭേദയിതവാ ഭേദ്യാനി
ചാണ്ഡരോ ഭേദയിതവാ പ്രക്ഷാള്യ പാനീയേനാഭ്യാസിച്യ സാധയി
ത്വോപസംസ്കൃത്യ യഥാവന്മധുതൈലലവണോപഹിതം സുഖോ
ഷ്ണം വസ്തിം ശ്ലേഷ്മവികാരിണേ വിധിജ്ഞോവിധിവദ്ദദ്യാൽ: ശീതന്തു
മധുസർപ്പിർഭ്യാമുപസംസ്കൃത്യ പിത്തവികാരിണേ ഭദ്രോദിതി തിക്ത
സ്കന്ധഃ. 163

പിപ്പലീപിപ്പലീമൂലഹസ്തിപിപ്പലീചവ്യചിത്രകശൃംഗിവേര-

ണകം പാടക്കിഴങ്ങ് ചിറ്റമൃത് ചൂരൽകൂമ്പ് ആറാവഞ്ഞി വയ്യങ്ക
ത അരൾകം തോമരായം എഴിലാമ്പാല ഉമ്മത്ത് എരുക്ക് കാർ
കോകിൽ വയമ്പ് തകരം ആകില് ഇരുവേലി രാമച്ചം ഇതുകൾ തി
ക്തൌഷധങ്ങളാകുന്നു. ഇതുകളുടേയും ഇതേവിധം തിക്തവർഗ്ഗത്തിൽ
ചേർത്തതെന്നു പൂർവ്വാചാര്യന്മാരാൽ പരിഗണനംചെയ്യപ്പെട്ട മ
റ്റ് ഔഷധദ്രവ്യങ്ങളുടെയും ഭദ്രാംശങ്ങളെചെവതാക്കിനുറുക്കുകയും
ഭേദ്യാംശങ്ങളെ കനംകുറച്ച് ചീന്തുകയും ചെയ്ത് കഴുകി കഷായംവെ
ച്ച് കുടിച്ചി പിഴിഞ്ഞരിച്ച് അതിൽ രോഗാദ്യവസ്ഥപോലെ തേൻ
എണ്ണ ഇന്തുപ്പ് ഇതുകളും ചേർത്ത് അല്പം ചൂടോടുകൂടെ കഷായോ
ചിതമായ വിധിപ്രകാരം വസ്തി ചെയ്യണം. ഈ തിക്തൌഷധങ്ങളെകൊണ്ടുള്ള വസ്തി പിത്തരോഗിക്കാണ്
ചെയ്യുന്നതെങ്കിൽ വസ്തിദ്രവ്യം നല്ലവണ്ണം ചൂടാറിയതിന്നുശേഷം
തേനും നെയ്യുംചേർത്തു വസ്തിചെയ്യുകയും വേണം. ഇതാണ് തി
ക്തസ്കന്ധത്തിന്റെ വിവരണം. *

164—കടുകവർഗ്ഗത്തെ വിവരിക്കുന്നു:—തിപ്പലി കാട്ടുതിപ്പലിവേർ
ആനച്ചുതിപ്പലി കാട്ടുമുളക് കൊടുവേലിക്കിഴങ്ങ് ചുക്ക് കുരുമുളക്
അയമോദകം ഇഞ്ചി വിഴാലരി കൊത്തംപാലയരി കാപ്പിക്കുരു ചെ

രിചാജമോദാർകവിഡംഗകുസുംഖരുപീലുതേജോവത്യേലാകുഷ്ഠ
ല്ലാതകാസ്ഥിഹിംഗ്വുകിളിമൂലകസംഷ്പലത്തുനകരഞ്ജശിഗ്രുമധുരാശി
ശ്ലേകഖരപുഷ്പാഭ്രസുണസുമുഖസുരസകുരേകകാണ്ഡീരകാലാമാലക
പണ്ണാസക്ഷവകഫണിജ്ജകക്ഷാരമൂത്രപിത്താന്യേഷാമേവംവിധാ
നാംചാന്യേഷാം കടുകവർഗ്ഗപരിസംഖ്യാതാനാമൗഷധദ്രവ്യാണാം
ഭേദ്യാനി ഖണ്ഡശഃ ഭേദയിതവ്യാനി ഭിന്നാനാം ഭേദയിതവ്യാ
ഗോമൂത്രേണ സഹ സാധയിത്വോപസംസ്കൃത്യ യഥാവന്മധുതൈ
ലോപഹിതം സുഖോഷ്ണം വസ്തിം ശ്ലേഷ്മവികാരിണേ വിധിജ്ഞോ വി
ധിവദ്ദദ്യാദിതി കടുകസ്കന്ധഃ 164

പ്രിയംഗുപാനന്താമ്രാസ്ഥ്യംഖഷ്കികടുംഗലോധ്രമോചരസ
സമംഗാധാതകീപുഷ്പപദ്മകേസരജംബ്വാമ്രപ്ലക്ഷവടകപീത
ന്യോദുംബരാശ്വത്ഥപ്ലക്ഷകാശ്മന്തകശിരീഷശിംശിപാസോമവല്ക്കുടി
ന്ദുകപ്രിയാളബദരേഖദിരസപ്തപർണ്ണാർജുനകർണ്ണസ്യന്ദനാജ്ജുനാസ

വപ്പുന്നയരി ഏലത്തരി കൊട്ടം ചേക്കരു കായം ദേവതാരം പാവ്
കടുക് വെള്ളുള്ളി ഉങ്ങ് മുരിങ്ങ പുനർന്നവ കറുത്തകാട്ടുതുളസി
പൂതുമ്പക്കപ്പല്ല് കാട്ടുതുളസി വെളുത്തചെറുതുളസി ചങ്ങലമ്പര
ണ്ട കറുത്തചെറുതുളസി ചെറുതുളസി വലിയകടലാടി മണിക്ക
ഞ്ഞിക്കം ക്ഷാരം മൂത്രം ജീവികളുടെ പിത്താശയം (കുടൽ) ഇതുകളെല്ലാം
കടുകൗഷധങ്ങളാകുന്നു. ഇതുകളും ഇതേവിധം കടുകസ്കന്ധത്തിൽ
പേരുന്ന മറ്റ് ഔഷധങ്ങളും സംഗ്രഹിച്ച് അതുകളിൽ നവക്കേണ്ട
വ ചെറുതാക്കി നുറുക്കി ചീനഭരണിയിൽ കനംകൊച്ചുമീനിട്ട ഗോമൂത്ര
ത്തിൽകഷായംവെച്ച പിഴിഞ്ഞരിച്ച രോഗാദ്യവസ്ഥപോലെ തേനും
എണ്ണയും ചേർത്ത് അല്പം ചൂടോടുകൂടിയ ആ കഷായംകൊണ്ട് വി
ധിജ്ഞനായ വൈദ്യൻ കഫരോഗിക്കു വിധിപ്രകാരം വസ്തിചെയ്യ
ണം. ഇതാണ് കടുകസ്കന്ധത്തിന്റെ വിവരണം *

165—ഇനി കഷായവർഗ്ഗത്തെ വിവരിക്കുന്നു:—ഞാഴൽനൂറ്റ്
കൊടിത്തൂവ മാങ്ങയണ്ടിപ്പുരിപ്പ് പാടക്കിഴങ്ങ് പലകപ്പയ്യാനി പാ

നാരിമേദതെലവാലുകപരിപേലവകടംബസല്ലകീജിഗ്രിന്നീകാശക
ശുരുകാരാജകശേരുകാകടഫലവംശപത്രകാശോകസാലധവസ –
ഞ്ജുഞ്ജണപുഷ്പീശമീമാചീകവരകത്തുംഗാജകർണ്ണാശപകർണ്ണസൂജ്ജ –
കവിഭീതകകുംഭീപുഷ്കരബീജബിസമൃണാളതാലഖജ്ജൂരത്തുണീ –
നാമേഷാമേവംവിധാനാഞ്ചാന്യേഷാം കഷായവർഗ്ഗപരിസംഖ്യാതാ –
നാമൌന്നധ്യവ്യാണാം മേദ്യാനി ഖണ്ഡശഃ മേദയിത്വാ ഭേദ്യാനി
ചാണുശോ ഭേദയിത്വാ പ്രക്ഷാള്യപാനീയേന സഹ സുധയിത്വോ
പസംസ്കൃത്യ യഥാവന്മധുതൈലലവണോപഹിതം സുഖോഷ്ണം വ
സ്തിം ശ്ലേഷ്മവികാരിണേ ദദ്യാദിതി. ശീതന്തു മധുസർപ്പിർഭ്യാമുപസം

ച്ചോറിത്തൊലി ഇലവിൻപശ മഞ്ചട്ടി താതിരിപ്പൂവ് ഓരിലത്താ
മര താമരയല്ലി ഞാവൽ മാവ് ഇത്തി പേരാൽ കല്ലാല് ഇത്തി അ
രയാൽ ചേര് മലയകത്തി നെന്മനിവാക ഇരുമുള്ള് തോമരായം പ
നച്ചി മുറുംമരം ലന്ത കരിങ്ങാലി ഏഴിലാമ്പാല പെരുമരുത്
തൊട്ടാർ നീർമരുത് വേങ്ങ കരിവേലം ഏഴിലാവാലുകം കഴമുത്ത
ങ്ങ കടമ്പ് ഈന്ത് കാരിലാവ് കരുവിക്കരുമ്പ് നീർമുത്തങ്ങ മുത്ത
ങ്ങ കുമിഴ് മുള്ള പതിമുകം അശോകം പെരുമരം ഞമ മരുത് ഭ്രുജ്ജമ
രം കിലുകിലുപ്പൻ വഞ്ഞി തുംബൊടി വരക് കുമ്പപ്പൊടി മരുത്
പെരുമരുത് പനച്ചി താന്നി പുന്ന താമരക്കുരു താമരവളയം രാമ
ച്ചം കരിമ്പന ഈന്ത കാറവാഴ ഇതുകളെല്ലാംകഷായരസൌഷധ
ങ്ങളാകുന്നു. ഇതുകളും ഇതേവിധം കഷായവർഗ്ഗത്തിൽ ചേർക്കാവു
ന്ന മറ്റ് ഔഷധങ്ങളും സംഗ്രഹിച്ച് അതുകളിൽ നൂറുക്കേണ്ടവ
പൊടിച്ചും നുറുക്കുകയും ചീന്തേണ്ടവ അണുപ്രായങ്ങളാക്കി ചീ
ന്തുകയും ചെയ്തു കഴുകി ശുദ്ധജലത്തിൽ കഷായംവെച്ചു പിഴിഞ്ഞ
രിച്ച് രോഗാദ്യവസ്ഥകൾക്ക് അനുസരിച്ചവിധം തേനും എണ്ണയും
ഇവയുപ്പും ചേർത്ത് അല്പം ചൂടോടുകൂടിയ ആ കഷായംകൊണ്ട് കഫ
രോഗിക്ക് വസ്തികൊടുക്കണം. പിത്തരോഗിക്ക് വസ്തികൊടുക്കുന്ന സ
മയം കഷായം നല്ലവണ്ണം ആറിയതിനുശേഷം തേനും നെയ്യുംകൂടി

സ്മൃത്യ പിത്തവികാരിണേ ദ്യോദിതി കഷായസ്കന്ധഃ. 165

ഭവന്തി ചാത്ര

ഷഡ്വർഗ്ഗഃ പരിസംഖ്യാതാ യ ഏതേ രസഭേദതഃ
ആസ്ഥാപനമഭിപ്രേത്യ താൻ വിദ്യാൽ സാർവ്വരോഗികാൻ. 166
സർവ്വതോ ഹി പ്രണിഹിതാസ്സർവ്വരോഗേഷു ജായതാ
സർവ്വാൻ രോഗാന്നിയച്ഛന്തി യേഭ്യ ആസ്ഥാപനം ഹിതം. 167
യേഷാം യേഷാം പ്രശാന്ത്യർത്ഥം യേ യേ ന പരികീർത്തിതാഃ
ദ്രവ്യവർഗ്ഗാ വികാരാണാം തേഷാം തേ പരികോപകാഃ. 168

ത്ത് വസ്തിചെയ്യണം. ഇതാണ് കഷായസ്കന്ധത്തിന്റെ വിവരണം *

ഈ വിഷയത്തിൽ താഴെപറയുന്നവ കൂടെ ഗ്രഹിച്ചിരിക്കയും വേണം.

166—ഇവിടെ കഷായവസ്തിയെ വിവരിക്കുന്ന ഈഘട്ടത്തിൽ വിവരിച്ചതായ ഈ ആറുവർഗ്ഗങ്ങളും ആസ്ഥാപനംവിഷയം മാത്രമല്ല സകലവിഷയത്തിലും ഇതുകളും മധുരാദിരസാത്മകങ്ങളായിത്തന്നെ സ്വീകരിക്കാവുന്നവയാകുന്നു * 167—ഈ പറഞ്ഞ വർഗ്ഗങ്ങളിൽ ഏതേതുദോഷങ്ങളുടെ പ്രശമത്തിന്നു ഏതേതുവർഗ്ഗങ്ങൾകൊണ്ട് ആസ്ഥാപനം ശീലിക്കേണമെന്നു പറഞ്ഞിരിക്കുന്നുവോ ആവക വർഗ്ഗങ്ങളെക്കൊണ്ട് അറിവുള്ള വൈദ്യൻ മറ്റു കഷായലോഹാദിയുക്തിപ്രകാരം പ്രയോഗിക്കുന്നതായാലും ആ വക സകലരോഗങ്ങളും ശമിക്കുന്നതാകുന്നു.* 168—ഈ പറഞ്ഞ മധുരാദിവർഗ്ഗങ്ങളിൽ ഏതെല്ലാം വർഗ്ഗങ്ങൾ ഏതെല്ലാം ദോഷങ്ങളുടെ പ്രശമനങ്ങളായിപ്പറഞ്ഞിട്ടില്ലയോ ആ വർഗ്ഗങ്ങൾ ആ ദോഷങ്ങളെ കോപിപ്പിക്കുന്നവയായിരിക്കുമെന്നു പ്രത്യേകം ധരിക്കയും വേണം. മധുരവർഗ്ഗം വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നു പറഞ്ഞിരിക്കുന്നു. അതു കഫപ്രശമനമെന്നു പറയായ്കയാൽ കഫകോപനമെന്നു സാരം. ഇതേവിധം മറ്റുവർഗ്ഗങ്ങളേയും ഗ്രഹിക്കണം *

ഇത്യേതേ ഷഡാസ്ഥാപനസ്കന്ധാ രസതോനുവിഭജ്യ വ്യാഖ്യാതാഃ. തേഭ്യോ ഭിഷഗ് ബുദ്ധിമാൻ പ്രിസംഖ്യാതമപി യൽ ദ്രവ്യമയൗഗികം മന്യേത തദുപകൽപ്പയേൽ. യദ്യച്ചാനുക്തമപി യൈഗികം വാ മന്യേത തത്തൊട്ടുത്രാൽ വർഗ്ഗമപി വാ വർഗ്ഗണോപസംസൃജേദേകമനേകേനാനേകേന വാ യുക്തിം പ്രമാണീകൃത്യ. പ്രചരണമിവ ഭിക്ഷുകസ്യ ബീജമിവ കർഷകസ്യ സൂത്രം ബുദ്ധിമതാമല്പമപ്യനല്പജ്ഞാനായ ഭവതി. 169

തസ്മാൽ ബുദ്ധിമതാമൂഹാപോഹവിതർക്കാ മന്ദബുദ്ധേസ്തു യഥോക്താനുഗമനമേവ ശ്രേയഃ. 170

169—ഇപ്രകാരം ആസ്ഥാപനദ്രവ്യങ്ങളെ മധുരാദിരസഭേദേന ആറു വർഗ്ഗമാക്കി തിരിച്ച് ഉപദേശിക്കുകയും ചെയ്തു. എന്നാൽ അറിപും ബുദ്ധിസാമർത്ഥ്യവുമുള്ള വൈദ്യൻ ഈ പറഞ്ഞ വർഗ്ഗത്തിൽ പെട്ടതാണെങ്കിലും ചില ഔഷധങ്ങൾ തൽക്കാലം രോഷ്ട്രഷ്ട്യാദ്യവസ്ഥയ്ക്ക് അനുഗുണമല്ലെന്നു തീച്ചപ്പെടുത്തുന്നപക്ഷം അതുകളെ നീക്കുകയും ഇവിടെ പരിഗണനംചെയ്യാത്ത മറെറ ചിലതുകൾ ഗുണകരങ്ങളാണെങ്കിൽ ആ ഔഷധങ്ങളെ കൂട്ടിച്ചേർക്കുകയും ചെയ്യുന്നതിനു വിരോധമില്ല. ഇതേവിധം ഒരുവർഗ്ഗം മറെറവർഗ്ഗത്തോടും ഒരു വർഗ്ഗത്തിലെ ഒരു ഔഷധത്തോടു മറെറ വർഗ്ഗത്തിലെ പലേ ഔഷധങ്ങളും പലേ ഔഷധങ്ങളോടു മറെറ പലേ ഔഷധങ്ങളും കൂട്ടിച്ചേർക്കുന്നതിനും വിരോധമില്ല. ബുദ്ധിമാനായവൻ ഔഷധങ്ങളെ കൂട്ടിച്ചേർക്കുന്നത്, ഉപാസനാമാർഗ്ഗങ്ങളും ആസനജയാദികളും അനുഷ്ഠിച്ചു ശീലിക്കുന്ന ഭിക്ഷുവും പലേ ബീജങ്ങളുംകൂടി കൃഷിചെയ്യുന്ന കർഷകനും ഏതുവിധം സപ്രകർമ്മങ്ങളെ യുക്തിപോലെ ആചരിക്കുമോ അതേവിധമായിരിക്കും. അല്പമായ ഉപദേശം ബുദ്ധിമാന് അനല്പജ്ഞാനസിദ്ധിക്കു ഹേതുവായി ഭവിക്കുകയും ചെയ്യും * 170— ഈവക കാരണങ്ങളാൽ ബുദ്ധിശാലികൾക്ക് ഊഹാപോഹവിതർക്കങ്ങളും, പദാർത്ഥങ്ങളെ തിരിച്ചറിവാനുള്ള സാമർത്ഥ്യം കുറഞ്ഞവന്ന് ശാസ്ത്രഗ്രന്ഥങ്ങളിൽ വിധിച്ചതിനെ തെറ്റാതെ നട

യത്രോക്തം ഹി മാർഗ്ഗമനുഗച്ഛൻ ഭിഷക് സംസാധയതി വാ കാര്യമനതിമഹതാഽനേതിഹ്രസതാദുപരമണസ്യേതി. 171

അതഃ പരമനുവാസനദ്രവ്യാണ്യനുവ്യാഖ്യാസ്യന്തേ. അനുവാസ്യന്തേ സ്നേഹ ഏവ. സ്നേഹസ്തു ദ്വിവിധഃ, സ്ഥാവരോ ജംഗമാത്മകശ്ച. തത്ര സ്ഥാവരാത്മകഃ സ്നേഹസ്തൈലമതൈലഞ്ച. തത്ര തൈലമേവ കൃത്സ്നോപദിശ്യതേ സർവ്വതന്ത്രമൂലപ്രാധാന്യാൽ. ജംഗമാത്മകസ്തു വസാ മജ്ജാ സർപ്പിരിതി. 172

തേഷാം തൈലവസാമജ്ജസർപ്പിഷാന്തു യഥാപൂർവ്വം ശ്രേഷ്ഠം.

ക്കുകയുമാണ് ശ്രേയസ്കരമായ മാർഗ്ഗം* 171—ശാസ്ത്രോക്തമാർഗ്ഗത്തെ ലേശംപോലും തെറ്റാതെ നടക്കുന്ന വൈദ്യൻ വൈദ്യകാര്യമായ രോഗനിവൃത്തിയെ സമ്പാദിക്കും. ഇതിനുള്ള കാരണം ഈ ഗ്രന്ഥത്തിൽ ഓരോന്നിനും വിധിച്ചിരിക്കുന്നതുകൊ വളരെ വിസ്തരിച്ചോ നന്നെ ചുരുക്കിയോ അല്ല പറഞ്ഞിരിക്കുന്നത് എന്നുള്ളതുതന്നെയാകുന്നു. ഇതിൽ വിവരിച്ചതുകളിൽ ചിലതു നീക്കുകയോ ചിലതു ചേർക്കുകയോ വേണ്ടിവരികയില്ല. ഇതേവിധം പ്രയോഗിക്കുക മാത്രമേ വേണ്ടതുള്ളു എന്നു സാരം *

172—ഇനി അനുവാസനത്തിനുള്ള—സ്നേഹവസ്തുക്കളുള്ള ദ്രവ്യങ്ങളേയും വിവരിച്ചുപദേശിക്കാം: അനുവാസനമെന്നത് സ്നേഹദ്രവ്യംകൊണ്ടുമാത്രം ചെയ്യുന്നതാകുന്നു. സ്നേഹം സ്ഥാവരം ജംഗമമെന്ന ഭേദേന രണ്ടുതരത്തിലായിരിക്കും. ഇതിൽ സ്ഥാവരത്തിൽ എള്ളിൽനിന്നെടുക്കുന്നതും മാറ് ഏരണ്ടതൊവരാദികളിൽനിന്നെടുക്കുന്നവയുമായിരിക്കും. തൈലശബ്ദം തിലജവാചിയാണെങ്കിലും സ്ഥാവരസ്നേഹങ്ങളിൽ പ്രാധാന്യം തിലജസ്നേഹത്തിനാകയാൽ മറവ സകല സ്ഥാവരസ്നേഹങ്ങളേയും പൊതുവിൽ തൈലമെന്നതന്നെ പറയും. ജംഗമസ്നേഹങ്ങളും വസയും മജ്ജയും നെയ്യുമാകുന്നു* 173—വാതരോഗിക്കും കഫരോഗിക്കും അനുവാസനം ശീലിക്കേണ്ടതിന്ന് ഈ പറഞ്ഞ തൈലവസാമജ്ജസർപ്പിസ്സുകളിൽ തുല്യമാത്രം

വാതശ്ലേഷ്മവികാരേഷ്വനുവാസനീയേഷു യഥോത്തരം പിത്തവികാരേഷു സർവ്വ ഏവ വാ സർവ്വേഷു യോഗമായാന്തി സംസ്കാർവിധിവിശേഷാദിതി. 173

ശിരോവിരേചനദ്രവ്യാണി പുനഃ അപാമാർഗ്ഗപിപ്പലീമരിചവിഡംഗശിഗ്രുശിരീഷകുസുംബരുവിലാജാജ്യാജമോദാവത്കീപൃത്ഥ്വീകൈലാഹരേണുകാലാനി ച, സുമുഖസുരസകുഠേരകഗണ്ഡീരകകാലമാലകപർണ്ണാസക്ഷീരകപണിജ്ജകഹരിദ്രാശൃംഗവേരമൂലകലശുനതക്കോരീസഷ്ഠപത്രാണി ച, അർക്കാളർക്കപുഷ്പനാഗദന്തീവചാഭാർഗ്ഗീശ്വേതാജ്യോതിഷ്മതീഗവാക്ഷീഗണ്ഡീരാവാൽപുഷ്പിവൃശ്ചികാളീവയസ്ഥാതിവിഷാമൂലാനി ച, ഹരിദ്രാശൃംഗവേരമൂലകലശു

പറഞ്ഞവ അധികം ശ്രേഷ്ഠങ്ങളാകുന്നു. തൈലം അധികം ശ്രേഷ്ഠം നെയ്യ് അവരമെന്ന് ആശയം. നേരേ മറിച്ച് പിത്തരോഗങ്ങൾക്ക് യഥോത്തരം ശ്രേഷ്ഠവുമാകുന്നു. അവിടെ തൈലം അവരവും ഘൃതം അത്യുത്തമവുമാണെന്നു സാരം. എന്നാൽ ഈ തൈലാദികളെല്ലാം അതാതു രോഗങ്ങൾക്കുള്ള ഔഷധങ്ങളും ചേർത്തു വിധിപ്രകാരം കാച്ചുന്നതായാൽ വാതപിത്തകഫങ്ങൾക്കെല്ലാം ഒരുപോലെ ഗുണകരങ്ങളുമായിരിക്കും. ഇതാണ് അനുവാസനദ്രവ്യവിധി.

174— ഇനി ശിരോവിരേചനദ്രവ്യങ്ങളേയും വിവരിക്കാം:— കടലാടി തിപ്പലി കുന്നുമുളക് വിഴാലരി മുരിങ്ങ നെന്മനിവാക കൊത്തംപാലേരി കൂവളം അയമോദകം ചെറുചീര പേരേലം എലത്തരി അരേണുകം ഇതുകളുടെ കായകളും, കറുത്ത കാട്ടുതുളസി ചെറുതുളസി വെളുത്തചെറുതുളസി ചെറുചീര കുഞ്ഞുതുളസി വെളുത്ത തുളസി വലിയ കടലാടി മണിക്കുറുകം മഞ്ഞൾ ഇഞ്ചമൂലേരി വെള്ളിള്ളി തക്കാരിവഴുതിന കടുക് ഇതുകളുടെ ഇലകളും എരുക്ക് വെള്ളെരിക്ക് കൊട്ടം നാഗദന്തി വയമ്പ് ചെറുതേക്ക് ശതാവുഷ്ടം ചെറുപ്പുന്ന ചെറിയകാട്ടുവെള്ളരി ചതുരക്കള്ളി ശതപ്പു തേക്കിട കടുക അതിവിടയം ഇതുകളുടെ വേരുകളും, മഞ്ഞൾ ഞ്ഞി മൂലേരി വെള്ളിള്ളി ഇതുകളുടെ കിഴങ്ങുകളും, പാമ്പുംറി മ

നകന്ദാശ്ച, ലോദ്ധ്രമനോസപ്തപർണ്ണനിംബാർക്കപുഷ്പാണി ച, ദേവദാർവ്വഗരുസളസല്ലകീജിംഗിണ്യസനഹിംഗുനിര്യ്യാസാശ്ച, തേജോവത്യാശ്ചേംഗുദീശോഭാഞ്ജനബൃഹതികണ്ടകാരികാത്രിതി ശിരോവിരേചനം സപ്തവിധം ഫലപത്രമൂലകന്ദപുഷ്പനിര്യ്യാസത്വഗാശ്രയ ഭേദാൽ. 174

ലവണകടുതിക്തകഷായാണി ചേന്ദ്രിയാവശയാനി തഥാപരാണ്യനേകാന്യപി ദ്രവ്യാണി യഥാദോഷവിഹിതാനി ശിരോവിരേചനാർത്ഥമുപദിശ്യന്ത ഇതി.

തത്ര ശ്ലോകാഃ.

ലക്ഷണാച്ചാര്യശിഷ്യാണാം പരീക്ഷാ കാരണഞ്ച യൽ
അദ്ധ്യേതാദ്ധ്യാപനവിധിസ്സംഭാഷാവിധിരേവ ച.
ഷഡംഗിന്യനാനി പഞ്ചാശദ്വാദശാർത്ഥപദാനി ച
പദാനി ശേ ചാന്യാനി കാരണാദീനി തത്ത്വതഃ.

നം പാല വേപ്പ് എരുക്ക് ഇത്തകളുടെ പൂക്കളും, ദേവതാരം അകിൽ ചന്ദനം ഈന്ത് കാരിലവ് വേങ്ങ കായം ഇത്തകളുടെ കറകളും, തേജോവൃക്ഷം ഇലവങ്ങം ഓട പുനർന്നവ ചെറുവഴുതിന കണ്ടകാരിവഴുതിന ഇത്തകളുടെ തോലുകളും ഇങ്ങിനെ കായ ഇല വേര് കിഴങ്ങ് പൂവ് കറ തോല് എന്ന ആശ്രയഭേദേന ശിരോവിരേചനദ്രവ്യം ഏഴുതരത്തിലാകുന്നു* 175— ഈ പറഞ്ഞവയും, ലവണകടു തിക്തം കഷായമെന്ന രസങ്ങളോടുകൂടിയവയും ചക്ഷുശ്രോത്രാദി ഇന്ദ്രിയങ്ങൾക്ക് ഉപശയങ്ങളും ഊർദ്ധ്വാംഗവിരേചനയോഗങ്ങളിൽ വിധിക്കുന്നവയുമായ മറ്റ് ഔഷധങ്ങളും ശിരോവിരേചനത്തിനു പറഞ്ഞവ തന്നെയായിരിക്കുമെന്നാണ് പൂർവ്വാചാര്യന്മാർ ഉപദേശിക്കുന്നത് ഇതാണ് ശിരോവിരേചനദ്രവ്യവിധിയെന്ന് അറിയുകയും വേണം*

അദ്ധ്യായവിവരണം.

176-178—രോഗഭിഷഗ്ജിതീയമെന്ന ഈ അദ്ധ്യായത്തിൽ ആചാര്യശിഷ്യന്മാരുടെ ലക്ഷണവും അവരുടെ പരീക്ഷയും അ

സന്ത്രയുക്ത്യാ പരീക്ഷാദേർവകോ വമനാദിഷു
ഭിഷഗ്ഭിതിയേ രോഗാണാം വിമാനേ സന്ത്രദർശിതഃ. 178

ബഹ്വവിധമിദമുക്തമർത്ഥജാതം
ബഹ്വവിധവാക്യവിചിത്രമർത്ഥജാതം
ബഹ്വവിധശ്രുതശബ്ദസന്ധിയുക്തം
ബഹ്വവിധവാദനിഷൂദനം പരേഷാം. 179

ഇമാം മതിം ബഹ്വവിധഹേതുസംശ്രയാം
വിജ്ഞായിവാൻ പരമതവാദസൂദനീം
നിലീയതേ പരവചനാവമർദ്ദനേ
ന ശക്യതേ പരവചനൈരധൃഷ്യമർദ്ദിതും. 180

[illegible]ന്തു ഭാവാനാം സർവ്വേഷാമേവ ഹേതുനാ
[illegible]മാനാനി നിരുക്താനി വിഭാഗശഃ. 181

ഭ്യയനാദ്ധ്യാപനവിധികളും സംഭാഷാവിധിയും അതിലെ നാല്പത്തിനാലു വിഭാഗങ്ങളും പന്ത്രണ്ടുതരം അർത്ഥപദങ്ങളും കാരണാദി പത്തുകൂട്ടവും അതുകളുടെ തത്ത്വവും പരീക്ഷാദികളുടെ ഒമ്പതുതരം സന്ത്രയുക്തിയും വമനാദി വിധികളും വഴിപോലെ ആത്രേയഭഗവാനാൽ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു*

179— അനേകവിധവാക്യങ്ങളെക്കൊണ്ടു വിചിത്രമായിരിക്കുന്ന അർത്ഥസമൂഹത്തോടുകൂടിയതും അനേകം ശ്രുതശബ്ദങ്ങളെക്കൊണ്ടു കൂട്ടിച്ചേർക്കപ്പെട്ടതും എതിരാളികളുടെ പലവിധവാദങ്ങളേയും ഖണ്ഡിക്കുന്നതുമായ ഈ സ്ഥാനത്തിലെ വിശിഷ്ടപ്രമേയം എന്നാൽ പറയപ്പെട്ടു* 180—പലവിധ യുക്തികളോടുകൂടിയതും എതിരാളികളുടെ മതാന്തരത്തെ അടിച്ചുടയ്ക്കുന്നതുമായ ഈ ശാസ്ത്രതത്ത്വത്തെ അറിയുന്നവൻ ഒരു സമയം താൻ അന്യനെ തോല്പിപ്പാൻ മടിച്ചിരുന്നു എന്നു വന്നാലും പരന്മാർക്ക് ഇദ്ദേഹത്തെ ഒരിക്കലും തോല്പിപ്പാൻ കഴികയില്ല* 181— ദോഷാദികളായ സകലവിധ ഭാവങ്ങളുടെയും മാനങ്ങളെ ഈ വിമാനസ്ഥാനത്തിൽ കൃത്യപ്പെടുത്തിനിർണ്ണയിച്ചിട്ടുണ്ട്* 182— അഗ്നിവേശമഹർഷിയാൽ ഉണ്ടാക്കപ്പെട്ട

അഗ്നിവേശകൃതേ തന്ത്രേ ചരകപ്രതിസംസ്കൃതേ
ഇയത്താവധിനാ സ്ഥാനം വിമാനം സമ്പ്രഭാഷിതം. 182

ഇത്യഗ്നിവേശകൃതേ ചരകപ്രതിസംസ്കൃതേ
ചരകസംഹിതായാം
വിമാനസ്ഥാനേ
രോഗഭിഷഗ്ജിതീയോനാമ
അഷ്ടമോഽദ്ധ്യായഃ.

ട്ടതായ അഗ്നിവേശതന്ത്രത്തെ ചരകമഹർഷി കാലാനുരൂപമായവിധം പരിഷ്കരിച്ചു. അങ്ങിനെയുള്ള ചരകസംഹിതയിൽ ഇതേവരെയുള്ള ഗ്രന്ഥംകൊണ്ടു വിമാനസ്ഥാനം മുഴുമിക്കുകയും ചെയ്തിരിക്കുന്നു*

ഇതി അഭിനവവാചസ്പതി
ടി. സി. പരമേശ്വരശർമ്മണാ
തത്തടാഗിനേയേന
പണ്ഡിത സി. കെ. വാസുദേവശർമ്മണാ കൃതേ
ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
വിമാനസ്ഥാനേ അഷ്ടമോഽദ്ധ്യായഃ. (8)

ചരകസംഹിതയിൽ
വിമാനസ്ഥാനം

സമ്പൂർണ്ണം.

23187

ചരകസംഹിത

p01 വിഷയാനുക്രമണികം

p1 അദ്ധ്യായം 1

p1 രസവിമാനം

p2 രസങ്ങൾ വേണ്ടവിധം ഉപയോഗിച്ചാൽ ശരീരത്തെ നിലനിർത്തും

p5 ദ്രവ്യവികാരപ്രഭാവങ്ങളുടെ തത്ത്വനിർണ്ണയം

p14 പ്രകൃതിമുതലായ എട്ടുതരം ആഹാര വിധിവിശേഷായതനങ്ങളുടെ വിവരണം

p25 അദ്ധ്യായം 2

p28 കട്ടിയായ ഭക്ഷണം ശീലിച്ചതിനുശേഷം ദ്രവപദാർത്ഥം ശീലിച്ചാലുള്ള ദോഷം

p34 ആമദോഷമുള്ളവൻ ഔഷധം ശീലിച്ചാലുള്ള ദോഷം

p37 അദ്ധ്യായം 3 ജനപദോദ്ധ്വംസനീയം

p41 രോഗകാരിയായ വായുവിന്റെ ലക്ഷണം

p47 വായു, ജലം, ദേശം, കാലം എന്നിതുകൾക്കു ദൂഷ്യം വരുവാനുള്ള കാരണം അധർമ്മം തന്നെയാകുന്നു

p58 ലോകം നിയതായുസ്സല്ല എന്ന സിദ്ധാന്തം

p70 അദ്ധ്യായം 4 ത്രിവിധരോഗവിശേഷവിജ്ഞാനീയം

p79 അദ്ധ്യായം 5 സ്രോതോവിമാനം

p91 സ്രോതസ്സുകൾ ദൂഷിച്ചാലുള്ള ലക്ഷണം

p93 അദ്ധ്യായം 6 രോഗാനീകം

p97 മാനസികദോഷങ്ങളും അതുകൾ നിമിത്തം സംഭവിക്കുന്ന രോഗങ്ങളും

p112 ശ്രേഷ്ഠവൈദ്യലക്ഷണം

p113 അദ്ധ്യായം 7 വ്യാധിതരൂപീയം

p123 ക്രിമിചികിത്സാസമ്പ്രദായം

p137 അദ്ധ്യായം 8 രോഗഭിഷഗ്ജിതീയം

p161 പ്രതിവാദിയെ മടക്കുവാനുള്ള ഉപായങ്ങൾ

p202 പ്രകൃതിവ്യത്യാസം വരുന്നതിന്റെ സ്വഭാവം

p213 വൈദ്യന്റെ സംശയനിവൃത്തി

p233 രസവിഭാഗസ്വഭാവം